ആങ്ങ്ലസാമ്രാജ്യം

കേ. സി. കേശവപിള്ള

വില രൂപാ ഒന്നര.

ശ്രീ

ആങ്ങ്ലസാമ്രാജ്യം

മഹാകാവ്യം.

പ്രൊഫസർ എ. ആർ. രാജരാജവർമ്മ

എം. എ., എം. ആർ. എ. എസ്.

കോയിത്തമ്പുരാൻ തിരുമനസ്സിലെ

സംസ്കൃതകൃതിയിൽനിന്ന്

കെ. സി. കേശവപിള്ള

മലയാളത്തിൽ

തർജ്ജമചെയ്തത്.

കൊച്ചി ൧൧-ാം കൂർ

രാമവർമ്മ (അപ്പൻ) തമ്പുരാൻ തിരുമനസ്സിലെ

അവതാരികയോടു കൂടിയത്

"ഭാസ്കരമുദ്രാലയം"

തിരുവനന്തപുരം.

൧൦൮൭.

പകർപ്പവകാശം രജിസ്റ്റർ ചെയ്തിരിക്കുന്നു.

എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിന്റെ മുദ്ര ഉണ്ടായിരിക്കും.

മുഖവുര.

"ആംഗലസാമ്രാജ്യം" എന്ന സംസ്കൃതമഹാകാവ്യം അച്ചടിച്ചത് ൧൦൭൯-ാമാണ്ടിടയ്ക്കാണ്. ആയവസരത്തിൽ തന്നെ അതിന്റെ 'ഗുണ'ങ്ങൾ 'കണ്ട'ത്തെ പ്രാപിച്ച് ഈ തർജ്ജമയാകുന്ന 'ചാപല'ത്തിനായി എന്നെ 'പ്രചോദനം' ചെയ്തിട്ടുണ്ടായിരുന്നു. ആ വിവരത്തിനു തൽകർത്താവിന്റെ സന്നിധിയിലേയ്ക്ക് ഞാൻ ഒരു എഴുത്തയച്ചതിനു മറുവടിയായി അവിടുന്ന്, ഞാൻ ഈ ഗ്രന്ഥം മലയാളത്തിൽ തർജ്ജമചെയ്യുന്നതു വളരെ നന്നായിരിക്കുമെന്നും, ഉത്സാഹമുണ്ടെങ്കിൽ അങ്ങനെ ചെയ്യാൻ എന്നോടു പറയണമെന്നു കൂടി അവിടുന്നു വിചാരിച്ചിരുന്നു എന്നും ഒരെഴുത്തും, പുസ്തകത്തിന്റെ ഒരു പ്രതിയും എനിക്ക് അയച്ചു തരികയുണ്ടായി. ഇത് എന്റെ പക്കൽ വന്നു ചേർന്നത് ൧൦൭൭ കന്നിയിലാണ്; താമസിയാതെ തന്നെ ഞാൻ ഇതിനെ ഭാഷപ്പെടുത്താൻ ആരംഭിക്കയും ചെയ്തു. മൂലം ആദ്യമായി വായിച്ചതോടുകൂടിയാണ് ഭാഷാന്തരീകരണവും നടന്നു വന്നത്. കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂൾ മലയാളമുൻഷിവേലയിൽ ഇരുന്ന എന്നെ ആയാണ്ടു കുംഭമാസത്തിൽ മഹാരാജാവു തിരുമനസ്സിലെ പുത്രന്റെ അദ്ധ്യാപകനായി നിയമിക്കയാൽ എനിക്ക് ആ മാസത്തിൽ കൊല്ലത്തുനിന്നും ഇങ്ങോട്ടു പോരുന്നതിനിടയായി. / അപ്പോൾ ഇതിൽ ആറു സർഗ്ഗം തർജ്ജമ ചെയ്തിട്ടുണ്ടായിരുന്നു. മൂലഗ്രന്ഥകർത്താവിന്റെ വാസസ്ഥാനമായ ഈ സ്ഥലത്തേയ്ക്കുള്ള മാററം നിമിത്തം ഉണ്ടായ സൌകര്യാധിക്യത്താൽ ശേഷം തർജ്ജമ മുഴുവൻ ൧൦൭൭ മേടത്തോടുകൂടി അവസാനിക്കയും, പിന്നെ അവിടുത്തെ സമയം നോക്കി ഇതു പരിശോധിപ്പിച്ചു തുടങ്ങുകയും ചെയ്തു. ഈ പരിശോധന അവസാനിച്ചത് കഴിഞ്ഞയാണ്ടു ചിങ്ങമാസത്തിലാണ്. ഇതിലേയ്ക്കു

ഇത്രയും കാലതാമസം വന്നതിന്നു കാരണം അവിടുത്തെ കൃത്യാന്തരബാഹുല്യമാകുന്നു. ഇതിനിടയ്ക്കു് 'സദാരാമ' എന്ന സംഗീതനാടകം, 'പള്ളിക്കെട്ടു വർണ്ണനം' തുള്ളല്പാട്ടു, 'ഷഷ്ടിപൂർത്തിഷഷ്ടി', 'മാനസോല്ലാസം' 'വിക്രമോർവ്വശീയം' സംഗീതനാടകം മുതലായ ചില കൃതികൾ ഞാൻ എഴുതീട്ടും ഉണ്ട്. പരിശോധനയ്ക്കു സൌകര്യത്തിനായി ആദ്യം മൂലശ്ലോകങ്ങളോടുകൂടിയാണ് പരിഭാഷ എഴുതിത്തീർത്തത്. പിന്നെ ഇത് അച്ചടിപ്പിക്കത്തക്കവണ്ണം മാറി എഴുതുന്നതിനും കുറേ കാലം വേണ്ടിവന്നു. അനന്തരം മഹാമനസ്കനായ കൊച്ചി ൧൧-ാംക്കൂർ താമവമ്മ (അപ്പൻ) തമ്പുരാൻ തിരുമനസ്സുകൊണ്ട് ഇതിന് ഒരു അവതാരിക എഴുതാമെന്നു സദയം കല്പിച്ചനുവദിച്ചതനുസരിച്ച് ഈ കൃതി അവിടുത്തേയ്ക്കു് അയച്ചു. വിവിധകാര്യവ്യാകുലനായ അവിടുത്തേയ്ക്കു് അതിൽപ്പിന്നെ നേരിട്ട പല വിഘ്നങ്ങൾ നിമിത്തം അവതാരിക എഴുതി പുസ്തകം മടക്കി അയച്ചുതരുന്നതിന് സ്വല്പം താമസം വേണ്ടിവന്നു. "തർജ്ജമ മുഴുവനും മൂലത്തോടുകൂടി ഒത്തുനോക്കിയതിന്നു ശേഷമാണ് ഞാൻ അവതാരിക എഴുതീട്ടുള്ളത്" എന്ന് അവിടുന്നയച്ച തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

കാളിദാസകൃതമായ രഘുവംശത്തിന്റെ രീതിയിൽ മനോഹരമായി എഴുതിയിരിക്കുന്ന ഒരു മഹാകാവ്യമായ മൂലഗ്രന്ഥത്തിന്റെ മാഹാത്മ്യത്തേപ്പററി ഞാൻ വിസ്തരിച്ചിട്ടാവശ്യമില്ല. ഇതിൽ ൨൯ സർഗ്ഗങ്ങളിലായി ൧൯൧൦ ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. 'ആംഗലസാമ്രാജ്യം' എന്ന പേരുകൊണ്ടു തന്നെ ഇത് ബ്രിട്ടീഷ്കാർ ഇൻഡ്യയിൽ പ്രവേശിച്ചതു മുതലുള്ള ചരിത്രത്തിന്റെ ഒരു സംഗ്രഹമാകുന്നു എന്നു തെളിയുന്നുണ്ടല്ലോ. എന്നാൽ മററുള്ള ചരിത്രഭാഗങ്ങളേയും ഇതിൽ സംക്ഷേപിച്ചിട്ടുണ്ട്. രണ്ടാം സർഗ്ഗത്തിൽ ഹിന്ദുക്കളുടേയും മഹമ്മദീയരുടേയും ഭരണകാലത്തിലുള്ള ചരിത്രങ്ങളെ സ്ഥൂലമായി വിവരിച്ചിരിക്കുന്നു. മഹാരാഷ്ട്രന്മാരോടുള്ള ഒന്നാമത്തേയും രണ്ടാമത്തേയും യുദ്ധങ്ങളേപ്പററി പറയുന്ന സന്ദർഭങ്ങളിൽ അതിലേയ്ക്കു്

ആവശ്യപ്പെട്ടിട്ടുള്ള മഹാരാഷ്ട്രചരിത്രകാലത്തിലെ പ്രധാനസംഭവങ്ങളെക്കൂടി വിവരിച്ചിട്ടുണ്ട്. ആകപ്പാടെ ഇൻഡ്യാചരിത്രത്തിലുള്ള ഓരോ പ്രധാനസംഭവങ്ങളേയും യഥാർഥം ക്രമപ്പെടുത്തിയാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത് ; എന്നാൽ കവിതാരീതിക്ക് ഉതകുംവണ്ണം ചമൽക്കാരജനകങ്ങളായ സംഭവങ്ങൾക്ക് അവിടവിടെ പ്രാധാന്യം കൊടുത്തിട്ടും ഉണ്ട്. ചരിത്രവിഷയമായ പ്രാധാന്യത്തിൽ സ്വല്പം പിറകിൽ നില്ക്കുന്ന ചില അംശങ്ങളെ—അതാവിത് : ടിപ്പുവിന്റെ മലബാറിലേയ്ക്കും വിശിഷ്ട തിരുവിതാംകൂറിലേയ്ക്കും ഉള്ള പ്രവേശങ്ങളേയും മററും—കുറേ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടെങ്കിൽ ആ ന്യൂനതയുടെ ഉത്തരവാദിത്വം തന്റെ സ്വരാജ്യസ്നേഹത്തിനാണെന്നു ഗ്രന്ഥകർത്താവു തന്നെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്. ആധുനികമായ ലണ്ഡൻപട്ടണത്തിന്റെ വർണ്ണനയെ കാവ്യമുഖമാക്കിയിരിക്കുന്നത് സംസ്കൃതകാവ്യരീതിയുടെ അനുകരണമാകുന്നു.

ഇപ്രകാരം മഹത്തായിരിക്കുന്ന ഈ കാവ്യത്തെ തർജ്ജമചെയ്യാൻ തുനിഞ്ഞതു നിമിത്തം എനിക്ക്, മൂലഗ്രന്ഥകർത്താവിന്റെ ശിഷ്യത്വം വഹിക്കുന്നതിനും, അവിടുത്തെ സർവ്വതോമുഖമായ പാണ്ഡിത്യം സൂക്ഷ്മബുദ്ധിത്വം കവനസാമർത്ഥ്യം മുതലായ ഗുണങ്ങളെ അറിഞ്ഞ് ആശ്ചര്യപ്പെടുന്നതിനും, വിശിഷ്ട സംസ്കൃതമലയാളഭാഷകളുടെ അനേകമർമ്മങ്ങളെ ഗ്രഹിക്കുന്നതിനും ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. തർജ്ജമയിൽ ഭംഗിയായി വരുത്തുന്നതിനു പ്രയാസമായിത്തോന്നീട്ടുള്ള ചിലഭാഗങ്ങളെ കേൾപ്പിക്കുന്ന അവസരങ്ങളിൽ അവിടുന്നു നിഷ്പ്രയാസമായി പറഞ്ഞുതന്നിട്ടുള്ള പാഠാംശങ്ങളുടെ സാരള്യം എന്നെ വിസ്മയിപ്പിച്ചിട്ടുള്ളതിനു കണക്കില്ല. ദ്വിതീയാക്ഷരപ്രാസത്തിൽ അവിടുത്തേയ്ക്കു നിഷ്ഠയില്ലാത്തത് അതിനു ശക്തിയില്ലായ്കയാലാണെന്നു പറയുന്ന ആളുകൾ, ചിത്രമെഴുത്തുകോയിത്തമ്പുരാൻ തിരുമനസ്സിലെ നെററിയിൽ കിടക്കുന്ന ഭസ്മരേഖകൾക്ക് ഐകരൂപ്യമില്ലാത്തത് അവിടുത്തേ കരകൌശലവൈകല്യത്താലാണെന്നു തീരുമാനിക്കുന്നതിനും മടിക്കുമെന്നു തോന്നുന്നില്ല.

മൂലത്തിൽ സംജ്ഞാനാമങ്ങൾക്കെല്ലാം സംസ്കൃതച്ഛായയാണു കൊടുത്തിട്ടുള്ളത്. ഭാഷയിലാകട്ടെ അവയെ അതു പോലെയും, ചില ദിക്കുകളിൽ സന്ദർഭം അനുസരിച്ച് ഇംഗ്ലീഷിന്റെയോ മലയാളത്തിന്റെയോ രീതിയിലും പ്രയോഗിച്ചിട്ടുണ്ട്. രൂപഭേദം ഉള്ള നാമങ്ങൾ എല്ലാം വിവൃതിയിൽ നോക്കി ഗ്രഹിക്കാവുന്നതാണ്. ദുർഘടങ്ങളായ നാമവിശേഷങ്ങളേയും മററും വൃത്തത്തോടു യോജിപ്പിച്ചിട്ടുള്ള ചില ഭാഗങ്ങളിൽ യതിയെപ്പററി വളരെ നിഷ്കർഷിച്ചിട്ടില്ല. ആറേഴു സംവത്സരങ്ങൾക്കു മുൻപേ എഴുതിത്തീർത്ത ഈ തർജ്ജമയിലെ പ്രയോഗരീതിയും പ്രായേണ അന്നത്തെ രുചിക്ക് അനുഗുണമായിട്ടുള്ളതാകുന്നു എന്നു പറയേണ്ടതില്ലല്ലോ.

ഗുരുതരങ്ങളായ കൃത്യാന്തരങ്ങളുടെ ഇടയ്ക്ക് ഇതിന്റെ പരിശോധനയ്ക്കായി ചെയ്യേണ്ടിവന്ന സമയവ്യയത്തെ ക്ഷമയോടുകൂടി സഹിച്ച മൂലഗ്രന്ഥകർത്താവിനോടും, ഇതു മുഴുവൻ മൂലത്തോടുകൂടി ഒത്തുനോക്കി സരസവും സരളവുമായ ഒരവതാരിക എഴുതി അയച്ചുതന്ന സഹൃദയതിലകമായ അപ്പൻ തമ്പുരാൻ തിരുമേനിയോടും, ഇതിന്റെ അച്ചടിയിൽ ദ്രവ്യസഹായം ചെയ്തും മുൻകൂറായി വില അയച്ചുതന്നും എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ള മാന്യന്മാരോടും ഞാൻ യഥായഥം അകൈതവമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
൧൦൮൪ മിഥുനം ൧൮.

കേ. സി. കേശവപിള്ള.

അവതാരിക.

കാവ്യത്തിന്റെ സ്വഭാവം കവിയറിയുന്നതു പോലെ കാവ്യഗുണദോഷങ്ങളെ നിരൂപകൻ കാണുകയില്ല. കവിയുടെ സങ്കല്പശക്തി നിരൂപകനുമുണ്ടെങ്കിൽ നിരൂപണത്തിനേക്കാൾ എളുപ്പം കവനത്തിനായിരിക്കും. ആകാശപുഷ്പത്തിന്റെ കൂടി ആകാരം നിർണ്ണയിക്കത്തക്കവണ്ണം കല്പനാവൈഭവമുള്ള കവിപുംഗവന്മാർക്ക് അവാങ്മനസഗോചരമായി യാതൊന്നും തന്നെ ഉണ്ടാകുന്നതല്ല. ചന്ദ്രന്റെ ഗുണങ്ങൾ ആസകലം ചാണകപ്പട്ടന്നു നൽകി, ലൌകികഭംഗവും ഭംഗിക്കുറവും കൂടാതെ ശരച്ചന്ദ്രനെപ്പിടിച്ചു വറളി ഉണക്കുവാനും ചാണകപ്പട്ടന്നു മാനം കൊടുക്കുവാനും പച്ചപ്പരമാർത്ഥം പറഞ്ഞ് പരമാശ്ചര്യം ജനിപ്പിക്കുവാനും പരഹൃദയപരിഗാഹനം ചെയ്യുവാനും സാമർത്ഥ്യമുള്ള കവിഹൃദയം ആർക്കാണ് അറിയുവാൻ കഴിയുന്നത് ? രാജരാജകവിരാജവിരചിതമായ 'ആംഗലസാമ്രാജ്യ'മെന്ന സംസ്കൃതകാവ്യം കേരളഭാഷാദർപ്പണത്തിൽ പ്രതിഫലിച്ചുണ്ടായ ഈ പ്രതിച്ഛായയിൽ പ്രതിപത്തിയില്ലാത്തവരുണ്ടെങ്കിൽ അവർ പ്രകൃത്യാ കേരളഭാഷയിൽ വിപ്രതിപത്തിയുള്ളവരായിരിക്കണം. ദോഷൈകദൃക്കുകളുടെ ദൃഷ്ടിദോഷംകൊണ്ടോ ദ്രഷ്ടാവിന്റെ ശ്വാസോഷ്മാവു തട്ടിയുണ്ടാകുന്ന ദർപ്പണമാലിന്യം കൊണ്ടോ തോന്നുന്ന തെളിവില്ലായ്മ ബിംബത്തേയോ പ്രതിബിംബത്തേയോ ബാധിക്കുന്നതല്ല. മൊരട്ടുവിഷയമായി ഗണിച്ചുപോരുന്ന ചരിത്രസംഭവങ്ങളെ കാവ്യത്തിനുതകുന്ന ചമൽക്കാരത്തോടു കൂടി വർണ്ണിച്ചിട്ടുള്ള മൂലകവിയുടെ ആശയത്തിന് ഏററക്കുറവും വിട്ടുവീഴ്ചയും വരാതെ അദ്ധ്വരിഷ്ടതനിലയിൽ കിടക്കുന്ന കേരളഭാഷയിൽ പകർത്തുന്നത് സുകരമല്ലെന്ന് അനുഭവസ്ഥന്മാർക്കു അറിഞ്ഞുകൂടാ.

മൂലം :— "മൃഷാബലാഡംബരഭൂരിവിഭ്രമ-
പ്രഭൂതരോമന്ഥനമന്ഥരീകൃതം
ന മാനസം തസ്യ കദാപി പസ്പൃശേ
പരാൽ പരാസ്താൽ പ്രതികാരശങ്കയാ."

തർജ്ജമ :—

"ഉൗററംചേന്ന ബലപ്രതാപമതുലം തന്നോളമില്ലാക്കമ്മേ-
ന്നേററം വ്യർത്ഥമഹോ! മദിച്ചലസനായ് മേവും മഹീവല്ലഭൻ
തോററുള്ളോരരിസഞ്ചയം പ്രതികരിച്ചീടുന്നതിന്നായ് മുതി-
ന്നേററീടാൻ വരുമെന്നു മാനസമതിൽ തെല്ലും നിനച്ചില്ല താൻ.
(ന—ഫ)

തന്മയത്വംവരുത്തി തർജ്ജമചെയ്യുന്നതിൽ ഗ്രന്ഥകാരനുള്ളപാടവത്തെ വെളിപ്പെടുത്തുന്നതായ അനേകം ശ്ലോകങ്ങൾക്കിടയിൽ നിന്ന് 'സ്ഥാലീപുലാകന്യായേന' ഏതെങ്കിലും ഒന്നെടുത്ത് ഉദാഹരിക്കുന്നുവെന്നല്ലാതെ ,ഉള്ളതിൽവെച്ചു നല്ലതു നോക്കി തിരഞ്ഞെടുക്കുന്നതിന്നു ഞാൻ ഉത്സാഹിച്ചിട്ടില്ല. അതു സാദ്ധ്യവുമല്ല. 'ആംഗലസാമ്രാജ്യം' ഭാഷാന്തരപ്പെടുത്തുന്നതു സാധാരണസംസ്കൃതഗ്രന്ഥങ്ങൾ തർജ്ജമചെയ്യുന്നതു പോലെ അത്ര എളുപ്പത്തിൽ സാധിക്കുന്ന ഒരു കാര്യമല്ല പരിഭാഷകന്റെ സ്വാതന്ത്ര്യത്തിനു തടസ്ഥം വരുത്തുന്നതായ പല വൈഷമ്യങ്ങളും അതിൽ പരിഗണനീയങ്ങളായിട്ടുണ്ട്. 'ഇന്ദ്രനോ ചന്ദ്രനോ' വൃത്തത്തിനു ഒത്തില്ലെങ്കിൽ 'പാകശാസന'നായിട്ടോ 'ശീതകിരണ'നായിട്ടോ വലിച്ചു നീട്ടി പാകപ്പെടുത്തുവാൻ വിരോധമില്ല. തെളിച്ചു വഴിപോകാത്ത 'അക്ബർ' മുതലായ വൈദേശികവിശേഷനാമങ്ങളെ പോയവഴിക്കു തെളിക്കുകയല്ലാതെ മറെറന്തൊരു ഗതിയാണ് കവിക്കുണ്ടാകുന്നത്? 'അക്ബർ' വൃത്തത്തിനു ചേന്നില്ലെങ്കിൽ വൃത്തം അക്ബക്കു ചേക്കേണ്ടതായി വരുന്നു. അതുപോലെ തന്നെ 'ആവാപനീതി' മുതലായ സാങ്കേതികശബ്ദങ്ങൾ തർജ്ജമ ചെയ്യുമ്പോഴും ഈ വക ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്.

"മരിച്ച നൈസാമരചൻെറ പുത്രൻ
മുറയ്ക്കു വാണാനഥ നാസ്സജംഗൻ
ക്ഷമിച്ചതില്ലായതു പൌത്രനന്നു
സമത്സരൻ മുത്സഭജംഗഭ്രപൻ." (൩—൧൦)

"ഒന്നിച്ചു ചേൎന്നണയുമായവർതൻശ്രമത്തിൽ
നന്ദിച്ചു താനനുവദിച്ചവളായവൎക്കായ്
പൌരസ്ത്യഭാരതവണിഗ്ജനസംഘമെന്നു
പേരോടു നൽകി വിധി പോലധികാരപത്രം."
(൧—൧൭)

പദങ്ങൾ കവിയ്ക്കു വശപ്പെട്ടിരിക്കേണ്ടതു പോയിട്ട് കവി പദങ്ങൾക്ക് അടിമപ്പെടേണ്ടതായി വരുന്ന അവസരങ്ങളിലാണ് പരിഭാഷകനു കവിതയിലുള്ള പഴക്കവും തഴക്കവും വാസനയും പൂൎവ്വാധികം തെളിഞ്ഞുകാണുന്നത്.

പതിനഞ്ചും പതിനെട്ടും പത്തൊൻപതും ഇരുപത്തിരണ്ടും സൎഗ്ഗങ്ങൾ സൌകൎയ്യാവിരോധേന മൂലവൃത്തത്തിൽ തൎജ്ജമ ചെയ്തു കാണുന്നുണ്ടെങ്കിലും ഗ്രന്ഥകാരപാടവപ്രകടനാവേശത്താൽ മാത്രം മതിമറന്നു വൃത്താനുവൃത്തതൎജ്ജമ സാമാന്യേന അപരിത്യാജ്യമാണെന്നും അതുകൊണ്ടു മൂലാൎത്ഥത്തിന്നും ശ്രാവ്യതയ്ക്കും വരുന്ന ഭംഗം ഗണ്യമല്ലെന്നും ശഠിച്ചു കാണാത്ത പ്രസ്തുത കവിയുടെ സഹൃദയത്വം സൎവ്വഥാ അഭിനന്ദനീയം തന്നെ.

"പരാഭവം കണ്ടു പരാധി പൂണ്ടട്-
ടുരാശയേറുന്ന പരദ്ധിമാരും
ത്വരാന്വിതം ബന്ധുവരാവനാൎത്ഥം
വരാതിരുന്നെന്നു വരാ രണത്തിൽ." (൩--൩൦)

"ഉത്തുംഗശ്രീ തടവിന മഹാശക്തിയാലുച്ചമായും
മെത്തീടും ദുൎന്നയതതികളാലെത്രയും നീചമായും
മധ്യാഹ്നത്തിൽ ദിവസമണിപോൽ പൊങ്ങിയും താണുമന്ന-
പ്പൃഥ്വീശൻ തന്നുടയ പരമൈശ്വൎയ്യസ്തു പാരം പരന്നു."(൨-൯൫)

ഇമ്മാതിരി ശ്ലോകങ്ങൾ വായിക്കുമ്പോൾ വായനക്കാരുടെ മനസ്സിൽ മൂലവൃത്തസ്മരണയ്ക്കു യാതൊരവകാശവും ലഭിക്കുന്നതല്ല.

ദ്വിതീയാക്ഷരപ്രാസവിരഹംകൊണ്ടു കൈരളീമഹിളയ്ക്കു വൈധവ്യം വരുമെന്നു വിചാരിക്കുന്ന കൂട്ടത്തിലല്ലാ പ്രസ്തുതകവിയെന്നു വരികിലും ഈ തർജ്ജമയിൽ ഒട്ടു മുക്കാലും ഭാഗങ്ങളിൽ ദ്വിതീയാക്ഷരപ്രാസം പ്രയോഗിച്ചു കാണുന്നുണ്ട്. പ്രാസാന്തരങ്ങളേക്കൊണ്ടു കൈരളീമഹിളയ്ക്കു നെടുമംഗല്യവും രമണീയതയും ഉണ്ടാക്കുവാൻ കഴിയുമെന്നുള്ളതിന്നും ധാരാളം ഉദാഹരണങ്ങൾ കാണിച്ചിട്ടുണ്ട്.

"വൻപൊത്തിവണ്ണമതിവേഗമിയന്ന മിന്നൽ-
കമ്പിത്തപാലിഹ പുരംപ്രതി ചേന്നമൂലം.
ഇവത്തൊടാളുകൾ വിദൂരഗർതൻചരിത്രം
തൻപത്തനസ്ഥരുടെയെന്നതുപോൽ ഗ്രഹിച്ചു." (൨൦-൨൦)

"നിസ്സാരമാം നികുതിയൊക്കെ നിറുത്തി; ഭൂമി-
യെല്ലാം പകുത്തു പുതുതായ് കുടികൾക്കു നൽകി;
നിസ്തന്ദ്രശീലനവനാത്തജനാവനത്തിൽ
വർദ്ധിച്ച വാഞ്ഛ വഴിപോലെ വെളിപ്പെടുത്തി." (൨൦-വ)

"നിർവിഘ്നമുണ്ടായ ജയങ്ങളാലേ
നിജപ്രതാപം വലുതെന്നാറച്ചു
നിസ്സാരരാം ദ്വൈപ്യരെ നിഗ്രഹിപ്പൻ
നിശ്ശേഷമെന്നോർത്തിതവൻ ജഡാത്മാ." (൧വ--വ)

ഇവിടെ ദ്വിതീയാക്ഷരപ്രാസം ഉണ്ടായതുകൊണ്ടും ഇല്ലാത്തതുകൊണ്ടും ഗുണമല്ലാതെ ദോഷമൊന്നും തോന്നുന്നില്ല. അനുപ്രാസം, ആദ്യക്ഷരപ്രാസം ഇതുകൾക്ക് ദ്വിതീയാക്ഷരപ്രാസത്തേക്കാൾ ഏന്നല്ലദ്വിതീയതൃതീയാക്ഷരപ്രാസങ്ങളേക്കാൾസ്വാരസ്യം കൂടുതലോ കുറവോ ഏന്ന കാര്യം ശ്രോതാവിന്റെ രുചിഭേദത്തെ അനുസരിച്ചിരിക്കുന്നതാണ്. മലയാളത്തിൽ തോടയാണ് ഉപയോഗിച്ചു വരുന്നതെന്നു വെച്ചു പരദേശത്തെ കമ്പ

ലിന്നു ഭംഗിയില്ലെന്നു പറയുന്നവരോടു മൌനമവലംബിക്കുന്ന തല്ലാതെ മറുവടിയൊന്നും പറയേണ്ടതില്ല. പരിചയംകൊണ്ടു പ്രതിപത്തി വദ്ധിക്കയില്ലെന്നോ കാലം കൊണ്ടു രുചി ഭേദപ്പെടില്ലെന്നോ ഖണ്ഡിച്ചു പറവാൻ ഞാൻ തയ്യാറില്ല. മിൽട്ടൺ പ്രാസം ത്യജിച്ചിട്ടുണ്ടെന്നു വെച്ചു വെണ്മണി മഹൻ നമ്പൂരിയുടെ കവിതയ്ക്കു കുററം പറവാനോ

"ശ്വാപാകോ ജല്പാകോ ഭവതി മധുപാകോപമഗിരാ
നിരാതങ്കോ രങ്കോ വിഹരതി ചിരങ്കോടികനകൈഃ
തവാപണ്ണേ! കണ്ണേ വിശതി മനവണ്ണേ ഫലമിദം
ജനഃ കോ ജാനീതേ ജനനി! ജപനീയം ജപവിധൌ".

എന്നു തുടങ്ങി ആചാര്യസ്വാമികളുടെ രസനയിൽ നിന്നു പ്രാസം പ്രവഹിച്ചിട്ടുണ്ടെന്നു വെച്ച്,

"നിഞ്ചിത്തമിന്നലിയുമെന്നു നിനച്ചു വാസ-
രഞ്ചെമ്മെ ഞാനിതൊരു മട്ടു കഴിച്ചു കൂട്ടി"

എന്നു ചമച്ച കുകവിയെ അഭിനന്ദിക്കുവാനോ എനിക്കധൈര്യവുമില്ല. വാസ്തവത്തിൽ കവിതാഗുണം ഒന്നാമതായി രസത്തേയും രണ്ടാമതായി അലങ്കാരാദികളേയും അപേക്ഷിച്ചാണിരിക്കുന്നത്. അലങ്കാരത്തിൽ തന്നെ അൎത്ഥാലങ്കാരം ശബ്ദാലങ്കാരത്തേക്കാൾ പ്രധാനമായിട്ടുള്ളതാണെന്ന് അൎത്ഥചിത്രശബ്ദചിത്രങ്ങളെ ക്രമത്തിൽ മദ്ധ്യമാധമങ്ങളായി ഗണിച്ചിരിക്കുന്ന ആലങ്കാരികന്മാർ നിൎണ്ണയിച്ചിട്ടുള്ളതുമാകുന്നു. ശബ്ദാലങ്കാരങ്ങളിൽ ദ്വിതീയാക്ഷരപ്രാസത്തിനു മലയാളത്തിൽ കണ്ണാകണ്ണികയാ സിദ്ധിച്ചിട്ടുള്ള പ്രാധാന്യം വാദഗ്രസ്തമെന്നു വന്നപ്പോൾ തന്നെ രുചിഭേദം തീൎച്ചപ്പെട്ടു. അതു കാലഭേദത്തിന്റെ ഫലമാണോന്നേ വിചാരിക്കേണ്ടതുമുള്ളു. കേ. സീ. കേശവപിള്ള അവർകളുടെ കൃതിയിൽ നിന്ന് ഈ അഭിപ്രായമാണ് ഞാൻ സംഗ്രഹിക്കുന്നത്,

'ആംഗലസാമ്രാജ്യം' മൂലത്തേയും മൂലകവിയേയും കുറിച്ച് എന്തെങ്കിലും ഇവിടെ പ്രസ്താവിക്കുവാനോ പ്രശസ്തകവിയായ കേ. സീ. കേശവപിള്ള അവർകളെ കവിയുടെ നിലയിൽ അവതരിപ്പിക്കുവാനോ ഉള്ള അവകാശമൊന്നും കാണുന്നില്ലെന്നല്ല ആവശ്യവും ഇല്ല. എന്നാൽ ഇദംപ്രഥമമായി മലയാളഭാഷയിൽ പ്രവേശിക്കുന്ന ഇൻഡ്യാചരിത്രവിഷയകമായ ഈ കാവ്യം മാതൃഭാഷയിൽ എനിക്കുള്ള പ്രതിപത്തി നിമിത്തം കേരളീയസമക്ഷം അരങ്ങു കയറുവാൻ യഥാശക്തി ശ്രമിക്കുക മാത്രമാണ് ഇതിനാൽ ചെയ്തിട്ടുള്ളത്.

കുമാരമന്ദിരം.
അമ്പലന്തോൾ.
വ - ൧൧ - ൨൪.

അപ്പൻതമ്പുരാൻ.

Rama Varma

11th Prince of Cochin.

വിഷയവിവൃതി.

൧-൦ സർഗ്ഗം. ഇൻഡ്യാപ്രവേശം

ശ്ലോകം ൧ മുതൽ
൯-വരെ. ലണ്ഡൻനഗരത്തിന്റെ വർണ്ണനം.

൧൦ - ൧൪. എലിസബത്തിന്റെ രാജ്യഭാരം.

൧൫ - ൧൭. ഈസ്റ്റിൻഡ്യാക്കമ്പനിയുടെഉത്ഭവവും, അവർ ശാസനപത്രം സ്വീകരിക്കുന്നതും.

൧൯ - ൨൨. കമ്പനിയുടെ വ്യവസ്ഥ.

൨൩. മുഗൾചക്രവർത്തിയോടുള്ള ഉടമ്പടി.

൨൪ - ൨൭. ഇൻഡ്യയിലേയ്ക്ക് ഒന്നാമതായി യാത്ര പുറപ്പെടുന്നത്.

൨൮ - ൨൯. കമ്പനിയുടെ ധൈര്യസമേതമായ ഉദ്യമത്തെപ്പററിയുള്ള നിരൂപണങ്ങൾ.

൩൦ - ൩൩. സമുദ്രയാത്രാവർണ്ണനം.

൩൪ - ൩൦. സൂററിൽ മൂന്നു കച്ചവടസ്ഥലങ്ങൾ ഏർപ്പെടുത്തുന്നത്.

൩൧ - ൩൪. പോർട്ടുഗീസ്കാരും ഡച്ചുകാരും ഇംഗ്ലീഷ്കാരോട് അസൂയപ്പെടുന്നത്.

൩൫ - ൩൯. പ്രതിപക്ഷക്കാരായി വേറെ ഇംഗ്ലീഷ് കമ്പനിക്കാർ ഉണ്ടാകുന്നതും, ഒടുവിൽ എല്ലാവരും യോജിക്കുന്നതും.

൩൯ - ൪൩. പോർട്ടുഗീസ്കാരിൽ നിന്നും ബാംബ ലഭിക്കുന്നത്.

൪൦ - ൪൨. ഇൻഡ്യയുടെ കിഴക്കേത്തീരത്തിലുള്ള സ്ഥാപനങ്ങൾ; മദ്രാസും (ഫോർട്ടു സെൻറ് ജ്യാർജ്) ഫോർട്ടു സെൻറ് ഡേവിഡും സ്ഥാപിക്കപ്പെടുന്നത്,

൧൩ - ൧൭. ബംഗാളിൽ ഹുഗ്ളിതീരത്തിലുള്ള സ്ഥാപനങ്ങൾ.

൧൮ - ൩൩. ബംഗാൾനഭാവിനോടുള്ള കലഹങ്ങൾ,

൩൪ - ൩൭. ഔറംഗ്സിബ്ബ് ഇംഗ്ലീഷ്കാരെ ബംഗാളിൽ നിന്നു നിഷ്കാസിക്കാൻ ആജ്ഞാപിക്കുന്നതും, ക്ഷമാപണത്തിന്മേൽ അവരെ വീണ്ടും പാർപ്പിക്കുന്നതും.

൩൮ - ൪൨. ആദ്യസ്ഥാപകന്മാരുടെ നീതിക്രമം.

൪൩ - ൪൫. കൽക്കട്ടായുടെ സ്ഥാപനം.

൪൬ - ൪൯. കഥാസംക്ഷേപവും അവസാനവും.

൨-ാം സർഗ്ഗം ആദിചരിതാനുവർണ്ണനം.

൧ - ൩. ഇംഗ്ലീഷ്കാർ ഇൻഡ്യയെ മുഗൾരാജാക്കന്മാർ ഭരിക്കുന്നതായി കാണുന്നത് ; പൂർവ്വകഥാചിന്തനം.

൪ - ൬. ആർയ്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ചു കുടിപാർക്കുന്നത്.

൭ - ൯. കുരുക്ഷേത്രയുദ്ധംവരെയുള്ള അവരുടെ ചരിത്രസംഗ്രഹം.

൧൦ - ൧൨. അലക്സാണ്ടർ ഇൻഡ്യയെആക്രമിക്കുന്നത്.

൧൩ - ൧൬. ചന്ദ്രഗുപ്തൻ രാജാവാകുന്നത്.

൧൭ - ൧൯. അശോകന്റെ രാജ്യഭാരവും ബുദ്ധമതപ്രചാരവും.

൧൨ - ൧൫. വിക്രമാദിത്യൻമുതലായവരാൽ ബുദ്ധമതക്കാർ നിഷ്കാസിക്കപ്പെടുന്നത്.

൨൦ - ൨൫. അഗ്നികുലന്മാരും രാജപുത്രന്മാരും.

൨൬. തെക്കേ ഇൻഡ്യയിലെ രാജ്യങ്ങൾ.

൨൭ - ൩൧. മാമൂദും അയാളുടെ അനുഗാമികളും.

൩൦ - ൩൩. ഗിസ്നിരാജകുലം.

൩൪ - ൩൯. ഗിസ്നിയിലെ മാമുദ്ദും അയാളുടെ ആക്രമണങ്ങളും.

൪൦ - ൪൫. സോമനാഥക്ഷേത്രഭഞ്ജനം.

൪൬. - ൪൯. വിഗ്രഹാരാധനചിന്തനം.

൫൦ - ൫൫. മഹമ്മദ് ഗോരി.

൫൬ - ൫൯. രാജാക്കന്മാർ രാജപുട്ടാണയിലേയ്ക്കു പിൻവാങ്ങുന്നതും, അവിടെ രാജവംശങ്ങളെ സ്ഥാപിക്കുന്നതും.

൬൪ - ൬൫. അടിമവംശം, കില്ജിവംശം, ടാഗ്ലക്ക്വംശം സയ്യിദ് വംശം, ലോദിവംശം.

൬൯ - ൭൦. ബേബറുടെ സാമ്രാജ്യം.

൭൧ - ൭൯. ഹുമയൂൻ.

൮൦ - ൮൦. അക്ബർ.

൮൧ - ൮൮. ജിഹാംഗീർ.

൮൯ - ൯൭. ഷാജിഹാനും അയാളുടെ നാലു പുത്രന്മാരും.

൯൯ - ൯൯. അറംഗ്സിബ്ബും മുഗൾസാമ്രാജ്യത്തിന്റെ അധഃപതനവും.

൯൮. നാമമാത്രചക്രവർത്തിയായ ബഹദൂർഷാ.

൩-ാം സർഗ്ഗം. കർണ്ണാടകാസ്കന്ദനം.

൧ - ൯. നഭാവുമാരും മററു പ്രഭുക്കന്മാരും മുഗൾസാമ്രാജ്യത്തെ ഭാഗിച്ചെടുക്കുന്നത്.

൧ - ൯. നാദർഷായുടെ ആക്രമണം.

൯ - ൧൪. യൂറോപ്യന്മാരുടെ രംഗപ്രവേശം.

൧൫ - ൨൦. ഹൈദരബാദിലും കർണ്ണാടകത്തിലുമുള്ള രാജ്യാവകാശവാദങ്ങൾ.

൫൧ - ൩൨. അനുചന്മാരായ രാജാക്കന്മാർ ഡ്യൂപ്ളേയുടെ വരുതിയിൽ പെട്ട ഫ്രഞ്ചുകാരുടെ സഹായത്താൽ രാജ്യങ്ങളെ അപഹരിക്കുന്നത്.

൩൩- ൩൫. ഡ്യൂപ്ളേയുടെ ആധിപത്യം. ഫ്രഞ്ചുകാർ മഹമ്മദാലിയെ തൃച്ചിനാപ്പള്ളിയിൽ വെച്ച് ഉപരോധിക്കുന്നത്.

൩൬. മഹമ്മദാലി മദ്രാസിലുള്ള ഇംഗ്ലീഷ്കാരുടെ സഹായത്തെ അപേക്ഷിക്കുന്നത്.

൩൭ - ൪൩. ഇംഗ്ലീഷ്കാക്കും ഫ്രഞ്ചുകാക്കും തമ്മിൽ മുൻപിനാലേയുള്ള പിണക്കം.

൪൪. ഇംഗ്ലീഷ്കാരുടെ ബലഹീനത.

൪൫ - ൫൨. ആക്കാട്ടിൽ യുദ്ധം നടത്തണമെന്നു ക്ലൈവ് അഭിപ്രായപ്പെടുന്നത്.

൫൩ - ൫൫. ക്ലൈവ് ആക്കാട്ടിനെ പിടിക്കുന്നത്.

൫൬ - ൫൮. അയാൾ ഏതാനും ആളുകളോടു കൂടി ആക്കാട്ടിനെ രക്ഷിക്കുന്നത്.

൫൯ - ൬൫. അയാൾ സൈന്യം യുദ്ധത്തിൽ ശത്രുവിനെ തോല്പിക്കുന്നത്.

൬൬ - ൬൭. ഇംഗ്ലീഷ്കാരുടെ ജയം. മഹമ്മദാലിക്കു വീണ്ടും രാജ്യാധിപത്യം കൊടുക്കുന്നത്.

൬൮. ക്ലൈവ് ഇംഗ്ലണ്ടിലേക്കു കപ്പൽ കയറുന്നത്.

൪-ാം സർഗ്ഗം. ഫ്രഞ്ചുകാരുടെ നിഷ്കാസനം.

൧ - ൪. ഇംഗ്ലീഷ്കാരെ അവരുടെ മിത്രങ്ങൾ വെടിയുന്നത്. തൃച്ചിനാപ്പള്ളിയുടെ ഉപരോധം തുടരുന്നത്.

൫ - ൧൦. ഡ്യൂപ്ലേയുടെ ജയവും അത്യാശയും.

൮൮ - ൮൫. പുതുച്ചേരിയിലെ സമാധാനവും ഡ്യൂപ്ളേയുടെ അധഃപതനവും.

൮൯ - ൯൮. യുദ്ധം വീണ്ടും തുടങ്ങുന്നത്.

൯൮ - ൯൯. ബുസിയും നൈസാമും.

൯൯ - ൯൭. യൂറോപ്പിൽ ഇംഗ്ലീഷ്കാക്കും ഫ്രഞ്ചുകാക്കും തമ്മിലുള്ള പിണക്കവും, ഇൻഡ്യയിൽ നിന്ന് ഇംഗ്ലീഷ്കാരെ തുരത്തുന്നതിന്ന കൊഴണ്ട് ഡിലാലി അയയ്ക്കപ്പെടുന്നതും.

൯൭ - ൧൯. അയാൾ ഫോർട്ട്സെൻറ് ഡേവിഡ് എന്ന കോട്ടയെ നശിപ്പിക്കുന്നതും, ഫോർട്ട് സെൻറ് ജ്യാജ്ജിനെ ഉപരോധിക്കുന്നതും.

൧൦ - ൧൯. ലാലിയോടുള്ള ജനങ്ങളുടെ അപ്രീതി, അയാളുടെ സൈന്യത്തിലുള്ള പരസ്പരകലഹം.

൧൧ - ൯൦. ഇംഗ്ലീഷ്കാക്ക ബംഗാളിൽ നിന്ന സഹായം ലഭിക്കുന്നതും, അവർ വാൻഡിവാഷിൽ വെച്ച് ഫ്രഞ്ചുകാരെ ധ്വംസനം ചെയ്യുന്നതും.

൯൧ - ൯൮. നാത്തൺസക്കാഴ്സ് എന്ന സ്ഥലത്തിൽ നിന്ന ഫ്രഞ്ചുകാരെ ഓടിക്കുന്നതും, ലാലിയുടെ അധഃപതനവും.

൯൯ - ൯൫. ഫ്രഞ്ചുകാരുടെ ഈസ്റ്റിൻഡ്യാക്കമ്പനി ഉടയുന്നത്.

൯൬. ഹൈദ്രാബാദിലും മൈസൂരിലും ഉള്ള അധികാരപരിവർത്തനങ്ങൾ.

൯൯. ക്ലൈവ് തിരിച്ചുവന്ന് ബംഗാളിലേയ്ക്ക പുറപ്പെടുന്നത്.

൧-ാം സർഗ്ഗം. ഇരുട്ടറയിലെ രാത്രി.

൧. ബംഗാളിൽ പാർത്തിരുന്നവക്ക് ഉണ്ടായ ഉപദ്രവങ്ങൾ.

൨ - ൩. അവരുടെ പൂർവ്വചരിത്രം.

൪ - ൭. സുരാജുദ്ദൌലാ ബംഗാൾനഭാവാകുന്നത്.

൯ - ൧൫. അയാൾ ഇംഗ്ലീഷ്കാരോടു കലഹം ഉണ്ടാക്കുന്നതും, കാസിംബസ്സാർ പിടിക്കുന്നതും.

൧൬ - ൨൨. അയാൾ കൽക്കട്ടായെ ആക്രമിച്ചു അടക്കുന്നത്

൨൩ - ൩൭. തോററവരായ ദുർഗ്ഗപാലന്മാരോടുള്ള അയാളുടെ സംഭാഷണം.

൩൮ - ൪൦. കൽക്കട്ടായിലെ സായാഹ്നം.

൪൧ - ൪൨. ദുർഗ്ഗപാലന്മാരെ തടവിലാക്കുന്നത്.

൪൩ - ൪൩. ബ്ളാക്ക്ഹോൾ (ഇരുട്ടറ) കെട്ടിടത്തിന്റെ വർണ്ണനം.

൪൪ - ൫൩. കാവൽക്കാരുടെ ക്രൂരകൃത്യങ്ങളും തടവുകാരുടെ സങ്കടങ്ങളും.

൫൪ - ൫൦. തടവുകാരുടെ സങ്കടങ്ങൾ കണ്ട് കാവൽക്കാർ നിർദ്ദയം അപഹസിക്കുന്നത്.

൫൧ - ൫൫. ഭയങ്കരമായ ആ രാത്രി മന്ദമായി കഴിയുന്നത്.

൫൬ - ൬൦. ഈ അത്യാപത്തിന്റെ ശേഷമുള്ള പ്രഭാതം.

൬൧ - ൬൪. നഭാവ് തീരെ നിർദ്ദയനായിട്ട് ജയത്തോടുകൂടി തലസ്ഥാനത്തിലേയ്ക്കു മടങ്ങുന്നത്.

൩-ാം സർഗ്ഗം. വംഗവിജയം.

൧ - ൩. ക്ലൈവും വാട്സനും ഹുഗ്ലീതീരത്തിൽ വന്നിറങ്ങുന്നത്.

൪ - ൬. ക്ലൈവ് ധീരതയോടുകൂടി യുദ്ധം ചെയ്തു് കൽക്കട്ടായെ വീണ്ടെടുക്കുന്നത്.

൭ - ൧൮. സുരാജ്ദൌലയുടെ നീതിക്രമം.

൧൯ - ൨൨. അയാളുമായുള്ള സമാധാനം.

൨൩ - ൨൪. അതൃപ്തിക്കുള്ള കാരണങ്ങൾ.

൨൫ - ൨൬. ചന്ദ്രനഗരിയെ ഇംഗ്ലീഷ്കാർ പിടിക്കുന്നത്.

൨൭ - ൩൨. നഭാവിന്റെ ദുരാലോചനകളും മൈഔധൃങ്ങളും.

൩൩ - ൩൫. നഭാവിനെ രാജ്യഭ്രഷ്ടനാക്കുന്നതിനുള്ള ഗൂഢാലോചനകൾ.

൩൬. അതിൽ ചേരുന്നതിന് ഇംഗ്ലീഷ്കാർ ക്ഷണിക്കപ്പെടുന്നത്.

൩൭ - ൩൯. ഗൂഢാലോചനക്കാരുടെ നിശ്ചയം.

൪൦ - ൪൯. ഉമിച്ചന്ദ് രഹസ്യോൽഘാടനം ചെയ്യുമെന്നു ഭയപ്പെടുത്തുന്നതും ക്ലൈവ് അയാളെ ചതിക്കുന്നതും.

൫൦ - ൫൩. ക്ലൈവ് കള്ളപ്രമാണം നിർമ്മിച്ചതിനേക്കുറിച്ചുള്ള വിമർശങ്ങൾ.

൫൪ - ൫൭. ക്ലൈവും നഭാവും തമ്മിൽ യുദ്ധത്തിനായി പുറപ്പെടുന്നതും, ക്ലൈവ് കാസിംബസാറിലും നഭാവു പ്ലാസിയിലും എത്തിത്താമസിക്കുന്നതും.

൫൮ - ൬൭. ക്ലൈവ് ഇതികർത്തവ്യതാമൂഢനായി ആലോചിക്കുന്നതും ഒടുവിൽ നദി കടക്കാൻ തീർച്ചപ്പെടുത്തുന്നതും.

൬൮ - ൭൦. രാത്രിയിൽ പ്ളാസിയിലെ ഇരുകക്ഷികളുടേയും പാളയങ്ങൾ.

൭൧ - ൭൩. പ്രഭാതത്തിൽ മുസൽമാന്മാർ ഇംഗ്ലീഷ്കാരോട് എതിർക്കുന്നതും യുദ്ധം ആരംഭിക്കുന്നതും.

൭൪ - ൭൭. യുദ്ധത്തിൽഇരുകക്ഷികളുടേയും പ്രവൃത്തികൾ.

൭൮ - ൮൧. നഭാവിന്റെ പാളയത്തിലെകുഴപ്പവും അയാൾ വ്യാകുലനാകുന്നതും.

൮൨ - ൮൪. മിയർജാഫർഇംഗ്ലീഷ്പക്ഷത്തിൽചേരുന്നത്.

൮൫ - ൮൭. ക്ലൈവ് ജയിക്കുന്നതും മീയർജാഫറെ ബംഗാൾ, ബിഹാർ, ഒറീസാ ഇവയുടെ നഭാവാക്കുന്നതും.

൮൮ - ൯൦. ഉമിച്ചന്ദിന്റേയും സുരാജുദ്ദൌലയുടേയും വ്യ

സനകൂരമായ അവസാനം.

ൻ്റ. മിയർജാഫ്ർ നഭാവായിരിക്കുന്നതു്.

൧-ാം സർഗ്ഗം. വംഗക്ഷോഭം..

ഫ - ൪. ബംഗാളിൽ ക്ലൈവിൻെറ ആധിപത്യം.

ന - ഫവ്വ. അയാൾ അയോധ്യയിലെ നഭാവിനേയും ചക്രവത്തിയുടെ പുത്രനേയും തോല്പിക്കുന്നത്.

ഫൻ - ൨൪. മിയർജാഫറുടെ വിശ്വാസഘാതവും ഡച്ചുകാരോടുള്ള ദുരാലോചനകളും.

൨൯ - ൨ൻ. ക്ലൈവ് ഡച്ചുകാരെ തോല്പിച്ചിട്ട് ഇംഗ്ലണ്ടിലേയ്ക്കു കപ്പൽ കയറുന്നത്.

൩൦ - ൩൪. വീണ്ടും യുദ്ധം ഉണ്ടാകുന്നതും, അയോധ്യയിലെ നഭാവും ചക്രവത്തിയും കൂടി പാട്നായെ ഉപരോധിക്കുന്നതും.

൩൯ - ൩ൻ. കാപ്ടൻ നാക്സ് അവരെ തോല്പിക്കുന്നത്.

൪൦ - ൪൯. കമ്പനിയിലെ ജോലിക്കാരുടെ അഴിമതികൾ.

൪൭ - ൪൪. ബംഗാളിലെ അരാജകത്വം.

൪൯. മിയർ ജാഫറുടെ രാജ്യഭ്രംശം.

൪൭ - ൯൯.. മിയർ കാസിം നഭാവാക്കപ്പെടുന്നതും, അയാൾ ഇംഗ്ലീഷ്കാരെ വഴങ്ങാതെ സ്വതന്ത്രമായി രാജ്യഭാരം നടത്തുന്നതും.

൯൪ - ൭൫. കലഹകാരണങ്ങൾ ; ഇരുകക്ഷികളും യുദ്ധത്തിന് ഒരുങ്ങുന്നത്.

൭൨ - ൭൪. ഇംഗ്ലീഷ്കാർ മിയർജാഫറെ വീണ്ടുംവാഴിക്കുന്നത്.

൭൪ - ൭൭. മിയർ കാസിം തുടർച്ചയായി തോല്ക്കുന്നത്.

൭൭ - ൭൨. പാട്നായിലെ ജനസംഹാരം. കാസിം അയോധ്യയിലെയ്ക്കു ഓടുന്നത്.

൭൯ - ൭൪. അയോധ്യയിലെ നഭാവ്.

വ്വന്ന - വ്വൻ. അയാൾ ഇംഗ്ലീഷ്കാരുമായി യുദ്ധം ചെയ്യുന്നത്.

൯൦ - ൯൫. ഒന്നാമത്തെ ശിപായിലഹള.

൯൨ - ൯൩. ബക്സാർയുദ്ധവും ഇംഗ്ലീഷ്കാരുടെ ജയവും.

൯൭ - ൯൯. നഭാവും ചക്രവർത്തിയും കീഴടങ്ങുന്നത്.

൫൦൦ - ൫൦൩. മിയർ ജാഫരുടെ മരണവും കമ്പനിയിലെ ജോലിക്കാരുടെ ദുർവ്യാപാരങ്ങളും.

൫൦൭ - ൫൫൨. ക്ലൈവ് തിരിയെ വരുന്നതും, നൂതനാധികാരങ്ങളോടു കൂടി ബംഗാൾഗവർണ്ണരാക്കപ്പെടുന്നതും.

൨-ാം സർഗ്ഗം. രാജ്യതന്ത്രപരിഷ്കാരം.

൫ - ൯. ബംഗാൾ, ബിഹാർ, ഒറീസാ ഈ ദേശങ്ങളിലെ അധികാരം ഇംഗ്ലീഷ്കാൎക്കു കൊടുക്കുന്നത്.

൫൦ - ൫൩. ക്ലൈവ് സിവിൾസൎവീസിനെ പരിഷ്കരിക്കുന്നത്.

൫൪ - ൫൭. അയാൾ സൈന്യവകുപ്പിനെ പരിഷ്കരിക്കുന്നതും, ഇംഗ്ലണ്ടിലേയ്ക്കു പോകുന്നതും.

൫൯ - ൬൫. അയാളുടെ സ്വഭാവം.

൬൬ - ൬൯. അയാൾ ഉദ്യോഗത്തിൽ നിന്നും ഒഴിയുന്നത്.

൬൪ - ൬൯. ഉഭയഭരണദോഷങ്ങൾ.

൯൦ - ൯൫. ബംഗാളത്തിലെ ദുർഭിക്ഷം.

൯൬ - ൯൯. വാറൻ ഹേസ്റ്റിംഗ്സ് ഗവർണ്ണരായി നിയമിക്കപ്പെടുന്നത്.

൯൭ - ൧൪. അയാളുടെ രാജ്യഭരണപരിഷ്കാരങ്ങൾ.

൧൫ - ൧൯. റെഗുലേററിംഗ് ആക്ട് പാസാകുന്നതും ഹേസ്റ്റിംഗ്സ് ഒന്നാമത്തെ ഗവർണ്ണർ ജനറലാകുന്നതും.

൪൮ - ൪൭. അയാളുടെ കൌൺസിലിലെ കലഹങ്ങൾ.

൪൯ - ൫൪. നന്ദകുമാരനെ തൂക്കിലിടുന്നതും അതിന്റെ ഫലങ്ങളും.

൫൫ - ൬൦. ചെയിറ്റ്സിങ്ങും അയോദ്ധ്യയിലെ റാണികളും.

൬൧ - ൬൮. ഹേസ്റ്റിംഗ്സിന്റെ നീതിക്രമത്തെപ്പററിയുള്ള വിമർശങ്ങൾ.

൬൯ - ൭൫. പിററിന്റെ ബിൽ.

൭൬. അവസാനവിമർശങ്ങൾ.

൯-ാം സർഗ്ഗം - മഹാരാഷ്ട്രചരിതം.

൧ - ൫. സിവാജി സ്വയം മഹാരാഷ്ട്രരാജാവാകുന്നത്.

൬ - ൭. അയാളുടെ അനുഗാമിയായ ശംഭാജി.

൮ - ൧൨. സാഹു ബലഹീനനായിത്തീരുന്നത്.

൧൩ - ൧൭. ഒന്നാമത്തെ പേഷ്വാവായ ബാലജി വിശ്വനാഥൻ.

൧൮ - ൨൧. രണ്ടാമത്തെ പേഷ്വാവായ ബാജിറാവു.

൨൨. മൂന്നാമത്തെ പേഷ്വാവായ ബാലജിബാജി.

൨൩ - ൨൫. മഹാരാഷ്ട്രശക്തിയുടെ പരമകാഷ്ഠ.

൨൬ - ൩൨. മഹാരാഷ്ട്രസംഘാതത്തിന്റെ ശൈഥില്യം.

൩൩ - ൩൯. അഹമ്മദ്ഷായുടെ ആക്രമണം.

൩൫ - ൪൩. പാനിപ്പട്ടിലെ യുദ്ധം.

൪൪ - ൫൨. മഹാരാഷ്ട്രധ്വംസനം.

൫൩ - ൫൮. നാലാമത്തെ പേഷ്വാവായ മാധവറാവുവിന്റെ കീഴിൽ അവരുടെ ശക്തി പുനരുജ്ജീവിക്കുന്നത്.

൫൯ - ൬൫. അഹല്യാഭായി.

൬൦ - ൬൫. മാധവറാവുവിന്റെ അകാലമൃതിയും പൂനാവിലെ ദുരാലോചനയും.

൭൯ - ൭൭. ബാലപേഷ്വാവായ നാരായണറാവു.

൭൮ - ൮൧. ഇംഗ്ലീഷ്കാരോടുള്ള ഉടമ്പടികളും യുദ്ധപ്രഖ്യാപനവും.

൮൨ - ൮൩. ഇംഗ്ലീഷ്കാർ പിൻവാങ്ങുന്നതും വാർഗ്ഗാമിലെ സമാധാനവും.

൮൪ - ൮൦. വീണ്ടും യുദ്ധം; ഇംഗ്ലീഷ്കാർ ആട്ട്യം തോറ്റു എങ്കിലും ഒടുവിൽ ഗ്വാളിയർ, ലാഹ്ലൂർ ഇവയെ പിടിക്കുന്നതും, സിൻഡ്യാവിനെ തോല്പിക്കുന്നതും.

൮൧ - ൮൮. സാൽബേയിലെ ഉടമ്പടി.

൧൦-ാം സർഗ്ഗം. മൈസൂരിലെ കലഹങ്ങൾ.

൧ - ൩. ഹൈദരാലിയ്ക്ക് എതിരായി നൈസാമും മഹാരാഷ്ട്രന്മാരും ഇംഗ്ലീഷ്കാരും തമ്മിൽ സഖ്യം ചെയ്യുന്നത്.

൪ - ൫. നൈസാമും മഹാരാഷ്ട്രന്മാരും ഇംഗ്ലീഷ്കാരെ ഉപേക്ഷിക്കുന്നത്.

൬ - ൧൨. തൃണമാലിയിലെ യുദ്ധം.

൧൩ - ൧൪. നൈസാം ഇംഗ്ലീഷ്കാരോടു സമാധാനപ്പെടുന്നത്.

൧൫ - ൧൬. മൈസൂരിലെ പ്രഥമകലഹത്തിന്റെ അവസാനം.

൧൭ - ൨൧. മഹാരാഷ്ട്രന്മാർ ഹൈദരെ എതിർക്കുന്നതും ഇംഗ്ലീഷ്കാർ, സഹായിക്കണമെന്നുള്ള അയാളുടെ അപേക്ഷയെനിരാകരിക്കുന്നതും.

൨൨ - ൨൫. മൈസൂരിലെ ദ്വിതീയകലഹത്തിന്റെ കാരണങ്ങൾ.

൨൬ - ൩൨. മദ്രാസ് ഗവർണ്ണരുടെ അസമർത്ഥത.

൮൫ - ൫൩. കലഹം.
൫൨ - ൫൩. ഇംഗ്ലീഷ്കാരുടെ ആധിപത്യത്തിനുള്ള അപ്പകടസ്ഥിതി.
൫൭ - ൫൮. ഹേസ്റ്റിംഗ്സ് ഇംഗ്ലീഷാധിപത്യത്തെ രക്ഷിക്കുന്നത്.
൫൯ - ൬൬. പോർട്ടുനോവായിലേയും പാളിയൂരിലേയും യുദ്ധങ്ങൾ.
൬൭ - ൭൩. ജയാപജയങ്ങളോടു കൂടി കലഹം തുടൎന്നുകൊണ്ടിരിക്കുന്നത്.
൭൪ - ൭൦. ഹൈദരുടെ മരണവും അയാളുടെ സ്വഭാവവും
൭൧ - ൭൮. ടിപ്പു യുദ്ധം തുടരുന്നതും മംഗലപുരത്തിലെ ഉടമ്പടിയും.

൭൯-ാം സൎഗ്ഗം. ടിപ്പുവിന്റെ ക്രൂരകൃത്യങ്ങൾ.

൭ - ൮. വാറൻ ഹേസ്റ്റിംഗ്സ വേലവിടുന്നതും ഇംഗ്ലണ്ടിൽ കുററക്കാരനായി വിസ്തരിക്കപ്പെടുന്നതും.
൯ - ൩. ചാൎൾസ് കാറൺവാലിസ് ഗവൎണ്ണർ ജനറലാകുന്നത്.
൪. അയാളുടെ നീതിക്രമം.
൫ - ൭. ടിപ്പുവിന്റെ അത്യാശ.
൮ - ൧൩. മഹമ്മദീയമതാചാരങ്ങൾ.
൧൪ - ൨൨. ടിപ്പു മതവിഷയങ്ങളായ കലഹങ്ങൾ ആരംഭിക്കുന്നതും, കാനറാ, കൂർഗ് ഇവയെ കൊള്ളയിടുന്നതും.
൨൩ - ൨൫. ടിപ്പുവിന്റെ ഗൎവ്വാധിക്യം.
൨൬ - ൨൮. നൈസാമും മഹാരാഷ്ട്രന്മാരും ടിപ്പുവിനു കീഴടങ്ങുന്നത്.
൨൯ - ൩൪. ടിപ്പു മലബാറിനെ ആക്രമിക്കുന്നതും അവിട

ത്തേ ജനങ്ങൾ തിരുവിതാംകൂറിലേയ്ക്കു ഓടുന്നതും.

൩൫ - ൩൯. അയാൾ മലബാറിനെ കീഴടക്കി ജനങ്ങളെ നിർദയമായി സ്വമതത്തിൽ ചേർക്കുന്നത്.

൪൦ - ൪൩. അയാൾ തിരുവിതാംകൂറിനെ ആക്രമിക്കുന്നത്.

൪൪ - ൪൭. തിരുവിതാംകൂർരാജാവിന്റെ ഒരുക്കങ്ങൾ.

൪൮ - ൫൫. ടിപ്പു തോററോടുന്നത്.

൫൬ - ൫൭. രാജാവിന്റെ വിജയം.

൫൮ - ൬൬. ടിപ്പു കുപിതനായി വീണ്ടും വന്ന് രാജ്യത്തിന്റെ അതിർത്തിയിലുള്ള കോട്ടകൾ തകർക്കുന്നത്.

൬൭ - ൭൨. തിരുവിതാംകൂറിൽ വടക്കുഭാഗത്തുള്ള ആലുവായിലെ അതിവൃഷ്ടി.

൭൩ - ൭൫. ടിപ്പു പെട്ടെന്ന് സ്വനഗരത്തിലേയ്ക്കു പോകാൻ നിർബന്ധിക്കപ്പെടുന്നത്.

൧൨-ാം സർഗ്ഗം. ടിപ്പുദമനം.

൧ - ൫ ഇംഗ്ലീഷ്കാർ ടിപ്പുവിനു വിരുദ്ധമായി നൈസാമിനോടും മഹാരാഷ്ട്രന്മാരോടും സഖ്യം ചെയ്യുന്നത്.

൬ - ൧൦. മൈസൂരിലെ തൃതീയകലഹം.

൧ - ൧൩. ഇംഗ്ലീഷ്കാർ ബാംഗ്ളൂർ പിടിക്കുന്നതും അരീക്കരയിൽ വച്ച് ടിപ്പുവിനെ തോല്പിക്കുന്നതും.

൧൪ - ൨൫. ഇംഗ്ലീഷ്കാർ പിൻവാങ്ങുന്നതും, മിത്രങ്ങളെ കാത്തിരിക്കുന്നതും.

൨൬ - ൨൯. ഇതിനിടയിൽ പല കോട്ടകളും പിടിക്കുന്നത്.

൩൦ - ൩൩. ശ്രീരംഗപട്ടണത്തിലേയ്ക്കായി നൈസാമും മഹാരാഷ്ട്രന്മാരും ഇംഗ്ലീഷ്കാരും കൂടി പുറപ്പെടുന്നത്.

൩൮ - ൩൯. ടിപ്പുവിനെ ഉപരോധിക്കുന്നത്.

൩൭ - ൮൨. ടിപ്പു സമാധാനത്തിന് അപേക്ഷിക്കുന്നതും, ശ്രീരംഗപട്ടണത്തിലെ സമാധാനവും.

൮൩ - ൮൭. കലഹത്തിന്റെ ഫലങ്ങൾ.

൮൯ - ൯൭. ജമിന്ദാരന്മാരുടേയും സാമന്തരാജാക്കന്മാരുടേയും ഉത്ഥാനം.

൯൮ - ൯൦. സ്ഥിരമായ കരനിയമനം.

൯൧ - ൯൯. ഖാർഡ് കാറൻവാലീസിന്റെ മററുള്ള പരിഷ്കരണങ്ങൾ, ഉയന്ന ഉദ്യോഗങ്ങളിൽ നിന്നും നാട്ടുകാരെ ഒഴിക്കുന്നത്.

൯൯ - ൯൭. അതീതനിരൂപണവും അവസാനവും.

൧൩-ാം സർഗ്ഗം. ടിപ്പുനിഗ്രഹം.

൧ - ൫. സർ ജാൺ ഷോർ ഗവർണ്ണർ ജനറൽ ആകുന്നതും അയാളുടെ സമാധാനത്തോടു കൂടിയ ഭരണവും.

൯ - ൻ. അതിൽ നിന്നുണ്ടായ ദോഷങ്ങൾ.

൧൦ - ൧൫. അയോധ്യയിലെ അടുത്ത അവകാശിയുടെ സ്ഥാനാരോഹണം.

൧൬ - ൨൩. വെല്ലസ്ലിപ്രഭുവും അയാളുടെ നീതിക്രമവും.

൨൫. അയാളുടെ സ്വഭാവം.

൨൬ - ൨൭. സാഹായ്യസന്ധി.

൨൮ - ൩൧. നൈസാമും മഹാരാഷ്ട്രന്മാരും.

൩൨ - ൩൮. ടിപ്പു ഫ്രഞ്ചുകാരോടു ദൂരാലോചനനടത്തുന്നത്.

൩൯ - ൪൬. വെല്ലസ്ലി ടിപ്പുവിനോട് ഗുണദോഷം പറയുന്നത്.

൪൭ - ൪൮. യുദ്ധത്തിനുള്ള ഒരുക്കങ്ങൾ.

൩൦ - ന൦. യുദ്ധവും ശ്രീരംഗപട്ടണത്തിന്റെ ഉപരോധനവും.
ന൧൮ - ന൩൨. ടിപ്പുവിന്റെ വ്യാകുലത.
ന൭൯ - ന൭൯. അയാളുടെ ചാപല്യങ്ങൾ.
൨൦ - ൨൯. മരണാപയ്യാകുലത.
വ൦ - വ൧൮. ശ്രീരംഗപട്ടണത്തിന്റെ അധഃപതനം.

൧൭-ാം സർഗ്ഗം. വെല്ലസ്‌ലിയുടെ പരാക്രമങ്ങൾ.

൧ - ൭. ടിപ്പുവിന്റെ പ്രേതം.
വ - ൧൦. ടിപ്പുവിന്റേയും ഹൈദരുടേയും സ്വഭാവഭേദങ്ങൾ.
൧൧ - ൧൫. ടിപ്പുവിന്റെ മഹിമ.
൧൬ - ൧വ. മൈസൂരിലെ പൂർവ്വരാജവംശത്തെ വീണ്ടും സ്ഥാപിക്കുന്നത്.
൧൯ - ൨൩. ടിപ്പു സമ്പാദിച്ചിട്ടുള്ള രാജ്യങ്ങളെ ഭാഗിച്ചു കൊടുക്കുന്നതും, അയാളുടെ പുത്രന്മാരെ അടുത്തുൺ കൊണ്ടു വെല്ലൂരിലേയ്ക്ക് അയയ്ക്കുന്നതും.
൨൪ - ൨൭. തഞ്ചാവൂരിനെ ഇംഗ്ലീഷ് ഭരണത്തിൽ ചേർക്കുന്നത്.
൨൮ - ൩൧. വെല്ലസ്‌ലിയുടെ നീതിക്രമത്തെ പററിയുള്ള വിമർശങ്ങൾ.
൩൨ - ൩൯. കർണ്ണാടകനഭാവിനെ ഭ്രഷ്ടനാക്കുന്നത്.
൪൦ - ൪൧. മദ്രാസ് പ്രസിഡൻസി വെല്ലസ്‌ലിയുടെ അധീനതയിൽ പെടുന്നത്.
൪൨ - ൪൭. അയോദ്ധ്യാകാര്യങ്ങളിൽ വെല്ലസ്‌ലി പ്രവേശിക്കുന്നതും, വടക്കുപടിഞ്ഞാറൻ പ്രദേശങ്ങൾ ഇംഗ്ലീഷ് കാർക്കു കിട്ടുന്നതും.

൫൮ - ൫൭. വെല്ലസ്‌ലിയുടെ കീഴിൽ ഇംഗ്ലീഷ്കാക്കുണ്ടായ മഹത്ത്വം.

൫൯ - ൬൬. അയാൾ ഇൻഡ്യൻ സിവിൾ സർവ്വീസിനെ സ്ഥാപിക്കുന്നതും, അയാളുടെ സഫലമായ നീതിക്രമവും.

൧൫-ാം സർഗ്ഗം. മഹാരാഷ്ട്രവിജയം.

൧ - ൫. സാൽബേയിലെ ഉടമ്പടി മുതൽക്കുള്ള മഹാരാഷ്ട്രചരിത്രത്തിന്റെ അനുവർണ്ണനം. നാനാഫർണാവീസും മഹാദാജിസിൻഡ്യാവും

൬ - ൧൦. സിൻഡ്യാ ഡെൽഹിയെ കൈവശമാക്കുന്നതും, ഷാലം ദ്വിതീയൻ അയാളെ പേഷ്വാവിന്റെ പ്രതിനിധിയായി നിയമിക്കുന്നതും.

൧൧ - ൧൭. ഗുലാംഖാദിർ.

൧൮ - ൨൦. മഹാദാജിയുടെ മരണത്താൽ നാനാ വീണ്ടുംപൂനായിൽഅധികൃതനാകുന്നത്.

൨൧ - ൨൫. നാനായുടെ കീഴിൽ മഹാരാഷ്ട്രശക്തി പുനരുജ്ജീവിക്കുന്നത്.

൨൬ - ൩൦. പൂനായിലെ അനാത്ഥങ്ങളും ബാജിറാവു ദ്വിതീയൻ ഒടുവിലത്തെ പേഷ്വാവാകുന്നതും.

൩൧ - ൩൩. നാനായുടെ മരണവും പൂനായിലെ അരാജകത്വവും.

൩൪ - ൩൮. പൂനായിലെ ആന്തരകലഹം.

൩൯ - ൪൪. ബാജിറാവു ഇംഗ്ലീഷ്കാരുടെ സാഹായ്യം അപേക്ഷിക്കുന്നതും ബാസ്സേയിനിലെഉടമ്പടിയും.

൪൫ - ൪൯. സിൻഡ്യാവും ബാൺസിലേയും ആ ഉടമ്പടിയേ അനുവദിക്കാതിരിക്കുന്നത്.

൫൦ - ൫൩. കലഹം ആരംഭിക്കുന്നതും, ഹോൾക്കാർ ഉദാ

സീനനായിരിക്കുന്നതും.

൪൯ - ൫൯. വെല്ലസ്ലിയുടെ യുദ്ധസമ്പ്രദായം.

൫൦ - ൫൫. ആസ്സേയിയിലെ യുദ്ധം

൫൭ - ൬൦. റഘോജി ബാൺസിലേ തോൽക്കുന്നതും, ഡിയോഗാനിലെ ഉടമ്പടിയും.

൬൧ - ൬൭. ഡൽഹിയും ആഗ്രായും പിടിക്കുന്നത്. സിൻഡ്യാസമാധാനം അപേക്ഷിക്കുന്നത്.

൬൮. ബാറോഡാ കാര്യങ്ങൾ.

൬൮ - ൬൯. രണ്ടാമത്തേ മഹാരാഷ്ട്രകലഹത്തിൻെറ ഫലങ്ങൾ.

൬൯ - ൭൧. ഹോല്ക്കാർ മൂന്നാമത്തേ മഹാരാഷ്ട്രകലഹം ആരംഭിക്കുന്നത്.

൭൨ - ൭൭. യുദ്ധക്രമം.

൭൮. രാമപുരം കോട്ട പിടിക്കുന്നത്.

൭൯ - ൭൯൮. മാൺസൻ മുഖണ്ഡുഗിരിമാർഗ്ഗത്തിൽ നിന്നു പിൻവാങ്ങുന്നത്.

൭൯൯ - ൭൯൯. ഹോല്ക്കാർ മിത്രങ്ങളെ സമ്പാദിക്കയും, മത്രയെ എടുക്കയും ചെയ്യുന്നുവെങ്കിലും ലേക്കിനാൽ തോല്പിക്കപ്പെടുന്നത്.

൭൯൯ - ൭൯൯. ഭാർട്ട്പൂരിലെ രാജാവും സിൻഡ്യാവും ഇംഗ്ലീഷ്കാരോടു സമാധാനപ്പെടുന്നത്.

൭൯൯ - ൭൯൯. വെല്ലസ്ലിയെ തിരിയെ വിളിക്കുന്നതും, സർ ജ്യാജ് ബാർലോ ആകററിംഗ് ഗവർണ്ണർ ജനറൽ ആകുന്നതും.

൭൯-ാം സർഗ്ഗം. കണ്ടകശോധനം.

൭ - ൭൭. ശമനീതിയും അതിൻെറ ഫലങ്ങളും.

൭൯ - ൮൯. വെല്ലൂർ ശിപായി ലഹള; അതിൻെറ കാരണങ്ങളും ശമനവും.

൩൦ - ൩൯. പാതിരിമാരുടെ പ്രസംഗം മുതലായവയെ നിഷേധിക്കുന്നത്.
൩൭ - ൩൯. ലാർഡ് മിന്റോവും അയാളുടെ നീതിക്രമവും.
൪൦ - ൪൨. ബന്ദിൽഖണ്ഡിനെ കീഴടക്കുന്നത്.
൪൩ - ൪൪. അമീർഖാനെ താഴ്ത്തുന്നത്.
൪൫ - ൫൫. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ക്ഷോഭം.
൫൬ - ൫൮. നെപ്പോളിയനും, ഫ്രഞ്ചുകാരെക്കുറിച്ചുള്ള ഭയവും.
൫൯ - ൬൦. റഞ്ജിററ്സിംഗിനോടും ആസന്നന്മാരായ മറ്റു പ്രഭുക്കന്മാരോടുമുള്ള സന്ധി.
൬൧ - ൬൨. സിക്കുകളുടെ ഉത്ഥാനം.
൬൩ - ൬൫. മദ്രാസിലെ ശിപായിലഹള.
൬൬ - ൬൭. ശാസനപത്രനവീകരണം.
൬൮ - ൬൯. ലാർഡ് മിൻറോവിന്റെ സ്ഥാനത്ത് ലാർഡ് മോയിറാ വരുന്നതും, അയാൾ വെല്ലസ്ലിയുടെ നീതിക്രമത്തെ അനുകരിക്കുന്നതും.
൭൦ - ൭൪. നീപ്പാൾയുദ്ധത്തിന്റെ കാരണങ്ങൾ.
൭൫ - ൭൯. നീപ്പാൾരാജ്യം.
൮൦ - ൮൩. കലഹം.
൮൪ - ൮൫. സിഗാളിയിലെ സമാധാനം.

൧൪-ാം സർഗ്ഗം. മദ്ധ്യഭാരതത്തിന്റെ ഉദ്ധരണം.

൧ - ൫. ലാർഡ് മോയിറായേ ഹെസ്റ്റിംഗ്സ് പ്രഭുവാക്കുന്നതും, അയാളുടെ വിജയങ്ങളേപ്പററിയുള്ള വിമർശങ്ങളും.
൬ - ൧൧. പിണ്ഡാരികളുടെ ഉത്ഥാനം.
൧൨ - ൧൫. മഹാരാഷ്ട്രപ്രഭുക്കന്മാരോട് അവർ ചേരുന്നത്

൧൯൯ - ൧൨൭. സിൻഡ്യാവിനോടുള്ള സ്വത്വം.

൧൯൮ - ൨൧. അമീർഖാനോടുള്ള സമാധാനം.

൨൨ - ൨൭. ഹോല്ക്കാരോടുള്ള കലഹം.

൨൭ - ൩൫. പിണ്ഡാരികളുടെ ഉൻമൂലനം,

൩൬ - ൫൫. പൂനാക്കാര്യങ്ങളും പേഷ്വാവിൻെറ വിശ്വാസ്യ ലാതവും.

൫൬ - ൫൯. ത്രിംബക്ജി ഡാൻഗ്ലിയായും ഗംഗാധരശാസ്ത്രിയുടെ വധവും.

൬൦ - ൭൦. പേഷ്വാ ഇംഗ്ലീഷ്കാരെ ദ്രോഹിക്കുന്നത്.

൭൧ - ൭൩. പേഷ്വാ എന്ന സ്ഥാനം നിറുത്തൽ ചെയ്യുന്നത്.

൭൪ - ൭൬. സതാറയിലെ രാജാവിന വീണ്ടും ആധിപത്യം കൊടുക്കുന്നതും അയാൾ ഇംഗ്ലീഷ്കാക്കു രാജ്യത്തെ മടക്കിക്കൊടുക്കുന്നതും.

൭൭ - ൭൯. നാഗപ്പൂർ സ്വാധീനപ്പെടുത്തുന്നത്.

൭൯. അവസാനം.

൧൯ാം സർഗ്ഗം ബാഹ്യോപദ്രവങ്ങൾ.

൧. ലാർഡ് ആംഹെഷ്ട്.

൨ - ൧൧. ബൎമ്മാക്കാരുമായിട്ടുള്ള യുദ്ധത്തിൻെറ ഉത്ഭവം

൧൨ - ൧൭. ഇംഗ്ലീഷ്കാർ റംഗൂൺ എടുക്കുന്നത്.

൧൮ - ൧൯. ബൎമ്മായിലെ യുദ്ധരീതി.

൧൯ - ൧൫. ബൎമ്മാക്കാരോടുള്ള സമാധാനം.

൨൦ - ൨൨. ബൎമ്മായുദ്ധത്തേപ്പററിയുള്ള വിമൎശങ്ങൾ.

൨൩ - ൨൫. ഭാർട്ട്പൂർ പിടിക്കുന്നത്.

൨൬ - ൩൬. ലാർഡ് വില്യം ബെൻറിങ്ക്. ആചാരപരിഷ്കാരങ്ങൾ.

൩൨ - ൫൦. കമ്പനിയുടെ ശാസനപത്രത്തിനുണ്ടാകുന്ന ഭേദഗതികൾ.
൫൧ - ൫൭. കൂർഗ്ഗിനെ സ്വാധീനപ്പെടുത്തുന്നതും മൈസൂർ രാജാവിനെ ഭ്രഷ്ടനാക്കുന്നതും.
൫൮ - ൬൦. റഷ്യയിലെ ദുരാലോചനകൾ.
൬൧. ലാർഡ് ആക്ലണ്ട്.
൬൨ - ൬൩. ആഫ്ഗാനിസ്ഥാനിലെ കുഴപ്പം.
൬൪ - ൭൦. ആഫ്ഗാൻ യുദ്ധയാത്രയുടെ സാഫല്യം.
൭൧ - ൭൫. ഇംഗ്ലീഷ്കാരുടെ ക്ഷണികമായ വിജയം.
൭൬ - ൮൮. കിൽജികളുടെ ക്ഷോഭം.
൮൯ - ൯൧. കാബൂളിലേ ലഹളയും മക്നാട്ടനെ നിഗ്രഹിക്കുന്നതും.
൯൨ - ൯൫. ഇംഗ്ലീഷ് സൈന്യം സലജ്ജംപിൻവാങ്ങുന്നത്.

൧൯-ാം സർഗ്ഗം. ശിക്കികളുടെ ശക്തിയെ നശിപ്പിക്കുന്നത്.

൧. ലാർഡ് എല്ലെൻബറോ.
൨ - ൩. ആഫ്ഗാണിലെ ആപത്തിനാൽ ഇംഗ്ലീഷ് കാക്കുണ്ടായ അഭിമാനക്ഷയം.
൪ - ൭. വിജയത്തോടുകൂടി കാബൂളിൽ പ്രവേശിക്കുന്നത്.
൮ - ൧൦. തടവുകാരുടെ വിമോചനം.
൧൧. ഇംഗ്ലീഷ് സൈന്യം ഇൻഡ്യയിലേയ്ക്കു മടങ്ങുന്നത്.
൧൨ - ൧൪. ഇംഗ്ലീഷ്കാർ വല്ലാതെ കോപാകുലന്മാരാകുന്നത്.
൧൫ - ൧൭. സിൻഡ് അവക്ക് ഇരയാകുന്നത്.
൧൮ - ൨൩. ഗ്വാളിയരിലേ കാര്യങ്ങളിൽ ഇംഗ്ലീഷ്കാർ പ്രവേശിക്കുന്നത്.

൨൯ - ൨൭. ലാർഡ് ഹാർഡിങ്ങ് ലാർഡ് എല്ലെൻ ബറോവിൻെറ സ്ഥാനം പ്രാപിക്കുന്നത്.

൨൮ - ൩൯. പഞ്ചാബിലെ ക്ഷോഭം.

൩൦ - ൩൭. ശിക്കികൾ ഇംഗ്ലീഷ്കാരുടെ അതിർത്തി കടക്കുന്നത്.

൩൮ - ൩൮. മുഡ്കി, ഫിറോസിഷാ ഈ സ്ഥലങ്ങളിലെ യുദ്ധങ്ങൾ.

൩൯ - ൪൨. ശിക്കികൾ തോററു മടങ്ങുന്നത്.

൪൩ - ൪൫. സോബ്രായോണിലെ യുദ്ധം.

൪൬ - ൪൭. ടെജ്സിംഗിൻെറ വിശ്വാസഘാതം.

൪൯ - ൪൯. ലാഹൂറിലെ സമാധാനം, വിജയികളായ യോധന്മാക്കു പാരിതോഷികം കൊടുക്കുന്നത്.

൪൮ - ൫൦. ലാർഡ് ഡൽഹൌസി ലാർഡ് ഹാർഡിഞ്ജിൻെറ സ്ഥാനം പ്രാപിക്കുന്നത്.

൫൧ - ൫൩. മുൾട്ടാനിലെ ക്ഷോഭങ്ങളും ലാഹൂരിലെ ദുരാലോചനകളും രണ്ടാമതും കലഹത്തിനു ഹേതുവാകുന്നത്.

൫൪ - ൫൫. ഷെർസിംഗിൻെറ വിശ്വാസഘാതം.

൫൦ - ൫൧. മുൾട്ടാൻ പിടിക്കുന്നത്.

൫൨ - ൫൩. ചില്ല്യൻവാലായിലേയും ഗുജററിലേയും യുദ്ധങ്ങൾ.

൨൦-ാം സർഗ്ഗം. ഡൽഹൌസിയുടെ പരാക്രമങ്ങൾ.

൧ - ൨. പഞ്ചാബിനെ സ്വാധീനപ്പെടുത്തുന്നത്.

൩ - ൬. ഇംഗ്ലീഷ്കാക്കു കോഹിനൂർ ലഭിക്കുന്നത്.

൭ - ൯. പഞ്ചാബിലെ പരിഷ്കരണങ്ങൾ.

൧൦ - ൧൧. സാമാന്യപരിഷ്കരണങ്ങൾ.

൧൫ - ൨൦. തീവണ്ടി നടപ്പാക്കുന്നത്.

൨൧ - ൨൩. തപാൽ നിയമം ഏർപ്പെടുത്തുന്നത്.

൨൪ - ൨൮. കമ്പിത്തപാൽ ഏർപ്പെടുത്തുന്നത്.

൨൯ - ൩൦. ഗംഗാനദിയിൽനിന്നും ഒരു തോടുണ്ടാക്കുന്നത്

൩൧ - ൩൪. ഇൻഡ്യയിൽ സർവ്വകലാശാലകൾ സ്ഥാപിക്കുന്നത്.

൩൫ - ൩൭. ഇംഗ്ലീഷ് വിദ്യാഭ്യാസപ്രചാരം.

൩൮. റോഡുകളും തോടുകളും പാലങ്ങളും.

൩൯ - ൪൨. പണം കടം വാങ്ങി മരാമത്തുവേലകൾ നടത്തിക്കുന്ന രീതി.

൪൩ - ൪൫. സാമാന്യവിമർശങ്ങൾ.

൪൬ - ൫൨. അന്യരാജ്യങ്ങളെ സ്വാധീനപ്പെടുത്തുന്ന രീതി, പെഗു, നാഗപ്പൂർ, അയോധ്യ ഇവയെ സ്വാധീനപ്പെടുത്തുന്നത്.

൫൩ - ൫൭. ഈ രീതിയെ സാധൂകരിക്കുന്നത്.

൫൮ - ൬൦. പൂർവ്വകഥാസംക്ഷേപവും ഭാവിചിന്തനവും.

൨൧-ാം സർഗ്ഗം. ഇൻഡ്യയിലെ വലിയ ശിപായിലഹള.

൧ - ൫. ഡാർഡ് കാനിംഗ്. അയാളുടെ പൂർവ്വസ്ഥിതികളും ഉദ്ദേശ്യങ്ങളും.

൬ - ൧൨. ഡൽഹൌസിയുടെ ഉദ്ധതമായ നീതിക്രമത്തിന്റെ ഫലങ്ങൾ.

൧൩ - ൧൬. രാജ്യഭ്രഷ്ടന്മാരായ രാജാക്കന്മാർ ഇംഗ്ലീഷ്കാരെ ദ്രോഹിക്കാൻ ആലോചിക്കുന്നത്.

൧൭ - ൧൯. ഇംഗ്ലീഷ്കാർ സ്വയം സുരക്ഷിതന്മാരെന്നു കരുതുന്നത്.

൨൧ - ൨൨. സൈന്യത്തിലുള്ള സ്വദേശീയഭടന്മാരുടെ ആധിക്യവും അതൃപ്തിയും.
൨൩ - ൨൪. കൊഴുപ്പുതേച്ച തോട്ടാകൾ ഏർപ്പെടുത്തിയത്.
൨൫ - ൩൦. നിന്ദ്യങ്ങളായ ജനശ്രുതികൾ.
൩൧ - ൩൫. ലഹളയുടെ ആവിർഭാവം.
൩൬ - ൪൫. മീററ്റിലെ ലഹളക്കാർ.
൪൬ - ൪൯. ഡൽഹി ലഹളക്കാർക്കു കൈവശപ്പെടുന്നത്.
൫൦ - ൫൫. വില്ലോബിയും വെടിമരുന്നുശാലയും.
൫൬ - ൫൯. ലഹളക്കാരുടെ വിജയം.
൬൦ - ൬൦. പഞ്ചാബിൽ ജാൻ ലാറൻസും, ലക്നോവിൽ ഹെൻറി ലാറൻസും എത്തുന്നത്.
൬൧ - ൬൩. ഝാൻസിയിലെ ലഹള.
൬൪ - ൬൫. കാൺപൂരിലെ ക്ഷോഭം.
൬൬ - ൭൨. നാനാസാഹിബ്ബ് ലഹളക്കാരുടെ നായകനാകുന്നത്.
൭൩ - ൭൫. ഇംഗ്ലീഷ്ഭടന്മാരുടെ വധം.
൭൬ - ൭൮. നാനാസാഹിബ്ബ് സ്വയം പ്രതാപവാനാകുന്നത്.
൭൯ - ൮൦. ഇംഗ്ലീഷ്കാർ വലിയ ആപത്തിൽപെടുന്നത്.
൮൧. ഇംഗ്ലണ്ടിൽ നിന്നും ലാർഡ് ക്ലൈഡിനെ അയക്കുന്നത്.

൨൨-ാം സർഗ്ഗം. രാജ്യാധിപത്യത്തിന്റെ മാററം.

൧ - ൩. ഹാവലാക്ക് കാൺപൂരിനെ കൈവശപ്പെടുത്തുന്നത്.
൩ - ൮. നാനാസാഹിബ്ബ് തടവുകാരെ കൊല്ലുന്നത്.
൧൦. തന്ത്യാടോപി ഗ്വാളിയരിൽ എത്തുന്നത്.
൧൧. ലക്നോവിന്റെ വിമോചനം.
൧൨ - ൧൭. ഡൽഹിയെ വീണ്ടും പിടിക്കുന്നത്.
൧൮ - ൨൫. ലഹളയുടെ ശമനം.

൨൯ - ൯൨. ലഹളക്കാരുടെ നായകന്മാരെ ശിക്ഷിക്കുന്നതും ബന്ധുക്കളെ ബഹുമാനിക്കുന്നതും.

൯൩ - ൯൯. ലഹളയെപ്പററിയുള്ള വിമർശങ്ങൾ.

൯൭ - ൯൮. മഹാരാജ്ഞി രാജ്യഭാരം സ്വീകരിക്കുന്നത്.

൭൦ - ൭൫. വിക്ടോറിയാമഹാരാജ്ഞിയും എലിസബത്ത് മഹാരാജ്ഞിയും.

൭൨ - ൭൭. മഹാരാജ്ഞിയുടെ വിളംബരം.

൭൯ - ൯൫. വിളംബരത്തിന്റെ സ്വീകരണം.

൨൯-ാം സർഗ്ഗം. സാമ്രാജ്യസ്ഥാപനം.

൫ - ൭. രാജ്യഭരണത്തിന്റെ നവീനരീതി.

൮ - ൨. ലാർഡ് കാനിംഗിന്റെ പരിഷ്കരണങ്ങൾ.

൯ - ൫൦. ലാർഡ് കാനിംഗിന്റെ സ്ഥാനത്ത് ലാർഡ് എൽജിൻ പ്രവേശിക്കുന്നത്.

൫൫ - ൫൭. സർ ജാൺ ലാറൻസ് വൈസ്രായിയാകുന്നത്.

൫൭ - ൨൦. ലാർഡ് മേയോ വൈസ്രായിയാകുന്നത്.

൨൫ - ൨൯. ലാർഡ് നാത്ത്ബ്രൂക്കിന്റെ രാജ്യഭരണം.

൨൭ - ൯൦. വെയിത്സ് രാജകുമാരൻ ഇൻഡ്യയെ ദർശിക്കുന്നത്.

൯൫. ലാർഡ് ലിട്ടൺ വൈസ്രായിയാകുന്നത്.

൯൨ - ൯൯. ഇമ്പീരിയിൽ സമാജം ഉണ്ടാകാനിടയാക്കിയ അവസ്ഥകൾ.

൭൦ - ൭൯. ഇമ്പീരിയിൽ സമാജം.

൭൭ - ൭൦. മഹാരാജ്ഞി ചക്രവർത്തിനിയാക്കി പ്രഖ്യാപനം ചെയ്യപ്പെടുന്നത്.

൭൫ - ൨൨. സ്വർണ്ണജൂബിലി.

൨൯. വജ്രജൂബിലി.

൨൭. അവസാനം.

സാങ്കേതികപദവിവൃതി.

അഗ്നിചൂർണ്ണം Gunpowder.
അധികാരപത്രം Charter.
അധിഭത്താവ് } Governor General.
അധിനാഥൻ }
അധിശൻ }
അർത്ഥശാസ്ത്രം Political Economy.
ആവാപനീതി Foreign policy.
കരണം Act (of Parliament.)
കർമ്മസംസത്ത് } Executive Council.
കർമ്മസംഘം }
കാര്യദർശി Secretary.
കാര്യാലയം Office.
കാളഗർത്തം The Black Hole.

ഖണ്ഡഭത്താവ് } Colonel.
(ഗുല്മപതി) }
ചൈത്യം Church, Mosque.
ജനാധിപത്യം { Common wealth, Republic.
ജാനപദം Civil.
തന്ത്രം Government.
ദണ്ഡനയം Criminal Policy.
ദണ്ഡപാലൻ General.
ദത്തമഹി The Ceded District.
ദാസഭൂപന്മാർ (അടിമവംശക്കാർ) Slave Kings.
ധർമ്മദൂതൻ Missionary.
ധർമ്മപാലൻ Magistrate.

നീതിപാലൻ Judge.
പൌരൻ Citizen.
പ്രതിരാജൻ Viceroy.
പ്രതിഹസ്തൻ Deputy.
പ്രഭു Lord.
ഭരണം (രക്ഷാവിധി) Civil administration.
ഭർത്താവ് Governor.
ഭൂസ്വാമി Land Proprietor.
മണ്ഡലം Presidency.
മന്ത്രസഭ Council.
മഹാമന്ത്രസഭ Parliament.
മഹിതവാമനൻ The Glorious Little man.
രാഷ്ട്രപാലൻ Subedar or Mugal Governor.
വാസ്തവ്യൻ Resident.
വിഗ്രഹം War.
വിനയനസദസ്സ് Board of Directors.
വിനേതാവ് Director.
വൈദ്യുതശക്തി Electric power.
വ്രാതം Tribe.
ശിക്ഷാവിധി, ശിക്ഷണം } Criminal Administration.
ശൈല സിന്ധുക്ഷിതിപതി The Zamorin.
സംഘം Company.
സംയന്ത്രണസഭ, യന്ത്രണസഭ } Board of Control.
സചിവൻ, കർമ്മസചിവൻ } Executive officer.
സാഹസം Police.
സാഹായ്യസന്ധി, സാഹ്യസന്ധി } Subsidiary System
സേവനം Service.

ദേശനാമവിവൃതി.

അജമീർ, അജമീരം Ajmir.
അതലാന്തികം Atlantic.
അബ്ഘനസ്ഥാനം Afghanistan.
അസ്സേയി Assai.
അഹമ്മദപത്തനം Ahmednagar.
ആംഗലം England.
ആൻഡമനം Andaman.
ആന്ധ്രം (ഹൈദ്രാദേശം) Hyderabad.
ആമേരികം America.
ആരഖണം Arakhan.
ആക്കോടം Arcot.
ആസാമം (കാമരൂപം) Assam.
ഇന്ദൂരം Indur.
ഇരാവതി Ravi.
ഇരാവതി Irawadi.
ഉജ്ജയിനി Oojein.
ഉല്ക്കലം (ഒറീസ്സാ) Orissa.
ഉദയപുരം Udipore.
ഉദ്വനല്ലാ Udwanalla.
കഡല്യൂർ Cuddalore.
കംബാ Cambay.
കംബോജം Kamboja.
കരികളം Karikul.
കാഞ്ചീപുരം Conjeeveram.
കാന്യകുബ്ജം Kanouj.
കാബൂൾ Cabul.

കാസിമാപണം Cassimbazar.
കാളിഘട്ടം Calcutta.
കാളി Kali R.
കുടക്, കുടകം Coorg.
കുമാരി Comorin.
കുർദ്ദലം Curdla.
കുഞ്ഞപുരം Cawnpore.
കൊങ്കണം Konkan.
കോയംപുരം Coimbatore.
കോരാ Korah.
കോസലം Oude.
ഖഡകി Kharki.
ഗാളിയാ (പരാങ്കദേശം) France.
ഗുജ്ജരം, ഗുജററ്, ഗുജറാത്തി Guzerat.
ഗോരകം Gorakpore.
ഗ്വാളിയരം, ഗ്വാളിയർ Gwalior.
ഘസിനി, ഘസ്നി Ghazni.

ചിത്രദുർഗ്ഗം Chittledoorg.
ചിൻത്സൂർ Chinsurah.
ചില്ലിന്നവാൾ Chillianwala.
ചീനം, ചീനാ, ചൈനം China.
ജലാലം Jalalabad.
ജോഡപുരം Jodepore.
ഝാൻസീപുരം Jhansi.
ടോങ്കം (തോങ്കം) Tonka.
തക്ഷോപലം, തക്ഷശില Taxila.
തഞ്ജാപുരം Tanjore.
തിംസ Thames.
തുലുഷ്കം Turkey.
ത്രിണമാലി Trinomali.
തേഗനപട്ടണം Tegnapatam.
തേരകച്ഛം Terai.
ത്രിലിംഗദേശം Telingana.
ത്രിശിരഃപുരം Trichinopoli.

ദക്ഷിണതലം, ദക്ഷിണദിക്ക്
ദക്ഷിണപഥം, ദക്ഷിണഭാരതം } Dekhan.
ദക്ഷിണഭൂതലം, ദക്ഷിണാപഥം
ദില്ലി Delhi.
ദിഗം Dig.
ദേവികോട്ടം Devikotta.
ദേവിദുർഗ്ഗം Fort St. David.
നന്ദിദുർഗ്ഗം Nandidoorg.
നവ്യശ്രേണി, പുതുശ്ശേരി. Pondicherry.
നാഗപട്ടണം Nagapatam.
നാഗപൂരം Nagpore.
പഞ്ചനദം The Panjab
പാടലീപുത്രം, പുഷ്പപുരം Patna.
പാണ്ഡരപുരം Pandarpore.
പാണ്ഡ്യം Pandya.
പാനിപതം, പാനിപട്ട് Paniput.
പാരസീകം Persia.
പിഗു Pegu.

പിന്നാർ Pennar R.
പുണ്യപുരി Poona.
പൂർത്തഗളം Portugal.
പ്രയാഗ Allahabad.
ഫിരജനഗരം, ഫ്ിരോസ് Firozpore.
ഫിരോസഷാഹരം Firozshahore.
ബക്സാരം Baxar.
ബഡ്ജബഡ്ജം Budge Budge.
ബന്ദല്ഖണ്ഡം, ബന്ദിലഖണ്ഡം Bundlekhand
ബഹ്രാംപുരം, ബഹ്രാമം Berhampore.
ബാസിനം Basin.
ബീജപുരം (വിജയപുരം) Bijapore.
ബ്രിത്താനികാ Brittanica.
ബ്രഹ്മഷ്ടിദേശം Bittaur.
ബ്രഹ്മഹലം Bèrmahals.
ഭരതപുരം Bhartpore.
ഭാരതം India.
മഗധം Magada.

മഥുരാ Muttra.
മദ്രം Madras.
മഹാംബാ (മുംബാ) Bombay.
മഹാരാജപൂര് Maharajapore.
മഹാരാഷ്ട്രം, മാരാഷ്ട്രം Mahratta Country.
മഹീശൂരം Mysore.
മാടഭൂമി Cochin (state)
മാരിഷസം Mauritius.
മാർവാർ Mhairware.
മാഹി, മയ്യഴി Mahe.
മാളവം, മാൾവാ Malwa.
മീരാഥം Mirat.
മുഖന്ദരം Mukhandar.
മുംഗീരം Monghir.
മുദകി Mudki.
മൂൾട്ടാൻ (മൂലസ്ഥാനം) Multan.
മൂഷിദം Murshedabad.
യൂരോപം Europe.
രംഗൂണം Rangoon.
രാമനഗരം Rampore.
രൂബികോണ Rubicon.
രോഹിളഖണ്ഡം (പഞ്ചാലം) Rohilkhand.
ലക്ഷ്മണപുരം Lucknow.
ലണ്ഡനം London.
ലാഹൂരം (ലാഹൂർ) Lahore.
വംഗം (ബംഗാളം) Bengal.
വന്ദിവാസം (വാൻഡിവാഷ്) Vandivash.
വർദ്ധമാനപുരം Burdwan.
വാർഗ്ഗാമം Wargam.
വിദർഭം Berar.
വിപാശ (നദി) Bias.
വിഹാരം (ബിഹാർ) Bihar.
ശതദ്രു Sutledj.
ശീഷ്ശ്രേണി, ശിരശ്ശ്രേണി Tellicherri.
ശ്രീരംഗപട്ടണം Seringapatam.
ഷാഹാപൂരി Shahpuri.

സർഹിന്ദം Sarhind.
സാംഗമം Changama.
സാതാരാ Satara.
സിന്ധുദേശം Sind.
സിന്ധുനദി Indus.
സോബ്രായോനം Sobraon.
സ്കോടദേശം Scotland.
സ്പാനിയാ (ഹിസ്പാനിയാ) Spain.
ഹൈദ്രാപുരം Hyderabad. (Town).

വൈദേശികസ്ത്രീപുരുഷനാമവിവൃതി.

അക്ബ്ബരഖാൻ Akbarkhan.
അക്തർലോണി Octherlony.
അഗന്യൂ Agnew.
അന്വാരുദ്ദീൻ Anwar-ud-din.
അപ്പാസാഹിബൻ Appasahib.
അമീരഖാൻ Amirkhan.
അസാഫ്ദൌലൻ Asaf-ud-doula.
അഹമ്മദൻഷാ Ahmed Shah.
ആക്ലന്ദൻ Auckland.
ആംഗലൻ, ആങ്ങ്ലൻ, ആംഗ്ലേയൻ The English.
ആബ്ബർകോംബി Abercomby.
ആമഹ്ഷ്ടൻ Amherst.
ആലിവർദി Aliverdikhan.
ഇലീജ ഇമ്പി Elijah Impey.
ഉന്ദതുല്ലുമ്രൻ Umda-tul-umra.
ഉന്മുകൻ Ulmulk.

ഉമാചന്ദ്രൻ, ചന്ദ്രൻ Omichand.
എലിസബത്ത്, എലീസബത്ത് Elizabeth.
എല്ലീസ് Ellis.
ഒൗത്രാമൻ Outram.
ഒൗരംഗസേബൻ, അറംഗസ്ബൻ, അറംഗ്സിബ്ബ് } Aurengzib.
കംബരമീരൻ Combermere.
കണ്ണകൻ, കണ്ണാക്ക് Carnac.
കല്ലിയാടൻ Calliatid.
കാനിംഗൻ Canning.
കാംബെലൻ Campbell.
കാണ്ണവാലിസൻ, കാരണവാലിസൻ, കാരണൻ, വാലിസൻ } Cornwalis.
കാസിമൻ, കാസിം Kasim.
കീനൻ Kean.
കുത്തുദീനൻ Kutubuddin.
കൂടൻ Coote.
ക്ലൈഡൻ Clide.
ക്ലൈവൻ, ക്ലൈവ് Clive.
ഖാരീമൻ Kharim.
ഖാലസം Khalsa.
ഗേകവർ, ഗേകവാർ, ഗേകവരൻ Gaikwar.
ഗോഖലൻ Gokhla.
ഗോദർദൻ Godard.
ഗോഫൻ Gough.
ഗൂരകൻ Goorkhas.
ഘോരൻ, ഘോരി Ghore.
ഘോഷമാലി Ghoshaum Ali.
ചണ്ഡസാഹിബ്ബ്, ചണ്ഡകൻ Chanda Sahib.
ചിറു Chitu.
ജഗച്ഛേഷ്ഠി Jagat Sethe.
ജമിന്ദാർ, ജമിന്ദരൻ Zamindar.
ജസ്വന്തരായൻ Jaswantha Row.
ജാഡർ Jats.

ജാർജ്ജൻ George.
ജേംസൻ James.
ജോണൻ, ജാൺ John.
ടോഗ്ലാക Toglak.
ഡേങ്ങ്ഗ്ല്യാ Dainglia.
താന്ത്യടോപി Tantia Topi.
ടുഡോര Tudor.
ടുലുഷ്ക്കൻ Turk.
തേജസിംഹൻ Tej Singh.
ഠഗൻ Thug.
ഡച്ച് Dutch.
ഡലഹൌസി Dalhousie.
ദിലീപസിംഹൻ Dulip sing.
ഡുപ്ലേ, ഡുപ്ലി Dupleix.
ദോസ്ത Dost.
ദൌതനൻ Doveton.
ദൌലതരായൻ Doulat Row.
ഡ്രേകൻ Drake.

നന്ദപുത്രൻ Nuncomar.
നഭാവ്, നഭാവൻ. Nabab.
നാക്സൻ Knox.
നാണൻ Nana.
നാർ ബ്രൂക്ക് Northbrook.
നാസ്സജംഗൻ Nazerjung.
നിഖോലസനൻ Nicholson.
നീലൻ Neil.
നേപ്പിയർ Napier.
നൈജാമൻ, നൈസാം Nizam.
പരാങ്കി French.
പണ്ണവീശൻ Farnavis.
പിഗോടൻ Pigot.
പിണ്ഡാരി Pindari.
പീടൻ Pit.
പീരസൻ Pearce.
പൂണ്ണയൻ Purniah.
പൂർത്തഗളിയ Portuguese.

പേഷ്വാ, പേഷ്വൻ Peshwa.
പോഫാമൻ Popham.
പോർഡൻ Forde.
ബാലബാജി Balaji Baji.
ബെന്തിങ്കൻ Bentink.
ബേബരൻ, ബേബർ Baber.
ബേലി Baillie.
ബ്രേത്വൈതൻ Breithwaite.
ഭംഗാരി Bringaris.
ഭോസ്ലൻ Bhonsle.
മന്ദ്രു, മൺറോ Monro.
മല്ഹരരായൻ Mulhar Row.
മലിഖാൻ Malikhan.
മഹാബന്ദുലൻ Mahabandula.
മഹാമദൻ, മഹ്മത് Mahomet.
മാൺസനൻ Monson.
മാമുദൻ, മാമുദ് Mahmud.
മാല്ക്കമൻ Malcolm.
മിന്തു Minto.
മീരജാഫരൻ Mir Jafir.
മുരാദൻ Murad.
മൂഷ്ദൻ Murshid.
മൂലരാജൻ Mulraj.
മൃസഭജംഗൻ Merzefa Juug.
മെക്നാടൻ Mac Naughton.
മേയു Mayo.
മോയിരൻ Moire.
യവനൻ Greek.
രഘുജി Raghuji.
രണജിൽസിംഹൻ Ranjit Singh.
രാഘവൻ Raghaba.
രാജദുല്ലഭൻ Raidurlabh.
രാജപുത്രൻ Rajput.
രോഹിളൻ Rohila.
ലേകൻ Lake.
വാട്സനൻ, വാട്സൻ Watson.

വാൻസിതാർത്തൻ Vansitart.
വാരണാൻ Warren.
വിശ്വാസൻ Visvasa Row.
വീഷൻ Whish.
ശംഭാജി Sambaji.
ശിക്കി Sikhs.
ഷാലമൻ, ഷാലം Sha Alam.
ഷീരാലി Shear Ali.
ഷൂജൻ Shuja.
ഷേരസിംഹൻ Sher Singh.
ഷോരൻ Shore.
സഭക്തജി Sabaktajin.
സയീദ Sayyid.
സരദാര Sirdar.
സലബാതജംഗൻ Salabatjung.
സാദത്ത് Sadat.
സിന്ധ്യയൻ, സിന്ധ്യൻ Sindia.
സുരാജദൌലൻ, സുരാജൻ Surajdoula.
സേലൻ Sale.
സേല്യൂകൻ Selucus.
സ്കോട Scot.
സ്റ്റീവൻ (സൻ) Stevenson.
സ്റ്റുവാർത്തൻ Stuart.
സ്മിഥൻ, സ്മിത്ത് Smith.
ഹസ്റ്റിംഗൻ Hasting.
ഹസ്റ്റിംഗസൻ Hastings.
ഹാരഡിഞ്ജൻ Hardinge.
ഹാരീസൻ Harris.
ഹാല്ലുവലൻ Holwell.
ഹേന്ദ്രി Henry.
ഹേവലാകൻ Havelock.
ഹോല്ക്കരൻ, ഹോല്ക്കർ Holkar.

K. C. KESAVA PILLAI
PARAVOOR.
QUILON.

ശ്രീ.

ആങ്ങ്ലസാമ്രാജ്യം.

ഒന്നാം സർഗ്ഗം.

ചൊല്ലാൻനല്ലമതലാന്തികവാരിരാശി-
ക്കുള്ളിൽ തിളങ്ങിടുമൊരാങ്ങ്ലമായ രാജ്യേ
തിംസാനദീതടമതിൽ ധരണിക്കു തൊട്ടു
പൊട്ടായ ലണ്ഡനപുരം വിലസുന്നു പാരം. (൧)

നാനാവിധം വിലസിടും ബഹുശില്പശാലാ-
ജാലങ്ങളുക്കുഴൽവഴിക്കു പുറപ്പെടീക്കും
ധൂമങ്ങൾ കൊണ്ടിഹ ശരൽസമയത്തുമഭ്രം
ശോഭിച്ചിടുന്നു ചെറുകൊണ്ടൽ നിരന്നവണ്ണം. (൨)

നാനാമനോജ്ഞവിഭവങ്ങളിണങ്ങിയിങ്ങു
ബക്ഖിംഗമെന്നു പുകൾ പൊങ്ങിന നാമമോടേ
ആങ്ഗ്ളേയഭൂപതികൾതൻകുലരാജധാനി
വാനിൽ സുരേന്ദ്രപുരി പോലെ വിളങ്ങിടുന്നു. (൩)

സാമാന്യരും പ്രഭുജനങ്ങളുമായ് സഹസ്രം
സാമാജികപ്രവരരുള്ളൊരു പാർലമെന്റാം
സംഘത്തിനുണ്ടു വിലസുന്നിഹ തുംഗഭാവം
തങ്ങുന്ന രണ്ടു നിലയായ് വിഭജിച്ച ഗേഹം. (൪)

താഴെ സ്ഥലം നിറകയാലിഹ മേല്ക്കുമേലായ്
വീണ്ടും ചമച്ച പല തട്ടുകൾ കൊണ്ടു നിത്യം
വർദ്ധിച്ച വാസപദമാൻ യഥാർത്ഥമായി
വാനത്തുരുമ്മി വിലസുന്നു ഗൃഹങ്ങളെല്ലാം. (൫)

ചാലേ ജലംവഴിയുരുക്കളിലേറിയും, മേൽ
പാലങ്ങളുടെയുമഹോ!, പുനരത്ര കീഴിൽ
ചേലൊത്തു ചേർത്തൊരു തുരങ്കമതിൻവഴിക്കും
മാലോകരെന്നുമിഹ തിംസ കടന്നിടുന്നു. (൩)

പൂവല്ലി ചുററിയ വിധം വിലസുന്ന സൂത്ര-
ജാലങ്ങൾ പാമരസമൂഹമിവററിനാലേ
ചേൎത്തുററ കപ്പലുകൾ തിംസയതിന്റെ മധ്യ-
സ്ഥാനത്തിലത്ഭുതവനപ്രഭ ചാൎത്തിടുന്നു. (൪)

ആൾ തിങ്ങിടും തെരുവുകൾക്കടിയിൽ തുരന്ന
മാൎഗ്ഗങ്ങളുടെയിവിടെപ്പുകവണ്ടിജാലം
വീട്ടിൻെറയോവുകളിൽ മൂഷികരെന്നപോലെ
വാട്ടം വെടിഞ്ഞതനിശമങ്ങനെ മണ്ടിടുന്നു. (൫)

തീ തിന്നു ധൂമനികരത്തെ വമിച്ചുകൊണ്ടു
വേതാളർ പോലെയിവിടെപ്പല യന്ത്രവൃന്ദം
ആശ്ചൎയ്യമേകുമതിദുഷ്കരമായ ശില്പ-
ജാലങ്ങളെത്ര ലഘുവായി നടത്തിടുന്നു!. (൬)

അഞ്ഞൂറുമായിരവുമൻപതുമെട്ടുമാണ്ട
ക്രിസ്ത്വബ്ദമായ സമയം മുതൽ മാന്യകീൎത്ത്യാ
ഈടാൎന്നിടും മഹിമയുള്ളൊരെലീസബെത്താ-
യീടുന്ന രാജ്ഞി ചിരമത്ര ഭരിച്ചു രാജ്യം. (൭)

ശ്രീമത്തുദാരകുലസംഭവയായുദാര-
ശ്രീ മെത്തിടുന്നൊരവളന്നൊരു ഭൂപതിക്കും
ദാരങ്ങളായമരുവാനരുതാതെ രാജ്യ-
ശ്രീയോടു ചേൎന്നു സുഖമായി രമിച്ചു നിത്യം- (൮)

എന്നാലുമങ്ങരുളിടുന്ന കരം ഗ്രഹിച്ച-
ത്തന്വംഗിമാർമണിയുപദ്രവമുള്ളതെല്ലാം
നന്നായ് ശ്രമിച്ചു വഴിപോലെയകററിയേറി-
ടുന്നൊരു തൻപ്രജകളെബ്ബത! രക്ഷചെയ്താൾ. (൯)

ചാപല്യമാൎന്ന കപിപോതസമാനമെത്തും
സ്നേയിൻനൃപൻെറ രണപോതഗണങ്ങളെല്ലാം
തൻനാവികപ്പടകളാലവരം മൺകടങ്ങരം-
ക്കൊപ്പം കരുത്തൊടു തകൎത്തിതു ഹന്ത! കാമം. (൧൩)

ശ്രേഷ്ഠതപമോടതിയശസ്വിനിയായിടുന്ന-
സ്കാട്ലൻഡുരാജ്യമതിനീശ്വരിയായ മേരി
പേരാൎന്നിടുന്നൊരവരംതൻപദമാഗ്രഹിച്ചു
കാരാഗൃഹത്തിനതിഥിത്വമിയന്നിതന്നാരം. (൧൪)

രാജ്യം നിറഞ്ഞതിർ കവിഞ്ഞു ജനങ്ങളന്നു
രാജ്യാന്തരത്തിലണയുന്നതു കണ്ടു മോദാൽ
പ്രാജ്യപ്രതാപമതിദൂരഗദേശജാലേ
രാജ്യാധികാരമണവാനവരം ദൃഷ്ടി വെച്ചു. (൧൫)

ചേണാൎന്ന ഭാരതമഹാധരണീതലത്തിൽ
വാണിജ്യവൃത്തി വഴിപോലെ നടത്തുവാനായ്
കാമിച്ചു കൈതുകമെഴും ജനസംഘമേകം
യാചിച്ചു വന്നവളൊടന്നധികാരപത്രം. (൧൬)

ഒന്നിച്ചു ചേൎന്നണയുമായവർതൻസ്രമത്തിൽ
നന്ദിച്ചു താനനുവദിച്ചവളായവൎക്കായ്
പൈതൃസ്ത്രീഭാരതവണിഗ്ജനസംഘമെന്ന
പേരോടു നൽകി വിധിപോലധികാരപത്രം. (൧൭)

പാരം വിദൂരമതിലുള്ള കിഴക്കുദിക്കിൽ
നേരേയുദിച്ചു വിലസുന്നതിനായ്ത്തുടങ്ങും
ആങ്ഗ്ളപ്രതാപമിഹിരന്നവളേവമന്ന
കല്പിച്ചൊരാജ്ഞയരുണോദയമായ് ഭവിച്ചു. (൧൮)

മോദിച്ചനുജ്ഞയവരിങ്ങനെ വാങ്ങിയേററം
യോജിച്ചു തീൎത്തുടനുടമ്പടിയന്നു തമ്മിൽ
വേഗാൽ പവൻ പരിചിൽ മുപ്പതിനായിരം ചേ-
ൎത്തുണ്ടാക്കിയോഹരികരം കൊണ്ടഥ മൂലധനം. (൧൯)

കൃത്യങ്ങളൊക്കെ വഴിപോൽ നിയമിച്ചുറച്ചു
തൽഭാരവാഹികളെയും പുനരേപ്പെടുത്തി
സംഘത്തിലുള്ള ചിലരെസ്സകലാധികാര-
കാര്യം വഹിച്ചിടുവതിന്നവർ നിശ്ചയിച്ചു. (൨൦)

നേതാക്കളാകുമിവരന്നു കരാറു പോലെ
കൈവന്നുചേർന്നൊരധികാരമിതാദരിച്ചു
ആലോചനയ്ക്കൊരു സദസ്സുമുടൻ സ്വദേശേ
സ്ഥാപിച്ചു കൃത്യമഖിലം നിയമിച്ചു മോദാൽ. (൨൧)

ഇന്നേതൃവീരരുടനിൻഡ്യയിലും സ്വകീയ-
വൃന്ദം ഭരിപ്പതിനൊരുത്തനെ നിശ്ചയിച്ചു;
അന്നായകൻ ഗവർണരെന്നൊരു നാമമോടേ
നന്നായ് വഹിച്ചു ബഹുനീതി കലർന്ന സംഘം. (൨൨)

അന്നീവിധം നിയമമൊക്കെയുമേപ്പെടുത്തി-
പ്പിന്നീടു കച്ചവടമിച്ഛയിൽ നിർവ്വഹിപ്പാൻ
ചിന്നാം രസത്തൊടവർ ദില്ലിവരൻ ജിഹാംഗീർ-
തന്നോടു ദൂതമുഖമായ് നിറവേറി സഖ്യം. (൨൩)

വീണ്ടും സമസ്തമവർ നോക്കിയൊരുക്കി വിററി-
ടേണ്ടും പദാർത്ഥനിര കെട്ടിയുടൻ കയററി
വേണ്ടുന്ന കപ്പലുകളിൽ ശുഭമാം മുഹൂർത്തം
കണ്ടിട്ടുമന്ദമൊരു ക്രൂട്ടരെ യാത്രയാക്കി. (൨൪)

കൌതൂഹലം കലരുമായവർ കോമളശ്രീ
കോലുന്ന ഭാരതമനോജ്ഞതടത്തിലേയ്ക്കായ്
ഗാമാ തുടങ്ങിയൊരു പൂർത്തഗളീയരാദ്യം
കണ്ടുള്ള മാർഗ്ഗമതിലൂടെയുടൻ തിരിച്ചു. (൨൫)

എങ്ങാണു പാർക്കിൽ മുഗളീശർ ഭരിക്കുമിൻഡ്യ ?-
യെങ്ങാംഗലത്തിൽ മരുവുന്ന വണിക്സമൂഹം ?
മങ്ങാതഹോ ! മഹിതകൃത്യമതിൽന്നുനിന്ന
തുംഗാശയക്കു കുഴിയാഞ്ഞൊരു കാര്യമുണ്ടോ ? (൨൬)

നിസ്സാരവസ്തുവുമണഞ്ഞൊരുമിച്ചു ചേൎന്നാൽ
നൽസാരമാം ഫലമൊടുക്കമുദിക്കുമെന്നായ്
ലോകൎക്കു തൻക്രിയകൾ കൊണ്ടുപദേശമൊന്നു
നൽകാൻ രചിച്ചു വിധി സംഘമിതെന്നു മന്യേ. (൨൭)

അല്ലെങ്കിലോൎക്കിലിഹ പൂൎത്തഗളീയർ പിന്നെ-
ച്ചൊല്ലാൻ ഡച്ചുജനപാളി പരാങ്കിവൃന്ദം
ഇത്യാദി സാഹസികരായവർ വന്നു പണ്ടേ
വാണുള്ളൊരിൻഡ്യയിവരെങ്ങനെയാക്രമിപ്പൂ ?. (൨൮)

ഉറ്റററം കലൎന്നരിയ പായ്കളിൽ വന്നടിക്കും
കാററിങ്കലോടുമവർ വിട്ടൊരു കപ്പൽവൃന്ദം
നീററിൽ ചരിച്ചു, ചിറകങ്ങനെ വീശി വാനി-
ലേററം ജവത്തൊടു ഖഗാവലിയെന്നപോലെ. (൨൯)

വൻപാൎന്ന കപ്പലുകൾ, തീരമതിങ്കൽ നിന്നു
പിൻപേ വരുന്ന നിജനായകദൃഷ്ടികൾക്കു്,
മുൻപേ മറച്ചുടികൾ, പിന്നിട, പിന്നെ മന്ദാ
വൻപാമരങ്ങളുമിവണ്ണമഹോ ! മറഞ്ഞു. (൩൦)

ദിക്കിങ്കലൊക്കെ വഴിപോലെ പരന്നു, മേറെ-
യുക്കുള്ള ഘോരപവനന്നധിവാസമായും,
ഉൾക്കാമ്പിലുൽക്കടഭയത്തെ വളൎത്തിടുന്ന
ചൊൽക്കൊണ്ട ജന്തുനിവഹങ്ങൾ വസിപ്പതായും, (൩൧)

ആഴം പെരുത്തു ചിലെടത്തു കുഴിത്തു, മെന്ന-
ല്ലാഴം കുറഞ്ഞു ചിലെടത്തു നികന്നുമേററം,
ധൂമങ്ങൾ പന്തലുകൾ പോൽ ചിലെടത്തു ചേൎന്നും,
ഭീമാതപങ്ങൾ ചിലെടത്തു ജലം നകൎന്നും, (൩൨)

ഒട്ടേറെ വാനിലുയരുന്ന മഹാതരംഗ-
ക്കൂട്ടങ്ങളായ ശിഖരങ്ങളൊരേടമാൎന്നും,
വട്ടം ചുഴന്നു വഴിയും വലുതായ വെള്ള-
ക്കെട്ടിങ്കൽ വൻചുഴികൾ മറെറാരിടത്തു ചേൎന്നും, (൩൩)

പാരിച്ച കപ്പലിലൊളിച്ചു ചരിച്ചു യാത്ര-
ക്കാരെച്ചതിക്കുമൊരു ഘോരഗണം കലന്നും,
പാരം തുരുത്തുകളൊടും വിലസും സമുദ്ര-
മോരോന്നുമന്നവരമന്ദരസം കടന്നു. (കലാപകം) (൯൪)

പണ്ടേയനന്യസമയെന്നു പുകഴ്ന്നു കേട്ടി-
ട്ടുണ്ടായിരുന്ന വലുതാകിയ ഭാരതശ്രീ
കണ്ടിടുവാൻ കൊതി കലന്നവർ മാർഗ്ഗമധ്യ-
ത്തുണ്ടായ ഖേദമണുവോളമറിഞ്ഞതില്ല. (൯൫)

ഒട്ടേറെ മാസമവരിങ്ങനെ യാത്ര ചെയ്തു-
ന്നൊട്ടേറെ യോജനശതങ്ങൾ കഴിഞ്ഞിടുമ്പോൾ
പുഷ്ടാഭമായ വരഭാരതഖണ്ഡതീരം
ദൃഷ്ടിക്കു നല്ലമൃതമെന്നതു പോലെ കണ്ടാർ. (൯൬)

കംബാഖ്യമാം ജലധിശാഖയണഞ്ഞു പിന്നെ-
ത്തപ്തീനദീതടമതിൽത്തരമോടിറങ്ങി
ചേണുററ കീർത്തി വിലസും വിഭവം കലന്ന
സൂററിലെത്തി വഴിപോലവർ വിശ്രമിച്ചു. (൯൭)

വാണേവമന്നവർ തുലുഷ്കവരൻകൽനിന്നു,
വാണിജ്യശാലയഥ മൂന്നു രചിക്കുവാനായ്
ക്ഷോണീതലം ബത! ലഭിച്ചിതു, പണ്ടു ദൈത്യ-
ശ്രേണീശനേകിയൊരു മൂന്നടി വാമനൻ പോൽ. (൯൮)

പേർ പെററ നല്ല ഗുജറാത്തിലഹമ്മദാബാത്,
സൂററും, കാംബെയിവയാം നഗരങ്ങൾ മൂന്നിൽ
കേടററ വേലയിൽ വിദഗ്ദ്ധതയാന്ന സംഘ-
ക്കാരുററു കച്ചവടശാലകളുന്നു തീർത്തു. (൯൯)

ഇങ്ങുള്ള വസ്തുവവിടത്തിലുമപ്രകാര-
മങ്ങുള്ള വസ്തുവിവിടത്തിലുമാക്കി നിത്യം
ഇംഗാഭശില്പവുമനല്പമഹോ! രചിച്ചു
മങ്ങാതെ കച്ചവടമായവർ നിർവ്വഹിച്ചു. (൧൦൦)

മുൻപേ കടന്നിവിടെയെത്തി വസിച്ചിരുന്ന
യൂറോപ്യരാം പരവണിഗ്വിസരം തദാനീം
തൽക്കാലമെത്തിയൊരിവർക്കുമ്പവാം ജയത്തിൽ
വിദ്വേഷമീർഷ്യയസഹിഷ്ണുതയും വഹിച്ചു. (൪൫)

ഇൻഡ്യയ്ക്കു തങ്ങളിഹ കണ്ടുപിടിച്ചോരേക-
മാർഗ്ഗത്തിലന്യജനമെത്തരുതെന്ന ബുദ്ധ്യാ
തത്രാംഗ്ലേയരുടെ യാത്ര തടുപ്പതിന്നാ-
യുദ്യുക്തരായ് തദനു പൂർത്തഗളീയരെല്ലാം. (൪൬)

അംഭോധിയുദ്ധനിപുണത്വമനല്പമുള്ളോ-
രാംഗ്ലേയരോടവരെതിർത്തു മടുത്തു പിന്നെ
ഇൻഡ്യാനിവാസികളൊടേഷണി ചൊല്ലിയുള്ളി-
ലുണ്ടായ വൈരമൊരു മാതിരി തീർത്തുവെച്ചു. (൪൭)

കള്ളത്തിൽ നൈപുണമെഴുന്നൊരു ഡച്ചുകാര-
ന്നുള്ളത്തിൽ വൈരമതു വെച്ചിവരോടു സഖ്യം
കൊള്ളിച്ചുടൻ പഴുതു നോക്കിയിവർക്കു ചിത്തം
പൊള്ളിച്ചു നഷ്ടവുമനർത്ഥവുമേകിയേററം. (൪൮)

എന്നല്ലിവർക്കുദിതമാം വിഭവത്തിലീർഷ്യ-
യന്നാൾ വഹിച്ചിതിവരിൽ ചില കൂട്ടർ പോലും;
അന്നന്നു വാണിജസമൂഹമിഹാംഗലത്തിൽ
നിന്നും നവംനവമതായഥ വന്നുവല്ലോ. (൪൯)

വന്നോരു കൂട്ടർ ചതറിച്ചിതറീട്ടു പൂർവ-
വൃന്ദത്തിലെത്തി വഴിപോലൊടുവിൽ കലന്നു
മേനല്ക്കു വററിയ നദീശകലങ്ങൾ വർഷാ-
കാലത്തിൽ വീണ്ടുമൊരുമിച്ചണയുന്നപോലെ. (൫൦)

ഒരംവർണ്ണമിങ്ങുപരസിന്ധുതടത്തിലെത്തി-
ക്കൈവന്ന മെച്ചമൊടു കച്ചവടം നടത്തി
സ്വൈരം വസിച്ചിടുമവർക്കു ചിരേണ പിന്നെ-
സ്സ്വൂററു തന്നെയൊരു മുഖ്യനിവേശമായി (൫൧)

പിന്നീടൊരിക്കലഥ പൃത്ത്ഗളാധിനാഥൻ
നന്ദിച്ചു തൻമകളെയാംഗ്ലനായകന്നായ്
കന്യാധനത്വമൊടു ബാംബയതെന്നു കീൎത്തി
ചിന്നും തുരുത്തുമതിഹാൎദ്ദമിയന്നു നൽകി. (൪൭)

സംവത്സരത്തിനായിഹ കനിഞ്ഞു സമുദ്രയാത്രാ-
സൈന്യകയ്യുദം പുരമിദം ധരണീശനേകി;
തൻകൈയിലെത്തിയൊരതിന്നഭിവൃദ്ധിയും തൽ-
സംഘം തെളിഞ്ഞനുപദം വഴിപോലെ ചേൎത്തു. (൪൮)

പൊന്നുരസ്സ്ത്രീതീരമതിലും ചില താവളങ്ങൾ
പാരം ധനം വില കൊടുത്തവരന്നു വാങ്ങി;
ചൊൽക്കൊണ്ട ചന്ദ്രഗിരിനായകനേകിയോരു
മദ്രാസു തന്നെയവയിൽ ബഹുമുഖ്യമായി. (൪൯)

പ്രാകാരപങ്ക്തിപരിഖാദികൾ കൊണ്ടു നന്നായ്
പാലിച്ചുപോരുമൊരു മദ്രപുരത്തിലന്നാൾ
ചേണാൎന്ന ചേൎന്ന വിഭവാവലി കണ്ടു നവ്യ-
ശ്രേണീനിവാസികൾ പരാങ്കികൾ ശങ്കയാൎന്നു. (൫൦)

അപ്പോൾ പരാങ്കികളിൽ മത്സരമാൎന്ന സംഘം
കെല്പോടു തൽപുരവരത്തിനടുത്തു തന്നെ
പെട്ടെന്നു തേഗനപുരത്തിൽ നവീനമായി-
ക്കെട്ടിച്ചു കോട്ടയഥ ദേവിദദ്ഗ്ദസംജ്ഞാം. (൫൧)

ചൊല്ലാൎന്ന ഭാരതമഹീപതി ഷാജിഹാന-
ത്യുല്ലാസശാലിയതുകാലമൊരാമയത്താൽ
നില്ലാതെയുള്ളൊരതിവേദന പൂണ്ടു പാരം
വല്ലാതെയായധികപീഡിതനായ് ചമഞ്ഞു. (൫൨)

വിഖ്യാതരായ പല വൈദ്യർ കൊടുത്ത നാനാ-
സിദ്ധൌഷധങ്ങൾ വിധിപോലഥ ചക്രവൎത്തി
ഉൾക്കൊണ്ടുവെങ്കിലുമിറക്കമൊരല്പവും താൻ
കൈക്കൊണ്ടതില്ലതികഠോരതയാൎന്ന രോഗം. (൫൩)

ആന്നാളൊരിക്കലൊരു കാര്യവശേന ഭാഗ്യാൽ
ചെന്നങ്ങു ദില്ലിയിലൊരാംഗലവൈദ്യമൌലി
നന്നായ വീര്യമിയലുന്ന മരുന്നു നൽകി
മന്നൻെറ ഖിന്നതകളൊന്നൊഴിയാതെ തീർത്തു. (൧൪)

സ്വന്തം ഭിഷക്കിനുടെയൌഷധമേറ്റു പാരം
സ്വാന്തം തെളിഞ്ഞ മുഗൾഭൂമിവരൻകൽ നിന്നും
സമ്മാനമായധിഗമിച്ചിതു ഹുഗ്ലിതീര-
സീമന്തമായ ധരണീതലമന്നു സംഘം. (൧൫)

അക്കാലമൻപിലൊരു കച്ചവടസ്ഥലം ത-
ദ്ദിക്കിങ്കലും നലമൊടായവരാശ്രു തീർത്തു;
ചിക്കെന്നിറക്കമതികേറുമതിച്ചരക്കും
കൈക്കൊണ്ടു കപ്പലുകളും ബഹു സഞ്ചരിച്ചു. (൧൬)

ആംഗ്ലേയവീരരൊടു, നീതിവിദഗ്ദ്ധഭാവം
ധാരാളമാൻ മരുവീടിന വംഗരന്നാൾ
ഭാവിച്ചതില്ല ഹിതമായനുകൂലഭാവം,
മുൻകണ്ട ഗുജ്ജരർതുടങ്ങിയ ലോകർപോലെ. (൧൭)

ഭൂരിപ്രതാപനിധിയാകിയ വങ്ഗനാഥൻ
വീരൻ നഭാവു നിജരാജ്യമതിങ്കലേവം,
ദില്ലീശസമ്മതിയിരിക്കിലു, മാംഗലേയർ
ചെയ്യുന്ന കച്ചവടമന്നു സഹിച്ചതില്ല. (൧൮)

ദുഷ്ടൻ സുതൻ തദനു ഭൂപതി ഷാജിഹാനെ-
ക്കഷ്ടം! മയൂരവരപീഠതടത്തിൽ നിന്നും
കാരാഗൃഹത്തിലണയിച്ചളവേ നഭാവും
ചേരാന്ന സംഘമതിനേകിയുപദ്രവങ്ങൾ. (൧൯)

നന്നായ മുൻകരുതലുള്ളവരെങ്കിലും താ-
ന്നൊന്നാമതാകിയ വിപത്തിതിലാങ്ഗലന്മാർ
നീതിക്കു വേണ്ട വഴി വിട്ടു നടന്നിതന്നാ;-
ളാനയ്ക്കുമോക്കിലടി തെററുമഹോ! ചിലപ്പോൾ. (൨൦)

ത്രുക്ഷതപമേറിന നഭാവഥ ചെയ്തിടുന്നോ-
രാക്ഷേപമോത്ത്ധികമാനികളാംഗലന്മാർ
പ്രേക്ഷാവദഗ്രണികൾ വംഗരൊടങ്ങു ചോരിൽ
സാക്ഷാലെതിർപ്പതിനു തന്നെ തുനിഞ്ഞുവല്ലോ. (൯൨)

കത്തിത്തിളയ്ക്കുമൊരു തൈലമതിങ്കൽ വെള്ളം
വീഴുന്നപോലെയിവർ കാട്ടിയ സാഹസിക്യം
ആത്യന്തനാശമുടനേയുളവാകുമാറു-
ള്ളാപത്തു വന്നണവതിന്നഥ ഹേതുവായി. (൯൩)

കൂട്ടാക്കിടാതെയിവർ ചെയ്തൊരു കൃത്യമേവം
കേട്ടിട്ടറംഗസിബെനൽക്കടുകോപമോടേ
കൂട്ടത്തൊടേയിവരെയാകവെ നാട്ടിൽ നിന്നു-
മാട്ടിക്കളഞ്ഞിടണമെന്നുടനാജ്ഞ നൽകി. (൯൪)

അപ്പോൾ തുലുഷ്കഗണമെത്തി നിവേശമെല്ലാ-
മൊപ്പം തകർത്തിടുവതങ്ങനെ കണ്ടു സംഘം
ആപ്പാരിയോരു കപിതന്നുടെ സങ്കടത്തി-
ലായ്യാരമാടൽ പിടിപെട്ടതിയായ് വലഞ്ഞു. (൯൫)

പിന്നീടു ചെന്നനുതപിച്ചവർ ഭൂപതീന്ദ്രൻ-
തന്നെ സ്തുതിച്ചഭയമേകണമെന്നുണർത്തി;
കുന്നിച്ച ഗർവ്വമഥ തീർന്നൊരിവർക്കു ഭൂപൻ
മുന്നേക്കണക്കു നിവസിപ്പതിനാജ്ഞ നൽകി. (൯൬)

പാടേയിളക്കിയഥ നട്ടതു കൊണ്ടിവണ്ണം
ചോടേ ദൃഢം പുനരുറച്ചവർ മേല്ക്കുമേലേ
ംരംടേറി വാച്ചു കളമങ്ങൾ കണക്കു വേഗാ-
ലിൻധ്യാജനങ്ങളിലതീവ ഫലങ്ങളേകി. (൯൭)

വൻകൌതുകം മനസി ഭാരതരാജ്യതന്ത്ര-
ത്തിങ്കൽ കലർന്നിടുകിലും, പുനരാംഗലന്മാർ
ശങ്കിച്ചു, തോക്കുകൾ തൊടാതെ ചരക്കു തന്നെ
ഹുങ്കും വെടിഞ്ഞു, പെരുമാറി നയിച്ചു കാലം. (൯൮)

എന്നാലുമാദ്യമുള്ളവായ പരാജയത്താൽ
ചിന്നുന്നൊരപ്രിയമകററുവതിന്നു വേണ്ടി
അക്ഷീണമായവർ കൊതിച്ചിതു ഭാവിരാജ്യ-
ലക്ഷ്മീസ്വയംബരനിമന്ത്രണയോഗ്യഭാവം. (൯)

തങ്ങൾക്കെഴുന്ന നിയമത്തിനിണങ്ങിടാത്തോ-
രിൻഡ്യാനരേന്ദ്രനിയമങ്ങളിലന്നു തെല്ലും
മധ്യസ്ഥഭാവമിഹ കൈവെടിയാതെ തന്നെ
നിത്യം മുതിന്ന വഴിപോലവർ ദൃഷ്ടിവെച്ചു. (൧൦)

ആംഗ്ലേയർ കച്ചവടമാന്തതിനാലെഴുന്നോ-
രാത്മീയദേശവിഭവങ്ങളെയോർത്തു മോദാൽ
അക്കാലമായവർ നടത്തിയ വൃത്തിയെല്ലാ-
മാകട്ടെയെന്നു നൃപർ കണ്ണുമടച്ചിരുന്നു. (൧൧)

സമ്പൽസമൃദ്ധികൾ കൊതിച്ചിഹ വന്ന നാനാ-
സംഘം ജയേച്ഛയൊടു മേവിടുമിൻഡ്യയിങ്കൽ
ദേശം പിടിച്ചു വശമാക്കുവതിന്നു തന്നെ-
യാശിച്ചു തക്കമവർ നോക്കി വസിച്ചു നിത്യം. (൧൨)

തൻനാടു വിററിടുവതിന്നൊരു ദേശനാഥ-
നന്നാഗ്രഹിച്ചതതികൌതുകമോടറിഞ്ഞു
മുന്നേ കൊതിച്ചു ലഭിയാതെയിരുന്നതായോ-
രന്നാടുമന്ദമവർ ചെന്നു വിലയ്ക്കു വാങ്ങി. (൧൩)

കല്ക്കട്ടയെന്നു പുകൾ പൊങ്ങിടുമസ്ഥലത്തിൽ
സ്ഥാപിച്ചു കോട്ടയുടനേയവർ വില്ല്യമാഖ്യം;
ചൊൽക്കൊള്ളുമിൻഡ്യയിലവക്കിയലും നിവേശ-
മൊക്കെയ്ക്കുമായതചിരാൽ ബഹുമുഖ്യമായി. (൧൪)

ഒരംവർണ്ണമംബുധിതടങ്ങളിലിങ്ങു ചുററു-
മാംഗ്ലേയർ തീർത്തൊരു പുരങ്ങൾ മനോഹരങ്ങൾ
സാമ്രാജ്യസൌധമതിനാദിയിലിട്ട ഭവ്യ-
സ്തംഭങ്ങൾ പോലെയതിഭംഗിയൊടേ വിളങ്ങി. (൧൫)

ശ്രീവാമനത്രിപദവൃത്തിയെയാത്രയിച്ചു,
കൈവന്ന കോണുകളിൽ വാണവരല്ലലല്ലം
ഭൂവിൻവിഭാഗമിഹ കൈവശമാക്കി മെല്ലെ-
ന്നാവോ! മഹാമഹിതമായ പദത്തിലെത്തി. (൧൯)

ഇത്യേവം ബഹുകാര്യസംഹതിയിലുള്ളാരംഭസംരംഭവും
പ്രത്യഗ്രവ്യവസായസാരനികരവ്യാപാരഭേദങ്ങളും
നിത്യം ചേൎന്നു പുണൎന്നിടുന്ന വിജയശ്രീയും കലൎന്നെത്രയും
സ്തുത്യന്മാരവരിൻഡ്യയിൽ ചിരതരം മോദിച്ചു മേവീടിനാർ.
(൧൨)

"ഇൻഡ്യാപ്രവേശം"
എന്ന
ഒന്നാം സൎഗ്ഗം
സമാപ്തം.

രണ്ടാം സൎഗ്ഗം.

വാണിജ്യത്തിന്നതികുതുകമോടേവമീയിൻഡ്യയിങ്കൽ
ചേണാൎന്നീടും വിരുതിയലുമിംഗ്ലീഷുകാർ വന്ന കാലം
മുൻപേ വന്നീടിന മുഗൾമഹീവല്ലഭന്മാരമന്ദം
വൻപേറീടും വിധമിഹ ധരാപാലരായ് വാണിരുന്നു. (൧)

പാലിച്ചോരോ പദവികൾ കലൎന്നന്നു വാണോരു ഭൂമീ-
പാലന്മാരാമിവരതിനു മുൻപന്യദേശത്തിൽ നിന്നും
ചാലേ വന്നുള്ളുപരധരണീനാഥനെ സ്ഥിതവീൎയ്യ-
ത്താലേ തോല്പിച്ചിവിടെ നൃപതിസ്ഥാനമാൎന്നോർകളത്രേ. (൨)

നന്നായ് ലോകസ്ഥിതിയറിയുവോരസ്ഥിരാ ലക്ഷ്മിയെന്നി-
ങ്ങൊന്നായ്ചൊല്ലുന്നൊരുമൊഴിപരം വാസ്തവം തന്നെ നൂനം;
എന്നാലേവംവിധമിഹ ജനം ചൊല്ലിടും ചൊല്ലിനോത്താ-
ലിന്നാടൊന്നായ് വിലസിന സമുൽകൃഷ്ടദൃഷ്ടാന്തമല്ലോ. (൩)

ഏഷ്യാഖണ്ഡത്തിനു നടുവിലായ് ഹിന്ദുക്രൂഷെന്നു പാരം
കീർത്തിപ്പെട്ടുള്ളൊരു ഗിരിവരൻതന്റെ പാർശ്വസ്ഥലത്തിൽ
ആര്യന്മാരെന്നൊരു വക ജനം പണ്ടു പോൽ പാർത്തിരുന്നെ-
ന്നാര്യന്മാരായവരൊരിതിഹാസത്തെയുണ്ടോതിടുന്നു. (൪)

പാരം തിങ്ങിജ്ജനജലധിയന്നാസ്ഥലത്തിങ്കൽ നിന്നും
തീരം പൊട്ടിച്ചിതറിയൊഴുകുംനേരമേതാനുമൂമ്മി
പേരാന്നീടും ഹിമശിഖരിതൻക്രൂടമധ്യത്തിലൂടെ-
ധാരാളം വന്നിഹ ധരണിയിൽ ഗാഹനംചെയ്തുവല്ലോ. (൫)

ആര്യന്മാരാമവരിഹ പുരാ പാർത്തിരുന്നോരു നീച-
ന്മാരാം രക്ഷസ്സുകളഥ പിശാചോൽക്കരം ക്ലേച്ഛരേവം
ആക്കം പൂണ്ടുള്ളരികളെ ഹഠാൽ ദൂരെയാക്കിസ്സുരസ്ര-
ത്യാഖ്യാതശ്രീനദിയുടെ തടേ പാർത്തു വർദ്ധിച്ചു മെന്മേൽ. (൬)

സ്വൈരം ബ്രഹ്മർഷികളരിയ ദേവർഷിരാജർഷിമാരെ-
ന്നോരോ പേരാന്നിഹ വിവിധമാം വേദവേദാംഗജാതം
നിർമ്മിച്ചുള്ളോരമലരവർ താനിന്നു വർണ്ണാശ്രമീയം
ധർമ്മം പൂണ്ടീടിന ജനമതിൻപൂർവരാം പൂരുഷന്മാർ. (൭)

ശ്രീമാൻധാതൃപ്രമുഖധരണീപാലർതൻരക്ഷയാൽനും
ശ്രീവാല്മീകിപ്രഭൃതികവിസംവർണ്ണിതൈശ്വര്യമോടും
നാനാശാസ്ത്രങ്ങളെയവികലം സൃഷ്ടിചെയ്തും വസിച്ചോ-
രാ മാന്യന്മാരുടെ ശുഭയശസ്സിപ്പൊഴും നിന്നിടുന്നു. (൮)

ഏററം ഭൂപാലകരഥ കുരുക്ഷേത്രയുദ്ധസ്ഥലത്തിൽ
തോററന്തം ചേർന്നളവിലപരാന്തപ്രദേശസ്ഥരാകും
ഉന്നതം കോലും ശകമുഖരെതിർത്തെങ്കിലും നന്ദനോളം
മാററം കൂടാതവരെ നൃപരാം ബാഹ്ലജന്മാർ ഭരിച്ചു. (൯)

നന്ദൻ വാഴുന്നളവിൽ മഹിതൻ മാസിഡോണ്യേശനാകും
മന്നൻ ധീരൻ യവനപതിയായോരലക്സാണ്ഡരേററം
നന്ദനുമച്ചെവ്വിജയരുചി പൂണ്ടിമ്മഹീമണ്ഡലം തൻ-
വൃന്ദത്തോടൊത്തധികബലവാനാക്കമോടാക്രമിച്ചു. (൧൦)

പോരിൽ പഷ്ട്യാവനിജയമൊടേ സിന്ധുവെസ്സന്തരിച്ചി-
ട്ടാരാൽ തക്ഷോപലപുരവരാഗ്രേസരന്മാർകളാകും
ഓരോ ഭൂമീപതികളെയെതിർത്തന്നിവൻ കീഴടക്കി-
സ്സൈപരം പ്രാപിച്ചിതു മഗധപര്യന്തമാഹന്ത! വീരൻ. (൧൧)

സന്തോഷം വിട്ടഥ വിമുഖരായ്ത്തീർന്ന സൈന്യത്തെ വീക്ഷി-
ച്ചന്തസ്ഥാപാൽ, നരപതി ധനം സർവ്വം കൈക്കലാക്കി
സ്വന്തം രാജ്യത്തിനു ബത! മടങ്ങുന്ന മാർഗ്ഗത്തിൽവെച്ചി-
ട്ടന്തം പ്രാപിച്ചിതു വിധിവശാൽ വന്ന രോഗാനിമിത്തം. (൧൨)

നന്ദാഖ്യൻതന്നുടെയൊരസവർണ്ണാത്മജൻ ചന്ദ്രഗുപ്തൻ,
ചാണക്യൻ ചെയ്തൊരു സഖിതയാൽ, ക്ഷത്രിയഭ്രാതൃവർഗ്ഗം
ഒന്നോടേ വെന്നഥ, യവനഭൂപാക്രമാലോലമായി-
ത്തീർന്നുള്ളോരിക്ഷിതിതലമുടൻ കൈവശത്തിൽ പെടുത്തി.
(൧൩)

ചാണക്യൻതന്നുടെ ചതികളാലേവമേകാതപത്ര-
സ്ഥാനം കൈക്കൊണ്ടതിമഹിതനായ് നന്ദജൻ വാണിടുന്നാൾ
സേല്യൂകാഖ്യൻ യവനകുലക്സാണ്ഡർതൻസൈന്യപാളീ-
പാലൻ നേരിട്ടിഹധരണിയെക്കൈക്കലാക്കാൻതുനിഞ്ഞു. (൧൪)

വന്നിങ്ങേറേറാരളവിലുടനേ തോററു തൻഗർവ്വമെല്ലാം
തീർന്നസ്സൈന്യാധിപമണിയിണങ്ങീടുവാനാഗ്രഹിച്ചു
കന്യാദാനപ്രമുദിതമനസ്സായിടും മൌര്യഭൂമീ-
ചന്ദ്രൻ നൽകും ബഹുമതിയൊടേ പിന്നെ മോദിച്ചു വാണു.
(൧൫)

പിന്നിട്ടുവീതലമിദമശോകാഹ്വയൻ ഗുപ്തപൌത്രൻ
ചിന്തും കൌതൂഹലമൊടു പിതാവിങ്കൽ നിന്നും ഗ്രഹിച്ചു;
ഗരംഷ്ട്രാവേശാൽ ദ്വിജരഖിലരും നിന്ദചെയ്യുന്നതായു-
ള്ളോരബ്ബൌദ്ധം മതവുമുടനേ ബുദ്ധിമാൻ സ്വീകരിച്ചു. (൧൬)

നാനാദേശങ്ങളിലുമുപദേശിപ്പതിന്നാളയച്ചും
നാനാസംഘങ്ങളിലിഹ ഗുണശ്രേണി വാഴ്ത്തി സ്തുതിച്ചും
താനാനന്ദത്തൊടു ബഹുശിലാശാസനൌഘം രചിച്ചും
മാനാധിക്യാൽ സുഗതമതമമ്മാനവേന്ദ്രൻ പരത്തി. (൧൭)

ഇദ്ധന്മാരായ് പുനരലമശോകാനുഗോവീശസാഹ്യാൽ
ബൌദ്ധവേഷം ധരണിസുരരിൽ ചേർത്തു സർവ്വത്ര വാഴും
ബൌദ്ധന്മാരാമവരെയഖിലം ഹന്ത! ബോധിച്ചു പാരാ-
ത്തൌദ്ധത്യം പൂണ്ടമിതസുമഹാവിക്രമൻ വിക്രമാർക്കൻ. (൧൮)

ശ്രീകണ്ഠാംശപ്രഭവനമലൻ ശങ്കരാചാര്യർ പിന്നെ
ശ്രീകൌമാരാംശജനഥ കുമാരാഖ്യനാം ഭട്ടനേവം
ഖണ്ഡോബാഖ്യപ്രഭൃതികൾ ബുധന്മാരുമേറെ പ്രഭാവാൽ
ഖണ്ഡിച്ചാരന്നിഹ സഭകളിൽ സൌഗതന്മാരെ വാദേ. (൧൯)

ക്ഷത്രന്മാരെപ്പരശുധരനാം ഭാർഗ്ഗവൻ താനണഞ്ഞി-
ട്ടത്ര ദ്വേഷത്തൊടു ബത! ഹനിച്ചീടവേ നാടുതോറും
ശുദ്ധം വർണ്ണാശ്രമമഥ ഭരിച്ചീടുവാനഗ്നികുണ്ഡാൽ
പ്രത്യഗ്രന്മാർ നരപതികളുണ്ടായി പോലെന്നു കേൾപ്പൂ. (൨൦)

ഉണ്ടായേവം, ദഹനകുലരെന്നാഖ്യയീ നാലു പേരും
പൂണ്ടാമോദാൽ പല പല കുലം സ്ഥാപനംചെയ്തു; പിന്നെ
ഉണ്ടായുള്ളോരിവരുടെയപത്യങ്ങളാം ക്ഷത്രിയന്മാർ
കൊണ്ടാടേണ്ടും മഹിമ കലരും രാജപുത്രാഖ്യരല്ലോ. (൨൧)

നാനാബൌദ്ധപ്രകരമുടനേ വിക്രമാർക്കാദ്യരാകും
മാനാധിക്യം കലരുമിവരാൽ കൂടുമൾപ്പീഡയാലേ
ന്യൂനാവസ്ഥാപരവശതയാന്നു പേടിച്ചു മണ്ടി-
ച്ചീനാരാജ്യങ്ങളെയൊരഭയസ്ഥാനമായാശ്രയിച്ചു. (൨൨)

സ്വദ്ധാലുത്വത്തൊടു മരുവിടും ബൌദ്ധർതന്നുദ്ധതത്വം
ശ്രദ്ധാപൂർവ്വം സപദി നിരസിച്ചിദ്ധമോദം സ്വകീയം
ശുദ്ധാചാരം ശ്രുതിവിരചിതം രാജപുത്രാഹ്വയന്മാർ
സിദ്ധാന്തിച്ചങ്ങനെ ചിരതരം രാജ്യഭാരം വഹിച്ചു. (൨൩)

ഭൂമീപാലപ്രഥമതയുടൻ കാന്യകുബ്ജാഖ്യമാകം
ഭൂമിക്കീശൻ വടിവൊടു വടക്കിൻഡ്യയിങ്കൽ ധരിച്ചു;
സാമന്തോർവ്വീപതികൾ മഗധം മാളവം ഗുജ്ജരാദ്യം
ഭൂമിഭാഗങ്ങളെയുമധികം നീതിപൂർവ്വം ഭരിച്ചു. (൨൪)

തെക്കേയിൻഡ്യാധരണിയതുപോൽ കേരളൻ ചോളനും പി-
ന്നുക്കേറീടും നരപരിവൃഢൻ പാണ്ഡ്യനാഥൻ ത്രിലിംഗൻ
ഇക്കോമന്മാരുടെ ഭരണമാൻമല്ലസൽകീർത്തിപൂരം
പുക്കേതാനും സമകൾ മുഴുവൻ പൂർണ്ണശോഭം വിളങ്ങി. (൨൫)

ഇത്ഥം വാഴുന്നളവിലപരാംഭോധിതൻതീരദേശ-
ത്തുത്തുംഗാഭം വിലസിടുമറേബ്യാഖ്യമാം ഭൂതലത്തിൽ
ക്രൂസ്തീയാബ്ദം പുനരെഴുപതോടൊത്തൊരഞ്ഞൂറിലുണ്ടായ്
മർത്ത്യശ്രേഷ്ഠൻ മഹിതനൊരുവൻ മമ്മതെന്നാഖ്യയോടേ. (൨൬)

ജന്മത്താലേ ജനകവദനം ഹന്ത! കാണാതെയും താൻ
തന്മാതാവിൻമൃതി ശിശുതയിൽ ശോകപൂർവ്വം സഹിച്ചും
ചെമ്മേ പിന്നെ പ്രിയസഹജനാൽ പോഷിതൻ യൌവനാരം-
ഭോന്മേഷം കൊണ്ടൊരു വിധവയാം പ്രഭയെപ്പാട്ടിലാക്കി. (൨൭)

ഒന്നിച്ചൻപാൻവളൊടു രമിച്ചീടവേ പാരിടത്തിൽ
കുന്നിച്ചീടും ദുരിതനികരം കണ്ടു കാരുണ്യമാണ്ടു,
നന്ദിച്ചീശൻ സ്വപനദശയിൽ ചൊന്നതായ് തോന്നിയന്നാൾ
തന്നിച്ഛയ്ക്കൊത്തൊരു മതമവൻ പുത്തനായ് സൃഷ്ടിചെയ്തു. (൨൮)

ഇത്ഥം മാഹാമദമഥ മതം പാരിലിസ്ലാമഭിഖ്യാ-
യുക്തം ഭൂരിപ്രഥയൊടു പരം ചിന്നി വേഗാൽ;
ചിക്കെന്നേതന്മതഗതർ തുലുഷ്കപ്രദേശപ്രചാരാ-
ധിക്യത്താലേ പുനരിഹ തുലുഷ്കാഖ്യരായ്ത്തീർന്നുവല്ലോ. (൨൯)

ചുററും ചേരും മഹികളഥ മാഹാമദക്ഷോണിപന്മാർ
തെററെന്നോരോന്നവിടവിടെയായ് മുററുമങ്ങാക്രമിച്ചു
യൂറോപ്പാകും ധരണിയിലെഴും ഗാളിയാംശങ്ങളാന്നി-
ട്ടേറും മോടാൽ സ്ഥിതി പുനരുറപ്പിച്ചു ഹിസ്പാനിയാവിൽ. (൩൦)

ഇജ്ജന്മത്തിൻഫലമിഹ മതസ്ഥാപനം തന്നെയേവം
യോജിച്ചെല്ലാടവുമതുളമക്രൂരഭൂപാലകന്മാർ
ംരംജിപ്പാകും ധരണിയുമുടൻ പർഷ്യയും കൈവശം ചേ-
ത്താജിപ്രേമപ്രമദസഹിതം സിന്ധുവും കൈക്കലാക്കി. (൯൫)

വീരന്മാരാമവരിലൊരുവൻ ഭൂരിതോർവീര്യശാലീ
ധീരന്മാർതൻമുടിമണി സഭക്താജി സക്താജിശീലൻ
സൈന്യം നേരിട്ടമിതബലമോടഖ്ഗനസ്ഥാനഭൂവിൽ
ചേരും ഘസ്നീപുരമഥ ജയിച്ചാൻ ദേശാധിപത്യം. (൯൬)

ദില്ലീപാലപ്രമുഖസഖനായുള്ള ലാഹൂരനാഥൻ
ചൊല്ലാൻനീടും നൃപതിജയപാലാഖ്യനെപ്പോരിൽ വെന്നു
മെല്ലേയിൻഡ്യാമഹിയിലിവിടെസ്സിന്ധുതീരംവരെയ്ക്കും
കില്ലേശാതജ്ജിതമതി സഭക്താജി വന്നാക്രമിച്ചു. (൯൭)

പുഷ്ടശ്രീയാൻവനടെ സുതൻ വീര്യവാൻ മാമുദാഖ്യൻ
ക്ലിഷ്ടത്വം വിട്ടഥ നരപതിസ്ഥാനസംപ്രാപ്തനായി;
ഒട്ടും ക്രൂസാതവനതിധനപ്രേപ്സയാൽ സാഹസം പൂ-
ണ്ടെട്ടും നാലും തവണ ബലമോടിൻഡ്യയിങ്ങാക്രമിച്ചു. (൯൮)

ഒന്നാമത്തെത്തവണയിലെഴും യാത്രയന്നായിരത്തോ-
ടൊന്നായീടും സമയതിലവൻ നിർഭയം നിർവ്വഹിച്ചു;
അന്നാ വീരൻ നൃപതി ജയപാലാഹ്വയൻ മാനഭംഗം
വന്നാതങ്കത്തൊടു ചിത ചമച്ചായതിൻ ചെന്നു ചാടി. (൯൯)

വേണ്ടുംപോൽ വന്നൊരു കുറി നരന്നുള്ള രക്തം കുടിച്ചാൽ
വീണ്ടും ഗ്രാമങ്ങളിലനുപദം വ്യാഘ്രമെത്തുന്ന പോലെ
കൊണ്ടാടേണ്ടും വിവിധവിഭവം കണ്ടവൻ കണ്ണുവെച്ചി-
ട്ടിൻഡ്യാരാജ്യം പല കുറി തരം നോക്കി വന്നാക്രമിച്ചു. (൯൯)

കോട്ടം കൈവിട്ടെതിരിടുകെ,—തിപ്പോരെ ഹിംസിക്ക, രത്ന-
ക്കൂട്ടം കൈക്കൊള്ളുക, ബത! ദൂഷിപ്പിക്ക ദേവാലയൌഘം,
വാട്ടം ലോകർക്കരുളുക, നൃപന്മാരെയോടിക്കയേവം
ദൌഷ്ട്യം പൂണ്ടോരവനരുതരോപദ്രവം ചെയ്തു നിത്യം. (൧൦)

പാരം ഗർവ്വത്തൊടു പലവിധം ബാധയിങ്ങേവമെല്ലാ-
മാരംഭിച്ചുള്ളതിവിരുതനാമായവൻതന്നൊടേററം
ഘോരം നേരിട്ടണവതിനഹോ! കാന്യകുബ്ജാധിപാദ്യ-
ന്മാരാം ഭൂപാലരിലൊരുവനും ശക്തനായില്ല തെല്ലും (൩൫)

തൽക്കാലത്തെസ്ഥിതിയെനിജദുർവൃത്തിയാൽതീർത്തു,-വെന്നാൽ
പിൽക്കാലത്തിൽ സ്ഥിരമനുഭവിച്ചില്ല രക്ഷിച്ചുമില്ലാ,
ഉണ്ടാകും തൽക്ഷണഫലമതിന്നായവൻ ഭൂമിയെക്കൈ-
ക്കൊണ്ടാൻ കന്യാധനനിരതനാം വഞ്ചകൻ കന്യയെപ്പോൽ.
(൩൬)

ഘോരാകാരം പുനരൊടുവിലുള്ളാക്രമത്തിങ്കൽ മാമു-
ദ്ദാരാൽ പ്രാപിച്ചിതു ഗതഭയം സോമനാഥാലയത്തിൽ;
ഏതായാലും ബലമൊടു തടുക്കേണമെന്നോർത്തു പാരം
വീതാശങ്കം നൃപരുമൊരുമിച്ചന്നു സന്നാഹമാർന്നു. (൪൦)

ക്ഷാത്രം ധൈര്യം പെടുമവരതിക്രൂരഭാവത്തിനേകം-
പാത്രം മാമുദ്ദിനെയലമെതിർത്തെങ്കിലും, ശങ്കയെന്യേ
സൂത്രം നോക്കിച്ഛാനവനണഞ്ഞന്തരാ സോമനാഥ-
ക്ഷേത്രം ഭഞ്ജിച്ചിതു; കലിയുടൻ ധർമ്മസീമാവിനേയും. (൪൧)

അൻപേറീടും ഗിരിശനു പരം ബ്രാഹ്മമാകും കപാലം
മുൻപേയൊന്നുണ്ടി, വനതു തെളിഞ്ഞേകിനാനൊട്ടനേകം,
വൻപൻ ഭസ്മം സതതമണിയും വിഗ്രഹം തന്നെ പിന്നീ-
ടമ്പോ! ദുർമ്മത്സരനിധി ബലൻ ഭസ്മമാക്കിച്ചുമച്ചു. (൪൨)

ഉണ്ടാക്കുന്നുണ്ടജനെയൊരുവൻ, മററവൻ സംഹരിക്കു-
ന്നുണ്ടെന്നേവം പറവതു പരിഹാസയോഗ്യം നിനച്ചാൽ;
ഉണ്ടാക്കാനും കളയുവതിനും കാംക്ഷപോൽ ശക്തിമായി-
ക്കണ്ടീടും കല്ലെവിടെ?—യെവിടെസ്സർവ്വലോകാധിനാഥൻ?
(൪൩)

മായം ചേർപെട്ടിഹ ഭുവി വസിഷ്ഠപ്രിയാദർശനത്തിൻ-
ന്യായംകൈക്കൊണ്ടൊരുവനൊരു ബിംബത്തിനെദ്ദൈവമാക്കി
മൂഢൻതന്നോടരുളുകിൽ വിശേഷജ്ഞനെന്താണു ദണ്ഡം?
മൂഢത്വം താനിതിനു വെറുതേ ശണ്ഠകൂട്ടുന്നതെല്ലാം. (൪൪)

ദേവധ്യാനം ഭുവി സുകരമാക്കീടുവാൻ യോഗിമാർ തൽ-
ഭാവം ബിംബങ്ങളിലിഹ നിരൂപിച്ചിടുന്നുണ്ടു, സത്യം;
ആവാഹിക്കുന്നതിനു കഴിവുള്ളോരവർക്കോർത്തുകണ്ടാ-
ലേവം നീക്കുന്നതിനുമെളുതാണെന്നു നിസ്തർക്കമല്ലോ. (൪൫)

ദുഷ്ടൻ മാമുദ്ദിതി വിവിധമാം വിഗ്രഹധ്വംസനത്താൽ
തുഷ്ടൻ വേഗാൽ നിജനിലയനം പുക്കു വാണല്പകാലം
കഷ്ടപ്പെട്ടിട്ടഥ, ബഹുദിനം കൊണ്ടു കൈക്കൊണ്ട വിത്തം
കഷ്ടം !, ചിന്തിച്ചതിവിവശനായ് ഭൂതലം കൈവെടിഞ്ഞു.
(൪൬)

ഘോരാകാരൻ നിരുപമബലൻ ഘോരസന്താനമാകും
പാരാവാരത്തിനു ശശി മഹാൻ മമ്മതാം ഭൂപനേകൻ
ആരാൽ ഘസ്നീപുരനരവരൈശ്വര്യമെല്ലാം നശിപ്പി-
ച്ചാര്യന്മാർതൻധരണിയെ വശത്താക്കിനാൻ പിന്നെ മെല്ലേ.
(൪൭)

ദില്ലീദേശം പ്രഥിതമജമീർഭൂമിയേയും ഭരിക്കും
ചൊല്ലീടാൻനല്ലൊരു പൃഥുവിനും, കാന്യകുബ്ജാധിനാഥൻ
കല്യാത്മാവാം നൃപതി ജയചന്ദ്രാഖ്യനും തമ്മിലായ് നി-
സ്തുല്യം ഘോരം പുനരൊരു മഹാസംഗരം സംഭവിച്ചു. (൪൮)

ഓരോ പക്ഷത്തിലുമിഹ നിജസ്നേഹഭാരാനുരൂപ-
ന്മാരായ് നിന്നാരിതരധരണിപാലരെല്ലാരുമന്നാൾ;
ഇനു രാശിക്കയ്യങ്ങപരനൃപനാമുന്നതൻ ഘോരി വീരൻ
പാരാതെത്തിദ്ധരണിയമിതോല്ലാസമെല്ലാമടക്കി. (൪൯)

പണ്ടദ്ദുര്യോധനനെയൊരു ഗന്ധർവ്വഖണ്ഡത്തിൽ നിന്നും
വീണ്ടീടുമ്പോൾ വിജയനരുളിച്ചെയ്തൊരന്നീതിവാക്യം *
കുണ്ഠന്മാരാമിവരിലൊരു ഭൂപാലകൻപോലുമന്നാൾ-
ത്തണ്ടിൽ കണ്ടീലിതു ഖേദ! നിനച്ചോളവും കഷ്ടമത്രേ. (൫൦)

* "അന്യോന്യം മത്സരിക്കുമ്പോൾ ഞങ്ങളഞ്ചുവർ നൂറുപേർ;
അന്യരോടു പിണങ്ങുമ്പോൾ ഞങ്ങൾ നൂററഞ്ചു പേർകളും."

തുംഗം മഞ്ഞിൻമലമുതൽ മഹാവിന്ധ്യശൈലം വരെയ്ക്കും
വംഗം ദേശം മുതലതിബലാൽ സിന്ധുതീരം വരെയ്ക്കും
ഭംഗം കൂടാതുടനവനണഞ്ഞാക്രമിച്ചുജ്ജ്വലശ്രീ-
രംഗം ദില്ലീപുരമധിവസിച്ചിൻഡ്യ മോദാൽ ഭരിച്ചു. (൧൧)

മാനം വേർപെട്ടൊരു മഹിപരന്നന്ധരായ് സിന്ധുപൂർവ്വ-
സ്ഥാനം പ്രാപിച്ചിഹ മരുമഹീമണ്ഡലത്തിങ്കൽ വാണു;
ഭൂനം ലോകങ്ങളുമതുമുതൽ 'ക്കിസ്ഥലം രാജപുത്ര-
സ്ഥാനം താനെ'ന്നതിനുചിതമായ് നാമവും നിശ്ചയിച്ചു. (൧൨)

മന്നന്മാരാമിവരുടെ കുലേ ജാതരാം ബാഹുജന്മാർ
ഖിന്നന്മാരെക്കരുണയൊടു സംരക്ഷണംചെയ്യുതാകും
മുന്നേയുള്ളോരരിയ ഭുജതേജസ്സുമോജസ്സുമാന്നി-
ട്ടിന്നും ജോഡോദയമുഖപുരൌഘങ്ങൾ പാലിച്ചിടുന്നു. (൧൩)

ഇന്നരഞ്ഞൂറിൽ പരമൊരിരുനൂറാറുമാന്ദുള്ളൊരാണ്ടിൽ
ഘോരൻ ഘോരി സുതരഹിതനായ് നാകലോകം ഗമിച്ചു;
പാരാതന്നാളവനടിമയായ് വീണ്ടുനിഷ്ക്രീതനായു-
ള്ളോരാ വീരൻ നൃപപദമണഞ്ഞീടിനാൻ കുഡ്ബുദീനൻ.
(൧൪)

ഏതദ്വംശോത്ഭവരഥ ഭരിച്ചീടിനാർ ദാസഭൂപ-
ഖ്യാതന്മാരായ് ചിരമവനിയെ;—പ്പിന്നെയക്കില്ജിവംശം
ടാഗ്ലഗവംശം പുനരിഹ സയീദാന്വയം ലോദിമാരാം
പ്രഖ്യാതന്മാരുടെ കുലവുമിക്ഷോണിഭാരം വഹിച്ചു. (൧൫)

പിന്നീടോരായിരവുമിരുപത്താറുമഞ്ഞൂറുമായീ-
ടുന്നോരാണ്ടിൽ കൊടിയ മുഗൾവംശോത്ഭവൻ ബേബരാകും
മന്നൻ ലോദിപ്രഭുവിനെ രണേ പാനിപട്ടിങ്കൽ വെന്നി-
ട്ടൌന്നത്യം പൂണ്ടതുലകുതുകം ദില്ലിയെക്കൈക്കലാക്കി. (൧൬)

മാർവാർഭൂമീപതിയതിബലൻ സാംഗഭൂമീശനേവം
വീരന്മാരാം പല നൃപരെയും ബേബർ പിന്നെജ്ജയിച്ചു;
സാനന്ദം തൽസുതനതിനിടയ്ക്കുബ്ഘനാധീശരക്ഷാ-
ധീനം വംഗം പുനരിഹ ബിഹാരം കടന്നാക്രമിച്ചു. (൧൭

ഇത്ഥം വാഴുന്നളവു സുതനുണ്ടായ രോഗം തനിക്കാ-
യെത്തിച്ചീടുന്നതിനു ജനകൻ ദേവനെസ്സേവചെയ്തു
സിദ്ധിച്ചേവം, മൂതി മുഗൾകുലസ്ഥാപകൻ താനണഞ്ഞാൻ;
സ്വസ്ഥൻ പുത്രൻ തദനു ഹുമയൂൺ ഭൂപതിസ്ഥാനമാന്നു. (൪൭)

പോരിൽ ചത്തീടിന പതിയൊടൊത്തഗ്നിയിൽ ചാടുവാനാ-
യാരംഭിക്കും നൃപദയിതയാളാഴി തൻപുത്രനോസ്സ്
ഏകി പ്രാർത്ഥിച്ചതിലലിവിയനേഷ തൽഭർത്തൃഹന്താ-
വാകുന്നാഫ്ഗാൺപ്രഭുവിനെയുടൻ ചെന്നു പോരിങ്കൽ വെന്നു.
(൪൮)

പിന്നീടാഫ്ഗാൺധരണിപതിയായ്ത്തീന്ന ഷേഷാ കടന്നി-
ട്ടന്നാൾ തോല്പിച്ചിവനെയുടനോടിച്ചു നാട്ടിങ്കൽ നിന്നും;
എന്നാലും വന്നൊടുവിലിവിടെസ്സൈന്യമോടൊത്തെതിർത്തി-
ട്ടന്നാടെല്ലാം ശുഭമതിയവൻ പിന്നെയും വീണ്ടെടുത്തു. (൪൯)

പ്രാസാദത്തിൻപടിയിലൊരു നാൾ കാലു തെററിപ്പതിച്ചി-
ട്ടസ്സാരജ്ഞൻ നൃപതി നിജമാം വിഗ്രഹം കൈവെടിഞ്ഞു;
ശ്രീസാന്ദ്രത്വം കലരുമവനീപാലകസ്ഥാനമന്നാൾ-
ത്രാസാപേതം സപദിസുതനാമക്ബർ കൈക്കൊണ്ടു ധീമാൻ.
(൫൦)

മൈതാനത്തിൻനടുവിൽ വിലസും പൂന്തടാകം കണക്കും
കേതുശ്രേണീനടുവിൽ വിലസും പൂർണ്ണചന്ദ്രൻ കണക്കും
ശാകോടങ്ങൾക്കിടയിൽ വിലസും നാളികേരം കണക്കും
തൌലുഷ്ക്കോർവീപതിനിരയിലന്നക്ബറേറ്റം വിളങ്ങി. (൫൧)

പാരം ഗംഭീരത പെടുകിലും സൌമ്യനായും, മതത്തിൻ-
സാരം കൈക്കൊൾകിലുമപരമാം സന്മതം സമ്മതിച്ചും,
സ്വാതന്ത്ര്യം പൂണ്ടിടുകിലുമമാത്യക്കധീനത്വമാന്നും,
സ്ത്രീതൌന്നത്യസ്പൃഹയനിശമുണ്ടെങ്കിലും തൃപ്തനായും, (൫൨)

ശീലം കൊണ്ടും പുനരെലിസബത്തായിടും രാജ്ഞിയാളെ-
ക്കാലം കൊണ്ടും പരമനുസരിച്ചുണ്മയോടിമ്മഹാത്മാ
ശ്രീലൻ നൂററാണ്ടരിയ പതിനാറാമതിന്നുത്തരാർദ്ധം
കാലം ധർമ്മത്തൊടു ധരണിയെപ്പാലനംചെയ്തു വാണു. (യുഗ്മകം)

കൌമാരത്തിങ്കലുമുരുഗുണം കണ്ടു കൌതൂഹലാ പൂ-
ണ്ടാ മാന്യാത്മാവിനെയനുഗുണം ഭൂവരശ്രീ വരിച്ചാൾ;
ശ്രീമാനാകും നൃപനുമവളെട്ടീൽ കാലം സരാഗം
സീമാതീതോത്സവരസഭരം നൽകി ലാളിച്ചു പാരം. (൯൪)

പ്രഹ്ളാദങ്കൽ സുരസമുദയം പോലെ, തൌലുഷ്ണനാണെ-
ന്നാലും ധീമാനവനിലനുരഞ്ജിച്ചു ഹിന്ദുക്കളെല്ലാം;
രാജന്യസ്ത്രീകളുമവനഹോ! ജായമാരായനല്പം
രാജിച്ചാരുനിഹ നിജമതം സന്ത്യജിക്കാതെ തന്നെ. (൯൫)

യൂറോപ്യന്മാർകളുമഥ പരാങ്കിവ്രജം ധ്വച്ചകാരെ-
ന്നോരോ സാംയാത്രികരിഹ മുദാ വാണിഭത്തിന്നു വന്നോർ
സാരം രത്നപ്രകരവുമവനുള്ള ചന്ദ്രപ്രകാശം
ചേരും കീർത്തിവ്രജവുമൊരുമിച്ചാത്മദേശം നയിച്ചു. (൯൬)

ധീമാനായോരവനുടെ സഭാമണ്ഡപത്തിങ്കലെത്തി
പ്രേമാവേശാകുലതയൊടു ഹിന്ദുക്കളുക്രൈസ്തവന്മാർ
കാമം മാഹാമദരുമപരന്മാരുമായുള്ള വിദ്വൽ-
സ്തോമം നാനാമതഗതികളെപ്പററി വാദം നടത്തി. (൯൭)

വംഗം കശ്മീരവുമുരുബലാലുൽക്കലം ഗുജ്ജരം താ-
നെന്നീവണ്ണം പല പല നൃപന്മാർ ഭരിച്ചങ്ങു വാഴും
നാനാദേശങ്ങളെയഖിലവും കൈക്കലാക്കിത്തെളിഞ്ഞ-
ന്യൂനശ്രീയോടവനവികലം സാർവ്വഭൌമത്വമാർന്നു. (൯൮)

തദ്ദേശങ്ങൾക്കനുപമഗുണം സംഭവിക്കുന്നതിന്നാ-
യദ്ദേഹം ചെയ്തൊരു നവപരിഷ്കാരസാരങ്ങളെല്ലാം
ഉദ്ദേശിച്ചിട്ടമിതരസമോ 'ടൈനിയക്ക്ലാരി' നാമം
നിർദ്ദേശിച്ചന്നൊരു കൃതിയബ്യൂൽഫ്ാസിൽ വിദ്വാൻ ചമച്ചു.
(൯൯)

ഇത്ഥം വാണസ്സുമതി മഹിയെക്കൈവെടിഞ്ഞാ,നടൻ തൽ-
പുത്രൻ ധീരൻ സലിമിഹ ജഗജ്ജിഷ്ണുവെന്നുള്ള ഭാവം
ഒത്തീടും വന്മദഭരിതമാം നാമധേയം ജിഹാംഗീ-
രിത്ത്യേവം ചേർന്നഥ നിജപിതൃസ്ഥാനമാർന്നാനമന്ദം. (൧൦൦)

തേജസ്സേറും നരപതി ജിഹാംഗീർ മഹാനന്നു ലോക-
ജ്യോതിസ്സെന്നിങ്ങനെ പൊരുളെഴും നൂജ്ജിഹാനെന്ന നാമം
ഓജസ്സോടാന്നൊരു കളമൊഴിത്തയ്യലാൾതൻെറ കാന്തി-
സ്രോതസ്സിൽ പെട്ടലർശരശരാളിക്കു ലാക്കായ് ചമഞ്ഞു. (൧൨)

മുന്നാം ദൈന്യത്തൊടു പഥിപിതൃത്യക്തയായ്, പിന്നെയേകൻ
ധന്യൻ വൈദേഹകവരനെടുത്തങ്ങു മോദാൽ വളർത്തി,
അന്യൻ കൈക്കൊണ്ടഥ ദയിതയാ,-യെങ്കിലും രത്നഹാരി
മന്നൻ ക്രൂസാതവളെയമിതപ്രേമപൂർവ്വം ഹരിച്ചു. (൧൩)

ഉള്ളിൽ പാരം കുതുകമിയലും പെൺകുലത്തങ്കമാമ-
പ്പള്ളിക്കേഴായതമിഴി, രണേ ശത്രുവൃന്ദത്തെയെല്ലാം
തള്ളിത്തോല്പിച്ചൊരു നൃപതിയെക്കൺമുനത്തെല്ലിളക്കി-
ക്കൊള്ളിച്ചോമൽസ്മിതമൊടു ജയിച്ചീടിനാളൂഢരാഗം. (൧൪)

സമ്മോദിച്ചും പല പല വിലാസങ്ങളാലുള്ളിൽ നിത്യം
വന്മോഹം നൽകിയുമിഹ സഹിക്കാതെയായും വിയോഗം
അമ്മാൻകണ്ണാൾമണി നൃപനെയസൂയ്യയാലേറെ നേരം
സാമ്രാജ്യശ്രീയെയുമനുഭവിക്കാനയയ്ക്കാതെ വാണാൾ. (൧൫)

എന്തെന്നാലും തരുവെനിഹ ഞാനെന്നു ചൊല്ലി സ്വകാന്ത-
യ്ക്കന്തർമ്മോദത്തിനു തുനിയുമക്കാമുകൻ, ധർമ്മമാർഗ്ഗം
ചിന്തിക്കാതന്നവളെ മഹിഷീഭാവമേകിപ്പലർത്തി-
സ്സന്താപങ്ങൾക്കഥ പലതിനും പാത്രമായിട്ടുതീർന്നു. (൧൬)

തന്നാപിക്കായിസ്സുതനിലുമവൻ ദോഷകൃത്യങ്ങൾ ചെയ്താ;-
നന്നാളേകൻ ധനികനവനെബ്ബന്ധനത്തിങ്കലാക്കി;
പിന്നെക്കാരാഗൃഹമൊരുവിധം വിട്ടു വന്നൊട്ടു കാല-
ത്തിന്നുള്ളിൽത്താൻ സുഖമൊടവനീബന്ധവും കൈവെടിഞ്ഞു. (൧൭)

ദൂരത്തിൽ പോയ് മരുവിന സുതൻ ഷാജിഹാനത്ര, ദേവാ-
ഗാരത്തിൽ പോയിതു നിജപിതാവെന്നു കേട്ടെത്തിയേററം
ക്രൂരത്വത്താൽ ജനകസഹജാതാത്മജന്മാരെ, മേലാൽ
നേരിട്ടേയ്ക്കാമിതി നിനവൊടേ, കൊന്നു താനാൻ രാജ്യം. (൧൮)

അന്നാ ഹൃദ്ദീതടമതിൽ മഹാനക്ഷർതന്നാജ്ഞ കൈക്കൊ-
ണ്ടുന്നമ്രശ്രീയൊടു മരുവിടും പോർട്ടുഗീസ്കാരെയെല്ലാം,
മുന്നംപോരിന്നുപകൃതിയവേക്ഷിച്ചതേല്ക്കാഞ്ഞുമൂലം
ചിന്നും വൈരത്തൊടു പടുതരം മന്നവൻ കൊന്നൊടുക്കി. (൨൯)

വെള്ളക്കല്ലിൻനിര സുരുചിരം ചേർത്തു കെട്ടിച്ചുമച്ചി-
ട്ടുള്ളക്കേറംവിനക്കൊരു നിലയമാം ടാജ്മഹാളെന്ന ഹർമ്യം,
പുള്ളിക്കേകിപ്രഭ വിലസിടും പിഠവും വിസ്മയത്തെ-
ക്കൊള്ളിച്ചീടും വിധമിഹ മനം വെച്ചു തീർപ്പിച്ചു ഭൂപൻ. (൩൦)

പണ്ടുക്കോശാധിപപദഗതൻ ടോഡർമാളക്ഷർവാക്യം
കൊണ്ടന്നാട്ടിൽ ബഹുജനപദാംകണ്ടെഴുത്തിൽ പെടുത്തി
ഉണ്ടാക്കിത്തീർത്തൊരു നിയമനം പൂർണ്ണമാകാത്തതായി-
ക്കണ്ടക്കാർയ്യം കുതുകമൊടവൻ പൂർണ്ണമായ് നിർവ്വഹിച്ചു. (൩൧)

ഘോരം രോഗം പുനരവനണഞ്ഞാർത്തനായിട്ടു മേവും
നേരം ഭൂപാലകപദവിയെക്കൈക്കലാക്കുന്നതിന്നായ്
പാരം വാഞ്ഛിച്ചവൻ സുതരാം നാലു പേരും പിണങ്ങി
സൈന്യരം സേനാതതിയൊടു സമാരംഭസംരംഭമാർന്നു. (൩൨)

ജന്മത്താലേയവരിലിഹ രണ്ടാമനാം ഷുജനാമാ
തമ്മിൽത്തല്ലുന്നതിനു പുനരൊന്നാമനായിട്ടു തീർന്നു;
അന്നത്യന്തം വിഷയരതനായോരവൻതന്നെ വീർയ്യാ
ചിന്നും ഡാറാഹ്വയവിദിതനാമഗ്രജൻ താൻ ജയിച്ചു. (൩൩)

അപ്പോൾ മൂന്നാമവനിഹ മുരാദാഹ്വയൻ ഡാറതന്നെ-
ക്കൊല്ലോടേററം രണമതിലെതിർത്തീടുവാനായ് മുതിർന്നു;
അപ്പോരിൽ ചേർന്നവനൊടു സഹായിപ്പതിന്നെന്ന ഭാവാൽ
ചൊല്ലൊങ്ങീടും സഹജനിളയോനാമറങ്ങ്സിബ്ബണഞ്ഞു. (൩൪)

ഭ്രാതൃസ്നേഹോചിതസുഭഗകൃത്യങ്ങൾ കൊണ്ടന്നു മോദം
ചേതസ്സിങ്കൽ ജനതതിയതിന്നേകിടും വീർയ്യഭാരാൽ
സ്ഫീതന്മാരാമവരരിവരന്മാരെയെല്ലാം ജയിച്ചു-
ദ്ദ്യാതന്മാരുജ്ജയിനിയതിലുള്ളാഗ്രയിങ്കൽ ഗമിച്ചു. (൩൫)

പിന്നീടുണ്ടായൊരു വലിയ പോർതന്നിലദ്ധ്യാറയേയും
വെന്നീടേറുന്നവരദയമോടിച്ചുടൻ, സ്വസ്ഥനാകും
മന്നൻ, ഹാഹാ! നിജജനകനെച്ചെന്നു ബന്ധിച്ചു ചിത്തേ
ചിന്നും വൈരപ്രചുരതയൊടേ ചേർത്തു കാരാഗൃഹത്തിൽ. (൭൯)

കഷ്ടം! വൃദ്ധൻ ജനകനു തുണ ചീടുവാനെന്നവണ്ണം
ദുഷ്ടൻ പിന്നെപ്പരിചൊടു തരം നോക്കിയജ്ജ്യേഷ്ഠനേയും
വിട്ടുകാരാഗൃഹമതിലറങ്ങിബ്ബു താനുല്ബണശ്രീ-
പുഷ്ടം രാജ്യം സ്വയമതിസുഖം പൂണ്ടു കൈക്കൊണ്ടുവല്ലോ. (൮൦)

ഓടിപ്പോയീടിന വിജിതനാം ധാറയെപ്പിന്നെയാരോ
തേടിപ്പാരം പകയൊടു പിടിച്ചായവൻമുന്നിലാക്കി;
കൂടി ക്രോധം നൃപതി, മതവിശ്വാസിയല്ലെന്ന കുററം
നേടിക്കഷ്ടം! സഹജനു ശിരശ്ഛേദദണ്ഡം വിധിച്ചു. (൮൧)

ഇത്ഥം ദൌഷ്ട്യം പല പല വിധം ചെയ്തുയാലായവൻതൻ-
ഹസ്തംതന്നിൽത്തരമൊടു പിണഞ്ഞെങ്കിലോ ഭൂതധാത്രീ
ധൂർത്താത്മാവാമൊരു പുരുഷനെക്കാന്തനാക്കിബ്ബലത്താൽ
ചേർത്തെന്നാലും കുലതരുണിയാൾ പോലെയാന്നീല രാഗം. (൮൨)

മററുള്ളോരോ മതമനുസരിച്ചീടുവാർ ജേസിയാഖ്യം
പററിക്കേണം കരമിതി പുരാ വെച്ചിരുന്നൊരു ചട്ടം
തെററാണെന്നോർത്തതിദയയൊടേ തള്ളിനാനക്ബറെ;—ന്നാൽ
മുററും സ്ഥാപിച്ചിവനതു ജനക്രോധമുത്ഭൂതമാക്കി. (൮൩)

ദേവാഗാരങ്ങളെയദയമായ് നിർമ്മഥിച്ചുഗ്രമാകും
ഭാവം പൂണ്ടുത്സവതതികളും ഭൂമിപൻ ഹാ! മുടക്കി;
ഏവം ഹിന്ദുവ്രജമതനിരാസം മഹാരാഷ്ട്രലോകം
താവും കോപപ്രസരമൊടു കണ്ടീർഷ്യ കൈക്കൊണ്ടു പാരം. (൮൪)

ഭൂരിക്രോധത്തൊടു, സുമതി ശംഭാജിയാം ഭൂപനെത്താൻ
പോരിൽ ബന്ധിച്ചുഥ സപദി കൊന്നെങ്കിലും ശങ്കയെന്യേ
നേരിട്ടേല്ക്കും കൊടിയൊരു മഹാരാഷ്ട്രവൃന്ദത്തിനുള്ള-
പ്പാരിച്ചീടും ബലമവനടക്കാവതല്ലാതെയായി- (൮൫)

പണ്ടന്യോന്യം പരിണയമഹോ! ചെയ്തുറപ്പിച്ച സഖ്യം
പൂണ്ടുള്ളോരെങ്കിലുമതിരുഷാ രാജപുത്രാധിപന്മാർ
കണ്ടിട്ടോരോ വക പരിഭവം ശത്രുഭാവത്തെ വേഗാൽ
വീണ്ടും കൈക്കൊണ്ടവനൊടു പിണങ്ങീടിനാത്രുഢവൈരം. (൯൮)

എന്നാലും ഭൂപതിയവനലം നീതിമാൻ ഭീതിയെന്യേ
നന്നായിത്തൻമഹിമകൾ മഹീമണ്ഡലത്തിൽ പരത്തി;
അന്നാളത്രേ മുഗൾനാവരക്കുള്ളൊരുദ്യൽ പ്രതാപം
ചെന്നാശോഭിച്ചതു ഹിമധരം തൊട്ടു താൻ സേതുവോളം. (൯൯)

ഉത്തുംഗശ്രീ തടവിന മഹാശക്തിയാലുച്ചമായും
മെത്തീടും ദുന്നയതതികളാലെത്രയും നീചമായും
മദ്ധ്യാഹ്നത്തിൽ ദിവസമണി പോൽ പൊങ്ങിയും താണുമന്ന-
പ്പൃഥ്വീശൻതന്നുടയ പരമൌജസ്സു പാരം പരന്നു. (൯൦)

വീരന്മാരാം സുമതികൾ മഹാരാഷ്ട്രസേനാധിപന്മാർ
നേരിട്ടേററം പല പല മഹോപദ്രവം ചേർത്തമൂലം
പാരം ഖേദിച്ചഥ ശതകമീരൊൻപതിൽ സപ്തമാബ്ദം
ചേരും കാലം നരപതിയറങ്ങ്സിബ്ബു കൈവിട്ടു ദേഹം. (൯൧)

പിന്നീടും കുലധർമ്മമാകിയ മഹാദൌർഭ്രാത്രയുദ്ധം ഭവി-
ച്ചന്നാളഗ്രജനാം സുതൻ യുധി ജയശ്രീയെ ഗ്രഹിച്ചുജ്ജസാ
മിന്നും കീർത്തി കലർന്നിടുന്ന ബഹദർഷായെന്ന നാമത്തൊടുൽ-
പന്നക്ഷോഭവിസംസ്ഥുളം വസുമതീഭാരം ഭരിച്ചീടിനാൻ. (൯൨)

"ആദിചരിതാനുവർണ്ണനം",

എന്ന

രണ്ടാം സർഗ്ഗം

സമാപ്തം.

മൂന്നാം സർഗ്ഗം.

അനന്തരം ദുർബ്ബലഭൂമിപാല-
രമന്ദശൈഥില്യമിയന്ന മട്ടിൽ
ഭരിക്കയാൽ സ്ഥാടികഭാജനം പോ-
ലുടഞ്ഞു പാരം വലുതായ രാജ്യം. (൧)

വൻപോടറംഗ്സിബ്ബ് മഹീശനാലേ
സമ്പാദിതം തന്മുഗളീശരാജ്യം
വളർന്ന നീർപ്പോള കണക്കെ പൊട്ടി-
പ്പിളർന്നു പാരം തരസാ തകർന്നു. (൨)

കഴുകളെപ്പോലിഹ കാത്തിരിക്കു-
മോരോ സുബേദാരധികാരികൾക്കു്
വിശാലമാം ദില്ലീധിപന്റെ രാജ്യം
കാലക്രമത്താലിരയായ് ചമഞ്ഞു- (൩)

നൈസാമനാമുന്നുകനെന്നു മന്ത്രി
ക്രസാതുടൻ ദക്ഷിണഭാരതത്തെ
എടുത്തു മെല്ലെന്നഥ, ലുബ്ധനായോൻ
കൊടുത്ത നിക്ഷേപധനത്തിനെപ്പോൽ. (൪)

കർണ്ണാടകം ഗുജ്ജരമത്ര വംഗ-
മെന്നുള്ള ദേശങ്ങളിലൊട്ടനേകം
ഹിന്ദുക്കളാം ഭൂപർ നഭാവുമാരും
സ്വതന്ത്രഭാവം സ്വയമാശ്രയിച്ചു. (൫)

ക്ഷയിച്ച ഭൂപന്റെ ധരിത്രിതന്നെ
ക്ഷണം മഹാരാഷ്ട്രജനങ്ങളെത്തി
ജരാതുരൻതന്റെ വരാംഗിയെപ്പോൽ
കരം കൊടുക്കും വിധമാക്കിവെച്ചു. (൬)

ഭൂവല്ലഭൻ വിക്രമശാലി നാദിർ-
ഷാവെന്നു പേരായൊരു പാരസീകൻ
അതിത്തിയാം സിന്ധു കടന്നിതപ്പോ-
ളുരത്ത വാരാശി തടത്തിനെപ്പോൽ. (൭)

എതിർത്തുടൻ ദില്ലിയിളക്കിയേററം
കരുത്തനാം ഭൂപതി കാന്തി കോലും
അനർഘരത്നങ്ങൾ പതിച്ച സിംഹാ-
സനത്തെ നേരിട്ടു ഹരിച്ചു വേഗാൽ. (൮)

പരം മഹത്താമിര കൈക്കലാക്കാൻ
തരം നിരീക്ഷിച്ചു പരാങ്കിവൃന്ദം
സ്വൈരം വലംവെച്ചു ചരിച്ചിതന്നാൾ
പാരാതെ വാനത്തു പരുന്തുപോലെ. (൯)

അച്ഛിന്നമാം പൌരുഷമാർന്നിടുന്ന
ത്രുച്ഛേതരന്മാരഥ ഡച്ചുകാരും
സ്വച്ഛന്ദമീ രാജ്യമധീനമാക്കാ-
നിച്ഛിച്ചു നന്നായനിശം ശ്രമിച്ചു. (൧൦)

പ്രകാശമാർന്നിട്ടുടനാംഗലേയ-
പ്രതാപവും ഹന്ത! വിളങ്ങി മന്ദം
പ്രഭാതകാലത്തിലെ മൂടൽമഞ്ഞിൽ
പ്രഭാകരൻതന്നുടെ രശ്മി പോലെ. (൧൧)

പരസ്പരം മത്സരമത്ര വർദ്ധി-
ച്ചിരിക്കിലും പിന്നെ യുരോപജന്മാർ
പരം സ്വദേശത്തിൽ നടന്ന സഖ്യം
പരിത്യജിപ്പാൻ കഴിയാതുഴന്നു. (൧൨)

പൃത്ഥീശ്വരന്മാർ മൃഗളാധിപത്യ-
മമന്ദഗർവ്വം പുനരാക്രമിച്ചു
വൃദ്ധൻ മൃഗേന്ദ്രൻ നിവസിച്ചിടുന്ന
വനപ്രദേശം കളഭങ്ങൾ പോലെ. (൧൩)

ഉത്തുംഗമായേറിയ ഭൂമി ചേർത്തു
പുരാ നൃപൻ ബേബർ ചമച്ച രാജ്യം
അംഗങ്ങളോരോന്നു തകർന്നു ജീർണ്ണ-
പ്രാസാദസാമ്യത്തെ വഹിച്ചിതന്നാൾ. (ക്ര)

ഇടയ്ക്കിടയ്ക്കുങ്ങിടിയുന്നതിനായ്
തുടങ്ങുമീ മൌഗളരാജ്യമാകും
മേടയ്ക്കുഴം ദക്ഷിണമായ പക്ഷം
നശിച്ചു കർണ്ണാടജനാക്രമത്താൽ. (ക്ഉ)

നൈസാമനാമുന്നുകനന്നു വൈരി-
ഹിംസാസമർത്ഥൻ മൃതനായ മൂലം
അവൻ നഭാവാക്കിയിരുന്ന വീര-
നന്നപാരുദീനാകലനായ് ഭവിച്ചു. (ക്ന)

പ്രചണ്ഡനായീടിന ചണ്ഡസാഹി-
ബ്ബമന്ദമാം പിൻബലമാന്നുകൊണ്ടു്
രാജ്യാവകാശത്തിനു തക്കമോരോ-
ന്നുത്ഭാവനംചെയ്തവനോടെതിർത്തു. (ക്ഒ)

മരിച്ച നൈസാമരചൻെറ പുത്രൻ
മുറയ്ക്കു ഖാണാനഥ നാസ്സജംഗൻ ;
ക്ഷമിച്ചതില്ലായതു പൌത്രനന്നു
സമത്സരൻ മൃത്സഭജംഗഭൂപൻ. (ഗ്ര)

സാമന്തനും സ്വാമിയുമായി മേവും
നഭാവനൈസാമനരേന്ദ്രരേവം
സ്വസ്ഥാനമേല്ക്കുന്നതിനായ് ശ്രമിക്കും
ശത്രുദ്വയത്താലതിഭീതരായി. (ക്ൻ)

പിണങ്ങി രാജ്യത്തെ ഹരിക്കുവാനായ്
തുനിഞ്ഞിടും മൃത്സഭചണ്ഡകന്മാർ
അണഞ്ഞുടൻ വൃത്തിസമത്വമൂല-
മന്യോന്യസഖ്യം വഴിപോൽ നടത്തി. (ഗ്0)

സഖ്യം നടത്തീട്ടവർ സൈന്യജാലം
സന്നദ്ധമാക്കിജ്ജയകാംക്ഷയോടേ
സാമന്തരാകുന്ന പരാങ്കിവീര-
ന്മാരോടു സാഹായ്യമപേക്ഷചെയ്തു. (൨൧)

പാരം തരം നോക്കിയിരുന്നിരുന്ന
പാരാങ്കിസംഘം സമരാങ്കണത്തിൽ
പ്രവേശലാഭം കരുതിത്തെളിഞ്ഞിതീ-
യപേക്ഷ കൈക്കൊണ്ടിതുപേക്ഷയെന്ന്യേ. (൨൨)

അവക്കെഴും നായകനായ ദൂപ്ളി
നയത്തിൽ വാചസ്പതിയോടു തുല്യൻ
ബലാധികൻ, തന്റെ മനോരഥങ്ങൾ
ഫലിച്ചുവെന്നോർത്തു രസിച്ചു പാരം. (൨൩)

നൈസാമനാം ദക്ഷിണഭാരതത്തി-
ന്നാധീശനും തന്റെ സഹായഭാവം
ക്ഷണാതപേക്ഷിച്ചതിനാലമന്ദ-
മവന്നു മോദം ബഹുലീഭവിച്ചു. (൨൪)

നൈസാമനായ് വീണ്ടുടനാധിപത്യം
നൽകിസ്സഹായിക്കുകയെന്ന ഭാവാൽ
സ്വയം സ്വതന്ത്രം ധരണീതലത്തെ-
ശ്ശാസിക്കയേക്കാളിനിയെന്തു വേണ്ടൂ? (൨൫)

എതിർപ്പതിന്നായൊരുമിച്ചു ചേർന്നോ-
രവർക്കു രണ്ടാൾക്കു, മടല്ക്കു പാരം,
പടുത്വമേറും നിജസൈന്യജാലം
കൊടുത്തു മാനിച്ചഥ ദൂപ്ളിവീരൻ. (൨൬)

പുരസ്കരിച്ചന്നു പരാങ്കിമാരെ-
പ്പെരുത്ത തൽസൈനികസഞ്ചയങ്ങൾ
ചെന്നാശു കർണ്ണാടകഭൂപനായോ-
രന്നവാരുദ്ദീൻതൻനഗരം വളഞ്ഞു. (൨൭)

പരാങ്കികൾക്കുള്ള പരാക്രമത്താൽ
നേരിട്ടവൻതൻവധവും നടത്തി ;
ബലം നശിച്ചോരു തദീയപുത്രൻ
പലായനം ചെയ്തു സമാകുലാത്മാ. (൨൭)

അഹോ ! ഭയം പൂണ്ടുടനോടിയേവം
മഹാമദം തീർന്ന മഹമ്മദാലി
സഹായഹീനം ത്രിശിരഃപുരത്തി-
ലിഹാത്തനായ് കോട്ടയിലന്നൊളിച്ചു. (൨൮)

ബന്ധുക്കളോടൊത്തഥ ചണ്ഡസാഹി-
ബ്ബന്ധർമ്മുദാ പാർത്ഥിവലക്ഷ്മിയോടും
ചന്തം വിളങ്ങും ജയകാന്തിയോടും
ചിന്തും സുഖം പൂണ്ടു രമിച്ചു നിത്യം. (൨൯)

കാലക്രമം കൊണ്ടഥ ദൂപ്ളിവീരൻ
കല്പിച്ചിടും നീതി ഫലിച്ചിടുമ്പോൾ
നൈസാമനായീടിന നാസ്സുജങ്ങൾ
സ്വസേനയാൽ താൻ ഹതനായ് ഭവിച്ചു. (൩൦)

ഏവം തദാ മൃത്സഭൂപതിക്കും
ഭാവം തെളിഞ്ഞു ഹിതലാഭമൂലം;
നൈസാംപദത്തിൽ ബത ! ദൂപ്ളി തന്നെ-
യവന്നു രാജ്യാധിപതിത്വമേകി. (൩൧)

സിദ്ധാനുവാദം നൃപനാമവൻെറ-
യദ്ധ്യാസനത്തിങ്കലിരുന്നു ദൂപ്ളി
ഇദ്ധാനമോദം നഗരപ്രവേശം
ബദ്ധാതികോലാഹലമായ് നടത്തി. (൩൨)

എന്നല്ല പിന്നീടതിഗർവ്വഭാരം
ചിന്നിക്കവിഞ്ഞീടിന ദൂപ്ളിവീരൻ
അന്നങ്ങു നാനാബിരുദങ്ങൾ ചേർന്ന
മിന്നും ജയസ്തംഭവുമാശു നാട്ടി. (൩൩)

വളഞ്ഞിടും പൊന്മതിലാൻതേററാം
വിളങ്ങി, ശത്രുക്കളെകന്നുകൊൾവാൻ
ധരിത്രിയാൾ കാട്ടിന, മോതിരത്തെ-
ദ്ധരിച്ചിടും ചൂണ്ടുവിരല്ക്കു തുല്യം. (൩൫)

കരാതിവീൎയ്യാംബുധി ചണ്ഡസാഹി-
ബ്ബ,-രാതിയാകുന്ന മഹമ്മദാലി
ചിരായ വാഴും ത്രിശിരഃപുരത്തെ-
പ്പരാങ്കിമാരാരാത്തു വളഞ്ഞിരുപ്പോൾ. (൩൬)

ബാഹാബലോദ്ധികതമഹാപരാങ്കി-
വ്യൂഹാക്രമത്താലതിഭീതിയോടേ
സാഹായകത്തിന്നടനാംഗലേയ-
സ്നേഹാതിരേകത്തെയവൻ കൊതിച്ചു. (൩൭)

പരാങ്കിമാൎക്കും പരമാംഗലൎക്കും
പരന്ന നാനാസമരങ്ങളാലേ
ഉരത്തെഴും ദീൎഘവിരോധമന്നു
പെരുത്തു യൂറോപ്പിലുമുല്ലസിച്ചു. (൩൮)

നാട്ടിജ്ജയസ്തംഭമരാതി ശൌൎയ്യം
കാട്ടിക്കവിഞ്ഞേററമകാലനൃത്തം
കാട്ടുന്നതിന്നാട്ടിലിഹാംഗലേയ-
ക്കൂട്ടം പൊറുത്തില്ലഭിമാനമൂലം. (൩൯)

എന്നല്ലഹോ ! സ്വസ്വഗണങ്ങൾതമ്മിൽ
ജന്യം സ്വദേശത്തു കുറച്ചു മുൻപേ
ഉദിക്കവേ ദൂപ്ളിയുപദ്രവിച്ചാൻ
മദ്രസ്ഥരാം ദൈവ്യരെ വേണ്ടവണ്ണം. (൪൦)

ചിന്നം ബലം ചേൎന്ന പരാങ്കിവൃന്ദം
ചെന്നങ്ങു മദ്രാസിനെയാക്രമിച്ചു,
അന്നാശ്രു സൎവ്വസ്വവുമാഹരിച്ചു
തന്നാഥനേയും യുധി ബദ്ധനാക്കി. (൪൧)

ഏവം ഭയം വിട്ടു കവിഞ്ഞൊരുദ്യൽ-
ഭാവം പെടും വൈരിഗണപ്രതാപം
ന്യൂനം സഹിച്ചില്ലടനാംഗലന്മാർ;
മാനം മഹാന്മാർക്കു മഹത്തു തന്നെ. (൪൨)

മദം കലർന്നീടിന ദുപ്പിതന്റെ
മഹാജയസ്തംഭമതാം മനോജ്ഞം
മഹീധരം മന്ദരമാർജ്ജിലേയ—
മനസ്സമുദ്രത്തെ മഥിച്ചു പാരം. (൪൩)

എന്നാലുമാങ്ഗ്ലേയജനത്തിനപ്പോൾ
തൻനായകൻ ദൂരെ വസിക്കമൂലം
തന്നിച്ഛനായുള്ള മഹമ്മദാലി-
തന്നിൽ തുണപ്പാൻ കഴിയാതെയായി. (൪൪)

അന്നാളിലാങ്ഗ്ലേയഗണേ ഗ്രമസ്ഥാ-
വിന്നുള്ള കൃത്യത്തെ വഹിച്ചു വാഴും
യുവാവൊരാൾ മദ്രപുരേശപാർശ്വ-
മണഞ്ഞു കാലോചിതമോതിയേവം:- (൪൫)

"മാന്യപ്രഭോ! ബാലകസേവകൻ ഞാൻ
വന്നിങ്ങു നേരിട്ടു ഭവാന്റെ മുൻപിൽ
ചൊന്നീടുമീ വാക്കു ഹിതത്തിനായി-
ത്തീർന്നീടുമെന്നാണിവനുള്ള ബോധം. (൪൬)

പരാങ്കിമാർ നമ്മുടെ മസ്തകത്തിൽ
പരാക്രമം പൂണ്ടു ചവിട്ടിയേററം
ഉയർന്ന രാജാസനമേറുവാനായ്
തുടർന്നിടുന്നുണ്ടതു കണ്ടതില്ലേ? (൪൭)

എന്നല്ല, യിച്ചെന്നപുരത്തു തന്നെ-
യിന്നാളൊരുന്നാളവർ മുഷ്കരന്മാർ
മിണ്ടാതിരുന്നീടിന നമ്മെ വന്നു
മണ്ടിച്ചു ദണ്ഡിച്ചതുമോർമ്മയില്ലേ? (൪൮)

വ്രണത്തൊടീ നമ്മുടെയംഗമെല്ലാം
തദ്സ്ഥമേററിട്ടുള്ളവായ ഖേദം
ഇന്നും വഹിക്കുന്നു നിനയ്ക്കു ധീമൻ!
ചിന്നും വ്യളീകത്തെ മനസ്സു പോലെ. (൪൯)

വിട്ടും പിടിച്ചും പല രാജപീഠം
വീരാഗ്രഗന്മാരവർ വാണിടുന്നു;
പേടിച്ചു നാമൊട്ടു ചരക്കുകെട്ടും
പേറിത്തളർന്നിങ്ങു കിടന്നിടുന്നു. (൫൦)

ഉഗ്രം ജയസ്തംഭമണഞ്ഞു നിത്യം
തൽകീർത്തിയാം നർത്തകിയാടിടുന്നു;
കോട്ടം പെടും നമ്മുടെ കീർത്തിസാധ്വി
കോട്ടയ്ക്കുഴം കോണിലൊളിച്ചിടുന്നു. (൫൧)

മദിച്ചുഹോ! നമ്മുടെ കോശജാലം
ഹരിച്ചുതാട്ടേ, യതിലില്ല ഖേദം;
തഴച്ച സൽകീർത്തിയെ വഞ്ചകന്മാർ
ദൂഷിച്ചുതോർത്തുള്ളു പിളന്നിടുന്നു. (൫൨)

തന്മിത്രമായിടിന ചണ്ഡസാഹി-
ബ്ബുന്മത്തനായ് ഭൂമി ഭരിച്ചിടുന്നു;
സന്മിത്രമാം നമ്മുടെയാലി നേത്രം
ചിമ്മിസ്സഹിക്കുന്നിതു ദുർബ്ബന്ധം. (൫൩)

തഞ്ജാപുരേ നാം ബത! ദേവികോഷ്ഠം
സഞ്ജാതകൌതൂഹലമാന്ന കാലം
ത്യജിച്ചു ബന്ധുക്കളെയെന്നു ലോകം
ദൂഷിച്ചിടുന്നിപ്പൊഴുമിങ്ങനല്ലം. (൫൪)

യശശ്ശരീരേ നവമായ് മുളച്ച
ജനാപവാദാഹ്വയകുഷ്ഠരോഗം
പരന്നിടാതാശു തുനിഞ്ഞു മാററി-
ക്കളഞ്ഞിടേണം കഴിയുന്നപോൽ നാം; (൫൫)

സഖിത്വമുള്ളാലിയെയയാത്തി പോക്കി-
സ്സമുദ്ധരിപ്പാൻ കഴിയുന്നവെങ്കിൽ
സുഖേന കാര്യം നിറവേററിടാമെ-
ന്നഖേദമോർത്തീടുക മാന്യബുദ്ധേ! (൫൯)

വലിപ്പമേറുന്നരിപുക്കൾ മൂല-
മെളുപ്പമില്ലാലിയെ വേർപെടുത്താൻ;
രക്ഷിക്കണം യുക്തികൾ കൊണ്ടു മാത്രം
വ്യാഘ്രത്തിൽ നിന്നും ഹരിണത്തിനെപ്പോൽ. (൬൦)

ഒരം വന്നൊരാപത്തിലനല്പശൌര്യം
താവും മഹാവൈരിയെയിന്നു നമ്മൾ
പിന്നിൽ കടന്നാശു സമാക്രമിച്ചു
വെന്നീടണം പേശലകൌശലത്താൽ. (൬൧)

ഉത്കർഷൻ നമ്മാവിന്നതിഹൃദ്യമായോ-
രാക്കോട്ട നാമിപ്പൊളഭിക്രമിക്കിൽ
ഹരോ! ദുഢം താൻ, ത്രിശിരഃപുരത്തിൻ-
നിരോധനം ദുർബ്ബലമായ് ഭവിക്കും. (൬൨)

പരാഭവം കണ്ടു പരാധി പൂണ്ട-
ദുരാശയേറുന്ന പരാങ്കിമാരും
ത്വരാന്വിതം ബന്ധുവരാവനാത്മം
വരാതിരുന്നെന്നു വരാ രണത്തിൽ. (൬൩)

സഖ്യം സ്വദേശത്തിൽ നടന്നതോർത്താ-
ലേല്ക്കാവതല്ലിന്നു നമുക്കു നേരേ;
മിത്രാവനം ചെയ്യുകയെന്ന ഭാവാൽ
ശത്രുപ്രതാപത്തെയടക്കണം നാം." (൬൪)

സാരസ്യവും ധൈര്യവുമാർജ്ജവമാകും
സാരാർത്ഥവും ചേർന്നൊരു നീതിവാക്യം
ഏവം പറഞ്ഞങ്ങു നിറുത്തിയന്ന-
ക്കൈവെന്നു പേർകൊണ്ടൊരു ചണ്ഡവീരൻ. (൬൫)

ശ്രവിച്ചിതെല്ലാമഥ മദ്രഭൂത്താ
രസിച്ചു, സൈന്യങ്ങളെ, വിഗ്ഭാരം
വഹിച്ചിടും ക്ലൈവിനെ നാഥനാക്കീ-
ട്ടയച്ചിതാർക്കോടപുരത്തിലേയ്ക്കായ്. (൯൯)

മുന്നൂറു പേരും നിജദേശ്യരായി-
ട്ടാ,ങ്ഗ്ലേയരായിട്ടിരുനൂറു പേരും
ഇത്ഥം കലർന്നുള്ളൊരു സൈന്യമപ്പോൾ
മദ്രാസിൽ നിന്നങ്ങനെ യാത്രയായി. (൧൦൦)

വെള്ളത്തുമപ്പോലെ കറുത്തുമേററം
വിളങ്ങിടും സേനയെ മാനമോടേ,
കാളിന്ദി മേളിച്ചൊരു ഗംഗതന്നെ-
ബ്ഭഗീരഥൻ പോലെയവൻ നയിച്ചു. (൧൦൧)

ചെയ്തും മഹാഗർജ്ജിതമാർത്തചാപം
പെയ്തും മുതിർന്നാശ്രുഗഘോരവർഷം
കാലം തടുത്തന്നവനെ ;-സ്സപത്ന-
ജാലം തടുത്തില്ലിഹ തെല്ലു പോലും. (൧൦൨)

ഭയന്നു മണ്ടിപ്പുരപാലരെല്ലാ-
മകന്നൊരാർക്കോടപുരത്തിലെത്തി
ഒരുക്കമോരോന്നു നടത്തി വീരൻ
പടയ്ക്കു വിശ്രാന്തി കൊടുത്തു വാണു. (൧൦൩)

രണത്തിനായ് നൂതനയോധരെച്ചേ-
ർത്തിണക്കി വീണ്ടും പുരപാലസൈന്യം
അണഞ്ഞ നേരം നിജകൌശലം കൊ-
ണ്ടതിന്നു ഭംഗത്തെയവൻ വരുത്തി. (൧൦൪)

അറിഞ്ഞിതെല്ലാം ത്രിശിരഃപുരത്തി-
ലിരുന്നിടുന്നോരു നഭാവു ധീരൻ
സൈന്യങ്ങളോടാത്മജനായ രാജാ-
സാഹിബ്ബിനെപ്പോരിനയച്ചു വേഗാൽ. (൧൦൫)

മാർഗ്ഗത്തിൽവെച്ചാന്ന പരാങ്കിമാരാൽ
ശീഘ്രം തഴച്ചീടിന സൈന്യമോടേ,
ഉത്തക്കേറിട്ടം ക്ലൈവു വസിച്ചിടുന്നോ-
രാക്കോടവപ്രത്തെയവൻ വളഞ്ഞു. (൧൦)

ഏതാനുമാങ്ഗ്ലേയർ സമാവസിക്ക-
മേതൽ പുരം സൈന്യഗണം വളഞ്ഞു
നാലഞ്ചു ഹംസങ്ങൾ വസിച്ചിടുന്ന
മണൽപ്രദേശത്തെയൊഴുക്കു പോലെ. (൧൧)

പരന്നു നില്ക്കും പതിനായിരത്തിൽ
പരം ഭടന്മാരെഴുമബ്ബലത്തെ
ഉത്തറം പെട്ടം ക്ലൈവൊടു ചേർന്ന വാഴും
നൂററൻപതാൾ കൂടിയുടൻ തടുത്തു. (൧൨)

മഹാബലം ചേർന്നൊരു രാജസാഹി-
ബ്ബഹോ ! ബലാൽ ക്ലൈവിനെ വെന്നതില്ല;
മഹത്ത്വമേറീടിലുമന്ധകാര-
മെതിപ്പതോ തീപ്പൊരിയോടു തെല്ലും?. (൧൩)

നിബ്ബന്ധമാർന്നും നിതരാമെതിത്തും,
നിരുദ്ധരായും വൃഥയെസ്സഹിച്ചും
ഒട്ടേറമൌത്സുക്യമൊടന്ന പോരിൽ
പെട്ടങ്ങിവർക്കൻപതു നാൾ കഴിഞ്ഞു. (൧൪)

ക്ലൈവിൻെറ വിയ്യാതിശയം ശ്രവിച്ചി-
ട്ടവന്നു സാഹ്യത്തിനു വേണ്ടിയന്നാൾ
മഹാമഹാരാഷ്ട്രബലങ്ങളോടേ
മുരാരിയാം രായരുടൻ തിരിച്ചു. (൧൫)

മുരാരി വന്നെത്തുവതിന്നു മുൻപി-
ലാക്കോടദേശത്തെയടക്കുവാനായ്
ആ രാജസാഹിബ്ബു തുനിഞ്ഞു പാരം,
സാലപൻ പുരാ ദ്വാരകയെക്കണക്കേ. (൧൬)

പാനം കഴിച്ചേറെ മദം കലന്ന-
ന്യൂനം തെളിഞ്ഞുതടശൌര്യമോടേ
പണ്ടേ വിരോധം പരമാംഗലേയ-
ലോകത്തിനോടുള്ള പരാങ്കിമാരും, (൧൧)

കഞ്ചാവു കൊണ്ടുള്ള രസായനത്തെ-
യഞ്ചാതെ ഭക്ഷിച്ചതുമൂലമുള്ളിൽ
ശ്രദ്ധാജഡത്വം ദ്വിഗുണീഭവിച്ച
തുലുഷ്കവൃന്ദങ്ങളുമപ്രകാരം, (൧൨)

ചേൎന്നുള്ള സൈന്യങ്ങളെ മുന്നിലാക്കി-
ച്ചിന്നും രുഷാ കോട്ട തകൎപ്പതിന്നായ്
ഉറച്ച വീരാഗ്രണി രാജസാഹി-
ബ് ബുടൻ തുനിഞ്ഞാനതിധൈൎയ്യമോടേ. (വിശേഷകം)
(൧൩)

ചങ്ങാടമേറീട്ടു കിടങ്ങു ലംഘി-
ച്ചിഭങ്ങളെക്കൊണ്ടഥ കോട്ടയെല്ലാം
മങ്ങാതിടിപ്പിച്ചു തകൎത്തു നേരി-
ട്ടങ്ങാക്രമിച്ചാരവർ നാലു പാടും. (൧൦)

അസ്പഷ്ടമായോ ബഹുസൂക്ഷ്മമായോ
വിലോലമായോ മരുവുന്ന ലക്ഷ്യം
തകൎത്തിടാൻ കൌശലമാൎന്ന ശത്രു-
വ്രജങ്ങൾ പാടേ വെടിയും തുടങ്ങി. (൧൧)

പടൎന്നു വേരൂന്നിയ വാശിയോടേ
കടന്നു നേരിട്ടവരിപ്രകാരം
തുടൎന്ന ഘോരാജി മുഹൂൎത്തകാലം
നടന്നു ലോകങ്ങൾ നടുങ്ങുമാറായ്. (൧൨)

കലുക്കമുളവായ് ക്രമാൽ മദമടങ്ങി മങ്ങിത്തദാ
തുലുഷ്കഭടരാടൽ പൂണ്ടഥ മടങ്ങി വാങ്ങീടിനാർ;
അടിയ്ക്കടി ഭവിച്ചിടും വിജയമാൎന്നൊരാങ്ഗ്ലേയർതൻ-
പടജ്ജനമടക്കളും പൊടിപൊടിച്ചു തുള്ളീടിനാർ. (൧൩)

വീരാഗ്രേസരനായ ധീരമണിയക്കൈവും തെളിഞ്ഞിട്ടുടൻ
പോരാളുന്ന മുരാരിയോടിടകലർന്നുത്തുംഗവൈരത്തോടേ
പാരാതെത്തി, യൊളിച്ചുമണ്ടിയുഴലും രാജാഖ്യസാഹിബ്ബിനു-
ള്ളോരാശ്ശിഷ്ടബലങ്ങളേയുമഖിലം നേരിട്ടൊതുക്കീടിനാൻ.
(വ്യ)

വന്നാശ്രയിച്ച രിപുസൈന്യജനങ്ങളോടൊ-
ത്തന്നാ മഹീപതി ജയിച്ചു തിരിച്ചിടുമ്പോൾ
കാഞ്ചീപുരത്തെ നിജകീർത്തിനതാംഗിയാൾതൻ-
കാഞ്ചീഗുണത്തിനു സമം തരസാ ലഭിച്ചു. (വ്യ)

പോന്നീടും വഴി ഭൂപ്ളിതന്നുടെ ജയസ്തംഭം തകർത്തഞ്ജസാ
ചിന്നും തന്നുടെ കീർത്തി തത്ര വഴിപോൽ സ്ഥാപിച്ചു, സൽ
(സൌഹൃദം
മുന്നേയുള്ള മഹമ്മദാലിയെ നഭാവാക്കിത്തിരിച്ചെത്തിടും
സൈന്യേശന്നു നിജാധികാരപദമക്കൈവന്നു നൽകീടിനാൻ.
(വ്യ)

പിന്നെ ക്കൈവിനൊടും മുരാരിയൊടുമീ ലാറൻസു സൈന്യാധി
പൻ
ചേർന്നിടും മഹിതൂരഭൂപതിയൊടും തഞ്ചാപുരാധീശനാം
മന്നൻതന്നൊടു,മാലിയായനൃപനെബ്ബന്ധിച്ചൊരച്ചണ്ഡനെ-
ച്ചെന്നേററത്രിശിരഃപുരത്തിലുടനേ പോരിൽ ജയിച്ചീടിനാൻ.
(വ്യ)

പാരം ഭീതിയൊടാലിയെപ്പുനരഹോ! കൈവിട്ടു പോയിട്ടുടൻ
ശ്രീരംഗത്തിലണഞ്ഞ ചണ്ഡനവിടെശ്ശത്രുക്കളാൽ ബദ്ധനായ്;
പാലിച്ചീടണമെന്നു താനവനിരന്നെന്നാകിലും വധ്യനെ-
ന്നാലോചിച്ചവനെ സ്വഭൃത്യനിരയാൽ കൊല്ലിച്ചു തഞ്ജാധിപൻ.
(വ്യ)

ഏവം ശത്രുവിഹീനമാക്കി വഴിപോൽ കർണ്ണാടകം തുർണ്ണമ-
ന്നാവിർമ്മോദഭരം പരാങ്കിമദവും നിർവ്വാസനംചെയ്തുടൻ
താവുംസംഗരഖേദമാററുവതിനായിങ്ഗ്ലണ്ഡിലേയ്ക്കായ് മഹാൻ
ക്കൈവും ഹന്ത! തിരിച്ചു ചാരുവിജയശ്രീയോഗഭൂയോരസം.
(വ്യ)

"കർണ്ണാടകാസ്കന്ദനം" എന്ന
മൂന്നാം സർഗ്ഗം
സമാപ്തം.

നാലാം സർഗ്ഗം.

ഒന്നിച്ചു ചെയ്ത സമരത്തിലമന്ന ദേശ-
മോരോന്നുമന്ന വഴിപോൽ വിഭജിച്ചതിങ്കൽ
ഒട്ടേറെയാംഗ്ലസഖതപമിയന്ന മാഹാ-
രാഷ്ട്രാധിനാഥനു വിപക്ഷതയുത്തവിച്ചു. (എ)

ശൂരത്വമുള്ള മഹിശൂരഭടേശനും തൽ-
പ്രാരംഭമോർത്തു നിജസന്ധി ഗണിച്ചിടാതെ
പാരം പരാങ്കികളിലാന്നൊരു പക്ഷപാതാൽ
പാരാതെയാംഗ്ളശിബിരത്തെ വെടിഞ്ഞു പോയാൻ. (വ)

തഞ്ജാപുരാധിപതിയന്നു തടസ്ഥഭാവാൽ
സഞ്ജാതമൌനമുടനാത്മഗൃഹം ഗമിച്ചു;
ക്ലൈവെന്ന വീരനുമിതൊക്കെ വെടിഞ്ഞു ദൂരെ-
ക്കൈവന്ന വിശ്രമസുഖേന രമിച്ചു ഗേഹേ. (ന)

ബോധിച്ചു രസ്ത്രമിതു, ശത്രുഗണങ്ങൾ യുദ്ധം
സാധിച്ചിടുന്നതിനു പിന്നെയുമാഗ്രഹിച്ചു;
ബാധിച്ച വൈരമൊടുടൻ ത്രിശിരഃപുരത്തെ
രോധിച്ചു വീണ്ടുമവരന്നതിദീർഘകാലം. (ര)

സൈന്യങ്ങളങ്ങിളകവേ ഹതനായിതന്നാ-
ളുന്നമ്രജന്യമതിൽ മൃത്സഭജംഗവീരൻ;
നൈസാംപദത്തിലുടനേ സലഖാതജംഗ-
നാകും കുമാരനെ മുദാ നിയമിച്ചു ദൂപ്ളി. (ഭ)

ദൂപ്ളേ കൊടുത്ത മഹി വേണ്ടവിധം ഭരിപ്പാൻ
ദൂപ്ളേയൊഴിഞ്ഞിടുകിലായവനില്ല ശക്തി;
ദൂപ്ളിക്കെഴുന്ന ബലമോ നിജസൈന്യമത്രേ;
സൈന്യങ്ങൾതൻനില പണച്ചെലവിന്നധീനം. (ന)

ചിന്തിച്ചിദം ബത ! പരാങ്കിജനത്തിനായി-
സ്സന്ധിപ്രകാരവുമവൻ ബഹുദേശജാലം
സമ്മാനമായുമുടനേകി;—യതാകെയന്നാ-
ളുഞ്ഞൂറു നാഴിക വിശാലതയാന്നിരുന്നു. (൭)

കൌശല്യമോടു പലമാതിരി താൻ പിടിച്ചു
ദേശങ്ങളൊക്കെയഥ ടിപ്പു മുദാഭരിച്ചു;
സൈന്യേശനായ ബുസിയും ജയമാഗ്രഹിച്ചു
ജന്യം നടത്തി മദമാന്നിഹ സഞ്ചരിച്ചു. (൮)

ചണ്ഡൻ മരിച്ചൊരളവിൽ സ്വയമേവ ടിപ്പു
കർണ്ണാടകത്തിലെ നഭാവതയെക്കൊതിച്ചു;
അന്നാംഗലേയജനമത്ര മഹമ്മദാലി-
തന്നോടെഴും പ്രണയമോർത്തതിൽ മത്സരിച്ചു. (൯)

നീണ്ടങ്ങു നിന്നു പുനരത്രിശിരഃപുരത്തി-
ലുണ്ടായ രോധനമഹോ! പതിനെട്ടുമാസം;
ഉണ്ടായിരുന്ന ചിരസഞ്ചിതമായ കോശം
രണ്ടാളുകൾക്കുമൊരുപോലതിനാൽ ക്ഷയിച്ചു. (൧൦)

ഏവം ഭവിച്ച പല ദീർഘരണങ്ങൾ മൂല-
മീ വാണിജ്യാധിപതിമാരതി മാൽ കലന്നു,
വാണിജ്യവൃത്തികളെ വേണ്ടവിധം വഹിച്ചു
വാണീടുവാൻ കഴിവരാതെ വലഞ്ഞു പാരം. (൧൧)

ഇന്ന രണ്ടു കൂട്ടരുടെയും കഥ ജന്മദേശ-
ത്താരാൽ വസിപ്പൊരു വിനേതൃജനങ്ങൾ കേട്ടു
ഇൻഡ്യയ്ക്കു വന്ന നിജകിങ്കരരിങ്ങകാണ്ടു
ശണ്ഠയ്ക്കൊരുങ്ങിയതിലന്നതിനിന്ദയാന്നു. (൧൨)

എന്നും പരസ്പരവിരോധമിയന്ന വാണീ-
ടുന്നോരു ഭാരതമഹീപതിമാരിലേവം
അന്നാളിലായവർ നടത്തിയ വൃത്തിയേതും
നന്നല്ലയെന്നിഹ വിനേതൃജനം നിനച്ചു. (൧൩)

വാണിജ്യവൃത്തിയതിനായ് നിയമിച്ച വിത്ത-
ശ്രേണിക്കതിങ്കലുളവാകിയ ലാഭമെല്ലാം
മേനിക്കു വേണ്ടിയിവർ സൈനികവേതനാർത്ഥം
മാനിച്ചഴിച്ചതിലുദിച്ചിതവർക്കു രോഷം. (൧൮)

ആംഗ്ലേയനായകപരാങ്കിവരർക്കു തമ്മിൽ
സഖ്യം സ്വദേശമതിലുള്ളതു പാർത്തുകണ്ടാൽ
ഉത്സർഗ്ഗസിദ്ധമിഹ സന്ധിയഹോ! പ്രഗൃഹ്യ-
ശബ്ദങ്ങൾ പോലെയിവരെങ്ങനെ കൈവെടിഞ്ഞു? (൧൯)

സ്വസ്വാമിശാസന കടന്നു വിഗൃഹ്യഭാവം
സ്വച്ഛന്ദമാർന്നു മരുവുന്നൊരിവർക്കു വീണ്ടും
ചേണാർന്നിടും പ്രകൃതിഭാവദൃഢീകൃതിക്കായ്
ചെയ്യേണ്ടിവന്നു ഖത! സന്ധി;-യിതദ്ഭുതം താൻ. (൨൦)

സിംഹാസനം സ്വയമണഞ്ഞിടുവാൻ കൊതിച്ചി-
ട്ടോരോ വിരോധമുളവാക്കിന ഡൂപ്ളിയാകും
ഏകൻ ദൃഢം സമരനാടകസൂത്രധാര-
നാകുന്നതെന്നു പരമാംഗലർ നിശ്ചയിച്ചു. (൨൧)

മുന്നം നഭാവകുലപാംസനനായ ചണ്ഡൻ-
തന്നെദ്ധനം വളരെ നൽകി വിമുക്തനാക്കി,
കർണ്ണാടകത്തിലുളവായൊരിളക്കമേററം
വർദ്ധിപ്പതിന്നിട കൊടുത്തതു ഡൂപ്ളിയല്ലോ. (൨൨)

ന്യായം വെടിഞ്ഞിഹ നഭാവതയെ ഗ്രഹിച്ചോ-
നായുള്ള ചണ്ഡനിലിവന്നുളവായ മൈത്രി
സ്വാർത്ഥൈകതൽപരതയാകുമധർമ്മമെന്നു
ശങ്കിച്ചുതേ ചില പരാങ്കികളും തദാനീം. (൨൩)

മുൻപേ ചിരം സമരമാർന്ന സന്ധി കൈക്കൊ-
ണ്ടൻപോടു താനമരുമാങ്ഗ്ലപരാങ്കിപന്മാർ
ചിന്തിച്ചുകാലകലഹത്തെ നിറുത്തുവാനായ്
ഡൂപ്ളിക്കെഴുന്നൊരധികാരമുടൻ വിടുത്തി. (൨൦)

ദുന്നീതിയായ വല കെട്ടിയിരുന്നു തീററി-
യൊന്നേ കൊതിച്ചു മരുവീടിന ടിപ്പ്ളിയാകും
ഉറുണ്ണായുതന്നെയധിവാസഗൃഹത്തിൽ നിന്നും
തുണ്ണം തുരത്തിയവർ ദുഷ്ടശങ്കയാലേ. (൨൧)

നീതിക്കു നല്ല പടുവെങ്കിലുമാജിശൌര്യാ-
പേതൻ ജിഗീഷുകുലകുഞ്ജരനായ ടിപ്പ്ളി
സിംഹാസനേച്ഛയതിയായി വളർന്നമൂലം
നിഷ്കാസനം സപദി കേവലമേവമാന്നു. (൨൨)

ഒരംവണ്ണമുള്ള ഹൃദയപ്രിയനായ നാഥൻ
കൈവിട്ടുമൂലമുടനത്ര നവോഢയാകും
ആ വൻപരാങ്കിജനലക്ഷ്മിയുമസ്തസൌഖ്യം
ഭാവം പകർന്നമിതഖേദമിയന്നുവല്ലോ. (൨൩)

അന്നാളിലാംഗലജനങ്ങൾ പറഞ്ഞ മട്ടിൽ
നന്നായിണങ്ങിയൊരുടമ്പടിയുത്ഭവിച്ചു ;
പിന്നീടവർക്കതുവിശാലിരുവർക്കുമൊപ്പം
തോന്നുംവിധം തുടരുവാനരുതാതെയായി. (൨൪)

ആർക്കോടമായ നഗരത്തെ മഹമ്മദാലി,
ഹൈദ്രാപുരത്തെയതുപോൽ സലബാതജംഗൻ,
ഏകൻ നഭാവഥ പരൻ പരിചോടു നൈസാ-
മേവം പദങ്ങളൊടു ചേർന്നു, സുഖം ഭരിച്ചു. (൨൫)

തോന്നുന്ന പോലതിർ കവിഞ്ഞിവർ ചെയ്തിടുന്ന
ദുന്നീതിവൃന്ദമിഹ കണ്ടു തടസ്ഥഭാവം
എന്നും ഭജിച്ചുമരുവാ, നതിയായ വീര്യം
ചിന്നും യുരോപജനതയ്ക്കു കഴിഞ്ഞതില്ല. (൨൬)

സ്വാതന്ത്ര്യവാഞ്ഛയുടയോരിവരെത്ര നാള-
സ്സന്ധിപ്രതിജ്ഞയിലടങ്ങിയൊതുങ്ങി വാഴും ?
മാറായ്തിന്നു ചരണത്തിലണച്ചു യഷ്ടി
മത്തദ്വിപപ്രവരരിങ്ങു ഗണിപ്പതുണ്ടോ? (൨൭)

അന്നാളിലാങ്ഗ്ലജനബന്ധു മഹമ്മദാലി
പാലിച്ചിടും പ്രജകളിൽ ചിലർ ശങ്കയെന്യേ
ഒന്നായണഞ്ഞവനിലുള്ള നൃപാധികാരം
വിദ്വേഷമോടു നിരസിപ്പതിനായ് തുനിഞ്ഞു. (൨൭)

അൻപേലുമാംഗലജനങ്ങളിവന്നെഴുന്ന
വൻപേറിടുന്നൊരു നഭാവപദത്തിനേതും
കമ്പം വരായ്വതിനു മാത്രമുടൻ തുണച്ചാർ
മുൻപേ നടത്തിയൊരുടമ്പടി മൂലമിന്നും (൨൮)

മുന്നം മടങ്ങിയവരെങ്കിലുമത്ര വീണ്ടും
വന്നൊരു കൃത്യമിദമോർത്തവരസ്തശങ്കം
അന്യാങ്കതൂയ്യനിനദം വഴിപോലെ കേട്ട-
ക്കണ്ണാടദേശരണരംഗതലത്തിലെത്തി. (൨൯)

നൈസാമനേകിയ വടക്കിയലുന്ന ദേശ-
ജാലം ഭരിപ്പൊരു പരാങ്കികളും നിതാന്തം
വൈരം കലർന്നു, ചില നാൾ വെറുതേയിരുന്ന
ഘോരായുധങ്ങൾ വഴിപോലെ വഹിച്ചു വീണ്ടും. (൩൦)

രാജ്യം ലഭിച്ചു മരുവും സലബാതജംഗൻ
പ്രാചീനമന്ത്രിജനചോദിതനായതന്ത്രം
അന്നപ്പരാങ്കിവരശാസനയിങ്കൽ നിന്നും
നന്നായ് സ്വതന്ത്രത ലഭിപ്പതിനായ് തുനിഞ്ഞു. (൩൧)

ബോധം കലർന്ന ബുസിയീ വിവരം ഗ്രഹിച്ചു-
ക്രോധം കണക്കിലധികം പിടിപെട്ടു ചെന്നു
ക്രൂരാതെ ശീഘ്രമുപപീഡനനീതി കൊണ്ടു
നൈസാമഭൂപനെ വശംവദനാക്കിവെച്ചു. (൩൨)

ചൊൽക്കൊണ്ട സംഗതിയിലൊന്നിലുദിച്ചതായോ-
രൽകണ്ടു കൊണ്ടിഹ യുരോപമഹീതലത്തിൽ
മുഷ്ക്കാളുമാംഗലപരാങ്കിജനങ്ങൾതമ്മിൽ
ഗ്ഗുഷ്ക്കാന്തി പൂണ്ടൊരു മഹാകലഹം ഭവിച്ചു. (൩൩)

വൈരാങ്കുരം ബത! മുളച്ചൊരു മാത്രയിൽ താൻ
ധാരാളമങ്ങു വലുതായി വളർന്നുവന്നു;
ഘോരത്വമുള്ള വിഷബിന്ദുവൊരേടമാർന്നാൽ
ഘോരം ഘരന്നു തനുവൊക്കെ നിരക്കുമല്ലോ. (൩൫)

മാനം കലർന്നൊരു പരാങ്കിവിനേതൃസംഘം
മാനിച്ചിടേണ്ട ബലമേറിയ ലാലിയാകും
ചേണാററ വീരകുലമൌലിയെയാശു നവ്യ-
ശ്രേണിക്കു ഭർത്തൃപദമേകിയയച്ചിതപ്പോൾ. (൩൬)

ഒരുംടേറുമിൻഡ്യയിതിൽ വാണിടുമാംഗ്ളസംഘം
പാടേ തകർത്തു പടയിൽ പൊടിയാക്കുമെന്നായ്
ഗാഢം പ്രതിജ്ഞയഥ ചെയ്തവനങ്ങൊരുങ്ങി
പ്രൌഢപ്രതാപമധികാരപദത്തിലെത്തി. (൩൭)

എല്ലായിടത്തുമൊരുമിച്ചു തടഞ്ഞുകൊണ്ട-
ത്യുല്ലാസശാലി കുശലാവലിമൌലി ലാലി
ചൊല്ലാളുമദ്ദ്യുദയമാർന്ന രിപുക്കളോടു
മല്ലാടുവാൻ മഹിതവീര്യമൊടേ തുനിഞ്ഞു. (൩൮)

മാഴ്കാതെ കുപ്പൽവഴി വന്നു കിഴക്കെഴുന്നോ-
രാഴിക്കരയ്ക്കുവനിറങ്ങിയ മാത്രയിൽത്താൻ
പാടേ പടപ്പുഴതി കൊണ്ടു പടുത്വമോടേ
മൂടിപ്പൊതിഞ്ഞു ബത! ദേവിദുർഗ്ഗമാർഗ്ഗം. (൩൯)

ദുർഗ്ഗം തടഞ്ഞൊരളവിൽ പുനരാങ്ഗലേയ-
വർഗ്ഗം ഗതാഗതനിരോധമുദിക്കുമൂലം
ചൊൽക്കൊണ്ട ബാഹ്യരിപുവെക്കവിയും വിശപ്പാ-
മുഠംക്കൊണ്ട ശത്രുവരനാലതിയായ് വലഞ്ഞു. (൪൦)

പ്രാകാരരക്ഷി വലുതായ നിരോധനത്താൽ
വേഗം തുറന്നു ബത! ഗോപുരജാലമപ്പോൾ;
തെറെറന്നു കിട്ടിയ ജയത്തിൽ മദിച്ച ലാലി
പുറെറന്ന പോലെ മതിലൊക്കെയുടൻ തകർത്തു. (൪൧)

ശത്രുക്കൾ തോററോരളവിങ്കലശേഷനാശം
പററിപ്പതിന്നഥ മുതിന്നു; വടക്കു നിന്നും
ശീഘ്രം വരുത്തി ബുസിയേയു; മസംശയം താൻ
മദ്രാസിലേയ്ക്കു മടിയാതെയവൻ തിരിച്ചു. (൭൨)

ആട്ടിക്കളഞ്ഞിഹ ജനത്തെയശേഷവിത്തം
കോട്ടം വെടിഞ്ഞു ഭയ വിട്ടഥ കൊള്ളയിട്ടു
നാട്ടിന്നു ലാലിബുസിമാരതിനിഷ്ഠുരന്മാർ
പെട്ടെന്നു നൽകിയൊരു നഷ്ടമവർണ്ണനീയം. (൭൩)

ക്രൌഞ്ചോത്തടം പുരമശേഷമണഞ്ഞിവർണ്ണം
പൌരവ്രജങ്ങളെയിളക്കിയുടൻ തിരിച്ചു
ശൌര്യം വളർന്നൊരവരപ്പരിഖോപകണ്ഠേ
നേരിട്ടു പാളയമടിച്ചു വസിച്ചിതന്നാൾ. (൭൪)

പാപഗ്രഹത്വമിയലുന്ന പരാങ്കികേതു
കോപം കലർന്നമിതദുർവ്വിനയപ്രരോഹാൽ
മെത്തും പ്രകാശമെഴുമാംഗലജപ്രതാപ-
മാർത്താണ്ഡനെ ക്ഷണമകാണ്ഡമതിൽ ഗ്രഹിച്ചു. (൭൫)

ലാറൻസുവാകിയൊരു വൃദ്ധഭടേശനോടും
നാലായിരം ഭടരൊടും ഖേത! മദ്രഭൂത്താ
വീരൻ പിഗോടനവിചിന്തിതമായ രോധം
നേരിട്ടതങ്ങനെ സഹിച്ചുമരേണ്ടിവന്നു. (൭൬)

'മന്ത്രത്തിനുള്ള വഴി രണ്ടിഹ തന്ത്രമെന്നു-
മാവാപമെന്നുമിതി സൂരികളോതിടുന്നു,
സാധിച്ചു വേണ്ടവിധമായതു രണ്ടു'മെന്നു
നീതിജ്ഞരാകുമവരന്നു സമാശ്വസിച്ചു. (൭൭)

'പ്രാണങ്ങളാണു വലുതോർക്കിലെവർക്കു, മേററം
ക്ഷീണങ്ങളാമതുകൾ ഭക്ഷണമററിടുമ്പോൾ,
താനേ നശിക്കുമഥ ഗർവ്വു'മെന്നു ചിന്തി-
ച്ചാനന്ദമോടരികളും ഖേത! കാത്തിരുന്നു. (൭൮)

എന്താകിലും കീഴിയുകില്ലഹമെന്നൊരുത്ത;—
നെന്താകിലും കിഴിയണം രിപുവെന്നൊരുത്തൻ;
നിബ്ബന്ധമേവമവരങ്ങനെ രണ്ടുമാസ—
മത്യന്തവാശിയൊടു ഹന്ത! പിടിച്ചു വാണു. (൭൯)

സൈന്യാന്തരങ്ങൾ വെടിഞ്ഞിഹ കാലദേശ-
മാലോചിയാതെയതിഗർവ്വിതനായ് വസിക്കും
വൻപാന്ന ലാലിയുടെ കൂട്ടരിലീർഷ്യ മുൻപേ-
യുണ്ടായിരുന്നതുടനുന്മിഷിതം കലർന്നു. (൮൦)

തുംഗത്വമൂഢമതി ലാലിയുമായ് പിണങ്ങി—
ത്തിങ്ങുന്ന വീറൊടു പരാങ്കിജനാധിപന്മാർ
തങ്ങൾക്കു ദോഷമരുളും പല കൃത്യജാലം
മങ്ങാതെ ചെയ്തിടുവതിന്നുടനേ തുടങ്ങി. (൮൧)

ദേവാലയോപഹതി, സജ്ജനപീഡ, ഭൂമീ-
ദേവൌഘഹിംസ മുതലായവ ചെയ്തു മുന്നേ
മേവുന്ന ലാലിയിലുദിച്ച ജനപ്രകോപ-
മാവോ! വളർന്നധികമായുടനേ പടർന്നു. (൮൨)

കൌശല്യമോടടിനവോദ്ധൃതമാം വടക്കേ—
ദേശത്തിൽ നിന്നു ബുസിയന്നു പിരിഞ്ഞതോരർത്താൽ
തത്രാധിപത്യദൃഢതയ്ക്കു ദൃഢീകരിച്ചോ—
രാധാരയഷ്ടി പിഴതെന്നതു പോലെയായി. (൮൩)

തുംഗാശയൻ ബുസി ഗമിച്ചളവിങ്കലേററ-
മുത്സാഹവാൻ വിജയമാം നഗരത്തിനീശൻ
വങ്ങാഗതാങ്ഗലജരോടു സമേതനായി—
ബ്ഭഞ്ജിച്ചു തത്ര ഗതമായ പരാങ്കിവൃന്ദം. (൮൪)

തത്രാഗതൻ സുമതിയാങ്ഗലസൈന്യഖണ്ഡ-
ഭർത്താവു പാർത്ഥസമവീര്യമിയന്ന പോർട്ടൻ
ശത്രുവ്രജത്തെയഖിലം ചുവടോടിളക്കി
നിർമ്മൂളിയാക്കുവതിനന്നതി വാഞ്ഛയാൻ്നു. (൮൫)

എന്നാകിലും പഴയപോലൊരിളക്കമെന്യേ
നിന്നങ്ങു ലാലിയുടെ മദ്രപുരോപരോധം;
ആസന്നമൃത്യുപുരുഷൻ ശിഥിലാംഗസത്ത്വ-
നായീടിലും വിടുകയില്ല പിടിച്ച മുഷ്ടി. (൫൬)

ശത്രുക്കൾതന്നുരുവിപത്തിനു ധൂമകേതു-
വുദ്യൽപരാങ്കിജനകീർത്തിശശാങ്കകേതു
ഉത്തുംഗവേഗമണയും രണപോതകേതു-
വത്തവ്വിലണ്ഡിനടുവിൽ ഖേദ! കാണുമാറായ്. (൫൭)

പൂർവ്വാംബുരാശിയതിൽ നിന്നരുണാഭ കൈക്കൊ-
ണ്ടെഴുന്നുന്ന കപ്പൽനിരതൻകൊടി കണ്ട നേരം
പേടിച്ചു മണ്ടിയിതു മദ്രപുരത്തിൽ നിന്നു
പെട്ടെന്നു ലാലിബലമന്നു തമസ്സു പോലെ. (൫൮)

ഇത്ഥം ശത്രുഗണം ഗമിച്ചൊരളവമ്മദ്രാസിൽ വാഴും ബലം
പുത്തൻ സൈന്യമൊടൊത്തു ഗ്ലഡ്മഹതിയാം ക്രൂടാഖ്യനാൽ (നീതമായ്
ക്ഷിപ്രം ചെന്നഥ വന്ദിവാസസവിധം പ്രാപിച്ചു ശത്രുക്കളെ-
ക്കെല്ലോടേയെതിരിട്ടു പോരിൽ വിജയം കൈക്കൊണ്ടു വേണ്ടും (വിധം. (൫൯)

ബന്ധിച്ചുഖ്ബുസിയെ, പ്പുരം കരികളും നേടി, പ്പുതുച്ചേരിയിൽ-
ത്തന്നേ ലാലിയെയും തടഞ്ഞതിനെഴും സാലം തകർത്തഞ്ജസാ
ചാതുര്യത്തൊടെടുത്തു ജിഞ്ജിനഗരം ശത്രുക്കളെപ്പോക്കിനാൻ
ഖ്യാതപ്ളാസിരണാങ്കണോത്ഥവിജയശ്രീയോടു വന്നോരവൻ. (൬൦)

പോർട്ടൻ പിടിച്ചിഹ മഥിച്ചധികം വടക്കേ-
ദ്ദേശത്തിൽ നിന്നഥ കടത്തിയ വൈരിവൃന്ദം
ആഡംബരം സകലമാശു നശിച്ചു ദുഃഖം
കൂടിത്തളർന്നു കുമിളിൻനിര പോലെ വാടി. (൬൧)

ചൊല്ലേറുന്ന നിജാസ്പദത്തെയിവിടെ സ്ഥാപിപ്പതിന്നായയ-
ച്ചുള്ളോരുന്മദനായ ലാലിയതിനെപ്പാരം ക്ഷയിപ്പിക്കയാൽ,
ഉള്ളത്തിൽ കൊതിയുന്നതിക്കിയലുമദ്ദുഷ്ടൻ സ്വദേശം ഗമി-
ച്ചുല്ലസിപ്പെട്ടഥ വധ്യശൂലഗതനായ് ദേഹം വെടിഞ്ഞീടിനാൻ. (൯൨)

ഓരായിരത്തിലെഴുന്നൂറുമൊരൻപതഞ്ചും
ചേരുന്ന നാലുമിയലുന്നൊരു വത്സരത്തിൽ
സദ്യഃ പരാങ്കിബലസംഹതി വന്ദിവാസ-
യുദ്ധത്തിലങ്ങപമൃതിക്കിരയായ് ഭവിച്ചു. (൯൩)

കാലേ തെളിഞ്ഞൊരധിരാജനൃപങ്കൽ നിന്നു
ഭോഗാധികാരമഥ മോദമൊടേ ലഭിച്ചു
ഉന്നിദ്രരാജപദമാൻമടനാംഗലേയ-
വൃന്ദം പിടിച്ചു മഹിയെസ്സുഖമായ് ഭരിച്ചു. (൯൪)

അക്കാലം സലബാതജംഗനൃപനെക്കൊന്നാശു ഹൈദ്രാപുരം
നൈസാമാലിയു, മായപോലിഹ മഹീശൂരാവനീമണ്ഡലം
കൈക്കൊണ്ടാനഥ ഹൈദരാലിയു, മുടൻ ചേന്നിട്ടു രണ്ടാളുമായ്
ദൈവച്ചൃന്മാരൊടെതിർത്തു തോററു സഹസാ സന്ധിച്ചു പിൻവാ
ങ്ങിനാർ. (൯൫)

ശ്രീമാൻ ക്ലൈവുമതിന്നിടയ്ക്കിഹ തിരിച്ചെത്തീടിനാൻ നവ്യമാം
സ്ഥാനത്തോടഥ; വന്ന വാക്കു ജലചോരേന്ദ്രം ജയിച്ചുഞ്ജസാ
തദ്ദ്രവ്യം സ്വഭടക്കു നൽകിയുടനേ വംഗസ്ഥരാമാംഗല-
ക്കാപത്തെന്നതു കേൾക്കയാൽ കടൽവഴിക്കങ്ങോട്ടു പോയാൻ ജ
(വാൽ. (൯൬)

"പരാങ്കിനിഷ്ക്കാസനം"

എന്ന

നാലാം സർഗ്ഗം

സമാപ്തം.

അഞ്ചാംസർഗ്ഗം.

അന്നങ്ങു കച്ചവടമാന്നിഹ കാളിഘട്ടം—
തന്നിൽ പ്രമോദമൊടു വാണിടുമാങ്ഗ്ലന്മാർ
കന്നിച്ച കോപമിയലുന്ന നഭാവിനാലേ
വന്നോരു നൂതനവിപത്തിലഹോ! കുടുങ്ങി. (൧)

മുൻപേതുടങ്ങിയിവരോടു വിരോധമേററം
വൻപാന്ന വംഗപതിയുള്ളിൽ വഹിച്ചിരുന്നു;
ഓരോതരത്തിലിവരും ഖത! ദേശകാല—
വീര്യോചിതം പ്രതികരിച്ചു വസിച്ചിതന്നാൾ. (൨)

ചൊല്ലേറുമുൽക്കലവിഹാരകവങ്ഗരാഷ്ട്ര-
പാലത്വമാന്നിഹ പുരാ നിവസിച്ച ധീരൻ
ദില്ലീശമന്ത്രിയഥ മൂഷ്ടിദനാമധേയൻ
താനേ സ്വദേശക—നഭാവപദം വഹിച്ചു. (൩)

ഠരംരൊൻപതാം ശതകമത്ര തുടങ്ങിടും നാ-
ളിങ്ങെത്തി വാഴ്വതിനൊരുങ്ങിയൊരാങ്ഗ്ലലൊഘം
മേടച്ചുവട്ടിലരശിൻമുളയെന്നപോലെ
വേരുന്നിടായ്വതിനു പാരമിവൻ ശ്രമിച്ചു. (൪)

പിന്നീടു വന്ന നരപാലകരാങ്ഗ്ലേയ—
വൃന്ദത്തിലുറെറാരു തടസ്ഥതയോടു വാണു;
എന്നാലുമായവരിലേകകനാലിവർദ്ധി
ച്ചിന്നും ഗുണങ്ങളിഹ കണ്ടതിഹാർദ്ദമാന്നു. (൫)

ഓരായിരത്തിലെഴുനൂറുമൊരൻപതഞ്ചും
ചേരുന്ന വർഷമതിലന്നൃപനാലിവർദ്ധി
പേരാന്ന രാജ്യമഥ തൻസുതപുത്രനാകും
ധീരൻ കുമാരകനിൽ വെച്ചു ദിവം ഗമിച്ചു. (൬)

അന്നപത്ഥഭാവമിയലാത്ത സുരാജദൌല-
യെന്നുള്ള നാമമെഴുമന്നരപാലവീരൻ
ദുന്നീതിജാലപരിദൂഷിതമാം മനസ്സിൽ
ചിന്നുന്ന നിർദ്ദയത തന്നെ സദാ വഹിച്ചു. (൭)

പ്രായം തികഞ്ഞുദയമാർന്നഥ ധൂമകേതു-
പ്രായം ഭയങ്കരപരിച്ഛദമുഗ്രമാകും
ഭാവം കലർന്നൊരവനങ്ങഖിലക്കുമുള്ളിൽ
ഭീയന്തഹീനമുളവാക്കിയിളക്കി വിശ്വം. (൮)

മുഷ്ക്കാൻ ബാല്യസമയംമുതലാംഗലേയ-
വർഗ്ഗത്തിലീർഷ്യ കലരുന്നൊരവൻ ദുരാത്മാ
ദുർഗ്ഗം രചിക്കുവതിലുള്ള തദുദ്യമത്തെദ്-
ദുർഗ്ഗർവ്വമോടുടനെതിർത്തു തടുത്തിതപ്പോൾ. (൯)

അന്നങ്ങു ചന്ദ്രനഗരത്തിലടുത്തു വാണി-
ടുന്നോരു വൈരികൾ പരാങ്കികൾ പോരിനായി
വന്നേററിടായ്കതിനു താനിഹ കോട്ട കെട്ടീ-
ടുന്നെന്നു ചൊല്ലിയിവനോടുടനാംഗലേന്ദ്രൻ. (൧൦)

ദ്രേകാഹ്വയൻ സുമതിയാകിയ കാളിഘട്ട-
ദുർഗ്ഗാധിനായകനിവർണ്ണമുരയ്ക്കുമൂലം
നന്ദിച്ചിടാതെ നിജശാസനയെസ്സഹാസം
നിന്ദിച്ചുവെന്നിവനുമുള്ളിൽ നിനച്ചിതപ്പോൾ. (൧൧)

എന്നല്ലവൻ, ബത! നഭാവവിരോധഭീത്യാ
വന്നാശ്രയിച്ച ധനവാനൊരുവന്നു പാരം
ചിന്നും കൃപാരസമൊടേ നിജമായ ദുർഗ്ഗം-
തന്നിൽ സുഖിച്ചുമരുവാനഭയം കൊടുത്തു. (൧൨)

പാരം വളർന്ന നൃപകോപതടാകവാരി-
പൂരം കവിഞ്ഞധികമായ്, ഗതസാരമാകും
തീരം തകർത്തിടുവതിന്നിഹ വന്നുചേർന്നു-
ള്ളീരസ്ത്രമേവ സുതരാം മതിയാകുമല്ലോ. (൧൩)

സൈന്യങ്ങളോടിടകലർന്നുടനാങ്ഗ്ലേയ-
വൃന്ദത്തിനോടെതിരിട്ടതിനിമ്മഹീന്ദ്രൻ
നന്നായ്ത്തുനിഞ്ഞു നടകൊണ്ടിതു, ബാലചന്ദ്രൻ-
തന്നോടു ഘൻതിമിരമന്തിയിലെന്നപോലെ. (൧൫)

വെള്ളം കണക്കഥ പരന്നിടുമല്ലക്ഷ-
മുള്ളോരു സൈനികർ മദിച്ചു ഗമിച്ചു വേഗാൽ
കാസിംബസാർ നഗരിയെപ്പൊടിയാക്കിയേതും
ക്രൂസാതെ ചെന്നുടനണഞ്ഞിതു കാളിഘട്ടം. (൧൬)

ഊററം പെടും കുതിരയാലതിഘോരമായി-
ട്ടേററം മഹാപ്രഹരണങ്ങളിയന്ന സൈന്യം
രോധിച്ചിതാങ്ഗ്ലജനങ്ങടെ കോട്ടയെത്തദ്-
ദ്വീപത്തെയംബുനിധിതൻതിരമാല പോലെ. (൧൭)

കാസിംബസാറിലുള്ളവായ വിശേഷമെല്ലാം
ത്രാസം കലർന്നുടനറിഞ്ഞിഹ പൌരജാലം
ആബാലവൃദ്ധമഥ കപ്പൽ കരേറിയുദ്യ-
ത്താപാതിരേകതരളം തരസാ തിരിച്ചു. (൧൮)

ഹാ! കേവലം മൊഴിയിൽ വീൎയ്യമെഴും ബലേശൻ
ദ്രേകാഖ്യനും മനസി ഭീതി വളൎന്ന പാരം
പ്രാകാരപാലരുമുടൻ നിജരക്ഷയിങ്ക-
ലേകാഗ്രഭാവമൊടു മണ്ടിയൊളിച്ചിതപ്പോൾ. (൧൯)

നായാട്ടുനായ്ക്കളെതിരിട്ടു വളഞ്ഞിടുമ്പോൾ,
പായും മൃഗാവലികളും, ബഹുധൈൎയ്യമോടേ
മേവും മൃഗേന്ദ്രരുമിയന്ന വനം കണക്കേ-
യാൎയ്യന്നിതപ്പൊഴതിലപ്പുരമല്ലസൈന്യം. (൨൦)

അല്ലല്ലെടുന്നൊരവ, രായുധവിദ്യ ശീലി-
ച്ചില്ലെങ്കിലും ധൃതിയെഴുന്നൊരു ഹാല്ലുലാകം
കല്യന്ന നേതൃപദമേകിയുടൻ, കടന്നു
മല്ലിന്നണഞ്ഞ രിപുസേനകളോടെതിൎത്തു. (൨൧)

ചാടിക്കടന്നു ബഹുവിസ്തൃതിയുള്ള മാഹാ-
രാഷ്ട്രാഖ്യമാകിയ കിടങ്ങൊരു ഗോഷ്പദം പോൽ
പാരാതുടൻ പ്രകടഗോപുരമാം പുരത്തിൽ
ധാരാളമങ്ങു നൃപസൈന്യികർ ചെന്നു കേറി. (൨൧)

പണ്ടേ മദിച്ച നരപാലനവൻ ജയശ്രീ
കൊണ്ടേറിയോരു മദമോന്നു ഞെളിഞ്ഞതല്ലം
ഉണ്ടായ കൌതുകമൊടന്നഗരത്തിനുള്ളിൽ
കൊണ്ടാടിടുന്ന ഭടരോടിടചേന്നണഞ്ഞു. (൨൨)

ചിക്കെന്നുടൻ ധനമശേഷമഹോ! തദീയം
സൽകീർത്തിയോടപഹരിച്ചഥ, സർവ്വദാനാൽ
സന്ധിപ്പെടുന്നതിനിരന്നതു കുററമാക്കി-
ക്കോപിച്ചു ഹാല്പലൊടിവണ്ണമുരച്ചു ഭൂപൻ. (൨൩)

"രേ മൂഢ! നൈഗമകുലാധമ! വങ്ഗഭൂത്താ-
വാമെന്റെ മുൻപിലഭയത്തെയിരന്നിടാതെ
കാമം ഞെളിഞ്ഞു സമനെന്നതുപോലെ സന്ധി-
കാമം കഥിപ്പതിനു നാണമതില്ലയോ തേ? (൨൪)

അങ്ങാടിയിൽ കൃപണനായൊരു നീയിരുന്നു
തുംഗങ്ങളാകിയ കരാറുകൾ പേശിയെന്നാൽ
ആരും ഗണിച്ചിടുകയില്ലതുപോലെ ചെയ്കി-
ലീ രാജസന്നിധിയിൽ നല്ല ഫലം ലഭിക്കും. (൨൫)

ദുർവൃത്തി കൊണ്ടിവിടെ ലക്ഷ്മിയെയാന്നുകൊള്ളാം
ധൂർത്തന്നു തുല്യമിതി നീ കരുതുന്നുവല്ലീ?
എന്നാലവൾക്കു സഖി കുട്ടനിയായി മേവു-
മിന്നൽക്കൃപാണിയെയുമാശു സഖേ! ഗ്രഹിക്ക. (൨൬)

എന്തിന്നു നിന്നെയഥവാ ബത! നാം ദൂഷി-
ക്കുന്നു?—ന്തർമ്മദേന നിജപോതകരങ്ങളാലേ
വെന്തീടുമാമിഷമെടുപ്പൊരു കീശവൃത്തി-
യേന്തുന്ന നിൻനൃപതി തന്നെ വിഗർഹണീയൻ. (൨൭)

ഓരോ പദാൎത്ഥനിരയല്ല വരുത്തിടുന്ന-
തോരുമ്പൊഴക്കലഹവിത്തുകളാണു നിങ്ങൾ;
നേരേ പ്രജകളിൽ വിതച്ചവ കൌശലത്താൽ
പാരം തദീയകനകങ്ങൾ കവൎന്നിടുന്നു. (൨൭)

കള്ളം മുഴുത്ത തവ കൂട്ടർ, ജയേച്ഛ കൈക്കൊ-
ണ്ടുള്ളോർ, കടന്നിവിടെ വാണിജവേഷമോടേ,
ചൊല്ലാൻ മാനസസരസ്സു ബകങ്ങൾ പോലെ
വല്ലാതെ ദക്ഷിണതടത്തെയടക്കിടുന്നു. (൨൮)

കണ്ടിങ്ങിരിക്കെ, യിഹ സഞ്ചയമായണഞ്ഞു
വേണ്ടും ഫലങ്ങൾ ബലമായി ഹരിച്ചു വേഗാൽ
കൊണ്ടങ്ങു പോമിവരെയാകെ വധിച്ചിടും നാം,
കണ്ടീടു നീ, കിളികളെക്കൃഷികൻ കണക്കേ. (൩൦)

ധാന്യങ്ങൾ തിന്നുമൊരു മൂഷികർ പോലെ, ചൌൎയ്യ-
മാൎന്നുള്ള നിങ്ങളി, ഹ മാദൃശർ കൈയ്യയയ്ക്കിൽ
മാന്യപ്രതാപമൊടു ഭൂരിധനങ്ങൾ പാരം
ചിന്നുന്ന ഭാരതമശേഷമുടൻ മുടിക്കും. (൩൧)

ംരംവണ്ണമുള്ള നയവഞ്ചന കൊണ്ടു നിത്യം
കൈവന്ന ഭൂരിധനസഞ്ചയമെങ്ങു ഗൂഢം
മേവുന്നുവെന്നു നിഗമാധമ ! നീതിദാക്ഷ്യം
താവുന്ന നമ്മൊടിഹ നേരു കഥിക്ക വേഗാൽ. (൩൨)

നിങ്ങൾക്കു നിങ്ങളുടെ ജീവിതമെത്ര ഹൃദ്യം!
ഞങ്ങൾക്കതിങ്ങപഹരിക്കുകിലെന്തു ലാഭം ?
ഭംഗിക്കു ചൊല്ലിടുകയല്ലതിനാലതീ നാം
ഭഞ്ജിക്കയില്ല, ഭയമുള്ളിൽ വഹിച്ചിടേണ്ട. " (൩൩)

ഇത്ഥം പറഞ്ഞു നിജസൈന്യഗണത്തിനെല്ലാം
വിശ്രാന്തി നൽകി നൃവരൻ നിലയം ഗമിച്ചു ;
മെത്തുന്ന രശ്മികളടക്കിയുടൻ പടിഞ്ഞാ-
റസ്താചലോപരി ദിനാധിപനും കടന്നു. (൩൪)

ആംഗ്ലേയദുർദശയിതാങ്ഗലദേശമെത്തി-
ബ്ഭംഗം വരാതെയുരചെയ്യതിനെന്നവണ്ണം
ദീപിച്ചിടുന്നൊരുഡുപപ്രഭയങ്ങു കാട്ടി
പ്രാപിച്ചു പശ്ചിമസമുദ്രമുടൻ വിവസ്വാൻ. (൩൭)

തേജസ്സു ദീപതതിയിങ്കലുമുഗ്രമാകും
താപത്തെയാംഗലമനസ്സിലുമൊന്നുപോലെ
സ്ഥാപിച്ചുകൊണ്ടരിയ വിഷ്ണുപദത്തിൽ മന്ദം
പ്രാപിച്ചു നില്ക്കയമനന്തരമംശുമാലീ. (൩൮)

തത്രാങ്ഗലേയഭടരെന്നതുപോൽ സഹസ്ര-
പത്രങ്ങളാശു നിജലക്ഷ്മിയെ വിട്ടിതപ്പോൾ;
പൃത്ഥീശഭൃത്യനിര പോൽ കുമുദൌഘമെല്ലാ-
മത്യുല്ലസന്മധുകരം സുതരാം വിളങ്ങി. (൩൯)

ദൈപ്യാനനപ്രഭവമെന്നിഹ തോന്നുമാറാ-
യപ്പോൾ പരന്നിതൊരു കാളിമ ദിക്കിലെങ്ങും;
അല്ലേതരേഷ്ട്ര നൃപസേനയിലാന്നവണ്ണ-
മുൽഫുല്ലതാരമുഖിയായിതു രാത്രിതാനും. (൪൦)

ഔദ്ധത്യമാന്ന നൃപനെന്നവിധം മഹീഭൃ-
ന്മൂർദ്ധാവിലുജ്ജ്വലവിലാസമണച്ചു പാരം
സംവർദ്ധിതാംഗലസദാഭമുടൻ തെളിഞ്ഞു
സംപ്രാപ്തനായിതുദയത്തെ മൃഗാങ്കമൂർത്തി. (൪൧)

ഏവം നിശാമുഖദശാഭ വിളങ്ങിടുമ്പോ-
ളാ വംഗസേനകൾ കുടിച്ചു മദിച്ചു പാരം
സൌവർണ്ണകാന്തി വിലസും ശയനങ്ങളേറി-
ക്കൈവന്ന വിശ്രമസുഖം സരസം ഭുജിച്ചു. (൪൨)

ആംഗ്ലേയരപ്പൊഴതു യുദ്ധമുറപ്രകാര-
മായത്തരായ് വിജയിയാം രിപുവിന്നു, പാരം
വീരാഭിമാനമിയലും നൃപഭൃത്യരാല-
ക്കാരാഗൃഹത്തെയുടനേ ബത! നീതരായി. (൪൩)

ധാന്യാലയം ധനഗൃഹം ഭടവൃന്ദഗേഹ-
മെന്നല്ല ഭാണ്ഡനിലയം മുതലായതെല്ലാം
നന്നായ് നിറഞ്ഞെഴുമൊരിന്നഗരോദരത്തി-
ലൊന്നേ ഭവിച്ചു ബത! ബന്ധനഗേഹമന്നാൾ. (൭൨)

ഓരുമ്പൊഴങ്ങു പതിനെട്ടടി മാത്രമാണ-
ക്കാരാഗൃഹത്തിനടെയുള്ളളവാ;-യതിങ്കൽ
സാരം കലർന്ന ഘനഭിത്തികളല്ലുരന്ധ്രം
ചേരുന്ന രണ്ടു കിളിവാതിൽ വഹിച്ചിരുന്നു. (൭൩)

ഓകസ്സിദം മിഹിരദീധിതികൾക്കു ലോകാ-
ലോകാദ്രി പോൽ കവചന ദുർഗ്ഗമമായ് ഭവിച്ചു;
എന്നല്ല, ശീതപവനപ്രസരം ജ്വരാർത്ത-
നെന്നോണമൊട്ടുമിതു ഹന്ത! പൊറുത്തുമില്ല. (൭൪)

നല്ലാരിരുമ്പഴികളാകിയ പക്ഷ്മജാല-
മൊക്കം ഗവാക്ഷയുഗമുള്ളിതിലേറിടുമ്പോൾ
നേത്രം മിഴിച്ചമരുമന്തകവാഹമായ
പോത്താണിതെന്നു നിനവാൽ മുടിക്കുമുള്ളിൽ. (൭൫)

ഉഗ്രാഭമായ് ബത! വിടിത്തിയ വാഹസത്തിൻ-
വക്ത്രം കണക്കതിഭയങ്കരമഗ്ഗൃഹത്തെ
ആക്കാളരാത്രി മുതവാളുകൾ കാളിഘട്ട-
സൽക്കാളഗർത്തമിതി നീളെയുരച്ചിടുന്നു. (൭൬)

ഠരംവണ്ണമുള്ള നിചയത്തിൽ നരേശഭൃത്യ-
രാവിർമ്മദം തടവുകാരെയുഗ്രമാകും
ഭാവം കലർന്നജഗണങ്ങളെയാലയിൽ പോൽ
സാവജ്ഞമാശു വടി വീശിയടിച്ചൊതുക്കി. (൭൭)

സാധുക്കളെസ്സുചടി വാൾപ്പിടി കൊണ്ടുമുഗ്രാ
ബാധിച്ചിടുന്നവരെ വാൾത്തല കൊണ്ടുമേററം
രോധിച്ചു തള്ളിയിഹ ഞെക്കി ഞെരുക്കിയുള്ളിൽ
ബോധിച്ചു പോലെ നൃപകിങ്കരരിട്ടു പൂട്ടി- (൭൮)

പാകം വരാത്ത ഗുരുവായിടുമാമിഷൌഘ-
മാകുന്ന സൈന്യമുദരത്തിൽ നിറഞ്ഞ നേരം
ആ മന്ദിരം വെളിയിലുഷ്ണളമമ്ളവാത-
സ്തോമം നിരന്തരമഹോ! മുഹുരുദ്വമിച്ചു. (൯൯)

നൽച്ചന്ദ്രകാന്തതരുവാൻ ജനവ്രജത്തെ
വെച്ചങ്ങു ഖേദതലമന്നിലയം തദാനീം
സ്വച്ഛന്ദകിങ്കരധൃതോജ്ജ്വലചന്ദ്രഹാസ-
സ്വച്ഛാഭ ചേന്നു ജലസങ്കുലമായ് വിളങ്ങി. (൧൦)

താതൻ സുതൻ വനിത പൂരുഷനേവമാദി-
ഭേദങ്ങളേതുമറിയാതവർ മുക്തി മാത്രം
സാധിപ്പതിന്നധികസാഹസകൃത്യമോരോ-
ന്നാഹന്ത! ചെയ്തിഹ തപസ്വികളായ് ഭവിച്ചു. (൧൧)

യാചിച്ചു ഭൂതദയയെച്ചിലരങ്ങു; വിത്തം
മേടിച്ചുകൊണ്ടു വിടുവാൻ ചിലരന്നിരന്നു;
'പാരിച്ച തോക്കിൽ വെടിവെച്ചു വധിച്ചൊഴിപ്പിൻ
പൂരിച്ചു ദുഃഖ' മിതി ഹാ! ചിലർ കേണു പാരം. (൧൨)

ഓർക്കുന്ന നേരവുമഹോ! ബഹുദുഃഖഭാരം
ചേർക്കുന്ന ഘോരതരമിന്നരകം നിതാന്തം
ചീർക്കുന്ന ഹാസ്യമൊടു കണ്ടു നരേന്ദ്രഭൃത്യ-
ന്മാർക്കന്നു മോദമുളവായി മനസ്സിലേററം! (൧൩)

"തമ്മിൽ കലന്നഥ ചുഴന്നിഹ ധൂർത്തനൃത്തം
സമ്മർദ്ദമോടിവർ ചരിച്ചു നടിച്ചിടുന്നു;
പാർശ്വംവിധൌ യവനികാന്തസ്മൃതിപ്രയത്നം
നിഷ്ക്രാന്തിയെന്നിതുകഠം കേവലമില്ല രണ്ടും. (൧൪)

വഞ്ചിക്കുവാൻ നിപുണരെങ്കിലുമിന്നിവണ്ണം
നെഞ്ചിൽ കലന്ന വലുതായ ദുരാഗ്രഹത്താൽ
ബന്ധത്തിലായ മൃഗധൂർത്തകർ കള്ളമോടി-
ബ്ബന്ധം വിടാൻ വിവിധമായ് വിളിക്കൂട്ടിടുന്നു. (൧൫)

കണ്ടാലുമീ വദനഗഹ്വരപക്ഷി തോൽ കൊ-
ണ്ടുണ്ടാക്കിയുള്ളൊരു തുരുത്തികളാണി, വററിൽ
ഉണ്ടായിടുന്ന കടുശബ്ദമുണർച്ചയിപ്പോ-
ളുണ്ടാക്കിടും നൃപനമെന്നു ഭയപ്പെടുന്നേൻ. (൫൯)

മിണ്ടായ്മിനിങ്ങിഹ വണിക്കുകളേ ! ഭവാന്മാർ
കൊണ്ടാടിയെന്തിനസുമൂല്യവിവാദമിന്നും
ഉണ്ടാക്കിടുന്നു ? ബത ! വാണിഭശാലയിങ്ക-
ലുണ്ടായൊരപ്പരിചയം വിടുകില്ലയെന്നോ ? (൬൦)

വിസ്താരമില്ലിഹ മുറിക്കതു സത്യ;—മെന്നാൽ
നിസ്സാരരേ ! പറവിനാരു പിഴച്ചിതിങ്കൽ ?
മുന്നം വിശാലതയൊടേയിതു തീർത്തിരുന്നു—
വെന്നാകിലിങ്ങനെ പരുങ്ങണ മായിരുന്നോ ? (൬൧)

എന്താണഭീഷ്ടമുരചെയ്യുവിനിന്നു പൃഥ്വീ
തുഷ്ടാ വയസ്യവരരേ ! പരിശാന്തയായോ ?
ചേണാന്ന ഭൂരിതരവാരിനിഷേവണത്തി-
ന്നാണാശയെങ്കിലതു ഞങ്ങൾ കനിഞ്ഞു നൽകാം. (൬൨)

കാരുണ്യശാലി നൃപനാഗതനായി നാളെ-
ച്ചോദിച്ചിടും സകുതുകം കുശലം ; തദാനീം
വൈരസ്യമൊന്നുമുരചെയ്യരുതി;ന്നു നിങ്ങൾ
ഞങ്ങൾക്കു പാർക്കിലതിഥിത്വമിയന്നുവല്ലോ." (൬൩)

ംരംവണ്ണമുള്ള പൊളിയും പരിഹാസമോരോ-
ന്നാവുന്ന പോലരുളി രക്ഷികൾ മോദപൂർവം
മേവീടവേ തടവുകാരവരൊട്ടുനേരം
താവും മഹാവ്യഥയൊടങ്ങു കഴിച്ചുകൂട്ടി. (൬൪)

മന്ദം നശീഥിനിയിലിങ്ങനെ മൂന്നു യാമം
ചെന്നോരു മാത്രയിലിരുട്ടറയിങ്കലേററം
ചിന്നും മഹാകലഹരോദനമർദ്ദനങ്ങ-
ളെന്നുള്ളതൊക്കെയൊരുപോലെയടങ്ങി മങ്ങി. (൬൫)

വർഷം നിലയ്ക്കുമളവംബരമെന്നപോലെ
ദോഷം കഴിഞ്ഞളവു മേദിനിയെന്നപോലെ
താക്ഷ്യൻ ഗമിക്കുമളവിൽ ഫണിഭൂമി പോലെ
നിശ്ശബ്ദമായഥ ഭവിച്ചിതു കാളഗർത്തം. (൯൯)

ഒരുവർണ്ണമുള്ള വലുതാകിയ സങ്കടത്തി-
ലാ വന്ദിമാരിലധികം ജനമന്നു പാരം
ആഹന്ത! വേദന വളർന്നഥ ദീർഘനിദ്ര-
സ്സാഹാരമായിഹ നിലത്തു പതിച്ചു വേഗാൽ. (൯൧)

ജീവൻ വെടിഞ്ഞു നിപതിച്ചൊരു മെയ്കളിൽ താൻ
ചാവുന്നതിന്നു തുടരുന്നവർ മേല്ക്കുമേലേ
താവുന്ന വേദനയൊടങ്ങു പതിക്കവേ വ-
ന്നാവിർഭവിച്ചിതു പുലച്ചയുമന്നു മന്ദം. (൯൨)

അന്തിക്കു ഘോരതരമിന്നലെയിങ്ങു കണ്ട
വർതിക്കലേതു വിധമിപ്പൊഴതെന്നു കാണ്മാൻ
ചിന്തിച്ചു മന്ദമുദയാദ്രിശിരസ്സിലർക്കൻ
ചിന്തുന്ന കാന്തികൾ കലർന്നു കരേറിയപ്പോൾ. (൯൩)

ഘോരം നിശീഥിനിയിലത്ര നടന്ന ദുഷ്ടാ-
ചാരങ്ങൾ കൈതശികവചസ്സുകളാലറിഞ്ഞു
പാരം മയങ്ങിയൊരു പത്മിനി ഭാസ്കരൻ വ-
ന്നാരാലുദിച്ചളവു വീണ്ടുമുടൻ വിളങ്ങി. (൯൪)

അന്നേരമങ്ങരിയ സൽപഥപക്ഷപാതം
ചിന്തുന്ന നൽദ്വിജഗണങ്ങളിണങ്ങിയെല്ലാം
വന്നാശ്രു നാലു പുറവും പല ദിക്കിൽ നിന്നാ-
മൊന്നിച്ചു കൂടിയൊരുപോലെ കരഞ്ഞു പാരം. (൯൫)

അക്കാഭ മന്ദമൊരുപോലെ പരന്ന നേരം
ദിക്കാകെയുള്ള തിമിരങ്ങളുടൻ മറഞ്ഞു;
അക്കാളഗർത്തഗൃഹദുശ്ചരിതപ്രഭൂതം
ദുഷ്കാളിമാവു പരമുൽക്കടമായ് വിളങ്ങി. (൯൬)

അന്തിക്കിഹാപതിതരാം ഭടകുഞ്ജരന്മാർ
ചിന്തിക്കിലീരെഴുപതും പുനരാറുമത്രേ ;
പൊന്തിക്കിടന്നിവരിൽ നിന്നിരുപത്തിമൂന്നേ
വൻതിക്കിൽ നിന്നുഷസി നിർഗ്ഗതരായതുള്ളൂ. (൭൦)

ആ വന്ദിഗീതമതുണർത്തിയ മേദിനീന്ദ്ര-
ന്നായ് വന്ദിവൃത്തമഖിലം ഭടർ ചൊന്ന നേരം
ജീവിച്ചിതോ കുമതി ഹാലഹല?—നെന്നു മാത്രം
താവും പരിഭ്രമമവന്നുളവായി ഹൃത്തിൽ. (൭൧)

‘ കാണേണമിങ്ങു വളരെദ്ധന, മായതൊന്നും
നൽകുന്നതില്ല കൊതി കൊണ്ടിവ’ നെന്നു ദുഷ്ടൻ
തെററിദ്ധരിച്ചു ചെത ! ഹാലഹലനെപ്പിടിച്ചു
ബന്ധിച്ചു തന്നുടെ പുരത്തിലയച്ചു ഭൂപൻ. (൭൨)

പിന്നീടായവരിൽ പ്രഭുത്വമിയലും നാലഞ്ചു യോദ്ധാക്കളെ-
ച്ചിന്നും ഗർവ്വമിയന്നു ശൃംഖലകളാൽ ബന്ധിച്ചുടൻ നിർദയം,
ഖിന്നത്വം മുറിവാൽക്കലന്നൊരവശിഷ്ടന്മാരെയെല്ലാരെയും
മന്നൻ തൻശിബിരോപരോധനമഹോ ! ശങ്കിച്ചുവിട്ടീടിനാൻ.
(൭൩)

ബാഹാവീര്യമൊടാഹരിച്ച പുരിയിൽ ഭൂപൻ നിജാമാത്യർതൻ-
സാഹായ്യം കലരുന്ന രക്ഷിനിരയെ സ്ഥാപിച്ചു മോദിച്ചുടൻ
മാഹാത്മ്യത്തൊടു നവ്യചാരുവിജയശ്രീലാളനോൽക്കപ്രജാ-
വ്യൂഹാരബ്ധിമഹാമഹൌഘമഹിതം ഗേഹം ഗമിച്ചീടിനാൻ.
(൭൪)

“ കാളഗത്തരാത്രിവൃത്തം ”

എന്ന

അഞ്ചാം സർഗ്ഗം

സമാപ്തം.

ആറാംസർഗ്ഗം.

ഇത്യേവം ഖേദ! കാളഗത്തചരിതം ബോധിച്ചു കോപിച്ചോര-
ന്മദ്രാസികൾ വസിച്ചിടും ജനതയാലാജ്ഞതന്ത്രനാം ക്ലൈവുടൻ
പുത്തൻ സൈന്യഗണങ്ങളോടഥ ഗമിച്ചംഭോധിയേയും കട-
ന്നുത്തുംഗതചരയോടണഞ്ഞു തരസാ ബംഗാളമെത്തിടിനാൻ. (൧)

അന്നാളാഗതനായ നാവികചമൂനാഥൻ മഹാധീരനാ-
കുന്നാ വാട്സനുമെത്തിനാൻ ഝടിതിയക്ലൈവിന്നു പിൻപ
(ങ്ങനെ;
ഒന്നായ് ചേർന്നവർ പിന്നെ ഹുഗ്ളിയതിൽ വെച്ചുത്തുംഗമാമാ
(ഹവ-
ത്തിന്നായ് സൈന്യഗണങ്ങളെസ്സുരഭസം തീരത്തിറക്കീടിനാർ.
(൨)

വീരന്മാരെ വൃഥാ വധിച്ചു ദുരിതം കൈക്കൊണ്ടു മേവും നഭാ-
വാരാണിന്നവനെഝകിഝകിദിതീവാദ്യച്ചഘോഷങ്ങളാൽ
പാരം ഹന്ത! മുഴങ്ങിടുന്നൊരു മഹാഭേരീസമൂഹത്തോടേ
ഘോരാകാരമിയന്ന സൈനികഗണം നേരേനടന്നാർ തദാ.
(൩)

വൻപേറീടിന പൌരുഷം കലരുമക്ലൈവായ സേനാധിപൻ
മുൻപേകണ്ടൊരു ബഞ്ജുബഞ്ജുപുരിയെ സ്വാധീനമാക്കിട്ടുടൻ
കമ്പം തെല്ലുമണഞ്ഞിടാതനുഗമിച്ചീടുന്ന സൈന്യങ്ങളോ-
ടിമ്പം പൂണ്ടഥ കാളിഘട്ടനഗരം നേരിട്ടണഞ്ഞീടിനാൻ. (൪)

"ആതുക്കോടാഹ്വയമായിടും നഗരമന്നോക്കാതെ പെട്ടെന്നണ-
ഞ്ഞതുക്കോടാശു ഹരിച്ചു വൈരിപടലീകാക്കോടകൻ കശ്മലൻ
ഏതുൽക്കാനിപ്പൊഴമിങ്ങിതാ ബത! വരുന്നെ"ന്നുള്ള വൃത്തം
(പരം
കേൾക്കാറായൊരു മാത്രയിങ്കലഹിതന്മാരൊക്കെ മണ്ടീടിനാർ.
(൫)

ശ്ലാഘ്യത്വം പെട്ടമാങ്ഗ്ലേയരഹിതത്യക്തം സ്വകീയാ പുരം
ദ്ദൂരത്തേയ്ക്കൊരു യാത്രപോയ്ത്തിരിയെയവന്നോണം പ്രവേശി
(ച്ചതേ;

ചാരുത്വം കലരും മാളനിരയാൽ വർഷാവസാനം വരും
നേരത്തിങ്ങു സരസ്സു പോലെയവരാൽ ശോഭിച്ചിതദ്ദുർഗ്ഗവും.
(ന)

കൊണ്ടാടിജ്ജയലക്ഷ്മി വേട്ട പതിയായ്, കർണ്ണാടകന്മാർ ഗ്ര
(ണം

കണ്ടാമോദമൊടേ പുകഴ്ത്തിയ മഹാനായീടുമക്ലൈവുടൻ
പണ്ടേയുള്ളൊരു ഹുഗ്ളിയാം നഗരവും വീരൻ നഭാവിങ്കല-
ന്നുണ്ടായുള്ള നവം യശസ്സുമൊരുപോൽ വിദ്ധ്വംസനം ചെയ്തു
(താൻ. (ഒ)

ധൂർത്തേറുന്ന സുരാജദൌലനൃപനും ഗേഹം പ്രവേശിച്ചുടൻ
കീർത്തിച്ചങ്ങനെ ചക്രവർത്തിയൊടു തൻവിക്രാന്തിയെല്ലാം മുദാ
ചീർത്തീടുന്ന നവോഢയാകിയ ജയശ്രീയോടിണങ്ങിസ്സുഖം
പാർത്താനന്നു ദുരന്തഗർവ്വഭരമോടന്തഃപുരാന്തങ്ങളിൽ. (വ)

സർപ്പത്തിൻെറ ഫണത്തിൽ നിന്നു, വിലസും മാണിക്യരത്ന
(ത്തിനെ-

ക്കൈക്കൊണ്ടോടാശു വിനോദമാന്നചരിച്ചാഹന്ത! മോഹാന്ധനായ്
ചൊല്ലൊങ്ങും നിജമന്ത്രപൌരുഷമഹാസാമർത്ഥ്യമോർത്തത്ര
(യും

ദർപ്പം പൂണ്ടൊരു ദുർന്നരേന്ദ്രനതുനാൾ മോദിച്ചു മേവീടിനാൻ.
(ൻ)

സേവാർത്ഥം പ്രിയമോതുവാൻ നിപുണരായത്യന്തദംഭത്തൊടേ
മേവും മന്ത്രികൾ ചെയ്തിടുന്ന കപടസ്തോത്രങ്ങളാലെത്രയും
ആവിർഭൂതമദം മഹോന്നതപദം പ്രാപിച്ചു താനെന്നുറ-
ച്ചാ വംഗപ്രഭു ക്രൂരകർമ്മസദൃശം പാരം ഞെളിഞ്ഞീടിനാൻ.
(ഠ)

ഉൗററം ചേന്ന ബലപ്രതാപമതുലം തന്നോളമില്ലാക്കമെ-
ന്നോററം വൃത്ഥമഹോ! മദിച്ചലസനായ് മേവും മഹീവല്ലഭൻ
തോററുള്ളോരരിസഞ്ചയം പ്രതികരിച്ചീടുന്നതിന്നായ് മുതി-
ന്നോററീടാൻ വരുമെന്നു മാനസമതിൽ തെല്ലും നിനച്ചില്ല താൻ.
(൧൧)

മുന്നം തെല്ലു പരാഭവം നിജനൃപൻ ചാൎല്സ്സ് ചെയ്തോരു നാൾ
ചിന്നും രോഷമിയന്നവൻകലുമഹോ! ദണ്ഡം നടത്തിക്കയാൽ
മന്നിൽ കീൎത്തി കലൎന്ന മാനമിയലുന്നാങ്ഗ്ളേയർതൻവീൎയ്യമീ
മന്ദന്മാർമണി മന്നവൻ മനമതിൽ ബോധിച്ചതില്ലേതുമേ.
(൧൨)

എന്നാലും, പരദേശവാണിഭവിശേഷത്തിൻഗുണശ്രേണിയാൽ
തൻനാട്ടിന്നുളവായിരുന്ന വലുതായീടുന്ന സമ്പത്തുകൾ
അന്നാൾ തൊട്ടു കുറഞ്ഞുമൂലമിവർതൻനിഷ്ക്കാസനം ദോഷമാ-
യെന്നാഹന്ത! നിനച്ചു സാഹസി നൃപൻ പശ്ചാത്തപിച്ചീടി
നാൻ. (൧൩)

മാറാതെന്നുമൊരോ സുവൎണ്ണമയമാമണ്ഡം സവിച്ചീടുമ-
ത്താറാവിൻവയറൊട്ടനേകകനകം കിട്ടീടുവാനിച്ഛയാൽ
കീറാനോത്തൊരു മൂഢനായ കൃപണൻ ചെയ്തുള്ള ദുശ്ചേഷ്ടയെ-
പ്പോറാനെന്തൊരു ബന്ധമിന്നൃപതിയെന്നോതീടിനാരേവരും.
(൧൪)

വീട്ടിൽ തന്നൊ യദൃച്ഛയാ ബത! മുളച്ചുണ്ടായ് മഹാപുഷ്ടിയെ-
ക്കാട്ടിക്കൊണ്ടു ഫലിക്കുവാനഥ മുതിൎന്നുള്ളൊരു കല്പദ്രുമം
കോട്ടം വിട്ടു വിലാസയഷ്ടിയതിനായ് ഭൂപൻ മുറിച്ചെന്നു മുൻ-
നോട്ടം പൂണ്ട ധനാധികാരിജനവും നിന്ദിച്ചു ചൊന്നാർ തദാ.
(൧൫)

ഏവം വ്യാകുലഭാവമാൎന്നുദിനം പശ്ചാത്തപിക്കും മന-
പ്പൂവോടൊത്തു വസിച്ചിടുന്ന നൃപനഗ്ഗുരുവ്രജം പിന്നെയും
താവും വൈരമൊടേ നടത്തിയ നിജദ്രോഹങ്ങൾ കേട്ടെങ്കിലും
കൈവന്നില്ലൊരു ലേശവും പ്രതികരിപ്പാനുള്ള മാനോദയം.
(൧൬)

എന്നല്ലാ, 'വണിഗീശർ വീണ്ടുമിഹ വാണിജ്യം നടത്തീടുവാൻ
വന്നല്ലോ, വഴിപോലെ വൃദ്ധിയുളവാം മേലാൽ നമുക്കെ'ന്നവൻ
അന്നുല്ലാസവുമാന്നു ; പാക്കിലഭിമാനശ്രീയൊഴിക്കാവത-
ല്ലെന്നില്ലാത്തവരാണു തന്നുദരമാത്രത്തെബ്ഭരിച്ചീടുവോർ.
(൯൭)

കന്നായ് തന്നുടെ സൈന്യമൊക്കെയുടനേ ഭൂപാലകൻ ശേഖരി-
ച്ചു, നാലും പ്രതികാരവാഞ്ഛ കുലരുന്നാങ്ഗ്ളേയർതൻമാന
(സം
നന്നായ് സാമനയങ്ങൾ കൊണ്ടുമ സമാധാനപ്പെടുത്തുന്നതാ-
ണന്നാവശ്യകമെന്നു കണ്ടതിനു താൻ ചെമ്മേ തുനിഞ്ഞീടിനാ
(൯. (൯൮)

ദ്രോഹം ചെയ്തുവനും മഹാബലനുമായീടും നഭാവീവിധം
മോഹം സന്ധി നടത്തിടുന്നതിനു താൻ താനേ ധരിച്ചീടവേ
സാഹംകാരമനേകയുദ്ധമതിലങ്ങേപ്പെട്ടോരിയാങ്ഗ്ഗല-
വ്യൂഹം പിന്നെയുമാഹവത്തിനിഹ സന്ദേഹം വഹിച്ചാർ തദാ.
(൯൯)

എന്തിക്കാലമതിങ്കൽ നാമിഹ നടത്തീടേണ്ടതെന്നുടൻ
ചിന്തിക്കാനവരിൽ പ്രധാനപുരുഷന്മാരൊത്തു ചേർന്നീടവേ
'സന്ധിക്കാൻ തുനിയുന്നതാണു ബഹുധാ നന്നെന്നു താനിന്നു
നിർ-
ബന്ധിക്കാ' മിതി വൃദ്ധരങ്ങരുളിനാരാത്മംഭരിത്വത്തിനാൽ.
(൧൦)

ഇന്നും പോരുകൾ ദക്ഷിണാപഥമതിൽ തീർന്നില്ല, യെന്നല്ലിതാ
ധന്യൻ മദ്രവരൻ സഹായവുമപേക്ഷിക്കുന്നതുണ്ടീ, വിധം
ചിന്നും വ്യഗ്രതയിങ്കൽ നാമിവിടെയും പോരിന്നൊരുങ്ങുന്നതേ
നന്നല്ലെന്നൊരു ശങ്കയല്ലുമുളവായ് സേനാപതിക്കും തദാ.
(൧൦൧)

തുഷ്ടിക്കൊത്തു നഭാവു നിഷ്ഠുതികളെച്ചൊന്നാനതെല്ലാം തദാ
നഷ്ടത്തിൻപരിഹാരമായവർ മുദാ കൈക്കൊണ്ടടങ്ങീടിനാർ ;
സ്പഷ്ടം താനപരാധിയെങ്കിലുമലം ശോചിച്ചു, യോജിപ്പതി-
ന്നിഷ്ടം പൂണ്ടണയുന്ന ശത്രുവിനെയും മാനിച്ചിടും മാനികൾ.
(൧൦൨)

ഇത്യേവം ദ്ധ്രുമാംഗലാധിപതമായ് സന്ധിച്ചുവെന്നാകിലും
നിത്യം മൂഢവശാവദത്വമിയലും വങ്ഗാവനീവല്ലഭൻ
മെത്തും മത്സരമുള്ളിൽ വെച്ചിവരെയുദ്വേജിപ്പതിന്നിർവ്യയ-
ന്നാൾത്തുന്നുള്ള പരാങ്കിമാരെ വിടുവാനായിത്തുനിത്തേതിടിനാൻ. (൨൫)

വീരന്മാർമുടിരത്നമായി വിലസും ക്ലൈവും തദാ സൂക്ഷ്മമായ്
ചാരന്മാരുരചെയ്ത ഭൂപകപടം സർവ്വം ഗ്രഹിച്ചുജ്ജ്വലാ
നേരാണെന്നിവനത്ര ചൊന്ന മൊഴിയെന്നുണ്ടായ വിശ്വാസവും
ധീരാഗ്ര്യൻ വഴിപോൽ പെടിഞ്ഞിതു രുഷാ കണ്ണാടയാനേച്ഛ
യും. (൨൬)

പാരം ഗൌരവമുള്ള കാര്യതതിയിൽ ചെയ്യേണ്ട കൃത്യങ്ങളെ
സ്വൈരം സർവ്വരുമൊത്തുചേൎന്ന പരിചിൽ സഞ്ചിന്തനം ചെ
യ്തുടൻ,
വീരൻ വാട്സനമപ്പുരാങ്കിനിവഹാധീനത്തിലുൾപ്പെട്ടതാ-
യോരച്ചന്ദ്രപുരം ജയിച്ചിടുവതിന്നായിത്തിരിച്ചീടിനാൻ. (൨൭)

ചൂടേറി സ്ഥലമാൎഗ്ഗമായ് സരഭസം ക്ലൈവും മഹാവിക്രമ-
ത്തോടേവം ജലമാൎഗ്ഗമായഥ മഹാനാകുന്നൊരാ വാട്സനാ
ംരംടേറും ദവബാഡവാഗ്നികൾ കണക്കെത്തി സ്വശത്രുക്കളെ-
പ്പാടേ പോരിലുടൻ ജയിച്ചു സഹസാ ബന്ധിച്ചിതെല്ലാരെയും.
(൨൮)

ന്യായം കൊണ്ടിവരെജ്ജയിച്ചിടുവതിന്നിച്ഛിച്ച ഭൂജാനി, നിർ-
വ്യാജം ശത്രുവിനെജ്ജയിച്ചു വിഭവം കൈക്കൊണ്ടു ചൊൽ
ക്കൊണ്ടിടും
തേജസ്സോടിവരിവിധം നിരുപമൈശ്വൎയ്യം കലന്നെത്രയും
രാജിക്കുന്നതു കേൾക്കയാലതിതരാം സന്താപമേന്തീടിനാൻ.
(൨൯)

ശ്രീയാ വാണിഭവൃത്തിയാലനുദിനം വൎദ്ധിച്ചു കണ്ടായതിൽ
പ്രേയാനായ് സുരപാദപങ്ങളിവരെന്നുള്ളത്തിലോൎത്താനവൻ;
ംരംയായോധനസൎവ്വപ്രതാപവിഭവം കണ്ടോരു നേരം പരം
ഭീയാലാശ്രു വിഷാദ്ഭുമങ്ങളിവർ താനെന്നും നിനച്ചീടിനാൻ.
(൩൦)

ഒട്ടേറെപ്പുണമാസ്ഥയോടെയൊരുനാളക്കാളിഖട്ടാധിപ-
ക്കൊട്ടും തന്നെ മടിച്ചിടാതെ നൃവരൻ മാനിച്ചയച്ചാൻ സ്വ
[യം;
പെട്ടെന്നാകുലനായ് സ്വദൂതനെയഹോ! ചിറെറദ്ദിനം ശങ്ക
[യാൽ
വിട്ടാനുത്തരരാജ്യസീമനി വസിച്ചീടും ബ്രുസിക്കായവൻ. (വൻ)

ഇംഗ്ലീഷ്കാരെയുടൻ തുരത്തിടണമെന്നാശിച്ചവൻ തൽക്ഷണാം
സംഗ്രാമത്തിനൊരുങ്ങുവാൻ നിജഭടന്മാരോടു ചൊന്നാൻ സ്വ
(യം;
ശങ്കാവേശവശാൽ ക്ഷണാന്തരമതിൽ ദ്രവ്യം പ്രതിജ്ഞാതമാ-
തങ്കാപേതമവക്കു നൽകിടുവതിന്നായും നിയോഗിച്ചുതേ. (൩൦)

ഇത്യേവം ചല നിശ്ചയങ്ങളനുരോധിച്ചും നിരോധിച്ചുമ-
ന്നത്യുത്താകുലനായനക്ഷണമലം വഞ്ചിക്ഷമാവല്ലഭൻ
ചഞ്ചിക്കുന്നൊരധൈര്യവേഗമധികം ദൂരം ചലിപ്പിപ്പതാ-
മുദ്യൽസംശയദോളയേറിയിളകിപ്പാരം തളന്നീടിനാൻ. (൩൧)

മുന്നേ തന്നെയനീതിവൃത്തി ബഹുധാ ക്രൂസാതെ ചെയ്തുള്ളോരീ
മന്നൻതന്നിൽ വെറുപ്പുനല്കുമുളവായ് വാഴും പ്രജാസഞ്ചയം
അന്നേവം നിജരാജ്യദോഷകരമാം ദുർവൃത്തമോരോന്നു ചെ-
യ്യുന്നോരേഷ വിനിന്ദ്യനെന്നനുപദം വൈമുഖ്യമാന്നീടിനാർ.
(൩൨)

രാജ്യഭ്രംശനമിസ്സുരാജനു വരുത്താനും തദീയാസ്പദം
പൂജ്യത്വം കലരുന്നൊരന്യപുരുഷന്നേകീടുവാനും തദാ
ത്യാജ്യഗ്രാഹ്യവിവേകമുള്ള സചിവന്മാരൊത്തുടൻ ഗ്രുഢമായ്
പ്രാജ്യശ്രീപഥമോർത്തു കിഞ്ചന സമാലോചിച്ചുറച്ചീടിനാർ.
(൩൩)

അസ്സേനാപതി മീരജാഫരനുമക്കോശാലയാധീശനാ-
മുത്സാഹാംബുധി രാജദുർല്ലഭനുമന്നിൻഡ്യാമഹീമണ്ഡലേ
അത്യന്തം ധനശാലിയാകിയ ജഗച്ഛ്രേഷ്ഠീതി വിഖ്യാതനാം
വൃദ്ധ്യാജ്ഞീവനുമൊത്തിതിങ്കലധികാരത്വം വഹിച്ചാർ മുദാ.
(൩൪)

മുന്നാം ദുർന്നയനായ വേനനെയമർത്തീടാൻ മുനിശ്രേഷ്ഠരു-
ങ്ങൊന്നായ് ചേർന്നു തുനിഞ്ഞതുപോലെയിവരും വങ്ഗാവനീ
(നാഥനാം
ദുർന്നീതിപ്രഭുവിൻെറ വർമ്മദമടക്കീടാൻ മഹാകൌശലം
ചിന്നീടും മതി ചൊന്നിടുന്നവഴിയേ നന്നായ് ശ്രമിച്ചിടിനാർ.
(൩൫)

പ്രൌഢാലോകമെഴുന്നൊരാങ്ഗലവരന്മാരും നിരന്നപ്പൊഴി-
ഗ്ഗ്രൂഢാലോചനയിൽ കലർന്നിടുവതിന്നുണ്ടായിവർക്കാഗ്രഹം;
ഗാഢാതിവ്യഥ ഭൂപനേകിയതിനാൽ, ക്ലൈവിൻമതം കണ്ടുട
ൻ,
വ്യൂഢാനന്ദമിയന്നാമന്ദമവരും യോജിച്ചിതപ്പോളിതിൽ.(൩൬)

നീക്കേണം ഖലനാം സുരാജനെ നൃപസ്ഥാനത്തിൽ നിന്നും ബ
(ലാ;-
ല്യക്കേറുന്നൊരു മീരജാഹരനെയസ്ഥാനത്തിൽ മാനിച്ചുടൻ
ആക്കേണം, സ്വസഹായനിഷ്ഠതിയെയസ്സൈന്യാധിനാഥൻ
പര-
ന്മാർക്കേകീടണമെന്നിവണ്ണമവരാലോചിച്ചുറച്ചാർ മുദാ. (൩൭)

ഇത്ഥം വിത്തു വിതച്ചു പൊട്ടി മുളയുണ്ടായ്വന്നു രണ്ടായുടൻ
പത്രത്തോന്നവിടിൻ പല്ലവിതമായ് മെല്ലെന്നു പൂത്തങ്ങനെ
പുത്തൻകാന്തി കലർന്നു ശോഭനഫലം നൽകീടുമാറായ് പരം
വിസ്താരത്തെ വഹിച്ചു മെച്ചമെഴുമീ മന്ത്രസ്വതന്ത്രപദ്ധതി.(൩൮)

നന്നായ് സൂക്ഷ്മതയോടു ഗൂഢതരമായ് രക്ഷിച്ചുവെന്നാകിലും
മന്നൻതൻശ്രുതിയിങ്കലെത്തിയുടനീ മന്ത്രം സ്വതന്ത്രം തദാ;
ഔന്നത്യം കലരും പദത്തിലുള്ളവായുച്ഛൃംഖലം നിർഗ്ഗമി-
ക്കുന്നോരാപഗയെത്രു താനണ പടുത്താലും തടുക്കാവതോ?
(൩൯)

ചുററും ചേർന്നൊരു രസ്ത്രജാലമഖിലം വാണീവിതാനങ്ങളെ-
പ്പററിച്ചാശു മറച്ചുവെച്ചു നയനം മൂടി സ്വധാടീവശാൽ
മുററും കൌശലശാലിയായിടുമുമാചന്ദ്രൻ യഥാർത്ഥത്തിനെ-
ച്ചെററും ഭൂപനറിഞ്ഞിടാതെ സുതരാം സൂക്ഷിച്ചു രക്ഷിച്ചുതേ.
(൪൦)

"എന്തിന്നിങ്ങനെ ഞാനിവർക്കു ചെറുതേ ചെയ്യുന്ന സാഹായ്യമി-
ന്നെന്തായാലുമെനിക്കു നൽപ്രതിഫലം പെട്ടെന്നു കിട്ടീടണം
എന്തെല്ലാമിഹ ഞാൻ രഹസ്യമൊളി വാക്കീടാൻ ശ്രമിച്ചെ?"
ന്നുടൻ
ചിന്താവേശമിയന്നു നൈപുണമെഴും ലുബ്ധാഗ്ര്യനായോരവൻ.
(൮൮)

"ചൊല്ലേറും പല വേല കൌശലമൊടേ മോദിച്ചു സാധിച്ച
തിൻ-
മൂല്യം മുപ്പതു ലക്ഷമിങ്ങു തരണം രൂപായെനിക്കായി, ദം
നല്ലോണം വെളിവായുടമ്പടിയതിൽ കൊള്ളുക്കയുംചെയ്യണം
കില്ലേതും കലരാതെ" യെന്നവനുടൻ നിർബന്ധമാന്നീടിനാൻ.
(൮൯)

ഇത്യേവം നിജനിശ്ചയം ദൃഢതരം നിർബന്ധമായ് ചൊല്ലിടും
ജാത്യാ തന്നെ മഹാശഠത്വമെഴുമാ ബങ്ഗാളിയാം വാണിജൻ
അത്യർത്ഥം ബത! ഘാതുകർക്കു നിഭൃതം മന്ത്രിച്ചുറച്ചോരു തൻ-
കൃത്യം ചെയ്യതിനന്നു ദുസ്തരതരം പ്രത്യൂഹമായ്ത്തീർന്നതേ.
(൯൦)

പാരം ദുഷ്കൃത ചെയ്യതിന്നു തുനിയും മർത്ത്യർക്കു മാർഗ്ഗങ്ങളിൽ
ഘോരം ഹന്ത! ദുരന്തമായ തിമിരം സർവ്വത്ര വർദ്ധിച്ചിടും;
ചേരും പാർക്കിലിദം; പ്രകാശമരുളുന്നോരന്താത്മാവിനെ
പ്രാരംഭത്തിൽ വിചാരഹീനമിവർ താൻ ഹിംസിച്ചിടുന്നില്ല
യോ? (൯൧)

അന്നത്യന്തഭയങ്കരൻ പുനരുമാചന്ദ്രൻ വിതന്ദ്രാശയൻ
മന്ദത്വാ കലരും നൃശംസരെ നയത്താലേ വശത്താക്കിനാൻ;
എന്നാലക്കുശതുല്യശേമുഷിയെഴും ക്ലൈവായ വീരൻ പരം
നിന്നാനങ്ങനെ നിശ്ചിതാർത്ഥനിയമം നീക്കാതെ നിശ്ചഞ്ചലം.
(൯൨)

ഊക്കേറും വലുതായിടുന്ന ചതിയാണീ വന്നതോർത്താലിദം
നേർക്കേണം പുനരന്യമായ ചതിയെച്ചെയ്തിട്ടു താനെന്നുടൻ
ധീയ്ക്കേതും കുറവേശിടാത്ത ബലവാൻ ചിന്തിച്ചുറച്ചാനവൻ;
നീക്കേണം വിഷമന്യമാകിയ വിഷത്താലെന്നു ചൊല്ലുന്നതേ.
(൯൩)

ആന്നാ വന്മതി തീർത്തു ലേഖ്യമുടനേ പത്രദ്വയത്തിങ്കലാ-
യൊന്നാരക്തനിറം കലർന്നതപരം ധാവള്യസംയുക്തവും ;
ഒന്നാമത്തതിലുണ്ടു തൽഫലമുമാചന്ദ്രനു നൽകേണ്ടതാ-
യെന്നാലന്ത്യമതിങ്കലായതരുളിച്ചെയ്തില്ല തെല്ലെങ്കിലും. (൫൭)

നേരല്ലാത്തൊരു വൃത്തി വാട്സനധികം നിന്ദിച്ചു ചൊന്നിട്ടു, തൻ-
പാരേ കൌശലശാലിമാർമകടമാം ക്ലൈവങ്ങു കാണിച്ചിടും
പാരം വ്യാജമിയന്ന പാടലനിറം ചേർന്നുള്ള പത്രത്തിലും-
ച്ചേരുന്നോരപവാദഭീതിയതിനാൽ കൈയ്യൊപ്പു വെച്ചില്ലഹോ! (൫൮)

വായ്ക്കും ശുദ്ധതയാൻ തന്നെ മരുവും വാട്സൻെറകൈയ്യൊ-
പ്പിനെ-
ശ്ശീഘ്രം ക്ലൈവൊരു ക്രൂസലും മനമതിൽത്തട്ടാതെയിട്ടാൻ സ-
യം ;
മൂക്കോളം നിജവിഗ്രഹം മുഴുവനും തോയത്തിലായീടുകിൽ
പാർക്കാനില്ലഥ, ശങ്കയെന്നിയെയുടൻ മുങ്ങുന്നതാണുത്തമം. (൫൯)

തൻകാര്യം നിറവേററുവാൻ തുനിയവേയാപത്തണഞ്ഞീടുകിൽ
ശങ്കാഹീനമനാസ്സുവൃത്തിയുമലം നിന്ദാർഹമായ്വന്നിടാ ;
ലങ്കാധീശവധത്തിനാഞ്ഞ ഭഗവാൻ ശ്രീരാമനും വ്യാജമാ-
തങ്കാപേതമൊളിച്ചു ബാലിനിധനത്തിങ്കൽ ഗ്രഹിച്ചീലയോ ? (൬൦)

എന്നല്ലന്നതിദുർന്നയങ്ങളനിശം ചെയ്യുന്ന ഭൂപാലനെ-
ക്കൊന്നീടുന്നതിനന്യരായവർ കടന്നുദ്യുക്തരായിടവേ
മുന്നോ തന്നെ വളർന്ന വൈരമകമേയോർത്തിട്ടിവൻതാനുമീ-
യന്യന്മാരൊടു ചേർന്നുവെന്നതു ദൃഢം ദുർന്നീതിയായ്വന്നിടാ. (൬൧)

എന്നാൽ, സ്വോദരപൂരണം കരുതിടും നിസ്സാരനാമേകനോ-
ടുന്നവം ചതി ചെയ്യുതിന്നിഹ തുനിഞ്ഞെന്നുള്ളതോർത്തീടുകിൽ
ചിന്നും കാർമികലാപമാർന്ന വിലസും ക്ലൈവിൻെറ സൽകീ-
ർത്തിയാം
മിന്നും പൂർണ്ണസുധാകരന്നഭിനവം മാലിന്യമേനിർണ്ണയം. (൬൨)

ചിന്നെപ്പാടലമാം നിറം കലരുമക്കള്ളപ്രമാണത്തിനാ-
ലന്നക്കൈവു മനസ്സിൽ നിർവ്വൃതിയുമാചന്ദ്രന്നു നൽകീടിനാൻ
മിന്നും വെണ്മതി വേണമെന്നു കരയും ബാലന്നു തൽബിംബമു
ച്ചേർന്നീടും മുകുരത്തിനാൽ ജനകനാനന്ദം വളർത്തുന്നപോൽ. (൪൮)

ഏവം വേണ്ടവിധം പ്രസാധനമുടൻ സജ്ജീകരിച്ചജ്ജ്വലൽ-
ഭാവം പ്രസ്തുതനാടകം ബത! തുടങ്ങീടാൻ തുനിഞ്ഞാദരാൽ
കൈവായീടിന സൂത്രധാരനവനീഭൂതിൻസദസ്സിങ്കല-
ന്നാവിസ്സൂചനമായ നാന്ദി നിജലേഖത്താലുണർത്തീടിനാൻ. (൪൯)

മുന്നേ താനറിയിച്ച സങ്കടസമൂഹത്തിന്നൊരാശ്വാസവും
വന്നില്ലിന്നവരെയ്ക്കുമെന്നു നൃപനോടേതുന്നതിന്നെന്നപോൽ
ചിന്നും സൈന്യഗണങ്ങളോടവനുമപ്പുത്രാനുസാരേണ താൻ
ചെന്നാനന്നു മുതിർന്നു വംഗപതി വാണീടും പുരത്തിന്നടൻ. (൫൦)

പണ്ടേ താൻ ബകതാപസത്വമിയലും കൈവിൽ പരമ ശങ്ക
ക്കൊണ്ടീടുന്ന നഭാവുമന്തമിതു കേട്ടത്യന്തരോഷോദയം
ഉണ്ടായി സ്വബലവ്രജം സകലവും സന്നദ്ധമാക്കി ദ്രുതം
ശണ്ഠയ്ക്കായ് നഗരത്തിൽ നിന്നു ഗതവാനൽക്കുലകോലാഹലം. (൫൧)

മന്നൻ ഷഷ്ടിസഹസ്രസൈനികരെഴും സൈന്യത്തിനെത്തൽ (ക്ഷണം
വന്നപ്പോൾ സിസമാഖ്യമായ പുരിയിൽ ചേർത്തങ്ങു വാണീടവേ
മന്ദത്വം കലരാതണഞ്ഞു വിരവോടാങ്ഗ്ലേയസംഘേശനും
സൈന്യത്തോടഥ കാസിമാപണപുരംതന്നിൽ പ്രവേശിച്ചതേ. (൫൨)

ഓരുമ്പോൾ മമ സൈന്യമെത്ര ശിഥിലം! മൂവായിരം സൈ (നിക-
ന്മാരേയുള്ളിതി,ലെന്തുവാനിവരഹോ! ചെയ്യുന്നു ശത്രുക്കളിൽ?
പോരിന്നേകുവനെന്നു ജാഫരനരച്ചിട്ടുള്ളൊരസ്സൈന്യമി-
ന്നാരാലെന്തു വരാത്തതെന്നവനമന്ദോൽക്കണ്ഠ പൂണ്ടാൻ തദാ. (൫൩)

ഔന്നത്യസ്പൃഹയുണ്ടു വേണ്ടവിധമായെന്നാകിലും ഭീതിയുൾ-
ച്ചേന്നീടുന്നൊരു മീരജാഫരനലം സംഭ്രാന്തനായിത്തദാ
മന്നൻതന്നുടെ പാളയത്തിനകമേ ഹാ! കേവലം വാണു തൻ-
സൈന്യവ്രാതമയച്ചിടാതെ ചപലൻ വിട്ടിടിനാൻ ദൂതനെ. (൪൯)

അല്പം കാലമമന്ദമോരതയെഴും വ്യാമോഹഭ്രമാവതാ-
മുൾപ്പൂവിന്നുള്ളവായിടുന്ന ഗദമക്ലൈവിന്റെ ചിത്തത്തിലും
എപ്പോളെങ്കിലുമെന്തിലെങ്കിലുമുദിച്ചിട്ടുണ്ടിതെന്നാലതു-
ണ്ടപ്പോൾ മാത്രമതിങ്കൽ മാത്രമതിയായിടും മഹാസങ്കടേ. (൫൦)

കാര്യത്തിന്റെ ഗുരുത്വമോർത്ത പൊഴതിൽ കർത്തവ്യമെന്തെന്നു (താ-
നോരാതങ്ങനെ ധീരനെങ്കിലുമവൻ സന്ദേഹവാനായ്ക്ഷണം
പോരാടുന്നതിനാത്മസൈന്യസഹിതം വന്നുള്ള സേനാധിപ-
ന്മാരാം വാട്സനക്രൂടമുഖ്യരൊടുടൻ മന്ത്രാലയം പുക്കതേ. (൫൧)

"ഓർത്താൽ നമ്മുടെ ശത്രുവുന്നതബലൻ; ചാപല്യവാനും മ (ഹാ-
ധൂർത്താത്മാവുമഹോ! സുഹൃത്തു;—വന്നു താൻ ചെയ്യുന്നതീ യ (ത്നവും;
ചീർത്താളും ഫലമായവന്നിഹ ജയം വന്നീടി;—ലല്ലെങ്കിൽ നാം
മാർത്താണ്ഡാത്മജഗേഹമെത്തു;—മിവിടെച്ചെയ്യുന്നതെന്തോന്നു (വാൻ?" (൫൨)

ഏവം ക്ലൈവ്യ തുറന്നു ചൊന്ന വചനം കേട്ടിട്ടു ഗംഭീരമാം
ഭാവം ചേർന്നൊരു കൂടനേകനൊഴികെസ്സാമാജികന്മാർ തദാ
സർവ്വന്മാരു 'മുടൻ മഹാരണസമാരംഭം മുടങ്ങുന്നതാ-
ണീ വന്നുള്ള വിപത്തിലിന്നു വര'മെന്നോതീടിനാരൊന്നുപോൽ. (൫൩)

എന്നാലങ്ങനെ തന്നെയെന്നരുളിയസ്സംഘം പിരിച്ചാദരാ-
ലന്നാ വീരനണഞ്ഞു ശാന്തമതിയായ് സേനാനിവേശാംഗണേ,
പിന്നീടും പല ചിന്തകൾക്കു വശനായ് ലാത്തീടിനാനന്തരാ
മിന്നീടും ബഡവാഗ്നിയാൽ കടലത്തീരസ്ഥലത്തെന്നപോൽ. (൫൪)

[illegible]ം നിശ്ചിതമാക്കിയങ്ങൊരു മുഹൂർത്തം കൊണ്ടു താനെത്രയും
[illegible]ർവ്വം പൂണ്ടു വത്രുഥിനിപരിവൃഢന്മാരോടു വീരോത്തമൻ
[illegible]രാത്രാശ്രു പുരസ്സ്ഥയാം നദി കടന്നിടേണമെന്നാൻ, പുരാ
[illegible]ന്നൊരു രൂഖിതകോണനദിയെക്കടന്നാതെയസ്സീസർ
(പോൽ. (ന്ദ)

[illegible]ാറന്നാളതിരാവിലേ നദി കടന്നന്നേരിനം കൊണ്ടു താൻ
[illegible]ാറന്നേറെ നടന്നു ചെന്നു രജനീപ്രാരംഭയാമം പരു
[illegible]ം തിന്നൊരു നേരമാങ്ഗലചമൂവൃന്ദങ്ങളും നാടനം
[illegible]ാറും ക്രസ്സർ കലന്നിടാതെ ഗതരായ് ഗ്ലാസിപ്രദേശാങ്ങ
ണം. (ന്നന്ന)

[illegible]ക്കിക്കൊണ്ടു വസിച്ചിടും വസുമതീപാലന്റെ സൈന്യ
(ത്രജം

[illegible]ാരവിസ്തൃതമായ പാളയമതിന്നഭ്യർണ്ണമെത്തി ദ്രുതം
[illegible] ദ്ദിൽപ്രതിക്രമിച്ചധികമായ് ക്ഷീണിച്ച തൻസൈനിക-
[illegible]ന്നൻപൊടു വിശ്രമാജ്ഞ വിരുതൻ ക്ലൈവൻ കൊടുത്തീ
ടിനാൻ. (ന്ദ)

[illegible]ിൽ ചേന്നൊരു ചൃതവാടിയതിനാലന്യോന്യമാച്ഛന്നമായ്
[illegible]ന്നതെ സൈന്യവും മികവെഴുന്നാംഗ്ലേയർ തൻ സൈ
(ന്യവും

[illegible] ഭീതിയൊടാളശേഷമകലെപ്പാഞ്ഞുള്ളൊരാവീഥിയിൽ
[illegible]ഹത്തൊടു താൻ വസിച്ചിതു ധരിച്ചാത്മീയശസ്ത്രങ്ങളും.
(ന്ദ)

[illegible]ളിൽ വാണനേകവിധമായീടും വിചാരവ്രജ-
[illegible] രാത്രിയിൽ നിദ്രയേതുമണയാതുൽക്കണ്ഠ കൈക്കൊ
(ണ്ടിടും.

[illegible]ിടിന രണ്ടു സേനകളുമന്നക്കാളഗത്തത്തിലെ-
[illegible]ത്ത നിശാചരിത്രമതുലം ചിന്തത്തിലോർത്തീടിനാർ.
(ന്ദൻ)

[illegible]ൽ വസിച്ചിടും നൃപനുമന്നോരോ തരം സംശയം
[illegible]ട്ട മുഹമ്മുഹർ ഭയമിയന്നാഹന്ത! സംഭ്രാന്തനായ്
[illegible]ടിനാ കാളഗത്തജ്ജവിരാചൌഘങ്ങൾ കോപാല
ണാ-

[illegible]ം ഭാവമോടു തന്നെ വളയുന്നുണ്ടെന്നു കണ്ടീടിനാൻ.
(൭൦)

പ്രത്യൂഷത്തിലിളക്കമാൻ മധുകോശത്തിങ്കൽ നിന്നീച്ചപോൽ
പൃതഥ്വീനായകസേനയപ്പടകുടീരത്തിങ്കൽ നിന്നങ്ങജസാ
ഉൾത്തീ പൂണ്ടഥ നാലു പാടുമിളകിപ്പോരിന്നു നേരിട്ടു ചെ-
ന്നൊത്തീ രോഷമൊടാങ്ഗ്ലേയർ മരുവും മാങ്കാവശങ്കാവഹം (൭൫)

"പോയാണ്ടീ വലുതായ വേനലിയലും കാലത്തിലത്രു മന-
പ്പേയാണ്ടങ്ങനെ ഫാല്ഗുലൻ നിജഭടന്മാരോടു ചേർന്നോത്രയും
പേരാളുന്നൊരു കാളഗത്തനിലയം പ്രാപിച്ചതെ" ന്നോർത്തു കൊ-
ണ്ടാരാൽ സൈന്യഗണത്തെയാങ്ഗ്ലവരൻതാനും നയിച്ചാ നടൻ. (൭൨)

പട്ടാളങ്ങളുടൻ മുതിർന്നണിനിരന്നാജിസ്ഥലത്തിങ്കലുൾ-
പ്പെട്ടാർ തുംഗതരം പെരുംപറയറഞ്ഞത്യുച്ചനാദത്തൊടേ
എട്ടാശാതടവും മുഴക്കിയധികം കല്പാന്തകാലേ പുറ-
പ്പെട്ടാകാശതലത്തിലുഗ്രതയെഴും കാർമേഘജാലങ്ങൾ പോൽ. (൭൩)

വലിച്ചുള്ള നഭോവസേനകൾ ഫലം നോക്കാതെ പോക്കായ ണ-
ഞ്ഞത്യന്തം ചെലവാക്കിനാർ വെടിമരുന്നോരാതെ ധാരാളമാ യ്
വിത്താധീശ്വരതുല്യരാം പ്രഭുവരന്മാർക്കുള്ള ഗേഹത്തിലെ-
പ്പത്തായങ്ങളിൽ നിന്നു നെല്ലുകൾ മഹാധൂർത്താൻ ഭൃത്യേശർ പോൽ. (൭൪)

എന്നാലാങ്ഗ്ലസൈനികേശർ മിതമായ്മാത്രം പ്രയോഗി ച്ചിത-
ന്നെന്നാലും ഫലമായവക്കമിതമായുണ്ടായിതായോധനേ;
കുന്നോളം ബത! സാധനങ്ങളതിയായ് കൂട്ടീടിലെന്തേ ഫ ലം?
നന്നാകും വിനിയോഗമാണു നിയതം സമ്പത്തുസമ്പന്നരിൽ. (൭൫)

മാതങ്ഗങ്ങൾ ഖരങ്ങളുഷ്ട്രതുരഗവ്രാതങ്ങളെന്നല്ല ന-
ല്ലാതുങ്ഗാഭയെഴുന്ന തോക്കുകൾ മഹാഖഡ്ഗങ്ങൾ ചാപങ്ങളും
കാംബോജാളി തുലുഷ്കസംഹതി പരാങ്കിശ്രേണിയും ചേർന്നൊരാ
ഖൻപോരുന്ന നഭാവസേന തുമുലം യുദ്ധം തുടങ്ങീ തദാ. (൭൩)

ചൊൽക്കൊള്ളും നിജപക്ഷലക്ഷ്മിയിലെഴും പുത്തൻവിലാസ
ത്തിനാൽ
ചിക്കെന്നുത്ഥിതരായ വങ്ഗപതിതൻസേനാധിപന്മാരുടൻ
മുഷ്കാലെത്തി നവീനവൃഷ്ടിദിവസേ സായം സമുത്ഭൂതമായ്
ദിക്കെങ്ങും ചുഴലുന്നൊരിയ്യൽനിര പോൽ പ്രായേണ വീണീടി
നാർ. (൭൪)

പോരാടുന്നതു കണ്ടുകൊണ്ടു ശിബിരത്തിന്നുള്ളിൽ മേവുന്നൊര-
പ്പോരാളുന്ന സുരാജദ്രോലനൃപനന്നാംഗ്ലേയസൈന്യവ്രജം
ധാരാളം ക്ഷമയും സുധീരതയുമാർന്നായോധനം ചെയ്യുത-
ങ്ങാരാൽ കണ്ടുടനൻപ്പരന്നു ബഹുധാ ശോകാതിരേകാകുലം.
(൭൫)

മെത്തീടുന്നതിഘോരമാമഹിഭയത്തിങ്കൽ പെടും ശങ്കയോ-
ടൊത്തീടാൻ നരേന്ദ്രമൌലി നിരസിച്ചേറ്റം സ്വകീയം ബലം,
തത്രാജിഹ്മഗനെങ്കിലും ദൃഢമെതിർക്കുന്നോരമിത്രങ്കൽ നി-
ന്നെത്തീടും ക്ഷയമെന്നു സംശയമൊടേ സന്ത്രസ്തനായാൻ തു
ലോം. (൭൬)

പണ്ടേ താനതിഭീരുവായ് ചപലനായീടും മഹീപാലനിൽ
കണ്ടേതാദൃശഭീതി, ഘാതുകവശം ചേർന്നോരു ദുർമ്മന്ത്രിമാർ,
'ഉണ്ടേവം ഭയഹേതുവെന്നതു മഹത്താകും മനീഷാബലം
കൊണ്ടേ കാണുകയുള്ളൂ' വെന്നരുളിയന്നേററം വളർത്തീടിനാർ.
(൭൭)

ഇക്കാലുഷ്യവിലാസമങ്ങു ധരണീഭൃത്തിൻെറയുള്ളത്തിൽ നി-
ന്നക്കാലം നവമായുദിച്ചസപദം പാരം പരന്നഞ്ജസാ
പ്പുക്കാസന്നകളായ് മഹാരയമൊടേ പായും സ്വഭാവം പെടും
നിഷ്കാലുഷ്യതയാർന്ന വാഹിനികളെക്കൂടെദ്ദുഷിപ്പിച്ചുതേ. (൭൮)

ഇത്ഥം നാശമടുത്ത വങ്ഗധരണീഭൃത്തിൻനിവേശത്തിൽ നി-
ന്നത്യന്തം ത്വര പൂണ്ടഹോ! തരമിതാണെന്നോർത്തുടൻ ജാഫരൻ
വർദ്ധിച്ചീടുമൊരാംഗല ധ്വജിനിയിൽ, പത്മാകരത്തിങ്കൽ നി-
ന്നുത്തുംഗദ്യുതിയാന്ന കൈരവിണിയിൽ ഭൃംഗം കണക്കെത്തിനാ
ൻ. (വ്വ)

വൻപേറും വല വിത്തഭാണ്ഡനിരയും ശസ്ത്രങ്ങളും നിസ്ത്രപം
പിൻപേ തള്ളിയുടൻ തുലുഷ്കനിവഹം പോർ വിട്ടു വേർപെട്ടു
തേ;
തമ്പേറങ്ങു മുഴക്കിയാങ്ഗലചമൂവൃന്ദങ്ങളും മിന്നൽ പോൽ
മുൻപേ കേറി മുതിന്ന പാഞ്ഞതിമദം കൈക്കൊണ്ടു ചിക്കെന്ന
ഹോ! (വ്വ)

അന്നേരത്തു തുലുഷ്കസേനകൾ, കൊടുങ്കാറ്റെറങ്ങുമേററം ചലി-
ക്കുന്നേരം വലുതായ തുലതതി പോൽ നാനാപ്രദേശങ്ങളിൽ
ചിന്നിക്കൂട്ടു പിരിഞ്ഞു പാരമിളകിപ്പെട്ടെന്നു ബന്ധം വെടി-
ഞ്ഞൊന്നൊന്നായ് നിജരക്ഷ തന്നെ കരുതിപ്പേടിച്ചു മണ്ടീടി
നാർ. (വ്വ)

ഒരാരഞ്ഞൂറെഴുനൂറൊടൻപതിനു മേലേഴും കലർന്നുള്ളതാ-
യോരാ വത്സരമുത്തരായണമണഞ്ഞേററം വിളങ്ങീടവേ
സ്വൈരം പ്ളാസിരണപ്രദേശമതിൽ വെച്ചാംഗ്ളേയരിൽ,
കൈതുകം
ചേരും ഭാരതലക്ഷ്മി ചെയ്തിതു ശുഭം കല്യാണമാല്യാർപ്പണം.
(വ്വ)

"ഭാഗ്യം കൊണ്ടധുനാ ഭവാനിഹ ബിഹാർ ബങ്ഗാളമോറ്റി
സ്സയ
രാജ്യങ്ങൾക്കു നഭാവതായിനി മുദാ പോകാം നമുക്കെ"ന്നുടൻ
ശ്ലാഘ്യൻ ക്ലൈവുരചെയ്തു ജാഫരനെയും കൂട്ടിച്ചുകൊണ്ടങ്ങു
പോയ്
പ്രാജ്യശ്രീ വിലസും നരേശ്വരപുരംതന്നിൽ പ്രവേശിച്ചുതേ.
(വ്വ)

പ്രാപിച്ചങ്ങനെ മൂഷിദാഖ്യനഗരം, പൌരാളിയോടൊത്തു സ-
മ്മോദിച്ചിട്ടഥ മീരജാഫരനെയക്ക്ളൈവും നഭാവായ് തദാ
സ്ഥാപിച്ചാന, വനും തെളിഞ്ഞിവനമസ്സംഘത്തിനും വേണ്ട
ദോൽ
ദീപിച്ചുള്ള സുവർണ്ണരാശി വളരെസ്സമ്മാനമായ് നൽകിനാൻ.
(൭൭)

പിന്നീടു മന്ത്രപരിപാലകരായവർക്കായ്
സമ്മാനമാത്ര വഴിപോലെ പകുത്തിടുമ്പോൾ
സവ്യാജലേഖ്യകഥ കാഷ്ടമറിഞ്ഞുടൻ താൻ
മൂർച്ഛിച്ചു വീണിതു വണിക്പതിയായ ചന്ദ്രൻ. (൭൮)

ത്രാസം കൊണ്ടു സുരാജനും രണമതിൽ ശേഷിച്ച സൈന്യേന
തൻ-
വാസം വീണ്ടുമണഞ്ഞ പോതവിടെയും സംഘം വിശങ്കം ജ
വാൽ
രോഷംപൂണ്ടുവരുന്നതോർത്തുടനൊളിച്ചപ്പോൾശ്രവശ്ചേരദന-
ദ്വേഷം പണ്ടെഴുമേകനെത്തിയവനെത്തേടിപ്പിടിച്ചീടിനാൻ.
(൭൯)

കഷ്ടം! ദൈന്യമെഴും സുരാജനെയുടൻ തൻമുന്നിലെത്തിക്കവേ
ശിഷ്ടൻ ജാഫരനും കനിഞ്ഞൊരുവിധം കൈവിട്ടയച്ചീടിനാ
ൻ;
കൊട്ടാരത്തിനകത്തു താനവനെയങ്ങന്നത്തെ രാജാത്മജൻ
ഗൌഷ്ഠീനത്തിനകത്തു ഗോവതിനെയെന്നോണം ഹനിച്ചാൻ
പുനഃ. (൮൦)

നാനോപായങ്ങളാലിങ്ങനെ ഭയമഖിലം തീർത്തുടൻ ക്ളൈവ
മോദാൽ
ദാനംചെയ്തുള്ളതായീടിന നവനൃപതിസ്ഥാനമന്യൂനമാന്ന
മാനം ചേരുന്നൊരാംഗ്ളേയകരുടെ പുരുസാഹായ്യമാലംബമാ
ക്കി-
സ്സ്വാനന്ദം വാണു ഹർമ്മ്യങ്ങളിലതിവിഭവശ്രീഭരം ജാഫരാഖ്യൻ.
(൮൧)

"വംഗവിജയം" എന്ന
ആറാം സർഗ്ഗം
സമാപ്തം.

ഏഴാം സർഗ്ഗം.

അനന്തരം ക്ലൈവിനെഴും ജയം കേ-
ട്ടനന്തസന്തോഷരസം കലർന്ന
സംഘാധിപന്മാർ ഗുണവത്സലന്മാർ
ബംഗാളരത്നത്തുതപമവന്നു നൽകി. (൧)

പൂവെണ്ണിലാവിന്നൊളി കപ്പമേകും
ശ്രീ വിങ്ങിടുന്നോരവനുള്ള കീർത്തി
ഹിമാചലം തൊട്ടഥ സേതുവോളം
സമാഗമിച്ചിങ്ങു പരന്നു പാരം. (൨)

തെക്കുള്ള ദിക്കങ്ങു വെടിഞ്ഞു മന്ദ-
മർക്കൻ കണക്കിങ്ങു വടക്കുദിക്കിൽ
പുക്കുള്ളൊരക്ലൈവമഹാശയന്നു
ചിക്കെന്നു വർദ്ധിച്ചിതു നൽപ്രതാപം. (൩)

അവന്നൊഴും പ്ലാസിജയത്തിലന്നാ-
ളാർക്കോടശൌര്യം പരിമഗ്നമായി
കൃഷ്ണൻെറയാമ്പാടിയിലുള്ള വീര്യം
ഭൈമച്ഛിദാപ്രൌഢിയിലെന്നവണ്ണം. (൪)

ഭുജിച്ചിതക്ലൈവു ധരിത്രിയെത്താൻ,
ഭുജിച്ചതേ ജാഫർവിഭ്രതി മാത്രം;
ഭരിച്ചു പൂർവ്വൻ വഴിപോൽ പ്രജൌഘം,
ഭരിച്ചു സൌവർണ്ണകിരീടമന്യൻ. (൫)

ബംഗാളരാജ്യത്തിലിവർണ്ണമുള്ളാ-
രാംഗ്ലേയധാർഷ്ട്യങ്ങളറിഞ്ഞ നേരം
ഇൻഡ്യാതലം വാണിജർ കൊള്ളയിട്ടെ-
ന്നുണ്ടായ് നരേശക്ക വിചാരമുള്ളിൽ. (൬)

തഴച്ചിടും ജാഫരവംഗലക്ഷ്മി
സഹിച്ചതില്ലന്നു നരേശ്വരന്മാർ
മദിച്ച ചൈദ്യാദികൾ പണ്ടു കൃഷ്ണൻ
ഹരിച്ച വൈദർഭിയെയെന്നപോലെ- (൭)

ക്ലൈവിൻസുഹൃത്താമവനോടെതിർപ്പാൻ
കൈവന്ന ദർപ്പാൽ നൃപരുദ്യമിച്ചു;
ഫാലാക്ഷനേന്തും ഫണിയിങ്കലേതും
ഫലിപ്പതോ പക്ഷിവരൻെറ വൈരം?. (൮)

അയോദ്ധ്യതൻനായകനായ് തദാനീം
വസിക്കമുർവ്വീപതി ഷൂജദൌലൻ
സ്വയോദ്ധൃവൃന്ദത്തൊടു വംഗരോട-
ങ്ങെതിർപ്പതിന്നായ് സഹസാ തുനിഞ്ഞു. (൯)

എന്നാൽ നമുക്കും പട വേണമെന്നോ-
ത്തന്നാഗമിക്കും പരഭൂപരോടും
ഒന്നിച്ചിവൻ ഷാലമ,- രാജപുത്രൻ-
തന്നെ ഗ്രഹിച്ചാജിയിൽ മുൻപനാക്കി. (൧൦)

അവൻെറ യുദ്ധക്കൊടി കണ്ട നേര-
ത്തസംഖ്യയോദ്ധാക്കൾ വളഞ്ഞു ചൂഴം
വിളക്കു കാണുമ്പൊളതിന്നു ചുററും
വിരഞ്ഞു കൂടും ശലഭങ്ങൾ പോലെ. (൧൧)

പരാങ്കിമാർ ജാടരുമപ്രകാരം
മാരാഷ്ടരെന്നുള്ള ജനങ്ങളാലേ
നിറഞ്ഞു സൈന്യം, സലിലപ്രവാഹ-
ഗണങ്ങളാലേ നദിയെന്നപോലെ. (൧൨)

ചൊല്ലൊങ്ങുമിസ്സൈന്യഗണങ്ങളോടൊ-
ത്തല്ലേതരോത്സാഹമിയന്നു ഷാലം
കെല്ലാൻ വംഗാധിപദുർഗ്ഗമാകും
നല്ലാടലീപുത്രമടിക്രമിച്ചു. (൧൩)

ഇനി രാജപുത്രന്റെ ബലപ്രതാപം
പാരാതറിഞ്ഞുള്ളൊരു മാത്രയിങ്കൽ
ദരാതിരേകത്തെ വഹിച്ച നവ്യൻ
നരാധിപൻ ജാഫരനുള്ളിലേററം. (൧൪)

കൈക്കുലി നൽകീട്ടരിതന്നെ മാററാ-
നമന്ദമുള്ളത്തിലവൻ കൊതിച്ചു
നൽക്രവ്യമേകീട്ടു തിമിംഗിലത്തെ
മഹാർണ്ണവേ നാവികനെന്നപോലെ. (൧൫)

വീരാഗ്ര്യനാകും പുരരക്ഷി രാമ-
നാരായണാഖ്യൻ പുനരന്നു ധീരം
സ്ഥിരാശയൻ ക്ലൈവ്യ വശംവരെയ്യു-
മരാതിസംഘത്തെയതിന്നു നിന്നാൻ. (൧൬)

വരുന്നൊരക്ലൈവ്യനെഴും ബലത്താൽ
പരന്നു പൊങ്ങും പൊടി കണ്ട നേരം
നിരന്ന സൈന്യങ്ങളുമന്ദമന്നാ-
ക്കുരുന്നഹോ! വെന്തു പറന്നു വേഗാൽ. (൧൭)

ഉദന്തമേവം ബഹുവിസ്മയത്തിൻ-
പദന്തദാ കേട്ടു സമാഹിതാത്മാ
മനന്തെളിഞ്ഞാശു വസുന്ധരേശ-
നനന്തസമ്മാനമവന്നു നൽകി. (൧൮)

കൃതാർത്ഥനായോരു മഹീശ്വരൻതൻ-
കൃതജ്ഞഭാവം നിജബന്ധുവിങ്കൽ
തടിദ്വിലാസത്തിനു തുല്യമേക-
നിമേഷമേയിങ്ങനെ നിന്നതുള്ളൂ. (൧൯)

"സ്വാതന്ത്ര്യമെന്നുള്ളതു ലേശമില്ലാ-
താഹന്ത! ഞാനോ ഹതനായിതല്ലോ;
ഇംഗ്ലീഷുകാർതൻവശനാമെനിക്കീ
മഹാധനത്താൽ ഫലമെന്തു പാർത്താൽ? (൨൦)

ക്ലൈവായ വേതാളവരൻ പണത്താൽ
കനിഞ്ഞു മൽകിങ്കരനായിടുന്നു;
ഒരിക്കലുംക്കോപമിവന്നുദിച്ചാൽ
ദഹിക്കുമെല്ലാമിവനില്ല വാദം. (൨൧)

എന്തും പ്രവർത്തിക്കുവതിന്നു ധൈര്യം
ചിന്തുന്നൊരിദ്ദുഷ്ടനെയിന്നു വേഗാൽ
എന്തെങ്കിലും ചെയ്തു സമാനവീര്യ-
മേന്തും ജനത്താൽ നിരസിച്ചിടേണം. (൨൨)

വടക്കുദേശങ്ങളിൽ നിന്നു കഷ്ടം!
പരാങ്കിമാരിന്നു പരാസ്തരായി;
അല്ലെങ്കിലെന്നോടവർ ചേർന്നിവൻതൻ-
പരാസനം ചെയ്തിടുമായിരുന്നു. (൨൩)

യൂറോപ്യരെപ്പോരിലഹോ! ജയിപ്പാൻ
യൂറോപ്യർ താൻ, സംശയമില്ല, വേണം;
ബ്രഹ്മാസ്ത്രവീര്യത്തെയടക്കുവാന-
ബ്രഹ്മാസ്ത്രമെന്നാണു പറഞ്ഞുകേൾപ്പൂ." (൨൪)

ചിന്തിച്ചിവണ്ണം ബഹുകാതരാത്മാ
തന്ത്രജ്ഞനാം ജാഫരനും തദാനീം
ചിരേണ ചിൻസൂറയിലന്നു വാഴും
ദച്ഛാളിയെഗ്ഗ്രഹമിളക്കി വിട്ടു. (൨൫)

സ്വശക്തിയോർക്കാതവരും മദിച്ചി-
ട്ടാംഗ്ലേയരോടേല്പതിനിച്ഛയോടേ
സന്നാഹമോരോന്നു തുടർന്നിതന്നാൾ;
സമ്പത്തിലാരത്ര കൊതിച്ചിടാത്തു? (൨൬)

പെരുത്ത ദുർമ്മോഹികളുഗ്രമായി-
ട്ടൊരുക്കമോരോന്നു നടത്തവേ താൻ
കരുത്തെഴും ക്ലൈവവരെ ക്ഷണത്തിൽ
ഇരത്തി മേഘങ്ങളെ മാരുതൻ പോൽ. (൨൭)

കെട്ടീടൊലാ കോട്ടയെ മേലിൽ നിങ്ങൾ
പട്ടാളവും കൂട്ടരുതെന്നിവണ്ണം
ചട്ടങ്ങൾ ചെയ്തിട്ടവരെ സ്വരാജ്യേ
വസിക്കുവാൻ ക്ലൈവഥ സമ്മതിച്ചു. (൨൭)

ഏവം സ്വവർഗ്ഗത്തിനു വേണ്ടവണ്ണം
താവുന്നൊരൈശ്വര്യമനശ്വരം താൻ
സ്ഥാപിച്ചുടൻ വിശ്രമവാഞ്ഛയോട-
ക്ലൈവാത്മദേശത്തിനു യാത്രയായി. (൨൮)

ആ വീരസിംഹേന്ദ്രനൊഴിഞ്ഞ നേര-
ത്താവിർമ്മദം ഭൂപതികുഞ്ജരന്മാർ
ബങ്ഗാളമാം, ശ്രീ വിളയാടുമോമൽ-
പ്പൂങ്കാവിലേയ്ക്കങ്ങു കടന്നു വീണ്ടും. (൨൯)

അപ്പോൾ മഹാഭൂപതിയായിരിക്കും
കെല്ലാന്ന ഷാലം നിജബന്ധുവാകും
ചൊല്ലൊങ്ങുമഷ്ഷൂജകളൌലനോടൊ-
ത്തപ്പാടലീപുത്രപുരം വളഞ്ഞു. (൩൦)

ഘോരാരിവർഗ്ഗത്തെയെതിർത്തു രാമ-
നാരായണൻ താനഥ മുൻപിലെപ്പോൽ,
വിവേകസാരം, വിരമിച്ചു വീണ്ടു-
മെഴും വികാരങ്ങളെയെന്നവണ്ണം. (൩൧)

വൈകാതെ വന്നാംഗലരിങ്ങു സാഹ്യ-
മേകീടുമെന്നുള്ളൊരു മോഹമോടേ
കൌടില്യഹീനം നഗരത്തെ, നവ്യൻ
കൌടില്യനെന്നോണമവൻ ഭരിച്ചു. (൩൨)

കല്യത്വമാർന്നിട്ടുടനാംഗലേന്ദ്രൻ
കല്യാദനെത്തുന്നതറിഞ്ഞു പാരം
പേടിച്ചഹോ! മൂഷ്ടിബാദിലേയ്ക്കായ്
പെട്ടെന്നു ശത്രുക്കൾ ഗമിച്ചിതപ്പോൾ. (൩൩)

കല്യാദനല്ലാസമൊടേ മടങ്ങി-
ശ്ശത്രുക്കളെപ്പിൻതുടരാൻ തുടങ്ങി;
കൌടില്യമുള്ളോരവർ ശീഘ്രമപ്പോൾ
കടന്നു പുഷ്പാലയമെത്തി വീണ്ടും. (൩൫)

ചതിക്കുവാനിങ്ങനെയങ്ങുമിങ്ങും
ചരിക്കയാൽ ദുർഗ്രഹനായ് ഭവിക്കും
ഖലാരിയെ ശ്യേനസമം പതിച്ചു
ബലേന നേതാവു പിടിച്ചു നാക്സൻ. (൩൬)

ശീഘ്രം ജഗൽപ്രാണഹരങ്ങളാകും
നാക്സൻെറയുദ്യന്നളികങ്ങളപ്പോൾ
നേക്കുന്ന തൽസൈന്യഗണത്തെയെല്ലാം
ഭക്ഷിച്ചു ചക്ഷുശ്ശ്രവണങ്ങൾ പോലെ. (൩൭)

ഏവം തദാ ശത്രുവിനെജ്ജയിച്ച-
ക്ലൈവിന്നു നേരേ കിടയായ നാക്സൻ
തന്മിത്രമാമന്യനഭാവിനേയും
കെല്ലോടു തോല്പിച്ചതികീർത്തിയാൻ. (൩൮)

ചെല്ലോങ്ങുമപ്ലാസിരണാദ്ധ്വരത്തിൽ
ക്ലൈവായ യജ്വാവു ചമച്ചതാകും
പ്രതാപത്രുപാഗ്നിയെയിപ്രകാരം
ചാലിച്ചു നാക്സാദികൾ വേണ്ടപോലെ. (൩൯)

എന്നാകിലും നൂതനവങ്ഗഭൂമ്പാ-
വായിട്ടു തീർന്നീടിന വാൻസിതാർത്ഥൻ
നന്നായ് നിജസ്ഥാനഭരം വഹിപ്പാ-
നന്നാളശക്തത്വമിയന്നു പാരം. (൪൦)

ദുർന്നീതിമാന്മാരുടെ വിദ്യയും സ്ത്രീ-
വൃന്ദാനുഗന്മാരുടെ സിദ്ധിയും പോൽ
അന്യൈഗമന്മാക്കിയലും പ്രഭുശ്രീ-
യന്നാശ്രു ദുർമ്മാർഗ്ഗഗയായ് ചമഞ്ഞു. (൪൧

സ്വസ്വാമിമാർ ദൂരെ വസിച്ചിടുമ്പോൾ
സ്വതന്ത്രരായ് സ്വാർത്ഥസമീഹയോടേ
ധാഷ്ട്യം വഹിക്കുന്നൊരു കിങ്കരർക്കു
തോന്നുന്നതെല്ലാമവരന്നു ചെയ്താർ. (൭൮)

എല്ലാ വഴിക്കും ഗതയായനല്ലം
ബലം കലർന്നുള്ള തടിയതുഷ്ണാ
വളർന്നു, വർഷത്തിലെഴും സരിത്തിൻ-
തരംഗചാപല്യഭരം ധരിച്ചു. (൭൯)

ബങ്ഗാളരാജ്യത്തിലെഴുന്ന നാനാ-
ദുർവ്വർണ്ണചാമീകരരത്നജാലം
അക്കാളിഘട്ടത്തിചണത്തു സംഘ-
പ്രണാളരന്ധ്രാവഴി മന്ദമന്ദം. (൮൦)

ഭൃത്യത്വമാർന്നീടിന ദേശ്യരോട-
ബ്ഭർത്തൃത്വമുള്ളോരവരന്യദേശ്യർ
വാങ്ങീടിനാർ മൂല്യമതല്പമായി ;
വിററീടിനാർ മൂല്യമനല്പമായും. (൮൧)

പൃഥ്വീശർ വാണിജ്യവിധം തുടർന്നാ-
ലിത്ഥം ഭവിക്കുന്നതു യുക്തമത്രേ ;
ഇന്ദ്രാനുജൻ ഭിക്ഷയിരന്നു മുന്നം
ലോകത്രയം പാട്ടിലടക്കിയല്ലോ. (൮൨)

നഭാവിനേയും തദധീശരാകും
സംഘത്തെയും സംഘനിയോജ്യരേയും
എന്നല്ല തൽസേവകരേയുമന്നു
ജനങ്ങൾ പേടിക്കണമെന്നു വന്നു. (൮൩)

നഭാവുതന്നാജ്ഞ മറുത്തുവെന്നാ-
ലവൻെറ കീഴുള്ളവർ ശിക്ഷയേകും ;
ബങ്ഗാളഭൂത്താവിലമർന്നിടാഞ്ഞാൽ
ശിക്ഷിക്കുമപ്പോളിഹ രണ്ടുപേരും. (൮൪)

കുറഞ്ഞിടുന്നോരു ധനാലയങ്ങൾ
നിറഞ്ഞിടാനായി നഭാവധൂയ്യർ
ചുഴിഞ്ഞതഹോ ! ലോകരെയത്ര ഞെക്കി-
പ്പിഴിഞ്ഞു ചാറൊക്കെയെടുത്തിതന്നാൾ. (൭൯)

ഓർത്താൽ നഭാവാണിഹ രാജ്യപാലൻ,
മിത്രങ്ങൾ താൻ കേവലമിന്നു ഞങ്ങൾ
ഇത്ഥം പറഞ്ഞപ്പുരവാസിഖേദം
കേട്ടില്ല തെല്ലും പുനരാംഗലന്മാർ. (൮൦)

നഭാവുമസ്സംഘവുമിപ്രകാരം
വെടിഞ്ഞൊരപ്പൈതൃരർ വലഞ്ഞു പാരം
ഭൂലോകവും പൈതൃകലോകവും വി-
ട്ടെഴും പിശാചങ്ങൾ കണക്കു കഷ്ടം ! (൮൧)

മദം കുറഞ്ഞന്നു തടസ്ഥഭാവം
വഹിച്ചിടും മററു മഹീശ്വരന്മാർ
ആങ്ഗ്ലേയർ വാണീടിന വങ്ഗദേശം
സ്പൃശിച്ചതേയില്ല മനസ്സു കൊണ്ടും. (൮൨)

സുരാജദൌലൻ ബത ! ധർമ്മഹീനം
പുരാ ഭരിച്ചെന്നതു സത്യമത്രേ ;
എന്നാലുമന്നാളിലനാഥഭാവം
വന്നീല പാർത്തീടിൽ മഹിക്കിവണ്ണം (൮൩)

ഇല്ലാത്ത രാജാവിലുമൊട്ടു ഭേദം
വല്ലാത്ത രാജാവു ഭരിപ്പതത്രേ ;
യാദസ്സുകൾക്കമ്മരുഭൂമിയെക്കാൾ
കച്ഛം ലഭിച്ചാലതു തന്നെ മെച്ചം. (൮൪)

ഉൽപാതമാം വങ്ഗമഹീതലത്തിൽ
സംസ്ഥാപിതൻ ജാഫരനത്ര തെല്ലും
ഫലം തദാ നൽകിയതില്ലകാലേ
പൂങ്കാവിൽ നട്ടോരു മരം കണക്കേ. (൮൫)

ആംഗ്ലേയഭർത്താവിഹ ജാഫരൻതൻ-
പദത്തി,ലേററം പടുവായ് വിളങ്ങും
തദീയപുത്രീപതിയെത്തദാനീ-
മുദീതമോദം നിയമിച്ചു ധീരൻ. (൪൬)

നവോദിതൻ സന്മതി മീരകാസിം-
നാമാവവൻതാനുമഥാംഗലക്കായ്
സമ്മാനമെന്നങ്ങു പറഞ്ഞു വന്ന
സിംഹാസനത്തിൻവിലയാശു നൽകി. (൪൭)

ശ്രീവൃദ്ധിയാലുന്നതകാന്തിയുള്ളാ-
രാ വർദ്ധമാനപ്രമുഖങ്ങളാകും
പുരങ്ങൾ മൂന്നന്നു നഭാവവീരൻ
കൊടുത്തിതാംഗ്ലേയഗണത്തിനായി. (൪൮)

തുംഗം ധനം നൽകിയെടുത്തതാകും
ബംഗാളദേശം സ്വയമേവ സർവ്വം
ഭരിപ്പതിന്നന്നു തുടങ്ങി പാരം
മഹത്ത്വമേറുന്ന നഭാവു ധീമാൻ. (൪൯)

ഒട്ടേറെ നാളാശ്രയദോഷമൂലം
പുഷ്ടേതരം നിഷ്പ്രഭമായ് നിതാന്തം
ഇരുന്ന ബംങ്ഗാളനഭാവതേജ-
സ്സുത്തുംഗമായപ്പൊഴുതുജ്ജ്വലിച്ചു. (൫൦)

അവൻ വെടിഞ്ഞിട്ടഥ കാളിഘട്ട-
നേടിഷ്ടമാം മൂഷ്ടിപത്തനത്തെ,
കടന്നു മുംഗീരമഹാപുരത്തിൽ
സ്ഥാപിച്ചതേ മൂലപുരം നവീനം. (൫൧)

ആംഗ്ലേയഭർത്താഭയനായ രാമ-
നാരായണൻ പാടലിപുത്രധൂർത്തൻ
ഉടൻ വളർന്നോരു നഭാവകോപ-
സ്ഫുടാഗ്നിയിങ്കൽ ശലഭത്വമാർന്നു. (൫൨)

സംവത്സരം ഷഷ്ടിതമം മുതൽക്ക-
ങ്ങാ മീരകാസിം പുനരഞ്ചു വർഷം
ആംഗ്ലേയസംഘത്തെയെതിർത്തു നിൽക്കും
പ്രതാപമോടേ മഹിയെബ്ഭരിച്ചു. (൯൩)

സംഘത്തിനുള്ളോരു ചരക്കിനൊന്നും
ചുങ്കങ്ങൾ വേണ്ടെന്നു വിധിച്ച ചട്ടം
തൽഭൃത്യർ താൻ ദുർവ്വിനിയോജനത്താൽ
കെട്ടുത്തതോർത്തിട്ടു കയർത്തു കാസിം. (൯൪)

ഇമ്മേന്മയോ പിന്നിവരൊട്ടുമേ താ-
നിളയ്ക്കയില്ലെന്നതു കണ്ടു ഭൂപൻ
വേണ്ടാക്കുമേയെന്നിഹ ചുങ്കമെന്നൊ-
രിനത്തിനെത്തന്നെ നിറുത്തൽചെയ്തു. (൯൫)

നൃപൻെറയിക്കല്ലിന വാൻസിതാർത്തൻ
ഗ്രഹിച്ചു പാരാതഥ സമ്മതിച്ചു;
നീതിക്കു ചേർന്നീടിന വൃത്തി കണ്ടാൽ
നിന്ദിക്കുവാൻ തോന്നുകയില്ലയല്ലോ. (൯൬)

എന്നാലവൻതൻസഹകാരിവർഗ്ഗ-
മവൻെറയിസ്സമ്മതിയിങ്കലേററം
മുഷിഞ്ഞുവെന്നല്ല നരേന്ദ്രനേയും
ദൂഷിച്ചു ചൊന്നാരതിമാത്രമന്നാൾ. (൯൭)

മഹത്ത്വമേറുന്ന പദത്തെയീ നാം
കൊടുത്തു വാഴിച്ചൊരു നീചനാകും
ഇവൻ തിരിഞ്ഞിന്നിഹ നമ്മളെത്താൻ
ദ്രോഹിച്ചിടുന്നെന്നവരോർത്തു ഗർവ്വാൽ. (൯൮)

ഓരോ തരം ഭീഷണി ചൊന്നു നന്നായ്
പ്രേരിച്ചു പാരാതവരെങ്കിലും താൻ
ധീരൻ നൃപൻ നീതി വെടിഞ്ഞ ശുല്ക്ക-
വ്യവസ്ഥ വീണ്ടും നിയമിച്ചതില്ല. (൯൯)

ശാസിക്കിലും ധാഷ്ട്യമിയന്ന ശിഷ്യൻ
ശാസിച്ച മാർഗ്ഗത്തിൽ നടന്നിടാഞ്ഞാൽ
കോപിച്ചുടൻ തൽഗുരു ചെയ്തിടുന്ന
പ്രവൃത്തിയെച്ചെയ്തിതു സംഘമപ്പോൾ. (൧൦)

പോരാഞ്ഞയാണീ രിപുനന്ദനെന്നാൾ-
ത്താരാന്ന കോപാതിശയത്തൊടന്നാൾ
പോരാടുവാനായിതുകൂട്ടരും താൻ
ധാരാളമായ് സന്നഹനം തുടന്നു. (൧൧)

സല്ലീലയോടാങ്ങലനാഥനായോ-
രെല്ലീസുടൻ പുഷ്പപുരം ഹരിച്ചു;
മല്ലൻ തദാ കാസിമനെത്തി രോഷ-
പ്രോല്ലാസമോടായവനെപ്പിടിച്ചു. (൧൨)

ബങ്ഗാളഭൂത്താവഥ മൂഷ്ടിദാഖ്യ-
പുരത്തെ നേരിട്ടു ഹരിച്ചു വേഗാൽ
നഭാവപീഠത്തിലിരുത്തി വീണ്ടും
വയോധികൻ ജാഫരനെത്തദാനിം. (൧൩)

പാണ്ടൻ മഹാവൃദ്ധതയാന്ന രാജ്യ-
ഭ്രഷ്ടൻ ധരിത്രീപതി രത്നപീഠേ
കരേറി നല്ലല്ലവലഗ്നമായി-
ട്ടിരുന്നിടും വെള്ളില പോൽ വിളങ്ങി. (൧൪)

പ്രസിദ്ധമാകും ഗിരിയായിൽ വെച്ചും
പിന്നുദ്വനല്ലാപുരിയിങ്കൽ വെച്ചും
ക്രമേണ മുങ്ഗീരപുരത്തിൽ വെച്ചു-
മാംഗ്ലേയരാൽ നിർജ്ജിതനായി കാസിം. (൧൫)

കടന്നു മേലും ശഠർ നിങ്ങളെന്നെ-
ത്തുടന്നു പീഡിക്കുകിൽ ഞാനശങ്കം
കൊന്നീടുവൻ ബന്ദികളെബ്ബലത്താ-
ലെന്നാങ്ഗലന്മാരൊടവൻ പറഞ്ഞാൻ. (൧൬)

കൃച്ഛ്രാൽ ക്ഷയിപ്പിച്ചൊരിവൻ, വെടിഞ്ഞാൽ
വദ്ധിച്ചുപോമെന്നു നിനച്ചു സങ്ഘം,
രജാവികാരങ്ങൾ ഭിഷഗ്വരൻ പോ-
ലവൻെറ കോപങ്ങൾ ഗണിച്ചതില്ല. (൭൭)

വചോനുസാരേണ കടന്നു കാസി-
മനന്തരം പാടലിപുത്രഗേഹേ
കാരാഗ്രഹസ്ഥം ശിശുവൃദ്ധനാരീ-
വാരം ബലാൽ നിർദ്ദയമായ് വധിച്ചു. (൭൮)

സ്വരാജദൌലാഖ്യനരാധിപൻത-
ന്നാദേശഭാവത്തെ വഹിച്ചു കാസിം
രംവണ്ണമുള്ളോരപദാന്തവൃത്തി
നടത്തുവാൻ സ്ഥാനിയതായ് ഭവിച്ചു. (൭൯)

അക്കാളഗത്തത്തിലുദിച്ചതേക്കാൾ
ഭയങ്കരം പുഷ്പപുരീചരിത്രം
കേൾക്കായ നേരം പുനരാങ്ഗലന്മാ-
ക്കുൾത്തുന്ന കോപം പരമുജ്ജ്വലിച്ചു. (൮൦)

മിത്രങ്ങൾതൻചോര ചൊരിഞ്ഞതുമൂല-
മുത്തുംഗമാമാംഗലവീരകോപം
ഓജസ്സു ചേർന്നത്ര പടർന്ന മേഘ-
ജ്യോതിസ്സു പോൽ കത്തിയെരിഞ്ഞു പാരം. (൮൧)

പാടേ തകർക്കുന്നതിനുററ ഗർ-
ത്തോടേ വരും സംഘബലത്തിനപ്പോൾ
ഒരംടേറുമപ്പുഷ്പപുരം വിനോദ-
ക്രീഡോചിതം പുഷ്പപുരത്വമാർന്നു. (൮൨)

മദിച്ചുസേനാഗതി കണ്ടു മണ്ടി-
ഗ്ഗമിച്ചുടൻ കോട്ടയിൽ നിന്നു കാസിം
ഉദിച്ച ഖേദത്തൊടു ഷൂജദൌലൻ
വസിച്ചിടുന്നോരു പുരത്തിലെത്തി. (൮൩)

നൃപേന്ദ്രസാമന്തരിലഗ്ര്യനാമീ
നൃപൻ മഹാനൈപുണശാലിയന്നാൾ
പ്രവൃദ്ധവീര്യത്തൊടയോദ്ധ്യയേററം
പ്രതാപമുൾക്കൊണ്ടു ഭരിച്ചിരുന്നു. (വ്യ)

സ്നേഹം നടിച്ചമ്മുഗളീശനാകും
ഷാലം തെളിഞ്ഞീ നൃവരൻസദസ്സിൽ
നിത്യാതിഥിത്വത്തെ വഹിച്ചനല്ലാ
ഭീത്യാ തദാ ചന്ന വസിച്ചിരുന്നു. (വ്യ)

ആത്താശയൻ കാസിമണഞ്ഞു പാരം
പ്രാർത്ഥിക്കയാലീ നൃപബാലകന്മാർ
ജനിച്ചിടും നൂതനവൈരമോടേ
ഗമിച്ചിതാംഗ്ലേയകരോടെതിർപ്പാൻ. (വ്യ)

ആത്താനുകമ്പാവശനാകയാല-
ല്ലിത്ഥം തദാ പോയതു ഷൂജഭൌലൻ;
സ്വാർത്ഥം നിനയ്ക്കാതിഹ നീതിമാർഗ്ഗ-
പാന്ഥർക്കു പാർത്താലൊരു കൃത്യമുണ്ടോ?. (വ്യ)

പലപ്പൊഴും കൈയിലണഞ്ഞു വീണ്ടും
പൊയ്പ്പോയതായുള്ള വിഹാരരാജ്യം
ചിരേപ്സിതം കൈവശമാക്കുവാനായ്
നിനച്ചുസംഘത്തൊടെതിർത്തു ഷൂജൻ. (വ്യ)

സ്വകീയസാമന്തവശംവദത്വം-
നിമിത്തമഷ്ടാലമചക്രവർത്തീ
തടസ്ഥനെന്നാലുമിഹ ദ്രുമം പോൽ
ഗമിച്ചു തദ്വാഹിനിയാൽ പ്രണുന്നൻ. (വ്യ)

നിനച്ചിരിക്കാത്ത സമാകുലത്വം
ഭവിച്ചു ശൈഥില്യമിയന്നു പാരം
വസിച്ചിടുന്നൊരിപുവെന്ന വൃത്തം
ഗ്രഹിച്ചിവൻ ഹന്ത! തരത്തിനെത്തി. (വ്യ)

ഉടൻ ശമിപ്പിച്ചു സമാകുലത്വം
സ്ഫുടം നിരന്നുള്ള ബലങ്ങളോടേ
വടുത്വമേറീടിന സംഘനേതാ-
വടുത്തു മൺറോ രിപുവോടെതിർത്തു. (൯൫)

ഉൾക്കാമ്പിലുൾക്കുലകുതൂഹലത്താൽ
മുഷ്ക്കാന്ന സൈന്യദ്വയമന്നു തമ്മിൽ
ബക്സാർപുരത്തിൻനികടത്തിൽ വെച്ചി-
ട്ടുക്കോടു നേരിട്ടു സമാഗമിച്ചു. (൯൬)

വൈരം കലന്നാശു ജയാഗ്രഹത്താൽ
സൈപ്രരം കടന്നേററവർ ചെയ്ത പോരിൽ
പീരങ്കിതൻഘോരതരാരവത്താൽ
പാരം കിടുങ്ങീ ബത ! ദിങ്മുഖങ്ങൾ. (൯൭)

ചൊരിഞ്ഞു രക്തച്ഛട,—യാമഗന്ധാ
പരന്നു, ധൂമങ്ങൾ നിറഞ്ഞു ഗാഢം,
ഉതിന്ന ശസ്ത്രങ്ങളണഞ്ഞു ദേഹം
തകർന്നു പാരം ബഹുഘോരഘോരം. (൯൮)

അഹന്തയാഹന്ത ! വളർന്നുനല്ലം
നിരന്തരം താനൊരു യാമകാലം
പരന്ന രോഷാലവർ ധൈര്യമോടേ
പരസ്പരം സംപ്രഹരിച്ചു പാരം. (൯൯)

ഇത്ഥം രണത്തിങ്കലഭീകരായ്ത്താൻ
വർത്തിക്കുമാംഗ്ലേയകരിൽ ജയശ്രീ
സാമ്രാജ്യലക്ഷ്മീനികടത്തിൽ നിന്നും
ചെമ്മേ വരും ദൂതി കണക്കണെഞ്ഞു. (൧൦൦)

സാമന്തനാം ഷൂജനെ വിട്ടു വേഗാൽ
സംഘം ശ്രയിച്ചാനഥ ചക്രവർത്തി ;
പരം മദിച്ചീടിന ഭൃത്യനെക്കാ-
ളരാതി താൻ നല്ലവനാശ്രയിപ്പാൻ. (൧൦൧)

നരാധിപൻ തള്ളിയ ഷൂജദൌലൻ
പരാധി പൂണ്ടാശു ദരാതിലോലൻ
അരാതിസംപീഡനമേററു പാരം
ത്വരാതിരേകത്തൊടു മണ്ടി ദൂരം. (൯൭)

നഭാവരെല്ലാം ജിതരായിവണ്ണ-
മഖ്ബാദുഷാവും സ്വവശത്തിലായി;
വത്തിച്ചിതാംഗ്ലേയജനത്തിലായ്വാ-
വത്തപ്രദേശാധിപതിത്വമപ്പോൾ. (൯൮)

ചണ്ടേറെ നാൾ തള്ളിയതിൻെറ ശേഷം
വീണ്ടും മുദാ വംഗനഭാവനാക്കി
സ്ഥാപിച്ചൊരജ്ജാഫരനായ വൃദ്ധൻ
ക്ഷീണിച്ചുടൻ കാലവശം ഗമിച്ചു. (൧൦൦)

അക്കാളിഘട്ടത്തിലെഴും സഭക്കാ-
രപ്പോൾ സമാലോചനചെയ്തു വേഗാൽ
തദ്വംശ്യനായുള്ളൊരു ബാലനെത്താൻ
പ്രഭാവമേറുന്ന നഭാവനാക്കി. (൧൦൧)

മാനിച്ചു സർവ്വോത്തമമാം നഭാവ-
സ്ഥാനത്തിലോരോ നൃപരെ ക്രമേണ
കരേററിടുമ്പോളധികാരമോരോ-
ന്നഹോ! തരം കണ്ടവർ കൈക്കലാക്കി. (൧൦൨)

എന്നല്ല: തൽസ്ഥാനമതിങ്കലാക്കീ-
ടുന്നോരു ഭൂപാലരിൽ നിന്നു നിത്യം
നന്നായ് ഗ്രഹിച്ചാരവർ നാണമെന്യേ-
യന്നാശു കൈക്കൂലിയുമൊട്ടനേകം. (൧൦൩)

ഇത്ഥം നൃപത്വത്തെ വിലയ്ക്കു നൽകീ-
ടുന്നുംഗതൃഷ്ണാവശരായനല്പം
വിത്തം സമാജ്ജിച്ചു പരം നിജാത്മാ,
നിത്യം നിനച്ചാഞ്ജലഭൃത്യരന്നാൾ. (൧൦൪)

സംഘത്തിനുള്ളോരു ധനത്തിൽ നിന്നും
പ്രത്യേകമായ് വാണിഭമസ്തശങ്കം
തുടങ്ങി നേരിട്ടവർ; തന്നിമിത്തം
കുറഞ്ഞു മെല്ലെന്നഥ മൂലവിത്തം. (൧൦൫)

ഭൃത്യക്കെഴം ദേശജയപ്രതാപം
വർദ്ധിച്ചിടുംതോറുമമർന്നുമേവം
ഭൃത്താക്കളായീടിന ഭാഗികൾക്ക-
ങ്ങുണ്ടത്തേണ്ടോരായങ്ങൾ കുറഞ്ഞുവന്നു. (൧൦൬)

ഇംഗ്ലണ്ടിൽ വാഴുന്ന വിനേതൃവൃന്ദം
ഗ്രഹിച്ചുടൻ വാസ്തവമേവമെല്ലാം
സംഘത്തിനുണ്ടായൊരു സങ്കടത്തെ-
ത്തീർത്തീടുവാൻ ക്ലൈവൊടപേക്ഷചെയ്തു. (൧൦൭)

അന്നാളവൻ സ്വാർജ്ജിതമാം പ്രതാപാ
ന്നായ് ഭുജിച്ചങ്ങനെ പാർളമെൻറിൽ
സാമാജികത്വം സരസം വഹിച്ചു
കാമം പ്രഭുത്വത്തൊടു വാണിരുന്നു. (൧൦൮)

എന്നാകിലും നന്ദിയൊടീയപേക്ഷ-
യന്നാദരിച്ചിട്ടു,-വർ മോദപൂർവ്വം
കൊടുത്തതായൊരധികാരഭാരം
വഹിച്ചുടൻ ക്ലൈവു തിരിച്ചു വീണ്ടും. (൧൦൯)

രണ്ടാം ഭരിച്ചീടിൽ വിഭാഗമുണ്ടാം
സന്ധ്യാദികൾക്കെന്നവരോർത്തു കാമം
സൈന്യാധിപത്യത്തൊടു കൂടി വഗ്ഗ-
ഭർത്തൃത്വവും ക്ലൈവിനു തന്നെ നൽകി. (൧൧൦)

ഇത്ഥം ക്ലൈവഥ ചെന്നു ചോരിലധികം മർദ്ദിക്കയാലെത്രയും
ത്രസ്തൻ കോരയിൽ വെച്ചു രോഹിളരൊടും സൌരാഷ്ട്രരോടും (ജവാൽ
ഒത്തിട്ടേററമെതിർത്തുവെങ്കിലുമഹോ! വീണ്ടും മടങ്ങിത്തളൂ-
ന്നെത്തിഷ്ഠൂജകളൌലനാന്നരിപദത്താർ തന്നെ കൈക്കൂപ്പി
നാൻ. (൧൧൧)

തുംഗാഭം വിലസുന്നൊരുൽകലവിഹാരാദിപ്രഭാവങ്ങളും
ഗംഗാവാരിതരംഗസുന്ദരതരഭ്രൂഭംഗിയും ചേർന്നിടും
വാഗാനന്ത ചിരാൽ പ്രവാസമതിൽ നിന്നെത്തും വരൻ ക്ലൈ
വൂതൻ-
സംഗാനന്ദമിയന്നു വീണ്ടുമുദയശ്രീ പൂണ്ടു വേണ്ടുംവിധം.
(൧൧൨)

"വങ്ഗക്ഷോഭം"

എന്ന

ഏഴാം സർഗ്ഗം.

സമാപ്തം.

എട്ടാം സർഗ്ഗം.

മുന്നേയിൻഡ്യാരമണി പതിയായാങ്ഗലന്മാരെ മോദം
ചിന്നിപ്പോസ്യങ്ഗണമുവി വരിച്ചീടിനാളുഡരാഗം;
എന്നാലും പിന്നവളെയൊരു നൽക്കുകുദൻ നൽകിയാൽ (ന-
ന്നെന്നാലോചിച്ചുവലമുദാസീനരായ്ത്തന്നെ വാണു. (൧)

സ്വല്പം കാലം പാമവളെയജ്ജാഫരാദ്യൈക്ക് മോദാ-
ലപ്പ്വെന്നുള്ളതു, കരുതിയാലത്ര പാണിഗ്രഹത്തിൽ
ഗന്ധവ്വാഗ്നിപ്രമുഖവിബുധന്മാക്ക് മാങ്ഗല്യഭാരം
സന്ധിച്ചീടാൻനലമൊടു കൊടുക്കുന്നപോൽ തന്നെയായി. (വ)

വീരന്മാരായ് വന്ത വഴിപോലാണ്ണാരാംഗ്ലേയരന്നാൾ
'ചാരുശ്രീയാമിവളെയധുനാ നാം യഥേഷ്ടം ഗ്രഹിപ്പാൻ
ആരംഭിച്ചീടണ,—മിതു ശുഭം കാല'മെന്നുള്ളിലോർത്താർ;
പൌരോഹിത്യം പരിചിനൊടതിൽ ക്ലൈവുമങ്ങാചരിച്ചു. (ന)

മന്ത്രത്തിങ്കൽ ബഹുനിപുണനായ് ശ്രേഷ്ഠമായീടുമോജ-
സ്സേന്തും ക്ലൈവിൻവചനമനുരോധിച്ചുടൻ മെച്ചമോടേ
രാജാധീശൻ തദനു വിധി പോൽ നൽകി രത്നാകരശ്രീ-
രാജൽകാഞ്ചീകലിതയവളെ ദൈവ്യസംഘത്തിനായി. (ര)

സാമ്രാജ്യശ്രീ സകുതുകമണഞ്ഞുള്ളോരസ്സംഘമപ്പോൾ
സമ്യക് ശോഭിച്ചിതു ഹരികലാവാപ്തനാം രാഘവൻ പോൽ;
തൻമാഹാത്മ്യപ്രശമനവശാൽ ഭൂപനും ശാന്തനായി-
ട്ടുന്മേഷം പോയ് ഭൂഗ്രഹപതിസമം ഹന്ത! ദീനത്വമാന്നു. (ഞ)

ക്ലൈവക്കോരാപുരവുമതുപോലല്ലഹാഖ്യാദ്യമേകി-
'ക്കാലംതോറും കരവുമിഹ ഞാൻ തന്നിടാ'മെന്നു ചൊല്ലി
മോദം ചേന്നീടിന മുഗധമഹീവല്ലഭൻതന്നെയേതും
ഖേദം കൂടാതഥ നിജപുരത്തിങ്കലേയ്ക്കായയച്ചു. (സ)

വൈരിശ്രീ കണ്ടതിഭയമൊടേ കോസലോർവ്വീമണാളൻ
വൈരം കൈവിട്ടതിവിനയമാനമ്രനായ്. ഷൂജദൌലൻ;
കാരുണ്യം പൂണ്ടൊരു മഹിതനാം ക്ലൈവ,-വൻ മുൻപിലെപ്പോൽ
സ്വൈരം ഭൂമീഭടണമിഹ ചെയ്യട്ടെയെന്നാജ്ഞ ചെയ്തു. (ഹ)

ഏവം തോററുള്ളിതനൃപരെയും വിട്ടയച്ചിട്ടു പിന്നീ-
ടാ വംഗേശാസനമതിൽ നഭാവായെഴും ബാലനേയും
ചെമ്മേ നീക്കിസ്സദൃശമൊരടുത്തുണ്ടുമേകിട്ടു രാജ്യം
സമ്രാഡ്ദത്തം സ്വയമഥ ഭരിച്ചിടിനാൻ ക്ലൈവവീരൻ. (വ)

വാണിജ്യം താൻ കരുതിയൊരുകോണിങ്കൽ നിന്നാവമിൻഡ്യാ-
ക്ഷോണീഭാഗം സമധിഗതമായുള്ളൊരീയല്ലസംഘം
ചേണാന്നിട്ടും വ്യവസിതികളാൽ പ്രാജ്യമാം രാജ്യമേകം
ക്ഷീണത്വം വിട്ടിഹ ഖത! നിജാധീനമായ്ത്തീർത്തുവല്ലോ. (൯)

പാരം ലോഭത്തെത്തുടർന്നു മരുവിടും മന്ത്രിമാരത്ര പണ്ടു-
യോരോ ദോഷങ്ങളെയനുപദം നിർഭയം ചെയ്തുമൂലം
ഇന്ത്യരാജ്യത്തിൻനടവടി മുറയ്ക്കാക്കുവാനായ് നഭോവാ-
യോരസ്സംഘാധിപനു ബഹുകൃത്യങ്ങൾ ചെയ്യേണ്ടിവന്നു. (൧൦)

സംഘം മുൻപേ മുതലിഹ ചരം സ്വല്പമാം വേതനം നി-
ർഗ്ഗങ്കം നൽകി നിജധുരം വഹിക്കുന്നവർക്കെന്നുമൂലം
തൻകാര്യം പാർത്തവരഥ പൃഥഗ്വാണിഭം ചെയ്തു, വീതാ-
തങ്കം ഭൂമീപതികളൊടു കൈക്കൂലിയും വാങ്ങിവന്നു. (൧൧)

"പാരം ദോഷം വരികിലുമിഹ സ്വാമികാര്യത്തി, ലസ്മൽ-
കാര്യം സാധിക്കണ"മിതി ധുരീണൌഘമന്നോർത്തുമൂലം
മാറാതേവം പെരുകിയ ദുരാചാരമീയാംഗലേയ-
ന്മാർതൻകാര്യാലയതതികളിൽ ദോഷമെല്ലാ ചെയ്തു. (൧൨)

ആലോചിച്ചിത്തൊഴിലുചിതമാം ശമ്പളം നിശ്ചയിച്ചി-
ട്ടാ ലോകർക്കുള്ളഴിമതി നിഷേധിച്ചിതല്ലൈവു വേഗാൽ;
മേലാലേവം ദുരിതമിഹ ചെയ്തീടുകില്ലെന്നു ലേഖ്യം
ചാലേ നേരിട്ടടനെഴുതിവെയ്ക്കിക്കയുംചെയ്തു വീരൻ. (൧൩)

മുട്ടാതേവം ചിരമതിതരാം രാജ്യദോഷങ്ങൾ ചെയ്യും
മുട്ടാളന്മാരുടെ മദഭരം സർവ്വം തീർത്ത ശേഷം
പട്ടാളത്തിൻനടവടി വിശോധിപ്പതിന്നായി വാട്ടം
തട്ടാതേററം നിപുണമതിയാമായവൻ നിശ്ചയിച്ചു. (൧൪)

പോരിന്നേർപ്പെട്ടിടുമൊരു ഭടശ്രേണികൾക്കത്ര മുൻപേ
പാരം മോദാൽദ്വിഗുണിതമതാം വേതനം നൽകിവന്നു;
പോരില്ലാതില്ലൊരുപൊഴുതുമെന്നുള്ള കാലത്തിലേവം
കാരുണ്യം ചെയ്യുതിനു കഴിവില്ലെന്നവൻ നിശ്ചയിച്ചു. (൧൫)

ഇത്ഥം ധാർഷ്ട്യത്തൊടു കഠിനമാമപ്രിയം ചെയ്തുമൂലം
മെന്നും രോഷാകുലതയൊടതിക്ഷോഭമുണ്ടാകുവാനായ്
ഉദ്യോഗിച്ചിട്ടുള്ളകിന്ന ഭടന്മാരെയക്കൈവു നേരി-
ട്ടുഗ്രം ശിക്ഷാവിധി സപദി ചെയ്തിട്ടുടൻ ശാന്തരാക്കി. (൧൯)

കൈവീവണ്ണം ചെഹുവിധപരിഷ്കാരസഞ്ചാരണത്താൽ
കൈവന്നീടും ഭയമഖിലവും തീർത്തു സാമർത്ഥ്യമോടേ
താവും നീത്യാ നലമൊടു നിയന്ത്രിച്ചു ഭൂത്ര്യൗഘകൃത്യം
താവൽ കൌതൂഹലമൊടു ഭരിച്ചീടിനാൻ വംഗരാജ്യം. (൨൦)

സാധിച്ചേവം സപദി, പല നൂററാണ്ടിനാലും നടത്താൻ
സാധിക്കാതുള്ളൊരു നിയമനം സാദ്ധ്യമാം വത്സരത്താൽ,
സാദരം ദേശാന്തരവസതിയാലാന്നു, തൻഭാരമുദ്യൽ-
സാരൻ കൈവിട്ടുഥ നിജഗൃഹത്തിങ്കലേയ്ക്കായ്ത്തിരിച്ചു. (൨൧)

ദുർദ്ദാന്താത്മാ വടുവിവനിതി ത്യക്തനായ്, ഭൃത്യരില്ലാ-
ഞ്ഞാത്ത്യാ സംഘം പുനരഥ ഗ്രമസ്ഥാവതായ് ദൂരദേശേ
ഉന്തിത്തള്ളീടിന തരുണനാം കൈവു കാലക്രമത്താ-
ലിത്രത്താളം വലിയ പദവിക്കാസ്പദീഭൂതനായി! (൨൨)

യാതൊന്നേററം സ്ഫുടമിഹ ജനം ഹന്ത! നിസ്സാരമാണെ-
ന്നോതുന്ന,—ൻപോടതിനെയഖിലോൽകൃഷ്ടമാക്കുന്നു ദൈവം;
മാലിന്യം ചേർന്നിടുമൊരു കരിക്കട്ട താൻ പാകഭേദ-
ത്താലന്യാദൃക്പ്രഭ വിലസിടും വൈരമാകുന്നുവല്ലോ. (൨൩)

ആർക്കോടത്തിൻഹൃതിയഥ സുരാജ്യാഖ്യനാം ഭൂമിപൻതൻ-
നീക്കം, പേരാന്നൊരു മുഗഗമഹീശൻെറയക്കീഴടക്കം,
മുഷ്കന്മാരാകിയ സചിവർതൻയന്ത്രണം, തന്ത്രപാളീ-
സംസ്കാരം താനിതുകളിവനല്ലാതെയാരത്ര ചെയ്വൂ? (൨൪)

വാഗത്തിങ്കൽ ദുരിതപടലീപങ്കസന്ധൂനനത്താൽ
തുംഗത്വം പൂണ്ടുടനുയരുമാഭ്യന്തരദ്വേഷണന്മാർ
ഗേഹം പ്രാപിച്ചുരുളുമിവനന്നേകിനാർ ഗ്രുഡമാത്തി-
വ്യൂഹം, സിംഹത്തിനു സടകളിൽ ചേന്ന ദംശങ്ങൾ പോലെ. (൨൫)

വൈരിവ്രാതം പരമുപഹനിച്ചെങ്കിലും നന്ദിയന്നൽ-
ത്താരിൽ ഗാഢം വിലസിന വിനേതാക്കളാൽ ത്രാതനായി
വീരൻ വീര്യാർജ്ജിതധനചയം കൊണ്ടു കൈക്കൊണ്ടു സൌഖ്യം
പാരം ശാന്ത്യാ ഗൃഹമതിൽ നയിച്ചീടിനാനന്ത്യകാലം. (൨൩)

ഏവം ക്ലൈവിൻവിരഹമുളവായെങ്കിലും രാജ്യതന്ത്ര-
ശ്രീ വർദ്ധത്തിൽ ക്ഷതിരഹിതയായ് നിന്നിതങ്ങൊട്ടു കാലം;
ദീപിച്ചീടും ദിനപതി മറഞ്ഞീടിലും തൽക്ഷണത്തിൽ
പ്രാചിക്കുന്നില്ലിഹ ദൃഢപരിധ്വസ്തമാം ധ്വാന്തജാലം. (൨൪)

ആലോചിച്ചിട്ടലമുചിതമായ് പൂജ്യനാം ക്ലൈവ്യ രാജ്യ-
ശ്രീ ലോപിക്കായ്വതിനു നിയമിച്ചുള്ള ചട്ടങ്ങളെല്ലാം
ആലോലത്വം ധനമതിലെഴും മന്ത്രിമാർ നീചകൃത്യ-
ത്താലോരോന്നായ് പുനരിഹ സമുല്ലംഘനംചെയ്തു കാമം. (൨൫)

ധർമ്മം പാലിക്കുക കരഗണ്യം വാങ്ങുകെന്നോവമോരോ
കർമ്മം ചെയ്വാനധികൃതി ലഭിച്ചുള്ള തദ്ദുഷ്ടരായോർ
നർമ്മയ്യാദം പ്രജകളെ നിപീഡിച്ചു കൈക്കുളലിയായി-
ഖിർമ്മം കൈക്കൊണ്ടൊരു കല,യതിൽ ദൈന്യനാഥർക്കു-
മേകി. (൨൬)

സംഘത്തിൻകീഴിവിടെ മരുവീടുന്നൊരാംഗ്ലേയരായോർ
സംഖ്യം സഖ്യം ഭയമിതിലലം കേവലം ദൃഷ്ടിവെച്ചു;
ഇത്ഥം കാര്യങ്ങളുടെ ഭരണം തത്ര രണ്ടായമൂലം
ഭർത്താക്കൾക്കും ബത! ഭൃതജനങ്ങൾക്കുമുണ്ടായി ദോഷം. (൨൭)

ഭോഗണ്ഡത്തിൽ ഫലമഖിലവും ധൂർത്തർ തട്ടിപ്പറിച്ചി-
ട്ടാഹന്തോച്ചൈഃ പ്രജകൾ ഗതിയില്ലാഞ്ഞു പാരം വലഞ്ഞു;
നാഥന്മാരോ പചിശ മുതലിന്നൊത്തപോലെത്തിടാഞ്ഞി-
ട്ടാതങ്കം പൂണ്ടിതു വിഭവകാർശ്യത്തിനാലും നിതാന്തം. (൨൮)

ഏന്നാലേവം പ്രജകളെ നിപീഡിച്ചു നിത്യം സ്വകാര്യ-
ത്തിന്നാർജ്ജിച്ചുള്ളനവധി ധനശ്രേണി, യൌദ്ധത്യമേററം
അന്നാന്നോരീയധികൃതജനത്തിൻെറയാശാതിരേകം
നന്നായ് പൂരിച്ചിതു സഗരഖാതത്തിനെഗ്ഗംഗപോലെ. (൨൯)

നാനാസസ്യാവലി വിളവതാണെങ്കിലും വംഗദേശേ
ന്യൂനം വർദ്ധിച്ചൊരു വിധിവിരോധത്തിനാലെന്നവണ്ണം
ദീനത്വം ചേർന്നഖിലജനവും സന്തപിച്ചീടുമാറ-
ന്യൂനാ ഘോരം പുനരരിയ ദുർഭിക്ഷമാവിർഭവിച്ചു. (൩൦)

ഒരം വന്നുള്ളോരവശതയിലും ഹന്ത! നിഷ്കണ്ടകന്മാർ
സംഘവ്യാപാരികളൊരു ലവം ഭൂതകാരുണ്യമെന്യേ,
വർദ്ധിച്ചീടും വിലയധികമായ് മേല്ക്കുമേലെന്നു കണ്ട-
ദ്ധാന്യവ്രാതം സകലമധികം ഗൂഢമായ് സംഹരിച്ചു. (൩൧)

വൃത്തം ബോധിച്ചിദമഥ വിനേതാക്കൾ ദുർവൃത്തരാകും
ഭൃത്യന്മാർതൻഗതിയിഹ നിയന്ത്രിപ്പതിന്നാസ്ഥയോടേ
അസ്താശങ്കം നിശിതമതിയായ് വീരനായോരു വാറൻ-
ഹേസ്റ്റിങ്സാകും നിപുണനുടനേവംഗഭൂത്വമേകി. (൩൨)

യാവൻ പൂർവ്വം വിവിധമധികാരൌഘമാർന്നിട്ടു സമ്യക്
സേവിച്ചാനിങ്ങുരുതരനയം പൂണ്ടു സംഘാധിപത്യം;
യാവൻതന്നെബ്ഭടരൊടു പുരാ ജാതരോഷം സുരാജൻ
സേവിപ്പിച്ചാൻ തടവു സഹസാ കാസിമാഖ്യാപണത്തിൽ.
(൩൩)

യാവൻ, മുൻപേ സഭയതിൽ, നഭാവോടെതിർക്കേണമോയെ-
ന്നാവിർഗ്ഗങ്കാഭരമിഹ മഹാൻ ക്ലൈവ്വ ചിന്തിച്ചു കാലം
താവും ധൈര്യത്തൊടു സമരമാണത്ര കർത്തവ്യമെന്നായ്
മേവും ക്രൂടാഖ്യനെയനുസരിച്ചോതിനാൻ വീതശങ്കം. (൩൪)

പൂർവ്വം ശുല്ക്കസ്ഥിതിയഖിലവും മീരകാസിം നിറുത്താൻ
ഭാവിച്ചുള്ളോരവസരമതിൽ, കാളിഘട്ടാലയത്തിൽ
മേവീടുന്നോർ പലരുമതു നന്നല്ലയെന്നോതിടുമ്പോൾ
യാവൻ നിർമ്മത്സരമതുചിതം തന്നെയാണെന്നു ചൊന്നാൻ.
(൩൫)

ഇത്ഥം നാനാവിധപരിചയം ഭാരതത്തിങ്കലാന്നോ-
രുത്തുംഗാത്മാവവനഥ നിജസ്വാമിമാർ മോദപൂർവ്വം
ദത്തംചെയ്തുള്ളധികൃതി ലഭിച്ചിട്ടു വംഗാധിപത്യം
കൃസ്തീയാബ്ദം പുനരെഴുപതും രണ്ടുമായപ്പൊഴാന്നു. (൩൬)

പൂർവ്വം ക്രൈസ്തവാം പടുവിഹ വിദേശത്തു രാജ്യം നവീനം
സ്ഥാപിച്ചപ്പോൾ പ്രകൃതിഹിതമോർക്കേണ്ടതായ് വന്നമൂലം
സർവ്വം തന്ത്രം സപദി പരിവർത്തിപ്പതിൽ ശങ്കപൂണ്ട-
ക്കാലത്തിന്നൊത്തൊരു നിയമഭേദങ്ങളേ ചെയ്തതുള്ളൂ. (൩൭)

ദ്വൈരാജ്യത്താലവ ശിഥിലബന്ധങ്ങളായ് മന്ത്രിമാർതൻ-
ദൌരാത്മ്യത്താൽ ദിനമനു ദൂഷിച്ചീടവേ, പാടവത്താൽ
ഓരോ ഭേദങ്ങളെയതുകളിൽ ചേർത്തു നീതിപ്രഭാവം
പൂരിപ്പിക്കുന്നതിനഥ തുനിഞ്ഞീടിനാൻ വാരണാഖ്യൻ. (൩൮)

ഭർത്താവായോരവനിഹ നഭാവായ് വസിച്ചോരു ഭൂമീ-
ഭർത്താവിന്നുള്ളധികൃതി നിഷേധിച്ചു നിശ്ശേഷമായ്ത്താൻ
തൽസ്ഥാനത്തിൽ ചതുരതയൊടേ വെച്ചു സംഘത്തെ, വാഗം
സംസ്ഥാനം തൽപ്രതിപുരുഷനായ് സ്തംഭഹീനം ഭരിച്ചു.
(൩൯)

ചാലേ കച്ചേരികളഖിലവും മൂഷ്ടിതത്തിങ്കൽ നിന്ന-
ക്കാലേ മാററിപ്പല നവപരിഷ്കാരസാരങ്ങളാലേ
ചേലേറീടുംവിധമഥ മഹാവീരനായോരവൻ തൻ-
മൂലസ്ഥാനസ്ഥിതിയുടയൊരക്കാളിഘട്ടത്തിലാക്കി. (൪൦)

സാക്ഷാൽ ഭൂസ്വാമികളിഹ ജമിന്ദാർകൾ രാജ്യത്തിലെങ്ങും
ശിക്ഷാരക്ഷാവിധിയിലധികാരത്തെ മുന്നാ വഹിച്ചാർ;
സ്തുത്യാത്മാവാമവനരിയ സൌകര്യലാഭത്തിനായി
പ്രത്യേകം താൻ സചിവരെയതിന്നാക്കിനാനാക്കമോടേ. (൪൧)

തെററെന്നേവം പ്രജകളുടെ സംരക്ഷണത്തിങ്കലേറും
കുററം നീക്കിസ്സകലവുമവൻ ചാരുസംസ്കാരമേകി
മുററും കൃത്യപ്രകരമധികാരസ്ഥരെക്കൊണ്ടു ചെയ്തി-
ച്ചുററം കൈവിട്ടൊരു നൃപബലം നീതിപൂർവ്വം വളർത്തി. (൪൨)

അന്യായാപ്തം കരനിര നിഷേധിച്ചു സദ്രീതി ശുല്ക്ക-
ത്തിന്നായ് നൽകിസ്സചിവരെ നിയന്ത്രിച്ചു വേണ്ടുന്നവണ്ണം
ഹിന്ദുക്കൾക്കും മതഹതി തുലുഷ്ക്കർക്കുമെത്താതെ സംസ്കാ-
രൌന്നത്യം ചേർത്തവികലതയും ധർമ്മശാസ്ത്രത്തിനേകി. (൪൩)

നന്നായേവം നവനിയമനസ്ഥാപനത്താലവൻതാ-
നന്നാലോചിച്ചൊരു ഫലഗണം പൂർണ്ണമായ് സംഭവിച്ചു;
എന്നാൽ വേണ്ടുംവിധമിവനെടുത്തുള്ളൊരാലോചനീതി-
ക്കന്യായ്യത്വം ചിലരിഹ സമാരോപണംചെയ്തിതപ്പോൾ. (൪൪)

രാജ്യം വീര്യോജ്ജിതമഭിനവം, തന്ത്രവും മാററിയെല്ലാം,
രഞ്ജിച്ചില്ലാ പ്രജകളിനിയും, ശക്തി വേരൂന്നിയില്ലാ;
ഇഷ്ടത്തിൽ പ്രബലനൃപനാം ഷൂജനർത്ഥിച്ച സാഹ്യം
ശീഘ്രം നൽകീ, വിഷയഗുണദോഷങ്ങൾ നോക്കീല പോലും. (൪൫)

ഒട്ടും ക്രൂസാതഥ ചപലനാം ഷാലമൻ ദൈവ്യസംഘം
വിട്ടിട്ടേററം മദമൊടു മഹാരാഷ്ട്രരിൽ ചെന്നുകൂടി;
പെട്ടെന്നപ്പോൾ നിപുണമതിയാം വാരണൻ സന്ധിദോഷം
രുഷ്ടൻ കണ്ടിട്ടവനടെ കരം വാരണംചെയ്തു ധീരം. (൪൬)

മാനം കൈക്കൊണ്ടവനിഹ, കൊടുത്തുള്ള കോരാപ്രയാഗാ-
ഹ്വാനം ചേരും നഗരയുഗവും നീതിമാൻ വീണ്ടെടുത്തു
ന്യൂനം കോശം നിറവതിനടൻ, നൽഫലം നൽകിടാമെ-
ന്നാനന്ദത്തോടരുളിയ സഖാ കോസലേശന്നു നൽകി. (൪൭)

എന്നല്ലന്നാൾ നൃപനു വിഷയാനന്തരത്വംനിമിത്തം
ചിന്നും വൈരത്തിനു വിഷയമാം രോഹിളന്മാരെയെല്ലാം
നന്നായ് ഹിംസിപ്പതിനവനയച്ചീടിനാനഞ്ജസാ തൻ-
സൈന്യവ്രാതങ്ങളെയുചിതമാം ഹേതുവില്ലാതെ തന്നെ. (൪൮)

പുഷ്ടം വീര്യാതിശയമിയലും ദൈവ്യരോടുള്ള പോരിൽ
സ്പഷ്ടം തോററിട്ടവശതയെഴും രോഹിളക്കുള്ള വിത്തം
കഷ്ടം! കേറിസ്സകലവുമുടൻ വേണ്ടപോൽ കൊള്ളയിട്ടാർ
ദുഷ്ടന്മാരായ് മരുവിന നഭാവിൻെറയസ്സൈനികന്മാർ. (൪൯)

ഏവം ദുശ്ചേഷ്ടിതമിവർ കടന്നിൻഡ്യയിൽ ചെയ്തതെല്ലാം
രോധിപ്പാനായ്ക്കുരുതിയുടനിംഗ്ലണ്ടിലെപ്പാർളമെൻറിൽ
ന്യായസ്ഥന്മാർമണികൾ വഴിപോൽ ചേന്ന ശക്തിവ്യവസ്ഥ-
യ്ക്കായിട്ടുള്ളൊരരിയ കരണം നവ്യമായ് നിശ്ചയിച്ചു. (൫൦)

ഏവം പുത്രൻകരണമതിനാൽ, വംഗഭത്താവിനുണ്ടായ്
സർവ്വാധീശസ്ഥിതി, യതിനെഴും ശക്തിയോ, ഭൂരിപക്ഷം
സ്ഥാപിച്ചീടും വിധിയനുസരിക്കേണ്ടതാം കർമ്മസംസ-
ത്തിങ്കൽ പ്രാപിച്ചിതു; പുനരതിൻനാഥനായാ, നവൻ താൻ. (൪൧)

എന്നല്ലെല്ലാവനുമൊരുഭയസ്ഥാനമാ, യത്ര, ഭത്താ-
വിന്നും നിസ്സംശയമനുസരിക്കേണ്ടതായ്, വേണ്ട ദാക്ഷ്യം
ചിന്നും ന്യായാധിപമണികൾ നാലുള്ളതായ് മൂലദേശം-
തന്നിൽ സ്ഥാപിക്കണമൊരു സദിർകോട്ടുമെന്നായ് വിധിച്ചു. (൪൨)

ഇത്ഥം നവ്യം നിയമമനുരോധിച്ചുടൻ വാരണാഖ്യൻ
ഹസ്റ്റിംഗൻ താൻ പ്രഥമനധിഭത്താവതായിച്ചമഞ്ഞു;
പുത്തൻന്യായാധിപസഭയതിൽ പിന്നെ നീതിജ്ഞലോക-
ക്കുത്തംസതാം കുലരുമിലിജ്ജായിമ്പിയും മുൻപനായാൻ. (൪൩)

ബോധിച്ചീടും സ്ഥിതി യിലധിഭത്താവുതൻകൃത്യമെല്ലാം
ശോധിച്ചീടാനധികൃതി ലഭിച്ചീടവേ കർമ്മസംഘം
ഏധിച്ചീടും നിജബലവശാൽ വാരണൻതന്നെയേററം
ബാധിച്ചന്നാളനിശമെതിരായ് നിന്നു മാത്സര്യമോടേ. (൪൪)

പ്രാൻസീസായീടിന വിമതസഭ്യൻെറ പക്ഷത്തു ചേർന്നി-
ട്ടിസ്സംസത്തപ്പൊഴതിഹ സഹിച്ചില്ല ഷൂജൻെറ സഖ്യം;
എന്നല്ലേററം ശഠതയൊടവൻതൻെറ ഡർബ്ബാറിൻ നിന്നും
പോന്നീടാനായ് നിജപുരുഷനോടാജ്ഞയും ചെയ്തുവല്ലോ. (൪൫)

പിന്നെഷ്ഷൂജൻ സപദി പരലോകം ഗമിച്ചോരു ശേഷം
ചിന്നും നാനാധനമവനെഴും ഭാര്യമാരാന്നമൂലം
ഒന്നും കിട്ടാതവിടെയധമർണ്ണത്വമാളുന്ന പുത്രൻ-
തന്നോടേററാരിവരഥ പിതാവിൻകടം വീട്ടുവാനായ്. (൪൬)

സാമന്തോർവ്വീപതികൾ പരിപാലിപ്പതായ്, കപ്പമപ്പോൾ
സാദ്ധ്യം ലക്ഷദ്വയമിയലുവോന്നായിടും കാശിരാജ്യം
സംഘത്തിന്നായ് വിരവൊടു സമർപ്പിച്ചു നവ്യൻ നഭാവും
തൻകൽ തങ്കീടിന കടമുടൻ വീട്ടിനാൻ മിക്കവാറും. (൪൭)

ഏവം ഭൂമീഭരണവിധിയെസ്സംസ്കരിക്കുന്ന മധ്യേ
ഭാവിശ്രേയസ്സിനു ബത! വരാവുന്ന ദോഷം തടുപ്പാൻ
ഭാവിച്ചന്നാളിഹ വിഹിതമാം വൃത്തി താൻ വർത്തമാന-
ശ്രേയസ്സിന്നും വിഹതിയണവാൻ ഹേതുവായിട്ടു തീൎന്നു. (൭൭)

ബന്ധത്തിൽ പെട്ടലമവശമാം ദന്തിയെപ്പോൽ മഹാനിർ-
ബന്ധം ചേരും സഭയിതിലകപ്പെട്ടഹോ! പാരതന്ത്ര്യം
ഏന്തും ഹസ്തിംഗനെയുടനണഞ്ഞന്നു ചാപല്യമേറും
പാനഥന്മാരാം ചിലരുമിഹ ബാധിച്ചു ബോധിച്ചവണ്ണം. (൭൮)

സൌശീല്യത്തിന്നൊരു നിലയമെന്നാലുമന്നായവങ്കൽ
കൌശല്യത്താൽ ഖലരവർ വൃഥാ ദോഷമോരോന്നു ചൊന്നാർ;
വീണന്മാർതൻവിതഥവചനം വിശ്വസിച്ചാ വിചക്ഷ-
വ്രാതം സ്പഷ്ടം സഭയിലഭിയോഗിപ്പതിന്നും തുനിഞ്ഞു. (൭൯)

ദുഷ്ടന്മാരാമവരിലധികം നിഷ്ഠുരാകാരനേകൻ
ധൃഷ്ടൻ ഭൂമീസുരഹതകനാം നന്ദപുത്രാഭിധാനൻ,
കഷ്ടം! വിത്തം പ്രതിഫലമിഹ സ്വർഗ്ഗതൻ ജാഫരൻതൻ-
നിഷ്ഠപ്രാണപ്രണയിനിയിവനേകിനാളെന്നു ചൊല്ലി. (൮൦)

അക്കാലത്തിൽ ബത! ഖലനവൻ കള്ളയൊപ്പിട്ട കുററം
സൎക്കാർ കണ്ടിട്ടുഥ വിരവൊടേ വിസ്തരിച്ചസ്തശങ്കം
മുഷ്കാൻമാരുള്ളൊരവനെയുടനേ ജഡ്ജിമാരേകകണ്ഠം
തൂക്കാനായ് ചെയ്തൊരു വിധി യഥാനിശ്ചയം നിൎവ്വഹിച്ചു. (൮൧)

അന്നാളാംഗ്ലേയകജനമനുഷ്ഠിച്ചതാണെങ്കിലും, ശ്രീ
ചിന്നും പണ്ടുള്ളൊരു മുനിഗണം നിൎണ്ണയിക്കാത്തതായി,
എന്നല്ലോൎത്താൽ, ക്ഷിതിസുരനിലിങ്ങാദ്യമായ് ചെയ്തതാമി-
ദ്ദണ്ഡം ത്രൈവൎണ്ണികരിലധികം രോഷഭാരം വളൎത്തി. (൮൨)

താൻ ചെയ്തുള്ളൊരരിയ ദുരിതം ഗൂഢമാക്കീടുവാനായ്
വാഞ്ഛിച്ചിച്ചററം, കഥയിതു പരന്നേയ്ക്കുമെന്നോൎക്കയാലേ
ചാഞ്ചല്യത്താൽ ദ്വിജവധമിവൻ തന്നെ ചെയ്തിച്ചതാണെ-
ന്നഞ്ചാതന്നാൾ ജനമരുളിനാർ ദൂഷണം വാരണങ്കൽ. (൮൩)

ഓർത്താൽ വസ്തുസ്ഥിതി യിവിടെയെന്താകിലും ക്രൂരമായി-
ച്ചേർത്തുള്ളോരീ വിധിയുടെ വലിപ്പത്തിനാലന്നു കാമം
ഹസ്റ്റിംഗൻതന്നുടെ വിവിധമാം ദൂഷണംതന്നെ ചൊല്ലി-
പ്പാർത്തിട്ടുന്നപ്പുരിഷകൾ ഭയം പൂണ്ടു മിണ്ടാതെയായി. (൯൫)

കാലം ചെററിങ്ങനെ കഴിയവേ കമ്പനിസംസ്ഥത്തിൽ വൈരം
കോലും സാമാജികരനുപദം ഹന്ത! പാരം കുറഞ്ഞു;
ആലംബിച്ചാൻ ബലവിലസിതം വംഗഭർത്താവു, മാഭാ-
ജാലം ഗാഢം ഗ്രഹണപരിനിർമ്മുക്തനാം ഭാസ്കരൻ പോൽ. (൯൬)

കർണ്ണാടത്തിൽ പുനരപി രണം വായ്ക്കയാൽ ജാതമാകും
ഭണ്ഡാരത്തിൻകുറവഥ നികത്തിട്ടുവാനേഷ വീരൻ
അന്നഷ്ഷ്ജാത്മജനൃപതിയാൽ ഉത്തമാം കാശി പാലി-
ക്കുന്നോരുവീപതിയൊടു ധനം വാങ്ങുവാനുദ്യമിച്ചു. (൯൭)

താനിച്ഛിച്ചീടിന ധനമവൻ നൽകുവാനന്നു മാന്ദ്യം
കാണിച്ചെന്നുള്ളതിലിവനതിക്രുദ്ധനായിദ്ധവൈരം
പ്രാപിച്ചേതന്നഗര, മെതിരിട്ടോരു പൌരവ്രജത്തെ-
ച്ഛേദിച്ചെല്ലാദ്ധനവുമിഹ നിർവിഘ്നമായ് നിഷ്ക്കമാക്കി. (൯൮)

ഷൂജാഖ്യൻതൻതനയനു, മിവൻ ചൊൽകയാലാത്മതാത-
ശ്രീജാലം തദ്ദയിതകളിൽ നിന്നാക്രമിച്ചിട്ടു സർവ്വം
പൂജാർഹത്വം പരമിയലുമാംഗ്ലേയകർക്കായി നൽകി
വ്യാജാപേതം നിജമൃണമൊഴിച്ചീടിനാനാടലെന്യേ. (൯൯)

സാരജ്ഞന്മാർ സരസമനുമോദിക്കുമാറിപ്രകാരം
സാരാത്മാവാമവനുചിതമായ് ചെയ്ത ചേഷ്ടാവിശേഷം
പാരം സ്പർദ്ധാരസമൊടു തിലം താലമാക്കിച്ചമയ്ക്കു-
ന്നോരായുള്ളോർ ചിലരരുളിനാർ ദോഷമെന്നീഷലെന്യേ.
(൧൦)

ഭാരം കൈവിട്ടിവനഥ ഗൃഹം പ്രാപ്തനായോരുശേഷം
ധീരൻ ബ്രിക്കാകിയ പുകഴ്ച്ച ചെടും വാഗ്മിയപ്പാർലമെൻറിൽ
ചേരും ശ്രീമൽപ്രഭുസഭയിൽ ചെച്ചത്ര മുൻചൊന്ന കൃത്യം
പാരം നിന്ദിച്ചിവനെയധികം മത്സരത്തോടെതിർത്തു. (൧൧)

ഔന്നത്യം ചേർന്നൊരു ധരണിഭൃതിങ്കൽ നിന്നും ഭവിച്ചുയ-
ച്ചിന്നും ദണ്ഡോജ്ജ്വലിതകമലോൽകർഷമോടേ രസത്താൽ
എന്നും മിന്നും പ്രഭുബലവിലാസത്തിനും നിർമ്മലഗൌഘ-
ത്തിന്നും മൂലം ബത ! മലിനമാമോർക്കുവ മിക്കവാറും. (൭൨)

നിർമ്മാണാനന്തരമഴകൊടേ വസ്തു ശോഭിച്ചുവെന്നാൽ
തൻമൂലത്തിൻമലിനത ഗണിക്കുന്നതാരിന്നു പാരിൽ ?
നിർമ്മിക്കുന്നക്കൃമിയുടെ മലം കൊണ്ടു പട്ടാംബരൌഘം,
സമ്മോദത്താൽ നൃപസമതിനെസ്സാദരം ചാർത്തിടുന്നു. (൭൩)

മെത്തും ശത്രുപ്രകരരുധിരം വീഴ്ത്തിയക്കൈവു കൈയാ-
ലെത്തി ക്ഷോദിച്ചൊരു മഹിതമാം ഭാരതോർവ്വീതലത്തിൽ
ആത്മൽകൃഷ്ടം ഫലമരുളിടും നവ്യമാം രാജ്യബീജം
ഹസ്റ്റിംഗൻ താനിഹ ബത ! വിതച്ചീടിനാൻ വേണ്ടവണ്ണം.
(൭൪)

ഇത്ഥം ദൂരസ്ഥലമതിൽ വസിക്കുന്ന സംഘത്തിനപ്പോൾ
വർദ്ധിച്ചീടുന്നൊരു ബലഭരം കണ്ടതിൻരക്ഷചെയ്യാൻ
ഉദ്ദേശിച്ചിട്ടൊരു നിയമനം പുത്തനായ് പാർളമെൻറിൽ
പീടാഹ്വാനൻ പടുമതി സഭാസ്ഥാരകൻ ഹാജരാക്കി. (൭൫)

സിദ്ധിച്ചോരക്കരണമതിനാൽ, മൂന്നു സാമാജികന്മാ-
രൊത്തുള്ളേകം വിനയനസദസ്സ്, ത്രയല്ലാംഗലത്തിൽ,
ഷാഡ്ഗുണ്യത്തിൻവിഭവവിനിയോഗത്തിനായുത്തമശ്രീ
വായ്ക്കും സംയന്ത്രണസഭയതും പുത്തനായേപ്പെടുത്തി. (൭൬)

ആറാളുണ്ടായതിനവയവീഭൂതരാ;—യാറുപേരും
നേരിട്ടാംഗ്ലേയകന്യപതിയാൽ തന്നെ നിർദ്ദേശ്യരത്രേ ;
ഏവം സർവ്വോത്തരത കലരും പാർളമെൻറിന്നു കീഴ്പ്പെ-
ട്ടിസ്സംസത്തിന്നധിപതി പരാധീനനായ്ത്തീർന്നിതപ്പോൾ.
(൭൭)

സൈന്യാധീശക്കധിപതിയെയും, ധർമ്മകാര്യാധികാരം
ചേരും രണ്ടാളുകളെയുമുടൻ സഭ്യരായ് നിശ്ചയിച്ചു,
ശക്ത്യാധിക്യം ബത ! വിമതരിൽ സംഭവിക്കായ്വതിന്നായ്
വംഗേശൻതൻസമിതിയതിനും ചാരുസംസ്കാരമേകി. (൭൮)

മുംബാമദ്രങ്ങളിലവനു കീഴുള്ള ഭൃത്യാകൾ തത്തൽ—
കർമ്മം ചെയ്യുന്നതിലഥ സഹായം ലഭിച്ചീടുവാനും,
ധർമ്മം കൈവിട്ടഴിമതികൾ ചെയ്യാതെ മേവുന്നതിന്നും
ചെമ്മേ സംസത്തിനെയവിടെയും ചേർത്തു സംപൂർത്തിയോടേ. (൭൯)

സംഘേശന്മാർകളിലൊരുവനും ദ്രവ്യസംബന്ധമേതും
ചെയ്തീടൊല്ലാ നരപതിവൃഥന്മാരൊടങ്ങത്രയല്ലാ
അന്യന്മാരോടുചിതതരമാം ഹേതുവില്ലാതെതിർപ്പാ—
നാരംഭിച്ചീടുകയുമരുതെന്നാന്നു നിർണ്ണീതമായി. (വ്വാ)

സംഘം കൈവിട്ടതിമഹിതമാംശ്രേയസിംഹാസനം താൻ
ശങ്കാപേതം ദൃതമണവതിന്നായ്ത്തരം നോക്കി മേവും
ഇൻഡ്യാലക്ഷ്മിക്കതുപൊഴതിലീവണ്ണമുൽകർഷപൂർവ്വം
പീടൻ ചെയ്തീടിന നിയമനം പീഠമായ്ത്തന്നെ തീർന്നു. (വ്വഥ)

ഇത്ഥം കൈവന്ന രാജ്യം പ്രബലതയൊടുറ—
പ്പിക്കുവാൻ വേണ്ടി നിത്യം
പുത്തൻസംസ്കാരമോരോന്നൊരിടമതിൽ നട—
ന്നീടവേ, കൈവശത്തിൽ
എത്താതുള്ളോരു ശിഷ്ടം ജനപദവുമട—
ക്കീടുവാനുള്ള നാനാ-
യുദ്ധശ്രീയാന്ന യത്നം സരഭസതാമാ—
യന്യഭാഗേ നടന്നു. (വ്വവ)

"രാജ്യതന്ത്രപരിഷ്കാരം"
എന്ന
എട്ടാം സർഗ്ഗം
സമാപ്തം.

ഒൻപതാംസർഗ്ഗം

ശതകം പതിനേഴിലിങ്ങൊരുത്തൻ
പ്രഥിതക്ഷത്രകുലത്തിലുത്ഭവിച്ചു
ഗിരിജാവരജാതവീര്യസാരൻ
വിരുതൻ പണ്ടു ശിവാജിയെന്നു പേരായ്. (൧)

സമരപ്രിയനാമവൻ മഹാത്മാ
സഹജം സാഹസികത്വമാന്നുമന്ദം
കരവീര്യദുരാസദൻ കടന്ന-
ഗിരിദുർഗ്ഗങ്ങൾ ഹരിച്ചു ലീലയായ്ത്താൻ. (൨)

ഗിരിജാകരുണാകടാക്ഷമേററി-
ട്ടുരുഭവ്യം കലരുന്ന നീതിശാലീ
തരമാന്നു കവന്നിതായവൻ ശ്രീ
തിരളും ബീജപുരാധിനാഥരാജ്യം. (൩)

അതിമാനുഷവിക്രമം കലന്നോ-
രധികോത്സാഹി ശിവാജിയാം മഹാനെ
കുതുകാൽ സ്വജനങ്ങൾ കൊങ്കണോർവീ-
പതിയായിട്ടഭിഷിക്തനാക്കിയന്നാൾ. (൪)

ശ്രമമാന്നു വളന്ന ഭൂമി ഭൂരി-
ശ്രമശീലൻ വിജിഗീഷുവാമവങ്കൽ
പ്രമദാകുലയായ് രമിച്ചു നിത്യം
പ്രമദാ നവ്യവരങ്കലെന്നവണ്ണം. (൫)

വലുതായ ഭുജാബലപ്രഭാവാൽ
മുഗളാധീശനെയും ഗണിച്ചിടാതെ
നിജവീര്യവശാൽ വശത്തിലാക്കി-
സ്സ മഹാരാഷ്ട്രമഹീതലം ഭരിച്ചു. (൬)

മികവോടു തുലാപുമപ്പണാദ്യം
സുകൃതം കൊണ്ടു വശീകരിച്ച വാനിൽ
വിഹരിപ്പതിനെന്നപോലവൻ പോ-
യളവേതന്മഹി ശത്രുഭോജ്യയായി. (൩)

പുരവാസികൾ ഭൂപനായ് വരിച്ചു-
ള്ളൊരു ശംഭാജി തദീയപുത്രനന്നാൾ
മുഗരാജ്യഭൂമിവരാക്രമത്തിൽ നിന്നും
മഹി രക്ഷിച്ചിടുവാനശക്തനായി. (൨)

അഥ ഭൂപനാജ്ഞസിബ്ബു തോല്പി-
ച്ചവനെ ചിത്രവധത്തിനാൽ വധിച്ചു,
ശിശുവായ തദീയപുത്രനെത്തൻ-
നിലയത്തിങ്കലുടൻ ഗ്രഹീകരിച്ചു. (൩)

അവനത്ര നരാധിപൻ മരിച്ചോ-
രളവിൽത്താൻ തടവിങ്കൽ നിന്നു ചാടി
പിതൃസോദരപത്നി വാണിരുന്നോ-
രുരുസിംഹാസനമേറിനാൻ ക്രമാച്ഛാ. (൪൦)

നരപാലപുരത്തിലാത്തനാനാ-
വിഭവാഡംബരനായ് വളർന്നുമൂലം
ഗതപൌരുഷനാമവൻ ശിവാജി-
പ്രജകൾക്കേകിയതില്ല തൃപ്തിയേതും. (൪൪)

മുഗരാജേന്ദ്രർ കൊടുത്ത സാഹ്ലവെന്നു-
ള്ളൊരു ചോരാത്മകനാമധേയമോടേ
അവനാത്മപിതാമഹാർജ്ജിതശ്രീ-
നിവഹം ഭോഗപരായണൻ ഭുജിച്ചു. (൪൬)

അവനന്നിഹ പേഷ്വയെന്ന നാമം
കലരും മന്ത്രിപദത്തിൽ വെച്ചു വീരൻ
വിലസന്മതി വിശ്വനാഥനാമാ-
വനുവേലം പ്രഭുശക്തിയെപ്പുടത്തി. (൪൮)

നൃപനീരി പിടശ്ശധനേഷ ധീമാൻ
പതിനെട്ടാം ശതകത്തിലത്ര, കൊല്ലം
പതിമൂന്നമൊരൊന്നുമായിട്ടന്നാ-
ളധികവ്യാകുലമേററ ഭൂമിഭാരം. (൧൭)

പ്രബലം കുലശീലശാലിയായോ-
രവനാൽ സ്ഥാപിതമായ പേഷ്വവംശം
പല ഭൂസുരരാലലംകൃതം താൻ
നിലനിന്നു ശരദാം ശതത്തിനും മേൽ. (൧൮)

ജനശിക്ഷണരക്ഷണങ്ങൾ ചെയ്യാൻ
ക്ഷമനായ് നൈപുണിയാന്ന മന്ത്രിയാകും
അവനിൽ പ്രഭുശക്തി ചേന്നു, നിന്ദ്യൻ
നൃപനിൽ ചാമരമുഖ്യചിഹ്നമാത്രം. (൧൯)

വികൃതപ്രകൃതിത്വവും പ്രധാനാ-
നുഗമാമുദ്യമവും ഗുണാകുലത്വം
വരവൃത്തുഷസാക്ഷിഭൂയവും ചേ-
ന്നഥ ലോകം ബത! സാംഖ്യതത്ത്വമോതി. (൨൦)

അഥ തൽസുതനായ ബാജിരായൻ
നിതരാം വിശ്രുതനായ നീതിശാലി
പുകളേറിയ പേഷ്വസംജ്ഞയോടേ
പിതൃസിംഹാസനമേറി സിംഹവീര്യൻ. (൨൧)

മുഗളാധിപമണ്ഡലം ക്ഷയിപ്പി-
ച്ചു,- വനപ്പൃത്തഗളീയശക്തിയേയും
മികവോടു കുറച്ചു, വിംശമബ്ദം
മുതലായ് വിംശതിവത്സരങ്ങൾ വാണു. (൨൨)

ഉദയോന്മുഖനന്നുകാഖ്യനായീ-
ടിന നൈസാമിനെയന്നവൻ മഹാത്മാ
ഇഹ ദക്ഷിണഭൂതലത്തിലെത്തി-
സ്സഹസാ സംപ്രഹരിച്ചു നിഗ്രഹിച്ചു. (൨൩)

ഇഹ മാളവഗുജ്ജരാദി രാജ്യം
നവമായേഷ പിടിച്ചു ചേർത്തമൂലം
സ്ഫുടമിക്ഷിതിതന്റെ നാമധേയം
ബത! മാരാഷ്ട്രമതത്ഥയുക്തമായി. (൨൧)

വിജയോജ്ജ്വലനായ ബാജിയേവം
വിദിതൻ ഭൂമിതലം വെടിഞ്ഞശേഷം
അദസീയസുതാദ്യനന്നു ഭൂമീ-
പതിയായ്ത്തീർന്നിതു ബാലബാജിനാമാ. (൨൨)

നയശൌര്യവിലാസശാലിയായോ-
രവനാത്മപ്രജകൾക്കെഴും മഹത്ത്വം
അനവേലമുയർത്തി മേല്ക്കുമേലേ
പരമൈശ്വര്യപദത്തിലാക്കി വേഗാൽ. (൨൩)

അഥ ദില്ലിമഹീശനും ഭയപ്പെ-
ട്ടിഹ മാരാഷ്ട്രഭടോൽഭടോക്തിമൂലം
പ്രണമിച്ചു ജിഗീഷുവാമിവന്നായ്
പ്രഥിതം നൽകി ചതുർത്ഥമെന്ന കപ്പം. (൨൪)

ക്രമമാർന്നയരുന്നുവെങ്കിലും താ-
നതിമാത്രോന്നതി നാശഹേതുവത്രേ;
ചലയാകിയ ലക്ഷ്മി ശീഘ്രമാർന്നോ-
രുദയത്തിൻകഥ പിന്നെയെന്തു ചൊൽവൂ.? (൨൫)

കമലാപ്രിയമായുദിച്ചമന്ദം
കരജാലോച്ചയമാർന്നിടും തദീയം
ഉരുമണ്ഡലമിന്ദുമണ്ഡലം പോൽ
ക്ഷണമാത്രം പരിപൂർണ്ണമായ് വിളങ്ങി. (൨൬)

അഥ മണ്ഡലപാലർ മന്ദമന്ദം
ബത! താന്തോന്നികളായ് ഭവിക്കയാലേ
ശിഥിലീകൃതഗാഢബന്ധമായി-
ന്നവസാമ്രാജ്യമുടൻ തകർന്നു താനേ. (൨൭)

സ്വയമേവ രചിച്ച ഭൂപവാശം
നവമിന്ദ്രപുരത്തിലന്നു ഹോൾക്കർ,
അഥ. ഗേക്വർ നൃപൻ ബറോഡയിൽത്താ,-
നതു പോൽ ഗ്വാളിയർതന്നിലത്ര സിന്ധ്യൻ. (൨൭)

ഇഹ ഭോസലനാമധാരിയന്യൻ
ബലമോടാന്ന വിദർഭഭൂപതിത്വം
ഉടനുല്ക്കലഭൂമിയെക്കവന്നാൻ
വിഷയാനന്തരനാം നഭാവിൽ നിന്നും. (൨൮)

അഥ സാഹ്നരാധിനാഥനും തൽ-
സചിവൻ ബാജിയുമാപ്പരായി നാകം;
ഉടനേയവർതൻപദം ഗ്രഹിപ്പാ-
നളവായ് ഘോരതരം ചിരം പിണക്കം. (൨൯)

ഇതി ബന്ധമഴിഞ്ഞു ദുർബ്ബലത്വം
കലരും രാജ്യമതിന്നു ബാഹ്യമായും
അവിചിന്തിതമായുദഗ്രമായാ-
രഭിഘാതം പുനരൊന്നു വന്നുചേർന്നു. (൩൦)

പടുവേഗമിയന്നിടുന്നതാമീ-
യടിയാലായതശേഷവും തകർന്നു
ഇടിമിന്നലടിക്കു പാത്രമാകും
നിലയെട്ടുള്ളൊരു മേടയെന്നപോലെ. (൩൧)

ഇഹ ദക്ഷിണദിക്കിലാന്നിടുന്നാ-
ളധിനാഥൻ സലബാതനോടു യുദ്ധം,
രണമാടി നടന്നു രാഘവൻ തൽ-
സഹജൻ പഞ്ചനദങ്ങളിൽ സഗർവ്വം. (൩൨)

ഉടനാബ്ഘാനനാമഹമ്മദൻഷാ
പടുവബ്ദാലിയിവൻെറ ഘോരഗർവ്വം
സഹിയാതെ, പദാഭിഘാതമേറ്റാ-
രഹി പോൽ വന്നിവനോടെതിർത്തു നേരേ. (൩൩)

അണിയായി നിരന്ന സൈന്യമോടൊ-
ത്തണയും സിന്ധുയവേ ഠച്ചരാദ്ദ്രരെത്താൻ
ജവമോടു ജയിച്ചു തുക്കിയന്നാ-
ളുവനും പാനിപഥത്തിൽ വൈജയന്തി. (൯൫)

അവനോടണവാൻ സ്വപുത്രനായീ-
ടിന വിശ്വാസനെയന്നു ബാലബൊജി
ഉരുസൈന്യഗണങ്ങളോടു കൂടി-
ത്തരസാ ദക്ഷിണദിക്കിൽ നിന്നയച്ചാൻ. (൯൬)

ബലമേറിയ രാജപുത്രകന്മാർ
ബഹുപിണ്ഡാരികളസ്തുപണ്ഡിതന്മാർ
പുരജാടജനങ്ങളും കലന്നി-
ട്ടഥ മാരാഷ്ട്രബലം പരം വിളങ്ങി. (൯൭)

പ്രതിപക്ഷജനങ്ങളോടു ചേർന്നാ-
നിഹ സൈന്യങ്ങളൊടൊത്തു ഷൂജദൌലൻ ;
അഥ രോഹിളമുഖ്യരായ മററ-
ള്ളവരും ചേർന്നു തുലുഷ്കസഞ്ചയത്തിൽ. (൯൮)

ഇതു തൊട്ടു തുലുഷ്കഹീനയായോ
വരണം മേദിനി ഹിന്ദുഹീനയായോ
ഇതി നിശ്ചയമോടണഞ്ഞു പോരി-
ന്നിരുസംഘങ്ങളുമിങ്ങു തുംഗരോഷം. (൯൯)

പദഗാമികളത്ര രണ്ടു ലക്ഷം,
നളികം താനിരുനൂറുമപ്രകാരം,
ഇരുമൂന്നയുതാ തുരംഗിമാരും
പരിചിൽ ചേർന്നു വിളങ്ങി ഹിന്ദുസൈന്യം. (൧൦০)

പരമൊൻപതിനായിരം തുരംഗ-
സ്ഥിതർ, പാദാതികളേകലക്ഷമേവം
നളികം ബത ! നൂററിമുപ്പതും ചേ-
ർന്നിഹ മറേറതിതിൽ നിന്നുമൂനമായി. (൧൧)

കുരുപാണ്ഡവസേനയിൽ കലന്നു-
ള്ളുരുഭൂമീശ്വരർ പോരു ചെയ്തതാകും
ഇടമെന്നു കുതൂഹലേന പാർത്താ-
രുടനപ്പാനിപതത്തെ ഹൈന്ദവന്മാർ. (൭൮)

മുഗൾനായകനായ ബേബർ മുന്നം
മികവോടാഖ്യനനായ ലോദിതന്നെ
ഇഹ സംഗരചതുരേ ജയിച്ചെ-
ന്നഥ തൌലുഷ്കർ നിനച്ചിതീഷ്യയോടേ. (൭൯)

പ്രളയാംബുധരങ്ങൾപോലെ വർദ്ധി-
ച്ചിളകും സേനകൾ വന്നു ദിക്കിലെല്ലാം,
അതികഷ്ടം, മണത്തിടുന്നതെന്തെ-
ന്നാതിമാത്രം ഭയമാർന്നു പൌരവൃന്ദം. (൮൦)

അഥ സൈന്യജലാശയങ്ങൾ രണ്ടും
നടുവിൽപെട്ട വരമ്പിലാക്രമിപ്പാൻ
പലവട്ടവുമോങ്ങി വാങ്ങി വീണ്ടും
വഴിപോൽ സന്നഹനം തുടർന്നു നിന്നു. (൮൧)

ഇഹ ഗേഹമെഴുന്ന ശത്രുവിങ്ങാ-
ഗതനാമെന്നൊടു മുൻപിലേററിടട്ടേ
ഇതി നിഷ്ക്രിയനായ് രണാംഗണത്തിൽ
പടുവമ്പാലി വസിച്ചുവെന്നു തോന്നി. (൮൨)

അതികൌശലശാലിയേഷ ഗ്രുഢം
പിറകേ വിട്ടൊരു സൈന്യജാലമപ്പോൾ
ബത! പേഷ്വസുതന്റെ സേനയെച്ചെ-
ന്നെതിരിട്ടാശു വളഞ്ഞുപദ്രവിച്ചു. (൮൩)

ഗജവാജിവൃഷോഷ്ട്രവൃന്ദമേററം
ഗണനാതീതജനങ്ങളും വിളങ്ങും
പുരു ഹൈന്ദവസൈന്യമീ നിരോധം
ചിരകാലം പരിചിൽ സഹിച്ചതില്ലാ. (൮൪)

രിപുവോടഥ വീര്യശാലിയേററം
കുപിതൻ പേഷ്വജനഗ്രമേറെറതിത്തു
വഴി വന്നു തടുത്ത വാഹസത്തിൻ-
മുഖവാതാധിഗതൻ മൃഗാധിപൻപോൽ. (൪൯)

പ്രസഭം തരസാ ബലങ്ങൾ രണ്ടും
പ്രബലാടോപമൊടേയിടഞ്ഞു തമ്മിൽ
പ്രളയാഗ്രഗചണ്ഡവേഗമേററി-
ട്ടിളകീടുന്ന മഹാർണ്ണവങ്ങൾ പോലെ. (൫൦)

പൊടി കൊണ്ടുടനഭ്രമങ്ങു തിങ്ങീ
വെടി കൊണ്ടാശകളും പരം മുഴങ്ങീ
ഇടർ പൂണ്ടസുവെ ത്യജിച്ചു വീണോ-
രുടൽ കൊണ്ടുവി നിറഞ്ഞഹോ! വിളങ്ങീ. (൫൧)

വികടോജ്ജ്വലദൃഷ്ടിയുദ്യമിക്കും
പ്രകടക്രോധമരാഗി പൂണ്ടനല്ലം
ഇഹ പുണ്യപുരേന്ദ്രപൂരുഷന്മാർ
സഹനീയേതരവിക്രമങ്ങൾ കാട്ടി. (൫൨)

അതിഭീഷണമായ ഖഡ്ഗമാണ്ടീ
യുധി വിശ്വാസനൊടൊത്തു സഞ്ചരിക്കും
ശിവദാസമഹീസുരൻ മഹാത്മാ
സകൃപദ്രോണസമാനമുജ്ജ്വലിച്ചു. (൫൩)

മൃതിയാണ്ടിതു കഷ്ടമാഹവേ ദുർ-
വിധിയാലേയിവരാഗ്ര രണ്ടു പേരും;
അതിയായുടനുച്ചലിച്ചു മൂല-
ക്ഷതിയാളും ദ്രുമമെന്നപോലെ സൈന്യം. (൫൪)

ഇഹ മിത്രതയോടു വന്നു ചേർന്ന-
ളുള്ളാരു ജാടേശനമത്രയല്ല ചിത്രം!
നിജപക്ഷ്യതയാണ്ട ഹോല്ക്കരാഖ്യ-
പ്രഭുവും പോരു വെടിഞ്ഞു പിൻതിരിഞ്ഞു. (൫൫)

ഒരുവന്നു ശുഭം വരുന്ന കാലം
പെരുകും ബാന്ധവരോത്തിടാതവണ്ണം;
ദുരിതാവസരേ തുണച്ചിടുന്നോർ
വിരളന്മാർ സ്വജനത്തിലും നിതാന്തം. (൫൯)

മരുഭൂമിയിലും ജലം ലഭിക്കും
മഴ പെയ്യുംപൊഴതിങ്ങു വേണ്ടുവോളം;
നിലയാണ്ടുവിലും ചുരുക്കമത്രേ
ജലമുണ്ടാവതു വേനൽ വന്നിടുന്നാൾ. (൬൦)

അയശസ്സു കലന്നു ഖേദമാന്നി-
ട്ടതിയായിട്ടു തളന്നു ഹിന്ദുസൈന്യം;
സുയശസ്സു വളന്നു പോൾക്കളത്തിൽ
സുതരാമന്നരിവർഗ്ഗവും വിളങ്ങി. (൬൧)

ബലശാലികളേറെയാന്നു പാരം
വിലസീടുന്ന തുലുഷ്കസേനയപ്പോൾ
ഹതനായകമായ ശത്രുസൈന്യം
ഗതകാരുണ്യമുപദ്രവിച്ചു ഗാഢം. (൬൨)

അടൽ വിട്ടടനോടുവോരെയും ഹാ!
പിടിപെട്ടങ്ങു നിരത്തി നിർത്തി വേഗാൽ
തലവെട്ടി മറിച്ചുവീഴ്ത്തി വാളാൽ
കൃപ വിട്ടുള്ള മഹമ്മദീയസൈന്യം. (൬൩)

കമലാകരമുന്മഥിച്ചു പൊട്ടി-
ച്ചുമലം മൂലമുണാളമാന പോലെ
ശ്രിതനാമരിതന്റെ ലക്ഷ്മി കൈക്കൊ-
ണ്ടവസം വന്നതുപോലെ തന്നെ പോയാൻ. (൬൪)

ഋഷ പാനിപതാജിവാർത്തയായീ-
ദിന മിന്നൽക്കൊടി തട്ടിയോരു പേഷ്വാ
സുതനോടതിനുള്ള ഹേതു ചോദി-
പ്പതിനെന്നാണമുടൻ ഗമിച്ചു വിണ്ണിൽ. (൬൫)

അതികഷ്ടതയേവമാന്ന നേരം
ഹതശിഷ്ടപ്രകൃതീശരൊന്നുകൂടി
അവനുള്ളൊരു മാധവാഖ്യനന്ദ്യൻ
സുതനെപ്പേഷ്യപദത്തിൽ നിശ്ചയിച്ചു. (൩൩)

ദുരിതങ്ങൾ നിറഞ്ഞതായൊരാണ്ടു-
ന്നുപത്തൊന്നിലിവൻ വഹിച്ചു ഭാരം,
പരമങ്ങൊരു പത്തു വത്സരത്താൽ
പരമശ്രീ പരിചിൽ പരത്തി വീണ്ടും. (൩൪)

പുകളേറിയ രാമശാസ്ത്രിയാകും
ഗുരുവോടേഷ പഠിച്ചു ശാസ്ത്രജാലം
ഹിമനാശമതിൽ ദിവാകരൻ പോ-
ലചലേന്ദ്രൊന്നുഘശിരസ്സിൽ വെച്ചു പാദം. (൩൫)

നയപൌരുഷവിഭ്രമങ്ങളാല-
ന്നവനഷ്ടിഷ്ടാലമചക്രവർത്തിയേയും
ദൃഢമാംഗലമൈത്രിയിങ്കൽ നിന്നും
നിജപക്ഷത്തിൽ നയിച്ചു കൌശലത്താൽ. (൩൬)

അഥ മല്ഹരരായഹോല്ക്കരൻതൻ-
സുതദാരങ്ങളഹല്യയെന്ന സാധ്വീ
അവനുള്ള നിയോഗമാന്ന വാണാൾ
ചിരമിന്ദൂരപുരാധിപത്യമോടേ. (൩൭)

വധുവെങ്കിലുമുഗ്രപൌരുഷം പൂ-
ണ്ടതിവൈദുഷ്യമിയന്ന ദക്ഷയാകും
അവളെ സ്വഗുണങ്ങളാൽ കവിഞ്ഞി-
ല്ലണുവും നൂനമെലിസബത്തു പോലും. (൩൮)

അവളെജ്ജഗദംബയെന്നു കല്പി-
ച്ചധുനാ കീർത്തി പുകഴ്ത്തി മാളവത്തിൽ
ജനസംഹതി ദേവതാസമാനം
പരിപൂജിച്ചുവരുന്ന ഭക്തിയോടേ. (൩൯)

ഇതി പാനിപതാപ്തഭംഗയായി-
പ്പുനരുജ്ജീവിതയാം ജയാശയേയും
ബത! മാധവനാം കുമാരനേയും
ത്വര കൈക്കൊണ്ടു ഹരിച്ചു മൃത്യു വന്നാൾ. (൭൦)

അഥ പേഷ്വതയാന്നിതായവൻതൻ-
നടെ നാരായണരായരാം സഗർഭൻ;
അവനേയുമുടൻ നിഗ്രഹമായ്ത്തൽ-
ഭവനേ ഹന്ത! ഹനിച്ചു ദുഷ്ടനേകൻ. (൭൧)

ഇതി സന്തതിതന്തുകൃന്തനം കൊ-
ണ്ടിവർതൻതാതസഹോദരൻ തദാനീം
പ്രഥിതൻ രഘുനാഥരായരാന്നാൻ
പ്രബലം പേഷ്വപദം പ്രതാപമോടേ. (൭൨)

അതിസാഹസിയാമിവൻ പുരാ താൻ
കൊതിയോടിപ്പദമാളുവാൻ ശ്രമിച്ചു;
അതിനാലിവനെന്നു ലോകരോർത്താ-
രഥ നാരായണരായഘാതഹേതു. (൭൩)

അഥ രാജകുലം സമസ്തമാത്മ-
സ്ഥിതിലോപത്തെ നിനച്ചു മാഴ്കിടുമ്പോൾ
ഹതനാം പതിയിങ്കൽ നിന്നു ജാതൻ
സുതനെപ്പെററിതു സ്വാധ്വിയായ രാജ്ഞി. (൭൪)

പ്രഥമം പ്രകൃതീശർ കണ്ണുനീർ കൊ-
ണ്ടഭിഷേചിച്ചു നിജാങ്കസീമ്നി പാരം,
അഥ തീർത്ഥജലങ്ങൾ കൊണ്ടു മോദി-
ച്ചവനെ ശ്രീനൃവരാസനത്തിൽ വെച്ചും. (൭൫)

ജനകൻെറ സമാഖ്യ തന്നെ നൽകി-
ശ്ശുഭമീററില്ലമതിങ്കൽവെച്ചിവണ്ണം
അഭിഷിക്തതയാന്ന ബാലനെത്തൽ-
സചിവാധീശർ വളർത്തി വേണ്ടവണ്ണം. (൭൬)

പുകളാന്നൊരു നാണപണ്ണവീശൻ
സചിവൻ നീതിവിശാരദൻ തദാനീം
പ്രതിഭാനിപുണൻ നരാധിപൻതൻ-
പ്രതിഭൂവായി വഹിച്ചു രാജ്യഭാരം. (൭൭)

അഥ ഭഗ്നമനോരഥൻ ബലാത്മാ
രഘുനാഥൻ, ശിശുവന്യജാതനെന്നായ്
ഉരചെയ്തു നൃപാസനത്തിലേറാൻ
കൊതി പൂണ്ടാംഗലരോടിരന്നു സഖ്യം. (൭൮)

ഇവനോടു മഹാംബ്വതന്നധീശൻ
നവമാം സഖ്യവുമന്നു നിർവ്വഹിച്ചു;
അധിഭർത്തൃനിദേശഹീനമായോ-
രതു വന്ധ്യത്വമിയന്നിതല്ലകാലം. (൭൯)

അഥ നാണപരാങ്കികൾക്കു തമ്മിൽ
പ്രചലിക്കും വ്യവഹാരരൂപസഖ്യം
ദുരിതത്തിനു ഹേതുവാകുമെന്നോ-
ർത്തധിഭർത്താവുമതിന്നു സമ്മതിച്ചു. (൮൦)

അതിനാലെഴുപത്തൊന്നേഴുമാണ്ടും
സമയിങ്കൽ സമുദിച്ചതായ ഘോരം
കലഹം പുനരഞ്ചു വർഷകാലം
ബലമോടിങ്ങു തുടർന്നുകൊണ്ടിരുന്നു. (൮൧)

മുർബാഭർത്താവുമപ്പോളിഹ നിജസഖനെപ്പേഷ്വപീഠത്തിൽ വെ
ന്നാ-
നൻപോടിച്ചിച്ചു കൃത്യം സഭയിലഥ സമാലോചനം ചെയ്തു
റച്ചു
വൻപേറും സൈന്യമേകം രഭസമൊടു മഹാരാഷ്ട്രഭൂപാല
യന്തെ-
സ്സംബോധിപ്പാനയച്ചാനതിനധിപതിയായിട്ടുകണ്ണാക്കി നേയും (൮൨)

ദൂരം മാർഗ്ഗമതിക്രമിച്ചു തളരും നേതാക്കളോടെത്രയും
ധീരം സൈന്യമണഞ്ഞു പുണ്യപുരിതന്നഭ്യർണ്ണമെത്തീടവേ
ചേരും സ്വർഗ്ഗകളഞ്ഞു പോരിനു മുതിർന്നോരന്യനേതാക്കളും
വീരന്മാരൊടു ചേർന്നു സിന്ധ്യയനുടൻ നേരിട്ടെതിർത്തീടിനാൻ.
(വ്യ.)

പിൻമാറിയാംഗലവരൻ നടകൊണ്ടിതപ്പോൾ
പിന്നാലെയെത്തിയവരററമുപദ്രവിച്ചു;
നേർക്കാനശക്തനവനും ഗതി വിട്ടു മാർഗ്ഗേ
വാർഗ്ഗാമദേശമതിൽ വെച്ചു കഴിച്ചു സഖ്യം. (വ്യ.)

അക്കാലം രിപു ചൊന്നപോൽ സകലവും കോൾക്കേണ്ടിവന്നു ള്ളൊരി-
സ്സഖ്യം കേ"ട്ടധികാരഹീനപുരുഷൻ ചെയ്തോരിദം നിഷ്ഫലം"
ഇത്ഥം ചൊന്നധികാരമേകിയധിഭത്താവാലുടൻ പ്രേഷിതൻ
പുത്തൻസൈന്യവരൻ ഗമിച്ചു സമരം വീണ്ടും തുടങ്ങീടിനാൻ.
(പ്ര.)

ഗോദർദ്ദാഹവയനേഷ ഗുജ്ജരമണഞ്ഞൊഞ്ജിത്യമോടേ ഹരി-
ച്ചത്രാഹമ്മദപത്തനത്തെ,യഥ പോയീടും വഴിക്കഞ്ജസാ
എന്നുതും ഹോല്ക്കരസിന്ധ്യയാശ്രിതരാൽ സംരുദ്ധനായിട്ടെതി-
ത്താത്തിപ്പെട്ടിതവക്കെഴം ചതി കലർന്നീടുന്ന യുദ്ധങ്ങളാൽ.
(പ്ര.)

എന്നാലും തളരാതണഞ്ഞു വിജയം പ്രാപിക്കവേ, ഹൈദരൻ
ചെന്നാ മദ്രമെതിർത്തുവെന്നറികയാൽ സന്ധിക്കു ചിന്തിച്ചതാൻ
വ്യാക്ഷേപം സഹിയാഞ്ഞു കൊങ്കണമുടൻ ചെന്നാക്രമിച്ചുന്ന വൻ
മഹാരാഷ്ട്രനിരുദ്ധനായൊരുവിധം മുംബാപുരത്തെത്തിനാൻ.
(പ്ര.)

കേട്ടീയുദന്തമഥ വാരണനന്നയച്ച
പോഗഫാമനും യമുനയെത്തരസാ തരിച്ച
ദ്വാരവീര്യയുതമുത്തരദിക്കിലെത്തി
ലാഹ്ലാമെന്ന നഗരത്തെയുടൻ പിടിച്ചു. (വ്വ)

അണ്ണഞ്ഞു പിന്നീടരിദുർഗ്ഗമെന്നു
പുകഴ്ന്നിടും ഗ്വാളിയരെന്ന ദുർഗ്ഗം,
ഉയന്ന സാലങ്ങൾ കടന്നു നക്രതം
തളന്നിടാതാശ്ശു കവന്ന വീരൻ. (വ്വൻ)

കണ്ണസമാനൻ കണ്ണകനപ്പോൾ
മാളവദേശം പ്രാപ്തനകാണ്ഡ
സിന്ധ്യവീരൻതന്നുടെ സൈന്യം
ഹന്ത! രണത്തിൽ ശൂന്യമതാക്കി. (ൻ0)

മുൻപിൽ ചെയ്തുള്ള സാമം വിമതരനുസരിക്കാഞ്ഞയാലിപ്രകാരം
വൻപോടൊന്നിച്ചു നാനാദിശി പലസമരം ചെയ്തു ഡണ്ഡിച്ചു പിന്നെ
മുൻപന്മാരെദ്ധനത്തിൻവിതരണവിധിയാൽ കൈവശത്തിങ്കലാക്കി-
ട്ടൻപിൽ സഖ്യാശ ചേർത്താനവരിലനുപദാ ധീരനാം വാരണാഖ്യൻ. (ൻ്ര)

മാഹാരാഷ്ട്രശർ കൈക്കൊള്ളുരുതിഹ പരയെയൂരോപരെ:-ച്ചോരിതോവീ-
ഭാഗൌഘം ഹൈദരാംഗ്ളക്ഥ തിരിയെ മുദാ നൽകുമാറാക്കിടേണം:
സ്വാതന്ത്ര്യം ജീവനാംശത്തൊടു രഘുവരനുണ്ടാകണം: ദൈവ്യർ വേഷപ-
സ്ഥാനേ വാഴിക്ക നാരായണനെയിതി ദൃഢം സന്ധി ബന്ധിച്ചിതപ്പോൾ. (ൻ്ര)

ബൊഹാവീയ്യമെഴുന്ന വാരണനിതി സ്നേഹാദിതന്ത്രങ്ങളാൽ
മാഹാരാഷ്ട്രമഹാരാണം ബത ! സമാധാനത്തിലാക്കീടവേ
ശ്രീ ഹാ ! ചഞ്ചലയായി നിന്ന വിലസും യുദ്ധാ ഘാരം ഭൂതല-
സ്പീഹാമോഹിതഹൈദരാലിരചിതം ജൃംഭിച്ചു ഗംഭീരമായ്.
(൯൩)

"മഹാരാഷ്ട്രചരിതം"
എന്ന
ഒൻപതാം സർഗ്ഗം
സമാപ്തം.

പത്താം സർഗ്ഗം.

മുൻപേ ബലേന ബലിയാകിയ ഹൈദരാലി
വൻപോടണഞ്ഞു മഹിശൂരമടക്കിയപ്പോൾ
നൈസാമനാലിയിഹ പേഷ്വജനങ്ങളോടു
സഖ്യം നടത്തിയിതു തദ്വിനിപാതനാർത്ഥം. (൧)

കൃസ്ത്വബ്ദമന്നൊരെഴുനൂററുപത്തിനോടൊ-
ത്തെത്തീടുമാറിലവരർത്ഥന ചെയ്കയാലേ
സംയോഗസന്ധിയിഹ യുക്തമിതെന്നുറച്ചി-
ട്ടാംഗ്ലേയരുൾക്കുതുകമാർന്നവരോടിണങ്ങി. (൨)

അഗ്നിത്രയം മഹിതമദ്ധ്വരവേദിയെപ്പോൽ
ഭഗ്നാഘമുജ്ജ്വലസമിൽപ്രഭയോടു കാമം
മിത്രത്രയം മിളിതമായ് മഹിശൂരഭൂമീ-
ഭർത്താവുതൻമഹി തെളിഞ്ഞു വളഞ്ഞിതപ്പോൾ. (൩)

പ്രാബല്യമോടരികൾ വന്നണയുന്നതോർത്തു
ചാപല്യഹീനമതിയാകിയ ഹൈദരാലി
ആപല്ലയത്തിനിഹ ധീബലമാണു വേണ്ട-
താവില്ല സൈന്യമതിയാലിതി നിശ്ചയിച്ചു. (൪)

കൈക്കുലിയേറെ നയമോടു കൊടുത്തു പോഷ-
വർഗത്തെയപ്പടയിൽ നിന്നു തിരിച്ചു ധീമാൻ
ക്രൂസാതെ സാമമൊഴിയാൽ സ്വവശത്തിലാക്കി
നൈസാമനെ പ്രസഭമാംഗലരോടെതിർത്തു. (ദ)

മല്ലാടിടുന്നതിനതെല്ലുമൊരുക്കമന്നി-
ട്ടില്ലാതിരുന്നൊരവരീയഭിയോഗമോർത്തു
വല്ലാതെയായ് സ്വപതിയാം സ്ഥിഫനായ വീരൻ-
ചൊല്ലാലുടൻ പടയിൽ നിന്നിഹ പിൻതിരിഞ്ഞു. (ന)

ഇത്ഥം ഗമിക്കുമളവായവർ, സാംഗമാഖ്യ-
യുദ്ധാങ്കണേ ദശഗുണം രിപുസൈന്യജാലം
ഒത്തുള്ളതുഗ്ര തരവീര്യമൊടേ തുരത്തീ-
ട്ടെത്തീടിനാർ സരഭസം തൃണമാലിതന്നിൽ. (ഉ)

പിന്നാലെയോടിയഥ ഹൈദരുമപ്പുരത്തിൽ
ചെന്നാശു താൻ സ്ഥിഫനെയത്ര തടുത്തു ധീരൻ,
എന്നല്ല മദ്ദനഗരാക്രമണാതിനശ്ച-
സൈന്യേന വിട്ടു സുതനാകിയ ടിപ്പുവേയും. (ഫ)

മൂലോപരോധനവശാൽ തടവാൻ, ഭൂട്ട-
ജ്ജാലത്തിനാലിടയിൽ വെച്ചു നിരുദ്ധയായി
ആംഗ്ലേയവാഹിനിയുടൻ സ്വയമേവ പാരം
ഭംഗം കലർന്നിഹ നശിച്ചിടുമായിരുന്നു. (ൻ)

ക്ഷോഭിച്ച ഹൈദരുമഥ ക്ഷണരുദ്ധയായോ-
രക്ഷീണയാമതിനെയുഗ്രതയോടകാണ്ഡ
പെട്ടെന്നെതിർത്തളവിലായതു ഹന്ത! സ്ഥ്രാ
കിട്ടിത്തെളിഞ്ഞതു വഴിക്കവനെക്കവിഞ്ഞു. (ഫ0)

യുദ്ധാങ്കണത്തിൽ വിജയോത്സവമത്ര കാണ്മാൻ
ബദ്ധാഭിലാഷഭരമാഗതരായി മേവും
ശുദ്ധാന്തനാരികടെ മുൻപിലണഞ്ഞു തോററി-
ട്ടുദ്ധാഥ ഹൈദരുടനേ ഹതകല്പനായി. (ഫ1)

പാരിച്ച ദന്തികൾ വിരണ്ടു കടഞ്ഞു വേഗാൽ
വീഴിക്കവേ മുകളിൽ വാണ വിധൂജനത്തെ,
പ്രാണാർത്ഥിയായ മഹിശൂരനരേശസൈന്യം
മണ്ടിത്തുടങ്ങിയുടനേ രണഭൂവിൽ നിന്നും. (൧൮)

ആംഗ്ലേയർ തൻബലമിതോർത്തതിഭീതിയുള്ളിൽ
വർദ്ധിച്ച സഖ്യമവരോടു നടത്തി വേഗാൽ
നൈസാമനായ നരപാലകനും സസൈന്യം
നൈജാലയത്തിനതിലജ്ജയൊടേ ഗമിച്ചു. (൧൯)

ഇംഗ്ലീഷുകാർ പടയിലത്ര പിടിച്ചതായും
തിങ്ങും മുദാ മുഗളധീശ്വരദത്തമായും
ആത്മീയരാജ്യഗതമായുമെഴും വടക്കേ-
ട്ടേശൌഘമായവനവർക്കു കൊടുത്തിതന്നാൾ. (൨൦)

നൈസാമനന്നൊഴിയവേയസഹായനായി-
ച്ചൌര്യ്യംതളർന്നവശനായിതു ഹൈദരാലി;
എന്നാലുമായവനൊടേല്പതിനായ് സ്ഥിരാഖ്യൻ
സന്നാഹശൂന്യതനിമിത്തമശക്തനായി. (൨൧)

രത്നാകരം വിധുഗതിക്കനുരൂപമായി
വൃദ്ധിക്ഷയങ്ങളനുവേലമിയന്നിടുംപോൽ
തൽസംഗരം വിധിഗതിക്കനുരൂപമായി
പ്രാപിച്ചുതേ പല ജയാപജയങ്ങൾ വീണ്ടും. (൨൨)

വർഷത്രയം മുഴുവനിങ്ങനെ നിന്നതാമീ
വീരാഹവം, പടകളോടഥ ഹൈദരാലി
മദ്രാസിലേയ്ക്കുണയവേയതി ഭീതനാം തൻ-
ഭർത്താവു ചെയ്തൊരു സമാധി ലഭിച്ചടങ്ങി. (൨൩)

അന്യോന്യമാഹവവിധിക്കു തുണച്ചിടേണ-
മെന്നങ്ങുടമ്പടി നടത്തി, നിരുദ്ധമാകും
മദ്രാസൊഴിഞ്ഞിഹ കൊടുത്തഥ ഹൈദരാലി
മാനിച്ചു തൻപുരിയിലേയ്ക്കുടനേ മടങ്ങി. (൨൪)

പാരം തളർന്ന നിജസൈന്യമൊടേയവൻ തൻ-
ശ്രീരംഗപട്ടണമണഞ്ഞിടവേ ജവേന
മാരാഷ്ട്രസൈന്യമൊടു മാധവരായപേഷ്വാ
നേരിട്ടണഞ്ഞമിതരോഷമിയന്നെതിർത്തു. (൧൯)

ചുററും വളഞ്ഞു വിട്ടതം സഹസാ പരന്നോ-
ട്ടുററം കലർന്ന ഹയസേനകൾ കൊണ്ടു വീരൻ
ആലിക്കെഴും പുരവരങ്ങൾ പിടിച്ചു, ദാശൻ
ജാലങ്ങൾ കൊണ്ടു പൃഥുരോമഗണങ്ങളെപ്പോൽ. (൨൦)

സന്ധിപ്രകാരമുടനാംഗലവീരരോടു
സാഹ്യത്തെയാലി വഴിപോലെയപേക്ഷചെയ്തു;
എന്നാലുമീ വലിയ ദുഃഖമതിൽ സഹായ-
ത്തിന്നായവർക്കു മതിസമ്മതി വന്നതില്ല. (൨൧)

രാജ്യാംശമേകി രിപുവോടിഹ സന്ധി ചെയ്താ-
നുജ്ജ്വസ്വലത്വമിയലുന്നൊരു ഹൈദരാലി;
പിന്നീടവൻ പഴുതു നോക്കി നശിച്ച ഭൂമി-
യെന്നല്ല മററവനിഭാഗമതും പിടിച്ചു. (൨൨)

പെട്ടെന്നചിന്തിതമുദിച്ചൊരു പേഷ്വഹത്യാ-
കഷ്ടം നിമിത്തമധികാകുലമായ രാജ്യം
നേരാക്കുവാൻ തുനിയവേയരിയെത്തടുപ്പാൻ
മാരാഷ്ട്രലോകരതുകാലമശക്തരായി. (൨൩)

പിന്നീടുദിച്ച നവപേഷ്വകചണ്ഡധാമാ
മന്ദാഭനായഹിഭയാതിശയം നിമിത്തം ;
നീചഗ്രഹത്വമിയലുന്നൊരു ഹൈദരപ്പോ-
ളാത്മീയമണ്ഡലവിലാസമലം കലർന്നു. (൨൪)

പേഷ്വാവെതിർത്തളവുടമ്പടി പോലെ സാഹ്യം
പ്രാർത്ഥിച്ചതാംഗലർ വെടിഞ്ഞതിനാൽ നികാമം
ദ്വേഷ്യത്വമായവരിൽ വെച്ചു നിജാന്തരംഗേ
രോഷം വഹിച്ചു സുതരാമഥ ഹൈദരാലി. (൨൫)

സൂര്യപ്രതാപമധികം ഗ്രഹണാവസാനേ
വർദ്ധിക്കവേ ദിവാകരോപലമെന്നവണ്ണം
വീര്യം നിജം വളരവേയവനുള്ളിലുള്ള
വൈരാഗ്നിയും തെളിവിയന്നു പടർന്നു കത്തി. (൨൯)

മൂലസ്ഥിരീകൃതി, ബലാവലിശിക്ഷ, കോശ-
ജാലാഭിവൃദ്ധി, ജനാഗമിവറെറയാൻ്റ
സാലം കിടങ്ങു മുതലായവ പൂർത്തനാക്കി-
ക്കാലം വരുന്നതിനവൻ ബത ! കാത്തിരുന്നു. (൩൦)

അന്നാളിലാണു രഘുനായകരായപക്ഷം
ചേർന്നാംഗലേയരിഹ മുൻപുചെയ്തവണ്ണം
രാഷ്ട്രാഗമഗ്രഹമുയർന്നു മുതിർന്നു മാഹാ-
രാഷ്ട്രാവനീശരൊടെതിർത്തതു ചീർത്ത രോഷാൽ. (൩൧)

അമേരികത്തിലുദിതം കലിചണ്ഡവാത-
ഗാംഗ്ലേയരും ബത ! പരാങ്കികളും സമാനം
ഓരോ യശത്തിഹ സഹായതയന്നു മൂലം
ആരോപചണ്ഡമതിനേയുമിളക്കിയപ്പോൾ. (൩൨)

ശ്രീരംഗപീഠശിഖരസ്ഥിതനായൊരാലി-
യാകുന്ന വൻകഴകനപ്പൊഴതേറെ നാളായ്
കാമിച്ചൊരാമിഷമെടുപ്പതിനുള്ള കാലം
കൈവന്നിതെന്നു കരുതിക്കുതുകം കലർന്നു. (൩൩)

വൈരം പരാങ്കികളിലന്ന്, വർത്തൻനവീന-
ശ്രേണീപുരത്തെ വിരവോടുടനേ പിടിച്ചു.
മദ്രാധിപൻ തദനു മയ്യഴിയാം തദീയ-
മേകാവശിഷ്ടമിഹ ദുർഗ്ഗവുമാക്രമിച്ചു. (൩൪)

ചൊൽക്കൊണ്ട മയ്യഴിയതാം മഹിയന്നു പോരിൽ
സാമൂർദ്ദ്രുപനൊടു ഹൈദരനായ വീരൻ
കൈക്കൊണ്ട പശ്ചിമസമുദ്രതടസ്ഥയായ
ഭൂവിൻെറ മധ്യഗതമാം പുരമായിരുന്നു. (൩൫)

സ്വായത്തഭൂമിയുടെ മധ്യഗമാം പുരത്തിൽ
സ്വാജ്ഞാവിഹീനമൊരുവൻ ഗതനായതോർത്താൽ
ആക്ഷേപമാണിഹ തനിക്കതു നൂനമെന്നു
വീക്ഷിച്ചുടൻ കുപിതനായിതു ഹൈദരാലി. (൩൩)

യുദ്ധാശയാന്നിടുമവൻെറയുഗ്രകോപം
മദ്ദേശസാമവിധിയാലതിയായ് വളർന്നു;
ദീപം കെടുപ്പതിനു ശക്തി കലർന്ന വാതം
ദാവാനലന്നതിബലത്തെ വളർത്തുമല്ലോ. (൩൪)

നൈസാമഭൂപതിയൊടും ശിശുഭാഷപാക്ഷ്യ-
നാണാദ്യരോടുമഥ സന്ധിയുടൻ നടത്തി
ഇൻഡ്യാതലം ബത! നിരാംഗലമാക്കുവാനായ്
വാഞ്ഛിച്ചു വൻപടയൊടായവനും തിരിച്ചു. (൩൫)

ഓരായിരത്തിഴെഴുനൂറുമൊരെൺപതും ചേ-
ന്നോരാണ്ടിലുഗ്രതരമായ നിദാഘകാലേ
ഘോരായുധൈരുഘധരരാമുപലക്ഷയോധ-
ന്മാരാന്ന സൈന്യമതു സാംഗമുത്തരിച്ചു. (൩൬)

ഗർവ്വം വളർന്നഥ മഹാബലമാക്രമിച്ചു
സർവ്വസ്വവും ബത! മുതിർന്നു കവർന്നു നേരം
കർണ്ണാടകാവനിയുഴന്നു മഹമ്മദാലി-
തന്മാനസത്തൊടതിചഞ്ചലമായ് ഭവിച്ചു. (൩൭)

ആംഗ്ലേയവീരർ നിജശസ്ത്രശതങ്ങൾ കൊണ്ടു
ഭംഗം വരാതെ പണിചെയ്തു രചിച്ചു കാമം
നാഭാവപീഠമതിൽ വെച്ചൊരു പാവയാമിബ്-
ഭുജാനി മദ്ദേവതയോടറിയിച്ചിതെല്ലാം. (൩൮)

വൃത്തം ശ്രവിച്ചൊരളവിങ്കലുമേഷ മുഗ്ധൻ
ശ്രദ്ധിച്ചതില്ല രിപു ചേഷ്ടിതമന്നു തെല്ലും;
മൂർദ്ധാവിൽ നല്ല വടി കൊണ്ടടി കൊണ്ടിടുമ്പോൾ
മാത്രം ഗ്രഹിക്കുമതിമൂഢജനം യഥാർത്ഥം. (൩൯)

'കള്ളം പുലമ്പിടുകയാണിവ, നെൻെറ സാമം
കൊള്ളുന്നതായിവരു'മെന്നൊരബദ്ധബോധം
ഉള്ളത്തിലാന്നലസനായിഹ മദ്രനാഥൻ
തള്ളിദ്ദിനങ്ങളഥ മൌനമൊടേ വസിച്ചു. (൯൦)

അന്നാളിലന്നിരൃതികോണിലുയൎന്ന ധൂളി-
വൃന്ദാതിധൂമ്രത കലൎന്നൊരു ധൂമജാലം
മിന്നുന്ന സന്ധ്യയിലെഴും നവനീലമേഘ-
ത്തിന്നുള്ള കാന്തിയൊടു ശത്രുവിലാസമോതി. (൯൧)

ക്രോധിച്ചു ഹൈദരുമണഞ്ഞു മഹമ്മദാലി-
ഗേഹങ്ങൾ തോറുമിഹ ഭൂരിധനം ഹരിച്ചു
ശേഷിച്ചതൊക്കെ വിരവോടഥ ഭസ്മമാക്കി-
ത്തോഷിച്ചു കാഞ്ചിപുരസീമവരെ ഗ്രമിച്ചു. (൯൨)

ഒട്ടേറെ നാളലസനായൊരു മദ്രനാഥൻ
മട്ടേവമോൎത്തു മതി കെട്ടിഹ മാന്ദ്യമെല്ലാം
വിട്ടന്നു വൈരിനികരത്തെയെതിൎപ്പതിന്നായ്
പെട്ടെന്നു വേണ്ട വിധമുദ്യതനായ് ഭവിച്ചു. (൯൩)

ബ്രിട്ടീഷുയുദ്ധജയവിശ്രുതനായ് വിളങ്ങും
മദ്രാസിലുള്ള ബലനായകനായ മണ്ട്രോ
അയ്യായിരം ഭടരൊടൊത്തഥ സന്ത്രഹാരം
ചെയ്യാനരാതിനികടത്തിലുടൻ തിരിച്ചു (൯൪)

രണ്ടായിരം ഭടരരീവ വിശാരദന്മാ-
രുണ്ടായിരുന്ന ബലമേറിയൊരന്യസൈന്യം
കണ്ടേതരം സപദി ബേലിയുമായ് ഗമിച്ചു
ഗുണ്ടൂർപുരത്തിനുപകണ്ടുമണഞ്ഞു വാണു. (൯൫)

മണ്ട്രോവിനോടഥ സമാഗമനത്തിനായ്ത്തൻ-
സൈന്യങ്ങളെസ്സപദി ബേലി തിരിച്ചു വിട്ടു;
മണ്ട്രോവുമപ്പൊഴിവനോടു സമാഗമിപ്പാൻ
വാഞ്ഛിച്ചു കാഞ്ചിനഗരത്തിനു നേൎക്കണഞ്ഞു. (൯൬)

അന്യോന്യസംഗമണവാൻ തുനിയുന്ന രണ്ടു
സൈന്യങ്ങളേയുമഥ ഹൈദരതീവധീരൻ
വേറാക്കിനാനുട,നവഗ്രഹചക്രവാതം
ചേരുന്ന രണ്ടസിതവാരിധരങ്ങളെപ്പോൽ. (൭൯)

പെട്ടെന്നു പദ്ധതിയിൽ വെച്ചുഹിതാക്രമത്തിൽ
പെട്ടന്നു ബേലി പരമാകുലനായ് ചമഞ്ഞു;
തിട്ടം നിജാഗ്രകരമെത്തുമിടത്തു ദിഷ്ട്യാ
കിട്ടുന്ന കേസരിയെയും കരി വെല്ലുമല്ലോ. (൮൭)

സൈന്യങ്ങൾ ഭാണ്ഡമിവയോടുടനേ പിടിച്ചി-
ട്ടുന്നങ്ങു ഖിന്നമതി ബേലിയെ ഹസ്തപാദം
ചിന്നുന്ന ഗവ്മൊടു കെട്ടി മുദാ സ്വഗേഹ-
ത്തിന്നുന്നതാജ്ഞയൊടയച്ചിതു ഹൈദരാലി. (൮൯)

അപ്പാളിലൂരിലുളവാകിയ ഭംഗമേവ-
മുൽപന്നഖേദമഥ കേട്ടു തളർന്നു മണ്ഡ്യാ
അപ്പോൾ സമീപഗതനെങ്കിലുമാലിതന്നോ-
ടേൽപ്പാനധൈര്യമൊടു ഹന്ത! മടങ്ങി വേഗാൽ. (൯൦)

ശ്രീരംഗനാഥനുമുടൻ നിജനവ്യജൈത്ര-
ശ്രീരംഗമായ് വിലസുമന്നഗരത്തിൽ നിന്നും
പാരം കുതൂഹലമിയന്നണിയിച്ച ദന്തി-
വീരൻകലേറി വിരവോടഥ യാത്ര ചെയ്തു. (൯൧)

ഇൻഡ്യാതലത്തിലധികാരഭരം ലഭിച്ച
വൈദേശികാംഗലവണിക്പ്രകരത്തിനോർത്താൽ
ഉണ്ടായതില്ലിതിനു മുൻപൊരുനാളുമേററ-
മിണ്ടൽപ്പെടുന്നതിനു തക്ക വിപത്തിവന്നു. (൯൨)

ഒന്നായനേകമതിഘോരമനർത്ഥജാലം
വന്നായവർക്കധികദുസ്സഹതാപമേകി;
എന്നാലുമായളവിൽ വാരണനീതരായി-
ട്ടോരോന്നിനേയുമവർ തന്മതിയാൽ തടുത്തു. (൯൩)

വീരൻ വിദേന്ദ്രപനുത്തരഭാഗത്തിൽ
ചേരാൻ ഭോസലകുലാംബുധിചന്ദ്രനന്നാൾ
നേരിട്ടു വാഗമഹി കൈവശമാക്കുവാനായ്
പോരിട്ടിടുന്നതിനു സന്നാഹനം തുടൻ. (൪൪)

പേഷ്വാവിൽ മൈത്രിയൊടണഞ്ഞൊരു സിന്ധ്യയാദ്യ-
ന്മാരോടു ഭാരതമഹീതലമധ്യഭാഗേ
മുൻപേ തുടങ്ങിയ രണം ജയസംശയത്തോ-
ടന്നും കഠോരതരമായി നടന്നിരുന്നു. (൪൫)

തെക്കുള്ളൊരിൻഡ്യയതിലും ബലിയായ ബേലി
ബന്ധത്തിലായ്, ഭയമിയന്നു മടങ്ങി മണ്ട്രോ;
ഇത്ഥം വിപത്തണകയാലഥ മിക്കവാറും
കർണ്ണാടകം പ്രബലവൈരികരസ്ഥമായി. (൪൬)

ആപാദചൂഡശിഥിലീകൃതമെങ്കിലും തസ്-
ഭൂഭാഗമൊക്കെയിഹ ദിക്കിനെയന്നപോലെ
ധീരാശയക്കു മണിയാകിയ വാരണാഖ്യൻ
വീരൻ ഭരിച്ചു നിജഹസ്തബലത്തിനാലേ. (൪൭)

ആംഗ്ലേയസൈന്യമൊടു കൂപ്പൽവഴിക്കു ധീരൻ
ക്രൂടാഖ്യനേയുമുടനേ, കരമാർഗമായി
തദ്ദേശ്യരായ ഭടവീരരൊടന്യനേയും
കർണ്ണാടരക്ഷയതിനായവനന്നയച്ചു. (൪൮)

രണ്ടാമനത്ര പടുവാകിയ പീരസാഖ്യൻ
വൈദർഭസീമയതിലെത്തുവതിന്നു മുൻപേ
തദ്ദേശനാഥനെ മഹാമതി വാരണാഖ്യൻ
സ്വാധീനനെന്നു നിലയിങ്കൽ നയിച്ചിരുന്നു. (൪൯)

ഹസ്റ്റിംഗഹസ്തമതിൽ നിന്നു പൊഴിഞ്ഞനായോ-
ത്തുത്തുംഗഹേമമഴയാൽ നിജവൈഭവാകും
കത്തും ദവാഗ്നി വിരമിച്ചു വിദർഭഭൂ-
ത്തെത്തുന്ന പീരസനെയന്നെതിരേററു മോദാൽ. (൫൦)

ശണ്ഠയ്ക്കു വംഗരൊടു, ഭംഗിയിലന്നൊരുക്കീ-
ട്ടുണ്ടായിരുന്ന ഹയസേനയിൽ നിന്നമന്ദം
രണ്ടായിരം ഭടരിയന്നൊരു സൈന്യഭാഗം
കൊണ്ടാടി നൽകി നൃവരൻ നവബന്ധുവിന്നായ്. (൯൫)

ധാരാവിലാസമിയലുന്നൊരു സൈന്ധവൌഘം
ധാരാമുമക്ഷിതിഭൃദീശനിൽ നിന്നുമാൻ്ന
പേരാണ്ട വാഹിനി തെളിഞ്ഞു മദിച്ചു പൂർവ്വ-
വാരാശിവേലയതിലേയ്ക്കുടനേ ഗമിച്ചു. (൯൬)

ക്രൂടൻ കടൽക്കരയടുത്തിഹ തീരവാത-
ത്തോടൊത്തു പായുമൊരു കപ്പലിലൂടെ വേഗാൽ
മദ്രാസിലെത്തി വിജയോദ്ധതനായ് വസിക്കും
പ്രദ്വേഷിതൻെറ നിലയത്തിനടൻ തിരിച്ചു. (൯൭)

മുന്നം ഇസിയ്ക്കുപജയത്തെ വരുത്തി വൈരി-
വൃന്ദം ഹരിച്ചു പുരമാകിയ വന്ദിവാസം
സന്നദ്ധനായിവനണഞ്ഞു രണം വിനാ തൻ-
സാന്നിദ്ധ്യമാത്രമതു കൊണ്ടിഹ വീണ്ടെടുത്തു. (൯൮)

മററുള്ള ശത്രുഹൃതമായ പുരൌഘവും താൻ
തെററെന്നു ശോഭനയശസ്സൊടു വീണ്ടെടുത്തു
പെട്ടെന്നെതിർത്തിടുവതിന്നരിതന്നെ മുന്നിൽ
കിട്ടുഞ്ഞു ഖേദമൊടുടൻ കഡലൂരിലെത്തി. (൯൯)

തീരസ്ഥമാമിഹ പുരേ ജലമാർഗമായി-
ട്ടോരോരാ പദാർത്ഥനിര കിട്ടുവതിന്നെളുപ്പം
ഉണ്ടെന്നു കണ്ടതിനു വിഘ്നമണയ്ക്കുവാനായ്
മാർഗം തടുത്തഥ വസിച്ചിതു ഹൈദരാലി. (൧൦൦)

നേല്ലൊരു ദിക്കിലമർ ചെയ്യതിനുള്ള ശക്തി-
യെല്ലാം വഹിച്ചുരി വസിക്കിലുമിന്നു കാമം
മല്ലടുവാനവസരം മമ ലബ്ധമായെ'—
ന്നുസമോടുടനെതിർപ്പതിനെത്തി ക്രൂടൻ. (൧൦൧)

ഏതും ജയം രിപുവിനേകരുതെന്നു ചിന്തി-
ച്ചാതുംഗരോഷമവർ ചെയ്തൊരു സംപ്രഹാരം
ഭീ തിങ്ങിടും വിധമഹോ! ബഹുസാഹസിക്യ-
ശ്രീ തങ്ങിയങ്ങു നിലനിന്നിതു രണ്ടു യാമം. (൯൮)

അത്ഭുതണഞ്ഞു രിപുവിൻെറ, ശിലാദൃഢത്വം
തഞ്ചുന്നൊരക്കടകമുൽക്കടനായ കൂടൻ
ക്രൌഞ്ചാദ്രിതൻെറ, ഗ്രഹനെന്നതുപോൽ, പിളർന്നാൻ
ചഞ്ചന്മഹാസ്രുതതിയാലതിവീര്യമോടേ. (൯൯)

മാറീടുകില്ല രണഭൂമിയിൽ നിന്നു ഞാനെ-
ന്നേറുന്ന വാശിയൊടു മേവിന ഹൈദരാലി
പേടിച്ചുഴന്നു ചിതറും നിജസൈന്യമോടു
കൂടിച്ചലിച്ചു പിറകിൽ ബഹളത്തോടോടി. (൧൦)

അന്നോരമാശ്രു നടകൊണ്ടതിളാരമാർഗം
പിന്നിട്ടു സൈന്യമൊടു പീരസനായ വീരൻ
മിന്നും ജയപ്രഭ കലർന്നമരുന്ന കൂടൻ-
തന്നന്തികത്തിലിഹ വന്നതിമോദമാർന്നു. (൧൧)

പേടിച്ചു മണ്ടിയൊരു ഹൈദർ വഴിക്കുവെച്ചു
സാഹ്യം ലഭിച്ചുഥ പരാങ്കിഗണത്തിൽ നിന്നും
ചിക്കെന്നു സന്നിഹിതമാകിയ പാളിലൂരി-
ലക്ഷൌഹിണിപ്പട കഠോരമൊരുക്കി വീണ്ടും. (൧൨)

ചോയാണ്ടിൽ മാസമിതിലിട്ടിവസത്തിലുണ്ടായ്
മായം വിനാ വീജയമീ രണഭൂമിയിങ്കൽ,
അക്കാലദേശപരിമേളനമിന്നുമേകം
നിസ്സംശയം വിജയ'മെന്നവനോർത്തു മൂഢൻ. (൧൩)

ചെന്നങ്ങു കൂടനഥ സേനയൊടാശു, മുന്നം
യാദൃച്ഛികാപജയമാർന്നൊരു ബേലിതൻെറ
സൈന്യാസ്ഥികൂടമെഴുമീ രണഭൂമി കണ്ടി-
ട്ടുന്നമ്രകോപരഭസാകുലനായ് ഭവിച്ചു. (൧൪)

ഉണ്ടായി വാശി സമരത്തിലതീവ ഘോരം
രണ്ടാളുകൾക്കു ;— മിഹ കാരണമോർത്തു കണ്ടാൽ
ഏകന്നു ഭംഗഭവജാല്യനിവൃത്തി വാഞ്ഛ;—
യന്യന്നഹോ! വിജയയോഗവിചാരധൈര്യം. (൭൪)

തങ്ങൾക്കു താൻ വിജയലക്ഷ്മിയധീനയാണെ-
ന്നങ്ങുള്ളതിലിരുകൂട്ടരുമോർക്കുമാറായ്
അത്യന്തവീര്യവശയാമവളത്ര കാമം
മധ്യസ്ഥയെന്ന നില തന്നെ വഹിച്ചിതന്നാൾ. (൭൫)

കാളുന്ന വൈരമൊടു വീണ്ടുമണഞ്ഞു കൂടൻ
ഷോളിംഗർതന്നിലഥ യുദ്ധമഹോ! നടത്തി;
കോളിങ്ങു തൊറി നിജസേനയിൽ മിക്കവാറു-
മാളും നശിച്ചു ജിതനായിതു ഹൈദരാലി. (൭൬)

തമ്മിൽ കലന്ന വഴിപോലെ തിമിർത്തിടാതെ
പാഴിൽ പ്രഭഞ്ജനവശങ്ങൾ ചെലങ്ങൾ രണ്ടും
ലോകം തപിപ്പതിനലഞ്ഞിതു വർഷിയാത്ത
കാർകൊണ്ടൽ പോലെ ദിവി വേനൽ മുതിർന്നിടുന്നാൾ. (൭൭)

മുഷ്കേറുമായവർ കടന്നു നടന്നു നീളേ
ദുർഗ്ഗം തകർക്കു, കലഹിക്കു, ഹരിക്കു വിത്തം,
ചിക്കെന്നു നാടുകൾ പിടിക്കയിവണ്ണമോരോ
ദുഷ്കർമ്മജാലമിഹ തോന്നിയപോൽ നടത്തി. (൭൮)

കണ്ണാടകോർവിയിലിവണ്ണമുദിച്ചു ശണ്ഠ
വന്നാക്രമിച്ചു മലയാളവുമഗ്രമായി;
അന്നാജികൌതുകമിയന്നൊരു ടിപ്പുവീര-
നാംഗ്ലേയരോടിവിടെവെച്ചു നടത്തി യുദ്ധം. (൭൯)

ഉണ്ടായതില്ലൊരുവനും വിജയം വിശേഷി-
ച്ചുണ്ടായതില്ലിഹ പരാജയവും തദാനീം ;
ഉണ്ടായൊരാൾക്കധികസേനകളെന്നുവന്നാ-
ലുണ്ടായിതന്യനതിയാകിയ വീര്യഭാരം. (൮൦)

ബ്ലേതൈ്വതനാംഗലചമൂപതി ഡച്ചുകാർതൻ-
നാഗാഖ്യപട്ടണമടക്കി മടങ്ങിടുമ്പോൾ
കാവേരിതൻകരയിൽവെച്ചുവനെത്തടുത്തു
തോല്പിച്ചിതുഗ്രബലനാകിയ ടിപ്പുവീരൻ. (വ്വ)

ചേണാന്ന ടിപ്പുബലമന്നു കടന്നു ശീഷ-
ശ്രേണീപുരം വളയവേയതിനെ ക്ഷണത്തിൽ
ബോംബായിൽ നിന്നണയുമാംഗല വീരനന്യ-
നോടിച്ചു ഭാണ്ഡവിവധങ്ങളെയും ഹരിച്ചു. (വ്വ)

പേരാളമിസ്സമരമിങ്ങനെ നിന്നിടുമ്പോൾ
മാരാഷ്ടരോടിഹ നടന്നു യഥോക്തസഖ്യം ;
ചൊൽക്കൊണ്ട ഹൈദരെയടക്കുവതിന്നു ചേഷ്ട-
വക്ഷ്യക്ക സമ്മതിയുദിച്ചതതിങ്കലത്രേ. (വ്വ)

ബോധിച്ചു ദോഷകരമീ വിവരം തദാനീം
ചേദി'ച്ചടങ്ങിടുകയാണിനി നല്ലതെ'ന്നായ്
ഉന്നഹിച്ചു വൃദ്ധനവനത്ര പരാങ്കിവാക്കാൽ
മോഹിച്ചു വീണ്ടുമഥ യുദ്ധമഹോ! നടത്തി. (വ്വ)

മിണ്ടാതടങ്ങി മരുവേണ്ട വയസ്സിലേവം
വേണ്ടാത്ത ദിക്കിൽ നവമായ് വിജയാശയാലേ
ഉണ്ടായി നീണ്ടു നിലനിന്നൊരിവന്റെ യത്നം
കൊണ്ടാടിയില്ല ലവലേശവുമന്നു ദൈവം. (വ്വ)

എണ്ണത്തുരണ്ടിഹ വയസ്സു നടന്നിടുന്നി-
തെന്നാലുമസ്രുകലയിൽ ബഹുസക്തനാകും
ശൂരാഗ്രിമൻ നരവരൻ ശിബിരസ്ഥനായ്ത്താൻ
പേരാന്ന ഭൂതലനിവാസമഹോ! വെടിഞ്ഞു. (വ്വ)

ഉന്നതവീര്യമെഴുമെത്ര വിദേശജന്മാർ
വന്നിങ്ങു കാട്ടിയതിയാകിയ സാഹസിക്യം!
എന്നാലുമുഗ്രതരഹൈദരവീര്യഭാര-
മന്യാദൃശം നിയതമെന്നതു സിദ്ധമല്ലോ. (വ്വ)

ഉണ്ടായതങ്ങൊരു ദരിദ്രകുലത്തിലത്രേ ;
തീണ്ടില വിദ്യ ; ശ്രുതവൃത്തിയുമില്ല തെല്ലും ;
കുണ്ഠേതരം മഹിതപൌരുഷമൊന്നു മാത്രം
കൊണ്ടാണവൻ നരവരാസനമാന്നതോത്താൽ. (വ്വൻ)

ദാരിദ്ര്യമോടിഹ ജനിച്ചു: മരിച്ചു താതൻ
ബാല്യത്തിൽ: മാതുലനെടുത്തു മുദാ വളർത്തി:
പിന്നെ ക്രമേണ ഭടനായ് ഭടനാഥനായി—
ഖ്ഭ്രപാലനായൊടുവിലാന്നിതു നാകലോകം. (ൻ0)

സ്വാരാജ്യം ജനകൻ ഗമിച്ച വിവരം കേട്ടന്നു ടിപ്പുപാഖ്യനാം
വീരൻ കേരളയുദ്ധരംഗമതിൽ നിന്നുത്തുംഗവേഗത്തൊടേ
ശ്രീരംഗത്തിലണഞ്ഞു, മന്ത്രികൾ തെളിഞ്ഞപ്പിച്ചിടും രാജ്യവും
ധീരാഗ്ര്യൻ സമരാധികാരധുരയും ചെമ്മേ ഗ്രഹിച്ചീടിനാൻ.
(ൻ്ര)

ദൈവ്യന്മാരൊടുസംഗരംവെടികയാലാത്മീയസംഘത്തിൽ നി-
ന്നപ്പോളപ്രിയരായ് പരാങ്കികൾ പരാവത്തിച്ചു പാർത്തിടവേ
ഉൾപ്പൂവിൽ പരിതാപമാന്നു പൊഴുതും കെല്ലിൽ ചിരാരബ്ധമാ—
മപ്പോരിങ്കൽ മടുപ്പു ടിപ്പുവിനുദിച്ചില്ലങ്ങു തെല്ലെങ്കിലും. (ൻവ)

മദ്രാധിപൻ തദനു മൂഢതയാലകാലോ-
ന്നിദ്രാണസാദ്ധ്വസമിരന്നിതു ഹന്ത ! സഖ്യം ;
ഹൃദ്രാജിതോത്തമദമേഷ നിജാന്തകമ്പാ-
മുദ്രാഭിമാനമൊടതിന്നനുവാദമേകി. (ൻന)

പോരിട്ടെടുത്ത മഹിയന്നിരുകൂട്ടരും താൻ
നേരിട്ടടൻ തിരിയെ നൽകണമെന്നു തമ്മിൽ
സഖ്യം കഴിച്ചുഥ നിജം നിലയം ജയശ്രീ
കൈക്കൊണ്ടു ടിപ്പുവുമണഞ്ഞു സുഖം വസിച്ചു. (ൻരു)

"മഹീശ്വരചരിതം" എന്ന
പത്താം സർഗം
സമാപ്തം.

പതിനൊന്നാം സർഗ്ഗം.

അഥ പുനരധിഭൂത്താ വാരണൻ ഭൂരികാൎയ്യ-
പ്രഥിതഗുരുതയേറും സ്വാധികാരം വെടിഞ്ഞു
ചിരവിരഹിതരാകും ബാന്ധവന്മാരെഴും തൻ-
പുരവരമതിലേയ്ക്കായ് വിശ്രമാൎത്ഥം ഗമിച്ചു. (൧)

അവിടെയുമതിവേലം ഭൂരികൃത്യശ്രമം താ-
നവനഥ വിധിയോഗാൽ വീണ്ടുമുണ്ടായി കഷ്ടം ! ;
അവരവരുടെ കൎമ്മത്തിൻവിപാകങ്ങളെല്ലാ-
മവരവരെയണഞ്ഞീടാതെ പോകുന്നതുണ്ടോ? (൨)

അവനിവിടെ നടത്തീട്ടുള്ള നന്ദാത്മജൻതൻ-
പ്രമഥന, മതിഘോരം ഷൂജശ്രദ്ധാന്തരോധം,
അവികലമഥ കാശിക്ഷോണിഭൃൽക്കശ്നം താ-
നിതി ബത ! പല കാൎയ്യം വിസ്തരിക്കേണ്ടിവന്നു. (൩)

പല വിധമപരാധം ചെയ്തുവെന്നാലുമെല്ലാം
നലമൊടു നയമെന്നായ് തീൎച്ചയുണ്ടായൊടുക്കം;
അവനഥ ബഹുമാനസ്ഥാനമായ്ത്താൻ നയിച്ചാ-
നതിസുഖമിഹ ദീൎഘം ജീവകാലാവശേഷം, (൪)

നരവരസചിവന്മാർ തത്ര പീടപ്രണീതം
കരണമതുകണക്കേ യന്ത്രണാസ്ഥാനിയിങ്കൽ
കതുകമൊടഥ ചേൎന്നക്കാൎണ്ണവാലിസ്തനെ-
പ്രഥയെഴുമധിഭൂത്താവായുടൻ നിശ്ചയിച്ചു. (൫)

പ്രഭുവിവനതിദക്ഷൻ നീതിശാസ്ത്രപ്രവീണൻ
പ്രഥിതചരിതരമ്യൻ ശ്രേഷ്ഠവംശപ്രസൂതൻ
പ്രബലതയൊടു തൻകൽ ചേൎത്തോരിൻഡ്യാധികാരം
പ്രമുദിതമതിയാൎന്നാനബ്ദമെൺപത്തൊരാറിൽ. (൬)

പടുതരമതി പീടൻ നിർണ്ണയിച്ചുള്ള ചട്ടം
വടിവൊടിവിടെ രക്ഷിച്ചീടുവാനായ്ത്തുടങ്ങും
ഇവനെയധികകാലം തോക്കെടുക്കാതെ വാണി-
ടുവതിനനുവദിച്ചില്ലുഗ്രനാം ടിപ്പുവീരൻ. (൭)

അവനിവരൊടു, മുൻപേ ചൊന്നപോൽ, മംഗലാഖ്യം
പുരവരമതിൽവെച്ചുസ്സന്ധി ചെയ്തിട്ടു വേഗാൽ
നിജനിലയനമെത്തിട്ടിഗ്ജയം ചെയ്യുതിന്നായ്
ദശവദനസമാനൻ വേണ്ട സന്നാഹമാൻ. (൮)

നിജവശഗതമായീടുന്ന രാജ്യത്തിലെല്ലാം
നിജമതമുടനിസ്ലാമാഹ്വയം താൻ ബലത്താൽ
പരിചിനൊടു പരത്തീട്ടക്കറാനിൽ പറഞ്ഞു-
ള്ളൊരു പരഗതി നേടാനായവൻ നിശ്ചയിച്ചു. (൯)

ഇഹ നിജമതതത്ത്വത്തിങ്കലത്യന്തമേറും
ബഹുമതിഭവജാഡ്യം ഹേതുവായിത്തുലുക്കർ
അഹഹ! വിമതരെത്തൻയുക്തിവാദങ്ങൾ കൊണ്ടു-
ല്ലഹിസമകരവാളം കൊണ്ടു ഖണ്ഡിച്ചിടുന്നു. (൧൦)

ഭുവനമിതിനു കർത്താവേകനുണ്ടീശനെന്നോ
പറകയവനെയല്ലാവെന്നു താൻ ക്രിസ്തുവെന്നോ;
വിവിധമവനെയാരാധിക്കയും ചെയ്ക;- യെന്നാ-
ലിവയവനൊരു ഭേദം ചെറുമേ ചെയ്യുതുണ്ടോ? (൧൧)

ഒരുവനു പല നാമം ചൊൽകവേയൊന്നിലേക-
ന്നഭിരുചിയുളവായാലായതിന്നെന്തു മെച്ചം?
നിയതമൊരു പദാർത്ഥത്തിൻെറ നാമങ്ങളാകും
ഘടകുടകലശങ്ങൾക്കില്ല ഭേദം ജഗത്തിൽ. (൧൨)

ഇതു ഹൃദി കരുതീടാതെത്ര സത്തുക്കൾ പോലും
മതഭവമഭിമാനം കൊണ്ടു മോഹിച്ചിടുന്നു!
സ്ഫുടതരമതിനാലേ, താതനെക്കാൾ മഹത്ത്വം
പെടുകിലുമടിയോടേ കെട്ടുപോയ് ടിപ്പുവീരൻ. (൧൩)

ശഠമതിയവനാദ്യം പശ്ചിമാബ്ധിക്കെഴും നൽ-
ത്തടമതിലതികീർത്ത്യാ കൊങ്കണത്തിന്നമേററം
വിരുതൊടു മലയാളത്തിന്നുമിങ്ങന്തരാളേ
വിലസിന മഹിയാകും കാനറായാക്രമിച്ചു. (ക്ര)

അവിടെയതിനു മുൻപിൽ പോർട്ടുഗല്ധർമ്മഭൂത-
പ്രവരസമുപദേശം കൊണ്ടു കൃസ്തീയമാർഗ്ഗം
പരിചിലനുസരിച്ചുള്ളായിരം മുപ്പതാളെ
സ്വമതമനുസരിപ്പിച്ചാനിവൻ സാഹസത്താൽ. (ക്ഉ)

അവനഥ നിജരാജ്യത്തിന്നു തെക്കുന്നതാഭം
നവനവവനശൈലശ്രേണിസംപ്രേക്ഷണീയം
വിലസിന കുടകാഖ്യം രാജ്യമത്യുജ്ജിതശ്രീ-
നിലയനബലശാലീ ഘോഷമോടേ ഗമിച്ചു. (ക്ന)

ബലമതി മതവിശ്വാസാന്തകൻ ടിപ്പുവേവം
ബലമൊടണവതേററം ഘോരമായ് കണ്ട നേരം
ജനതതി വനശൈലാഗാരഗൂഢാന്തരാള-
ങ്ങളിലതിഭയമോടേ പാഞ്ഞു പാരാതൊളിച്ചു. (ക്ഒ)

അവിടവിടെയുടൻ തൻസേനയെ ത്താനയച്ചി-
ട്ടവരെയനുഗമിച്ചക്കാനനാന്തങ്ങളെല്ലാം
അവനഹഹ! നിരോധിച്ചീടിനാൻ, ശ്വാക്കളോടൊ-
ത്തൊരു മൃഗവധലുബ്ധൻ ലുബ്ധകേശൻ കണക്കേ. (ഖ്വ)

അബാലകാം പുരുഷന്മാരെന്ന ഭേദം നിനയ്ക്കാ-
തരിശമൊടു കടന്നിട്ടുഗ്രനാബാലവൃദ്ധം
എഴുപതു ഗുണമുള്ളോരായിരം പേരെ വദ്ധി-
ച്ചെഴുമതിമദമോടേ ഹന്ത! ബന്ധിച്ചിതന്നാം. (ഗ്ൻ)

പടുമതി, പല വർണ്ണം ചേർന്നൊരീ രാശിതന്നെ
സ്ഫുടമിഹ, ദൃഢഘാതം കൊണ്ടു പക്ഷം ചുരുക്കി,
ക്രിയകളെ നിജശാസ്ത്രം പോലെ ചെയ്തിട്ടു, നൽകി-
സ്സ്വയമിവനപവൃത്താവസ്ഥ, സാമ്യം നയിച്ചു. (ഗ്ം)

അഥ ബഹുജനമയ്യോ! വണ്ഡനം മുണ്ഡനം താ-
നിതി പല മതഭേദാവശ്യകൃത്യങ്ങളാലേ
അദയമനുഭവിപ്പിച്ചുള്ള കാഠിന്യമേറും
വ്യഥയൊടുമരാലോകം തന്നെ ശീഘ്രം ഗമിച്ചു. (൨൧)

അവനതിസുകൃതത്തിന്നന്നഹോ! പാത്രമായാ-
നവരുടെ മതമിസ്ലാം ചൊന്ന മാർഗ്ഗം നിനച്ചാൽ;
സുകൃതമരുളിടുന്നോരത്ഥവാദം ജനത്തിൻ-
നിഹതിയുമതികഷ്ടം! പുണ്യമെന്നോതിടുന്നു. (൨൨)

അധികശഠനപൂർവ്വക്ഷോണിപാലാംഗഭൂവാ-
മവനു സഹജമാകും ഗർവ്വമിട്ടിഗ്ജയത്താൽ
അനുപദമതിവേലം ഹന്ത! വർദ്ധിച്ചു വർദ്ധി-
ച്ചനുപമിതമനർത്ഥത്തിന്നു താൻ ഹേതുവായി. (൨൩)

സ്ഫുടമവനഥ സുൽത്താനെന്നു വിഖ്യാതമാകും
കൊടിയ വിരുതു സിദ്ധിച്ചെങ്കിലും തൃപ്തിയെന്യേ
അതുവരെ മുഗൾവംശോൽഭൂതർ മാത്രം വഹിച്ചു-
ള്ളൊരു വിരുതുമെടുത്താൻ ബാദഷാഹാഭിധാനം. (൨൪)

നരവധമനുവേലം നിർദയം നീലഭൂഭൃൽ-
പരിസരമതിൽ നിന്നും ചാടിവീണാചരിക്കും
അരചനവനു 'മൈസൂർ വ്യാഘ്ര'മെന്നുള്ളതല്ലാ-
തൊരു വിരുതു പൊറുത്തില്ലത്ര മാലോകർ പിന്നെ. (൨൫)

ഇവനെ യുധി ജയിച്ചീടുന്നതിന്നന്നു നൈസാ-
മവനിപനൊടു സഖ്യം വേണ്ടുവണ്ണം നടത്തി
ബലമുടയ മഹാരാഷ്ട്രേശരപ്പുണ്ണവീശൻ-
തുണയൊടു ഗതരായെന്നാകിലും ഹന്ത! തോററാർ. (൨൬)

സ്ഫുടമിഹ രണഖേദം പൂണ്ടഹോ! തുംഗഭദ്രാ-
തടിനിയുടയ തെക്കേട്ടിക്കിനുള്ളാധിപത്യം
അവരതിപരുഷാത്മാവായ സുൽത്താൻ വഹിക്കു-
ന്നതിനുമനുവദിച്ചാരന്നു കൈവന്ന ഭീത്യാ. (൨൭)

അഭിനവവിജയശ്രീതൻെറയാലിംഗനത്താ-
ലനുപദമതിഗർവ്വം പൂണ്ട നിസ്സാരബുദ്ധി
അവനഥ നിജമാകും ഭൂരിമാഹാത്മ്യമോർത്തി-
ട്ടവതരപുരുഷൻ താനെന്നു നിശ്ശങ്കമോതി. (൨൭)

ശമനസഹജനായ് ത്താനപ്പുരീവർത്തമാന്നി-
ട്ടമരുമധികപാപൻ ടിപ്പുവിൻഘോരദൃഷ്ടി
അനുപദമിഹ മന്ദൻതൻെറയെന്നോണമന്നാ-
ളനുപമരുചി തേടും കേരളത്തിൽ പതിച്ചു. (൨൮)

അഥ പുനരവനുച്ചൈസ്സൈന്യമോടാഗമിക്കു-
ന്നളവിലശുചിലോകസ്പൃശ്ദോഷത്തെയോർത്തു
അവനിയിതു ഗമിച്ചാൾ പാംസുവെന്നുള്ള കള്ള-
ത്തൊടു സുരനദിയിൽ പോയ് മുങ്ങുവാനങ്ങു നൂനം. (൨൯)

അബലകൾ പുരുഷന്മാരെന്നു തന്നല്ല പാരം
പ്രബലഭയമൊടോരോ ദേവതാവൃന്ദവും ഹാ!
നിജവിഭവമശേഷം സത്വരം സന്ത്യജിച്ചി-
ട്ടവരവരുടെ ഗേഹം വിട്ടു മണ്ടിത്തുടങ്ങി. (൩൦)

പ്രജകൾ, പരിവൃഢന്മാർ, കോലപട്ടാദിവംശ-
പ്രഭവനരവരന്മാർ, ഭൂസുരന്മാരിവർണ്ണം
പലരുമരിഭയത്താലന്നു സർവ്വസ്വവും വി-
ട്ടിഹ ശരണമണഞ്ഞാർ വഞ്ചിരാജോപകണ്ഠം. (൩൧)

"ഇഹ ബത! ഭഗവാൻ ശ്രീപത്മനാഭൻ തുണയ്ക്കും
നഹി ഭയ" മിതി വഞ്ചിക്ഷ്മാവരൻ ധീരശാന്തൻ
അതുളിയവരെയെല്ലാം നവ്യഗേഹങ്ങളിൽത്താ-
നരുതരമുപചാരം ചെയ്തു പാർപ്പിച്ചു മോദാൽ. (൩൨)

പടുതരമതി സുൽത്താൻ പാരമീർഷ്യാഭരത്താൽ
പടയൊടതികഠോരം പാഞ്ഞടുക്കുന്നനേരം
കടകളിഹ മുടങ്ങീ നായകന്മാർ നടുങ്ങീ
സ്ഫുടഭയമിടതിങ്ങീ ലോകരോടിത്തുടങ്ങീ. (൩൩)

വിരുതൊടൊരുകരത്തിൽ കൃഷ്ണസർപ്പം കണക്കേ
വിലസുമസിയിളക്കീട്ടന്യമാകും കരത്താൽ
ത്വരയൊടു പശുമാംസം നൽകിയസ്സൈന്യജാലം
പെരുകിന മദമോടേ വീടുതോറും നടന്നു. (൯൫)

" ഇതരമതമണഞ്ഞിട്ടത്ര പാതിത്യമേൽക്ക-
ന്നതിലുമിഹ വരം താൻ കാലധർമ്മം നിതാന്തം "
ഇതി മതിയൊടനിത്യം ജീവിതം, നിത്യകീർത്തി-
സ്ഥിതി കരുതി വെടിഞ്ഞോരൊട്ടു ചേരസ്ത്രശങ്കം. (൯൬)

" അഖിലമിഹ കളഞ്ഞും രക്ഷ്യമായുള്ളതാത്മാ "-
വിതി ഭയമൊടു ചിന്തിച്ചാത്മബോധപ്രമാദാൽ
ചിലർ സപദി മതത്തെത്യജിക്കയെന്നേ വെടിഞ്ഞി-
ട്ടവനടയ മതത്തിൽ ചേർന്നു രക്ഷിച്ചു ദേഹം. (൯൭)

ചിലരിഹ ചതിയന്മാർ ദേഹവും സ്വീയമാകും
മതവുമഭിലഷിച്ചിട്ടന്നു വായ്ക്കൊണ്ടു മാംസം
ഛലമൊടഥ വെടിഞ്ഞാർ; തന്നിമിത്തം ത്രിശങ്കു-
സ്ഥിതിയതിചപലന്മാർ ഹന്ത! കൈക്കൊണ്ടുവല്ലോ. (൯൮)

അഥ ബത! മലബാറിൻപാലകൻ ശൈലസിന്ധു-
ക്ഷിതിപതി വലുതാമിസ്സങ്കടേ തൻകുടുംബം
പരമകൃപയെഴും ശ്രീവഞ്ചിഭൂവാസവർകൽ
പരിചിനൊടു സമർപ്പിച്ചഞ്ജസാ കാടുകേറി. (൯൯)

പ്രതിഹതമതി സുൽത്താൻ വഞ്ചിഭൂപന്റെ ധർമ്മ-
പ്രകടനമിതിലേററം ദ്വേഷരോഷാന്ധനായാൻ;
സ്ഫുടമൊരു കടുവാ താനാഗ്രഹിച്ചോരു മാംസം
ഹരിണമപഹരിച്ചാൽ സന്ത്യജിക്കെന്നതുണ്ടോ? (൧൦০)

അവനഥ വിവശന്മാർക്കാശ്രയീഭൂതനാമീ
യവനിപനെയിളക്കീടുന്നതിന്നുദ്യമിച്ചു;
ജലമതിൽ നിപതിക്കുന്നോർക്കു കൈ നൽകുവോനും
ചില പൊഴുതു പതിക്കാനാഞ്ഞുവെന്നായ്ഭവിക്കാം. (൧൧)

അവനുടെ സഖിയാകും മാടഭൂപാലകൻതൻ-
നാവനിയണവതിന്നുള്ളോരു മാർഗ്ഗം തടുക്കും
അഭിനവമൊരു ദുർഗ്ഗം വഞ്ചിഭൂപൻ ചമച്ചാൻ
സ്വമഹിയുടെ വടക്കേസ്സീമതന്നിൽ തദാനീം. (൧൨)

നരവരനിഹ മാടക്ഷോണിയിൽ ചേർന്നതാകും
വരണയുഗവുമന്നാൾ ഡച്ചുകാരോടു വാങ്ങീ;
അവനുടനവ രണ്ടും യുദ്ധഹേതുക്കളാക്കീ-
ട്ടഥ സപദി തിരിച്ചാൻ വഞ്ചിഭൂവിങ്കലേയ്ക്കായ്. (൧൩)

നൃപതിയിഹ തന്നാൽ സേവ്യമാനൻ മുകുന്ദൻ-
തിരുവടി കുലദൈവത്തിൻെറയും ബന്ധുവാകും
പ്രബലതയെഴുമാംഗ്ലേശൻെറയും ശത്രുവീര്യ-
പ്രമഥനപടു ചക്രം താൻ സഹായം നിനച്ചു. (൧൪)

അഥ നിജമഹിയെ ശ്രീപത്മനാഭൻകലർപ്പി-
ച്ചവനിപതിയവൻതൻദാസഭാവം വഹിച്ചു;
മഹിതമതി സുഹൃത്താം മദ്രഭൂപാവിനോടീ-
യഹിതകഥ നിവേദിപ്പിക്കയും ചെയ്തു ധീമാൻ. (൧൫)

അവികലതരമേവം ദൈവികം മാനവീയം
ദ്വിവിധമഥിച യത്നം ഭൂഭരതം നടത്തി
പ്രബലതയൊടണഞ്ഞിടുന്ന നൈഷ്ഠുര്യമേറും
പ്രതിഭടനെയെതിർപ്പാൻ പ്രേഷണംചെയ്തു സൈന്യം. (൧൬)

അരിപടകളുമപ്പോളാക്കമോടേ നടന്നി-
ട്ടുരുകുതുകമൊടേതദ്രാജ്യസീമാവിലെത്തി
സ്ഫുടമിഹ കൊടി തൂക്കിസ്സാലമൂലത്തിലത്ത്വൽ-
ക്കടുരഭസമടിച്ചാർ പാളയം നീളവേ താൻ. (൧൭)

പരിഖയഥ കടന്നിട്ടെത്രയും ക്രുദ്ധരായോ-
രരികളധികവേഗാൽ സാലശൃംഗങ്ങളേറി;
പരിചിനൊടൊരു പാർശ്വത്തിങ്കൽ നിന്നത്ര വഞ്ചീ-
ശ്വരഭടർ വെടിവെച്ചാർ മൂന്നു നാലെണ്ണമപ്പോൾ. (൧൮)

ബലവിരഹിതമാണെന്നാകിലും പാഞ്ഞു ചെല്ലും
നളികഗുളികയാലേ ഭീതമായ് വൈരിസൈന്യം;
ദ്വിപതതി വിപിനാന്തേ വ്യാധബാലപ്രയുക്താ
ചപലമുപലഖണ്ഡാ കണ്ടു ചേടിക്കുമല്ലോ. (൭൯)

എവിടെയമിതവീര്യം ചേർന്ന തൌലുഷ്കരോത്താ-
ലെവിടെ നൃപതിഭൃത്യന്മാരഹോ! ദുർബ്ബലന്മാർ?;
ഇവരുടെ ഗുളികാസ്ത്രങ്ങൾക്കു നൂനം മുകുന്ദൻ
കൃപയൊടു നിജചക്രത്തിൻെറ സാന്നിദ്ധ്യമേകി. (൮൦)

നരവാകുലദൈവത്തിൻെറ സംപ്രീതിയാലോ
പെരിയൊരു മലയാളത്തിൻെറ ഭാഗ്യത്തിനാലോ
പരമിഹ ഭടവൃന്ദത്തിൻെറ വീര്യത്തിനാലോ
ദുരിതമൊടു മണ്ടീ ടിപ്പുസൈന്യങ്ങളെല്ലാം. (൮൧)

പരിഖയതു കടന്നീടുമ്പൊഴും കോട്ട കൈവി-
ട്ടുരുജവമൊടിറങ്ങീടുമ്പൊഴോടുമ്പൊഴും ഹാ:
തെരുതെരെ വെടിയേററീ ടിപ്പുസൈന്യങ്ങളപ്പോൾ
കരിയിലകൾ കണക്കേ വീഥിതോറും പതിച്ചു. (൮൨)

ശിരസി ചെറിയ വട്ടത്തൊപ്പിയും, നാഭിദേശം
വരെയവിരളമെത്തും മീശയും, കാൽവരെയ്ക്കും
ഉരസിടുമൊരുടുപ്പും ചേർന്ന ദേഹങ്ങളാൽ ഭൂ-
പരിസരമവിടത്തിൽ സാന്ദ്രമാച്ഛന്നമായി. (൮൩)

തെരുതെരെ നിജസൈന്യം തത്രപേടിച്ചുമണ്ടി-
സ്സുരഭസമഥ തമ്മിൽത്തിങ്ങി വിങ്ങിപ്പുരങ്ങും
പരിഖയുടെ തടത്തിൽ പങ്കമധ്യത്തു സുൽത്താൻ
പരിഭവമൊടു പല്ലക്കത്തിൽ നിന്നും പതിച്ചു. (൮൪)

ചരിവിലിഹ ചാൽക്കല്ലിങ്കലേയ്ക്കുങ്ങുരുണ്ടി-
ട്ടവനടെയുടലെല്ലാം ഹന്ത! പാരം തകർന്നു;
ഉരുമദമൊടു പാരം വിഗ്രഹധ്വംസനം ചെ-
യ്തൊരു ചാണവുമെന്നെന്നേയ്ക്കുമായിട്ടൊടിഞ്ഞു. (൮൫)

അവരുടെ മണിഭൂഷാസ്വർണ്ണദുർവ്വർണ്ണമുഖ്യം
വിവിധവിഭവജാതം വീവധാഢ്യം പദാർത്ഥം
അഥ നരവരചിഹ്നം നാമമുദ്രാങ്കഖഡ്ഗാ-
ദികവുമവിടെ നിന്നും വഞ്ചിയോദ്ധാക്കളാൻ. (൫൯)

ഗളിതനിതി മഹാത്മാ വഞ്ചിഭൂജാനി മൈസൂ-
രെഴമൊരു കടുവാതൻവക്ത്രഗർത്തിൽ നിന്നും
തെളിവൊടു വിജയശ്രീയോടു സഖ്യം വാഹിക്കും
സുഭഗതരയശശ്ശ്രീ പൂണ്ടു പാരം വിളങ്ങി. (൬൦)

അതിരുജയൊടു സുൽത്താൻ ഭൃത്യഹസ്താവലംബീ
പതിതഭടർ കിടന്നീടുന്ന മാർഗ്ഗത്തിലൂടെ
രുധിരമുടലിലെല്ലാം പൂണ്ടു പാരം മുടന്തീ-
ട്ടഥ നികടഗമാകും പാളയത്തിൽ ഗമിച്ചു. (൬൧)

പടനിലയനമേവം പ്രാപ്തവാനായി വഞ്ചി-
ക്ഷിതിപതിയുടെ ദുർഗ്ഗംതന്നിൽ നിന്നാശു സുൽത്താൻ,
രുജയൊടു ഹതശൃംഗൻ കാളയക്കഷ്കൻതൻ-
വിളനിലമതിൽ നിന്നും ഗോഷ്ഠദേശം കണക്കേ, (൬൨)

ഭടജനഹതിയാലോ സ്വാംഗഭംഗത്തിനാലോ
സ്ഫുടധനഹൃതിയാലോ സന്തപിച്ചില്ല സുൽത്താൻ;
തൃണസമനിതി ചിന്തിച്ചോരമിത്രൻകൽ നിന്നു-
ള്ളപജയമിതപൂർവ്വം പാർത്തു താനാർത്തനായാൻ. (൬൩)

അവനടയ ശരീരത്തിങ്കലുണ്ടായ നാനാ-
വ്രണമചിരമുണങ്ങിപ്പോയിതെന്നാലുമുള്ളിൽ
സ്ഫുടതരമുളവായോരപ്രിയാകാരമാകും
വ്രണമനുദിനമേററം വീർത്തു താനാർത്തി നൽകി. (൬൪)

ഖലനഥ നിജമാകും വാഹനാശ്വത്തെ വഞ്ചീ-
ശ്വരകുലപരദൈവാംഭോജനാഭാലയത്തിൽ
വിലസിന കനകശ്രീകേതുവിൽ കെട്ടിടുന്നു-
ണ്ടിതി ഖത! ശപഥം ചെയ്തീടിനാൻ ഗർവ്വമോടേ. (൬൫

അഥ കുപിതനവൻ തൻസേനയോടാത്തണഞ്ഞ-
പ്പുഥി വിലസിന ദുർഗ്ഗം ദുർഗ്ഗമം ഭഗ്നമാക്കി
പ്രളയപവനവേഗം പൂണ്ട കല്ലോലജാല-
ങ്ങളൊടു കടൽ തടത്തിൽ ചേർന്ന ശൈലത്തിനെപ്പോൽ (നൗ)

അധികമുയരമുള്ളക്കോട്ടയെല്ലാമിടിച്ചി-
ട്ടഥ ബഹുതരമാഴം കൊണ്ടു ദുഷ്പ്രാപമാകും
അരചനുടെ കിടങ്ങിൽ ചേർത്തു ധീരൻ നിരത്തി-
ച്ചുരിശമൊടു സമത്വം ഭൂതലത്തിന്നു നൽകി. (നുഒ)

അഥ ദിശിദിശി പാരം പൊങ്ങിയോരുഗ്രഗന്ധാ-
ന്വിതമിഹ പടുസിദ്ധാരൂഢാജ്ജ്വലൽസൈന്ധവോത്ഥം
പൊടി ഖത! രിപുബാഹാകണ്ഡുവെത്തീർത്തു, നേരി-
ട്ടവനുടനണയുമ്പോളുശ്വിമാഹാത്മ്യയുക്തൻ. (നുദ)

അതിഖലനിഹ സുൽത്താൻ കണ്ട വസ്തുക്കളേയും
നരതതികളെയും ഹാ! നിർദയം സംഹരിച്ചു
പ്രളയമതിലെഴുന്നോരുഗ്രനാമുഗ്രനെപ്പോൽ
പ്രതിഭയബലശാലീ വന്നിതന്നാലുവായിൽ. (നുന)

അവനിയതിലെഴും തൻശത്രുജാലം തകർത്തി-
ട്ടണയുമവനെയപ്പോളന്തരിക്ഷത്തിൽ നിന്നും
അതിരഭസമുദിച്ചീടുന്ന വർഷർത്തുവായോ-
രപരനഹിതവീരൻ വന്നു പെട്ടെന്നെതിർത്തു. (നുഒ)

ഗഗനതലമതിങ്കൽ സ്ഫീതമാം വാതചക്രം
മികവിനൊടണിയായിച്ചൂഴവും ചേർത്തതാകാ
ജലധരനളികൌഘത്തിങ്കൽ നിന്നാശു വർഷോ-
പലഗുളികകളേററം ഘോരമായിച്ചൊരിഞ്ഞു. (നുവ)

ഋതുവിഹ പരിഗർജ്ജിക്കാതെയും ചഞ്ചലത്വം
കലരുമരിയ തേജസ്സുദ്വമിക്കാതെയും താൻ
അവനുടെ ഭടകൃത്യം നിന്ദചെയ്യുന്നപോല-
ന്നവനിയെയുദകത്തിൽ സ്നാനമാടിച്ചു ജോഷം (നുൻ)

ജനമതിനതിതാപം സന്തതം ഹന്ത! നൽകും
ദിനമണിയുടെയെന്നല്ലായവൻേറയുമുഗ്രം
അഴകൊഴുകിടുമുദ്യദ്ഗണ്ഡമാം മണ്ഡലാഗ്രം
മഴയഥ ഘനകോശത്തിന്നകത്താക്കിവെച്ചു. (൧൦)

ഉഡുപതരണിയാനം ഭൂവിഭാഗത്തിലെന്യേ
ദിവി പുനരൊരിടത്തും കണ്ടിടാതുള്ള മട്ടിൽ
കൊടിയ മഴയപൂർവ്വം കണ്ടുടൻ ടിപ്പുസൈന്യം
ഭയത്തരളതയോടേ വിസ്മയിച്ചുൻപരന്നു. (൧൧)

ജലമതിൽ മുഴുകീടും പാളയത്തിന്നു ചുററും
ബലമൊടവിടെ നാട്ടീട്ടുള്ളൊരക്കുററി പോലും
അവനുടെ ഹയബന്ധം സമ്മതിച്ചില്ല; ശൌരി-
ക്കുടയ കൊടിമരത്തിൻവാൎത്ത പിന്നെന്തു ചൊൽവൂ? (൧൨)

വിധുരഹൃദയനാകും വഞ്ചിഭൂവാസവൻതൻ-
ലിഖിതമിഹ ലഭിച്ചോരാംഗലേശൻ മഹാത്മാ
നിജസഖനൊടെതിൎക്കും ടിപ്പുവാം പൂർവ്വശത്രു-
പ്രവരനെയഥ നേപ്പാൻ വേണ്ട സന്നാഹമാൎന്നു. (൧൩)

ശൂരൻ ഹൈദരപുത്രനും പരിചിനോടാംഗ്ലേയർ ചെയ്തുന്നൊരീ-
യാരംഭത്തെയറിഞ്ഞു കോപവുമലം മന്ദാക്ഷമുൽകണ്ഠയും
ഏറുന്നോരനുതാപവും വ്യസനവും കൈക്കൊണ്ടു തൻഗേഹമാം
ശ്രീരംഗത്തിനു തന്നെ വിഹ്വലതരം വേഗാൽ മടങ്ങീടിനാൻ.

"ടിപ്പുവധപ്ലവം"

എന്ന

പതിനൊന്നാം സൎഗ്ഗം

സമാപ്തം.

പന്ത്രണ്ടാം സർഗ്ഗം.

കുലശേഖരഭൂപലേഖനാം ക-
ണ്ടളവമ്മഭൂസദസ്യരത്തരോഷം
നലമോടുടനേ മുതിന്നരിശ്രീ-
ബലസംഹാരവിധിക്കു കോപ്പുകൂട്ടി. (൧)

ഇഹ പുണ്യകഹൈഹൈഭൂമിപന്മാർ
മഹിതശ്രീയുതരെങ്കിലും, ബലത്താൽ
ഉയരുന്നൊരു ടിപ്പുവിങ്കൽ നിന്നും
ഭയമോടന്നവശത്വമാർന്നിരുന്നു. (൨)

അവനോടു രണത്തിനാംഗലേശൻ
തുനിയുന്നെന്നവർ കേട്ടു, വീട്ടിൽ വാഴും
അഹിവീരനെയാശു പാന്ഥനെക്കൊ-
ണ്ടഥ കൊല്ലിക്കണമെന്നു നിർണ്ണയിച്ചു. (൩)

ഇഹ സത്വതമോയുഗം രജസ്സോ-
ടണയുംപോലിരുഭൂപരും തദാനീം
സ്ഫുടവിഗ്രഹകർമ്മസിദ്ധി കാമി-
ച്ചുടനേയാംഗലനാഥനോടു ചേർന്നു. (൪)

അഥ സന്നഹനം നടന്നിടുമ്പോൾ
മതിമാൻ കാരണവാലിസാഖ്യഭൃത്യാ
പ്രകൃതം സമരം നടത്തുവാനായ്
പ്രബലൻ മദ്രപുരത്തിൽ വന്നുചേർന്നു. (൫)

അഥ വത്സരമൊന്നു ചേർന്ന തെണ്ണൂ-
റതിലക്കേ ജ്ജ്വലമാം ഹിമത്തുവിങ്കൽ
പടുസാദിപദാതിരമ്യമിംഗ്ലീഷ്-
പടഘോരം പടവെട്ടുവാൻ തിരിച്ചു. (൬)

അതിപേശലയാനകൌശലത്താ-
ലതിലംഘിച്ചു ജവേന ദീർഘമാർഗ്ഗം
ധൃതിയാൽ ബലത്തൊടാംഗലേശൻ
പ്രതിരോധിച്ചിതു ബംഗളൂർ തദാനീം. (൭)

അരിയേതുമറിഞ്ഞിടാതെയേതൽ-
പുരിയീവണ്ണമണഞ്ഞു കൈക്കലാക്കി
അതിവേഗമവൻ ധനോജ്ജ്വല,– ശ്രീ-
യുതാംഗോത്തരഗോപുരത്തിലെത്തി. (൮)

അതു കേട്ടിഹ ടിപ്പുവും സപത്നാ-
ഗതി രോധിപ്പതിനാശു ചെയ്തു യത്നം
അഥ നിഷ്ഫലമെന്നു കണ്ടു പോരി-
ന്നുപകാവേരി ധരാധരാഗ്രമാൽ. (൯)

ഉടനാംഗലനാഥനദ്ധ്യമധ്യേ-
യിടചേർന്നുള്ളൊരു മിത്രസൈന്യമോടേ
അരിപത്തനസന്നികൃഷ്ടമായീ-
ടിന കാവേരിയതിൻസമീപമെത്തി. (൧൦)

തദനന്തരമാംഗലേയർ പാരം
സമരം ചെയ്തു തുലുഷ്കരോടു ഘോരം
പ്ലവഗാധിപർ പണ്ടു രാക്ഷസന്മാ-
രൊടു ലങ്കാനഗരത്തിലെന്നപോലെ. (൧൧)

ഇരുകക്ഷികളും മുതിർന്നു ഗാഢം
പൊരുതാർ മത്സരമോടു ദീർഘകാലം;
ധൃതിയാലവിചാല്യമൊന്നു, മറേറ-
തവിടെ സ്ഥാനബലത്തിനാലലംഘ്യം. (൧൨)

രണനൈപുണമുള്ളൊരാംഗലന്മാ-
രണു പോലും പിറകോട്ടു മാറിയില്ലാ;
ഹൃദി ഭീതിയൊടേ തുലുഷ്കർ മന്ദം
ധൃതി കൈവിട്ടു തുടങ്ങി സംഗരത്തിൽ. (൧൩)

ഉരുപത്തികളാന്നൊരാംഗ്ലസൈന്യേ
വരികില്ലോക്കിൽ വിപത്തിചഞ്ചലത്വം;
ഇഹ സാദികളേവരും തദാനീം
സഹസാടസാദികളായതത്ഭുതം താൻ ! (൧൪)

ബലമോടു കടന്നുടൻ പരൻതൻ-
ബലവിന്യാസമിളക്കിയാംഗലൈന്യം,
തടസംസ്ഥിതമായ പർവതത്തിൻ-
തടഭാഗം ജലവേഗമെന്നപോലെ. (൧൫)

ഹതശേഷസമാകുലസ്വസൈന്യാ-
യുതനായോടിയുടൻ തുലുഷ്കനാഥൻ
നികടസ്ഥിതമൂലരാജധാനി-
ക്കകമേയുള്ളൊരു കോട്ടയിൽ ഗമിച്ചു. (൧൬)

പിറകേയണവാൻ കൊതിക്കിലും ദുർ-
ഘടമപ്പോൾ നിജവീവധൈന്യകാശ്യം
നിരുപിച്ചു മടങ്ങിയാംഗലേന്ദ്രൻ
വിജയശ്രീയൊടു ബംഗളൂരിലെത്തി. (൧൭)

അവനപ്പൊഴകാലലാഭശോച്യം
വിവധാസ്ത്രാദികമാന്ന സൈന്യമോടേ
അണയുന്ന മഹോപസ്കൃഷ്ടരാഷ്ട്രാ-
ന്നപയസേനാനിയെ മാർഗ്ഗസീമ്നി കണ്ടു. (൧൮)

അരിദുർഗ്ഗമനേകമൌത്തരാഹാ
പൊടിയാക്കാനിവനാന്തേ വിളംബം ;
സമയത്തിവനെത്തിയെങ്കിലന്നീ
വിമതൻതൻകഥ തീരുമായിരുന്നു. (൧൯)

തൃണലോഷ്ടചയം മുതൽക്കനഘ്നം
മണിജാലം വരെയും കവർന്നു കാമം
അണയുന്ന സുഹൃത്തിൽ നിന്നു ഭൂരി-
പ്രണയം ദൈവ്യവരൻ സുഭിക്ഷമാന്നു. (൨൦)

അഥ പേഷ്വകളുത്തർ ചൊന്ന ഭംഗാ-
ഖ്യഭിധം ധാന്യവണിഗ്ഗണത്തിൽ നിന്നും
പല വസ്തുവയം വിലയ്ക്കു വാങ്ങി-
ബ്ബലജാലത്തിനെഴുന്നൊരാടൽ തീർത്തു. (൨൧)

ബലമിങ്ങനെ പുഷ്ടമായ പോതും
മികവേറും മതിശാലിയാംഗലേശൻ
മഴവേളയടുക്കയാൽ തുനിഞ്ഞി-
ല്ലരിതൻമൂലപുരേ പുരോധനാർത്ഥം. (൨൨)

പഴതായി നയിച്ചുമില്ല ചെറവും
ധൃതിമാൻ ദുർദിനദീർഘമായ കാലം ;
അരി വൈരമൊടേ വസിച്ചിടുമ്പോ-
ളലസത്വം നിപുണന്നുടിപ്പതുണ്ടോ ? (൨൩)

അരിസേനകളെത്തുരത്തി വേഗാൽ
മലയാളം കടകെന്നിവററിൽ നിന്നും
ബലമോടണയുന്നൊരാംഖർകോംബ്ബാ-
ഹ്വയനാം ഭൃത്യനുമത്ര വന്നുചേർന്നു. (൨൪)

ഇതി സംഗതരായ് ഭവിച്ച മിത്ര-
ദ്വയഭൃത്യാമിതസൈനികക്കമന്ദാം
മഹിശൂരഗദുർഗ്ഗജാലരോധം
സഹസാ ചെയ്യുതിനാജ്ഞ നൽകി വീരൻ. (൨൫)

പുനരാംഗലസേന ചെന്നു, ത്രുക്കേ-
യുയരം പാരമെഴും മലയ്ക്കു മേലിൽ
ശിലയാൽ കൃതസാലമായ നന്ദി-
പ്രമുഖം ദുർഗ്ഗപുരം പിടിച്ചടക്കി. (൨൬)

ദൃഢഗുപ്തികളാൽ ദുരാപമാണെ-
ന്നതിവിഖ്യാതി കലർന്ന ദുർഗ്ഗജാലം
പരിചോടു പിടിക്കയാലവർക്കു-
ള്ളുതകീർത്തിക്കൊരു മാററു കൂടിയന്നാൾ. (൨൭)

ജളനായഥ ടിപ്പുവാത്മദുർഗ്ഗ-
ങ്ങളിലാംഗ്ലേയർ മടിച്ചു വെച്ച പാദം,
വിലസുന്ന കിരീടമാന്നിടും തൻ-
തലയിൽ തന്നെ പതിച്ചതായ് നിനച്ചു. (൨൭)

പുരഭിത്തിയിലാംഗ്ലദൂഷകം ചേ-
ത്തൊരു ചിത്രങ്ങളഴിക്കുവാൻ പുരാതാൻ
അരുളീടിന ടിപ്പുവിൻ ഭയത്തി-
ന്നരുവായിട്ടുളവായി മൂർച്ഛയിപ്പോൾ. (൨൮)

ഇവനുള്ളിലനല്പഭീതി നൽകും
പ്രബലൻ വൈപ്ലവബലേന്ദ്രനും രണാർത്ഥം
ശുഭമാം സമയേ ഗമിച്ചു ധീമാൻ
നൃപധാനിക്കു സമീപമെത്തി വേഗാൽ. (൨൯)

അഥ ഗുപ്തിയെഴും പുരത്തിനഗ്ര
നിജസൈന്യത്തെനയിച്ചു ടിപ്പുവീരൻ
ചെറുകുന്നുകളാൽ മറഞ്ഞൊരഗ്രം
കലരും ഭൂമിതലേ നിരത്തി നിർത്തി. (൩൦)

ദൃഢമിങ്ങനെ നിന്ന ഘോരസേനാ-
പലത്തെ സ്ഫുടമാക്രമിപ്പതിന്നായ്
ഇഹ കാരണവാലിസാഖ്യനല്ലാ-
തൊരു വീരന്നുമുദിക്കയില്ല ധൈര്യം. (൩൧)

പടുധീരമവൻ ഹഠേന മൈസൂർ-
കടുവാതൻകുടിയിൽ കഠോരവീര്യൻ
ചൊടി പൂണ്ടു കടന്നു തന്നെ ഗർവ്വ-
ത്തൊടു നായാടുവതിന്നുടൻ തുടങ്ങി. (൩൨)

അധിഭൂതഭൂതാ തദാംഗ്ലസേനാ
കുതുകാൽ മൂന്നു വഴിക്കു ചെന്നണഞ്ഞു
രണഭൂമിതലം, ഭഗീരഥോർവ്വ-
പതിനീതാ സുരനദീസുവാഴിയെപ്പോൽ. (൩൩)

ശശിരശ്മിസഹായമാന്മന്ദം
നിശി നിശ്ശബ്ദതരം നടന്നു സൈന്യം
നദി നേർവഴിയേ കടന്നു ചെന്ന-
ങ്ങുദയത്തിന്നഥ പുക്കു സാലമൂലം. (൯൪)

അരി മൂലപുരത്തെയാക്രമിച്ചു;
പുരവാസിവ്രജമൻപരന്നു മണ്ടീ;
മമ സൈന്യമനാഥ;—മിപ്പൊഴുണ്ടാം
സകലോൻമൂലനമെന്നു ടിപ്പുവോർത്തു. (൯൫)

അഥ പൂർണ്ണയമുഖ്യമന്ത്രിമാരോ-
ടവനാലോചന ചെയ്തു, രക്ഷ തേടാൻ
കൊതി പൂണ്ടരിവീരരോടു സന്ധി-
ക്കതിമാത്രം വിനയം കലർന്നിരന്നു. (൯൬)

ഇഹ ബന്ധനമോചിതാംഗ്ലബന്ദീ-
യുഗളത്തോടഥ ഘോഷമാലിയാകം
നിജഭൃത്യനെ വിട്ടു സന്ധികാംക്ഷം
പറവാനായവനാശു ദൈന്യമോടേ. (൯൭)

ബഹുവന്ദിവധാപരാധവാനെ-
ങ്കിലുമീ വൈരിയിരന്നു ചൊന്ന സഖ്യം
അഥ കാരണവാലിസൻ ഗ്രഹിച്ചാൻ;
മഹിതന്മാരവശക്തി വശ്യരല്ലോ. (൯൮)

നിജരാജ്യമതിൻെറ പാതി, കോടി-
ത്രയവും മുപ്പതു ലക്ഷവും തഥൈവ
രജതങ്ങളുമത്ര മിത്രവാനാം
വിജയിക്കായ് വിജിതൻ കൊടുത്തിടേണം; (൯൯)

ഇതശേഷവുമേകുവോളവും തൽ-
സുതയുഗ്മം ജയിയോടു മേവിടേണം:
ഇതി ദാരുണമായ സന്ധിയേതും
ക്ഷതയെന്നോ സഭയിങ്കൽ നിശ്ചയിച്ചു. (യുഗ്മകം) (൧൦൦)

ഗതി കെട്ടവശത്വമാൻ്നവെന്നാൽ
പുലി താൻ പുല്ലുമൊരിക്കലാസ്വദിക്കും
ഇതി ലോകവചസ്സു സത്യമാമ്മാ-
റതു കൈക്കൊണ്ടിതു ഹൈദരാത്മജന്മാ. (൯൨)

പ്രണയാകുലനായ് വലഞ്ഞു സുൽത്താൻ
വണയം നൽകിയ തൽകുമാരകന്മാർ
തുണ വിട്ടു കരിഞ്ഞ വക്ത്രമോടേ
പുനരാംഗ്ലേയനിവേശമാഗമിച്ചു. (൯൩)

കരുണാകുലനാംഗലേശനപ്പോ-
ളവരെച്ചെന്നെതിരേററു വേണ്ടവണ്ണം,
നരപാലസുതോചിതങ്ങളായോ-
രുപചാരങ്ങളുമൻപിനോടു ചെയ്തു. (൯൪)

വലുതായ സഹായമൊന്നുമന്നാൾ
സഖിമാരാലുളവായതില്ല പോരിൽ;
അവനെങ്കിലുമായവക്കു തുല്യം
ജയലബ്ധം വിഭവം പകുത്തു നൽകി. (൯൫)

അഥ വേഷപ്രപന്ന തുംഗഭദ്രാ-
നദിയോളം ധരണീതലം ലഭിച്ചു;
ഇഹ ദക്ഷിണദിക്കിലുള്ള പിന്നാർ
വരെ നൈസാമനുപന്നമപ്രകാരം. (൯൬)

പരമുത്തരകേരളപ്രദേശം
പരിചിൽ ബ്രഹ്മഫലത്തെയും തദാനീം
പൃഥുകീർത്തിയൊടാംഗലെഘനാഥൻ
പ്രഥിതം ഡിണ്ഡിഗലും ലഭിച്ചുവല്ലോ. (൯൭)

ഇതി, സന്ധിയതിൻ കരാറു, തൊണ്ണൂ-
റൊടു രണ്ടാന്നിടുമാണ്ടിൽ മാർച്ചുമാസേ
പതിനെട്ടു തികഞ്ഞിടുന്ന നാൾ, തീ-
ർത്ഥപ്രവംഗത്തിനു വാലിസൻ ഗമിച്ചു. (൯൮)

അഥ രാജ്യമൊരാണ്ടു മാത്രമേ യീ-
യധിഭർത്താവു ഭരിച്ചതുള്ളൂ ;—വെന്നാൽ
അതിനുള്ളിലിവൻ മുതിൻ്ന നാനാ-
വിധതന്ത്രങ്ങളലം പരിഷ്കരിച്ചു. (൭൮)

നരപാലകർ പണ്ടു ഭൂമിയെല്ലാം
നിജമാകും ധനമെന്നു താൻ ഗണിച്ചു
അധികാരികൾ നൽകിടുന്നൊരുവി-
കരജാലത്തെ മുഴോ ഗ്രഹിച്ചുവന്നു. (൭൯)

അധികാരമതും പരംപരാപ്തം
പല മാർഗങ്ങളിലും ക്രമാൽ പടൻ്ന
വിനിയന്ത്രണഹീനമായ മൂലം
ബഹുദോഷങ്ങളതിങ്കലുത്ഭവിച്ചു. (൮൦)

അധികാഢ്യത പൂണ്ടശേഷമായോ-
രധികാരത്തെയിവണ്ണമാൻ്നവൻ താൻ
പൃഥിവീപതിയെന്നു ലോകരെല്ലാ-
മഥ ചിന്തിച്ചു തുടങ്ങി കേതിപൂർവ്വം. (൮൧)

മകുടം കട ചാമരങ്ങളെന്നീ
വക കൈക്കൊണ്ടു ഞെളിഞ്ഞു ഗർവ്വമോടേ
ഇവരിൽ ചിലർ ചക്രവർത്തിതൻ കീ-
ഴിയലും ഭൂപതിഭാവമാൻ്നകൊണ്ടാർ. (൮൨)

ചില നായകർ ഭൂപതിക്കു ഭൂമീ-
ഫലജാലങ്ങളിലാറിലൊന്നു നൽകി
അവശിഷ്ടമെടുത്തു പുഷ്ടിയാൻ്നി-
ട്ടഥ കൈക്കൊണ്ടു ജമിന്ദരാഭിധാനം. (൮൩)

അനുവേലമിഹാധിരാജസാമ-
ന്തകഭൂപാലകർ മാറിടുന്ന പോതും
അവനിയ്ക്കുടമസ്ഥരായിരുന്നോ-
രവരേതും ക്ഷതിയെന്നിയേ വസിച്ചാർ. (൮൪)

പുനരാംഗലരുവ്വിയാൻ കാലം
സുനയൻ വാരണനന,—ജ്ജമിന്ദരന്മാർ
കൃഷിയേററി നടന്നുവന്ന നാട-
ങ്ങിഹ ലേലം വിളികൊള്ളുവോർക്കു നൽകി. (ദ്വന്ന)

ഹിതമെങ്കിലുമിന്നയം തദാനീം
ദൃതമററം ദൃഢദിക്കമായ് ഭവിച്ചു;
സ്ഥിരവേലകൾ വിട്ടുഭൂവിനന്നാൾ
പല കൈ മാറുകയാൽ ഫലം കുറഞ്ഞു. (ദ്വന്ന)

ഇതി വാരണരീതിയാലുദീതം
ക്ഷതിയക്കാരണവാലിസൻ നിനച്ചു
മതിമാൻ കൃഷിയോഗ്യമായ സർവ്വ-
ക്ഷിതിയും നൽകി ജമിന്ദരക്കു വീണ്ടും. (ദ്വന്ന)

അവരാലഥ ദേഹമാം കരത്തി-
ന്നവനപ്പോളവകൾ ഞെച്ചിയും വരുത്തി;
അതിനാൽ കഴിയുന്നപോലെ ധാന്യം
വിളയിപ്പാനവരും തുടിഞ്ഞു പാരം. (ദ്വന്ന)

ജനരക്ഷണശിക്ഷണാധികാരം,
കരജാലഗ്രഹണം നടത്തി മേയും
അധികാരിജനത്തിൽ നിന്നെടുത്തി-
ട്ടിതരന്മാർക്കു കൊടുത്തു വാലിസാഖ്യൻ. (ന്ന)

മതിമാനിഹ ധർമ്മപാലരേയും
പ്രതിദേശം ഖത! നീതിപാലരേയും
നിയമിച്ചു പരിഷ്കരിച്ചു കാമം
പ്രയതം ജാനപദാവനാധികാരം. (ന്ന)

അഥ ദണ്ഡനയങ്ങളും പ്രശോധി-
ച്ചധികം സാധു പരിഷ്കൃതങ്ങളാക്കി;
ഇഹ കിം ബഹുനാ? സമസ്തതന്ത്ര-
ങ്ങളുമനോഷ നവീകരിച്ചു ദക്ഷൻ. (ന്ന)

അധികാരിജനത്തിനായ് പ്രഭുത്വം
മിതമല്ലാത്ത വിധം കൊടുത്തമൂലം
അവനന്ന പരിഷ്കരിച്ച പോലീസ്-
നിയമം മാത്രമഹോ! സദോഷമായി. (൯൯)

ഗുണവന്തരുകളെങ്കിലും സ്വദേശ്യ-
ന്നിവനേകീലധികാരമൊന്നുമന്നാൾ
ജനസമ്മതമായിരിക്കിലും മേ-
ലണയും വഞ്ചനയെന്ന ശങ്കയാലേ. (൯൦)

അധുനാ കില ദേശ്യലഭ്യമല്ലാ-
തധികാരം ദൃഢമൊന്നുമില്ല പാർത്താൽ;
അതി നാലിവനഹനല്ല നിന്ദ്-
യ്ക്കു;—ലർമൊട്ടിൻഗുണമംകുരത്തിനുണ്ടോ? (൯൧)

ധീമാൻ ക്ലൈവൊരു സീമരേഖ വഴിപോൽ ചേർത്തുള്ള സാമ്രാ
(ജ്യമാ-
മോമൽചിത്രപടത്തിനാകൃതി മുടാ നൽകീടിനാൻ വാരണൻ;
കാമം കാരണവാലിസൻ കരവിലാസം കൊണ്ടു കാന്തിച്ഛടാ-
സാമഞ്ജസ്യമെഴും വിധത്തിൽ നിറമിട്ടേവം മിനുക്കീടിനാൻ.
(൯൯)

ഒരംവർണ്ണം രിപുബാധ നീങ്ങിയുദയാരംഭങ്ങളാലുജ്ജ്വല-
ശ്രീ വിങ്ങുന്നൊരു രാജ്യഭാരമധിഭർത്താവായിടും വാലിസൻ
ധീരൻ തൻസഹകാരിയായി മരുവും ജാൺഷോറിതി ഖ്യാത
(നാം
വീരൻതൻെറ ശിരസ്സിൽ വെച്ചഥ നിജം ഗേഹം ഗമിച്ചാൻ
ശുഭം (൯൭)

"ടിപ്പുമരണം"

എന്ന
പന്ത്രണ്ടാം സർഗ്ഗം.
സമാപ്തം.

പതിമ്മൂന്നാം സർഗ്ഗം.

കുണ്ടോതരം വിഭവമാർന്ധിഭത്തുഭാവം
പൂണ്ടേവമന്നു മതിമാനിഹ ഷോരനാമാ
ഇൻഡ്യാമഹീഭരണമുജ്ജ്വലമഞ്ചു വർഷ-
മാണ്ടീടിനാൻ നിയതമായ സമാധിയോടേ. (൧)

യാതൊന്നു വാലിസമഹാമതി ടിപ്പുമൂലം
സ്വാതന്ത്ര്യമോടിഹ കടന്നു നിരാകരിച്ചു,
പീടൻെറയന്നിയതമധ്യമവൃത്തി തന്നെ-
യീടാന്നിവൻ ധരണിപാലരൊടാചരിച്ചു. (൨)

കർമ്മണ്യശേഷകലയാണ്ടൊരിവൻ തദീയ-
മാദേശഭാവമിയലുന്നവനെങ്കിലും താൻ
നൽസ്ഥാനിവൽസ്ഥിതി വെടിഞ്ഞു വസിച്ചു പൂർവ്വ-
ത്രാസിദ്ധമായൊരധികാരമതിങ്കൽ മാത്രം. (൩)

കാമ്യങ്ങളായ വിഷയങ്ങളടുത്തു ചുററും
ചേർന്നുള്ളവററിലിഹ യോഗിവരൻ കണക്കേ
സൌമ്യൻ സമാധിവിധിഭംഗഭയം നിമിത്തം
കാമം വെടിഞ്ഞു ശമമേററമവൻ ഗ്രഹിച്ചു. (൪)

അന്നേഷ ദക്ഷിണപഥത്തെ ഹിമത്തുപോലെ-
യാന്നേവമെത്തിയതിനാലനുവേലമേററം
മന്ദീഭവിച്ചു ദിനനായകനെന്നവണ്ണം
മിന്നുന്ന സംഘമതിനുള്ളു മഹാപ്രതാപം. (൫)

നൈസാമപേഷ്വനൃപരാങ്ഗലരോടു ചേർന്നു
കുന്നിച്ചു മൂവരചയോഗമതിൽ ചിരായ
പോരാടി മൈത്രിയൊടു തന്നെ നടന്നുവന്നോ-
രെന്നാകിലും കലഹമാന്നിതു തങ്ങളിൽ താൻ. (൬)

അത്യന്തശക്തി കലരും രിപുവിൽ ഭയം പൂ-
ണ്ടത്ഥിച്ച സാഹ്യമുടനാങ്ങ്ഗലരോടു നൈസാം;
സഖ്യപ്രകാരമുതകേണ്ടവരെങ്കിലും തൽ-
സാഹായകത്തിനവരന്നു തുനിഞ്ഞതില്ല. (൭)

ധാഷ്ട്യാതിരേകമൊടു സംഗരമാന്ന മാഹാ-
രാഷ്ട്രാവനീശരഥ കർത്തൃപോക്കളെത്തിൽ
വാട്ടം വരുത്തിയവനുള്ള മഹീതലാംശം
പെട്ടെന്നെടുത്തു കരദത്വമവന്നു നൽകി. (൮)

ചേലൊത്ത ശാഖകളശേഷമഹോ! നശിച്ചെ-
ന്നാലും കഠോരതനാകിയ ടിപ്പുവീരൻ
മൂലത്തിനുള്ളൊരു ബലേന വിഷദ്രുമം പോൽ
കാലേ ഫലാവലി കലന്നു തഴച്ചു വീണ്ടും. (൯)

അന്നാളയോദ്ധ്യയുടെ നായക,നാംഗലേയ-
സാമന്തരായ നരപാലരിലഗ്രഗണ്യൻ
ഷൂജാവനീശനുടെ പുത്രനസാഫുദൌല-
ഭൂജാനി ഭൂതലനിവാസമഹോ! വെടിഞ്ഞു. (൧൦)

ദുർന്നീതിയാൽ ശിഥിലബന്ധനമായ് ഭവിച്ചീ-
ടുന്നൊരു കോസലനഭാവമഹാസനത്തിൽ
അന്നാളിലാംഗലവരൻ പിതൃദുഃഖമാളും
തന്നന്ദനൻ വിസിയരാലിയെ നിശ്ചയിച്ചു. (൧൧)

അപ്പോളവൻ കുലടതൻമകനെന്നു നിന്ദി-
ച്ചെപ്പോരുമോതുമപവാദമറിഞ്ഞു ധീമാൻ
കൊല്ലാടു ചെന്നിഹ വിചാരണ വേണ്ടപോൽ ചെ-
യ്തുൽചനസംശയനിവൃത്തി വരുത്തി വേഗാൽ. (൧൨)

പിന്നീടു താനവനു വേതനമേകി മാററി
മന്നന്നിഹൌരസസുതൻ നഹിയെന്നു കണ്ടു
നന്നായ് നിനച്ചുഥ മഹാമതി, സാദതാലി-
യെന്നുള്ള ഭൂപസഹജന്നധികാരമേകി. (൧൩)

ഇത്യാദി സർവ്വജനസമ്മതിയാൻ നാനാ-
കൃത്യങ്ങളാൽ പ്രജകളിൽ പ്രമദം വളർത്തി
ഈത്യാദിദോഷരഹിതം സുഖമേഷ ശാന്തി-
ലീത്യാ മനോഹരതരം ഭരണം നടത്തി. (൧൪)

ഷോരൻ വെടിഞ്ഞൊരളവീയധിഭർത്തൃപീഠം
മാർണ്ണിങ്ടനാം പ്രഭുവനന്തരമാൻ വീരൻ,
പൂന്തിങ്കൾ പോയതിനു ശേഷമമന്ദതേജ-
സ്സേന്തും കഠോരകിരണൻ ഗഗനം കണക്കേ. (൧൫)

പിന്നീടു കിട്ടിയൊരു വെല്ലസലിപ്രഭുത്വാൽ
തന്നാമധേയമൊടു വിശ്രുതനഷ ധീമാൻ
തൊണ്ണൂറുമായതിനൊടെട്ടുമിയന്നൊരാണ്ടിൽ
മന്നിൻെറ നായകപദം വഴിപോൽ ഗ്രഹിച്ചു. (൧൬)

വീരൻ സ്വകീയപദമെത്തിയ മാത്രയിൽത്താൻ
പാരം മുതിർന്നരിയ വിഗ്രഹമാഗ്രഹിച്ചു;
ഭീതപ്രശങ്ക ജനതയ്ക്കുളവാക്കിടുന്ന
ഷോരൻെറ തന്ത്രമിവനപ്രിയമായ് ഭവിച്ചു. (൧൭)

പൃഥ്വീവരക്കടെയ ശക്തി സമീകരിച്ചും
തത്തുല്യമായ നില തങ്ങളുമാവഹിച്ചും
മേവീടുകെന്നതിഹ പാരമസാധ്യമെന്നാ-
ക്കവികൾ വെല്ലസലിതാനഥ നിശ്ചയിച്ചു. (൧൮)

"ആങ്ഗ്ലേയലോകരിഹ ഭാരതഭൂമിയിങ്കൽ
ഭൂപാലഭാവമിയലാൻ കരുതുന്നുവെങ്കിൽ
മങ്ങാതെയായതഖിലോത്തരമായ്വരേണം
മധ്യാധമസ്ഥിതികളാൽ ഫലമില്ല തെല്ലും. (൧൯)

ഇങ്ങാസ്പദം ദൃഢമിയന്ന നരാധിപന്മാർ,
നവ്യാസ്പദത്തിനഴലുന്ന വിദേശജൈഷ്ഠ്യം
തങ്ങൾക്കു തുല്യനിലയിങ്കലിതുന്നുവെന്നാ-
ലൊട്ടും സഹിച്ചിടുകയില്ലതു നിർണ്ണയം താൻ. (൨൦)

ക്ലേശിച്ചുമത്ര നയവും ബലവും പ്രയോഗി-
ച്ചാശിച്ചുപാലവരിലാത്തു വിധേയഭാവം
സ്ഥാപിക്കിലായവരിണക്കിയ ദന്തിവീര-
രെന്നോണമിങ്ങു വശരായ് ഫലമേകുമല്ലോ. (൨൧)

ഇന്നാ,കയാലിവിടെയേതുവിധത്തിലും നാം
സാമ്രാജ്യമേല്പതിനു തന്നെ തുനിഞ്ഞിടേണം;
അല്ലാഞ്ഞാലിപ്പൊഴതിലുള്ളധികാരവും മേ-
ലിപ്പാതെയായ്ത്തല കുനിച്ചു ഗമിച്ചിടേണം." (൨൨)

ഈവണ്ണമുള്ളിൽ വഴിപോലെയുറച്ചു പാരം
താവുന്ന ധൈര്യമിയലും നയവേദി ധീമാൻ
ആവാപനീതിയെ നിജാഭിമതം കണക്കേ-
യാം വേളയിങ്കൽ വിരവോടു പരിഗ്രഹിച്ചു. (൨൩)

മെയ് കൊണ്ടലം കുറിയവൻ, വലിയോൻ മഹസ്സാൽ
സംപ്രാപ്തവാൻ 'മഹിതവാമന'നെന്ന നാമം
നാനാദിഗന്തരമടക്കിയവൻ ക്രമത്താൽ
ത്രൈവിക്രമം വിരുതു താനണിവാൻ തുടങ്ങി. (൨൪)

ഭൂപാലവീരരുടെ ഷഡ്ഗുണസംപ്രയോഗം
സ്വായത്തമാക്കുവതിനഷ്ട മഹാനുഭാവൻ
നിർമ്മിച്ചിതന്നു പരിചോടിഹ സാഹ്യസന്ധി-
യെന്നാഖ്യയുള്ളൊരു നവീനമതായ സഖ്യം. (൨൫)

ഭൂപാലരന്യരൊടു സന്ധിരണങ്ങൾ ചെയ്യാ-
നാംഗ്ലേയസമ്മതിയെ മുൻപു വരിച്ചിടേണം;
ഭൃത്യത്വമോടു മരുവുന്ന പരാങ്കിമാരെ-
ക്കൃത്യം വിടുത്തിയുടനേയവർ തള്ളിടേണം. (൨൬)

ആംഗ്ലേയനായകതയാളുമനീകമേകം
സാഹായകത്തിനവർ വെയ്ക്കണമാത്മദേശേ;
എന്നല്ലതിന്റെ ചെലവിന്നുതകും ഫലത്തെ
നൽകുന്നതായ വസുധാംശവുമേകിടേണം. (൨൭)

ശത്രുക്കൾ വന്നു സമരം തുടരുന്നകാലം
മിത്രത്വമോടവരിൽ വേണ്ട സഹായമെല്ലാം
അത്യന്തമാംഗലജനങ്ങൾ നടത്തിടേണ-
മിത്ഥ്യേവമന്നു നവസന്ധിയിൽ നിശ്ചയിച്ചു. (൨൫)

ശ്രീരംഗപുണ്ഡ്രപുരഭൂപരിൽ നിന്നു നിത്യം
ചേരുന്ന ദുസ്സഹമുപദ്രവമേൽക്കമൂലം
നന്നായ് വലഞ്ഞവശനായ് നിവസിച്ച നൈസാ-
മൊന്നാമതായനുസരിച്ചു നവീനസഖ്യം. (൨൬)

ഹൈദ്രാപുരന്ധ്രനടെ സേനയിൽ നിന്നുടൻ താൻ
വിദ്രാവമാർന്നിതു പരാങ്കികളാം ഭടന്മാർ;
ന്യാസീകൃതം പ്രബലമാംഗലഗുല്മമപ്പോൾ
ക്രൂസാതവൻെറ ശിബിരത്തിലണഞ്ഞു വേഗാൽ. (൨൭)

കെല്പുള്ള ടിപ്പുവിലുദിച്ചൊരു പേടിയാലേ-
യപ്പേഷ്പഭൂമിരമണൻ നവസന്ധിയിങ്കൽ
ഉൾപ്പെട്ടതില്ല പുനരെങ്കിലുമാംഗലേയ-
സൽബന്ധുവെന്ന നില കൈവെടിയാതെ വാണു. (൨൮)

യുദ്ധം പരാങ്കികളിൽ നിന്നു പഠിച്ച നാനാ-
യോദ്ധാക്കളാലുമതിയാകിയ ശക്തിയാലും
മര്യാദ വിട്ട മദമോടു പുരാണവൈര-
നിര്യാതനത്തിനഥ ടിപ്പുവുമുദ്യമിച്ചു. (൨൯)

മുൻപേ വളർന്നുവരുവാൻ തുടരുന്നകാലം
വൻപാന്ന വാലിസകരാഹതി കൊണ്ടടങ്ങി
പെട്ടെന്നു വീണ്ടുമവനേററമുയർന്ന ശീഷം
വെട്ടേണ്ട വൃക്ഷമതുപോലെ ഫലം വഹിച്ചു. (൩൦)

ജാത്യാഭിമാനി മതിമാൻ, ബുധരാമമാത്യർ
പേർത്തും കൊടുത്തൊരുപദേശമിയന്ന ധീരൻ
ആർദ്രാപരാധത കലർന്നിടുമാംഗലക്ക
ചേർത്താനുപദ്രവമടിച്ചൂടി തന്നെ വീണ്ടും. (൩൧)

പണ്ടേ പരാങ്കികളിലേറിയ പക്ഷപാതം
കുണ്ഠോതരം ഹൃദി വളർന്നുദിതാനുമോദം
പേരാർന്നിടുന്നൊരവർതൻജനതാധിപത്യേ
ചൌരത്വവും സ്വയമിവൻ പരിചിൽ ധരിച്ചു. (൯൫)

എന്നല്ല: മാരിഷസമെന്ന തുരുത്തിൽ വാണീ-
ടുന്നോർകളാം ചില പരാങ്കിജനങ്ങളെയും
അന്നാട്ടു ദൂതരെയയച്ചു വശീകരിച്ചു
തന്നാടു സന്ധിയുളവാക്കിയവൻ വീരൻ. (൯൬)

ചൊൽക്കൊണ്ടിടുന്ന വിജിഗീഷുവാൻ പരാങ്കി-
പൌരാധിപത്യമതിലുള്ളൊരു ദണ്ഡപാലൻ
നെപ്പോളിയൻ നിഖിലദിഗ്ജയയാത്രയിങ്ക-
ലീജിപ്പിലപ്പൊഴതു വന്നു വസിച്ചിരുന്നു. (൯൭)

വീരാഗ്ര്യനായിടുമവൻ സഖിയായ ടിപ്പു-
വീരന്നു വേണ്ടിയിഹ ഭാരതമാക്രമിക്കാൻ
പോരുന്നതാകുമൊരു സേനയെ വിട്ടുവെന്നി-
പ്പാരിങ്കലന്നൊരു ജനശ്രുതിയും പരന്നു. (൯൮)

തത്താദൃശം രിപുനികാരമപാകരിപ്പാൻ
ദൈവ്യാധിപൻ സമരമേ ഗതിയെന്നുറച്ചു;
പ്രത്യർത്ഥി ചെയ്യുമപകാരമസീമമായാൽ
വിക്രാന്തിശാലി വിഷഹിക്കുവതെത്രകാലം? (൯൯)

പോരിന്നു വേണ്ടതഖിലം നിറവേററിയേററം
പോരുന്ന ചേശലനിവൻ ബഹുയുക്തിപൂർവ്വം
ശ്രീരംഗനായകനു താനവനുള്ള കുററ-
മോരോന്നുമന്നു വിവരിച്ചൊരെഴുത്തയച്ചു. (൧൦০)

"ശ്രീമൻ മഹാനൃപ! പാരാങ്കികളിൽ ഭവാനു-
പ്രേമം കലർന്നിഹ നടത്തിവരുന്ന സഖ്യം
കാമം നിഗൂഢതരമെങ്കിലു, മുള്ളവണ്ണം
നാമിങ്ങശേഷമനുവേലമറിഞ്ഞിടുന്നു. (൧൦൧)

നമ്മൾക്കു തമ്മിലുള്ളവായൊരു സന്ധിയോർത്താ-
ലിമ്മട്ടിലുള്ള തവ കൃത്യമയുക്തമെന്നും
നന്മയ്ക്കു ഹാനികരമെന്നുമതിസ്ഫുടം ഞാ-
നെന്മിത്രമേ! വ്യസനമോടറിയിച്ചിടുന്നു. (൭൨)

ഇന്നാ, കയാലിവിടെ ഞങ്ങളുമാത്മഭവ്യ-
ത്തിന്നായപോൽ സപദി ചെയ്തുവരുന്നു യത്നം;
എന്നാലുമിപ്പുക കെടുക്കുവതിന്നു സാമ-
മൊന്നാണു നന്നധികമെന്നിഹ തോന്നിടുന്നു. (൭൩)

സാമപ്രയോഗപഥമേ പ്രജകൾക്കുമോർത്താൽ
ക്ഷേമപ്രയോജകതമം സുമതേ! ഭവാനും
ഒരം വന്നിടുന്ന മമ ദൌതനനാമധേയൻ
ദൂതൻ നയാനുഗുണമായതു ചൊല്ലുമെല്ലാം. (൭൪)

മുന്നം ഭവാൻെറ സുതരെത്തിരിയെത്തരാനായ്
വന്നങ്ങിവൻ പ്രതിനിധിത്വമൊടെന്നുമൂലം
ഇന്നും ഭവാനധികവിശ്വസനീയനാകാ-
മെന്നോർത്തുതാനിവനെ ഞാനിഹ വിട്ടിടുന്നു." (൭൫)

ഏവം പരം വിനയമുന്നതിയും കലർന്ന
ലേഖം ലഭിച്ചുളവിലും ഖത! മെന്നിയാകും
ഭൂപന്നു "ഞാനിത! വരുന്നുടനെ"ന്നു ലേഖം
വീണ്ടും കൊടുത്തരിശമോടവനും തിരിച്ചു. (൭൬)

മല്ലിന്നു വേണ്ടതഖിലം വഴിപോലെ ചിന്തി-
ച്ചുല്ലാസമോടു ബലശാലിയദീഫ്സുത്രൻ
ചൊല്ലാൻ വെല്ലസചി സൈന്യമൊടൊത്തു വേഗാൽ
കല്യാൺ സമുദ്രവഴി മദ്രപുരത്തിലെത്തി. (൭൭)

ചീർക്കുന്ന വിസ്മയമൊടു ദക്ഷിണഭാരതത്തി-
ലുള്ളോരു മൂലപുരിയാമതിൽ വാണ വീരൻ
ഉന്നക്കുള്ള ടിപ്പുവിനു മർമ്മവിഘാതമേററം
ചേർക്കുന്ന വാചികശരങ്ങളെ വിട്ടു വീണ്ടും. (൭൮)

പോരായ്മയാണിവിടെ മൌനമിതെന്നുറച്ചു
പോരാടുവാൻ തന്നെ ടിപ്പു തുനിഞ്ഞിടുമ്പോൾ,
ആ രാജധാനി വളയുന്നതിനേഷ വീരൻ
ഹാരീസനെന്ന ബലനാഥനെയങ്ങയച്ചു. (൭൯)

ഠരംരൊൻപതായിരമെഴും ഭടവീരരോടു-
മീരൻപതെന്നുമിയലും നളികങ്ങളോടും
പാരം കുതൂഹലമിയന്നഥ മദ്രമാകും
പൂരിങ്കൽ നിന്നു സമരത്തിനവൻ തിരിച്ചു. (൮൦)

പ്രായേണ തൽസദൃശമായൊരു സൈന്യമന്നാൾ
നൈജാമനേകിയതിനോടുടനന്യനാകും
സേനാനി, വെല്ലസലി ചൊല്ലിയപോൽ ഗമിച്ചു-
ന്യൂനാദരം വഴിയിൽവെച്ചവനോടു ചേൎന്നു. (൮൧)

മൂന്നാമനായധികവീൎയ്യമെഴും സ്തുവാൎത്ത-
നെന്നാഖ്യയാൎന്ന ബലനായകനും സസൈന്യം
സന്നാഹശാലി ജവമോടഥ കേരളത്തിൽ
നിന്നാഹവത്തിനിഹ രംഗപുരത്തിലെത്തി. (൮൨)

കെല്പുള്ള ടിപ്പു വിരചിച്ചൊരു മന്ത്രമേവ-
മുൽഭേദമേററതുവശാലിഹ വാട്ടമാൎന്നു
കായ്ക്കുന്നതിന്നു തുടരുന്നൊരു പുഷ്പകാശം
കാലം വരാതെ വികസിക്കുകിലെന്നപോലെ. (൮൩)

താനേ വരുത്തിയൊരനൎത്ഥമിതൊക്കെയാൎത്തി-
സ്ഥാനേ ഭവിച്ചതു നിനച്ചനുതാപമോടേ
മാനം കലൎന്ന മതിമാനിഹ ടിപ്പുവീരൻ
താനംകുരിച്ചു രുജയാലതി ഭീതനായി. (൮൪)

ശ്രീരാമസോദരനിരുദ്ധമതാം നിജാഭി-
ചാരാധ്വരാവനിയിൽ നിന്നു ദശാസ്യജൻ പോൽ
നൈരാശ്യധീരതയൊടേ നിലയത്തിൽ നിന്നു
പോരാടുവാനഥ മുതിൎന്നു നടന്നു ഭൂപൻ. (൮൫)

സ്വാച്ഛന്ദ്യമാന്ന രിപുവിൻകഥ ദൂതർ ചൊന്ന-
താശ്ചര്യമോടവനറിഞ്ഞതി ശീഘ്രമെത്തി,
പാശ്ചാത്യവേലയതിൽ നിന്നു വരുന്ന വീരൻ
പാശ്ചാത്യസൈന്യപതിയോടെതിരിട്ടണഞ്ഞു. (൫൯)

ഓരാതെ മാർഗ്ഗമതിൽ വന്നെതിരിട്ട ശത്രു-
വീരൻകൽ നിന്നപജയം ചെറുതേററപോതും
മാറാതെ നിന്നഥ ജയിച്ചിതു ധീരശാന്തൻ
പ്രാരംഭശൂരതയെഴും നൃപനെ സ്തുവാത്തൻ. (൬൦)

തോറേറാടിയേവമവനാശ്രു കിഴക്കു ചെന്ന-
ങ്ങേറേറാരു മദ്രപടയാലതിയായ ഭംഗം
പററീടിനാൻ, വറവുപാത്രമതിങ്കൽ നിന്നു
തെറെറന്നു തീയുടെ നടുക്കു പതിച്ചുവണ്ണം. (൬൧)

ഓട്ടം തുടന്നഥ മഹാഭയമോടഹോ ! തൻ-
കോട്ടയ്ക്കകത്തു നരപാലകനെത്തി വാണു ;
വാട്ടം വരാതെയുടനാങ്ഗലനേതൃയുഗ്മം
കോട്ടയ്ക്കു ചുററുമണിയിട്ടു വളഞ്ഞതിപ്പോൾ. (൬൨)

ത്രാസം ജനത്തിനരുളീടിന ഘോരനായ
മൈസൂർത്തരക്ഷുവിനെയിങ്ങനെ കൌശലത്താൽ
നായാട്ടിൽ നൈപുണികലന്നിടുമാംഗലന്മാ-
രായാസഹീനമിഹ കൂട്ടിലടച്ചു വേഗാൽ. (൬൩)

ഏവം തദാ വലിയ ദുഃഖമിയന്നു പാരം
ഭാവം പകന്നു പല ചിന്തകളാശു ഘോരം
താവുന്ന ടിപ്പുഹൃദയത്തിലഹോ ! കഠോരം
ആവിർഭവിച്ചിതൊരു മോഹമഹാന്ധകാരം. (൬൪)

സത്വം നശിച്ചഖിലമെങ്കിലുമത്ര മൂല-
ബന്ധത്തിനുള്ള ബലമൊന്നു നിമിത്തമായി
വർത്തിച്ചു ചേഷ്ടയൊടവൻ ചിലനാ, ളുമന്ദം
കുത്തുന്ന മിന്നലടി പെട്ട മരം കണക്കേ. (൬൫)

ചാവുന്നവന്നു മതി മാഞ്ഞിടുമാദ്യമേ താൻ
പോവുന്നു മന്ദമഥ ജീവനമെന്നു കേൾപ്പൂ;
ഏവം നൃപൻ നിജനിസർഗ്ഗവിരുദ്ധഭാവം
താവുന്ന ചേഷ്ടകളുടൻ പലതും തുടങ്ങി. (൯൯)

ജന്മം തുടങ്ങിയിഹ താൻ ബഹു പീഡചെയ്തു
വന്മാലകാരണമിയററിയ സാധുവാകും
സന്മേദിനീസുരകുലത്തെ വിളിച്ചു നാനാ-
സമ്മാനമേകിയവനന്നതിഭക്തിയോടേ. (൯൦)

"എന്താണിഹ പ്രകൃതികൾക്കുമെനിക്കുമേതൽ--
സന്താപശാന്തി വരുവാൻ തുടരേണ്ട കർമ്മം ?
ചിന്തിച്ചു ചൊല്ലിടുവി—"നെന്നതിഭക്തിയുള്ളിൽ
ചിന്തിക്കവിഞ്ഞു തൊഴുതന്നവരോടിരന്നു. (൯൧)

എന്നല്ല: ജാതകഫലങ്ങളുരയ്ക്കുവാനു-
മന്നല്ലലാൽ ഗണകരോടു പറഞ്ഞു ഭൂപൻ;
ആശാപിശാചിയുടെ വാശികളാരിലോർത്താ--
ലേശാ ദശാന്തരവശാലിഹ ശാന്തിയെന്ന്യേ ? (൯൯)

ശ്രീരംഗസാലമതിനുള്ളിലെഴും സ്വകീയ-
ദേവാലയങ്ങളിലുമുന്നതഭക്തിയോടേ
വീരൻ കഴിച്ചു പല നേർച്ചകളാശു ഹിന്ദു-
ദേവാലയങ്ങളിലുമന്നവനൊന്നുപോലേ. (൯൨)

ഉള്ളത്തിലുററ ഭയമോടവനന്നിവണ്ണ-
മുള്ളോരു വൃത്തിയവിടത്തിൽ നടത്തിടുമ്പോൾ
ഉള്ളിൽ കടപ്പതിനു വേണ്ടവിധം പ്രയത്നം
തുള്ളുന്ന വൈരമൊടു സംഘവുമാചരിച്ചു. (൯൩)

തള്ളിപ്പടന്ന ദവവഹ്നിയെ നാളികേര-
വെള്ളത്തിനാൽ പരിഹരിപ്പതിനോർത്തിടുമ്പോൾ
ഉള്ളം നിറഞ്ഞു കവിയും സമരാഭിലാഷം
കൊള്ളുന്ന വൈരിയൊടു സന്ധിയിരന്നു ഭൂപൻ. (൯൪)

'കൈക്കൊൾക രാജ്യമഖിലം വഴിപോലെ തന്നു
സഖ്യത്തെ'യെന്നതുളിയാംഗലനാഥനപ്പോൾ;
ഉൾക്കൊണ്ട രോഷമൊടു ജീവിതവാഞ്ഛയെന്ന്യേ
ചൊൽക്കൊണ്ട ടിപ്പുവുമുടൻ സമരത്തിനാഞ്ഞു: (൧൦)

'ഭൂപാല! നിന്നൊടിഹ ഞങ്ങളുമസ്രുധാരാ-
സോപാനമേറിയണയാമമരാലയത്തിൽ'
ഏവം പ്രതിജ്ഞയൊടു താനവനോടു ഭക്തി
താവുന്ന മന്ത്രിജനവും പിറകേ തിരിച്ചാർ. (൧൧)

പാരം ഭ്രമിച്ച പുരവാസികളൊക്കെ; നാരീ-
വാരം കരഞ്ഞു; പതി ജീവിതവാഞ്ഛ വിട്ടു;
ഘോരം രിപുക്കളുമണഞ്ഞു; പുരം വഹിക്കും
ശ്രീരംഗഭാവമഥ പേരിനു മാത്രമായി. (൧൨)

സേനാനിയാൽ പ്രഹിതമാകിയ ശസ്ത്രജാലം
നിരസ്ത്രമാമവനിഭൂതിനെഴുന്ന വപ്രേ
ഉണ്ടാക്കി രസ്ത്രമവിളംബിതമേവ സജ്ജ-
ചക്രാംഗനല്ലടയതിന്നു കടപ്പതിന്നായ്. (൧൩

ആളും സമാധിയഴിയുംപൊഴുതിന്ദ്രിയാർത്ഥ-
ജാലം തപസ്വിഹൃദയാന്തരമെന്നുവണ്ണം
ചീളെന്നു ലബ്ധപഥമാം ബലമപ്പുരത്തിൻ-
സാലം ബലാൽ ബഹുകുതൂഹലമോടണഞ്ഞു. (൧൪)

ദുർജ്ഞത്തിൽ വൈരികൾ കടന്നൊരു മാത്രയിങ്കൽ
ദുർഗ്ഗവ്മേറുമൊരു ടിപ്പുവുമൽപതിച്ചു
തേജസ്സു കാട്ടിയതിയാ,യണവാൻ തുടങ്ങും
ദീപം കണക്കു ഖത! ദുഷ്പ്രസഹപ്രതാപം. (൧൫)

തിക്കിത്തിരക്കി,യുരുളുന്ന കബന്ധമോടു-
ച്ചൊൽക്കൊണ്ടൊരാംഗലതുലുഷ്ണബലങ്ങൾ തമ്മിൽ
ദ്വാരസ്ഥലത്തിലണ പൊട്ടിയ രണ്ടു വാരി-
പൂരങ്ങൾ പോലതിരവത്തെ ടിടഞ്ഞു ലോകം. (൧൬

അന്യോന്യനിർദ്ദയവിമർദ്ദനജാതമായോ-
രന്യൂനരോഷമയമായിടുമഗ്നിയാലേ
ചിന്നുന്ന ധാമമെഴുമായവർ തോരണത്തിൽ
നിന്നന്നു ഘോരതരമായ് പൊരുതൊട്ടുനേരം. (൧൧)

ഈടാന്നിടും വെടികളോടിടചേന്നു വർദ്ധി-
ച്ചീടും ഭടധ്വനി പടന്നു ഗൃഹാന്തരാളേ
കൂടുന്ന മാറെറാലികളാലിഹ ദീനയായി-
പ്പേടിച്ചു ഹന്ത! പുരി കേഴുകയെന്നുതോന്നും. (൧൨)

ചേണാന്ന കുംകുമജലത്തിൽ നനച്ച നാനാ-
സൂനങ്ങൾ ചേന്നിഹ വിളങ്ങിയ വീഥികളെല്ലാം
അത്യന്തമാശു നവരക്തമൊലിച്ചിടുന്ന
മർത്ത്യാസ്ഥികൂടതതി കൊണ്ടു മറഞ്ഞിതപ്പോൾ. (൧൩)

സന്നദ്ധരായണിനിരന്ന സപത്നവൃന്ദം
വൈന്നുദ്ധതപ്രസരമാംഗലനായകന്മാർ
ഇവ്വിധൻെറ മാളിക വണങ്ങിന ഭൂപഹർമ്മ്യം-
തന്നിൽ കടന്നു വിജയക്കൊടിയാശു നാട്ടി. (൧൪)

മൈസൂർവ്യാഘ്രം പതുങ്ങും ഗുഹയെവിടെ?
മഹാവീരനായ് ടിപ്പു വാഴും
പ്രാസാദസ്ഥാനമേതാണെ?—വിടെയിഹവസി-
ക്കുന്നെടോ! ബാദഷാഹൻ?
ശ്രീരംഗോർവ്വീശപീഠം നിഭൃതമപഹരിച്ചോരു
വൻകള്ളനെങ്ങെ?—
ന്നോരോ വീരാസനയോഗോക്തികളഥ നൃപ-
ഗേഹത്തിലേററം മുഴങ്ങി. (൧൫)

: ടിപ്പുനിഗ്രഹം 'എന്ന
പതിൻമൂന്നാംസർഗ്ഗം
സമാപ്തം.

പതിന്നാലാം സർഗം.

ജീവനെ വെടിഞ്ഞുമതിയായുടൽ മുറിഞ്ഞും
ചാവതിനൊരുങ്ങിയുമഹോ! ഭടർ കിടക്കും
ഗോപുരമതിൽ തിരയുമാംഗലജരപ്പോൾ
ഭൂപനുടെ നിഷ്പ്രഭശരീരമിഹ കണ്ടാർ. (അ)

ദേഹിവിരഹാൽ മലിനമെങ്കിലുമവൻ തൻ-
ദേഹമുടനാകൃതിവിഭാവന നിമിത്തം
രാഹുവിൽ മറഞ്ഞ മതിബിംബമതുപോലെ
ബാഹുബലശാലികൾ തിരിച്ചുവരറിഞ്ഞാർ. (ഇ)

ചേതന വെടിഞ്ഞു മരവിച്ചു പരുഷത്വം
ഹാ! തടവുമാത്മതരുവാലതികതോരൻ
"അന്യനു വഴങ്ങിടുകയില്ല ചെറുതും ഞാ"—
നെന്നു നിജശീലമനുഗാത്രമിഹ കാട്ടി. (ഉ)

ഭൂരമണചിഹ്നമതു വേഷമതിൽ മാത്രാ
ചേരുകിലുമുഗ്രത വിടാതരിയ ഗാത്രാ
ഭൂരി ദരമേകി തരുകോടരനിലീനാ
ഘോരമഹിതന്നുടയ കഞ്ചുകപുടം പോൽ. (ഊ)

ചർമ്മമയസാരസനമൂലമതിൽ മിന്നും
നിർമ്മലകൃപാണലതയിങ്കലവസക്തം
അംഗമിയലുന്നൊരവനന്നു ശരശയ്യാ-
സംഗയുതശന്തനുജതുല്യത വഹിച്ചു. (ഋ)

ആത്മകൃതമെങ്കിലുമവസ്ഥയതു കണ്ടി-
ട്ടാർത്തിഭരമാംഗലജനാധിപനമന്ദം
ആത്മനി വഹിച്ചു ജയശാലി; വിഷമം താ—
നോർക്കിലിഹ വീരരുടെ ധർമ്മഗതിയേററം. (ൠ)

ഗാത്രമതുടൻ ശിബികയേററി നഗരത്തിൽ
ചേത്ഥ തദീയജനകായതനദേശേ
ശീഘ്രമപരക്രിയകളാകവെ നടത്താ-
നാക്കമൊടു വെല്ലസലിയാജ്ഞകൾ കൊടുത്താൻ. (൭)

ഭാരതമിതിങ്കലെഴുമാധുനികവീ-
ന്മാരിൽ വരനായമിതമാം മഹിമയാലേ
നൽപ്രഥ വളർത്തിയവനെങ്കിലുമിവണ്ണാ
ടിപ്പുനരപാവനവമൃത്യുവശനായാൻ. (൮)

പ്രാജ്യമഹിമാവു നഹിയെങ്കിലുമതിജ്ഞൻ
രാജ്യമതു ഹൈദരിഹ ചേത്തു നവമേററം ;
പൂജ്യബലനേഷ കരലബ്ധമതശേഷം
പൂജ്യമുടനാക്കി പുനരജ്ഞതനിമിത്തം. (൯)

ക്രൂരമതിതൈക്ഷ്ണ്യ, മുരുഭക്തിജഡഭാവാ,
ഭൂരിബലരാംഗ്ലരൊടഹേതുകവിരോധം,
സാഹസരസം പ്രബലമെന്നിവയിവൻതൻ-
ബാഹുബലവൈഭവമലം വിഫലമാക്കി. (൧൦)

ദുർന്നയമിയന്നു ബഹുലോഭവശ, നെന്നാൽ
തന്നുടയ രാജ്യമതു നീതിയിൽ നടത്തി,
അന്യമതവൈരി ദൃഢമെങ്കിലുമവൻ തൻ-
മന്നിലിഹ വർണ്ണനിലയന്നു നിലനിത്തി. (൧൧)

നിർഭയതരം മഹി സമൃദ്ധിയിൽ വിളങ്ങി;
നിർഭരസുഖം പ്രജകൾ ഭൂപനു വഴങ്ങി;
ഒപ്പമിവ കണ്ടു ബഹുമാനമതിമാത്രം
ദൈവ്യനികരത്തിനിഹ ടിപ്പുവിലുദിച്ചു. (൧൨)

പൂർണ്ണകുതുകം സചിവനാകിയ മഹാത്മാ
പൂർണ്ണയനുരച്ചവിധമാംഗ്ലകുലഭർത്താ
തൂർണ്ണമിഹ പൂർവ്വനുവരാന്വയമതിൽത്താൻ
ഗീർണ്ണമതി ചേത്തു രണലബ്ധമഥ രാജ്യം. (൧൩)

രാജ്യമിതു മുന്നാമതിശ്രുദ്ധമതിയാകും
കൃഷ്ണനരപാലനവകാശവഴി ലബ്ധം
ഹൈദരതിവക്രമതി വഞ്ചനകളാൽ തൻ-
കൈവശമമർത്തി ഖത! കൈതവസമർത്ഥൻ. (൧൬)

ഇക്കഥകൾ പൂർണ്ണയമുഖേന നിശമിച്ചി-
ട്ടാംഗലജനാധിപനുദാരതരശീലൻ
ടിപ്പുവിനെ യുദ്ധമതിൽ വെന്നടനെടുത്തോ-
രപ്പൃഥിവി മുഷ്ടധനമെന്നു നിരൂപിച്ചു. (൧൭)

ദൈവ്യവതി നൽകിയൊരു രാജ്യമഥ പിത്ര്യാ
ദുപ്തിയൊടണഞ്ഞു ധരണീപതി തെളിഞ്ഞു
പുഷ്പകവിമാനമതു രാഘവനിൽ നിന്നും
കൈല്ലോടു ലഭിച്ചൊരളകാവതി പുരാ പോൽ. (൧൮)

പൂർണ്ണകുതുകം മഹിയെയാസ്ഥ വയസ്സൻ-
പൂർണ്ണത വാതെ വിലസും നൃപനെ ഭൂമിതൽ
പൂർണ്ണഹൃദയപ്രണയനായ സചിവേന്ദ്രൻ
പൂർണ്ണയനുദവിഭവം ഖത! വളർത്തി. (൧൯)

മൌലമഹിതുമഹി മാത്രമിഹ വിദ്യ-
ന്മൌലിമണിവെല്ലസലിദത്തമിവനാന്ന ;
എങ്ങനെ*പ്രതിപ്രസവമെന്ന വിധിയുത്സ-
ദ്ധാധികമതായ വിഷയത്തിലണയുന്നു ? (൨൧)

ഹൈദരമവൻെറ സുതനും വിവിധയുദ്ധം
ചെയ്തു വശമാക്കിയ നവീനധരയെല്ലാം
കൈതവവിഹീനതരമാംഗലവരന്മാർ
നീതിനിപുണാഗ്രഗരർ പകുത്തുടനെടുത്താർ. (൨൧)

ആസ്ഥമഹി-തൻപരിസരങ്ങളഥ ഹൈദ്രാ-
ബാദനരപാലനു കൊടുത്തതിനു ശേഷം
കോയമഭിധാനപുരകാനനകൾ വൈനാ-
ടെന്ന വിഷയങ്ങൾ പരിചോടവരെടുത്താർ. (൨൦)

* ദേശളചാണിനീയം ൭൯-ാം സൂത്രത്തിൻെറ വൃത്തിയനുസരിച്ചു സാധു.

സാഹ്യകൃതിസന്ധി നിറവേററിടുവതിന്നായ്
തന്നുടയ ഭാഗ്യമതു വീണ്ടുമഥ നൈസാം
ആംഗലജനത്തിനു കൊടുത്തിതതുമൂലം
ദേശമതു 'ഹൈദ്രമഹി' യെന്നു പറയുന്നു. (൨൧)

ആംഗലവരൻ വ്യസനമേറിയൊരു സുൽത്താൻ-
തന്നുടയ നന്ദനയുഗത്തെ നയശാലി
അന്നുചിതമായ ഭൂതി നൽകിയഥ വെല്ലു-
രെന്ന പുരമാന്നു മരുവുന്നതിനയച്ചു. (൨൨)

ടിപ്പുനൃപമൂലമുളവായ പിണിയേവം
സപ്രഭൂതയാൽ സപദി തീർത്തതു നിമിത്തം
ദൈവ്യജനമത്ര ശശികല്പമതിമാത്ര-
ദീപ്രരുചിയാമരു യശസ്സിനെ ലഭിച്ചു. (൨൩)

ഭൂരിതരദുന്നയവശംവദത മൂലം
ഗോരപരിതാപമതിവൈരവുമജസ്രം
പാരിലുളവാക്കിയ കഠോരമതി തഞ്ചാ-
വൂരിനധിപൻ തദനു കാലവശനായി. (൨൪)

നിത്യമുളവായ പല ശണ്ഠകൾ നിമിത്തം
ശത്രുജനമേറിവശമായൊരവിടത്തിൽ
ആന്തരമതാം കലഹവും ബത! വളർന്നി-
ട്ടാശു കലനാശമണവാൻ വഴി തെളിഞ്ഞു. (൨൫)

വാച്ച കലഹങ്ങളഥ തീർത്തിടുവതിന്നായ്
വേഴ്ചയിൽ വരിച്ച ബലി വെല്ലസലി നാഥൻ
പൂച്ചകൾ നിജാന്നമതു പങ്കിടുവതിന്നായ്
വെച്ച കപിവീരനുടെ നീതിയെ വഹിച്ചു. (൨൬)

വീരനവകാശികളിൽ മാസികമതാകും
വേതനധനം സപദി വേണ്ടവിധമേകി
ഭൂരി കുതുകം പ്രജകളിൽ കലരുമാറായ്
മേദിനിയെടുത്തരിയ സംഘമൊടു ചേർന്നു. (൨൭)

മുൻപഗതിയായ നൃപസൂനുവെ വിളിച്ചി-
ട്ടുൻപിലുപചാരമൊടകാരണമിവൻ താൻ
തങ്കരുചി തംകമൊരു മേദിനിയെയോമൽ-
പ്പൊൺകൊടിയെയയന്നവിധമെകി നയശാലി. (൨൭)

ഇപ്പൊഴതു പിന്നെ നൃപശ്രുക്കളുടെ യുഗ്ര-
ഘ്രാണപഥമാന്നഥ വികാരവശമായി
മേവുമൊരു മേദിനിയശസ്സുപരിപൂതാ
മാംസമതുപോലപഹരിച്ചിതധിഭർത്താ. (൨൮)

ഭൂമിപതിമാരുടയ നീതിയരിനേവം
വാമഗതി താനുചിതമില്ലൊരു വിവാദം ;
ഭൂമിയതിൽ വെച്ചു കരമുച്ചരണയായ്ത്താൻ
കാമമതു നില്ലതധികപ്രഥിതമല്ലോ. (൨൯)

ക്രൂരിതരം നിറഞ്ഞ മഹി, സംഘമതിനുള്ള-
ച്ചാരുകൊടിയാകുമവതംസമഥ ചൂടി
ധാടയിൽ വിളങ്ങിയുടനേയുദിതനാകും
ചന്ദ്രനൊടു ചേന്നസിതപക്ഷനിശ പോലെ. (൩൦)

ദുർന്നൃപരെ മെല്ലവെ ചികഞ്ഞഥ കളഞ്ഞീ-
ടുന്ന നിജതുലികയെയാംഗലകഭർത്താ
ദുർവിധികളാൽ കലുഷയാകിയൊരു കണ്ണാ-
ടോവ്വിയതിലേയ്ക്കു വഴിപോലുടനിളക്കി. (൩൧)

തത്ര കൃശനാം നൃപതി, വർഷമതു തെണ്ണൂ-
റൊത്തിയലുമഞ്ചതിൽ മഹാമദകനാലി
ഉന്ദ,പദപൂർവ്വക,തുലൃമൃതനയന്നായ്
തൻമലിനമേദിനിയെ നൽകി മൃതനായാൻ. (൩൨)

നൂതനനഭാവിവസുദൻ വിഭവലാഭ-
സ്ഥിതമദനായഥ മറന്നു നിജമൂലം
ടിപ്പുവിനൊടേററിടുമൊരാംഗലജനങ്ങാം-
ക്കപ്രിയമനല്പതരമല്പമതി ചെയ്തു. (൩൩)

ടിപ്പുവൊടു ഗ്രഥതരസഖ്യമിവനുണ്ടെ-
ന്നൊപ്പമരുളുന്ന ചില രേഖകളുമന്നാൾ
തൽപുരവിഭാഗപരിശോധനയിലേററം
കെല്പിയലുമാംഗലകുലാധിപതി കണ്ടു. (൩൭)

ഇത്ഥമപകാരവിധിയേറെറാരു സുഹൃത്ത-
ദ്ദുഷ്ടനരപാലനെയടക്കുവതിനായി
ചേതസി നിനയ്ക്കുമളവിങ്കലസുഹൃത്താ
പ്രേരപതി തന്നെയവനെ ദൃതമടക്കി. (൩൮)

മന്നവനവൻ വിധിവശാൽ വരിഷമെണ്ണൂ-
റെറാന്നിലിഹ കാലപുരമെത്തിയ ദശായാം
ഉന്നതകുതൂഹലമൊടാംഗലരവൻ തൻ-
മന്നിടമുടൻ സ്വയമുണർത്തു വശമാക്കി. (൩൯)

നീതിനില വിട്ടു നിവസിച്ചിടുമൊരാൾക്കോ-
ടാധിപനഭാവകുലമാന്ന ബലമെല്ലാം
നീതിയൊടെടുത്തഥ നഭാവതയെ മാത്രം
പ്രീതിയെഴുമാംഗ്ലവരനായവരിൽ വെച്ചു. (൪൦)

ഭൂമിയിലെഴുന്ന മുതലിൽ ചെലവു വീക്കി-
ശ്ശിഷ്ടമതുതന്നുടയ പത്തിലിരുഭാഗം
സ്വാമിയിഹ വാങ്ങുവതിനാഖ്യ മലിഖാനെ-
ന്നു;—ായതിനെയന്നൃപനു നൽകിയധിഭർത്താ. (൪൧)

ആഗ്ര ചിലെടങ്ങളിൽ വിളങ്ങിയൊരു തേജോ-
ലേശനിരയാംഗ്ലപതി മാച്ചു ദൃഢമേവം
ദക്ഷിണതലം വിമലമാക്കിയിതു,—ഷസ്സിൽ
ശിക്ഷയൊടലം കമലബന്ധു ഗഗനം പോൽ. (൪൨)

സീമയതു സമ്പ്രതി വടക്കരിയ കൃഷ്ണാ-
നാമ നദിയും തദനു മൂന്നു വശവും താൻ
അണ്ണവവുമാംഗലജനങ്ങളുടെ മദ്രാസ്-
മണ്ഡലമിയന്നു പരിപൂർണ്ണരുചിയാർന്നു. (൪൩)

വെല്ലസലിയാം ഭുവനബന്ധുവഭിജിത്താ-
യുല്ലസിതമായൊരു മഹസ്സൊടു സമേതം
ഉത്തരദിശാതലമുടൻ കഠിനമാകും
വിക്രമമതിൻവിഷയമാക്കി നയശാലി. (൭൨)

കോസലസമാഖ്യമഹി—തൻനൃപതി സാദ-
ത്താലിയിഹ ഷോഡകവിതീർണ്ണനധികാരം
ദുർന്നയവശാൽ പല വിധം ബത! ദുഷിപ്പി-
ച്ചന്നവശഭാവമൊടു വാണു ചപലാത്മാ. (൭൩)

രാജഗൃഹസേവകരുമുള്ളിലതിമാത്രം
വ്യാജമിയലുന്നൊരധികാരികളുമന്നാൾ
ആകവെ കവർന്ന ധനമായതു നിമിത്തം
ലോകരിഹ ശോകമയവാരിധിയിൽ മുങ്ങി. (൭൪)

രന്ധ്രമിതറിഞ്ഞു പുനരഖ്ഘനധരിത്രീ-
പാലകനഹമ്മദഷഭൂവിഹ സമൻഷാ-
ഹന്ത! വലുതായിടുമഹന്തയൊടയോദ്ധ്യാ-
നന്ത വശമാക്കുവതിനായഥ തുനിഞ്ഞു. (൭൫)

സാഹ്യവിധിസന്ധി വഴിപോലനുസരിച്ചോ-
ന്നെങ്കിലുമരിൻപടിയയോദ്ധ്യയുടെ നാഥൻ
ബാഹ്യരിപുവീരരണയായ്വതിനു കൈക്കൊ-
ണ്ടില്ല പുനരാംഗലജനങ്ങളുടെ സൈന്യം. (൭൬)

സങ്കടമിതിങ്കലവിശങ്കമധിഭൂത്താ
തന്ത്രനയരീതികളുവന്നു വശമാക്കി
വൈരിജനനിഗ്രഹമതിങ്കൽ വിരുതേറും
ന്യാസബലവും തദനു വേണ്ടവിധമേകി. (൭൭)

ആകുലതയാൻ മഹി വൈരികളിൽ നിന്നും
ശോകമണയാതെയഥ കാപ്പതിനു ഘോരം
സൈന്യമിഹ നിർത്തുവതിനുള്ള ചെലവേകി-
ട്ടിന്നൊരു ധരാംശവുമെടുത്തു നയശാലി. (൭൮)

മാലകലുവാനിതി മുദാ നൃപതി സാദ-
ത്താലിഹ സംഘമതിനേകിയൊരു ദേശം
ചൊല്ലെഴുമയോദ്ധ്യയിൽ വടക്കൊടു പടിഞ്ഞാ-
റല്ലസിതമാം ജനപദൌഘമിതിചൊൽവൂ. (൭൯)

അന്നരിയ സംഘമിവനൻപൊടു സഹായി-
ക്കുന്നതിനൊരുങ്ങിയതറിഞ്ഞുഥ സമൻഷാ
കോസലമഹീതലസമാക്രമണമോഹം
സാഹസികമെന്നു ഹൃദി കണ്ടുടനടങ്ങി. (൮൦)

ആധിയെ നരക്കു ബത! ഗ്രുദ്ധതരമായ് ചെ-
ന്നേതു ബലശാലികൾ വളർത്തിഹ മുന്നം,
ഭീതിയുതമാന്തരരിപുക്കൾ ഭുവി കാമ-
ക്രോധമുഖരാമവരുമന്നു വിരമിച്ചു. (൮൧)

ഇന്നവിധമമന്ദബലദുർല്ലളിതരാകം
ഭൂവരജനങ്ങളുടെ ദുർന്നയമശേഷം
കേവലമൊരേ പദമതിൽ പരിഹരിച്ചി-
ട്ടാ വിജയി വെല്ലസലിയുല്ലസിതനായി. (൮൨)

പാടവവിലാസനിധി നായകനവൻ ചൊ-
ല്ലീടിന നിയോഗമിഹ ഭൂപതികളെല്ലാം
ചൂടി നിജമൌലികളിലൂഢവിനയശ്രീ-
യോടു മടി വിട്ടരിയ മാല്യമതുപോലെ. (൮൩)

കാഞ്ചനമനോഹരകിരീടധരനായി-
ക്കാമമധിരാജപദമന്യനിയലട്ടേ ;
വസ്തുതനിനയ്ക്കിലവനുള്ളൊരധികാരം
ദൈവ്യപതി താനഥ നടത്തയിവിടത്തിൽ. (൮൪)

ഉന്നതിയെഴും വിജയലക്ഷ്മി,—യനുവേലം
ചിന്തി വളരും വലിയ ദോർബലവിലാസം
എന്നിവയിരിക്കിലുമവൻകലുഷവായി-
ച്ചെന്നു മരമെല്ലവുമതോർക്കിലതിചിത്രം! (൮൫)

വാരണനുമുഗ്രബലസാരനിധി ചീൻ
കാരണനുമോർക്കിൽ മഹിമാവിലസമന്മാർ ;
കല്യരവർ ചേരുകിലുമിപ്പുരുഷരത്നം
വെല്ലസലിയോടു കിടയായ്‌വരികയില്ല. (൪൯)

ശൌര്യമതു തന്നെ പുരുഷന്നു ഗുണമെങ്കിൽ
ശ്വാപദവുമത്ര ഗുണിലോകമണിയാവാം
എന്നതിവനോർത്തു ഹൃദി ചീത്ത ഭുജതേജ-
സ്സിന്നരുളി ദീപ്തിയതിയായിഹ നയത്താൽ. (൫൦)

ഇപ്പൊഴതു രാജ്യമിതിലുള്ളൊരു ധുരീണ-
ന്മാരുടയ സേവനയതിന്റെ മുറയാദ്യം
ശാസനവിധിക്രമപരിഷ്കൃതിയതിന്നാ-
യുല്ലിഖിതമായതു സമർത്ഥനിവനാൽ താൻ. (൫൧)

ഭാവിഗുണമോർത്തവനമന്ദമഥ കല്ക്ക-
ത്താവ ലൊരു പാഠശിലയത്തെ വിരചിച്ചു ;
മേന്നിഹ നവാധികൃതർ ഭൂഭരണതന്ത്രം
ഭാഷകൾ ചരിത്രമിവയൊക്കെ വശമാക്കി. (൫൨

ശക്തിയുതനാം പ്രഭുവിവൻ പ്രതിപദം ന-
ല്ലുദ്യമമ്പിനു നിവസിച്ചു മടിയെന്യേ
ഉദ്യമമതോ വിവിധമുന്നതവുമത്രേ
യെങ്കിലുമതൊക്കെയുമഹോ ! സഫലമായി. (൫൩)

സന്നതരെയൻപിലുടനുന്നതിയിൽ വെച്ചാ-
നുന്നതരെ വൻപിലഥ സന്നതിയിലും താൻ ;
മന്നവജനങ്ങളുടെ ശക്തികളെയെല്ലാ-
മന്നവനെടുത്തിഹ മറിച്ചു തലകീഴായ്. (൫൪

നാനാനായകരാന്നോരിൻഡ്യയെയൊരേ
സാമ്രാജ്യമേററിത്തെളി-
ക്കാനായിട്ടവനാദ്യമാജിനിരയാ-
ലേററം കലക്കീടിനാൻ,

വെള്ളം വററി വാണ്ടു നീണ്ടു ചിതറിപ്പായും
പുഴച്ചോലയെ
പ്രാവൃഡ്ധവലശരദ്വിലാസമണവാൻ
വർഷങ്ങളാലെന്നപോൽ. (൯൮)

സാരം സാമ്രാജ്യമായോരമൃതമണവതി-
ന്നായ്, മഹാരത്നജാലം
പാരം ചേർന്നിട്ടുമിൻഡ്യാജലധി ഉജ്ജ്വലാ-
ഡംബരാൽ നിർമ്മഥിക്കും
ധീരശ്രീവെല്ലസല്യാഹ്വയനു ഫലമുദി-
ക്കുന്നതിൽ ശത്രുപക്ഷ-
ക്കാരേന്നാലും ഉണച്ചാരിഹ ബലികൾ മഹാ-
രാഷ്ട്ര ഭൂപാലകന്മാർ. (൯൯)

"വെല്ലസലിവിലാസം"

എന്ന

പതിന്നാലാം സർഗ്ഗം

സമാപ്തം.

പതിനഞ്ചാം സർഗം.

വാരണൻ പണ്ടു സഖ്യത്താലാ രണം തീർത്ത വേളയിൽ
ബാലവേഷപ്രകരാജ്യത്തെപ്പാലിച്ചാൻ നാണനിച്ഛയോൽ. (൧)

ദ്വൈരാജ്യവഞ്ജനത്തിന്നായ് സ്വൈരം സാമന്തഭൂപരെ
ദീർഘദർശിയവൻ മെല്ലേ സൽക്കരിച്ചങ്ങിണക്കിനാൻ. (൨)

അവൻ ശിഥിലമാം മൂലബലം സാമന്തഭൂപരാൽ
നിത്താനിച്ഛിച്ചു തുങ്ങീടും ജടയാൽ വടമെന്നപോൽ. (൩)

ശ്രാദ്ധമേതൽസമാരംഭം സഹിച്ചില്ലന്നു സിന്ധുയൻ,
ഭോഗാഭിലാഷം തത്ഭണയോഗിധ്യാനത്തെയെന്നപോൽ. (൪)

മഹാസോമമഹസ്സായ മഹാരാജി മഹാനവൻ
ചേണുററ നാണനീതിക്കു ദുരന്താം പ്രതിബന്ധമായ്. (൫)

ബലം ക്ഷയിച്ചു രണ്ടാൾക്കും തമ്മിൽ സ്പർദ്ധിക്കു കാരണം;
നൃപക്ഷിഭയത്തേക്കാൾ വചുതാം ഭയമെന്തുവാൻ? (൬)

രാജപുത്രരെ വെന്നിട്ടു ബന്ദേൽഖണ്ഡമടക്കിയോൻ
മഹാരാജി പുരാ തന്നെ മഹത്ത്വം പൂണ്ടിരുന്നു പോൽ. (൭)

വീരന്മാർക്കു കുളിപ്പാവ ഷാലമൻ ചക്രവർത്തിയെ
വശത്താക്കിയവൻ സമ്രാട്പ്രാതിനിധ്യം വഹിച്ചതേ. (൮)

അന്നവൻതൻെറയിഷ്ടം പോൽ മന്നൻ കല്പന നൽകിനാൻ
കാക്കാൻെറ കൂട്ടിലെറ്റാനു പത്ത പൊക്കുന്ന പോലവേ (൯)

സമ്രാട്ടിൻപ്രതിഭൂവായിട്ടില്ലാഗ്രകൾ ഭരിച്ചിവൻ
വേഷപൂരുഷർ മററാർക്കുമലങ്ഘ്യം ദൈവ്യമാണ്ടതു. (൧൦)

സമ്പത്തിൻഛായ താനാപത്ത്;—രായിരം കടക്കുവോൻ?
അതിനാലവനുണ്ടായി ബഹുകഷ്ടങ്ങളും തദാ. (൧൧)

സപരീവാരദില്ലീന്ദ്രപോഷണത്തിന്നു നിർദയം
പീഡിതം ജനസന്ദോഹം പ്രകോപിച്ചു ളകീടിനാർ. (൧൨)

തത്രൈകൻ രോഹിളാനീകനായകൻ സൈന്യസംയുതൻ
ഗ്രീഷ്മഖാദിർ കടന്നന്നു രോധിച്ചാൻ ദില്ലിയാം പുരം. (൧൩)

ഗോപനാചെയ്തു രത്നങ്ങൾ ഭൂപനെന്നു നിനച്ചവൻ
ക്രോപിച്ചു തന്നേത്രയുഗ്മാച്ചുഴഞ്ഞാനതിസാഹസി. (൧൪)

ഓരോ സാഹസമീവണ്ണമിവർ ചെയ്യുന്നു കാണ്കയാൽ
വെറുത്തനുചരന്മാർ പോയ് ശ്രയിച്ചാരെതിരാളിയെ. (൧൫)

ത്വരയോടവരോടൊത്തു മഹാരാജിയണഞ്ഞുടൻ
ഗ്വീണ്ടെടുത്തഖിലം, ശിക്ഷ ഖലനാമവനേകിനാൻ. (൧൬)

ഇത്ഥമസ്ഥാനസംപ്രാപ്തമനർത്ഥത്തെക്കടന്നവൻ
ശോഭിച്ചു രാഹുവക്ത്രത്തിൽ നിന്നുവേർപെട്ട ഭാനുപോൽ. (൧൭)

എന്നാലുമചിരാൽ ഭൂരികാര്യയത്നങ്ങൾ ചെയ്തുവേ
വന്നോരുഗ്രജ്വരത്താലേയകാലമൃതി യാർന്നതേ. (൧൮)

അപുത്രനാമവൻതന്റെ ഭ്രാതാവിൻതനയൻ തദാ
നൃപൻ ദൌലതരായാഖ്യൻ പ്രാപിച്ചാൻ സിന്ധ്യയാസ്പദം. (൧൯)

എതിരാളി നശിച്ചപ്പോൾ നിണാൻ പൂർണ്ണമനോരഥൻ
ദുസ്സ്വാതന്ത്ര്യം നശിപ്പിച്ചു സാമന്തരെയടക്കിനാൻ. (൨൦)

ഉപജീവിസമൂഹത്താൽ വളർന്നു പേഷ്വശക്തിയും
നാനാവാരിപ്രവാഹൈരുല്ലസംഗത്താൽ നദിയെന്നുപാൽ. (൨൧)

ശ്രീരംഗപുരരോധത്തിൽ വീരൻ കാരണവാലിസൻ
മഹാരാഷ്ട്രമഹീശന്റെ സാഹായ്യത്തേ വരിച്ചതേ. (൨൨)

എന്നല്ല, കർണ്ണലയുദ്ധത്തിൽ പേഷ്വനാലഭിയുക്തനാം
നൈസാമർത്ഥിച്ച സാഹ്യത്തെ സ്വീകർ ച്ചില്ല ഷോരകൻ. (൨൩)

ഏവം വീരവരാസക്തയിൻഡ്യാസാമ്രാജ്യവക്ഷ്ണിയാൾ
ബൊഹ്യാഡംബരസമ്മോഹാൽ കുറേനാൾ ന്നു പേഷ്വനിൽ. (൨൪)

ക്ഷുദ്രങ്ങളെന്നാലുമന്തഃശ്ഛിദ്രങ്ങളുർചോദനാൽ
വളർന്നുടൻ മഹാരാഷ്ട്രശക്തിബന്ധമഴിഞ്ഞുതേ. (൨൫)

അന്നാളെങ്ങനെയോ ബാലപേഷ്വനുണ്ടായി സൌഹൃദം
രഘുനാഥഭൂജനാം ബാജിരായനിൽ കാരണം വിനാ. (൨൬)

ജ്ജ്വാം സ്വാമിതൻബാലചാപല്യമിതു തെല്ലുമേ
സമ്മതിച്ചില്ല നിതിജ്ഞൻ സചിവൻ ദോഷശങ്കയാൽ. (൨൩)

യുവരാജത്വമാന്നീടും ബാജിരായാഖ്യനെത്തദാ
നാണൻ പേഷ്വഗ്രണത്തിന്നായ് കാരാഗേഹത്തിലാക്കിനാൻ.
(൨൪)

ബന്ധുദുഃഖത്തിനാൽ പേഷ്വൻ ചാടി ഹർമ്മ്യത്തിൽ നിന്നുടൻ
സ്വജീവിതം നശിപ്പിച്ചാൻ സചിവാശകളോടു താൻ. (൨൫)

അഥ ബന്ധുവിനിർമ്മുക്തൻ ദുരമാത്യവശംവദൻ
ബാജി താൻ, വിധിയാൽ, ശൂന്യം രാജ്യം കൈവശമാക്കിനാൻ.
(൨൬)

തന്നിച്ഛകൾ ഫലിക്കാഞ്ഞു ഖിന്നനാം നാണവീരനും
പിന്നെയഞ്ചാറുവർഷം താൻ മന്നിടത്തിലിരുന്നതെ. (൨൭)

പരലോകം ഗമിച്ചുള്ള നാഥനെപ്പിൻതുടർന്നപോൽ
പിറകേ ദീനയായ് പോയാൾ മഹാരാഷ്ട്രപ്രതിഷ്ഠയും. (൨൮)

ഉടൻ സമൃദ്ധമീ രാജ്യം ബലന്മാരായ മന്ത്രികൾ
നശിപ്പിച്ചു തഴച്ചുള്ള പൂന്തോട്ടം കപിവീരർ പോൽ. (൨൯)

ഘോരൻ ജസ്വന്തരായാഖ്യനാകും ഹോല്ക്കരനും തദാ
സിന്ധ്യൻ ദൌലതരായന്നുമുണ്ടായ് ശണ്ഠ പരസ്പരം. (൩൦)

ഹരിച്ചാൻ മാൾവയിൽ ചെന്നിട്ടാദ്യനജ്ജുജിനീപുരം;
അന്ന്യൻ തൻമൂലപുരമാമിന്ദൂരം പുക്കു മത്സരാൽ. (൩൧)

ഹോല്ക്കരൻ ജിതനായ്ത്തത്ര വീണ്ടും സൈന്യങ്ങൾ ചേർത്തുടൻ
സഹസാ പൂനയിൽ ചെന്നു മഹായുദ്ധം തുടങ്ങിനാൻ. (൩൨)

ജയശ്രീയോ സുരസ്ത്രീയോ മാനംതാനോ വിമാനമോ
ഗതിയെന്നോർത്തു രണ്ടാളും പൊരുതാർ ഘോരമായ് ചിരം.
(൩൩)

ജസ്വന്തൻ തന്നെയൊടുവിൽ സിന്ധ്യപേഷ്വരെ വെന്നുടൻ
വികാരമാന്നിടാതുള്ള തൻപേരന്വർത്ഥമാക്കിനാൻ. (൩൪)

സ്ഥാനഭ്രഷ്ടരുടൻ ബാജി രണം വിട്ടു നിരാശനായ്
ഓടിപ്പോയ് ശരണം പ്രാപിച്ചീടിനാനാംഗലേശരെ. (൩൯)

രണ്ടുമായിരമെണ്ണൂറും കൊണ്ട വർഷത്തിൽ വേണ്ടപോൽ
ബാസിനാഖ്യപുരേ സഖ്യം ചെയ്തീനാംഗലരോടവൻ. (൪൦)

"സാഹ്യസന്ധിക്കൊരുത്തു പേഷ്വൻ ഹിന്ദുപ്പർതൻസൈന്യ
(മൊന്നിനെ
സ്വരാജ്യത്തിൽ നിറുത്തേണം;—മതിൻെറ ഭരണാർത്ഥമായ്, (൪൧)

ഇരുപത്താറായ ലക്ഷം രൂപാ മുതലെടുക്കുവാൻ
തക്കദേശങ്ങൾ നൽകേണം;—മാംഗലേയ വിപക്ഷരാം, (൪൨)

യൂറോപ്യരോടൊരേർപ്പാടും ചെയ്യോലാ; തൻ വിഷയജ്യരാം
നൈജാമഗേകപ്രമുഖരാവീശന്മാരോടുള്ളൊരു വൃത്തിയിൽ, (൪൩)

സംഗ്രാജ്ഞ കേൾക്കയുംവേണം;—മവരോ നിജമണ്ഡലം
വീണ്ടാരിവനെ രക്ഷിപ്പൂ"—യെന്നാത്രേ സന്ധിനിശ്ചയം.
(കലാപകം) (൪൪)

ബന്ധിച്ചു സന്ധിയിവണ്ണം ബന്ധുമാനായ ഭൂപതി
ആന്ധ്രാത്മാ പേഷ്വനാംഗ്ലേയവിധേയത്വം വഹിച്ചുതേ.
(൪൫)

മന്ത്രിമാരറിയാതേവം സ്വതന്ത്രം ബാജിയാൽ കൃതം
സന്ധി സിന്ധ്യമുഖ്യന്മാർ വകവെച്ചില്ല തെല്ലുമേ. (൪൬)

അജ്ഞൻ നൃപൻതന്നിൽ നിന്നു വിജ്ഞൻ പേഷ്വൻ പുരാ മഹി
ആന്നപോൽ നാം മറച്ചിന്നു ചെയ്യുന്നവയറച്ചുതേ. (൪൭)

ഇടയ്ക്കു വിഘ്നമായ് സംഘമടുത്തില്ലെങ്കിൽ മെല്ലവേ
ഫലിക്കുമായിരുന്നേവമവർതൻദുർമ്മനോരഥം. (൪൮)

അതിനാൽ സംഘസാഹ്യത്തെസ്സഹിച്ചില്ലവരൊട്ടുമേ;
അകാലത്തിലുദിച്ചീടുമിച്ഛാഭംഗം പൊറുപ്പതോ? (൪൯)

തദാ രാജ്ഞിയായീടും വൈദർഭിയോടു ചേർന്നുടൻ
സംഘത്തോടുള്ള മാത്സര്യം പ്രകടിപ്പിച്ചു സിന്ധ്യൻ. (൫൦)

ഏതദാരംഭമെവ്വണ്ണം വരുമെന്നഥ ഹോല്ക്കരർ
നോക്കി വാണു ജയശ്രീ ശാലോററം സംതൃപ്തനെന്ന പോൽ (൪൧)

തുല്യമാമീയനർത്ഥത്തിലവസരം മത്സരം വിനാ
സഹായിച്ചെങ്കിലാംഗ്ലേയർ വെല്ലുകില്ലായിരുന്നു താൻ. (൪൨)

ജസ്വന്തൻ രഘു ദൌലത്തെന്നാരോരുത്തനമൊന്നുപോൽ
അജ്ഞനുമത്ര;– യെന്നാലുംജയമാംഗലർ നേടിനാർ! (൪൩)

ഭർത്താവിൻസോദരൻ സേനാഭർത്താവാർതർ തദന്തരേ
എത്തിച്ചുണ്ണ്യപുരത്തിങ്കൽ സ്വസ്ഥാനത്താക്കി ഖാജിയെ. (൪൪)

അധ ഭർത്താവുമന്നാളിൽ ഭാരതീയജനങ്ങളാൽ
അദൃഷ്ടപൂർവ്വമാരേകം നിർമ്മിച്ചാൻ യുദ്ധകൌശലം. (൪൫)

സ്ഥീവർ ഗോദയിലും, നേതാവഹമ്മദപുരത്തിലും,
സ്ഥവർത്തൻ നിന്നുതേ കൃഷ്ണാതുംഗഭദ്രാന്തരത്തിലും. (൪൬)

നിന്നാൻ ഗ്വാളിയരിൻനേക്കു ലേക്ക കാൺപൂരിനന്തികേ;
അന്യൻ ബന്ദിലഖണ്ഡത്തോടേല്ലാനല്ലഹമ്പാദിലും. (൪൭)

ഗുജ്ജരാദികളാം മററു ഘട്ടങ്ങളിലുമീവിധം
പലനേതാക്കളെസ്സൈന്യയുതം ഭർത്താവു നിർത്തിനാൻ. (൪൮)

ചുററുമേവം മഹാബന്ധം പററിച്ചുള്ളൊരു വേളയിൽ
വേട്ടുപോൽ സുകരം യുദ്ധമാർതർ വീരൻ തുടങ്ങിനാൻ. (൪൯)

അഹമ്മദപുരം ഭഞ്ജിച്ചസ്സേയി ഗ്രാമമാന്നവൻ
സന്നദ്ധരായ രാജ്ഞിസിന്ധ്യന്മാരൊടേററതേ. (൫൦)

കൃശയെന്നാലുമകൃശസംരംഭം ദൈവ്യവാഹിനി
പാർത്തു ഭേദിച്ചു കലുഷാ മഹാരാഷ്ട്രപ്രവലാണ്ണവാ. (൫൧)

കാർകൊണ്ടൽ പോലെ ഗർജ്ജിക്കുമാംഗ്ലേയനളികവ്രജം
കുന്തുതാനർപ്പാടിനാടി രാജ്ഞഹാസനഹോ! രാജ്ഞ. (൫൨)

ചിരം നിന്നില്ല ദൌർബ്ബല്യമെഴും സിന്ധ്യയ്ക്കു വീരത്വം ;
വീരന്മാർതന്നോടു പോരിനേൽക്കുന്നതാരുവാൻ ? (സ്വ)

നമ്മികായുധരാകും തൽഭടർ നിന്നാഥരെങ്കിലും
കബന്ധനിരപോലൊട്ടു നേരമോജസ്സു കാട്ടിനാർ. (സ്വ)

അരിസംഹാരനിപുണമാംഗ്ലേയബലം രണേ
മുന്നിലൊന്നായിതെന്നാലും വിളങ്ങി വിജയത്തിനാൽ. (ന്ദ)

ഹേതിക്ഷേപങ്ങളാലുഗ്രമന്തരാജ്യോപഹാരകം
ആഹവം പ്രജ്വലിപ്പിച്ചു തൽപ്രതാപാഗ്നിയെത്തുലോം.
(ന്ദന്ദ)

വിദർഭദേശത്തിലോടും രഘുവെപ്പിൻതുടർന്നവൻ
യുദ്ധം ചെയ്തിച്ചു തോല്പിച്ചു യാചിപ്പിച്ചിതു സന്ധിയെ. (ന്ദ)

"സിന്ധ്യയൻതൻനിയോജ്യത്വം നിഷ്ക്കർഷം നീക്കിവെയ്ക്കണം;
തനിക്കുമവനും നിർദ്ദിഷ്ടോർവ്വിഭാഗത്തെ നൽകണം; (ന്ദ്വ)

റസിഡണ്ടായിടും തന്റെ ദൂതനെത്തത്ര വെയ്ക്കണം;
സ്വവിദ്വേഷികളായിടും യൂറോപ്യരെയൊഴിക്കണം-" (ന്ദൻ)

ഇത്ഥമാർതൻ നിയോഗിച്ച സന്ധ്യം ഭോസലനാകുലൻ
ബലഹീനൻ രണാഭാവം കൊരിച്ചുനസംശിച്ചുതേ.
(വിശേഷകം) (൭൦)

മററുള്ള സംഘസേനാനിവീരരും ചെന്നുടൻ തഥാ
മഹാരോഷമൊടേ മാഹാരാഷ്ട്രഭൂമിയിളക്കിനാർ. (൭൧)

ദണ്ഡപാലൻ തദാ ലേകൻ കവന്നാലിഗ്രാം പുരം
ദില്ലി പുക്ക രണം ചെയ്തീൻ സിന്ധ്യാനുഗരോടുടൻ. (൭൨)

തോക്കിൽ ചേർത്തുള്ള ഖഡ്ഗത്താൽ കുത്തിക്കൊന്നരിവീരരെ
മഹാരാഷ്ട്രമഹീശന്റെ മഹാസൈന്യമയാബ്ധിയിൽ, (൭൩)

തേററയാൽ നീററിനെക്കീറിത്തെററെന്നെത്തിയ പന്നിപോൽ
ഉദ്ധരിച്ചു തവൻ ധീരൻ രത്നഗർഭയതാം പുരി. (യുഗ്മകം) (൭൪)

ശ്രീലഭിപ്പതിന് ച്ചിച്ചു പലർ ചൂടിയ ഷാലമാം
നൃപരത്നത്തെ ഗ്രഹിച്ചാൻ മററു രത്നങ്ങളോടവർ. (൩)

ഉഗ്രവീര്യൻ കടന്നാഗ്രാപുരം പിന്നെ ഹരിച്ചവൻ
പരാങ്കിപ്രബലം ശത്രുബലവും സംഹരിച്ചതേ. (൩൩)

ഏവം ദൌലതരായന്റെയോരോ ദേശപുരങ്ങളും
ക്രമത്താലാക്രമിച്ചുകൊടാംഗലയരടക്കിനാർ. (൩൪)

പല സേനകളും രാജ്യങ്ങളും നഷ്ടീഭവിക്കയാൽ
ക്ഷീണനായ് ദേവദൈത്യാന്തസർവ്വസ്വം സിന്ധുപാലവൻ. (൩൫)

അന്യത്ര തേജസ്വിയാണെന്നാലും പാശ്ചാത്യഭൂഭൃതി
അണഞ്ഞതക്കസമം താണാനവൻ നിർവസുമണ്ഡലൻ. (൩൬)

നമ്രനായവനും മുന്നാം ഭോസലൻ സമ്മതിച്ചപോൽ
ഉടമ്പടികൾ കൈക്കൊണ്ടു സന്ധി ചെയ്തുനടങ്ങിനാൻ. (൩൭)

ദായവാദത്തിലാംഗ്ലേയനിർണ്ണയത്തെ വരിക്കയാൽ
അവർക്കു വശനായ്ത്തീർന്നു ഖരോഡാപതി മുന്നമേ. (൩൮)

നാലുമാസത്തിനകമായേവം വെല്ലസലി പ്രഭു
മഹാരാഷ്ട്രേശ്വരെത്തന്റെ സാമന്തനൃപരാക്കിനാൻ (൩൯)

രാജപുത്രമഹാരാഷ്ട്രതുലുഷ്കന്മാരശേഷരും
ആംഗ്ലേന്ദ്രാജ്ഞ മൂർദ്ധാവിലഥ കൈക്കൊണ്ടു സാദരം. (൪൦)

പണ്ടേ മുഗളസാമ്രാജ്യശ്രീലീലാരങ്ങമായിടും
പുരീമതല്ല യാം ദില്ലി ഭരിച്ചാരാങ്ഗ്ലസൈനികർ. (൪൧)

സർവ്വഭക്ഷകനാം ടിപ്പുവേതാളേശനിൽ നിന്നു മേ
മോക്ഷം ലഭിച്ചുവെന്നുവി രഞ്ജിച്ചാളവരിൽ സ്വയം. (൪൨)

ഉദ്വൃത്തനായ് ക്ഷീണനായ മുഗളേന്ദുവിൽ നിന്നുടൻ
മിത്രസംഗമെഴും സംഘനളിനം പുകഴ ലക്ഷ്മിയാൾ. (൪൩)

മഗധേന്ദ്രഗിരിതമാം രാജ്യം മാനാഷ്ട്രേശനവൻ താൻ.
ഹവിസ്സിനെയമർത്ത്യന്മാർക്കഗ്നിപോലന്നു നൽകി നാൻ. (വ്വ)

എങ്കിലും തോൽവി പററാതെ ജസ്വന്തൻ നിവസിക്കയാൽ
ഭർത്താവുള്ളിൽ കൃതാർത്ഥത്വം വഹിച്ചില്ലത്ര പൂർണ്ണനായ്. (വ്വ)

ആഗ്ലേയജനത്തിങ്കലീർഷ്യാവാനെങ്കിലും പരം
നിഗ്രഹമത്സരൻ വൈരം കാണിച്ചില്ല വെളിയ്ക്കുവൻ. (വ്വൻ)

രസ്ത്രപ്രഹാരിയെന്നാലുമവൻ നില വിടാതെ താൻ
വാണനാൾ വരെയും മിണ്ടാതിരുന്നാരാംഗ്ലേയരും (ൻ്)

അഥ, സിന്ധ്യസഖ്യത്താൽ സ്വാതന്ത്ര്യത്തെ വഹിച്ചിട്ടാ
രാജപുത്രക്കൂട്ടം രാജ്യേ കരമാന്ന ബലാലവൻ. (ൻ്)

അതുതെന്നുപദേശിച്ചാൻ പ്രിയം വെല്ലസലിപ്രഭു;
മദാന്ധനവനും ചൊന്നാനത്തരം വിപരീതമായ്. (ൻ്)

ധിക്കാരമിവിധം കണ്ടിട്ടക്കാലം മാനിയാം പ്രഭു
ഉൾക്കാളും കോപമസ്ത്രത്തൽ തീർക്കാൻ തന്നെ തുനിഞ്ഞുതേ.
(ൻ്)

ശത്രുശേഷം നശിപ്പിക്കാനചിരാൽ വിധിയാൽ തരം
അത്ര വന്നെന്നു സന്തോഷിച്ചുത്തരാന്ത്ര സംഘവും (ൻ്)

ഭർത്തൃശാസനയാലോരോ ടിക്കിൽ മേവും ഭടവ്രജം
പുറപ്പെട്ടു മുകിൽക്കൂട്ടം കാററിനാലെന്നപോലുടൻ. (ൻ്)

ലോകൈകവീരനായോരു ലേകൻ ഹോൽക്കരപീഡിതാ
രാജപുത്രമഹീദേശം ഗമിച്ചാനഗ്ര്യപൌരുഷം. (ൻ്)

തൽസാഹായ്യത്തിനായന്നു തെക്കു നിന്നു തിരിച്ചിട്ടും
വീരനാമാർത്തർ മാർഗ്ഗത്തിൽ ദുർഭിക്ഷത്താൽ വലഞ്ഞുതേ. (ൻ്)

ലോകപാലാഭനായെത്തും ലേകനെക്കണ്ട മാത്രയിൽ
ആ രാജപുത്രകസ്ഥാനം വെടിഞ്ഞതരികളോടിനാർ. (ൻ്)

ഉടൻ ഹോല്ക്കരരാജ്യത്തിൽ കടന്നാംഗലനായകൻ
ഉഗ്രൻ രാമപുരം ദുർഗ്ഗം ദുർഗ്രഹം കൈക്കലാക്കിനാൻ. (൯൯)

ഏവം ക്രമേണ വഴിപോലാരംഭിച്ച മഹാരണം
മുടങ്ങിയിതകാലത്തിൽ വന്ന വർഷത്തുവാൽ തദാ. (൧൦൦)

വെള്ളിൽക്കിളികൾ തുള്ളുന്ന കൊണ്ടൽമാലകൾ കണ്ടുടൻ
ഉത്തരാശയ്ക്കു താൻ വേഗാൽ വീരഹംസൻ മടങ്ങിനാൻ. (൧൦൧)

സൈന്യങ്ങളെച്ചേർത്തിവനാൽ സ്ഥാപിതൻ തത്ര മാൺസനൻ
നേതാവരികളിൽ ശല്യം ചെയ്തുകൊണ്ടു വസിച്ചുതേ. (൧൦൨)

തുണയ്ക്കാമെന്ന സിന്ധ്യോക്തി വിശ്വസിച്ചുഥ മാൺസനൻ
മുഖന്ദരാദ്രിപ്രാന്തേണ കടന്നിതരിഭൂമിയിൽ. (൧൦൩)

ദേശകാലങ്ങൾ നോക്കാതെയേവം ചെയ്തു സമുദ്യമം
വ്യർത്ഥമായെന്നു തന്നല്ല പാത്രമായി വിപത്തിനും. (൧൦൪)

സൈന്യം ക്ഷയിച്ചു, ഭോജ്യങ്ങൾ ചെലവായി, വലഞ്ഞലം
ഉടനേതുഷണിയാൽ ബന്ധം, മടങ്ങിയവനാകലൻ. (൧൦൫)

ശത്രുസൈന്യങ്ങൾ പിറകേയെത്തി മർദ്ദിക്കയാൽ തദാ
അത്യന്തഖിന്നഭടനായത്തലാന്നിതവൻ തുലോം. (൧൦൬)

സിന്ധ്യൻ നൽകിയ സൈന്യങ്ങൾ ബന്ധുത്വം കൈവെടി
(ഞതഹോ!
വിജയോന്മുഖമാം വൈരിപക്ഷത്തിൽ ചേർന്നു തൽക്ഷണം.
(൧൦൭)

ചേറെഴും വഴിയിൽ താണ നദികളെടുപ്പതിൽ
താമസിച്ചും, പടക്കൂട്ടം നദീപൂരത്തിൽ മുങ്ങിയും, (൧൦൮)

പരുങ്ങിയദ്രിപ്രാന്തത്തിൽ ഞെരുങ്ങിയരിബാധയാൽ
പണിപ്പെട്ടാഗ്രയായീടും നഗരം പുക്ക മാൺസനൻ. (യുഗ്മകം)
(൧൦൯)

ജയം ലഭിച്ച ജസ്വന്തൻ സമ്പൽസുലഭരായിടും
ഭരതാഖ്യപുരാധീശാദ്യരെ മിത്രങ്ങളാക്കിനാൻ. (൧൧൦)

മഥുരാഹരണം ചെയ്തു ദില്ലിക്കെത്തിയ ഹോൽക്കരെ
തടുക്കവേ പുരീപാലർ ലേകൻ പിൻചെന്നു വെന്നതേ. (൧൧൧)

അവൻെറ നവ്യമാം മിത്രം ദിഗാഖ്യരണഭൂമിയിൽ
ആംഗ്ലസേനകളാൽ ക്ഷീണബലനായ്ത്തോൽവി പററിനാൻ.
(൧൧൨)

ദുഷ്പ്രാപമിതി വിഖ്യാതം സ്വമൂലപുരമാംഗലർ
അടക്കമെന്നു കണ്ടാശു ഭൂവരൻ കീഴടങ്ങിനാൻ. (൧൧൩)

ഇരുനൂറയുതം രൂപായാംഗലക്കു കൊടുത്തവൻ
പോർ വിട്ടു പോവതിന്നാജ്ഞ നേരിട്ടുന്നു ലഭിച്ചതേ. (൧൧൪)

ക്ഷണേപോത്തം ശത്രുപക്ഷം സലജ്ജം കൈവെടിഞ്ഞുടൻ
യോജിച്ചു സരളന്മാരാമാംഗ്ലേയരൊടു സിന്ധ്യനും. (൧൧൫)

പേടിച്ചോടിയ കൌടില്യമെഴും ഹോല്ക്കരനെത്തദാ
പിൻതുടന്നോടിനാൻ ലേകനഹിയെത്താർക്ഷ്യനെന്നപോൽ.
(൧൧൬)

ഏവം ശത്രുപരാഭവാൽ ക്ഷണലവാ സംഭൃതമാം ഭംഗദുർ-
ഭാവം ദൈവ്യഗണാധികാരികൾ ജയം കൈക്കൊണ്ടു നിക്കീ
(ടവേ

താവും ഭീതിയൊടാംഗലത്തിലധിപന്മാരിൻധ്യുതന്നിൽ സമാ-
ധാനം താൻ കരണീയമെന്നിതരഥാ ചിന്തിച്ചുറച്ചീടിനാർ.
(൧൧൭)

സ്ഥാനഭ്രംശിതനായി വെല്ലസലിയും പോയാൻ ഗൃഹത്തിന്നു,
(തൽ-

സ്ഥാന ശ്രീയഥ കാരണൻ ദശമിതാൻ വീണ്ടും ഗ്രഹിച്ചഞ്ജസാ
ചേരും രോഗനിപീഡയാൽ സുരപുരം പ്രാപിക്കവേ, ബാ
(ല്ലോവാം

വീരൻ ജ്യേഷ്ഠസദസ്യനാസ്പദമിദം കൈക്കൊണ്ടു താൽക്കാലി
കം. (൧൧൮)

"മഹാരാഷ്ട്രവിജയം"
എന്ന പതിനഞ്ചാം സർഗ്ഗം
സമാപ്തം.

പതിനാറാം സർഗം.

കൊടിയെയാരു ദീപ്തിയടക്കി
സ്ഥടവിശ്രമമത്ര രാജഹംസക്കേകി
അഥ മൃദുവൃത്തിയെയന്നിതു
സംഘം, മിഹിരൻ തപാവസാനത്തിൽ പോൽ. (൧)

പടു വെല്ലസലി കണക്കേ
പതികല്പന നോക്കിടാതെ ഹിതമതിൽ മാത്രം
പെരുമാറുകയാലുളവാ-
മുരുകീത്തി കൊതിച്ചതില്ല ബാല്യോ തെല്ലും. (൨)

ഭയമൊടു ദൂരെ വസിക്കും
പതികൾ നിയോഗിച്ചപോലെ താനധികാരം
പ്രശമപ്രധാനമാകും
നീതിയൊടെല്ലാം നടത്തിയേഷ നിയോജ്യൻ. (൩)

വെല്ലസലിപ്രഭുവാല-
ത്യുല്ലസിതാ സംഘശക്തി;—യില്ല വിവാദം;
എന്നാൽ ദുർഭരമാകും
ഭാരവുമവനേററിനാനിതിൻചുമൽതന്നിൽ. (൪)

വിജയവിലാസംമൂലം
വിവിധമവൻ രാജ്യമാന്നിതെ;—ന്നാലതുപോൽ
പല പല ചെലവുകളാലേ
ഭണ്ഡാരത്തിന്നു നൽകി കാശ്യവുമധികം. (൫)

സാമ്രാജ്യം പ്രാപിപ്പാ-
നധിരോഹണി നാട്ടിയെന്നവൻ മോദിച്ചു;
അധികമുയന്നാൽ താഴെ-
പ്പതനം വരുമെന്നു ഭീതിയധിപരുമാന്നു. (൬)

അതിനാൽ സ്ഥിതപാലനമതി-
ലതികാതരരായ കൃപണരായവരുടനേ
വെല്ലസലിയുടയ ധൃഷ്ടോൽ-
പത്ഷ്ണഗതിയാന്ന നീതിയഥ നിരസിച്ചു. (൭)

വിഗ്രഹമധികമുയത്തിയ
സംഘമകാലത്തിലേവമത്ര നിരുദ്ധം,
വിന്ധ്യനഗസ്ത്യവചസ്സാ-
ലെന്നതുപോൽ സ്തംഭമാന്നിതജ്ഞം തോറും. (൮)

പോരിലെടുത്തൊരു ദേശമ-
ശേഷമുടൻ രിപുവെ നൽകിടാമെന്നരുളി
ഹോല്ക്കരനോടു നടത്തിയ
വിഗ്രഹമുപസംഹരിച്ചു ബാർല്ലോ വീരൻ. (൯)

ക്ഷുദ്രനൃപാലകർ പലരോ-
ടിഹ ചെയ്തൊരു സാഹ്യസന്ധിയഖിലവുമന്നാൾ
ദുർഭരഭാരോദ്വഹനം
ദുഷ്കരമെന്നോർത്തു തള്ളിയവനഥ സഹസാ. (൧൦)

ഇത്ഥം സ്വസ്ഥത കൈക്കൊ-
ണ്ടാംഗലസിംഹങ്ങൾ സുഖമൊടമരുംകാലം
മാഹാരാഷ്ട്രവ്യാഘ്ര-
വ്രജത്തിനിരയായ് നൃപാലപശ്ചാത്തി മന്ദം. (൧൧)

അതിസാഹസമാന്നരപദ-
മഖിലോൽക്കർഷം കലന്നയന്ന മഹത്ത്വം
മന്ദതയാളുന്നതു കു-
ണ്ടന്ന ഗൃഹേ, ജോലി വിട്ടു, ലേകൻ പോയാൻ. (൧൨)

വെല്ലൂർപ്പാളയമതിലഥ
ചൊല്ലേറും ലഹളയൊന്നു ദാരുണമായി
ഉളവായിതു സംഘത്തിൻ-
സൈന്യത്തിലമന്ന ദേശ്യയോധന്മാരിൽ. (൧൩)

അന്നാൾ വന്നോരാംഗല-
സൈന്യാധീശൻ സ്വസൈന്യവേഷത്തിങ്കൽ
പല മാതിരി ഭേദത്തെ
ബ്ബാലമോടു നടപ്പിലാക്കി ധൃഷ്ടതയോടേ. (൧൭)

ഹിന്ദുഭടന്മാരെല്ലാം
കുണ്ഡലവും പുണ്ഡ്രവും ത്യജിച്ചോരുപോലെ
ആങ്ഗലസമമായ് ശ്മശ്രു-
മുഷ്ണീഷവുമാന്നിടേണമെന്നവനരുളി. (൧൪)

ദ്വേഷമിവക്കീദൃശമാം
വേഷവികാരത്തിലന്നു താനേയുള്ളവായ്;
ഏഷണിയാലതിനധികം
പോഷവുമേകീ തുലുഷ്കസഹായുദ്ധപാകൾ. (൧൫)

ടിപ്പുസുതപ്രണിധികളീ
നല്ലുഴതാന്നപ്പൊ "ഴിപ്പതിയതാം വേഷം
ഒപ്പം കൂസ്തുമതത്തിൽ
ചേപ്പതിനാണൊപ്പി"ന്നെന്നു കെല്ലൊടു ചൊന്നാർ. (൧൬)

"താടിയിൽ മീശകളില്ല;- വ
മോടിയിലക്കവിളിലുണ്ടു; കാതിൽ സുഷിരം
മാഞ്ഞു; ലലാടം ശൂന്യം;
ഹിന്ദുത തീന്നേ;"-ന്നു ഹാസവുമിവർ തുടങ്ങി. (൧൭)

അവരുടെ പുഞ്ചിരിയിതു ക-
ണ്ടിവരുമുടൻ ജാതിധർമ്മലോപഭയത്താൽ
കുപിതന്മാരതിഗ്രുദ്ധം
ശപഥമഹോ! ചെയ്തു ഘോരമെതിരിടുവാനായ്. (൧൮)

പിറേറദ്ദിനമിവർ ചേന്നെഴ-
നേറുടനരുണോദയത്തിനധികം മുൻപേ
മുററും തെരുതെരെയണിവെട്ടി
പററിച്ചിതു ഘോരമാംഗ്ലയോധന്മാരിൽ. (൧൯)

സകുടുംബം നിവസിക്കും
ദൈവ്യരെയിവരൊത്തു പരുഷരവമുഖരന്മാർ
ആകുലമാം കാകകുലം
ഘൂകങ്ങളെയെന്നപോലെയിഹ ബാധിച്ചു. (൨൧)

സംഘടകന്മാർ വിഗതാ-
ശങ്കമുറങ്ങുന്ന ശിബിരദേശത്തിങ്കൽ
നമ്പികങ്ങളിൽ നിന്നുദിതൻ
ശമനൻ താൻ കുശലനിദ്രയന്നേഷിച്ചു. (൨൨)

ഭദ്രമുറങ്ങിടുമവരുടെ
നിദ്രയെയഥ ദീഘ്രയാക്കുമിക്കലഹത്താൽ
ക്ഷുദ്രാ പൌരന്മാർതൻ-
നിദ്രാ വിദ്രാവമാന്നിതസ്സമയത്തിൽ. (൨൩)

മാളികമുകളുകളെല്ലാ-
മിളവെയിലൊളിയാൽ തിളങ്ങിടും മുൻപേ താൻ
ഇളകിന ചോരപ്പുഴയാൽ
തളമഖിലം തെളുതെളെപ്പെമന്നു ചമഞ്ഞു. (൨൪)

ഇത്ഥമകാലത്തിലെഴും
മൃത്യുവിനിഹ യോധജാലമിരയായിടവേ
ശത്രുഗണത്തൊടു ശക്തി-
ക്കൊത്തവിധം ചെന്നെതിർത്തു ചിലർ മികവോടേ. (൨൫)

കോട്ടയുടെ കോണിലുള്ളാ-
രട്ടാലകപൃഷ്ഠമേറിയരിഭയമെന്യേ
ഒരുദിവസം മുഴുവനുമവർ
പരവശരാഹാരഹീനരായ് നിവസിച്ചു. (൨൬)

പിറേറദ്ദിനമുദയത്തിൽ
തെറെറന്നീ വർത്തമാനമൊക്കെയറിഞ്ഞു്
ആക്കോട്ടത്തിൽ വസിച്ചോ-
രാംഗ്ലേയരിഹാഗമിച്ചു സന്നാഹമൊടേ. (൨൭)

അരയിലെ വാറുകൾ ബന്ധി-
ച്ചൊരു വടമുണ്ടാക്കിയാശു കോട്ടയിൽ നിന്നും
അവർ കീഴിച്ചിട്ടതു പിടി-
ച്ചിവരുടെ പതി തത്ര ചെന്നു ഭീതിയകററി. (൨൭)

അവരുടെ ഭടവീരന്മാ-
രഥ ഭിത്തി പിളർന്നു മാർഗ്ഗമുടനുണ്ടാക്കി
തെരുതെരെയകമേ പാഞ്ഞി-
ട്ടരിശലഭങ്ങളെയെതിർത്തു ഭസ്മമതാക്കി. (൨൮)

ഹതശേഷം തൽ സൈന്യം
ദണ്ഡിതദുർന്നാഥമാക്കി വിനയിച്ചുടനേ
ഗംഭീരവേദിയാകും
കുംഭിയെയെന്നോണമാംഗലേയരെടുത്താർ. (൨൯)

കലഹത്തിൻെറ നിദാനം
നലമോടഥ വിസ്തരിച്ചു സംഘാധീശൻ
വേഷപരിഷ്കാരത്തിൻ-
നൂതനനിയമങ്ങളൊക്കവേ നിരസിച്ചു. (൩൦)

ഇവ നിർമ്മിച്ചു നടത്തിയ
ബലപതി, മദ്രാധിനാഥനെന്നിവരേയും
അപരാധസ്ഫുടഭാവാ-
ലധികാരത്തിങ്കൽ നിന്നു താഴ്ത്തിയിതുടനേ. (൩൧)

കെല്ലിനൊടേഷണി കൂട്ടിയ
ടിപ്പുസുതന്മാരെയും നഗരിയതിൽ നിന്നും
അപ്പോൾത്തന്നെ വിടുത്തിയ-
നല്ലം ദൂരത്തിലാക്കി കല്ക്കത്താവിൽ. (൩൨)

മതപരിവർത്തനഭയമിനി-
യൊരുവന്നും മേലുദിക്കയരുതെന്നോർത്ത്
പാതിരിമാരുപദേശം
ചെയ്തുനടപ്പതു നിറുത്തി മതിമാൻ ബാർല്ലോ. (൩൩)

അപദത്തിങ്കലുമീവിധ-
മുപശമപരിപൂർണ്ണമായ നീതി നടത്തി
ശ്രുതമഹത്ത്രഗ്രാഹിയവൻ
പതികല്പന വേണ്ടപോലെ താൻ നിറവോറി. (൯൪)

വെല്ലസലിയാണ്ട ഭാരം
കല്യശ്രീബാർല്ലൊവാൻ പരിശോഭിച്ചു
മഴയൊടു ചേർന്ന കൊടുങ്കാ-
റൊഴിയുമ്പോൾ വന്ന മലയപവനൻ പോലെ. (൯൫)

ഇംഗ്ലണ്ടിലെ യന്ത്രണസഭ-
തൻപതിയാം മിന്തുനാമകൻ പ്രഭുവന്നാൾ
അധിഭർത്താവായ് വന്നാൻ;
ബാർല്ലൊവഥ ഭൂദർത്തൃപദവുമിയന്നു. (൯൬)

പൂർവ്വൻ ബഹുമുഖവെന്നും
പൂർവതരൻ ഭൂരിതീക്ഷ്ണനെന്നും കണ്ടു്
അവരുടെ നയഗതി തള്ളീ-
ട്ടവനിഹ മധ്യസ്ഥമായ വൃത്തി വഹിച്ചു. (൯൭)

പെരുകും വിജയസ്പൃഹയാൽ
പാരതടെ പഴുതേഷ നോക്കിയില്ലെന്നാലും
പരവിരചിതമായീടിന
പരിഭവമൊട്ടും സഹിച്ചതില്ലഭിമാനീ. (൯൮)

തമ്മിൽ കലഹിച്ചന്നാൾ
വിമ്മിഷ്ടാഭിമാന ദുഷ്പ്രഭുനിരയാൽ
ഗ്രസ്തേ ചെന്നിലഖണ്ഡേ
വിക്രമണം കാര്യമെന്നവൻ നിരപിച്ചു. (൯൯)

അധികസമൃദ്ധി വിളങ്ങും
ധരയതു, മുന്നം നടന്ന സഖ്യത്തിങ്കൽ
പോഷൻ ന്യാസബലത്തിൻ-
പോഷണമതിനാംഗലക്ഷ്മ നൽകിയതത്രേ. (൧൦൦)

പടയിൽ ഭീതൻ ബാർല്ലോ
മടിയാൽ കൈവിട്ടനാഥമാക്കിയതാകും
അമ്മഹി നിജസേനകളാൽ
സന്മതി മിന്റോ ജ്വാലകണ്ടകമാക്കി. (൯൨)

അപ്പോഘനപഠാണിനേതാ-
വതിസാഹസിയാമമീരഖാനെന്നൊരുവൻ
ഹോൽക്കരസൈന്യം കൈക്കൊ-
ണ്ടാക്കമൊടന്നന്യനൃപരിലാത്തി വ'ളത്തി. (൯൩)

രത്നവ്യവഹാരജമാം
കലഹത്താൽ ഭോസലാധിപതിയൊടെതിർപ്പാൻ
ആരംഭിച്ചിവനാംഗലർ
നേരിട്ടവതു കണ്ടു ഭീതി പൂണ്ടഥ മങ്ങി. (൯൪)

പല സാമന്തനൃപന്മാർ
കലരും നവമാധിരാജ്യമാന്തിനാലേ
ക്ഷുദ്രമുപദ്രവമന്നാൾ
സംഘത്തിനു തത്ര തത്ര പലതുണ്ടായി. (൯൫)

ദ്വൈപ്യാധീശക്കായി-
ക്കപ്പം നൽകേണ്ട വഞ്ചിധരണീപാലൻ
അപ്പോൾ വർദ്ധിച്ചുള്ളോര-
നല്ലമൂണം കൊണ്ടു പാരമാകുലനായാൻ. (൯൬)

പല പല ചെലവുകളാൽ ധന-
നിലയം കൃശമായ് ഭവിച്ച മൂലം ഭൂപൻ
കടമിഹ തീർപ്പതിനായ് മറു-
കടമാളണമെന്ന കഷ്ടനിലയതിലായി. (൯൭)

ചെലവുകളധികമിയന്നും
ഫലമതിലല്പവായുമുള്ള ദേശ്യമതാകും
ബലമിഹ ലോപിച്ചെന്നാൽ
നലമുണ്ടാമെന്നു ചൊല്ലി റസിഡണ്ടപ്പോൾ. (൯൮)

പ്രതികൂലതയതിലാതിയൊ-
ത്ഥ്യ ചെലനായ സചിവവരനെത്തള്ളാൻ
പ്രൊന്ധനവൻ വഞ്ചീശ്വര-
നോടു തലാ വേണ്ടവണ്ണമുപദേശിച്ചു. (൭൯)

അതു കണ്ടതിയായ് വൈരം
ഹൃദി കൊണ്ടൊരു മന്ത്രി കാലമവധികൾ ചൊല്ലി
ചതി കൊണ്ടു കഴിച്ചന്നാൾ
റസിഡണ്ടനെ ഹന്ത! കൊല്ലുവാൻ വാഞ്ഛിച്ചു. (൮൦)

കൊച്ചിയിൽ നഗരികൾ ബഹിർ-
ഭാഗത്തു വസിച്ചിരുന്ന റസിഡണ്ടിന്റെ
വീടു വളഞ്ഞാൻ നിശയിൽ
ഗ്രുദ്ധതരം ദളവയായ വേലുത്തമ്പി. (൮൧)

റസിഡണ്ടിതറിഞ്ഞു ജവാൽ
നടകൊണ്ടിതൊളിച്ചു തന്നെ ബഹ്ലൂരത്തിൽ;
അപരാധം ചെയ്യാത്തോ-
രാംഗലരെക്കൊന്നു വിഫലസാഹസനിവനും. (൮൨)

പുനരാംഗലവരഭൂതൻ
സേനകളോടത്ര വന്നു ധൈര്യസമേതം
അപരാധികളെ ഉണ്ടി-
ച്ചുപഗതമാം ക്ഷോഭമാത്ര തീർത്തു സമസ്തം. (൮൩)

സചിവൻ വേഷം മാററി-
സ്സുപദി വനത്തിൽ കടന്നു നടകൊണ്ടൊടുവിൽ
നൃപഭടരെത്തും മുൻപേ-
യുപഗതഭയമാത്മഹത്യ ഹന്ത! നടത്തി. (൮൪)

ദളവാ ചതി ചെയ്തെന്നഥ
വഞ്ചിനൃപൻ സ്വാപരാധമനുശോചിച്ചു
അധിരാജപുരുഷവാക്കുക-
ളനുരോധിച്ചാത്മരാജ്യനീതി നടത്തി. (൮൫)

അന്നു പരാങ്കാവനിയിൽ
ചിന്തുമുപദ്രവസമൂഹമേററതികോപാൽ
ഒന്നായിളകിയ ജനതതി
ചെന്നു നശിപ്പിച്ചു മൌലരാജകുടുംബം. (൪൯)

സഹസാ നിയമിച്ചുള്ളൊരു
നവമായ ജനാധിപത്യമതിനുടെ നേതാ
ഉരുതരനിഷ്ഠുരസുമഹാ-
കരവിക്രമദുന്നിവാരനുഗ്രതരാത്മാ, (൫൦)

വിജ്ജിതയുരോപഖണ്ഡൻ
നെപ്പോളിയനായ വീരനിൻധ്വജയിലേയ്ക്കായ്
സ്ഥലമാർഗ്ഗേണ വരുന്നെ-
ന്നരിയ ജനശ്രുതി പരന്നു ദേശംതോറും. (വിശേഷകം) (൫൧)

വലുതായുള്ളൊരനർത്ഥം
വനോയ്ക്കാമെന്നു കണ്ടു മിന്തു മഹാത്മാ
വടിവൊടു സഖ്യം ചെയ്താ-
നടനഖ്യ ഘനപാരസീകപതികളൊടപ്പോൾ. (൫൨)

ലാഹ്ലൂർഃക്കസരിയെന്നതി-
ബാഹുബലം കൊണ്ടു പാരിൽ വിശ്രുതനാകും
രണജിൽസിംഹാഖ്യനൊടും
ക്ഷണമാംഗലനാഥനത്ര സന്ധി നടത്തി. (൫൩)

പടുമതിയവനിഹ ശിക്കിക-
ളുടെ നാഥത്വം വഹിച്ചിരുന്നു തദാനീം;
പഞ്ചനദസ്ഥന്മാരാ-
മവരുണ്ട വൃത്താന്തവും കഥിക്കുവെനിവിടേ. (൫൪)

പതിനഞ്ചാം ശതകത്തി-
ന്നൊടുവിൽ പണ്ടുത്ഭവിച്ചു ജാത്യാ തന്നെ
ഭോഗങ്ങളിൽ വിമുഖാത്മാ
നാനക്ഷായെന്നു നാമമുടയൊരു യോഗീ. (൫൫)

ഹൈന്ദവമാഹാമദബുദ്ധ-
തീർത്ഥങ്ങളിലായ് കഴിച്ചിവൻ ചിരകാലം
മതയുഗസിദ്ധാന്തങ്ങളെ
മതിമാൻ ചേർത്തൊരു നവീനമതമുണ്ടാക്കി. (സനു)

ഹിന്ദുക്കളുടെ നാനാ-
ദേവാർച്ചന, ജാതിഭേദമിതുകളുമതുപോൽ
അന്യന്മാരുടെ ഗോവധ-
മന്യമതദ്വേഷമിവയുമേഷ ദൂഷിച്ചാൻ. (സ്ര)

അന്നിലുതിയ മതത്തിൽ
സ്ഥാപകനിവനാദ്യഗുരുവതായിത്തീർന്നു;
അനുഗരുമവനുണ്ടായാ-
രവരുടെ ശിഷ്യൌഘമാണു ശിക്കിഗണം പോൽ. (സ്ര)

ശിക്കിമതം പഞ്ചാബിച-
ലങ്കിലമുൽക്കർഷമോടു ചേർന്നു പരന്നു;
തദനു പരമ്പരയാ ഗുരു-
തരിയുമിയന്നാർ മഠാധിപത്യസ്ഥാനം. (സ്സ)

മൃഗളാദിതുലുഷ്കന്മാ-
രകരുണമായിട്ടു ഹിംസചെയ്തതിനാലേ
അവർ നിജമതജീവിതമാ-
മരിയൊരു ഭൂതാനുകമ്പ പിന്നെ ചെടിഞ്ഞു. (സ്ര)

ദശമൻ ഗോവിന്ദഗുരു-
പ്രവരൻ വഴിപോലെ ശസ്ത്രകലകളിലെല്ലാം
ശീലിച്ചിച്ചീടുകയാൽ
വീരസ്വർഗ്ഗൈകവാഞ്ഛയവർ കൈക്കൊണ്ടാർ. (സവ)

നീലാംബരവും നീട്ടിയ
തലമുടിയും സിംഹബിരുദയുതമാം പേരും
ഗുരുവിജയാശംസയുമാ-
ന്നവർ വീരവ്രതമതുമന്നു വഹിച്ചു. (സ്ര)

യമുനാശതദ്രുനദികൾ.
കിടയിൽ സർഹിന്ദമെന്ന പേരാം ദേശം
അവാസ്ത്രതുല്യക്ഷരിൽ നി-
ന്നവസരമിതിൽ വാണിരുന്ന ധീരവരന്മാർ. (൧൦)

അവരുടെ നാഥൻ രണജി-
ത്താംഗലരൊടു സഖ്യമാസ്ഥ ബന്ധുത പൂണ്ടു;
അന്യരുമിഹ കലഹം വി-
ട്ടന്നിവരുടെ സാഹ്യസന്ധിയനുരോധിച്ചു. (൧൧)

ശങ്കിച്ചിരുന്നൊരാപ-
ത്തശാങ്കനിമിത്തമാത്ര ഫലിയാഞ്ഞാലും
പരിസരനൃപരുടെ സഖ്യം
നിജബലദാർഢ്യത്തിനന്ന കാരണമായി. (൧൨)

തക്കിതനാം രിപുതന്നൊടെ-
തിക്കാൻ മിന്റോവിവണ്ണമിഹ തുനിയുമ്പോൾ
മദ്രാസിങ്കൽ ബാർല്ലോ
ഭൃത്യരെയും മൂഢനഹഹ! വൈരികളാക്കി. (൧൩)

പടകളൊരുക്കാൻ വേണ്ടി-
പ്പടി നായകർ വാങ്ങി വന്നതന്നാൾ ബാല്ലോ
ചെലവു ചുരുക്കാനായി-
ച്ചെലവെന്യേ നിർത്തലാക്കിയൊന്നോടേ താൻ. (൧൪)

അപ്രിയമിതിനാൽ സേനയി-
ലല്ലേതരമാമിളക്കമുടനുണ്ടായി;
അപ്പോൾ ചെന്നിഹ മിന്തുവു-
മപരാധിജനത്തിനകി ശിക്ഷകൾ വഴിപോൽ. (൧൫)

ഇരുപതു വത്സരമാവധിയൊ-
ടാദിയിലന്നെലിസബത്തു സംഘത്തിനായ്
നൽകിയ ശാസനപത്രമ-
ത്താവർത്തിതമായ് ചമഞ്ഞു പല കുറി വീണ്ടും. (൧൬)

ംരം വിധമാവത്തനമൊ-
ന്നാളുവായന്നത്രയോദശാബ്ദത്തിങ്കൽ;
പാതിരിമാരുപദേശം
ചെയ്യാനധികാരമാന്നിതതിനാൽ വീണ്ടും. (൭൭)

ആയാണ്ടിൽ താൻ ഗേഹേ
പോയാൻ തൻജോലി വിട്ടു മിന്തു മഹാത്മാ;
മോയിരനാമാ പ്രഭുവം-
നായധികാരത്തെയിങ്ങു പിന്നെ വഹിച്ചു. (൭൮)

വന്നുടനേയതിദാക്ഷ്യം
ചിന്നുമവൻ വെല്ലസലിസമാനം വീരൻ
ഉന്നതിയതനം താനിഹ
നന്നായതു വീരരായവക്കെന്നോത്താൻ. (൭൯)

അന്നിഹ നേപാളേശൻ
തന്നുടെ ധരണിയ്ക്കടുത്തു ചേന്നവയാകും
ആംഗലവരരുടെ ഭൂമി-
ഭാഗങ്ങളടക്കിവന്നു ബഹുനാളായി. (൮൦)

പോരിനു കൌശലമേറും
ഘൂരകരെന്നുള്ള ധീരരാലാവിഷ്ടം
അദ്ദേശം ഗിരിനിരയാം
ദുർഗ്ഗം മൂലം ദുരാപമെന്നതു വിദിതം. (൮൧)

അതിർ വിട്ടവരൊട്ടൊട്ടാ-
യവിടവിടെദ്ധരണിസീമ കൂട്ടിക്കൂട്ടി
ക്രസാതെത്തിത്താഴെ-
ക്കോസലവസുധാംശവും കവന്നാരന്നാൾ. (൮൨)

ബലമായ് കവന്ന ഭാഗ-
ങ്ങളെ വിട്ടൊഴിയുന്നതിന്നു സാന്ത്വനമയാടേ
ഒരു കാലാവധി കല്പി-
ച്ചവരാടിഹ മിന്തു തന്നെ ചൊല്ലിയിരുന്നു. (൮൩)

കാലാവധി തീൎന്നിട്ടും
വിട്ടില്ലവരാൎന്ന ഭൂമിയായതിനാലേ
കോപാൽ സംഘാധിപനും
നേപാളത്തിന്നു വിട്ടു സേനയെയുടനേ. (വ൫)

പടയതു നാലണിയായി-
ട്ടോരോ നേതാക്കളോടുമൊരു സമയം താൻ
മലയും ഗുഹയും കാടും
കലരും നേപാളഭൂവിലേയ്ക്കു കരേറി. (വ൬)

ഒഴുകിട്ടുറഞ്ഞ മഞ്ഞും
മുകിലണി മുകളിൽ കലൎന്ന കൊടുമുടിനിരയും
കൊടിയ മഹാചക്രാനില-
നടനവുമുള്ളസ്ഥലം ഭയാവഹമത്രേ. (വ൭)

സ്ഫുടമനവധി ഹിമപുഞ്ജം
സ്ഫുടിതസ്ഫടികാദ്രിഖണ്ഡസമമംഭസ്സിൽ
ഇഹ പൊന്തിക്കളിയാടി
ഗ്രാവപ്ലവനശ്രുതിക്കു വിവൃതി തരുന്നു. (വ൮)

കളഹംസകനിസ്വനവും
കമലാകരസംഗവും മുമുക്ഷുഹിതതയും
കലരുമിതിൻപാദം വട്ട-
ഹരിയുടെ പോൽ ഗാങ്ഗവാരി വൎഷിക്കുന്നു. (വ൯)

അവിടെയധോഭാഗത്തേ-
ക്കുനവധി വാഹനികൾ വിരവിലൊഴുകീടുമ്പോൾ
ആങ്ഗലരുടെയൊരു വാഹിനി
സാഹസമോടേ കരേറി മേല്പോട്ടേയ്ക്കായ്. (വ൦)

തെറെറന്നിഹ ഗുഹയിലെഴും
മാറെറാലിധ്വനികൾ കൊണ്ടു വെടിയും പൊടിയും
ധാതുരസത്താൽ നിണവും
പാരമിരട്ടിച്ച ദാരുണം രണമുളവായ്. (൧൦)

സുമഹാത്മാ ഹിമവാൻ താ-
നഹിതാസ്ഥന്തേ തുണച്ചു നേപാളത്തെ;
അത്ര വലിപ്പമെഴും ഭൂ-
ഭൂത്തെങ്ങനെ തള്ളിടുന്നു പാദശ്രിതരെ? (൯൫)

മേല്പോട്ടേയ്ക്കു കരേറും
ദൈപ്പൃന്മാർ പർവ്വതാഗ്രതടമതിൽ നിന്നും
പൊഴിയുന്ന ഗണ്ഡശൈല-
ങ്ങളിലടിപെട്ടോരമന്നു പാരവശരായി. (൯൬)

മുകളിൽ കയറിയ നാൽവരി-
ലൊരു നേതാവാകുന്നർലോണിയെന്നഭിധാനം
ചേരും വീരവാൻ താൻ
വിജയാശംസയെ നിറുത്തി വേണ്ടവിധത്തിൽ. (൯൭)

തൂക്കേ നില്ക്കും മലയുടെ
മുകളിൽ വിളങ്ങുന്ന ഉജ്ജ്വലിവനതിധീരൻ,
പടുവമരനി ഹനാകും
തൽപാലകനെജ്ജയിച്ചു ശീഘ്രമടക്കി. (൯൮)

ഉടനടക്കാട്ടയിൽ നിന്ന-
ങ്ങോടിയ തത്രത്യദണ്ഡപാലനവൻ താൻ
പടയിതിൽ മുന്നേ വിമുഖൻ
സ്ഥടമായറിയിച്ചു സന്ധിചോദ്യപദാവാം. (൯൯)

തങ്ങളിൽ വിവദിക്കുകയാ-
ലങ്ങു നടന്നില്ല സന്ധിയുടനെന്നാലും
അചിരാൽ, പീഡിതനാകിയ
നേപാളേശന്നു പന്നെയതു സമ്മതമായ്. (൧൦൦)

കാളി നദിക്കു പടിഞ്ഞാ-
റുള്ളൊരു ദേശങ്ങൾ തേരകച്ചുസമേതം
തങ്ങൾക്കെടുത്തു കൊണ്ടു-
ന്നാംഗലരവിടത്തിൽ വെച്ചു റസിഡണ്ടിനെയും (൧൦൧)

ഏവം തത്ര രണത്തിൽ-
ക്കൈവശമാക്കിപ്പുരാണമാം പുരജാലം
നവഹിമതതിയൊഴുകീടും
ഗിരിയതു കൈവിട്ടിതാംഗലേയജനങ്ങൾ. (൯൭)

'മൂലം കേവലമത്ര ജാഹ്നവിവെളുപ്പിക്കുന്നു ചൊൽക്കൊണ്ടതൻ-
കോലം കൊണ്ടു ഹിമാദ്രിയോ പുനരിതിൻമൌലിസ്ഥലം കേവലം'
ആലോചിച്ചടിനവതാംഗലയശശ്ശ്രീയാൾ നിജവ്യാപ്തിയാൽ
ശൈലാധീശനു നൽകി വെണ്മ വിതരാമാമൂലചൂഡം ദൃഢം. (൯൮)

"കണ്ടകശോധനം"

എന്ന

പതിനാറാം സർഗ്ഗം

സമാപ്തം.

പതിനേഴാംസർഗം.

ഇത്ഥം മോയിരവീരസദ്ധതബലം നേപാളഭൂപാലനോ-
ടുത്തുംഗം സമരം തുടർന്നു വിജയം പ്രാപിച്ച വൃത്തം തദാ
ഉത്യന്തം പരിതോഷമോടുടനറിഞ്ഞാംഗ്ലേയഭൂവല്ലഭൻ
ഹെസ്റ്റിങ്സിൻപ്രഭുവെന്ന നൽപദമവന്നൻപോടു നൽകീടിനാൻ. (൧)

ക്ഷോണീഭൃൽകുലമെന്നലിതർഹിമദ്രികുലോഷ്ണീഷരമ്യദ്യുതി-
ശ്രേണീമണ്ഡലമസ്തകം മുതലഹോ! തൽപുത്രിയാം കന്യയാൾ
വാണീടുന്ന സമുദ്രസംഗമിയലും സന്മന്ദിരത്തോളവും
തുണീടാതെ വിളങ്ങി മോയിരമഹസ്സുന്നാളമന്ദാഭമായ്. (വ)

വീരാഗ്രേസരനാമവൻ ദയിതനായ്ത്തീർന്നോരു നേരം മുദാ
ധാരാളം തെളിവോടു സംഘഭരണശ്രീയാൾ നിജാംഗ്രിദ്വയം
പേരാളും നരപാലമൌലികളിൽ വെച്ചുള്ളത്തിലോർത്താൾ പു
രാ
സാരാനന്ദമിയന്ന വെല്ലസലിതന്നാശ്ലേഷസൌഖ്യോത്സവം.
(ന)

ശ്രീമൽഭാരതമേദിനീതലമിദം മുക്കാലുമക്കാലമി-
ദ്ധീമാൻതൻഭരണത്തിലായിതു പരം; ശേഷിച്ച ഭൂപാലരിൽ
ആമോദത്തൊടു കീഴടങ്ങിയധികം പേരും വസിച്ചീടിനാർ;
സാമം പൂണ്ടുടനൊട്ടു ചേർ സമുചിതം കൈക്കൊണ്ടു സഖ്യ
ത്തെയും. (ര)

സാമ്രാജ്യം ദൃഢമേവമാംഗലജനം പ്രായേണ ഭൂയോബലാൽ
സ്ഥാപിച്ചെങ്കിലുമിൻഡ്യയിൽ സമരസംരംഭം നശിച്ചില്ലതാ
ൻ;

ദീർഘാലോചനയുള്ളവർക്കു നവമാം ദേശം പിടിക്കുന്നത-
ല്ലോർത്താലത്രു ലഭിച്ചതിൻഭരണമാണേററം പ്രയാസപ്രദം. (ള)

വീരന്മാർ നരപാലർ വേണ്ടവിധമായ് പാലിച്ചിടുന്നെങ്കിലും
പോരിൽ പാടവമുള്ള ധീരതയെഴും പിണ്ഡാരിമാരായിടും
ചോരന്മാരിഹ സഞ്ചരിച്ചു സുതരാമാംഗ്ലേയഭർത്താവിനാൾ-
ത്താരാളും ഭരണത്തിലുള്ളൊരു സമാധാനം ഹനിച്ചീടിനാർ.
(ഴ)

ഘോരന്മാരവരൊത്തുചേർന്നു പകലാം നേരത്തിലെല്ലാം വനാ-
ഗാരംതന്നിലൊളിച്ചു വാണു നിശയാകുമ്പോളകുമ്പോദയം
ഓരോരോ ധനവൽഗൃഹങ്ങളിലണഞ്ഞേതും മടിക്കാതെ നി-
ഷ്ഠാരുണ്യം ധനസഞ്ചയങ്ങളുഖിലം പാടേ ഹരിച്ചീടിനാർ. (ഴ)

പുത്തർമാംസമതിങ്കലുള്ള കൊതിയാൽ ചെന്നായ്ക്കളെന്നോണമീ
മത്തന്മാർ വഴിപോക്കരായ നിഗമന്മാരോടെതിർത്തീടിനാർ ;
അത്യന്താ വിളുവാൻയയ്ക്കു വിളയാടീടുന്ന കണ്ടങ്ങൾ പു-
ക്കത്തച്ചിൽ ശലഭങ്ങൾ പോലെ വിളുവും നേരേ കവന്നാരഹോ! (വ)

വ്രാത്യന്മാർക്കിവ പുണ്യപാപഭിദയിൽ സഞ്ചിന്തയുണ്ടാകുമോ ?
ചേതസ്സും സാഹസികൾക്കു ഭാവിഗതിയിൽ സ്വാന്തം ഗമിച്ചീടു
മോ ?
ധൂർത്തന്മാർ ഗുണദോഷചിന്ത നിജമാം കൃത്യത്തിലാന്നീടുമോ ?
ഉർജ്ജന്തുക്കൾ വനീകരിച്ചിതവനീഭാഗത്തെയന്നാളവർ. (ൻ)

മുന്നം യാത്രകളിൽ കടന്നിവർ മഹാരാഷ്ട്രേശനായ് വാണിടും
മന്നൻതൻശിഖിരാസ്ഥചാരികളതായ് സഞ്ചാരമാന്നീടിനാർ ;
അന്നാളെന്നുമിയന്നിതുന്നതിയെഴും ജന്യങ്ങൾ ധാരാളമായ് ;
മന്ദം തത്ര മുതിർന്നവന്നിതിവർതൻസന്താനവും മേൽക്കുമേൽ.
(ഠ0)

ഒരംവണ്ണം വഴിപോൽ വളന്നനുപദം പിണ്ഡാരിമാരെന്നലം
ഭൂവിൽഖ്യാതി ലഭിച്ചു മെന്നുഡ്യമിയലും പാഷണ്ഡരായെത്രയും
താവും സംഘബലംനിമിത്തമധികം ദുർദ്ദാന്തരായ് പ്രൌഢി
യാൽ
സാവജ്ഞം ജനപീഡ ചെയ്തവർ ബലാൽ സഞ്ചാരമാന്നീടിനാർ.
(ഠഠ)

പാരം ഘാതുകരെങ്കിലും നിജബലത്തോടൊത്തു സഞ്ചാരമാ-
ന്നോരിക്കൂട്ടരെയന്നു ചേഷ്ടപമഖരാം ഭൂപാലരശ്രദ്ധയാൽ
വൈരം പൂണ്ടു തടുത്തതില്ലുചിതമായെന്നല്ല ദാക്ഷിണ്യമുൾ-
ത്താരിൽ ചേർത്തു തദീയചേഷ്ടയിലഹോ ! മോദിക്കയും ചെയ്തു
തേ. (ഠവ)

ഏവം യുദ്ധമതൊന്നിനന്നു പതിയായ്ത്തീന്നീടിനാൻ സിന്ധു
യൻ,
ഭൂപൻ ഹോല്ക്കരവീരനായിതപരത്തിന്നും തഥാ നായകൻ;
ഒരംവണ്ണം നൃപതിദ്വയാശ്രയവശാൽ കാലേന പിണ്ഡാരിമാർ
ഭൂവിൽ കീർത്തി കലന്ന വർഗ്ഗയുഗമായ്ത്തീന്നിടിനാരേവരും.
(ഠണ)

* ഭൂമീപാലകനിന്നവൻെറ പടയിൽ സാമൎത്ഥ്യസാരത്തിനാൽ
നാമാണെന്നതരെന്നോഹമ്മതിയവൎക്കുണ്ടായി വേണ്ടോളവും ;
ഭൂമീപാലകരോ ബലത്തിനുളവാമോരോ സഹായങ്ങളാൽ
കാമം കുന്നുമടച്ചു വാണിതവർതൻദുർവൃത്തിയിൽ കേവലം.
(൧൪)

അസ്ഥാനത്തിലിവന്നുമാത്മസഖരാം ഭൂപാലർ ദാക്ഷിണ്യമാ-
ന്നൃത്യന്തസ്ഫുടമായ ദോഷമുളവാക്കീടുന്നതന്നേറെ നാം
ഉൾത്താരിങ്കലതോ ! സഹിച്ചിടുവതിന്നാളായതില്ലേതുമ-
സ്സുത്തന്മാർമണി ധൎമ്മലോപചകിതൻ ഹസ്റ്റിംഗസാഖ്യൻ മ
ഹാൻ. (൧൫)

അക്കാലം രണഭംഗമോർത്തു വിമനീഭാവത്തോടേ മേവിടും
നേപാളേശപരമന്ത്രിമാരൊടു നിഗൂഢാലോചനാപൂൎവ്വകം
ദൈവജ്ഞന്മാരൊടെതിൎപ്പുരിനുചിതമാം സഖ്യം നടത്തീടുവാ-
നൾപ്പൂവിങ്കൽ നിനച്ചു സിന്ധ്യനൃപൻ യത്നം തുടങ്ങീടിനാൻ.
(൧൬)

സഖ്യത്തിന്നിവനങ്ങയച്ചു ലിഖിതം ചാരോപനീതം തദാ
ദൈവജ്ഞന്മാരിഹ കാട്ടിരുഷ്ടതയൊടേ ചോദിച്ചിതെന്തിനുടൻ.
ഉൾക്കാള്ളുന്നൊരു ലജ്ജയോടുമനുതാപത്തോടുമസ്സിന്ധ്യനും
സഖ്യത്തെപ്പുരിയോരുടമ്പടികളാൽ ദാൎഢ്യം നയിച്ചീടിനാൻ.
(൧൭)

ഇത്ഥം നൂതനസന്ധിബന്ധനവശാൽ സിന്ധ്യാവനീപാല
(കൻ
ദത്തംചെയ്തുജമീരദേശമുടനങ്ങാംഗ്ലേയസംഘത്തിനായ്,
മുത്തോടായവർ ചെയ്യതിന്നു തുനിയും പിണ്ഡാരിസംഹാരമാം
കൃത്യത്തിൽ സഹകാരിയെന്ന നിലയും കൈക്കൊണ്ടു വേണ്ടും
വിധം. (൧൮)

എല്ലാവൎക്കുമുപദ്രവങ്ങളരുളും പിണ്ഡാരിവൎഗ്ഗങ്ങൾതൻ-
ശല്യം നീക്കുവതിന്നശേഷനൃപരും യോജിക്കുമാറന്നുടൻ
കല്യൻ മോയിരനത്ര സന്ധിയുളവാക്കീടാൻ തുടങ്ങീടവേ
ചൊല്ലാൻനിടുമമീരഖാനവനൊടായ് സഖ്യം നടത്തീടിനാൻ.
(൧൯)

* ഹിന്ദുരാജാവിൻെറ

ഭവ്യം ഹോല്ക്കരഭൂവരാശ്രയവശാൽ മാത്രം ലഭിച്ചുള്ള തൻ-
നവ്യസ്ഥാനമുറച്ചിടുന്നതിനു തൻസൈന്യത്തെ നശിക്കീട്ടിവൻ
അവ്യാജം നിരവേററിനാൻ ബലമെഴും സന്ധാനമന്നാ;-ളിവ-
ന്നവ്വിശത്വമതിന്നു സമ്മരി തെളിഞ്ഞാംഗ്ലേയരും നൽകിനാർ.
(൨൦)

നന്നായാംഗലഭൂപരക്ഷയിലിവന്നുള്ളോരു പിൻവാഴിമാ-
രിന്നും തോങ്കുനഭ്ക്കളെന്നുലകിരിൽ പ്രഖ്യാതരായെത്രയും
ഔന്നത്യത്തൊടു രാജപുത്രധരണീമധ്യസ്ഥരായുള്ള തൻ-
മന്നിൻഖണ്ഡമഹന്ദസൌഖ്യകശവം പാലിച്ചുപോരുന്നതേ.
(൨൧)

കള്ളന്മാരെയടർത്തുവാൻ പടുതയും സർവ്വത്ര വിഖ്യാതാ-
യുള്ളോരുന്നതശക്തിയും കലരുമദ്ദൈവ്യാധിപൻ മോയിരൻ
ആസന്നാവനിപാലരോടിഹ സമാരംഭിച്ച സഖ്യം ക്രമാൽ
ക്രൂസാതങ്ങു കടന്നു ഹോല്ക്കരമഹീപാലാന്തികത്തോളവും.(൨൨)

ചിത്തഭ്രാന്തി പിടിച്ചു തത്ര മൃതനായ് ജസ്വന്തരായാഖ്യനാം
പൃഥ്വീപാല;—നവൻെറ സുന്ദരിമകിച്ചില്ലുന്ന താരുണ്യവും;
ഉൾത്താപത്തൊടു പുത്രരാജ്യമതിനാൽ കൈക്കൊണ്ടു തൽക്കാ
(ന്തയായ്
വർത്തിച്ചുള്ള സമർത്ഥയായ തുളസീഭായീ ഭരിച്ചീടിനാൾ (൨൩)

അന്നാളാംഗലനാഥനോടു വഴിപോൽ സഖ്യത്തിനായാഗ്രഹി-
ക്കുന്നോരായവളെത്തദീയപുതനേശന്മാർ ബലന്മാരഹോ!
ചിന്നീടും ചതിയോടു ചിത്രവധമായീടുന്ന ദുശ്ശേഷ്ടയാൽ
കൊന്നാരും ഗ്രഹിയാത്തരാക്കി നദിയിൽ ക്ഷേപിച്ചു തദ്ദേഹ
(വും. (൨൪)

മന്ദന്മാരവർ പിന്നെ, മല്ലമിഗിതൻസൈന്യികലപ്പിക്കയാൽ
നിന്ദ്യത്വം കലരും നിജായുധഗണം, ദുർദ്ദാന്തരോഷാകുലം
വന്നെത്തുന്ന ദുരാപവീര്യിയലം സംഘീയമായുള്ളൊരാ-
ണ്ടൈസ്സൈന്യത്തിനെതിരായയച്ചു സഹസാ യുദ്ധം തുടങ്ങീടിനാർ.
(൨൫)

സന്മാർഗ്ഗത്തിൽ വസിച്ച പുണ്യവതിയായീടും മഹാരാജ്ഞിതൻ-
നിർമ്മര്യാദവധത്തിനാലതിമഹത്തായുള്ള പാപാന്ധുവിൽ
ഭംഗം പൂണ്ടു പതിച്ചൊരപ്പടകളെബ്ഭസ്മീകരിച്ചാൻ, ക്രമാ-
ലാംഗ്ലന്മാരുടെ ദൃഷ്ടിയും നളികവും പ്രേരിച്ച ഘോരാനലൻ.
(൨൫)

ജസ്വാന്താത്മജനായ മല്ഹരനിതി പ്രഖ്യാതനാം ബാലനിൽ
ചേർത്തിട്ടർപ്പൊടു ഹോൾക്കരസ്വദമുടൻ സന്മന്ത്രിസംഘാന്വി
(തം,

യോജിപ്പിച്ചുഥ സാഹ്യസന്ധിയിലവൻതന്നെ പ്രസന്നാശയൻ
ദൈവോപ്യുത്രൻ റസിഡണ്ടിനേയുമവിടെ സ്ഥാപിച്ചു വേണ്ടും
(വിധം. (൨൭)

വീരൻ ദൈവ്യകുലാധികാരി വഴിപോലാസന്നഭൂപാലക-
ന്മാരോടിങ്ങനെ സന്ധിചെയ്തുഥ മഹാസന്നാഹമാർന്നജസ്വാ
ഹോരം വേട്ട തുടർന്നു ധാർഷ്ട്യമിയലും പിണ്ഡാരിവർഗ്ഗങ്ങളാ-
യോരക്രൂരമൃഗങ്ങളിൽ പല വഴിക്കൊത്തുന്ന സൈന്യത്തോടേ.
(൨൮)

ദൈവോപ്യുത്രന്റെ സമിൽസമിദ്ധതരമാം തോക്കിന്നെഴും വ
(ഹ്നിയിൽ,

സർപ്പൌഘം ജനമേജയാദ്ധ്വരമഹാകുണ്ഡത്തിൽ മുൻപെന്ന
(പോൽ,

ക്ഷിപ്രളാഹംകൃതിയാൻ തസ്കരകുലം ചിക്കെന്നഹോ! വീഴ്ടാ
വീഴ്ടെന്നോടിയണഞ്ഞു വീണിതു ഗുഹാഗേഹത്തിൽ നിന്നാർത്ത
(രായ്. (൨൯)

ദൈവപുത്രന്മാർ നിലയത്തിൽ നിന്നുമകലത്തോടിച്ച പിണ്ഡാ
രിമാ-

രൊപ്പം തങ്ങടെ ജീവരക്ഷയതു താൻ പ്രാർത്ഥിച്ചുവെന്നാകിലും
കെട്ടോടായവരെപ്പുരാ വിരചിതം ദ്രോഹാതിരേകം നിന-
ച്ചുൾപ്പൊങ്ങും പകയോടു ജാനപദരും കൊന്നീടിനാരൊന്നു
(പോൽ. (൩൦)

ആരോടും ബലമോടെതിർക്കുവതിനും, സർവ്വസ്വവും ശത്രുവ-
ന്മാരോടേററു ഹരിപ്പതിന്നധികം പോരുന്ന ധീയ്യത്തിനാൽ
പോരാളന്നൊരു സംഘസൈന്യമചിരാൽ പിണ്ഡാരിവർഗ്ഗങ്ങ
ളതൻ-
പേരും കൂടി ഹരിച്ചു; പിന്നെ വിരവോടന്തം കഥിക്കേണമോ?
(൩൧)

കണ്ടും ദൈവപ്രജനപ്രതാപമിഹിരന്നുള്ളോരു തേജസ്സു ക-
ണ്ടുൾത്രാസത്തൊടു ചിററുവെന്നു വിദിതൻ പിണ്ഡാരിഷണ്ഡാ
ധിപൻ
ശീഘ്രം പർവ്വതകന്ദരത്തിലിരുൾ പോൽ പ്രാപിച്ചൊളിച്ചീ
ടുവ
വ്യാഘ്രം വന്നു പിടിക്കയാൽ നരകലോകത്തിങ്കലെത്തീടി
നാൻ. (൩൨)

ചോരാധീശ്വരനായിട്ടുന്നൊരുപരൻ ഖാരീമനാമാവുടൻ
പാരാതാത്മബലങ്ങളോടു ശരണം പ്രാപിച്ചു ശത്രുവ്രജം
നേരേ ഗോരകമാം പുരത്തെ നവമായ് കൈക്കൊണ്ടു മോദാൽ
സദാ-
ചാരം കൊണ്ടിഹ മാന്യനായ് ചരമമാം കാലം നയിച്ചീടി
നാൻ. (൩൩)

ചാകാതാശ്രയഹീനരായിഹ തദാ ശേഷിച്ച പിണ്ഡാരിമാർ
ചെയ്തുത്തിന്നു ജലാഞ്ജലിക്രിയ കഴിച്ചോരോ കഠോരായുധം
ചാരുശ്രീയൊടണിഞ്ഞിരുന്നൊരു കരാഗ്രത്തിങ്കൽ നിശ്ശങ്കമായ്
സീരം ഹന്ത! വഹിച്ചു കഷ്കപടം കൈക്കൊണ്ടു മേവീടി
നാർ. (൩൪)

ഓരോ ദിക്കിലണഞ്ഞു സംഘബലമീവണ്ണം മഹാദുഷ്ടരാം
ചോരന്മാരുടെ വാശമൊക്കെ വഴിപോലുന്മൂലനം ചെയ്തുവേ
പാരം ദുന്നയമാന്ന പേഷ്വധരണീപാലന്റെ രാജ്യം ദുരാ-
ചാരം കൊണ്ടു നിറച്ചു ദുർമ്മതികളായീടുന്ന തന്മന്ത്രിമാർ. (൩൫)

മുന്നാം ഹോല്ക്കരനോടു തോററൊരവനായ് രാജ്യം സമർപ്പിച്ചത-
ന്യന്മാർമണിയായ വെല്ലസലിയാണെന്നാകിലും സാമ്പ്രതം
മന്നാൻ ഹന്ത! കൃതജ്ഞതാലവമകന്നാരിങ്കലോരാതെ ക-
ണ്ടുന്നിദ്രം ബഹു വൈരമാങ്ഗലജനേ കൈക്കൊണ്ടു താൻ
മേവിനാൻ. (൩൬)

കാൎയ്യം കാണ്മതിനായ മിത്രവരനെസ്സാളിൽ ധരിച്ചീടണം
കാൎയ്യം കണ്ടു കഴിഞ്ഞ ടുന്നപൊഴുതിൽ കല്ലിൽ കടം പോലവേ
വീൎയ്യം കൊണ്ടാ നെത്തകത്തിടണമെന്നുള്ളോരഭിപ്രായമാ-
ണാൎയ്യഃദ്വേഷിയവൻ നിനച്ചതു പുരാ സഖ്യം നടക്കുന്ന നാൾ.
(൩ ൭)

ഗാഢം ഹേ ക്ഷ്ണരഭ്രവരാകുലിതമാം രാജ്യത്തിലാംഗ്ലേയരാം-
പ്പീഡാശാലി വാണിജ്യവേണ്ടവിധമായ് സ്ഥാപിച്ച കാലംമുതൽ
പ്രൌഢത്വം ദൃഢമായിതെന്നിവനഹോ! ചിന്തിച്ചു ദുഷ്ടാശയൻ
ഗൂഢം ദ്രോഹമവൎക്കു തന്നെയനിശം ചെയ്യാൻ തുടങ്ങീടിനാൻ.
(൩ ൮)

ഓരോരോ ചെലവിങ്കൽ നിരിഹിതം ലുബ്ധത്വമാൎന്നും, ധനം
ചോരുന്നോരെയലം കൃപാരഹിതമായ് ഹിംസിച്ചുമീ വ്യംസകൻ
ഭൂരിദ്രവ്യസമാജ്ജനൈകരതനായ് രാജ്യം ഭരിച്ചേററവും
ഘോരാൎത്ഥ ത്രുചികയഞ്ചുകോടിവരെയസ്സാണ്ടാക്കി മോദിച്ചുതേ.
(൩ ൯)

മൂന്നാം ചാൎലസ്സിനെ വാഴിച്ചു നിവസിച്ചുള്ളോരു ദുഷ്ടാശയൻ
നന്നായ് സേവന ചെയ്യുതിങ്കൽ നിപുണൻ ത്രിംബെക്ജിഡേം
(ഗ്ല്യാഹവയൻ
അന്ന്യൂനം നിജദുൎന്നയപ്രകൃതിയാൽ സ്നേഹം വളൎത്തിച്ചിതാൽ
മന്നാൎതന്നെ വശീകരിച്ചു സതതം, തന്മന്ത്രിയായ് മേവിനാൻ.
(൩൦)

സ്വാമിക്കുള്ളതിൽ നിന്നു താൻ ശതഗുണം വൈരം വഹിച്ചീടി
(നാൻ
കാമം ദൈവ്യജനങ്ങളോടു ഖലനായുള്ളോരിവൻ മാനസേ;
നൂനം ഭൂപതി ബാജിരായനമിവൻ ചെയ്യുന്ന ദുൎവൃത്തിയാൽ
വേനോവീശനിലും സഹസ്രഗുണമായ് ദുഷ്ടീൎത്തികൈക്കൊണ്ടുതേ.
(൩ ൧)

സൗഖ്യം സിന്ധ്യഹോൾക്കരേശരൊടു ചെയ്യൻപോടു മുൻപൊന്ന
പോ-
ലൈക്യം കൊണ്ടതിയായ ശക്തിയെ ലഭിച്ചു,-തൃസ്തഗവ്വിഷ്ടരാം
ദൈവ്യന്മാരെയശേഷമാശു ദലനംചെയ്തീടണം പോരിലെ-
ന്നുൾക്കൊണ്ടുവിരുൽ നിനച്ചുകൊണ്ടുടനതിന്നുദ്യോഗമാൎന്നാനവൻ.
(൩൨)

ദ്ദീരാ ചാരുമനോരഥാഭിധരഥം കേറിച്ചരിപ്പാൻ പ്രിയം
ചേരും മർത്ത്യനൊരാശയാം തരു മുളച്ചീടുന്ന മാത്രയ്ക്കു താൻ
വർദ്ധിപ്പിക്കുമനന്തപല്ലവസുമവ്രാതങ്ങളാലെത്രയും;
ദുർന്നാൻ വിധിയോ മുറിയ്ക്കുമതിനെപ്പെട്ടെന്നു മൂലത്തൊടേ.
(൮൩)

പാഥസ്സാശ്രു മരീചികാന്തരമതിൽ പാനം കഴിച്ചീടുവാൻ
ചേതസ്സിൽ ജഡനാഗ്രഹിച്ചതു നടന്നില്ലെന്നതാട്ടേ ഭൃശം;
സ്ഥീതം തൽഫലലാഭമേന്നിടുവതിന്നിച്ഛിച്ചിവൻ കൈവശം
ഹാ! തങ്കീടുമൊരല്പവസ്തുവുമുപേക്ഷിച്ചെന്നതേ ശോച്യമായ്.
(൮൪)

അത്യന്താ ചരലകൌശലം കലരുമിബ്ഭൂപാലനും ഗുജ്ജര-
ക്ഷോണീവല്ലഭനായ ഗേകവരനുമായ് വർദ്ധിച്ചവൈരത്തൊടേ
അത്രാഹമ്മദബാദിനുള്ളധിപതിസ്ഥാനം ഗ്രഹിക്കുന്നതിൽ
ഖദ്ധാടോപമുദിച്ചിതന്നൊരു മഹത്താകും വിവാദാംകുരം.
(൮൫)

ഖേദം തെല്ലുമകപ്പെടാതെയിവനെപ്പാലിച്ചിടാമെന്നു സ-
മ്മോദാലാംഗലസംഘമന്നരുളുവ ഗംഗാധരാഭിഖ്യനാം
ഭൂദേവോത്തമനായ തൻസചിവനെപ്പേഷ്യാവനീശാന്തികേ
വാദം തീർക്കുവതിന്നു ഗേകവരനുപൻ പെട്ടെന്നു വിട്ടിടിനാൻ.
(൮൬)

പാരം രണ്ടു വശത്തുമുള്ളൊരു ജനം പൂജിച്ചിടേണ്ടും വിധം
വീര്യം ചേർന്നിടുമാംഗലാധിപതിയാൽ ദത്താഭയൻ ശാസ്ത്രിയും
സ്വൈരം പാണ്ഡുരപൂരിലുള്ള മുരജിൽക്ഷേത്രത്തിലെത്തീടവേ
ഘോരൻ ഡോംഗലഭൃത്യനേകനവനെക്കഷ്ടം! വധിച്ചീടിനാൻ.
(൮൭)

ജന്മം കൊണ്ടൊരു മേദിനീവിബുധനായ് വൈദുഷ്യവിഖ്യാ
തനാ-
യെന്നല്ലന്നു വിശിഷ്ട ദൈത്യമവലംബിച്ചുള്ളൊരീ മാന്യനെ
പുണ്യശ്രീ പുലരുന്ന മാധവമഹാക്ഷേത്രത്തിൽ വെച്ചീവിധം
കൊന്നാൽ നാസ്തികനാകിലും ഖേദ! സഹിച്ചീടും പുമാനാ
രുവാൻ? (൮൮)

മുഷ്ക്കേറുന്ന കഠോരകൃത്യമിതറിഞ്ഞാംഗ്ലേയസംസ്ഥാപിതൻ
ശീഘ്രം പൂനയിൽ വാണിരുന്ന റസിഡണ്ടത്യന്തകോപ
ത്തൊടേ
ശകുതൻ പേഷ്വസദസ്സിൽ നിന്നിഹ ബലാൽ ത്രിംബക്ജി
തന്നെപ്പിരി-
ച്ചുഗ്രം ചങ്ങലവെച്ചയച്ചു നിജമാം കാരാഗ്രഹത്തിൽ തദാ.
(൪൯)

ചാരന്മാരിലൊരാളണഞ്ഞു ഹയപാലത്വം വഹിച്ചന്നിവ-
ന്നാരാൽ ഗാനമിഷേണ മോചനപഥം ചൊല്ലിക്കൊടുത്താൻ
മുദാ;
ഘോരൻ ഡേങ്ഗലവീരനും രജനിയിൽ ഗ്രുഢം മഹാഭിത്തിയെ
സ്സൈന്യം ചാടിയുടൻ കടന്നിഹ സുഹൃൽപാർശ്വത്തിലെത്തീ
ടിനാൻ. (൫൦)

ഗ്രുഢം പേഷ്വനൃപൻ കൊടുത്ത ധനവും കൈക്കൊണ്ടു പിന്നീ
ടവൻ
വേടന്മാർ നിവസിച്ചിടും കുടികളിൽ സഞ്ചാരമാർന്നജസാ
ധാരാളം ദ്രവിണം കൊടുത്തു പുരുഷന്മാരെത്തരത്തിൽ ഗ്രഹി-
ച്ചീടേറെന്നൊരു സൈന്യമത്ര വഴിപോൽ സന്നദ്ധമാക്കീടി
നാൻ. (൫൧)

ധന്യാത്മാ റസിഡണ്ടറിഞ്ഞിതഖിലം, പേഷ്വാവനീപാല
കൻ-
തന്നോടായ് പരുഷോപദേശമുചിതം ദ്വേഷിച്ചു ഭാഷിച്ചുടൻ
പിന്നീടും നൃപദൂന്യങ്ങളെയകററീടുന്നതിന്നാഗ്രഹി-
ച്ചുന്നീടാനൊരു സന്ധിബന്ധനമവൻതന്നോടു ചെയ്യാൻ നവം.
(൫൨)

മററുള്ളോരവനീശരോടിഹ നൃപൻ സംസർഗ്ഗവും കേവലം
ചെററും ചെയ്യരുതെന്നുമല്ലതിഖലൻ ത്രിംബക്ജിയാം ഡേങ്ഗ
ലൻ
തെററെന്നാംഗലജാധികാരിവശനായ് ബന്ധത്തിലും വാഴണം
കുററം ചെയ്യതിനെന്നിവണ്ണമരിനാൽ സഞ്ജാതമായ് നിണ്ണ
യം. (൫൩)

ധർമ്മത്രസ്തജനങ്ങൾ മാത്രമധികം മാനിച്ചിട്ടും രേഖയാൽ
നിർമ്മിച്ചുള്ളൊരു സന്ധിബന്ധമതിനാലംഗീകൃതം നിശ്ചയം
ചെമ്മേ ചങ്ങല കൊണ്ടു താൻ കരപദം ബന്ധിച്ചിടേണ്ടുന്ന ദു-
ഷ്കർമ്മാസക്തി കലർന്ന പാമരജനം ചൊറും ഗണിച്ചീടുമോ?
(൪൫)

നിർബ്ബന്ധിക്കാ നിമിത്തമാംഗലജനം ചൊന്നോരഭിപ്രായമ-
ന്നപ്പോലെന്നുരചീകരിച്ചു മൊഴിയാൽ മാത്രം മഹീപാലകൻ,
ഉൾപ്പൂവിൽ പുനരന്യമാർഗ്ഗമതു താൻ ചിന്തിച്ചുവെന്നായവൻ
ചില്ലിടത്രു തുടർന്ന വൃത്തി വെളിവായ് കാണിച്ചു ലോകർക്കടൻ.
(൪൬

പിന്നീടാത്മപുരത്തിൽ നിന്നു തരസാ തീർത്ഥാടനം ചെയ്യുതി-
ന്നെന്നുള്ളോരുപദേശമോടു വിചരിച്ചോരോ പ്രദേശങ്ങളിൽ
നന്നായസ്ത്രകലാവിലാസമിയലും നാനാനരന്മാരെയീ
മന്നൻ, തന്നുടെ ഭൃത്യരാക്കിയധികം മോദാൽ മടങ്ങീടിനാൻ.
(൪൭)

ഇത്ഥം തൻനഗരത്തിലെത്തിയുടനേ ദുർഗ്ഗങ്ങളിൽ കേടു തീ-
ർത്തുന്നുംഗദ്ദൃതി ചേർപ്പതിന്നുമതു പോൽ സൈന്യങ്ങൾ ശസ്ത്ര
ങ്ങളും
യുദ്ധത്തിന്നുതകുംവിധം ദൃതമൊരുക്കീടുന്നതിന്നും ത്വരി-
ച്ചത്യന്തോത്സുകനായ് നൃപൻ പലവിധം യത്നങ്ങൾ ചെയ്തീ
ടിനാൻ. (൪൮)

പ്രാരംഭം ബഹു ഗൂഢമാക്കി നൃവരൻ പാലിച്ചുവെന്നാകിലും
പാരം പാടവമാർന്നിടുന്ന റസിഡണ്ടെല്ലാം ഗ്രഹിച്ചിട്ടടൻ
വൈരം പൂണ്ടിഹ മിണ്ടിടാതെ നിജരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളിൽ
സ്വൈരം പൂർണ്ണസമുദ്യമൻ സരഭസം സന്നദ്ധനായീടിനാൻ.
(൪൯)

പൂനാവിൻനികടത്തിലുള്ള ഖഡകിഗ്രാമത്തിലുൾപ്പുക്കടൻ
സേനാസംഹതി വേണ്ടവണ്ണമവിടെ സ്ഥാപിച്ചു നിർബ്ബാധമായ്
നാനാവിഗ്രഹസംവിധാനമൊരുപോൽ ചെയ്താരുമോരാതെയ-
ന്യൂനാശ്ചര്യദബുദ്ധിശാലി റസിഡണ്ടന്ത്രൈവ പാർത്താൻ മുദാ-
(൫൦)

സന്നാഹത്തൊടു സംഘട്ടതനിഹ മേവീടുന്ന വൃത്തം ഗ്രഹി-
ച്ചന്നാൾ തന്നെ രിരിച്ചു ബാജിനുവരൻ സൈന്യങ്ങളോടും ജവാൽ
തന്നോടൊത്തതാരു ഗോഖലാഹ്വയമിയന്നീടുന്ന സേനാധി
പൻ-
തന്നോടും ബഹുരോഷഭീഷണമരിസ്ഥാനത്തിലെത്തീടിനാൻ.
(൯൦)

മൂഢൻ പേഷ്വനൃപന്റെ ഭൃത്യനൊരുവൻ, വാസ്തവ്യഭൂരൻ വസി-
ച്ചീടുന്നോരു പുരോദരസ്ഥനിലയം തത്രൈവ ഹാ! രാത്രിയിൽ
ഗ്രുഢാമർഷഭരം പുരോചനനരക്കില്ലതെ മുൻപൊന്നപോൽ
ഗ്രുഢം ചെന്നിഹ തീ കൊളുത്തി മുഴുവൻ ഭസ്മീകരിച്ചീടിനാൻ.
(൯൧)

ഘോരം പിന്നെ നടന്ന പോരിലിരുപത്തയ്യായിരത്തിൽ പരം
ചേരും ഭൂവരയോധരെസ്സുരഭസം മൂവായിരത്തോളവും
വീരന്മാർ വിജയിച്ചിതാംഗലരുടൻ; പിണ്ഡാരിഹിംസയ്ക്കു വ-
ന്നീടുന്നന്യനമെന്നുകേട്ടു നൃപനും പേടിച്ചു മണ്ടീടിനാൻ.(൯൨)

ചെല്ലും ദിക്കിലശേഷമാംഗലജനം നേരിട്ടു തോല്പിക്കയാ-
ലല്ലൽപ്പെട്ടവനൊട്ടു കാലമുഴറിപ്പാരം പരാധീനനായ്
ചെമ്മേ മാൽക്കമസൈന്യനാഥചരണം വന്ദിച്ചു സംഗ്രാജ്ഞയാൽ
ബ്രഹ്മാവർത്തമതിങ്കൽ വേതനമതും കൈക്കൊണ്ടു താൻ മേ
വിനാൻ. (൯൩)

മുന്നം പേഷ്വകനത്ര സാഹ്ലസചിവസ്ഥാനത്തിൽ വാണീടവേ
ചെന്നത്താൻ മഹിയാക്രമിച്ചതധികം ദുർന്നീതി താൻ നിർണ്ണയം,
അന്യൂനദ്ധി കലർന്ന ഭൂമിയവനിൽ ചേർന്നോർക്കു ചെല്ലേണ്ടതാ-
ണെന്നോർത്താംഗലർ മൂലരാജ്യമരുളീ സ്വാതാരനാഥന്നുടൻ.
(൯൪)

പൂർവ്വം തൻകുലജാതർ വാണ മഹിയെദ്ദാക്ഷിണ്യമോടാംഗല-
ന്മാരന്നേകിയതോർത്തുമന്ദമിയലും പ്രേമാതിരേകത്തൊടേ
ധീരോദാരനവൻ ഗ്രഹിച്ചവരിലുണ്ടായുള്ളൊരത്യാദരാൽ
ഉനരേ വീണ്ടുമവർക്കു തന്നെയതിനെ പ്രത്യർപ്പണംചെയ്തുതേ.
(൯൫)

അപ്പോൾ നാഗപുരാധിപൻ രഘുജിയാം ഭൂപൻ മരിച്ചീടവേ-
യപ്പാസാഹിബമന്ത്രി തൽസുതനു ചെല്ലേണ്ടുന്ന ഭൂവാൻടൻ
ദൈവ്യന്മാരൊടു സന്ധിചെയ്തവരെ വിദ്വേഷിച്ചു താൻ ബാ
ജിയോ-
ടൊപ്പം ദുഷ്ടനനേകകഷ്ടതകളെക്കഷ്ടം! വഹിച്ചീടിനാൻ·(സസ)

രഘുജിപുത്രനെയാംഗലസഞ്ചയം
സഖദി നാഗപുരേശ്വരനാക്കിനാർ;
അവനണഞ്ഞിടവേയമരാലയം,
പുനരെടുത്തവർ കാത്തു മഹീതലം. (സഹ)

അന്നേവംനാലുപാടും മരുവിയൊരു മഹാരാഷ്ട്രഭൂപാലരെത്താൻ
വെന്നൊന്നായ്, വെല്ലസല്യാഹ്വയപടുമതിയാൽ മുന്നമാരബ്ധ
മാകും
സാമ്രാജ്യശ്രീവിവാഹോത്സവമിഹ വിജയാഘോഷപൂർവ്വം മ
ഹാത്മാ
ചെമ്മേ ഹസ്റ്റിംഗസാഖ്യപ്രഭുവരനധികം ഭംഗിയായ് നിർ
വഹിച്ചു. (സവ)

" മധ്യഭാരതോദ്ധരണം ".

എന്ന

പതിനേഴാം സർഗ്ഗം

സമാപ്തം.

പതിനെട്ടാംസർഗം.

ഹസ്റ്റിംഗസൻ വിട്ടൊരു നായകത്വ-
മഥാബ്ദമെണ്ണൂററിരുപത്തിമൂന്നിൽ
സംപ്രാപ്തനാകും പ്രഭുവാമഹ്യഷ്ടൻ
വാണീടിനാൻ വത്സരപഞ്ചകാന്തം. (അ)

സംഘം മഹാരാഷ്ട്രജയം കഴിഞ്ഞു
താകും ശ്രമം തീർക്കുവതിന്നു മുൻപിൽ
കിഴക്കുതെക്കാകിയ ദിക്കിലേല്ക്കു-
ന്നതിന്നു ബർമ്മാപതിയുദ്യമിച്ചു. (ഇ)

മുൻപേയവൻ തൻബലമോർത്തിടാതെ
വൻപേറുമാംഗ്ലേയരെ നിന്ദചെയ്തു
ദീപം ഗ്രഹിപ്പാൻ തുനിയും പതംഗ-
ശാഖത്തിനുള്ളൊരു വിലാസമാന്നു. (ഉ)

ആംഗ്ലേയരുംമദ്ധ്യമഭാരതത്തി-
ലടിയ്ക്കടിക്കുള്ള രണങ്ങളാലേ
വ്യഗ്രാശയന്മാർ ഗ്രഹവീരനായോ-
രിവൻെറ ഗർവം ബഹുനാൾ പൊറുത്തു. (ഋ)

നിസ്സാരയുദ്ധത്തിലനാസ്ഥയാലേ
തൽസാഹസാഗസ്സുകളാംഗലന്മാർ
സഹിച്ചിടുംതോറുമവൻ മനസ്സിൽ
വഹിച്ചു ഗർവം സ്വബലപ്രശംസീ. (ഌ)

ആസന്നമാമാരഖണം ജയിച്ചി-
ട്ടാംഗ്ലേയസംരക്ഷിതമായ് വിളങ്ങും
വംഗാവനിക്കുള്ളൊരു സീമയന്നു
ബർമ്മാധിപൻ ദുർമ്മദനാക്രമിച്ചു. (ൠ)

സംഘാധിപത്യം സുചിരം വഹിക്കും
ബംഗാളരത്നാകരമധ്യവർത്തി
ഷാഹാപുരീദ്വീപവുമാൻ ഭൂപൻ
സുപ്രോരഗത്തിൻമണിയെന്നപോലെ. (൭)

നിർവ്വിഘ്നമുണ്ടായ ജയങ്ങളാലേ
നിജപ്രതാപം വലുതെന്നുറച്ചു
നിസ്സാരരാം ദ്വൈപ്യരെ നിഗ്രഹിപ്പൻ
നിശ്ശേഷമെന്നോർത്തിതവൻ ജഡാത്മാ. (൮)

മദിച്ച ഭൂപൻ നിജദണ്ഡപാല-
നാകും മഹാപെന്ദുലനെത്തദാനീം
അയച്ചു വൈദേശികരെ ക്ഷണത്തിൽ
ബംഗാളിൽ നിന്നങ്ങു ബഹിഷ്കരിപ്പാൻ. (൯)

ആംഗ്ലേയഭർത്താവിനെയാവഹത്തിൽ
ബന്ധിച്ചുകൊൾവാനുതകുന്നവണ്ണം
സ്വർണ്ണത്തിനാൽ രീത്ത വിലങ്ങുമേന്തി-
ത്തുണ്ണം നടന്നാനവനുദ്ധതാത്മാ. (൧൦)

ബ്രഹ്മാവനീപാലകനിത്രുദ്ദുരം
മദിക്കവേ സംഗരസംപ്രയോഗം
അവജ്ഞമായ്ക്കണ്ടുടനാമഹിഷ്ട-
നെതിർക്കുവാൻ സേനയെ വിട്ടു ധീരൻ. (൧൧)

സേനാധിപൻ കാംബലനാമധേയൻ
സമുദ്രമാർഗ്ഗേണ സമഗ്രവീര്യൻ
തിരിച്ചു പൌരാളി നടുങ്ങവേ താൻ
ഹരിച്ചു രംഗ്രുണപുരം തദീയം. (൧൨)

ഇരാവതീനാമസരിത്തിലൂടേ
ത്വരാന്വിതം സഞ്ചരമാണനായി
പുരങ്ങളൊട്ടേറെയവൻ ഹരിച്ചു
നയിച്ചു വഷ്ത്രുവിനേയുമന്നാൾ. (൧൩)

ബമ്മീയസൈന്യങ്ങളടുത്തുവന്നോ-
രാംഗ്ലേയകേതുപ്രഭ കണ്ടു ശീഘ്രം
നിർമ്മത്സരം ഭീതി കലർന്നു മങ്ങി
ഖദ്യോതജാലങ്ങളനൂരുവെപ്പോൽ. (൧൪)

സേനാനിവേശത്തിനു നാലു പാടും
ബമ്മീയക്ഷത്രം മരവേലിയെല്ലാം
തോക്കിൻെറയഗ്രങ്ങളിൽ വാൾ ധരിച്ചി-
ട്ടേല്ക്കുന്നൊരാംഗ്ലേയർ തകർത്തു വേഗാൽ. (൧൫)

ആംഗ്ലേയർ വീണ്ടുത്തൊടണഞ്ഞ നേര-
മരാതിസൈന്യങ്ങൾ വെടിഞ്ഞു വൈരം;
അവർക്കുദിച്ചുള്ളൊരു മത്സരത്തെ-
യകററി വേഗേന ഭയാത്ഭുതങ്ങൾ. (൧൬)

"പിശാചരായോരിവർ മെയ് മുറിഞ്ഞും
ചികിത്സയാൽ കല്പിത പൂണ്ടു വീണ്ടും
വന്നാശു സുപ്തോത്ഥിതർ പോലെയല്ലോ"-
ര്ന്നേവമോരോന്നവരന്നു ചൊന്നാർ. (൧൭)

എന്നാലുമബ്ദത്രയകാലമോള-
മന്നാ രണം നിന്നിതു ഘോരമായി;
ഹതൻ മഹാബന്ധുലനെന്നു കേട്ടു
വണങ്ങി ബമ്മാധിപനും തദാനീം. (൧൮)

ആസാമഖണ്ഡാരഖണ്ഡങ്ങൾ കോടി
ഗ്രുപ്തത്തൊടേയാംഗ്ലജക്കു നൽകി
ഗ്രഹിച്ചു രാജ്യേ റസിഡണ്ടിനേയും
നൃപൻ സമാധാനമിയന്നിതന്നാൾ. (൧൯)

ഭയങ്കരൻ ടിപ്പു തുടങ്ങിയുള്ള
സിംഹങ്ങളെക്കൊന്നൊരവർക്കിദാനീം
ബമ്മേശകീടോന്മഥനം നിമിത്തം
പ്രശസ്തിയെന്തിങ്ങു നിനച്ചിടുന്നോൾ? (൨൦)

എന്നാകിലും, നൂതനമായ് വിവാഹം
കഴിഞ്ഞ സാമ്രാജ്യവിലാസലക്ഷ്മി
വശത്തലായിടുവതിന്നവർക്കു
തുണച്ചിതീ വിഗ്രഹകേളി പാരം. (൨൫)

അല്ലെങ്കിലാംഗ്ലേയർ നയാങ്കുശത്താ-
ലടക്കിയാലും, മദമത്തരാകും
സാമന്തഭൂപാലഗജാധിപന്മാർ
സഹിച്ചുതോ കിഞ്ചന പാരതന്ത്ര്യം ? (൨൬)

എന്നല്ല, യന്നാളവകാശവാദ-
ജന്യത്തിലക്കംബരമീരവീരൻ
ഭേദിച്ചു കാമം ഭാരതാഖ്യമാകും
പുരത്തിലെദ്ദുർഗ്ഗമമായ ദുർഗ്ഗം. (൨൭)

തുരുമ്പുണ്ടാക്കിയടിക്കു, വാനി-
ച്ചൂർണ്ണം നിറച്ചഗ്നി കൊളുത്തിയപ്പോൾ
വജ്രാഹതം പർവതമെന്നാവണ്ണം
പൊട്ടി ക്ഷണം കോട്ടയഹോ! തകർന്നു. (൨൮)

സാലത്തിനുള്ളിൽ കുടികൊണ്ട ദുർഗ്ഗ-
പാലവ്രജം ഹന്ത ! യഥാസ്ഥിതാംഗം
സ്ഥൂലം ശരീരം വെടിയാതെ താനീ
വിചിത്ര യുദ്ധത്തിലണഞ്ഞു വിണ്ണിൽ. (൨൯)

ഈവണ്ണമന്യാദൃശമായ് ജ്വലിക്കും
പരാക്രമത്താലുമലം വിളങ്ങും
നയത്തിനാലും മുഹ്ഹരാമഹ്ഷൻ
സംഘപ്രതാപത്തെ വളർത്തി പാരം. (൨൭)

മദ്ദേശനായ് മുൻപു വസിച്ചിരുന്ന
ബൈന്തിങ്കനാകും പ്രഭു ശാന്തിസൌമ്യൻ
അനന്തരം വന്നിഹ ഭൂമിഭാരം
വഹിച്ചു സംവത്സരസപ്തകാന്തം. (൨൭)

പാരം സമാധാനമിയന്ന രാജ്യം
ധീരൻ പ്രജാപാലനതൽപരാത്മാ
സ്വൈരം പരിഷ്കാരവിശിഷ്ടതന്ത്ര-
സാരങ്ങൾ കൊണ്ടേററമലംകരിച്ചു. (൨൭)

ചണ്ഡത്വമേറുന്നൊരു സംഘതേജ-
സ്സവൻെറ സംസ്കാരവിശേഷമേററ്
ചാണയ്ക്കു വെച്ചീടിന സൂയ്മനെപ്പോൽ
നവീനകാന്ത്യുജ്ജ്വലമായ് ലസിച്ചു. (൨൮)

കല്യാശയൻ ലൌകികവൃത്തിമാത്ര-
മല്ലായവൻ വൈദികവൃത്തിയേയും
ചൊല്ലാന്ന ധർമ്മസ്ഥിതി പാർത്തു പാരം
നല്ലോണമായത്ര പരിഷ്കരിച്ചു. (൨൯)

നിർബന്ധമായി സ്മൃതി ചൊല്ലിടാത്ത
സതീവ്രതം ഭർത്തൃചിതാപ്രവേശം
അവൻ മഹാനിഷ്ഠുര കർമ്മമെന്നു
നിനച്ചു വൈകാതെ നിറുത്തൽചെയ്താൻ. (൩൦)

മദിച്ചു ധൈര്യത്തൊടു വീഥിതോറും
ചരിച്ചഹോ! കൊള്ളയിടുന്ന ഘോരം
ഠഗാഖ്യസംഘത്തെ വധിച്ചു ധീമാൻ
സുഖം നിതാന്തം പഥികർക്കു നൽകി. (൩൧)

ന്യായാധികാരാലയമാന്ന പർഷ്യൻ-
ഭാഷാപ്രചാരത്തെ നിറുത്തൽ ചെയ്തു
മഹാമനസ്കൻ വ്യവഹാരമെല്ലാം
സ്വദേശഭാഷാമയമാക്കിയന്നാൾ. (൩൨)

മൈഗ്ധ്യം കളഞ്ഞുത്തമബോധമേകും
മനോജ്ഞമാമാംഗ്ലഭാഷയേയും
പാഠാലയം തോറുമവൻ പഠിപ്പാൻ
പ്രൌഢാശയൻ വേണ്ട നിയോഗമേകി. (൩൩)

പടന്ന വൈദുഷ്യമെഴും മഹാത്മാ-
വുയന്നൊരുദ്യോഗപദങ്ങൾ പാരം
പ്രജാസുഖപ്രേപ്സയൊടേ മഹത്ത്വം
പെടുന്ന ദേശ്യക്കു കൊടുത്തിതന്നാൾ. (൩൫)

അഥാംഗലദ്വീപഗതാഗതങ്ങൾ-
ക്കെഴുന്ന മാർഗ്ഗം ലഘുവാക്കുവാനും
അവൻ നിനച്ചാനിഹ ചിത്രവേഗം
കലന്ന തീക്കപ്പൽ നടത്തുവാനും. (൩൬)

നൃപാവലീവന്ദിതപാദനായി
നിത്യം നാവത്ഥ്യാദ്യുതനായമന്ദം
മന്ത്രീശ്വരാലോചനയാ നടപ്പോ-
രവന്നു ശക്തിത്രയവും വിളങ്ങി. (൩൭)

പേരാന്നിട്ടും ശാസനപത്രമന്നും
പുതുക്കവേ വൃത്ത്യനുരൂപമായി
പെഗ്ഗരസ്ത്ര്യമിൻഡ്യാക്ഷിതിഭർത്തൃസംഘ-
മെന്നാക്കി സംഘത്തിനു നാമധേയം. (൩൮)

ഏലീസബത്തേകിയ ശാസനത്താൽ
സംഘം വഹിക്കും പണനാധികാരം
അനന്യഭോഗ്യം പുനരന്നു തൊട്ടു
പെഗ്ഗരസ്ത്ര്യദേശത്തിൽ നിവൃത്തമായി. (൩൯)

ഏന്നാലവക്കുള്ളൊരു നായകത്വം
യൂറോപ്യരെല്ലാമിഹ സമ്മതിച്ചു;
ക്ഷയത്തിലും ഹന്ത! വണിക്കുകൾക്കു
ലാഭത്തെ നോക്കാതൊരു കാര്യമുണ്ടോ? (൪൦)

അക്കാലമദ്ദക്ഷിണമണ്ഡലത്തിൽ
മുഷ്ക്കാന്ന മൂഢൻ കുടകാവനീശൻ
ചിത്തഭ്രമത്താലതിദുന്നയം പൂ-
ണ്ടഹോ! ദുഷിപ്പിച്ചിതു രാജ്യമേററം. (൪൧)

സംഘാധിഭർത്താവതിദുഃഖമേല്ക്കും
പ്രജാഗണം ചെയ്തൊരപേക്ഷയാലേ
നൃപാധമൻതന്നെയിളക്കി രാജ്യം
സ്വകീയരാജ്യത്തൊടു ചേർത്തിതപ്പോൾ. (൭൨)

അന്നാളിൽ മൈസൂരിലുമപ്രകാര-
മുന്നതമായ്ത്തീർന്നു ജനപ്രകോപം
അകാലപാകാലിഹ നട്ട ജീർണ്ണ-
വംശാംകുരം ഹന്ത! പതിക്കമൂലം (൭൩)

പ്രായം വരാതങ്ങഭിഷിക്തനായ
നരാധിപൻ നീചവയസ്യവശ്യൻ
അഹോ ! നശിപ്പിച്ചിതു പൂർണ്ണയാഖ്യ-
നാജ്ഞിച്ച വിത്തൈരുഘമപാത്രദാനാൽ. (൭൪)

ധനാലയം ശൂന്യതയാർന്ന പോതിൽ
ജനാശ്രിതശ്രീഹരണം തുടങ്ങി;
ജനങ്ങളും ക്ഷോഭമിയന്നിതപ്പോ-
ളുണർന്നു രാജ്യത്തിനനർത്ഥജാതം. (൭൫)

അയത്നസിദ്ധാസ്പദലോപിയാമീ-
യല്ലൻ നരേശനർത്ഥ വൃത്തി നൽകി
സംഘാധിപൻ രാജ്യമെടുത്തു ധൂർത്ത-
സംഘത്തെ വെച്ചാൻ സ്വയമത്ര ധീരൻ. (൭൬)

സമർത്ഥനാം ഭൂപനതിൻെറ ശേഷം
ജനിച്ച കാലത്തു, തഴച്ച രാജ്യം
കൊടുത്തിതാംഗ്ലേയരവന്നു വീണ്ടു ;—
മെടുത്തിടാ ദത്തധനം മഹാന്മാർ. (൭൭)

സാമന്തതന്ത്രങ്ങളിവണ്ണമന്നു
ചിന്തിക്കവേയബ്ഘനമണ്ഡലത്തിൽ
ശംക്യങ്ങളാകും ചില സംഭവങ്ങൾ
നടന്നതിൽ ശ്രദ്ധ പതിച്ചു സംഘം. (൭൮)

അത്രാംഗലേയക്കളവായതായ
നവാധികാരത്തെയിളക്കുവാനായ്
തേടീടിനാനബ്ഘനഭൂപനോടു
റഷ്യേശനന്നാളൊരു ഗൂഢസഖ്യം. (൯൯)

അവ്വണ്ണമുള്ളോരരിയിങ്കൽ നിന്നു
ഭവിക്കുമാപത്തു തടുക്കുവാനായ്
പഞ്ചാബിലെത്തീട്ടപരാന്തനാഥ-
ന്മാരോടു സംഘാധിപനാൻ സഖ്യം. (൧൦)

അനന്തരം സ്വാമിനിയോഗമൂല-
മവങ്കൽ നിന്നുവ്വിയതിൻെറ ഭാരം
ആക്കുന്ദനാകും പ്രഭുവാഗമിച്ചി-
ട്ടംഗീകരിച്ചാനചിരേണ വീരൻ. (൧൧)

തരം ലഭിച്ചപ്പൊഴതബ്ഘനത്തിൽ
പ്രശുദ്ധമാമക്കലഹം ക്രമേണ
വർദ്ധിച്ചു വർദ്ധിച്ചു പരന്നു ചുററു-
മാസന്നമാമിൻഡ്യയിലേയ്ക്കുണഞ്ഞു. (൧൨)

അഹമ്മദബ്ദാലി നൃപൻ ചമച്ചോ-
രാസിന്ധുകാശ്മീരഗമബ്ഘനോവ്വി
അഷ്ഷാഹഷുജാഖ്യനൃപൻ ഭരിക്കെ
ദ്വൈരാജ്യദോഷത്തിനു പാത്രമായി. (൧൩)

അരാതിസംപീഡനമേല്ക്കയാലേ-
യാംഗ്ലേയരോടായവനാൻ സഖ്യം ;
പാൻ വരിച്ചാനഥ പാരസീക-
സാഹായകം ദോസ്തമഹാമദാഖ്യൻ. (൧൪)

റഷ്യാവനീപാലകചാരരപ്പോൾ
തുരീയമായുള്ളൊരുപായമോടേ
ആംഗ്ലേയരോടബ്ഘനപാരസീക-
ന്മാരിൽ ജനിപ്പിച്ചു വിരോധമേററം. (൧൫)

അനന്തരോർവ്വീശവിരോധമേവം
റഷ്യാവനീപാലകദത്തഹസ്തം
മേലാലനർത്ഥപ്രദമെന്നു കണ്ടു
മാലാന്നിതാക്കുന്ദനമന്ദമന്നാൾ. (൫൩)

ഷൂജനു വീണ്ടും മഹി നൽകുവാനാ-
യിവൻ ഗ്രഹിച്ചാൻ രണജിൽസ്വഖത്വം;
തിരിച്ചതേ സൈന്യവുമബ്ഗ്ലനേന്ദ്ര-
പുരത്തിനായ് കീനടടേന്ദ്രനീതം. (൫൪)

ഹരിച്ച നേരിട്ടവർ സിന്ധുസേനാ-
സമാഖ്യരായ് കന്ദഹാരം ചിരേണ
ഷൂജനു മധ്യേപഥമേകി രാജ്യം
രിപുജ്ജിതം മൂലപുരം ഗമിച്ചു. (൫൫)

സ്വമിത്രമാകും രണജിന്മഹീശൻ
മരിക്കയാലന്നതിഖേദഭാരം
ധരിച്ചോരാംഗ്ലേയഭടക്കു വീണ്ടും
സ്ഫുരിച്ചു മോദം ജയലാഭമൂലം. (൫൬)

ഉദഗ്രയത്നങ്ങൾ നടത്തിയാലും
ദുസ്സാധമാമീ വലുതായ കൃത്യം
എളുപ്പമായാംഗ്ലസൈന്യമേവം
പെട്ടെന്നു സാധിച്ചതതീവ ചിത്രം! (൫൭)

പ്രയത്നമെന്യേ വിജയം ലഭിച്ചെ-
ന്നുദിച്ച കൌതൂഹലഭാരമോടേ
സേനാനികൾക്കായ് വിരുതേറെയന്നാൾ
മാനാവഹം നൽകിയിതാംഗ്ലേന്ദ്രൻ. (൫൮)

നേതാവുടൻ ശത്രുവൊഴിഞ്ഞ ബന്ധു-
മഹീതലത്തിൻപരിരക്ഷണാർത്ഥം
സ്ഥാപിച്ചു വേണ്ടും ബലമത്ര, പിന്നെ-
ജ്ജേഷിച്ചു സൈന്യത്തൊടു താൻ മടങ്ങി. (൫൯)

നിർമ്മോഷ്ടമാം ഭാരതമധ്യദേശ-
മാംഗ്ലേയകന്മാർ ചിലർ കൈവെടിഞ്ഞു്
ഉയന്ന കാബൂൾ നഗരാന്തികത്തെ
പ്രാപിച്ചു വാണാർ സകുടുംബമന്നാൾ. (സന)

സംഘത്തിനീവണ്ണമകാണ്ഡജാതം
ജയം ക്ഷണം താൻ നിലനിന്നുവല്ലോ;
ഗുണപ്രജാച്ഛാദിതമാം കിണററിൽ
മന്ദാശയൻ തുള്ളുവതെത്ര നേരം? (സഖ)

സംഘം ചൊരിഞ്ഞീടിന ഹേമവർഷ-
ടേറോരു മാത്രയ്ക്കിഹ കെട്ടവണ്ണം
ഇരുന്നതാമബ്ഘനവീരതേജ-
സ്സുയന്നു വീണ്ടും തദവർഷമൂലം. (സഗ)

ഒരിക്കലും മുൻപറിയാത്തതാകും
സ്വതന്ത്രതാഹാനിയിലുള്ള ദുഃഖം
സഹിച്ചിടാതായവർ കോപമോടേ
ധരിച്ചു ശസ്ത്രങ്ങൾ പടയ്ക്കൊരുങ്ങി. (സസ)

ഗ്രാമം തോറും തദാനീമധികകുപിതകിൽജ്ജ്വാലിസംഘത്തെ മന്ദം
ദൈവ്യേന്ദ്രൻ ചെന്നടക്കുന്നതിനു തുനിയവേ, മുഖ്യമാം പട്ടണ
(ത്തിൽ
പാരം ക്ഷോഭിച്ച പൌരപ്രകരമനുഗ്രഹം ദൈവ്യരെസ്സംഹരി
ച്ചു;-
രുണ്ടായീലന്നവർക്കോ ശിബിരമരികിലായിട്ടുമേതും സഹായം.
(സ൭)

ക്രോധിച്ചൊരബ്ഘനജനങ്ങൾ പരന്നു പാരം
ബോധിച്ചപോലെ പല ഹിംസകൾ ചെയ്തു ഘോരം
ബാധിച്ചു വാണിജരെയാട്ടി നിജാധികാരം
സാധിച്ചുകൊൾവതിനൊരുങ്ങിയമന്ദവൈരം. (സവ)

മുന്നം ജിതൻ കമതി ദോസ്തമഹാമദാഖ്യൻ-
തൻനന്ദനൻ ത്വരിതമക്ഷരഖാൻ കഠോരൻ
ഉന്നമ്രരായൊരു ജനത്തിനു നാഥനായി-
ച്ചെന്നാംഗലേയശിബിരത്തെയിളക്കിയേററം. (ന്ദൻ)

"ചെയ്യേണ്ടതെന്തു വലുതായിടുമീ വിപത്തിൽ ?;
കാണുന്നതില്ല വഴി ദോഷവിഹീനമൊന്നും ;
ഭക്ഷ്യങ്ങൾ തീരുമചിരേണ, പരുങ്ങുമീ നാ "-
മെന്നേവമോർത്തവരുടൻ പരമൻപരന്നാർ. (൧൦)

മെക്കനാടഖ്യാതനേതാവരിയുടെ ശപഥത്തിങ്കൽ വിശ്വാസമോ
ടേ
സഖ്യത്തിന്നേകനായിത്തടുത്ത രഹസി ചെന്നീടിനാൻ തത്സമീ
(പേ
മുഷ്ക്കേറും ദുഷ്ടനായോരവനഥ കപടം കൊണ്ടിവൻതന്റെ ശീ
(ഷം
ഖഡ്ഗത്താൽ വെട്ടി നീളെത്തെതവുകളിലഹോ ! കാട്ടിനാൻ തു
ഷ്ടിയോടേ. (൧൧)

വീരൻ തെല്ലും സഹിക്കാത്തൊരു കഠിനതയേ-
റുന്നവിശ്വാസഘാതം
നേരേ കണ്ടുഭവമെന്നാകിച്ചുമവനടെ വാ-
ക്കിങ്കൽ വിശ്വാസമോടേ
പാരം മൂഢൻ ഭടേശൻ പരമൊരു പതിന-
ന്നായിരം യോധരോടൊ-
ത്തോരാതജ്ജാത്രുവൻ തൻ ചതി, സപദി മട-
ങ്ങീടിനാൻ മൌനമോടേ. (൧൨)

ദീർഘം ദുർഗ്ഗമമായിടുന്ന വഴിയേയേവം പുറപ്പെട്ട നിർ-
ഭാഗ്യന്മാരവർ വീണ്ടുമെത്തിയ രിപുവ്രാതങ്ങൾ മർദ്ദിക്കയാൽ
ക്ഷിപ്രം പത്നികൾ പുത്രിമാരിവരെയങ്ങപ്പിച്ചഹോ! മൂല്യമായ്
സ്വപ്രാണങ്ങളെവീണ്ടെടുത്തതിഭയത്തോടേനടന്നീടിനാർ. (൧൩)

പിൻപേ പിന്നീടുമെത്തീടിന കൊടിയ രിപു-
വ്യാഘ്രസംഘാതമേററം
വൻപിൽ ധ്വംസിച്ച സേനാപഥനിര സഹസാ
ശോച്യമാം കാശ്യമാന്നു;
വീര്യശ്രീതുന്ന്യനായിട്ടൊടുവിലിഹ ജലാ-
ലാഭ്യദേശത്തിലെത്തി-
ക്കാര്യം ബന്ധുക്കളോടന്നരുളുവതിനൊരാൾ
കേവലം ശിഷ്ടനായി! (൭൯)

" ബാഹ്യാഭിഷംഗം "

എന്ന

പതിനെട്ടാം സർഗം

സമാപ്തം.

പത്തൊൻപതാംസർഗം.

ഏവമബ്ഘ്നഭവം പരാഭവം
കാളിംഗലട്ടജനകന്നുമെത്തവേ
ഉത്തമൻ പ്രഭുവെലിൻബറോ മഹീ-
ഭർത്തൃഭാവയുതമെത്തിനാൻ ജവാൽ. (൧)

പർവതത്തിലുളവായ മാരിയാ-
ലാററിലുള്ളമലവാരിയെന്നപോൽ
അബ്ഘനോദിതവിപത്തുമൂലമാ-
യാംഗ്ലഹൃത്തഥ കലങ്ങിയേററവും. (൨)

ഇൻഡ്യയിങ്കൽ നൃപമൌലിലാളനം
പൂണ്ട വിക്രമയശോഭരം നിജം
നീചനാകബരഖാൻ ദൂഷിച്ചതോ-
ത്താശു രോഷമവരാന്നു ഭീഷണം. (൩)

നഷ്ടസൈന്യകകളത്രസഞ്ചയം
കണ്ണുനീരണിവതിന്നു മുൻപു താൻ
പവിത്രീയഗണശോണിതങ്ങളാൽ
സ്നാനമാടി ബത! വൈരിമണ്ഡലം. (൮)

ഉത്സുകത്വമൊടു യോധരഗ്രിതൻ-
ദ്വാരവീഥികളിലന്നു കൂട്ടമായ്
നിർഗ്ഗമിച്ചതു നിറഞ്ഞുകാണുമാ-
റായി ഹംസനിര പോൽ ഘനത്തുവിൽ. (൯)

മുറവുമാകബരഖാന്റെ സേനയാ-
ലർദ്ദിതൻ ബത! ജലാലപത്തനേ
സേലസംജ്ഞനഥ ദണ്ഡപാലകൻ
ചെന്നു തൽബലമൊടുക്കിനാനുടൻ. (൧൦)

അന്നു കന്ദഹരമുദ്ധരിക്കയാൽ
ഖ്യാതരാമിതരരോടു ചേർന്നിവൻ
ചെന്നിതുഠക്കഖഹമാന്ന കാബുളാം
മൂലപട്ടണമതിങ്കലഞ്ജസാ. (൧൧)

വെട്ടിയോരു തല കാട്ടി വൃത്തികേ-
ടൊട്ടുപാരമരി ചേർത്തൊരാപണം
പുഷ്കരത്തമിവനഗ്നി ചേർത്തുടൻ
ശുദ്ധി പൂണ്ടിഹ വിശുദ്ധമാക്കിനാൻ. (൧൨)

ദാസ്യരീതിയിൽ വിലയ്ക്കു വിൽക്കുവാൻ
ദൂരവേ നഗരബന്ധനാലയാൽ
പ്രേഷിതം സ്വജനബന്ദിസഞ്ചയം
വീണ്ടു ഭൃത്യരെ വശീകരിച്ചിവൻ. (൧൩)

ദുഷ്ടശിഷ്ടമലിനാലയങ്ങളോ-
ടൊത്ത ശത്രുനഗരത്തിലന്നിവൻ
ബന്ധമുക്തദയിതാസമേതനാ-
യുജ്ജ്വലിച്ചു ദശകണ്ഠവൈരി പോൽ. (൧൪)

വൈരശുദ്ധിയെ വരുത്തിയീവിധം
സ്വൈരമാംഗലർ മടങ്ങിനാർ മുദാ ;
അസ്ഥിരം വിഭവമല്ല, നിത്യമാം
കീർത്തി തന്നെ കരുതുന്നു മാനികൾ. (൧൧)

ചെയ്ത കാര്യമതു വേണ്ടതായിരു-
ന്നില്ലയെന്നൊഴമമർഷപാവകൻ
ഉള്ളിൽ വീണ്ടുമവനജ്ജ്വലിക്കയാൽ
വേണ്ടിവന്നു നവമാകുമിന്ധനം. (൧൨)

സ്വവ്യളീകമഭിമാനിതൻമനം
വൈരനിഷ്ഠുതി നടത്തിയെങ്കിലും
മന്യുവൈകൃതവശേന കുണ്ടിടും
വൈരഹേതുവപടത്തിലും ബലാൽ. (൧൩)

അബീഷ്ടനാക്രമണനിഷ്ഫലത്വമോ-
ർത്തെത്രയും കുപിതമാംഗലവ്രജം
സന്ധിദോഷമൊരു ഹേതുവാക്കിയ-
സ്സിന്ധുരാജനൊടെതിർത്തു തൽക്ഷണം. (൧൪)

ഘോരമാംഗലജസൈന്യവിക്രമം
ദീനനാമവനെ വെന്നു സത്വരം ;
സാധുവായിടുമജേ ഗജത്തിനാ-
യോങ്ങിയോരടി ഫലിക്കയില്ലയോ ? (൧൫)

സിന്ധുമേദിനി പിടിച്ചടൻ കട-
നന്ധനായ നരപാലനെബ്ബലാൽ
കാശിയായ നഗരത്തിലാക്കിനാൻ
വീര്യവാരിനിധിയാംഗലാധിപൻ. (൧൬)

സന്തതോദയവശാലനുക്രമം
ബന്ധുരം തദനു സംഗരവിക്രമം
സിന്ധുരാജ്യഹരണം കഴിച്ചടൻ
സിന്ധയാവനിയിലെത്തി ഭീഷണം. (൧൭)

തത്ര ഭൌലതന്നുപൻെറ നന്ദനൻ
പുത്രഹീനതയൊടേ മരിക്കവേ
ബാലയാം മഹിഷി തൽകുലത്തിനായ്
ബാലനേകനെ വരിച്ചു സൂനുവായ്. (൧൮)

ന്യാസരാജ്യപരിപാലനത്തിനായ്
സംഘമേകിയൊരു ഭാരവാഹിയെ
ക്ലൂസൽ വിട്ടവൾ വെടിഞ്ഞു തൽപദം
നൽകിയന്യനു യഥാനിജേപ്സിതം. (൧൯)

ഏവമത്ര കലഹാംകുരം മുള-
ച്ചീടവേ കുപിതനാംഗലാധിപൻ
സത്വരം സ്ഥിതിവിഭേദശങ്കയാൽ
ക്ലൂബ്ലൈസെനികമണഞ്ഞു തൽപുരം. (൨൦)

ആംഗലേന്ദ്രനണയുന്ന വാർത്ത കേ-
ട്ടാഗ്രസിന്ധുവധുവിൻെറ സേനകൾ
ശത്രുഭാവമൊടു പാളയത്തിൽ നി-
ന്നെത്തിനാർ സമരമാടുവാൻ തദാ. (൨൧)

ആജിയന്നധികരോലാരമായ് മഹാ-
രാജപൂരിലുളവായവർക്കടൻ ;
വിഷ്ടരാക്രമണമെങ്കിലും മഹാ-
രാഷ്ട്രഭൂപബലമത്ര തോററുതേ. (൨൨)

അന്നു രാജ്യഹരണത്തിനല്ല പോൽ
ചെന്നതാംഗലജനെന്നിരിക്കിലും,
സിന്ധുവാർത്തയെ നിനച്ചു ശങ്ക പൂ-
ണ്ടേററിതന്യ, രതിനാലെതിർത്തുതേ. (൨൩)

ആജ്ഞ മുഷ്ക്കാടു വെടിഞ്ഞ ധീരയാം
രാജ്ഞിയാർക്കു ഭൂതി നൽകി വേണ്ടപോൽ
രാജ്യഭാരഗതി പുത്രനാക്കിനാൻ
പൂജ്യനായിടുമെലിൻബറോ ജവാൽ. (൨൪)

തോററ സൈന്യമിഹ മേൽ പിണങ്ങി വ-
ന്നേററിടായ്യതിനവൻ മഹാശയൻ
മാററിയായുധഗണം, പിരിച്ച താ-
നേററമാഗ്ര കൃശമാക്കിനാൻ ക്രമാൽ. (൨൭)

ശണ്ഠയിൽ കുതുകമീവിധം സദാ
പൂണ്ട നീതിയെയവൻ നടത്തവേ
ആണ്ടു മൂന്നു തികയുന്നതിന്നു മുൻ-
പാണ്ടു തൽപടമതന്യനഞ്ജസാ. (൨൮)

നാഥരാലധികൃതൻ ശമോത്സുകൻ
സ്ഫീതഭാസുരയശോവിരാജിതൻ
ഹാരഡിഞ്ജനിതി വിശ്രുതൻ മഹാ-
വീരനാം പ്രഭുവഥാഗമിച്ചതേ. (൨൯)

അത്ര വന്നുടനവൻ സ്വകീയമാം
വൃത്തി വേണ്ട വിധമായ് നടത്തവേ
യുദ്ധകേളിരസമായവൻെറയും
ചിത്തരംഗമതിൽ നൃത്തമാർന്നതേ. (൩൦)

പശ്ചിമോത്തരദിശാതലത്തില-
ങ്ങുത്ഭവിച്ച കലഹാംകുരം തദാ
വർഷകാലമതിൽ മേഘമെന്നപോ-
ലുഗ്രവിഗ്രഹമുടൻ പടർന്നതേ. (൩൧)

ശൈത്യവേഗപരുഷാശ്രുഗൌഘസ-
ഞ്ചാരമോടു ശതകോടിപാതവും
സ്കന്ധജാഗ്രദവനീപവൃന്ദവും
ചേർന്നു വന്നു ബഹു ദുർദിനം തദാ. (൩൨)

ധീരനായ രണജിന്നരേശ്വരൻ
വീരനത്രിദിവമാർന്നിടും വിധൌ
തത്ര പഞ്ചനദരാജ്യലക്ഷ്മിയാൾ
നിന്നതില്ലധികനാൾ നിരാശ്രയാ. (൩൩)

സംഘമോടധികമിത്രഭാവമു-
ണ്ടെങ്കിലും സപദി തന്നിഷിദ്ധമാം
വല്ലഭാനുമരണം നടത്തിനാൾ
വല്ലഭകുലതിലകായാമവൾ. (൩൨)

യന്ത്രണാരഹിതമാകയാൽ ബലം
ഹന്ത! തെററിയൊരു രാജ്യമാകവേ
യന്ത്രശില്പമതു പോൽ തകർന്നതേ
മൂലകുഞ്ചിക നശിക്കയാലുടൻ. (൩൩)

ഹന്തകെഴും ഭുജബലം കലർന്നോര-
ഗ്ഗിങ്കിരസൈന്യമിളകിത്തദാ സദാ
പങ്കചേഷ്ടകൾ നടത്തിയേററവും
സങ്കടം ജനതതിക്കു നൽകിനാർ. (൩൪)

വിത്രവും നൃപകുമാരശോണിതം
ചാർത്തിടും തറകളാൻ ദാരുണം
മാംസവിക്രയികുഗേഹമെന്നപോ-
ലായ് വിളങ്ങി ബത! രാജമന്ദിരം. (൩൫)

അത്ര പിന്നെ രണജിത്തിനുള്ളോര-
പ്പുത്രനാകിയ ദിലീപസിംഹനാം
ബാലനമ്മമടിയിങ്കൽ നിന്നു ഭൂ-
പാലനെന്ന നിലയിങ്കൽ നീതനായ്. (൩൬)

അന്നുയന്ന സരദാരരെന്നു പേ-
രാർന്നിടും പ്രഭുജനങ്ങൾ തൽപുരേ
ചേർത്തു ചേലൊടു മഹാജനങ്ങളെ-
ത്തീർത്തു ബാലസസദസ്സു കേമമായ്. (൩൭)

രാജ്യതന്ത്രഭരണം നടത്തുമി-
പ്പൂജ്യസംഘമതിനല്ല കേവലം
മന്ത്രിമാർക്കുമതിധൃഷ്ടയായിടും
ശിങ്കിവാഹിനി വഴിപ്പെടാതെയായ്. (൩൮)

സർവ്വതോമുഖരയം കലന്നോരി-
ശ്ശാരപഞ്ചനദവാഹിനീഗതി
കണ്ടടുക്കൽ മരുവുന്ന ലോകരുൽ-
കണ്ടു പൂണ്ടു നിജനാശഭീതിയാൽ. (൩൯)

ഭംഗമാന്ന നൃപശക്തി ശീഘ്രമീ
വന്നൊരാത്തിയി, ലദമൃവിക്രിയം
സ്വാംഗമായത,-വശിഷ്ടരക്ഷണ-
ത്തിനാവുത്തുകളവാൻ തുനിഞ്ഞുതേ. (൪൦)

മൂലപത്തനവിനാശഭീതിയാൽ
ബാലഭൂപനടെയന്ത്രയാൾ തദാ
മുഷ്ക്ക പാരമെഴുമബ്ബലത്തിനെ-
ട്ടിഗ്ജയത്തിനിഹ വിട്ടു സത്വരം. (൪൧)

അഭ്യുക്തശതമായുധങ്ങളും
ലക്ഷയോധരുമിയന്ന തൽ ബലം
സ്വാംഗലേയവിഷയാന്തരസ്ഥയാ-
മജ്ജുതട്ടുനദിയെക്കടന്നുതേ. (൪൨)

ലോരവീര്യനിധി തേജസിംഹനാ-
യോരു നായകനൊടൊത്തു കൌതുകാൽ
ആശു ദില്ലിയിലണഞ്ഞിടുന്നതി-
നാശയോടവർ നടന്നു തൽക്ഷണം. (൪൩)

ശസ്ത്രശിക്ഷകൾ പരാങ്കിവൃദമോ-
ടൊത്തു ചെയ്തു ബലമൈകമത്യവും
ചേന്ന ശിങ്കിനിരയോടെതിക്കുവാ-
നാന്ന ശങ്കയതിവീരരും തദാ. (൪൪)

നല്ലപോലഹിതയം ബലാൽ ഭവി-
ച്ചില്ലയെങ്കിലവരാക്രമങ്ങളാൽ
ശല്യമേകി വിഹനിക്കുമായിരു-
ന്നല്ലസൽപ്രമദമിൻഡ്യയാകവേ. (൪൫)

തൽബലേശരുടെ ദംഭവൃത്തിയും
രാജ്യവാസികടെ ഭാഗ്യപൂരവും
ആംഗലേയരുടെ വീര്യവും കല-
ന്നാ വിപത്തിനെയൊഴിച്ചു വേണ്ടപോൽ. (൯൯)

ശിങ്കിപണ്ഡികൾ ശതദ്രുവും കട-
ന്നാഗമിച്ചഥ ഫിരോസഷാഹരം
വൻകിടങ്ങു വരണാദിയൊക്കവേ
തീർത്തു പാളയമടിച്ചു നിശ്ചലം. (൧൦൦)

ശത്രുചേഷ്ടകളറിഞ്ഞു സത്വരം
സംഘനായകനയച്ച വിശ്രുതൻ
ദണ്ഡപാലനഥ ഗോഹനാമകൻ
പോയിതന്തപുരപാലനത്തിനായ്. (൧൦൧)

പോകവേ മുടകിയാം പുരത്തിൽ വെ-
ച്ചേററു ഘോരമവനോടു വൈരികൾ;
യാത്രയാൽ വിവശനെങ്കിലും പണി-
പ്പെട്ടു പാരമവനാൻതേ ജയം. (൧൦൨)

സംഘനാഥനമടുത്ത വാസരേ
തത്ര ചെന്നു വിജയാഭിനന്ദിയായ്;
പോയിതായവരരാതിസഞ്ചയം
വാണിടുന്നൊരു ഫിരോസഷാനുടൻ. (൧൦)

വാട്ടർലൂവിലുളവായ സംഗരേ
പണ്ടു വെല്ലസലിപാർശ്വവർത്തിയായ്
ഏൽക്കവേ കുകരനായ്ഭവിച്ചാരി-
സ്സംഘഭൂത്തഥ നയിച്ചു തൻബലം. (൧൦൪)

അന്തരുദ്ഗതസൈന്യപാലനം
ശത്രുസഞ്ചയമൊഴിഞ്ഞു പോകയാൽ
സ്വസ്ഥനായിഹ പടയ്ക്കൊരുങ്ങിടും
നാഥർതൻശിബിരമെത്തിനാൻ തദാ. (൧൦൫)

നൽസമാന്തരചതുർഭുജാകൃതി-
വ്യൂഹമായധികദാർഢ്യമാന്നിടും
ശത്രുവാഹിനിയെ നാലുപാടുമായ്
ചെന്നെതിർത്തു വെടിവെച്ചുകൊണ്ടവർ. (൫൩)

ധൂമമോടു വെടിയുണ്ട ചൂഴവും
വിട്ടിടുന്ന രിപുവിൻബലം തദാ
ചെന്നെതിർപ്പവരിൽ മുള്ളു ചിന്നിടും
ശല്യമോടു സദൃശത്വമാർന്നതേ. (൫൪)

ആംഗലേയരിളകിത്തദാ പരം
ഭംഗമാർന്നവശരായ് വലഞ്ഞുടൻ
ശിക്കിവീരശിബിരാഗ്നികുണ്ഡമൂ-
ട്ടുക്കഹോ! ശലഭതുല്യ പാത്രമായ്. (൫൫)

തള്ളലേററുമഥ നിമ്നഭൂതലം
വെള്ളമെന്ന വിധമാംഗ്ലസേനകൾ
ഉള്ളിലുററ ധൃതിയോടു വൈരികൾ-
ക്കുള്ള പാളയമണഞ്ഞു സത്വരം. (൫൬)

ഊററമുള്ള വെടിയുണ്ട തൻകരം
ചീററമോടണയുമെന്ന ഭീതിയാൽ
ധൂമകാർഷ്ണ്യമിരുൾ കൊണ്ടു ഭാസ്കരൻ
കേമമാക്കിയുടനസ്തമിച്ചുതേ. (൫൭)

ക്രൂരിതട്ടിലധികം വലഞ്ഞഹോ!
വൈരിശസ്ത്രഹതിയും സഹിച്ചു താൻ
കാളുമഗ്രധൃതിയാളുമാംഗ്ളര-
ക്കാളരാത്രിയെ നയിച്ചു കൃച്ഛ്രമായ്. (൫൮)

ഹംസതൂലശയനീയയോഗ്യമാം
തൻശരീരമിഹ സംഘനായകൻ
ചേർത്തു ചോര കലരും രണാംഗണേ
പാർത്തു രാത്രി മുഴുവൻ വിനിദ്രനായ്. (൫൯)

ചാരുസന്നഹനയുക്തയെങ്കിലും
പാരമുൾക്കലഹമാൻ ദീനയായ്
സംഘപൃതുഷരിലേകി വിസ്മയം
ശിങ്കിസംഹതി മടങ്ങി രാവിലേ. (൯൦)

നഷ്ടശിഷ്ടഭടവിഗ്രമേച്ഛയെ-
ക്കണ്ടുടങ്ങിയഥ സംഘനായകൻ
ഊടിയാനയിലണഞ്ഞ തൽബലം
സ്മിത്തിനെസ്സുപടി വിട്ടടക്കിനാൻ. (൯൧)

പിന്നെ വേണ്ട പടയോടവൻ തിരി-
ച്ചാത്മദേശഗതരാം രിപുക്കളെ
പിൻതുടന്നരിശമോടു സോബരാ-
യോനമാം പുരിയിൽ വെച്ചെതിർത്തുതേ. (൯൨)

തണ്ടു തീരമതിലും കിടങ്ങിനോ
ടുച്ചമായ മതിലും, പ്ലവങ്ങളാൽ
പാലവും കലരുമഗ്ഗതട്ടവിൽ
പാർത്തിതായവർ പടയ്ക്കു സജ്ജരായ്. (൯൩)

രാമരാവണരണത്തിലും പരം
ഭീമമായഥ ഭവിച്ച സംഗരം
വാനരാശരബലാതിവീൎയ്യരാം
ദൈവ്യശിങ്കിഭടവീരർതങ്ങളിൽ. (൯൪)

ഘോരഘോരമവർ ചെയ്തിടുന്നൊരി-
പ്പോരു കാണ്മതിനശക്തിയാൻപോൽ
ധൂമികാമയപടം വിടുത്തതി-
ന്നുള്ളിലാശകൾ മറച്ചു തന്മുഖം. (൯൫)

വെച്ചു പാദമൊരുമിച്ചു താനയ-
ന്നാജിഭൂവിലവരും ദിനേശനും ;
മന്ദമായ് രവി കടന്നു വിണ്ടലം,
യോധർ കേവലമൊരേ പടത്തിലും. (൯൬)

പുത്തനായ മഴയാൽ കലങ്ങിയോ-
രശ്ശതദ്രുവിഹ ഘോരമാം രണേ
തീരഭൂവിലൊഴുകുന്ന നിമ്നമാം
ചോരയാലതി വിശാലയായഹോ! (൬൭)

ആംഗലേയനളികങ്ങൾ വിട്ടൊര-
ത്തുംഗമായ വെടിയുണ്ടയാകവേ
സാലഭിത്തിയിലണഞ്ഞിതദ്രിതൻ-
മേലിൽ വൃഷ്ട്യുപലഖണ്ഡമെന്നപോൽ. (൬൮)

ശിങ്കിസൈന്യമൊടു സംഘവാഹിനി-
ക്കുള്ള മുന്നണി കടന്നെതിർത്തുടൻ
ആഴിതൻതിര കണക്കനേകധാ
ഭിന്നമായഥ മടങ്ങി തൽക്ഷണം. (൬൯)

മുന്നമാർത്തിയെ വരുത്തുമെങ്കിലും
പിന്നിൽ യത്നമരുളും ശുഭം ഫലം
എന്നു കാട്ടിയവർ വിണ്ടുമുദ്യമി-
ച്ചന്നു കോട്ടകൾ തകർത്തു ഭീഷണം. (൭൦)

ഛിദ്രമൊന്നു രിപുവിൻെറ പാളയം-
തന്നിലാംഗ്ളരുളവാക്കി ബാഹ്യമായ് ;
ആയതപ്പൊഴുതകത്തനേകമാ-
യുത്ഭവിച്ചു തനിയേയതിസ്ഫുടം. (൭൧)

ത്രസ്തമാൻ രിപുവെന്നു കാണുകയാൽ
തേജസിംഹനഥ ശിങ്കിനായകൻ
പേടി പൂണ്ടവിധമാശു മണ്ടിയ-
പ്ലാവവും സരഭസം തകർത്തുതേ. (൭൨)

ദണ്ഡപാലകപലായനം നിന-
ച്ചന്യനാകിയൊരു വൃദ്ധനായകൻ
ശത്രുവാൻ നിജവീര്യകീർത്തിയെ
പ്രാണനെപ്പുകരമേകി വാങ്ങിനാൻ. (൭൩)

ഭിന്നമായ് ചിതറിയൻപരന്നൊര-
ന്നൈന്യമൊക്കെയഥ ഘോരമായിടും
ദൈവപൂർതൻനളികവഹ്നിതന്നിലും
നില്ലയിച്ചു നദിതൻജലത്തിലും. (൭൪)

രണ്ടുയാമമുളവായ പോരതിൽ
ശിങ്കിമാരിഹ സഹസ്രകാഷ്ഠകം
പൂണ്ടു മൃത്യു ;—വതിൽ നാലിലൊന്നു താൻ
സംഘസൈന്യവുമപായമാർന്നുതേ. (൭൫)

ശിങ്കിമാരുടയ മൂലപത്തനേ
സംഘനായകനണഞ്ഞു സത്വരം
സാഹ്യസന്ധ്യനഗ്രണങ്ങളായിടും
നിശ്ചയങ്ങളൊടു ചെയ്തു സഖ്യവും. (൭൬)

പാർളമെൻറഥ തെളിഞ്ഞു നൽകിടും
നവ്യമായ വിരുതാൻവൻ മുദാ
അഖ്യവേതനമുടൻ ഭടക്കു സ-
മ്മാനമേകി വിജയോത്സവോചിതം. (൭൭)

ശിങ്കിപട്ടിയെയടക്കി ലോകരിൽ
തംകുമാത്തികളൊഴിച്ചു ശാന്തനായ്
വത്സരദ്വയമവൻ നിജപ്രജാ-
വത്സലൻ മഹി ഭരിച്ചു വേണ്ടപോൽ. (൭൮)

അന്നു ഭൂവിനെയവങ്കൽ നിന്നെടു-
ത്തന്യപൂരുഷനിൽ വെച്ചു നായകർ
ചിത്ത മറെറാരു ഫണത്തിലെന്നപോ-
ലാത്തമായൊരു ഫണത്തിൽ നിന്നഹി. (൭൯)

ആധിപത്യ മിതനന്തരം ലഭി-
ച്ചുല്ലസിച്ചു ദലഹൌസിയാം യുവാ
ശോഭനം മുഖപടം ധരിച്ചൊര-
പ്പാകനാശനഗജേന്ദ്രനെന്നപോൽ. (൮൦)

ശിങ്കിനിഗ്രഹവശേന മേലിലേ-
ഴാണ്ടു ശാന്തി നിലനിൽക്കുമെന്നു താൻ
ഹാരഡിഞ്ജനവനോർത്തു ; ശാന്തിയോ
നിന്നതില്ല പുനരേഴുമാസവും. (വ്യ)

ശിങ്കിവീരബലമാംഗലേയർ നി-
ശ്ശങ്കമായപഹരിച്ചു കേവലം ;
എങ്കിലും മനമതിൽ തിളച്ചിടും
ഹുംകു തെല്ലുമവർ വിട്ടതില്ലഹോ ! (വ്യ)

ശിങ്കിദുർഗ്ഗപുരമായിടുന്ന മൂർ-
ദ്ധാനിലപ്പൊളുളവായ് രണാംകുരം ;
ഭൂരിയായൊരു ണഭാരമോർത്തതിൻ-
നായകൻ സ്വയമൊഴിഞ്ഞു തൻപദം. (വ്യ)

സ്ഥാനം വെടിഞ്ഞൊരളവേഷ മൂല-
രാജാഭിധൻ കോപമിയന്നു പാരം
കൊല്ലിച്ചതേ കാണ്മതിനെത്തിയുള്ളോ-
രഗന്ധവാംഗ്ലേയനെ വഞ്ചനത്താൽ. (വ്യ)

" ചണ്ഡാലരീ നാസ്തികർ ശിങ്കിമാരാം
സത്തുക്കളെക്കഷ്ടമമർത്തിടുന്നു "
വ്യ,ന്നോതിടും ഭൃത്യജനത്തൊടൊത്തു
പിന്നീടവൻ കോട്ടയതിങ്കൽ വാണു. (വ്യ)

മൂർദ്ധാനിലേവമുളവായൊരു സംഘവൈരി-
പ്പട്ടാളഘോഷമുടനെങ്ങുമഹോ! പരന്നു ;
മുട്ടാതെ രാജഭവനത്തിലുമാംഗലേയ-
രുട്ടാൽ നിനച്ച ചതിയന്നു വെളിക്കു വന്നു. (വ്യ)

തമ്മിൽ പിണക്കുവതിനേഷണിയാചരിച്ചോ-
രമ്മേദിനീശജനയിത്രിയെയാംഗലേന്ദ്രൻ
കാശീപുരേ തടവിലാക്കിയുടൻ തുടന്നാ-
നേശീടുമുന്നതരുഷാ നവമായ യുദ്ധം. (വ്യ)

വിശ്വസിച്ചു മൂലരാജനുള്ള പാളയത്തിലേ-
യ്ക്കാംഗ്ലേയരന്നയച്ച ശിങ്കിസൈന്യനായകൻ
ഷേരസിംഹനാമകൻ ഗമിച്ചു തത്ര വഞ്ചനാ-
ധീരമാനസൻ വിരോധിയോടിണങ്ങി മേവിനാൻ. (വവ)

വെടിഞ്ഞിവൻ മൂലകരാജനേയും
സംഘാരിയാം തന്റെ പിതാവിനോടേ
നടന്നു പിന്നീടിഹ നാട്ടുകാരിൽ
ദുർബോധനം ചെയ്തുളവാക്കി കോപം. (വ്വൻ)

ഏവം പഞ്ചനദം സമാകുലതയാന്നീട്ടും വിധൌ വീഷനാം
വീരൻ ചെന്നഥ മൂലരാജനൊടു താൻ പോരിന്നെതിത്തീടിനാൻ;
പൂർവം ചേന്ന ജയങ്ങളാൽ പ്രഭുപദം പ്രാപിച്ച ഗോഹാഖ്യനും
നേരിട്ടാനിഹ ഷേരസിംഹനൊടുടൻ മധ്യേപഥം ദാരുണം.
(ൻ0)

വീഷൻ ചെന്നെതിരിട്ടു കോട്ട സഹസാ ഭേദിച്ചതിന്നുള്ളിലു-
ത്തോഷം വിട്ടു വസിച്ചിടും രിപുവിനെബ്ബന്ധിച്ചു, തൽകിങ്കരൻ
പൂർവം കൊന്നൊരഗന്ന്യവിന്നുടലെടുപ്പിച്ചിട്ടു വീരോചിതാ-
ചാരം ചെയ്തുടനേയടക്കിയവർതന്നാസ്ഥാനവേശ്മാന്തരേ. (ൻ.ഥ)

ഗോഹൻ വിട്ടു ഫിറോസു, രാമനഗരം പ്രാപിച്ചു ദീപിച്ചിടും
കോപാലല്ലമിരാവതീതടമതിൽ പോരാടി വേഗാലുടൻ
ചില്ലന്നപ്പാളിലണഞ്ഞു ശാത്രവമഹാസൈന്യങ്ങളാൽ നിർദയം
കല്പൻ കാലന ഘോരമായ ബലിയന്നൊട്ടേറെ നൽകീടിനാൻ.
(ൻ ൨)

വീരന്മാരാംഗലന്മാർ പല കുറി നിഹനിച്ചാപതിപ്പിച്ചു നന്നാ-
യെന്നാലും ശത്രു നേരിട്ടവരുടെ കൊടിയെത്തൊപ്പിയെപ്പുന്തുപോ
[ലെ
ശീഘ്രം തട്ടിപ്പറിച്ചാനതുപൊഴതിലുടൻ രണ്ടു ഭാഗത്തുമുള്ള-
സ്സൈന്യവ്രാതം സമാനം വിജയവെടി മുഴക്കീടിനാരുഗ്രഗർവം.
(ൻ ൩)

മാലോകക്കൊരു ഹാസ്യമായ് നിജയശോരാശിക്കിവണ്ണം തദാ
മാലിന്യം നവമായുടിച്ചതചിരാൽ ഗോഹാഹ്വയൻ വിക്രമി
മാലെന്യേ ഗുജറാറ്റിൽ വെച്ചരികളെ ധ്വംസിച്ച വൻസാഹസ-
ത്താലെന്നന്ത്യമെഴും ജയത്തെ വഴിപോലാഞ്ജിച്ചു മാഞ്ജിച്ചതേ. (൯൮)

ഭേരീനാദവിലാസമോടു സരസം നൃത്തം തുടന്നാരുടൻ
വീരശ്രീ വിലസുന്നൊരാംഗലഭടന്മാരത്ര യുദ്ധാംഗണേ ;
പാരം തോററ രിപുക്കളും ഗുരുവിനാലാദിഷ്ടമാം ശസ്ത്രവും
പാരാതന്നു ശിരസ്സുവും ഭയമൊടേ കൈവിട്ടൊഴിഞ്ഞോടിനാർ. (൯൯)

" ശിങ്കി ദമനം " എന്ന

പത്തൊൻപതാം സർഗ്ഗം

സമാപ്തം.

ഇരുപതാം സർഗം

പേരാൻ പഞ്ചനദമേദിനിയേവമന്നാൾ
വീരാഗ്രഗണ്യനധിനാഥനെടുത്തു പോരിൽ ;
ആംഗ്ലേയഹസ്തമതിലാഗ്ര വരാനിരിക്കും
ദേശങ്ങളിൽ പ്രഥമഭാവമിതാശ്രയിച്ചു. (൧)

മേലിൽ കലക്കമൊരുനാളുമുടിച്ചിടായ്കാ-
നായിട്ടു താനഥ മഹാശയനാംഗലേശൻ
നേരിട്ടു തോററ രണജിൽസുതനുള്ള രാജ്യം
നിശ്ശേഷവും സ്വവിഷയത്തൊടെടുത്തു ചേർത്താൻ. (൨)

അന്നാളിലുന്നതയശോഭരമായനല്ല-
മുന്നത്രകാന്തിയെഴുമിന്ദ്രധനസ്സിനേയും
വെന്നീടുമുജ്ജ്വലമഹാരുചി കോഹിനൂരാ-
കുന്നോരു വജ്രമമലം ദലഹൌസിയാൻ. (൩)

പിന്നീടുരച്ചു പല ഭംഗികൾ ചേൎത്തായി
മിന്നീടുമിസ്സുമണി റാണികിരീടമദ്ധ്യേ
നന്നായണിഞ്ഞു നടനായകമായ് ഭവിച്ചി-
ട്ടിന്നും വിളഞ്ഞൊഴി തെളിഞ്ഞു വിളങ്ങിടുന്നു. (൮)

യുദ്ധത്തിൽ വെച്ചു പല ദുഷ്കൃതി ചെയ്തവൎക്കു
സിദ്ധിച്ചിതന്നുചിതഭാവമിയന്ന ദണ്ഡം ;
ദർപ്പം വെടിഞ്ഞു മരുവും പ്രഭുസഞ്ചയത്തി-
ന്നൊപ്പം നിജാസ്പദവിലോപവുമുണ്ടവിച്ചു. (൯)

വീരൻ സ്വസൈന്യതതിയോടു ഹതാവശിഷ്ട-
ന്മാരായിടുന്ന ചില യോധരെയന്നു ചേൎത്തു
മററാരുമായുധമെടുക്കരുതെന്നു തന്നെ
തെററെന്നു ചെയ്തു നിയമം ശമവാഞ്ഛയോടേ. (൧൦)

കൃഷ്യാശയൻ തദനു നൂതനമായ് ലഭിച്ച
രാജ്യത്തെയാശു പല തോടുകൾ വീഥിജാലം
ഇത്യാദിയായ ജനസുഖപ്രദമായതോരോ-
ന്നത്യാദരേണ വിരചിച്ചു പരിഷ്കരിച്ചു. (൧)

നിസ്സാരമാം നികുതിയൊക്കെ നിറുത്തി ; ഭൂമി-
യെല്ലാം പകുത്തു പുതുതായ് കുടികൾക്കു നൽകി ;
നിസ്തന്ദ്രശീലനവനാൎത്തജനാവനത്തിൽ
വൎദ്ധിച്ച വാഞ്ഛ വഴിപോലെ വെളിപ്പെടുത്തി. (൨)

കന്യാജനം, പെരുകുമെന്ന ഭയത്തിനാലേ
കൊന്നീടുകെന്നതു തുടങ്ങിയ ദുശ്ചരിത്രം
അന്നായവൻ കഠിനശിക്ഷകൾ നിശ്ചയിച്ചി-
ട്ടൊന്നായ് നിറുത്തിയിതു ധൎമ്മജധൎമ്മശീലൻ. (൩)

ഈവണ്ണമുള്ള മഹനീയനയപ്രഭാവ-
ത്താലന്നു പഞ്ചനദമേദിനി മാത്രമല്ല,
കൈവന്ന ഭൂവലിലവും മതിമാൻ മഹത്ത്വം
താവുന്ന മട്ടിലവനാശു പരിഷ്കരിച്ചു. (൪)

എല്ലാവിധം ഭരണതന്ത്രപഥത്തെയും താൻ
നല്ലോണമോർത്തു നവസംസ്കൃതി ചേർത്തു പേർത്തും
ഉല്ലാസമോടവനലം മിനസപ്പെടുത്തീ-
ട്ടില്ലാതെയുള്ള മഹിയില്ലതികല്പശീലൻ. (൧൧)

ഗംഭീരമായ നിനദം, പവനപ്രഭാവം
സ്തംഭിച്ചിടുന്ന രയമെന്നിവയാലനല്പം
ഇമ്പം വളർത്തുമൊരു നൽപുകവണ്ടിയത്ര
മുൻപേ വരുത്തിയതുമിട്ടലഹൌസിയത്രേ. (൧൨)

ചേർക്കേണ്ട വാജി മുതലാം മൃഗമൊന്നിനേയും
മോർക്കേണ്ടതില്ല വഹനീയപദാർത്ഥഭാരം
നോക്കേണ്ട മാർഗ്ഗമതിനുള്ളൊരു ദൈർഘ്യമേവ-
മാർക്കും മനസ്സിലിതു നൽകമനല്പമോദം. (൧൩)

അശ്വാദിഹീനമിഹ യന്ത്രനിയന്ത്രണത്താ-
ലാശ്ചര്യമണ്ടുമതിചിത്രമിതാത്തഗർവ്വം
അശ്വാളി സാരഥിയുമാന്നു ഗമിച്ചിടുന്നോ-
രുച്ചൈസ്സുരാധിപരഥത്തെ ഹസിച്ചിടുന്നു. (൧൪)

ഏവർക്കുമെന്നുമൊരുപോലിഹ ലഭ്യമാമി-
ത്തീവണ്ടിയോടു, മഹിതം സുകൃതപ്രഭാവം
താവുന്ന പൂരുഷനു താനധിഗമ്യമാകും
ദേവൌഘവാഹനമതെങ്ങനെ തുല്യമാവൂ ? (൧൫)

ഒന്നാം തരം ജവമെഴുന്നൊരിതിൽ കരേറി-
ച്ചിന്നും കുതൂഹലമിയന്നു ഗമിപ്പവർക്കു്
മുന്നിൽ ക്ഷണേന വലുതായണയുന്ന ശൈലം
പിന്നിൽ ക്ഷണേന ബഹുകാശ്യമിയന്നു കാണാം. (൧൬)

പിന്നിൽ തൊടുത്തിടുമനേകരഥങ്ങളാലേ
നന്നായൊരംഗശതമാന്നു ഗമിക്കമൂലം
അന്നപ്രഥമാണിതിനെഴുന്ന ശതാംഗനാമ ;—
മന്നൃത്തിനിപ്പുകൾ ചരം പരിഹാസ്യമത്രേ. (൧൭)

ശൈലാന്തികായനതലങ്ങളിലദ്ഭുതാഭ
കോലുന്ന സംഹതി കലന്നൊരിതിൻപ്രഭാവം
നീലാബ്ദമുള്ള ഗഗനത്തിലെഴും വലാകാ-
മാലാവിലാസമതിപേശലമാന്നിടുന്നു. (൧൮)

നാനാജനം, വിവിധമായ പദാൎത്ഥജാല,—
മോരോതരം മുറികളെന്നിവയാൻ, വേഗാൽ
ഓടീടുമാപണമൊടൊക്കുമിതുൾക്കുരുന്നി-
ലേവൎക്കുമത്ഭുതരസത്തെ വളൎത്തിടുന്നു. (൧൯)

ഇന്നപ്പൊൾ വന്നിടുമിതെന്നൊരു ക്ഷുത്തിയുണ്ടു,
കണ്ടിട്ടുമുണ്ടിതിനെ, യെങ്കിലുമാഗ്രഹത്താൽ
മുൻകൂട്ടി നിന്നു പഥി, കണ്ടിതിനെജ്ജനങ്ങൾ
മോദിച്ചു, ചാതകകുലം ജലദത്തിനെപ്പോൽ. (൨൦)

നീതിപ്രഭാവമിയലുന്നൊരു പൌരുഷത്താൽ
ശോഭിച്ചിടുന്ന ദലഹൌസി മഹാനുഭാവൻ
ലോകോപകാരകമുപക്രമമൊക്കവേ താ-
നാകും വിധത്തിൽ വഴിപോലെ നടത്തിയന്നാൾ. (൨൧)

ലേഖ്യാദിസാധനഗണങ്ങളെയങ്ങുമിങ്ങു-
മെത്തിച്ചിടുന്നൊരു തപാൽനിയമം മഹാത്മാ
രാജാധികാരിനിവഹത്തിനു മാത്രമല്ല
ലോകൎക്കുമിങ്ങുതകിടും വിധമേപ്പെടുത്തി. (൨൨)

അന്നേമുതൽക്കതുവശാലിഹ കിങ്കരൌഘം
ലേഖ്യങ്ങൾ പത്രനിര പുസ്തകമെന്നിതെല്ലാം
അന്ന്യൂനവേഗമനിശം നിലയങ്ങൾ തോറു-
മെത്തിച്ചിടുന്നിതൊരു വിഘ്നവുമേശിടാതെ. (൨൩)

അത്യന്തദൂരമതിൽ നിന്നുമയച്ചിടുന്ന
വൃത്താന്തമൊക്കെയതിസത്വരമായ് നയിക്കും
കമ്പിത്തപാലുമിഹ ലോകഗുണൈകലോല-
നൻപൊത്തു ചേൎത്തു ദലഹൌസി മനോവിലാസി. (൨൪)

ദൂരസ്ഥമാം ചരിതമാകെയിതിങ്കൽ നിന്നു
ചാരത്തറിഞ്ഞധികവിസ്മയമാന്ന ലോകം
പാരം തപശ്ശ്രമവശാൽ വരുമെന്നു ചൊല്ലും
ദൂരശ്രുതാടിയിലനാദരമാവഹിച്ചു. (൨൪)

വൻപൊത്തിവണ്ണമതിവേഗമിയന്ന മിന്നൽ-
ക്കമ്പിത്തപാലിഹ പുരംപ്രതി ചേന്നമൂലം
ഇമ്പത്തൊടാളുകൾ വിദൂരഗർതൻചരിത്രം
തൻപത്തനസ്ഥതടെയെന്നതു പോൽ ഗ്രഹിച്ചു. (൨൫)

ലോകത്തിലുള്ള ചരിതങ്ങടെ ബന്ധനത്തി-
ന്നായിട്ടു ചേർത്ത വലുതായ വലയ്ക്കു തുല്യം
സ്തംഭങ്ങൾതൻതലകളിൽ പ്രസൃതങ്ങളാമീ
വൻപാന്ന കമ്പികൾ കടന്നു പയോധിയേയും. (൨൬)

പേരാന്നിടുന്ന പുകവണ്ടി തടിൽപ്രഭാവം
ചേരുന്ന കമ്പിയൊടു ചേന്ന നിരന്തരായം
ദുർവാരമായ് ചിരമിരുന്നൊരു ദേശകാല-
ദൂരത്വമിങ്ങതിതരാം ലഘുവായ് ചമച്ചു. (൨൭)

അന്നാളിവൻ കൃഷിയതിന്നുതകുന്ന മട്ടിൽ
ഗംഗാജലത്തിനെ വഹിച്ചൊഴുകുന്നതായി
തീർപ്പിച്ച ദീർഘതമമായൊരു തോടു പാരിൽ
പേരാന്ന പാരമധുനാപി വിളങ്ങിടുന്നു. (൨൮)

മുന്നം ഭഗീരഥനുപൻ, സഗരൻ കുഴിച്ച
ഖാതം നിറച്ചു ഭുവി ജാഹ്നവിതൻജലത്താൽ ;
ഇന്നീ വിശാലമതിയോ കൃഷി ചെയ്തിടേണ്ടും
ദേശങ്ങളാണിഹ നിറച്ചതുദാരശീലൻ. (൨൯)

ഹൃദ്യാശയൻ തദനു മൂലപുരങ്ങൾ മൂന്നിൽ
വിദ്യാലയങ്ങൾ വിരവോടുടനേപ്പെടുത്തി ;
അദ്യാപി ലോകരവയാലപജാതിഭേദ-
മുദ്യൽപ്രബോധമഹിമാവിയലുന്നുവല്ലോ. (൩൦)

സാരജ്ഞരാകുമധികാരികൾ നിശ്ചയിച്ച-
ള്ളോരോ പരീക്ഷകളിലത്ര ജയിച്ചിടുന്നോർ
നേരേ നിജാധ്യയനലബ്ധകലാനുരൂപം
പാരം പ്രസിദ്ധി കലരും വിരുതാർന്നിടുന്നു. (൩൨)

അന്നീവിധം സുഭഗകീർത്തിയെടേ ചമച്ച
മൂന്നാലയങ്ങളുടെ കീഴിലതിപ്രഭാവം
ചിന്നുന്ന പാഠനിലയാവലിയങ്ങുമിങ്ങു-
മെന്നന്യമാർന്നു വിവിധം സുതരാം വിളങ്ങി. (൩൩)

മാന്ദ്യം കലർന്നൊരു വടക്കളുമിച്ഛയോടേ
ചേർന്നുസിപ്പതിനു താനുതകുന്നവണ്ണം
നന്നായ് ശ്രമിച്ചിഹ ബുധാവലി ഉജ്ജ്വലത്വ-
മാർന്നുള്ള ശാസ്ത്രമഖിലം ലഘുവാക്കിടുന്നു. (൩൪)

ഈർഷ്യാവശാലതിരഹസ്യമിതെന്നു ചൊല്ലി-
പ്പുണ്ടുള്ള സൂരികൾ ചിരേണ ധരിച്ചതാകും
ശാസ്ത്രപ്രബോധമധികാരിവിചാരമെന്ന്യേ
വിദ്യാർത്ഥികൾക്കിഹ സുഖേന കൊടുത്തിടുന്നു. (൩൫)

സംവത്സരംപ്രതി മഹാബിരുദങ്ങൾ പൂണ്ട
സൂരീന്ദ്രരിങ്ങവയിൽ നിന്നു ജനിക്കയാലേ
ശ്രീകണ്ഠനും സുഗതനും ചിരമാർന്നിരുന്ന
സർവ്വജ്ഞനാമവുമഹോ! പലരും ലഭിച്ചു. (൩൬)

ആംഗ്ലേയഭാരതി പടർന്നിടവേ ക്രമേണ
ഗീർവ്വാണവാണിയുടെ കാന്തി കുറഞ്ഞുവന്നു;
രീപ്പെട്ടി വേണ്ട വിധമായി ലഭിച്ചിടുമ്പോൾ
തീയേകിടുന്ന തരുവാരു തിരക്കിടുന്നു? (൩൭)

പേരാർന്ന നൽപ്രകൃതിശാസ്ത്രമുഖങ്ങൾ നവ്യ-
ഗ്രന്ഥങ്ങൾ ദേശ്യബുധവീരരിലും, നിതാന്തം
സാരങ്ങളാമുപനിഷൽപ്രമുഖങ്ങളാംഗ്ല-
സൂരീന്ദ്രരായവരിലും ബഹുമാനമേകി. (൩൮)

പാലങ്ങൾ തോട്ടുകൾ മഹാപഠനാലയങ്ങൾ
ചേലാൎന്ന രത്നകൾ തുടങ്ങിയ ശില്പജാലം
ചാലേ കലൎന്ന വിവിധം വിലസും പ്രഭാവ-
ത്താലേ വിളങ്ങി നവമായഥ ദേശമെല്ലാം. (൩൯)

ഇത്ഥം വ്യയം വിവിധപൂൎത്തവിധാനമൂലം
വൎദ്ധിക്കയാൽ ധനചയം കുറയുന്നതോൎത്തു
അൎത്ഥാഗമജ്ഞമണിയാം ദലഹൌസിയന്നാ-
ളൎത്ഥത്തുന്ന ധൈൎയ്യമൊടു വാങ്ങി കടം മഹാത്മാ. (൪൦)

അപ്പോളിവണ്ണ മുളവായ കടത്തിനാലേ-
യിപ്പോളനേകഫലമിങ്ങു ലഭിച്ചിടുന്നു;
കെല്പാൎന്ന വീരരുടെയുദ്യമമാദ്യകാലം
കൎയ്യേകിയാലുമൊടുവിൽ ശുഭമേകുമല്ലോ. (൪൧)

നൽകുന്നവൻകലധമൎണ്ണഗുണത്തിനാലും
വാങ്ങുന്നവൻകലുരസൎത്ഥഫലവൃദ്ധിയാലും
മോദം വളൎത്തിടുമൊരീയൃണബന്ധനീതി
ലോകൎക്കു ചേൎത്തു നൃപഭക്തിയെയേററമന്നാൾ. (൪൨)

ഇത്ഥം നവംനവമനേകവിഭൂതിജാലം
നിത്യം വളൎത്തി നിജകൌശലവൈഭവത്താൽ
ഉത്തുംഗകീൎത്തിയഭിവൃദ്ധിയുമാംഗലേശ-
നദ്യൽപ്രതാപമിഹ ഭാരതഭൂവിനേകി. (൪൩)

സദ്വൃത്തിയും നയവുമാൎന്നവനന്നിവണ്ണം
പാലിക്കവേ മഹി സനീതിയനീതിയായും
ദുഃഖങ്ങളോടു രഹിതത്വവുമപ്രകാരം
കൈക്കൊണ്ടഹോ! നരഹിതത്വവുമുജ്ജ്വലിച്ചു. (൪൪)

ഉല്ലാസമോടമലകീൎത്തിവിലാസരമ്യം
ചൊല്ലാൎന്നിടുന്ന ദലഹൌസി ഭരിച്ചിടുന്നാൾ
ഇല്ലാതെയായരിപരാഭവമത്രയല്ല
പൊല്ലാത്ത ദുഷ്ടനിവഹങ്ങളുമസ്തമിച്ചു. (൪൫)

എന്നാകിലും നൃപകലക്ഷപണം നിമിത്തം
കന്നിച്ച ദൂഷണവശാലവനുള്ള കീർത്തി,
ഭംഗങ്ങളാൽ മലിനമായി മനോഹരശ്രീ
തിങ്ങുന്നതായ നളിനിക്കു സമം വിളങ്ങി. (൭൯)

നിർമ്മായശൌര്യനവനങ്ങനെ വാണിടുന്നാൾ
ബർമ്മാവനീരമണനോടു രണം നടത്തി
നിർമ്മൂല്യസസ്യസുഭഗം പിഗുനാമധേയം
തന്മേടിന്തലമുടൻ തരസാ ഹരിച്ചു. (൮൦)

പിന്നീടു ഭോസലകുലത്തിനടിച്ചതായോ-
രന്യൂനമാം ക്ഷയമറിഞ്ഞതിവീര്യശാലി
ചെന്നങ്ങു നാഗപുരദേശമുടൻ ഗ്രഹിച്ചു
മന്ദേതരം നിജമഹീതലമോടു ചേർത്തു. (൮൧)

ആയാസഹീനമഥ കോസലഭൂമിപാല-
നായുള്ള ദുർബലതയാൻ നഭാവിയേയും
പായിച്ചു വെല്ലസലിവീരഹതാവശിഷ്ട-
മായോരവന്റെ മഹിയെ പ്രസഭം ഹരിച്ചു. (൮൨)

മുന്നം മുദാ, രഘുജിതൻവിജയത്തിൽ, മാനീ-
ച്ചാംഗ്ലേയരേകിയ വിദർഭധരാതലത്തെ
അന്നാൾ വളർന്ന കടമാകെയൊഴിപ്പതിന്നായ്
തന്നാഥനാന്ധ്രപതി വീണ്ടുമവർക്കു നൽകി. (൮൩)

നിർഗ്ഗ്രാമപരദേശ്യധരാധിപന്മാർ
വാണുള്ള ദേശനിവഹങ്ങളുമസ്തശങ്കം
കൈപ്പേറിടുന്ന ദലഹൌസി ഹരിച്ചു നൈജ-
ക്ഷോണീവിഭാഗമതിവിസ്തൃതമായ് ചമച്ചു. (൮൪)

മല്ലാടുവാനവസരം ദലഹൌസിവീര-
ന്നില്ലാതെയില്ലൊരിടമായതു മൂലമന്നാൾ
ഉള്ളം തളർന്നവശരായവനീശരെല്ലാം
കുള്ളിന്നു മേൽ മരുവിടുന്നതു പോലെ വാണാർ (൮൫)

നാനാവിധം ജനനിപീഡനമത്ര കണ്ടു-
ന്യൂനപ്രകോപവശനീ വിബുധാധിനാഥൻ
സ്ഥാനം വെടിഞ്ഞു നിജപക്ഷമണച്ച ഭൂഭൃൽ-
സംഘത്തിനന്നരിയ പക്ഷവിനാശമേകി. (൫൯)

ചൊൽക്കൊണ്ട വെല്ലസലി വേണ്ടവിധം നിനച്ചു
വിക്രാന്തിനീതിയതു താൻ ശുഭമെന്നുകണ്ടു
സ്വാതന്ത്ര്യമത്തനരപാലകുകുഞ്ജരക്കു
സാഹായ്യസന്ധിമയശൃംഖല വെച്ചു മുന്നം. (൬൦)

ഉദ്ദിഷ്ടമാകിയ ഫലത്തെയതേകി,—യെന്നാ-
ലുണ്ടാക്കിവെച്ചു വലുതാകുമനർത്ഥജാലം ;
അന്നിഗ്രഹത്തെയൊരനുഗ്രഹമെന്നു തന്നെ
മന്ദത്വമാർന്ന നരപാലർ ഗണിച്ചുവല്ലോ. (൬൬)

കുക്ഷിംഭരിത്വമെഴുമായവ, രത്തൽ വന്നാൽ
പാലിച്ചിടുന്നൊരു സുഹൃത്തുളവായ മൂലം
ഭോഗ്യം മഹീതലമശേഷമുടൻ മുടിച്ചാർ
പണ്ടഗ്നി ഖാണ്ഡവമഹാവനമെന്നപോലെ. (൬൭)

അപ്പിച്ചു സന്ധിസമരങ്ങളെയസ്സുഹൃത്തിൽ
ബാഹ്യാന്തരാരിഭയലേശവിഹീനരായി
സ്വാർത്ഥൈകതൽപ്പരതയോടവർ ശകുനിപോലെ
നിത്യം മുതിർന്നു പരപീഡനമാചരിച്ചു. (൬൮)

കാലക്രമേണ വലുതാകിയ ദോഷമേവം
കോലുന്നൊരന്നയപഥത്തെയുടൻ വെടിഞ്ഞു
ആലോചനാപടുവവൻ വിഷയങ്ങളെല്ലാം
പാലിപ്പതിന്നഥ മുതിർന്നു തുനിഞ്ഞു താനേ. (൬൯)

ക്ലൈവൻ കുറിയടിച്ചതായി വഴിപോൽ
നൂററാണ്ടു മുൻപേ, പുനഃ
കല്യൻ വെല്ലസലീശ്വരൻ മുറികുപ്പെ-
ച്ചേലോടു ചേർത്തുള്ളതായ്,

ശ്രീഹസ്റ്റിംഗസസ്സററ ഭംഗിയിൽ വിതാനി-
ച്ചുള്ള സാമ്രാജ്യമാം
ഹർമ്മ്യത്തിന്നിഹ പാലുകാച്ചു ദലഹൌസ്യാ:
ഖ്യൻ നടത്തീടിനാൻ. (ദ്വൻ)

കോപിച്ചുള്ള ഭടാളി തമ്മിലുതിരം കോരിച്ചൊരിഞ്ഞീടവേ
വേണ്ടുംവണ്ണമിതിന്നു വാസ്തുബലിയും പിന്നീടു നിർവ്വൃത്തമായ് ;
കൌശല്യം കലരും നിജപ്രജകൾ നിർമ്മിച്ചുള്ളൊരീ മന്ദിരേ
വേശിച്ചാളഥ നന്നുഹൃത്തമതിലാ വിക്ടോറിയാ ശ്രീമതി. (ന്ന)

" ദലഹൌസിവിലാസം "
എന്ന
ഇരുപതാം സർഗ്ഗം
സമാപ്തം.

ഇരുപത്തൊന്നാംസർഗ്ഗം.

മാനം കലർന്ന ദലഹൌസിയൊഴിഞ്ഞ ഭാരം
കാനിംഗനാം പ്രഭുവനന്തരമാവഹിച്ചു
ചേണാന്ന സന്ധ്യയതിലംബുജബന്ധുവിങ്കൽ
വാണുള്ള രശ്മിനികരത്തെ വിളക്കു പോലേ. (ഫ)

ഇംഗ്ലണ്ടിൽ വെച്ചു പല കാര്യധുരന്ധരത്വം
പ്രാപിച്ചു പൌരുഷമിയന്നൊരവൻ മഹാത്മാ
ഇൻഡ്യാപരിഷ്കരണപൂർത്തി വരുത്തുവാനായ്
നിർണ്ണീതനായിതധികാരികളാൽ സമോദം. (വ)

ദുർവ്വാരമായ് ദുരവഗാഹതയാന്ന ദൈവം
കൈക്കൊണ്ടിതന്നിഹ പരം പ്രതികൂലഭാവം ;
അല്ലെങ്കിലായവനമന്ദമധീശ്വരാജ്ഞ-
യെല്ലാം തുനിഞ്ഞു നിറവേററിടുമായിരുന്നു. (ന)

കാര്യക്കുന്നതിന്നു തുടരും കൃഷി കണ്ടു മോദി-
ച്ചോക്കുന്നു കൃഷ്ണകനനേകമനോരഥങ്ങൾ ;
വായ്ക്കുന്ന വന്മഴയകാലമതിൽ ചൊരിഞ്ഞു
ചെക്കുന്നുതേ ബഹുജലപ്രളയം തദാനീം. (൧)

ആയാസമാൻ ദലഹൊസി ചമച്ചു ശാന്തി-
യുണ്ടാക്കി പിന്നെയതിലാരുണമാമനാഥം ;
മിന്നൽപ്രകാശമുടനേയിടിനാദമോടു
ചേർന്നുള്ളൊരന്ധതമസത്തെ വരുത്തുമല്ലോ. (൪)

മാരം വെടിഞ്ഞു ദലഹൊസി തിരിച്ചു രണ്ടു
സംവത്സരങ്ങൾ തികയാതെയിരിക്കവേ താൻ
ആംഗ്ലേയകൾക്കു നവമായിഹ സിദ്ധമായോ-
ത്തെശ്വര്യവൃദ്ധി ചുവടേയിളകിത്തുടങ്ങി. (൫)

അത്യന്തദൂരമതിൽ നിന്നിഹ വന്നുചേർന്നി-
ട്ടത്രത്യരായവരിലാത്മഭടത്വമേകി
രാജ്യം വഹിച്ചിടുമിവർക്കിയലുന്ന ശക്തി
നിശ്ശേഷവും നിജചമൂബലമൂലകം താൻ. (൬)

സൈന്യങ്ങളാകിയൊരു ഹിന്ദുതുലുഷ്കലോകം,
തൻനാഥരാകുമിവരന്നവിചാരപൂർവം
നിർമ്മിച്ച രീതി മതദൂഷകമെന്നു കണ്ടു
കുന്നിച്ച കോപഭരമോടിളകിച്ചുമഞ്ഞു. (൭)

ഇക്ഷോഭഹേതു പലരും പല മട്ടു ചൊല്ലു-
ന്നുണ്ടെങ്കിലും പരമിതായിതു ഹേതു സാക്ഷാൽ ;
ദുഷ്ടത്വമന്നു ദലഹൌസികൃതം നിമിത്ത-
ഹേതുത്വമേ പുനരിതിങ്കൽ വഹിച്ചതുള്ളൂ. (൮)

സന്താനഹീനത കലർന്ന നൃപക്കു ദത്ത-
സന്താനകല്പനമിവൻ തരസാ തടുത്തു ;
ഹന്താതിതുഷ്ണയെഴുമീ നിയമം നിതാന്തം
സന്താപദം ബഹുജനങ്ങൾ സഹിച്ചതില്ല. (൯)

സാമന്തഭൂവരരിൽ നിന്നുമൊരേ പദത്തിൽ
ഭൂമീതലം നിഖിലമേഷ ഹരിക്കമൂലം
ചൊൽക്കൊണ്ടൊരാംഗലജനങ്ങളിലുററ ശക്ത
ക്കൈക്കൊണ്ടിതന്നു ബഹുധാ നരപാലകന്മാർ. (൧൧)

രാജാധികാരമതിൽ നിന്നു ബലാൽ പരാസ്ത-
ന്മാരായ ഭൂരിനരപാലരിൽ വെച്ചു പാരം
കോപാതിരേകവശരായവർ വൈരശുദ്ധി
ചെയ്യുന്നതിന്നു തരവും നിരൂപിച്ചു വാണു. (൧൨)

പെട്ടെന്നു തന്നെ രിപുവോടു പിണങ്ങുവാനായ്
കോപിച്ചു കോസലനഭാവു തുനിഞ്ഞു വീരൻ;
ഒട്ടേറെ രോഷമൊടു പേഷ്വജനായ നാണാ-
സാഹിബ്ബുമന്നെതിരിടുന്നതിനായ് മുതിർന്നു. (൧൩)

ദില്ലീശവൃദ്ധനൃവരൻ, നിജസന്തതിക്കു
ചെല്ലേണ്ടതായ നൃപശബ്ദമെടുത്തമൂലം
ചൊല്ലേറുമാംഗലവരന്റെ നവപ്രഭാവ-
മില്ലായ്മചെയ്യതിനു ഗൃദ്ധതരം ശ്രമിച്ചു. (൧൪)

അന്യന്റെഴന്നൊരു മനോഹരമാം മഹത്ത്വ-
മന്യൂനമീഷ്യയിതരക്കളവാക്കുമല്ലോ;
എന്നാലതൊട്ടധികമാളുകളാഗ്രഹിച്ചും
കിട്ടായ്ക്കു കൂടി വരികിൽ, പുനരെന്തു ചൊൽവൂ? (൧൫)

മാത്സര്യമേവമുളവായ് വളരും തുലുഷ്ക-
മാരാഷ്ട്രസംഘവരരന്നരവേലമേററം
വർദ്ധിച്ചുവന്നിടുമൊരാംഗലജാധിരാജ്യ-
സമ്പത്തു തെല്ലുമകമേ വിഷഹിച്ചതില്ല. (൧൬)

തുലാത്തി പൂണ്ടൊരവർ, തമ്മിലിയന്ന വൈര-
മെല്ലാം കളഞ്ഞരിയ വൈരികരത്തിൽ നിന്നും
മെല്ലേ നിജാംശമഥ വീണ്ടുമെടുത്തുകൊൾവാ-
നുള്ളൊരുപായമുടനൊത്തു നിനച്ചു ഗൃദ്ധം. (൧൭)

ലക്ഷ്മീവിലാസരസപേശലമാംഗലന്മാ-
രക്ഷീണമാം മുദമിയന്നു വസിക്കമൂലം
ഇക്ഷ്വാണിപാലരുടെ ചേഷ്ടകളല്ലവും താൻ
വീക്ഷിച്ചതില്ലൊരു വിശങ്ക വഹിച്ചുമില്ല. (൧൫)

ക്ലേശിച്ചലഞ്ഞു പലനാൾ, പുനരാത്മഹസ്തം
പ്രാപിച്ച ലക്ഷ്മിയെയലം ചരിതാർത്ഥഭാവാൽ
ലാളിച്ചിടുന്നതിനലംകരണങ്ങൾ കൊണ്ടു,
ഭാവിച്ചു വാണിതവർ നിർമ്മലമാനസന്മാർ. (൧൬)

രാജ്യം ഹരിച്ചിതവർ തങ്ങടെ പൌരുഷത്താ,-
ലെന്നാലതിന്നു ചുവടേതുമുറച്ചതില്ല;
അത്രത്യയോധരധികം കലരുന്നതായ
സൈന്യത്തിലാണതിനെഴും നിലനിൽപ്പുമപ്പോൾ. (൧൭)

എന്നല്ല; വാരിനിധിതൻെറ തടത്തിലുള്ള
ബർമ്മാ തുടങ്ങിയ വിദേശമതിങ്കൽ വീണ്ടും
പോകേണ്ടിവന്നതിൽ വിരക്തിയുദിച്ചിതന്നാൾ
സേനാംഗമാം ഭിജകുലത്തിനുമുള്ളിലല്ലം. (൧൮)

ഏവം തദാ വിവിധമായ വിരോധഹേതു-
ജാലം ഫലോന്മുഖതയാൻ മുതിന്നുമൂലം
ആവിർഭവിച്ചു സഹസാ ബലകോപരൂപ-
മാകും മഹാദുരിതമിങ്ങതിഘോരമായി. (൧൯)

തോക്കിൻെറ മാതിരി പുതുക്കിയതോട്ട കൂടി
ശ്ലാഘ്യകരങ്ങടെ കൊഴുപ്പുകൾ തേച്ചതാകും
തോട്ടാ ഭടക്കിഹ കടിച്ചു തുറന്നിടേണ്ട-
തായുള്ള സംപുടമൊടൊത്തു നടപ്പിലാക്കി. (൧൯)

ഉണ്ടായൊരപ്രിയമിദം ചെറുതെങ്കിലും താ-
നുണ്ടാക്കി സേനകളിലാശു സമാകുലത്വം;
വർദ്ധിച്ചു വേനലിലുണങ്ങിയ കാടശേഷം
കത്തുന്നതിന്നു ചെറുതീപ്പൊരി പോരുമല്ലോ. (൧൧)

തക്കം തിരക്കി മരുവുന്ന രിപുക്കളപ്പോ-
ളുൾക്കാമ്പിലുന്നതകുതൂഹലമാൻ ചെന്നു
ചൊൽക്കൊണ്ട സൈനികജനത്തെയുടൻ നിഗ്രഹം
നൽക്കൈശലം കലരുമേഷണിയാലിളക്കി. (൨൪)

"വാണിജ്യദംഭമൊടു വന്നിവർ വഞ്ചകന്മാർ
വാണീടുന്നു നമ്മുടെ ധനം സകലം കവർന്നു,
തൃപ്തിപ്പെടാതെയിനിയും ബത! പാരസീക-
ചീനങ്ങളാന്നിടുവതിന്നു തുനിഞ്ഞിടുന്നു. (൨൫)

അക്കാര്യസിദ്ധിയതിനാ, യിവർ, ദൂരദേശേ
പോകാൻ മടിക്കുമൊരു നമ്മുടെ നാട്ടുകാരെ
സൈന്യങ്ങളാക്കി നിജമായ മതത്തിലിപ്പോൾ
ചേർക്കുന്നതിന്നു ചതിയോടു തുടങ്ങിടുന്നു. (൨൬)

യൂറോപ്യഖണ്ഡഗതുലുഷ്കമഹീശനായ
സുൽത്താനൊടുണ്ടതിവിരോധമിവർക്കു പണ്ടേ ;
മാത്സര്യമേറുമിവരായതിനാൽ മുതിർന്നു
മാഹാമദം മതവുമിന്നു ദൂഷിച്ചിടുന്നു. (൨൭)

നമ്മെ സ്സ്ഥടം പരിഹസിപ്പതിനല്ലയെന്നാ-
ലിമ്മട്ടിലെന്തിനിവർ ചെയ്യുന്നു ദുഷ്കൃതങ്ങൾ ?
തെളുഷ്കഹൈന്ദവമതക്രമസാരമിന്നു-
മീനാസ്തികക്കറിവതിന്നെളുതല്ലയെന്നോ ?. (൨൮)

തോട്ടാ വഴക്കുവതിനായ് വസതന്നെ വേണം
ഗോസ്തുകരാമിഷമശുദ്ധമതിന്നു വേണം
ദംശിച്ചുവേണമതു ചേർപ്പതുമോർത്തുകണ്ടാൽ
നിർബന്ധമിന്നിവരെടുത്തതു നിശ്ചയം താൻ." (൨൯)

ഇത്ഥം മഹാകുടിലഗാമികളാം ദ്വിജിഹ്വ-
രൊത്തന്നു ചെയ്ത കഠിനശ്രുതിദംശനത്താൽ
പുത്തൻ നരേന്ദ്രരുടെ കൌശലമേററിടാതേ-
യത്യന്തനിസ്സഹമനസ്കരായ് ഭടന്മാർ. (൩൦)

വംഗത്തിലാദ്യമുളവായ ബലപ്രകോപം
തുംഗത്വമാർന്നഥ ഭയങ്കരമായ് പടർന്ന,
അംഭസ്സിലെണ്ണയതുപോലതിദൂരെയുള്ള
ദേശങ്ങൾ തോറുമിഹ ശീഘ്രതയോടണഞ്ഞു. (൩൨)

അന്നാളിലുഗ്രമൊരുടമ്പടിയെക്കുറിക്കും
നാനാവിധാകൃതിയെഴും പലഹാരജാലം
ഉൽപാതസന്നിഭമുദിച്ചുടനെങ്ങു നിന്നോ
നാട്ടിൽ പരന്നരിയ നാശഭയം വളർത്തി. (൩൩)

ഭീമപ്രകോപമിയലും ഭടരെത്തടാനീ-
നീതിപ്രയോഗവിധി കൊണ്ടു ശമം നയിപ്പാൻ
കാമം ജരാവതരണാവശരായ സൈന്യ-
സ്തോമാധിപക്കിഹ ബലം മതിയായതില്ല. (൩൪)

മാട്ടിൻകൊഴുപ്പു ബത! ചേർത്തു വഴുക്കിയോരു
തോട്ടാകൾ തൊട്ടിടുകയില്ലവരെന്നതാട്ടേ ;
പണ്ടേ വഹിച്ച ശുചിയാം കടലാസുതോട്ടാ
പോലും വെടിഞ്ഞിതവർ ശാഠ്യമൊടന്തു ചിത്രം!. (൩൫)

ബഹ്നാമമാം പുരി നിവേശിതരാം ഭടന്മാ-
രൊന്നാമതായ് പരമതിക്രമമാചരിച്ചാർ ;
അപ്പോൾ തദീയബലനായകരെസ്സരോഷം
ധ്വംസിച്ചു താനവരെയാകെ ചിരിച്ചുവിട്ടു. (൩൬)

പിന്നീടു ലക്ഷ്യ മണപുരത്തിലതീവഘോര-
മുന്നത്രമായിതപരം ബത! സൈന്യകോപം ;
അന്നാളതും ദൃതമടക്കിയനല്പവീര്യൻ
ലാറൻസുവാമധികൃതപ്രവരൻ മഹാത്മാ. (൩൭)

ഏകത്ര സേനകളിലുൽഗതമാം വികാരം
വേഗാൽ പ്രതിക്രിയകൾ കൊണ്ടിവർ തീർത്തിടുമ്പോൾ
അന്യത്ര വീണ്ടുമുടനുൽഗതമായ് വികാരം
നവ്യം, പ്രമേഹിതനുവിൽ കുരുവെന്നപോലേ. (൩൮)

പേരാന്ന സാദികൾ പദാതികളും നികാമം
ചേരുന്നൊരുഗ്രപൃതനയ്ക്കധിവാസമാകും
മീരാഥമെന്ന പുരിതന്നിലുദിച്ചിതപ്പോൾ
മേലാരാവതാരതരമായ ബലപ്രകോപം. (൯൯)

അസ്സേനയിങ്കലതിഗവൊടു ഗ്ലൂമേകം
തോട്ടാ തൊടാതെയതിശാന്തിമെടുക്കയാലേ
ഒന്നിച്ചു ചേന്നു നിരുപിച്ചു സദസ്യലോകം
കാരാഗൃഹത്തിലവരെത്തരസാ നയിച്ചു. (൯൦)

മുററും ജനങ്ങൾ പറയും പഴി കേട്ടു യോധ-
ക്കേററം ജ്വലിച്ചു വലുതാകിയ കോപവഹ്നി;
പിറേറന്നുഷസ്സു മുതൽ സംഭ്രമമാന്ന ലോകർ
തെറെറന്നു പാഞ്ഞുഴറി ഭീതിയൊടങ്ങുമിങ്ങും. (൯൧)

ലോകാപവാദകുപിതം ഭടവൃന്ദമേതും
മാഴ്കാതെ നാഥനെ വെടിഞ്ഞിളകിത്തദാനീം
കാരാഗൃഹങ്ങൾ കലിയോടു തകർത്തു ബദ്ധ-
ന്മാരായ ബാന്ധവജനങ്ങളെ വേർപെടുത്തി. (൯൨)

പിന്നീടു, ചേന്നവരൊടു, നഗരത്തിൽ വാഴ-
മാംഗ്ലേയലോകരെയശേഷമുടൻ വധിച്ചു,
എന്നല്ല കഷ്ടമധികാരിജനാലയങ്ങൾ-
ക്കൊന്നായ് കൊളുത്തി പുനരഗ്നിയുമുദ്ധതന്മാർ. (൯൩)

ഇൻഡ്യാമഹീതലമനാമംഗലമാക്കുവാനാ-
യിച്ഛിച്ചാരായവരുടൻ ബത! ഡില്ലി പുക്കു;
ശണ്ഠയ്ക്കിവണ്ണമവരുദ്ധതരായതിങ്ക-
ലുണ്ടായി മെയ്യഗളനുപന്നതിയായ മോദം. (൯൪)

വംശത്തിനുള്ളൊരു പുരാതനചക്രവർത്തി-
നാകും വഹിച്ചനധികാരമഹോ! വസിക്കും
ആ വൃദ്ധനായ കുരുടനധിരാജവേഷ-
ഭാഡംബരങ്ങളൊടു ചേർന്നവരന്നു നൽകി. (൯൫)

തത്രത്യരാജനിലയസ്ഥിതരാം ഭടന്മാർ
നിസ്ത്രാസമാത്മപതിയെത്തൃണമായ് ഗണിച്ച്,
ഖണ്ഡിക്കയാംഗലകുലങ്ങളെ'യെന്നു ചൊല്ലി-
ച്ചെല്ലുന്ന സാഹസികളോടഥ ചേർന്നുകൂടി. (൭൯)

മാനം കലർന്നൊരവർ ഭാരതചക്രവർത്തി-
സ്ഥാനേ ജരൻനൃപനെയന്നഭിഷിക്തനാക്കി
നേരിട്ടണഞ്ഞു പുനരാംഗലജാഗ്രിചൂർണ്ണാ-
ഗാരത്തെയിങ്ങമിതരോഷമൊടാക്രമിച്ചു. (൮൦)

മല്ലിനാണഞ്ഞൊരയുതാധികഘോരയോധ-
കല്ലോലമാലകളെയെട്ടു നിയോജ്യർ മാത്രം
ഉള്ളോരു തന്നിലയപാലകനായ ധീരൻ
വില്ലോബി ഹന്ത! ചിരമത്ര തടുത്തു നിന്നു. (൮൧)

പാലിപ്പതിന്നു കഴിയാഞ്ഞവനഗ്നിചൂർണ്ണ-
ശാലയ്ക്കു ഘോരമഥ വഹ്നി കൊളുത്തി ധീരൻ ;
ആലോലധൂമതതിമധ്യമതിങ്കൽ നിന്ന-
ക്കാലേ മഹാനിനദമൊന്നുളവായി ഭീമം. (൮൨)

അത്യന്തമർദ്ദനമകാലജമേററു പാര-
മത്തൽപ്പെട്ടം ഫണമൊടേ ഫണി ഹന്ത! കീഴിൽ
താങ്ങുന്ന ഭൂവിനുളവാക്കിയതീവ കമ്പം
തന്മന്ദിരം തറ തകർത്തു തെറിച്ചു വിണ്ണിൽ. (൮൩)

പാഞ്ഞേവമെത്തിയ രിപുക്കളിലത്ര പെട്ടെ-
ന്നഞ്ഞൂറുമായിരവുമാളുകൾ നഷ്ടരായി ;
വില്ലോബിയായ നിപുണൻ ത്വരിതം ഗമിച്ചു
മീരാഥമെത്തിയഥ ചൊല്ലിയുടന്തമെല്ലാം. (൮൪)

വണ്ടേ യതിങ്കൽ വിനിവേശിതമായിരുന്ന
നിസ്സാരമാംഗലബലം ബലഹീനനാഥം
വിത്രസ്തമായ് നിജകുടിക്കു വെളിക്കു പോലു-
മെന്നുന്നതിനധികശങ്ക വഹിച്ചിതപ്പോൾ. (൮൫)

സൈന്യം ബലാലപഹരിച്ചൊരു ദില്ലിയിപ്പോൾ
ശാസിച്ചിടുന്നു മുഗൾവല്ലഭനെന്നിവണ്ണം
ചിന്നും ജനശ്രുതി പുരംപ്രതി ചെന്നു സേനാ-
വൃന്ദത്തെയൊക്കെയുടനാകുലമായ് ചമച്ചു. (൪൯

നിത്യം തുനിഞ്ഞിതു ശിപായികൾ സായുധന്മാ-
രത്യന്തരോഷയുതമാംഗ്ലഹിംസചെയ്യാൻ ;
നിത്യം സ്വശസ്ത്രനിരയാൽ ബലകോപരൂപ-
കൃത്യങ്ങൾ തപ്പണമിഹാംഗ്ലരും നടത്തി. (൫൦)

യാദൃച്ഛികം ഭടജനങ്ങളിലാദ്യമായി-
ട്ടുണ്ടായ കോപമയമായ വികാരമേവം
മൂർച്ഛിച്ചു പാര, മചികിത്സിതമായ് വെടിഞ്ഞ
നിസ്സാരമായ ഗദമെന്നതു പോലെ, ഘോരം. (൫൧)

പെട്ടെന്നു ദില്ലിയിലുദിച്ച വിശേഷമേവം
കേട്ടന്നു പഞ്ചനദമേദിനിതന്നിൽ വാഴും
ബംഗാളയോധപരികല്പിതമായ സേനാ-
സംഘാതവും ബത! സമാകുലമായ് ഭവിച്ചു. (൫൨)

൧ന്നാലതിസ്ഥിരതയുള്ളൊരു ശിങ്കിവർഗ്ഗം
തൻനാട്ടിനാംഗ്ലനവാധിപദത്തമാകും
ഓരോ ഹിതം കരുതിയീ ലഹളയ്ക്കു ചൊറും
ചേരാതെ തന്നെ നിവസിച്ചിതു നന്ദിയോടേ. (൫൩)

ലാറൻസു ജാൺപ്രഭുവുടൻ സ്വവിധേയഭാവം
പേറുന്ന ശിങ്കിഭടസഞ്ചയമോടു കൂടി
ആരബ്ധിമാത്രമിഹ സൈന്യജനപ്രകോപം
ഭൂരിപ്രതാപസഹിതം വഴിപോലടക്കി. (൫൪)

ചൊല്ലാൻ ലക്ഷ്മണപുരാധിപനായ ഹേന്ദ്രി
കല്യൻ തദീയസഹജാതനുമുത്സുകാത്മാ
പണ്ടേ രസക്ഷയമുദിച്ചൊരു തൻബലത്തി-
ന്നുണ്ടാക്കിനാനൊരുവിധം ശമനം തദാനീം. (൫൫)

നാനാവിധം നയപരാക്രമവൈഭവത്താൽ
മാനം കുലന്നൊരവനന്നു തടുത്തമൂലം
മൈനാവലംബമൊടു, തത്ര സമുത്ഥമായ
സേനാഗണം സപദി ദില്ലിയിലേയ്ക്കുണ്ടെഞ്ഞു. (൯൦)

സാമന്തിയാകുമൊരു രാജ്ഞി ഭരിച്ചിരുന്ന
ഝാൻസീപുരത്തിലഥ ദേശ്യഭടപ്രകോപം
ഉന്നമ്രമായതുവശാലതിനിന്ദ്യമായ
ദുർന്നീതിജാലമതിദാരുണമുത്ഭവിച്ചു. (൯൧)

ദുർഗ്ഗവ്മിത്തരമറിഞ്ഞുടനാംഗ്ലന്മാർ
ദുർഗ്ഗാന്തരത്തിലഥ ശീഘ്രതരം ഗമിച്ചു;
'രക്ഷിച്ചിടാമിവിടെ നിങ്ങളെ'യെന്നു ചൊല്ലി-
ക്കൊല്ലിച്ചു രാജ്ഞിയവരെച്ചതിയാൽ വിശങ്കം. (൯൨)

സന്താനഹീനത ഭവിച്ച തനിക്കു മുന്ന-
മാംഗ്ലേയർ ദത്തനുവദിച്ചരുളാഞ്ഞമൂലം
ഉണ്ടായ വൈരമവളിങ്ങനെ സാധുലോക-
രക്തങ്ങളാലൊരുവിധം ശമനം വരുത്തി. (൯൩)

ദുഷ്കർമ്മമേവമവൾ ചെയ്തതിലന്നു ലോക-
ക്കുണ്ടായ വിസ്മയസമൃദ്ധി വിളംബമെന്യേ
കാൺപൂരിലുഗ്രതരമായുളവായ സേനാ-
വൃത്തം ശ്രവിച്ചൊരളവിൽ ശിഥിലീഭവിച്ചു. (൯൪)

പണ്ടാംഗ്ലദേശ്യഭടരാജിനിവേശമായി-
ത്തീർന്നുള്ളൊരിപ്രഥിതമാം പുരിയിങ്കലപ്പോൾ
ഉണ്ടായിരുന്നു പരമല്ലമൊരാംഗ്ലസൈന്യ-
മന്നങ്ങൾ പോലെ ബകലക്ഷമതിന്റെ മധ്യേ. (൯൫)

കൌന്തേയരെഞ്ജുതുഗ്രഹേ കുരുനായകൻ പോൽ
സംഘാധിപൻ ഭടരെയഗ്നിഖിചൂർണ്ണഗേഹേ
ഭസ്മീകരിച്ചിടുവതിന്നതിവാഞ്ഛയോടേ
വാഴുന്നുവെന്നൊരു ജനശ്രുതി പൊങ്ങിയന്നാൾ. (൯൬)

സൈന്യങ്ങളും തദനു ദില്ലിയിലുത്ഭവിച്ച
ചൂണ്ടാലയസ്ഥിതി നിനച്ചതിഭീതിയോടേ
വൈരം വളർന്നിളകി ഹന്ത! നിജാധിനാഥ-
ന്മാരോടു തന്നെയതിധീരത പൂണ്ടെതിർത്തു. (സ്വ)

മുൻകൂട്ടി വേണ്ടവയൊരുക്കി വസിച്ചിരുന്നോ-
രാംഗ്ലേയരോടുനിജസാഹസകൃത്യമൊന്നും
പററാതെമൂലമവരാകുലഭാവമോടേ
തെററെന്നുദില്ലി നഗരത്തിനടൻ തിരിച്ചു. (സ്വ്വ)

അക്കാലമന്നഗരിതൻനികടേ വസിച്ച
പേഷ്വന്റെ ദത്തസുതനാകിയ നാണനാമാ
കേട്ടീയുദന്തമഥ ചെന്നവരേവരേയും
പെട്ടെന്നു തന്നുടയ പത്തനമാനയിച്ചു. (സ്വൻ)

പണ്ടേ പരം ഭൃതിനിഷേധവശാൽ പ്രകോപം
പൂണ്ടായവൻ പഴുതു നോക്കിയിരുന്നിടുമ്പോൾ
താൻ ചെയ്തൊരേഷണിയതിൻ ഫലമെന്നപോലെ
വന്നുള്ളൊരീയവസരം വിടുമോ തരിമ്പും ? (൧൦)

ചാട്ടുകുതിയാൽ ഭടരെയാശു വശീകരിച്ചു
തന്നായകത്വമതികൌശലവാൻ വഹിച്ചു
കാൺപൂരിലായവനനാകുലനായ് ഗമിച്ചു
ദുർഗ്ഗോദരസ്ഥരിപുസഞ്ചയമാക്രമിച്ചു. (൧൧)

ഓരായിരത്തിലധികം ഭടരുള്ളിവൻെറ
രോധം സഹിച്ചിഹ വസിച്ചിതു ദുർഗ്ഗപാലൻ
മൂവേഴു നാൾ വരെയനാകുല, മേകദേശം
നാനൂറു യോധരൊടു ചേർന്നൊരു വീലരാഖ്യൻ. (൧൨)

പിറേറദ്ദിനം പുലരവേയിവനുള്ള വീര്യ-
മേററം പുകഴ്ത്തി വിരുതേറിയ നാണവീരൻ
"തേറെന്നു ദുർഗ്ഗമിഹ തന്നു ഗമിച്ചു കൊൾവിൻ,
മറെറാന്നുമില്ല പിണി" യെന്നുരചെയ്തു സഖ്യം. (൧൩)

ദുർഗ്ഗത്തിൽ വാണ സകുടുംബകമായ സേനാ-
വർഗ്ഗത്തിനുള്ള പരിരക്ഷയതിന്നു വേണ്ടി
ചൊൽക്കൊണ്ട ധീരമതിയാകിയ വീലരപ്പോൾ
കൈക്കൊണ്ടു താഴ്മയൊടു താൻ ഖലവൈരിവാക്യം. (൭൫)

പെണ്ണുങ്ങൾ വൃദ്ധരഥ ബാലകരും കലന്ന
സൈന്യങ്ങൾ ദുർഗ്ഗമതിൽ നിന്നുടനേ തിരിച്ചു
മന്ദം ഗമിച്ചിതുപകണ്ഠഗമായ ജഹ്നു-
കന്യാജലേന പല തോണികളേറിയന്നാൾ. (൭൬)

ആംഗ്ലേയർ തോണികളിലത്ര കരേറുവോളം
പാലിച്ചു തൻെറ ശപഥം വഴിപോലെ നാണൻ ;
പിന്നീടു പാന്ഥരൊടു ചെയ്തൊരു ചേഷ്ടയാലേ-
യെന്താണവങ്കലൊരു തെററു നിനച്ചു കണ്ടാൽ ? (൭൭)

അഞ്ചാതെ തോണികൾ കരേറിയിഹാംഗലന്മാ-
രഞ്ചാറു ദണ്ഡകളെയെത്തുവതിന്നു മുൻപേ
തഞ്ചാരവേഗഥ തടീയുഗളത്തിൽ നിന്നു
നെഞ്ചാകെയാഗ്നു പൊടിയും വെടി കേട്ടു ഘോരം. (൭൮)

ചൂടുററണഞ്ഞ വെടിയുണ്ടകൾ കൊണ്ടു വൻതീ
കാളിപ്പടന്നു പടലങ്ങളിലുഗ്രമായി
കത്തുന്ന തോണികൾ കലന്ന നദിക്കഹോ! മുൻ-
പുണ്ടായിടാത്തൊരു മഹാപ്രഭ സംഭവിച്ചു. (൭൯)

ശശ്വദ്വധ്വജനകചത്തിലുമാഗ്നു വീര-
ശ്മശ്രുവ്രജത്തിലുമഹോ! സരസം പിടിച്ചു
ഇച്ഛാനുകൂലമനലൻ തരണീചരന്മാ-
ക്കിച്ചൈരുപദ്രവമനർഗ്ഗളമാചരിച്ചു. (൮൦)

കേശാനനാംശുകമുഖങ്ങളിലഗ്നി പററി
ക്ലേശാതിരേകവശരായ തരീചരന്മാർ
ആശാലവം മനസി തങ്ങടെ ജീവരക്ഷ-
ക്ലേശാതെ ഹന്ത! തിരമാലകളിൽ പതിച്ചു. (൮൧)

ഗംഗാവഗാഹപരിപൂതരിവക്കു വേഗാൽ
സ്വർഗ്ഗാധിപത്യമരുളീടണമെന്നു ചൊല്ലി
തീരത്തിൽ നീന്തിയണയുന്നവരെസ്സുലീലം
നാണൻെറ കിങ്കരജനം വെടിവെച്ചു കൊന്നാർ. (വ്യ)

അഞ്ഞൂറുചേർ പുരുഷരത്ന കരേറിയോരിൽ
നാലാളു മാത്രമഥ ജീവനൊടേ ഗമിച്ചു;
ഈവണ്ണമെത്തിയ വധൂക്കളെയൊക്കെയും ഹാ!
ബന്ധിച്ചു ബന്ധനഗൃഹത്തിലുടൻ നയിച്ചു. (വ്യ)

നാണൻ ചിരേണ ചതിയാൽ സ്വമനോരഥങ്ങൾ
നാണം വെടിഞ്ഞു വഴിപോൽ നിറവേററിയേവം
താനന്നു വിഷ്ണുവിനെഴും ദശമാവതാരം
താനെന്നു കീർത്തി മദപൂർത്തിയൊടേ വളർത്തി. (വ്യ)

ഉച്ചൈശ്ശ്രവസ്സദൃശമായ ഹയത്തിലേറി
സ്വച്ഛന്ദമുഗ്രകരവാളവുമേന്തി നാണൻ
ക്ലേച്ഛാവലീനിഹതി ചെയ്യുതിനായ് വരുന്നെ-
ന്നുച്ചൈർജ്ജനശ്രുതിയുടൻ ഭുവനേ പരന്നു. (വ്യ)

ഏവം സമാകുലതയാന്നിതു ഭൂരിസൈന്യ-
ക്ഷോഭത്തിനാലധികമുത്തരഭാരതോർവ്വീ
കാർ വന്നകാലമതിൽ മൂടിയിരുണ്ടു വർഷി-
ച്ചീടുന്ന ശാരദനഭസ്ഥലിയെന്നപോലെ. (വ്യ)

സർവ്വാംഗഖേദമരുളീടിന സന്നിപാത-
സംജാതമാം വികൃതിയേവമണഞ്ഞമൂലം
ആംഗ്ലേയലോകനരപാലകലക്ഷ്മിയാൾ ത-
ന്നായുസ്സു ഹന്ത! വിശയാസ്പദമായ് ഭവിച്ചു. (വ്യ)

ആയുസ്സുവർഷങ്ങൾ ശതവത്സരമാത്രമെന്നു
കാലജ്ഞമാനിതയെഴും ചിലരന്നു ചൊന്നാർ;
പ ളാസ്യാഹവപ്രഭവയായൊരവർക്കു നൂറാ-
മബ്ദം തികഞ്ഞിടുമഹസ്സുമടുത്തിതപ്പോൾ. (വ്യ)

എന്നാകിലും ജ്വരമതാശു നശിച്ചു പിന്നെ
ശ്രീഹേവലാകമുഖവൈദ്യചികിത്സയാലേ ;
ശോഭിച്ചു ദില്ലിയതിൽവെച്ചവളും സുഖത്തെ
പ്രാപിച്ചു നൂറു വരിഷം തികയുന്ന നാൾ താൻ. (വ്വ)

സ്വാവാസമെത്തിയെതിരിട്ടവനെത്തരത്തിൽ
ധ്വംസിപ്പതിന്നു തുനിയും പുലിയേറെ നോം ;
സാധിച്ചിടാഞ്ഞിലൊടുവിൽ സ്വബലം സമസ്തം
കൈക്കൊണ്ടു ശത്രുവിലടിച്ചുഥ വീഴുമല്ലോ. (വ്വൻ)

ഈവണ്ണമമ്മുഗളനായകനാം മഹാനും
മാരാഷ്ട്രനായകനുമാത്മസമുദ്യമത്തിൽ
നൈഷ്ഫല്യമാർന്നടനധഃപതനം ലഭിച്ചാൽ ;
ശേഷിച്ചിതാംഗലകുലേശനനാകുലാത്മാ. (൯൦)

അത്യന്തം ഘോരമാമീ ലഹള സരഭസം
കേട്ടു സംഘേശ്വരന്മാർ
പെട്ടെന്നിംഗ്ലണ്ഡിൽ നിന്നും ബലസഹിതമയ-
ച്ചോരു വീരാഗ്രഗണ്യൻ
ക്ലൈഡൻ ക്ലൈവിന്നു തുല്യൻ കടുതരഭടകീ-
ടാക്രമം നീക്കിയാത്മ-
ശ്രീയെപ്പാലിപ്പതിന്നായ്ത്തദനു സപദി വ-
ന്നെത്തിനാനത്ര ധീരൻ. (൯൧)

" മഹാസമുൽപിഞ്ജലം "

എന്ന

ഇരുപത്തൊന്നാം സർഗം

സമാപ്തം.

ഇരുപത്തിരണ്ടാംസർഗ്ഗം

ക്ലൈഡൻ മഹാമതി പയോനിധിലംഘനത്തെ-
ച്ചെയ്തിങ്ങു നഞ്ഞിടുവതിന്നു മുൻപു തന്നെ
യാട്ടുക്കിടുകോപനതമായ വിപത്തിൽ നിന്നു
പാലിച്ചു ഭാരതമിദം പടു ഹേവലാകൻ. (൧)

പാരിച്ച ശിങ്കികൾമദം കളയുന്നതിന്നും
ഘോരാബ്ധിഘനാഭിഗമനത്തിലുമുററ വീര്യം
കാണിച്ചൊരസ്സുമതി കൃഷ്ണപുരോത്ഥവൃത്തം
കേട്ടപ്രയാഗയതിൽ നിന്നവിടേയ്ക്കുണഞ്ഞു. (൨)

നീലാഖ്യമദ്രപുരനായകനോടു കൂടി
മാർഗ്ഗേ മുതിന്ന ഭടസംഹരിയെത്തുരത്തി
നാളൊന്നിനൊന്നിലധികം ജയമാർന്ന വീരൻ
ചെന്നെത്തിനാൻ സപദി കൃഷ്ണപുരാന്തികത്തിൽ. (൩)

സാമർത്ഥ്യശാലിയിവനാശു വരുന്നുവെന്നു
കേട്ടിടവേയതിഭയങ്കരനായ നാണൻ
കാരാഗൃഹത്തിൽ മരുവുന്ന ഹതാവശിഷ്ട-
ന്മാരെസ്സമസ്തരെയുമസ്തദയം വധിച്ചു. (൪)

കുന്താസ്ത്രബാണരുജ പോലുമറിഞ്ഞിടാത്ത
കന്യാജനങ്ങളുടെ നെഞ്ചിലു, മുഗ്രകോപം,
സ്തന്യോപജീവിശിശുകന്ധരയിങ്കലും ഹാ
കഷ്ടം! കഠാരികളിറക്കി കഠോരചിത്തൻ. (൫)

കൃത്തങ്ങൾ ഗാത്രനികരങ്ങളശേഷമാശു
ചേർത്തങ്ങു ഹന്ത! നിലയാംഗണകൂപമധ്യേ
ഇത്തുംഗരാക്ഷസജനാധികരൂക്ഷചിത്തൻ
മെത്തുന്ന രോഷമൊടു താനിടുവിച്ചു നാണൻ. (൬)

പാരം ശവങ്ങളെയടക്കിയൊരക്കിണററിൻ-
ചാരത്തു ചാരുതരമായൊരു പള്ളിയിട്ടോൾ,
പാരിന്നു പാപമരുവാൻ മൃതനായ മർത്ത്യ-
പുത്രൻെറയക്കരിശണിഞ്ഞു വിളങ്ങിടുന്നു. (൭)

പിറേറദ്ദിനം ജയമൊടെത്തിയൊരാംഗലന്മാർ
ശത്രുവ്രജാചരിതമാം ചരിതം സമസ്തം,
കീർണ്ണങ്ങളായ തരുണീവസനങ്ങൾ ബാല-
കേശങ്ങൾ ബൈബിളിവയാൽ വഴിപോലറിഞ്ഞു. (വ)

പേഷ്വാന്വയാംബുധിവിഷായിതനായ നാണൻ
പാപൻ കടന്നടവിതന്നിലൊളിച്ചിതന്നാൾ ;
പിന്നീടു ദുഷ്ടമതിയായൊരവൻെറ നാമം
പോലും ജഗത്തിലിവിടെ ശ്രുതമായതില്ല. (൯)

തൽപ്രാണബന്ധുസചിവൻ ബത! താന്ത്യടോപി
താപം കലർന്നിഹ തരത്തിലുടൻ തിരിച്ചു
ചെന്നാശു സിന്ധയനരേശപുരേ ശഠൻ തൽ-
സൈന്യങ്ങളിൽ കലഹബീജഗണം വിതച്ചു. (൧൦)

കാൺപൂർ പിടിച്ചു ബലവാരിധി ഹേവലാകൻ
നീലാഖ്യനെസ്സുപദി സേനയൊടത്ര നിർത്തി
ദുർഗ്ഗാവരോധനചിരാകുലഹേന്ദ്രിവീര-
സംരക്ഷണത്തിനഥ ലക്ഷ്മണപൂരിലെത്തി. (൧൧)

അന്നാളഹോ! കലഹമൂലനികേതമായ
ദില്ലീപുരത്തിലുമരാതികളാത്തഭംഗം
യാളുപ്പികാവ്യപരിഖേദവിമുക്തരായോ-
രാംഗ്ലേയരോടു പടയിൽ പരിഭ്രതരായി. (൧൨)

ലാറൻസു ശാന്തിയുതപഞ്ചനദത്തിൽ നിന്നു
ചെന്നപ്പുരത്തിനരികേയൊരു പർവതത്തിൽ
വാണാ വഴിക്കു പുരരോധമതിന്നു പോകും
സ്വീയക്കു നൽകി വിവിധായുധസൈന്യസാഹ്യം. (൧൩)

വേർപെട്ടുപോയ മഹി വീണ്ടുമെടുപ്പതിന്നായ്
നേരിട്ടു ഘോരമനുവാസരമാജിയിങ്കൽ
തോററും ജയിച്ചുമവർ ഖേദമഹോത്സവങ്ങ-
ളേററങ്ങു മാസയുഗളം മുഴുവൻ നയിച്ചു. (൧൮)

അന്നേ നിബോലസനനായകനീതരായി-
ട്ടോരോ ഗൃഹംപ്രതി നിരോധനസാഹസങ്ങൾ
അത്യുഗ്രമാരുദിവസം വരെയും നടത്തി
പ്രത്യാഹരിച്ചിതവരന്നഗരം സവീര്യം. (൧൯)

ക്ഷോഭം നശിച്ചളവു പശ്ചിമദിങ്മുഖത്തിൽ
കാണായിതാംഗ്ലപതിതൻജയവൈജയന്തി,
ദുശ്ശാവസാനസമയത്തിലമന്ദമോദം
നൽകുന്ന ചന്ദ്രകലപോലതിലോഭനീയം. (൨൦)

രാജ്യം ലഭിച്ചുമഥ വിട്ടുമനേകവാരം
ദൈർബല്യമാന്ന മുഗൾവൃദ്ധനെയാംഗ്ലന്മാർ,
വീണ്ടും വരായ്വതിനു, മൂലപുരത്തിൽ നിന്നു
രംഗ്രുണമെന്നു നഗരത്തിലയച്ചിതന്നാൾ. (൨൧)

ഉൽകൃഷ്ടവംശമിതു ബേബറുമൂലകന്ദം
ചൊൽക്കൊണ്ടൊരക്ഷ്ണർനൃപമൌക്തികമാന്നിണങ്ങി
ഒൗരംഗസേബസുമസംയുതമായ് ബഹാദർ-
ഷാഹാഹ്വയം ഫലമിയന്നു ചിരാൽ പതിച്ചു. (൨൨)

ദില്ലീപുരം സപദി വിട്ടു ഹതാവശേഷ-
ന്മാരായ യോധരഥ ലക്ഷ മണപ്പുരിക്കലത്തി ;
തൽപത്തനോട് ധൃതിസമുദ്യമി ഹേവ്വാക-
ന്നൌത്രാമനും സഹകരിപ്പതിനായണഞ്ഞു. (൨൩)

എന്തിന്നു പാരമരുളുന്നു? നരേന്ദ്രശാന്ത്യാ
ക്ഷോഭം യഥാ ബത! ചടന്നു പുരാ വിഷം പോൽ,
ഇപ്പോൾ തഥാ പുനരുതായതു പോൽ സമന്താൽ
സംരുദ്ധമായിഹ ശമിച്ചു തദീയതൈക്ഷ്ണ്യാൽ. (൨൪)

ഗവ്വാദ്ധരേശകടകത്രുടനപ്രവൃദ്ധാ
ദുവ്വാഹിനീ ജഡജവോദ്ധതയാകിലും താൻ
ചെയ്കില്ല വിപ്ലവമനീത്യവിദൂഷിതത്വം
ചേരും മഹിക്കു ചിരകാലമകാലഭിന്നാ. (൨൧)

ദ്വീപത്തിൽ നിന്നു ഭടകോടികളോടു കൂടി
ക്ലൈഡാഖ്യനറ്റ്പ്പൊഴതിലത്ര സമാഗമിച്ചു ;
തെക്കുള്ള സേനയൊടു ബാംബയിൽ നിന്നു ശീഘ്രം
റോസെന്ന സൈന്യപതിയും പരിചോടണഞ്ഞു. (൨൨)

കൂസാതെ ടോപിപൃതനാഹൃതമായ കാൺപൂർ
ദേശം പിടിച്ചുഥ മഹാരയമോടു പൂവ്വൻ
പ്രാപിച്ചു ലക്ഷ്മണപുരം, രിപുസഞ്ചയത്തെ-
സ്സംഹാരരുദ്രസദൃശം സഹസാ ഹനിച്ചു. (൨൩)

വീരൻ പരൻ പഥി രിപുക്കളെ വെന്നെടുത്തു
ഝാൻസീപുരത്തെ,യഥ കല്പിയെ മിക്കവാറും
കൈക്കൊണ്ടു, ടോപിപരികോപിതരായ യോധ-
രാണ്ടുള്ള സിന്ധയപുരത്തെയു മാഹരിച്ചു. (൨൪)

മററുള്ള നേപ്പിയർ തുടങ്ങിയ വീരരും തൻ-
സൈന്യങ്ങളോടിടകലന്നടനങ്ങുമിങ്ങും
ചുററിത്തിരിഞ്ഞു നിജവൈരികളെത്തിരഞ്ഞു
ശസ്ത്രങ്ങൾ കൊണ്ടുപഹനിച്ചു കൃതാവധാനം. (൨൫)

ഝാൻസീപുരാവനിപവംശജയായ ദുഷ്ടാ
രാജന്യനാരിയിഹ സിന്ധ്യപുരാക്രമത്തിൽ
സന്നദ്ധയായ് പുരുഷവേഷമെടുത്തു യുദ്ധം
ചെയ്തീടവേയവളെയങ്ങൊരുവൻ വധിച്ചു. (൨൬)

വീരായിതത്തിൽ വിരുതേറിയൊരീ വരാംഗി
പോരാടി ഹന്ത ! മൃതയായ് സുരനാരിയായി
പാരാതെ വിണ്ണിലെഴുമേതു വിടൻെറ ഹസ്ത-
താരാന്നുവോ ? വിധിനിയോഗമതാരറിഞ്ഞു ? (൨൭)

മാസദ്വയം വനതലത്തിലൊളിച്ചു ഗ്രുഡം
വാസം കഴിച്ച ഖലനാകിയ ടോപിതന്നെ
ക്ലൂസാതെയാംഗ്ലർ തിരഞ്ഞു പിടിച്ചു വൈരോ-
ല്ലാസാതിരേകമൊടു താനഥ തൂക്കിലിട്ടു. (൨൭)

ചൊൽക്കൊണ്ട വീരഹതിയാലതിയായ പാപം
കൈക്കൊണ്ടൊരന്യപുരുഷക്കുമഥാംഗ്ലേന്ദ്രൻ
ഉൾക്കാമ്പിലുററ ദയ കൈവെടിയാതെ തന്നൊ
ത്തുക്കാന്തിയോടു പല ശിക്ഷകളാശു നൽകി. (൨൮)

മുററും ഗതാനുഗതി കേവലമാശ്രയിച്ചു
കുററം നടത്തിയൊരു പാമരസേനകൾക്കും
തെററെന്നു ഭൂതകരുണാവശനാംഗ്ലേശൻ
പററിച്ചു ശിക്ഷ സുതരാം ലഘുവായ്ത്തദാനീം. (൨൯)

വദ്ധിച്ചൊരീ ലഹളയിങ്കലുമത്ര മുന്നേ
സിദ്ധിച്ച മൈത്രിയെ വിടാതെ വസിച്ചവർക്കായ്
സമ്മാനവും തദനു നൽകി ; മഹാൻെറ കൃത്യം
തൻമിത്രപോഷണമരാതിവിഘാതവും താൻ. (൩൦)

ഇൻഡ്യയ്ക്കെഴും സുകൃതമോ, ഭടർ ചെയ്ത തെററോ,
സംഘേശവീര്യഭരമോ, ജനഭാഗ്യമോ താൻ,
ഭാവിക്കെഴും പ്രബലമാകിയ ശക്തിയോ കൊ-
ണ്ടാവിർഭവിച്ചു ലഹളയ്ക്കിഹ ശാന്തിയേവം. (൩൧)

ദൈവച്ചുക്കു ഹാനിയിലുമുള്ള സുദീപ്തിയേയും
ദേശ്യക്കു വൃദ്ധിയിലുമുള്ളൊരശക്തിയേയും
സത്യത്തിനുള്ള വിജയത്തെയുമിങ്ങസത്യ-
ത്തിനുള്ള തോൽവിയെയുമിക്കലഹം തെളിച്ചു (൩൨)

നവ്യൻ നൃപന്നു വശമായിതു ശിക്കിവർഗ്ഗ;—
മവ്യാകുലം മരുവി സിന്ധുയഹോല്ക്കരന്മാർ ;
നൈഷ്ഫല്യമാന്നു ഖലപൈശുന ;- മിങ്ങിതെല്ലാം
ശംസിച്ചു ഭൂമിയുടെയാംഗ്ലരാഗദാർഢ്യം. (൩൩)

ഭത്രവ്യഭർത്തൃജനവൈരവിലാസമേവം
പക്ഷദ്വയക്ഷയഭയങ്കരമെങ്കിലും താൻ
ഗുരം രണ്ടുകൂട്ടരുടെയും ബലതാരതമ്യം
കാണിക്ക കൊണ്ടു സഫലത്വമിയന്നു നൂനം. (൯൫)

കോപിച്ച സൈനികജനങ്ങടെ ശസ്ത്രധാരാ-
സംഘട്ടമേററമലമാകിയ ശക്തിസാരം
പ്രാപിച്ചു, മൃഷ്ടമണിസന്നിഭമാംഗലേയ-
സാമ്രാജ്യമനാധികശോഭയോടേ വിളങ്ങി. (൯൬)

കണ്ടീവിധം കലഹധോരണി പാർളമെൻറിൽ
കണ്ണേതരപ്രതിഭരായ സദസ്യർ വേഗാൽ
ഇൻഡ്യാധിപത്യമഥ സംഘമതിങ്കൽ നിന്നും
സ്വീയാധിരാജ്ഞിയിൽ നയിക്കണമെന്നുറച്ചു. (൯൭)

ഉണ്ടാക്കിനാർ കരണമൊന്നവരായവണ്ണ-
മാംഗ്ലേയഭൂവിനുടനിൻഡ്യ സപത്നിയായി;
വൈസ്രായിനാമമധിഭർത്തൃപദസ്ഥനാന്നാൻ
കൈക്കൊണ്ടു യന്ത്രണസദസ്സിതു കാൺദശി. (൯൮)

രാജ്യാധിപത്യനയമാർഗ്ഗമശേഷമേവം
പൂജ്യത്വമോടിഹ പരിഷ്കൃതമായ ശേഷം
ചൊൽക്കൊണ്ട ഭാരതമഹീഭരണം തടാനീ-
വിക്കേറോറിയാ സുകൃതശാലിനിയാൾ വഹിച്ചാൾ. (൯൯)

വിത്തിങ്ങു പണ്ടെലിസബത്തു വിതച്ചിവണ്ണം
കായ്ച്ചുള്ള രാജ്യതരുവാന്നിതഹോ!, തദീയൻ
പൈതൃഷ്വസേയനു സുതാസുതജേംസപുത്രീ-
ദൈഹിത്രജാജ്ഞനുപനപ്തൃസുതൻെറ പൌത്രി. * (൧൦)

നട്ടുള്ള വിത്തതു ചിരം മുളയെന്നിയേ വാ-
ണൊട്ടേറെ നാളഥ മുളച്ചിഹ വാട്ടമാന്നു
പിന്നെത്തളിത്തു സുമവും ഫലവും കലന്നി-
തബ്ദം ശതദ്വയവുമൻപതുമായ കാലം. (൧൧)

* വംശാവലി.

ഹെന്ത്രി ഏഴാമൻ, തുദാരവംശ്യൻ (Henry VII Tudor.)

മാർഗ്ഗറെററ് (Margaret) സ്കാട്ട്ലണ്ടിലെ ജേംസ് രാമനാൽ വേൾക്കപ്പെട്ടു. (Married James IV of Scotland.)

ഹെന്ത്രി എട്ടാമൻ (Henry VIII)

ജേംസ് അഞ്ചാമൻ (James V of Scotland)

എലിസബത്ത് രാജ്ഞി (Elizabeth, Queen)

മേരി, സ്കാട്ട്ലണ്ടിലെരാജ്ഞി (Mary Queen of Scots.)

ജേംസ്, സ്കാട്ട്ലണ്ടിലെ ആറാമൻ ; ഇംഗ്ലണ്ടിലെ ഒന്നാമൻ. (James VI of Scotland and I of England.)

എലിസബത്ത് (Elizabeth.)

സോഫിയാ ഹാനോവർ (Sophia of Hanovre)

ജാർജ് ഒന്നാമൻ (George I of England).

ജാർജ് രണ്ടാമൻ (George II)

ഫ്രെഡറിക്ക് യുവരാജൻ (Frederick Prince of Wales)

ജാർജ് മൂന്നാമൻ (George III).

എഡവർഡ്, കെൻറിലെ പ്രഭു (Edward, Duke of Kent).

വിക്ടോറിയാ (Victoria).

എണ്ണൂറുമായിരവുമൻപതുമെട്ടുമായീ-
ടുന്നോരു വർഷമതിലത്ര നവംബർമാസം
ഒന്നാം ദിനേ ജനതതിക്കറിവിന്നു രാജ്ഞി
വായിച്ചിതൻപൊടു വിളംബരപത്രമേവം:— (൭൨)

"ഇൻഡ്യാമഹീഭരണമിന്നു മുതൽക്കു സാക്ഷാൽ
നാം തന്നെയേല്പതിനു ഹേതുവുദിക്കയാലേ
സംഘത്തിൽ നിന്നതിനെഴുന്നൊരു ഭാരമെല്ലാം
നേരിട്ടു നാം നലമൊടിന്നു വഹിച്ചിടുന്നു. (൭൩)

"അക്ഷോണിതന്നിലമരുന്ന ജനങ്ങളെല്ലാം
സശ്രദ്ധമിന്നു മുതൽ നന്ദിയിൽ നമ്മുടേയും
ആസ്മാകരാകുമധികാരിജനങ്ങടേയു-
മാജ്ഞാപനങ്ങളഖിലം നിറവേററിടേണം. (൭൪)

"കാനിംഗവീരനധിഭത്തൃപദേ നിയുക്തൻ
താനങ്ങു വാഴ്ക വഴിപോൽ പ്രതിരാജനായി;
നാനാധികാരമെഴുമന്യരുമസ്മദീയ-
സ്ഥാനാജ്ഞ പോലെ നിജവൃത്തികൾ ചെയ്തുകൊൾക. (൭൫)

"സാമന്തഭൂപതികൾ നമ്മൊടു സഖ്യമാർന്നോ-
രാത്മീയവൃത്തിയെ നടത്തുക മുൻപിലെപ്പോൽ;
നാമും ചിരപ്രണയമുള്ളൊരവർക്കു വേണ്ടി
പ്രേമാനുവൃത്തി വിധിപോൽ നിറവേററുമെന്നും. (൭൬)

"രാജ്യം ഹരിപ്പതിനു വാഞ്ഛയൊടേ നൃപന്മാർ
തമ്മിൽ പിണങ്ങിടുകിലായതു നാം സഹിക്കാ ;
നാമന്യലക്ഷ്മിയെ ഹരിക്കയുമില്ല ; ഭൂമീ-
കാമം ചതിച്ചിടുകയില്ല കദാപി നമ്മെ. (൭൭)

"നൂനം നരേശരുടെയന്യരുടേയുമോരോ
സ്ഥാനാഭിമാനബിരുദാദി ഹരിച്ചിടാ നാം ;
ഭൂവിന്നു നിത്യശമസാധ്യസമൃദ്ധി മെന്മേൽ
താവുന്നതിന്നു നിരവിങ്ങനിശം ഭവിക്കും. (൭൮)

" ആംഗ്ലേയരാം പ്രജകളെപ്പരിരക്ഷചെയ്യാൻ
യാതൊന്നു നമ്മെ നയമോടു നയിച്ചിടുന്നു
ചൊൽക്കൊണ്ടൊരക്കടമ താനിഹ ഭാരതീയ-
സംരക്ഷണയ്ക്കുമിനി നമ്മെ നയിച്ചിടട്ടേ. (൭൯)

" കൃസ്ത്യമായ മതമാണു ധരിപ്പതി നാ-
മെന്നാലുമന്യമതനിന്ദ വഹിച്ചിടാ നാം ;
സന്മാർഗ്ഗവർത്തികളെ വൈദികമായിടുന്നോ-
രാചാരരീതിയിൽ നമുക്കിഹ മെന്നുമത്രേ. (൮൦)

" നാനാധികാരഭരണാർഹരെ നിശ്ചയിപ്പോ-
രാസ്ഥാകടുഷ്ടി ജനജാതിമതാദികാര്യം
ഏതും ഗണിച്ചിടുകയില്ലൊരുനാളുമെന്നു-
മിൻഡ്യാജനങ്ങൾ വഴിപോലെ ധരിച്ചിടേണം. (൮൧)

" നാമത്ര ദുഷ്ടജനവഞ്ചിതസൈന്യകോപ-
ക്ഷോഭം തടുപ്പതിനു കാട്ടി നിജപ്രതാപം ;
ഇപ്പോളുദിച്ച ശമമോർത്തുരരീകരിക്കും
ദാക്ഷിണ്യവും വിജിതസാഹസിദണ്ഡനത്തിൽ. (൮൨)

" സർവേശ്വരന്റെ കൃപ കൊണ്ടു വിപത്തൊഴിഞ്ഞോ-
രുർവീതലത്തിലിനി ലോകഹിതത്തിനായി
വാണിജ്യശില്പമുഖവൃത്തികൾ വൃദ്ധിയാനു
കാണേണമെന്നു കരുതുന്നിതു നാമജസ്രം. (൮൩)

" നിത്യം പ്രജാകുശലമാണു ബലം നമുക്കു
തൽപ്രീതിയാണരിയ രക്ഷയുമില്ല വാളും ;
ഒപ്പം കൃതജ്ഞത കലർന്നവരിങ്ങു കാട്ടും
നൽപ്രേമമേ പ്രതിഫലം സകലപ്രധാനം. (൮൪)

" നാനാജനങ്ങളെ സുഖത്തെ വളർത്തുവാൻ-
ള്ളോരോ മനോരഥകുലം സഫലീകരിപ്പാൻ
ഈശൻ നമുക്കുമതുപോൽ പ്രതിപൂരുഷനും
നൽകീടണം മികവു മററധികാരികൾക്കും." (൮൫)

ഇൻഡ്യയ്ക്കു ഭാഗ്യജനിനാടകനാന്ദിയായും
ശണ്ഠയ്ക്കു മൃത്യുസമയശ്രുതിമന്ത്രമായും
സൌരാജ്യലക്ഷ്മിയുടെ ജാതകപത്രമായും
ബ്രിത്താനികാവിജയഡിണ്ഡിമഘോഷമായും, (൫൩)

നീത്യാഗമപ്രണവമായുമനേകകൃത്യ-
ശ്രേണീപരിച്ഛുരണസൂചികയായുമേവം
വിക്ടറോറിയാപ്രഥമശാസനലേഖനം കേ-
ട്ടന്നാൾ സമസ്തജനവും ബഹുമോദമാന്നു. (യുഗ്മകം) (൫൪)

മുൻപേ നിരന്തരതപസ്വിനിയായൊരിൻഡ്യാ
വൻപേറിടും മഹിമയാൽ കമനീയയാകും
ബ്രിത്താനികീയനൃപലക്ഷ്മിയൊടസ്തഭേദം
സായുജ്യമംഗളമിയന്നതിയായ് വിളങ്ങി. (൫൫)

ദൈവ്യാധിപത്യമതുമീടുശരാജ്യരത്ന-
ലാഭത്തിനാലൊരു നവപ്രഭ ചേന്നിണങ്ങി
ശ്രീകൌസ്തുഭോല്ലസിതമാം ഹരിതന്നുരസ്സും
പൂന്തിങ്കൾ പൂണ്ട ഹാരമെഴുവിയുമെന്നപോലെ. (൫൬)

ഭാഗ്യത്തിനാൽ സുമതിയാം വിധി തന്നെ ചെയ്ത
യോഗ്യത്വമേറിടുമൊരീ വലുതായ ബന്ധം
അന്യോന്യകാന്തിപരിപോഷണലോഭനീയ-
മെന്നും വിളങ്ങിടുക ലോകസുഖത്തിനായി. (൫൭)

പൌരസ്ത്യാംബുനിധിക്കെഴും കരകളിൽ സാംയാത്രികത്വംമഹാ-
ധൈര്യശ്രീയൊടിയന്ന തൻപ്രജകളത്യുത്സാഹവാരാശികൾ,
ശണ്ഠയ്ക്കുത്സുകരായ സാഹസികൾതൻഹസ്തത്തിൽനിന്നും ഹരി-
ച്ചപ്പിച്ചുള്ളൊരു ഭൂമിരത്നമിതണിഞ്ഞീടുന്നു വിക്ടറോറിയാ. (൫൮)

" രാജ്യശ്രീപരിഗ്രഹം "
എന്ന
ഇരുപത്തിരണ്ടാം സർഗ്ഗം
സമാപ്തം.

ഇരുപത്തിമൂന്നാം സർഗ്ഗം

ആംഗലസാമ്രാജ്യമിദം
ഭംഗിയിൽ നിർവൃത്തമായ് ഭവിച്ചെന്നാലും
ശേഷവിധാനത്തെ മുദാ-
ശേഷാൗ്യാമോദനത്തിനായ് വാഞ്ഛിച്ചു. (൧)

ലഹളയടങ്ങിയ ശേഷം
പ്രതിരാജസ്ഥാനമാൻ കാനിംഗാഖ്യൻ
ദവശിഖിവിരതിയിൽ മധുവൊട്ടു
ചേന്നൊരു തേന്മാവു പോലെ പരിശോഭിച്ചു. (൨)

ശ്രീയും വാണിജ്യവിഭവത്തിയെ
വിട്ടഥ ബ്രിത്താനികീയനൃപപീഠത്തിൽ,
നളിനാകരമതിൽ നിന്ന-
ക്കുളർതിങ്കളിലെന്ന പോലെ ചെന്നു വിളങ്ങി. (൩)

റാണിയുമധികാരം പ്രതി-
രാജനിലർപ്പിച്ചു രാജ്യഭരണം ചെയ്താൾ;
ശോഭിപ്പിക്കുന്നല്ലോ
ദീപത്തിൽ ദീപ്തി ചേർത്തു വസുധാദ്ധമിനൻ. (൪)

പ്രാജ്ഞൻ പ്രതിരാജൻ തൻ-
പ്രജകടെ ഹിതമൊന്നിൽ വാഞ്ഛ പൂണ്ടു, ചിരേണ
പ്രശമമിയന്നൊരു രാജ്യേ
പ്രാരംഭിച്ചാൻ മനോജ്ഞതന്ത്രകലാപം. (൫)

പ്രൌഢി കലന്നൊരു പീനൽ-
ക്കോഡിവനഥ നവ്യമായ് ചമച്ചു മനോജ്ഞം;
മക്കാളി മഹാനെഴുതിയൊ-
രായതു മൂലപ്രമാണമിന്നും നിയതം. (൬)

ജാനപദവ്യവഹാരം
ശിക്ഷാനയമെന്നിവററിനുടെ രീതികളെ
അധികാരികളറിവാനാ-
യവനുണ്ടാക്കിച്ചു നടവടിക്രമയുഗളം (൭)

കരസംഗ്രഹണം സാഹസ-
മിവയിലുമുണ്ടാക്കി നിയമതതിയവനന്നാൾ;
ചിലരുടെ ദുഷിയാലതു പുന-
രവനു പുകഴ്ച്ചയ്ക്കു ഹേതുവായില്ലേതും. (൮)

അവനധികാരം കൈവി-
ട്ടറുപതു രണ്ടാണ്ടാരാണ്ടിലെത്തി ഗൃഹത്തിൽ,
അചിരേണ മഹീഭരണ-
ക്ലേശാവശദേഹനാന്നിതമരാലയവും. (൯)

ഏല്ജിൻപ്രഭുവഥ കീത്തി സ-
മുജ്ജ്വലിതൻ പ്രാതിരാജ്യമാന്നിഹ വന്നു;
പഞ്ചനദേ ചഞ്ചലമാം
ബഹാബിവർഗ്ഗത്തൊടേററതായവനത്രേ. (൧൦)

ഒന്നരവർഷം മാത്രം
ചെന്നതുപൊഴുതാത്തനായവൻ മൃതനായാൻ;
ശൂന്യം പ്രതിരാജപദം-
തന്നിലുടൻ വന്നുചേന്നു ലാറൻസു മഹാൻ. (൧൧)

മുന്നം സൈനികകലഹേ
പഞ്ചനദം രക്ഷചെയ്തു വിഖ്യാതനവൻ
ഇന്നു സമാധാനത്തൊടു
മന്നിതു ശാസിച്ചു മഹിതവീര്യപയോധി. (൧൨)

ഹ്യാപതി പലകുറിയും
നിജരാജ്യാനന്തരാബ്ഘനസ്ഥാനത്തിൽ
വേശിച്ചതു കണ്ടിട്ടും
മധ്യസ്ഥത കൈവിടാതെ വാണു മഹാത്മാ. (൧൩)

പരനൊടെതിർപ്പതിൽ വിമുഖൻ
സ്ഥിതപാലനതൃപ്തനെങ്കിലും നിപുണനവൻ
ഹിമവൽപാദസ്ഥിതമാം
ബൂട്ടാൻരാഷ്ട്രാംശമൊട്ടടക്കിയെടുത്താൻ. (൧൪)

പല വിക്രമവിഭവത്താൽ
ബഹ്ലമതി രാജ്ഞിക്കു തന്നിലുളവാക്കിയവൻ
കാലേ ജോലി വെടിഞ്ഞാ-
നഥ തൽപദമാണ്ട മേയുവാം പ്രഭുവീരൻ. (൧൫)

പാമരർ മുതൽ പണ്ഡിതരും
പ്രാകൃതർ മുതൽ ഭൂപരും വരെയ്ക്കെല്ലാരും
അവനിൽ സൌജന്യാദിക-
ശുഭഗുണതതി കണ്ടു പൂണ്ടു പരമനുരാഗം. (൧൬)

റഷ്യശാക്രമമെന്ന്യേ
രക്ഷിപ്പതിനായ് സ്വരാജ്യമുജ്ജ്വലനയവിഭവാൽ
അബ്ഘനപതി ഷീരാലിയെ
വശനാക്കിയവൻ സമാദരിച്ചു സദസ്സിൽ. (൧൭)

അന്നാളിഹ വിക്ടോറിയ-
തന്നുടെ രണ്ടാമനായ സുതനതിമാന്യൻ
വന്നോരോ നഗരങ്ങളെ-
യുന്നതമതി കണ്ടു പാരമഭിനന്ദിച്ചു. (൧൮)

വരവിൽ കൂടിയ ചെലവിനു
പരിഹാരം വേണ്ടപോൽ വരുത്തി നയത്താൽ
കൃഷകക്കും ഗുണമരുളി-
ക്കോശസമൃദ്ധിക്കു ബുദ്ധിമാൻ ശ്രദ്ധിച്ചു. (൧൯)

ഏവം വിവിധാരംഭ-
വ്യഗ്രതയെഴുമിവനൊരിക്കലാൻഡമനാഖ്യം
ദ്വീപം ഗതനായ് കഷ്ടം!
നിഷ്കാസിതനാമൊരുത്തനാൽ ഹതനായി. (൨൦)

ദ്രവ്യാഗമവൃദ്ധിക്കായ്
ഭവ്യനിവൻ ചെയ്ത നീതികളെ നിറവേററാൻ
ദ്രവ്യാഗമപണ്ഡിതനാം
നാർബ്ബ്രൂക്കിനെ നിശ്ചയിച്ചിതുടനേ രാജ്ഞീ. (൨൫)

മഴയില്ലാഞ്ഞതുമൂലം
ദുർഭിക്ഷമുടൻ പടൎന്നു ബംഗാളത്തിൽ ;
വിവിധമുപായം കൊണ്ടതു
സപദി നശിപ്പിച്ചതേയിവൻ മഹിതാത്മാ. (൨൬)

മന്നവദോഷത്താലേ-
യന്നു ബറോഡയിൽ വളൎന്നു വിവിധാനൎത്ഥം ;
ധന്യനുടൻ തൽപദമതി-
ലന്യനെ വാഴിച്ചൊഴിച്ചു ലോകാതങ്കം. (൨൭)

അവനുടെ കാലത്തിൻഡ്യാ-
നവവിഭവം കാണ്മതിനു കൌതുകമോടേ
രാജ്ഞീപ്രഥമകുമാരൻ
ശ്രീമാനിവിടത്തിൽ വന്നു യുവരാജൻതാൻ. (൨൮)

" മന്നവനത്രേയീശ്വര"--
നെന്ന മഹാസ്മൃതിവചസ്സിനാൽ നൃപരാഗം
ചൊന്നീടും ഹിന്ദുജനം
കണ്ണുകളാലാസ്വദിച്ചു യുവഭൂപതിയെ. (൨൯)

നൃപനും പ്രമുദിതത്വ-
പ്രജകളൊടും, പ്രകൃതിതൻെറ മഹിമകളാലേ
ഉളവായ സമൃദ്ധിയൊടും
വിലസുന്നോരിൻഡ്യ കുന്ദു മോദം പൂണ്ടു. (൩൦)

വെയിലിൻചൂടിനെ നീക്കും
സുരഭിലനാം ദക്ഷിണാനിലനു, മതിവിശദം
നിശി നീലാകാശത്തിൽ
തിങ്ങി വിളങ്ങുന്ന ചാരുതാരാതതിയും, (൩൧)

പല പല നഗരം ഗ്രാമം
മലകൾ സരസ്സുകൾ വനങ്ങൾ തടിനികളിവയും,
പല പല ഭാഷകൾ ഭൂഷകൾ
വേഷമതാചാരജാതികളുമുള്ളവരും, (൨൭)

ജീർണ്ണം പുരാണശില്പം,
പൂർണ്ണ പ്രഭമായ നവ്യശില്പവുമമലം
ആർന്ന മഹീഭാഗങ്ങളെ-
മന്ദം കണ്ടിഹ രമിച്ചു നൃപതി ചിരേണ. (വിശേഷകം) (൨൮)

ഏവം സഞ്ചാരസുഖം
സേവിച്ചഥ തൻഗൃഹത്തിനായ് പോയീടും
യുവരാജനു പിറകേ താൻ
പ്രതിരാജനുമന്നു ജോലി വിട്ടു ഗമിച്ചു. (൨൯)

അഥ ലിട്ടൻപ്രഭുവിനെയീ-
യധികാരം പാഞ്ചവർഷികം പ്രാപിച്ചു
ഒരുതരുവതിൽ നിന്നും മറു-
തരുവിനെയ്യുതുലക്ഷ്മിതൻെറ വിഭവം പോലെ. (൩൦)

ഇഹ ഭാരതഭൂലക്ഷ്മീ
വിജയനിമിത്തം വരിച്ചിതാംഗലവരരെ ;
അവരും ഭാരാധിക്യാ-
ലവളെ മഹാരാജ്ഞിയിങ്കൽ വെച്ചിതു കാലേ. (൩൧)

ഏവം വിക്ടോറിയയാൽ
ഭൂവിതു നൂനം ഭവിച്ചു രാജ്ഞന്യതിയായ് ;
എങ്കിലുമവളുടെ ദേഹം
കണ്ടിട്ടില്ലിവിടെ വാണിടുന്ന ജനങ്ങൾ. (൩൨)

അതു മാത്രവുമല്ലിക്കഥ-
യറിയിച്ചീടുന്ന ഭൂരിഘോഷവിലാസം
കലരുന്നോരഭിഷേകാ-
ദ്യുത്സവമിവർ കണ്ടതില്ല കേട്ടതുമില്ല. (൩൩)

പണ്ടേ രാജ്യൈശ്വര്യം
പൂണ്ടോരാസ്മാകന്യപരെ നിരസിച്ചു, തരം
കണ്ടീയാംഗലർ മഹി കൈ-
ക്കൊണ്ടാരെന്നുള്ളിലോർത്തു പാമരലോകം. (൩൫)

ദേശ്യനരേശരുമാംഗല-
നാഥത്വം കൊണ്ടുദിച്ച പരതന്ത്രതയാൽ
സമ്രാൾസാമന്തതയുടെ
സംബന്ധം വിഷമമെന്നു വിരസത പൂണ്ടു. (൩൬)

വിജയമുടമ്പടിയിവയാൽ
വൈദേശികവശ്യഭാവമിങ്ങിയലട്ടേ ;
എങ്കിലുമേതദ്രാജ്ഞീ-
പുരുഷനിയോജ്യതയസഹ്യമെന്നവരോർത്തു. (൩൭)

അതുമല്ലബ്ബ ഗ്ലനനാഥൻ,
ഗ്ലഷ്യാന്യപചാരർ ചെയ്തോരേഷണിയാലേ
അഹിഭയമാംഗലവീര-
ക്തിയായി വളർത്തിടുന്നതിന്നു മുതിർന്നു. (൩൮)

ഇങ്ങനെ പല ദുർല്ലക്ഷണ-
മിങ്ങു നിരീക്ഷിച്ചു സുമതി. ലിട്ടൻ പ്രഭുവും
പ്രതിവിധിയിഹ വിക്ടറോറിയ
സമ്രാൾപദമേല്ക്കു തന്നെയെന്നു നിനച്ചു. (൩൯)

കല്യനതിന്നഥ വേണ്ടവ-
യെല്ലാമേ ചെയ്തു പൂർവസമ്രാൾപുരമാം
ദില്ലിയിൽ നവബഹുവിധവിഭ-
വോല്ലാസം നൃപസദസ്സു വടിവിൽ നടത്തി. (൪൦)

ദേശ്യമഹീപാലന്മാർ
മണ്ഡലപാലകർ ബലേശരഥ.മാന്യന്മാർ
ഉപഭർത്തൃഭർത്തൃമുഖ്യ-
ന്മാരിവരെല്ലാമതിങ്കലാമന്ത്രിതരായ്. (൪൧)

കാഞ്ചനമയകഞ്ചുകവും
മണിമയമകുടവുമണിഞ്ഞു പരിജനസഹിതം
നൃപരറുപതുമൊരു മൂന്നും
പ്രഭുവരർ മുന്നൂറുമത്ര ചേൎന്നു വിളങ്ങി. (൪൮)

സ്വാഗതപുരചെയ്തവരൊടു
സംഗരായ് വൈസ്രായി നിജദയിതയൊടേ
ചന്തത്തിൽ ചമയിച്ചൊരു
ദന്തിയിലേറിത്തിരിച്ചു പുരമതിലേയ്ക്കായ്. (൪൯)

യാത്രോത്സവമിതു കുവലയ-
നേത്രം കൊണ്ടന്നു കണ്ടു കാളിന്ദി മുദാ
ശ്രീരാജസൂയയാഗം
ചെയ്തൊരു ധൎമ്മാത്മജൻെറയവഭൃഥമോൎത്താൾ. (൫൦)

ചട്ടയണിഞ്ഞൊരു നെഞ്ചും
ജാലിക ബന്ധിച്ചതായ തൂമ്പിക്കൈയും
തൂകലണിമസ്തകവുമെഴും
ചമയക്കരിനിര ചമൽക്കരിച്ചു ജനത്തെ. (൫൧)

സകലവിഭൂതിമനോഹര-
മിഹ നൃപതിസദസ്സഹോ! നടന്നീടുമ്പോൾ
മണികാഞ്ചനരജതാവലി-
യല്ലാതില്ലായിരുന്നു വീഥിയിലൊന്നും. (൫൨)

തങ്കക്കസവുകളുടെയൊളി
തംകും നല്ലട്ടു കൊണ്ടു നിൎമ്മിച്ചവയാം
കൂടാരങ്ങളിലസുഖം
കൂടാതിഹ ചില ദിനങ്ങൾ വാണു നൃപന്മാർ. (൫൩)

മയസഭ,യിന്ദ്രപ്രസ്ഥം,
മഹിതമയൂരാസനം കലന്നൊരു ദില്ലി
ഇവയാലീദൃശസുഷമാ-
വിഭവമുദിച്ചില്ല മുന്നമിദ്ദേശത്തിൽ. (൫൪)

ഓരോന്നുപരെയുമഥ ത-
ദ്വിഭവത്തിനു ചിതമായ സൽകൃതി ചെയ്തു
പരദേശകാംക്ഷിദശീ
പ്രതിഭ്രപാലൻെറയന്തികത്തിൽ നയിച്ചു. (൭൯)

ചിത്രനിവേശിതരാജ്ഞീ-
ചരണയുഗത്തിന്നടുത്തു തൻെറ വലത്തായ്
അവനും നൃപനെയിരുത്തീ ;
നവമൊരുകൊടിയിഹ നയിച്ചു യോധർ തദാനീം. (൮൦)

ആംഗലമകുടാങ്കത്തിൻ-
കീഴ് നിജകേതനമണിഞ്ഞതാമക്കൊടിയെ
പീഠത്തിൽ നിന്നെടുത്തി-
ട്ടവനു കൊടുത്തേവമരുളിനാൻ പ്രതിരാജൻ. (൮൧)

" ഇന്നു സഖേ! സാമ്രാജ്യം
ചേന്ന മഹാരാജ്ഞിതൻപ്രസാദമിതറിക ;
അന്യോന്യമുള്ള ബന്ധം
നന്ദിയൊടിതിനാൽ ഭവാൻ സ്മരിക്ക സദാപി. (൮൨)

സ്വപ്രതിമാങ്കിതമാമി-
ന്നുപ്രഭ കോലും സുവർണ്ണമുദ്രികയേയും
ത്വൽഭൂഷണമാക്കുവതി-
ന്നുൾപ്രീതി കലന്നു രാജ്ഞി കല്പന തന്നാൾ. (൮൩)

സമ്രാട്ടിൻ പ്രീതിക്കും
സുമഹിതമീയുത്സവത്തിനും സ്മാരകമാം
ഇതു കലധനമായ് വിലസുക
സുചിരം ത്വൽപുത്രപൌത്രസന്തതിയോളം." (൮൪)

ഏന്നുരചെയ്തരുണപ്രഭ
മിന്നും മൃദുവായ പട്ടതിൽ പരിണദ്ധം
മുദ്ര കഴുത്തിൽ ചേർത്താ ;-
നവനതു കൈക്കൊണ്ടു മൂർത്തനിജരാഗംപോൽ. (൮൫)

അഥ സഭകൂടിയൊരെഴുപ-
ത്തേഴാമാണ്ടിൻെറയൊടുവിലുള്ള ദിനത്തിൽ
അരിയ വിളംബരമതിനുടെ
വായനയും വേണ്ട വിഭവമോടു നടന്നു. (൫൯)

പാതിക്കുളുർമതിവടിവിൽ
കെട്ടിയ വലുതായ രണ്ടു പന്തലിനിടയിൽ
അറുകോണുകൾ കലരും ശ്രീ-
സിംഹാസനമണ്ഡപം പരം ശോഭിച്ചു. (൬൦)

തൂണുകൾതോറും സമ്രാ-
ണ്മകുടാലംകൃതി കലൻ,മുൻപിൽ വിളങ്ങും
പന്തലിൽ നൃപതികൾ നിജനിജ-
കേതനമണിയിച്ച പീഠനിരയിലിരുന്നാർ. (൬൧)

പിറകേയുള്ളോരാസന-
നിരയിൽ പ്രേക്ഷകരിരുന്നു ദൂരാവാഴ്ചർ;
ഇതിനുടെയിടയിൽ കൂടീ-
ട്ടുള്ളിൽ പോവാൻ വിളങ്ങിയൊരുവഴി തത്ര. (൬൨)

ദ്വൈപ്യാധികൃതന്മാരാം
ഭൂത്രുമുഖന്മാരിരുന്നു നൃപരൊടു കൂടി
അഗ്ര്യാസനാദിചിന്താ-
വിരഹിതമായിക്കലൂൻ തന്നെയമന്ദം. (൬൩)

ഇതിനായിവിടെ വരുത്തിയൊ-
രിംഗ്ലീഷ്സേനകൾ വടക്കുഭാഗത്തായും
അവനീനായകസേനക-
ളണിയണിയായ് നിന്നു തെക്കുഭാഗത്തായും. (൬൪)

സഭയുടെ യോഗമിവണ്ണം
സന്നാഹം പൂണ്ടു; സാക്ഷിയാം ദിനമണിയും
അംബരമധ്യഗനായാൻ;
പ്രതിരാജാഗമനതൂര്യരവമഥ കേട്ടു. (൬൫)

ദയിതയൊടെത്തിടുമവനെ-
സ്സേനകൾ തോക്കുകളുയർത്തിയഭിവന്ദിച്ചാർ ;
ഒരുമിച്ചടനെഴുനേററിതു
ചെരിയ സദസ്സേകപുരുഷനെന്നതുപോലെ. (൯൯)

സിംഹാസനസ്ഥനായാ-
നവനഥ സഭയും സമോദമുപവേശിച്ചു ;
സാരോദാരാർത്ഥയുതം
ശാസനമെഴുനേററു വന്ദി വായിച്ചു തദാ. (൧൦൦)

അതു തീർന്നൊരു പൊഴുതിൽത്താ-
നതുലിതബഹുകാഠതികലിക നലമൊടു വിലസും
സാമ്രാജ്യക്കൊടിയധികൃതർ
സമ്യക്കായ് വിണ്ണിലേയ്ക്കുയർത്തി മനോജ്ഞം. (൧൦൧)

മററുള്ളവരെയുമിക്കഥ
തെറെറന്നറിയിച്ചിടുന്നപോലെ തദാനീം
ഉറെറമൊടിങ്ങു മുഴങ്ങീ
നൂറെറാന്നാചാരവെടികളതിപടുഘോഷം. (൧൦൨)

അണിയണിയായി നിരന്നൊരു
ഭടരുടെ നളികാളിയിങ്കൽ നിന്നുടനുദിതം
അണിവെടിയുടെ പടുനിനദവു-
മതികുതുകം ജനതതിക്കു നൽകി മനസ്സിൽ. (൧൦൩)

ധ്വനിയിതടങ്ങിയ പൊഴുതിൽ
കനിവൊടെഴുന്നേററു വൈസരായി ഗഭീരം
സരസോദാരവചസ്സാൽ
സാദരമുപസംഹരിച്ചു സഭയെ മഹാത്മാ. (൧൦൪)

ഒന്നായഥ സാമാജിക-
വൃന്ദമെഴുന്നേററു നിന്ന സമയത്തിങ്കൽ
ബഹുവിധവിജയോൽഘോഷണ-
കോലാഹലമധികതുമുലമത്ര മുഴങ്ങി. (൧൦൫)

എല്ലാസ്ഥലത്തിലുമൊരേ സമയത്തിലേവം
തുല്യം നടത്തിയൊരു ശദ്ദസനഘോഷണത്താൽ
വിഖ്യാതമാക്കി നിജഭാരതസാവ്ഭൌമ്യം
വിക്ടോറിയാ മഹിയെയിന്നു ഭരിച്ചിടുന്നു. (൧൦)

മുന്നം മുപ്പതൊടേഴിലെത്തി വിലസും
കൃസ്ത്വബ്ദമോരായിര-
ത്തെണ്ണൂറിൽ സ്വപിതാമഹന്റെ മകുടം
കൈക്കൊണ്ട വിക്ടോറിയാ
നന്നായേറെറാരു രാജ്യലക്ഷ്മിയുടെയ
പ്പഞ്ചാശുവർഷോത്സവം
മന്നിൽ ചിന്നിയ നാളിലായതിനെ ഞാ-
നേവം പുകഴ്ത്തീടിനേൻ. (൧൧)

"തങ്ങൾക്കുള്ളോരു ഭക്തിപ്രകടനമതിനായ്
ഭൂമിപന്മാരശേഷം
തിങ്ങും കൌതൂഹലം പൂണ്ടിഹ ബഹുവിധമാ-
ഘോഷമാളുന്ന മൂലം
തുംഗശ്രീ ചേർന്നു, വിക്ടോറിയയുടെ ഭരണ-
ത്തിന്നു പഞ്ചാശുവർഷം
മംഗല്യം പൂർണ്ണമാകും മഹിതമഹമിതാ
ഹന്ത! ശോഭിച്ചിടുന്നു. (൧൨)

സമ്മോദാബ്ധിയിൽ നീന്തുവാനവസരം
സർവ്വർക്കുമുണ്ടാക്കിയും
സമ്പൽസദ്വിനിയോഗരീതിയെ മഹീ-
പാലർക്കഹോ! കാട്ടിയും
സാമ്രാജ്യോജ്ജ്വലസമ്പദംബുനിധിത-
ന്നാഴം ലസിപ്പിച്ചുമി-
സ്സൌഭാഗ്യോജ്ജ്വലമാം മഹോത്സവമിതാ!
പാരം വിളങ്ങുന്നുതേ. (൧൩.)

ബ്രഹ്മാനന്ദൈകഖണ്ഡം ധരണിയുടെ ധന-
ങ്ങൾക്കെഴും മാനഭാണ്ഡം
സാമ്രാജ്യത്തിൻപ്രകർഷം പ്രഭുതതിയുടെ നൽ-
പ്രേമസംപൂർണ്ണവർഷം
സംസാരത്തിൻെറ സാരം സകലരുടെയുമു-
ത്സാഹഘോഷാവതാരം
ഭാസിച്ചീടുന്നു പാരം മഹമിതിഹ മഹാ-
രാജ്ഞിതൻകീർത്തിപൂരം. (൭൮)

പ്രാലേയമാമമല മുതൽക്കിഹ സേതുവോളം
ചേലേറുമുത്സവമനേകവിധം വിളങ്ങും
സാമ്രാജ്യലക്ഷ്മിയുടെ വിശ്രുതമിപ്പിറന്നാൾ
സന്തോഷമാർക്കധികമായരുളുന്നതില്ലാ ? (൭൯)

ദൂരസ്ഥവും ചെറുതുമെങ്കിലുമുററ തേജ-
സ്സാരംകലർന്നരുളുമാംഗലമന്തരീപം
ഭൂയ്യുത്സവങ്ങളെയിതാ! വിതറുന്നു ചുററും
സൂര്യൻെറ മണ്ഡലമലം കിരണങ്ങളെപ്പോൽ. (൭൮)

പൂന്തേന്മാധുരി കാഞ്ഞിരപ്പഴമതിൽ കാണുമ്പൊഴും, കൌതുകം
സ്വാന്തേ ചേർപ്പൊരു പഞ്ചമം കരടമിങ്ങീടുററ പാടുമ്പൊഴും
ഗ്രന്ഥത്തിൽമോദമിയന്നു തൂലികയെടുത്തീയുത്സവപ്രൌഢിയെ-
ച്ചിന്തത്തോടെഴുതുന്നതിന്നു വഴിപോൽ ഞാനും തുനിഞ്ഞീടുവൻ. (൭൭)

ചൊല്ലീടാതെയിരിക്ക തന്നെയതിനാൽ നന്നെന്നു തോന്നീടിലും
ചൊല്ലാനെന്നെയിളക്കിടുന്നു വളരും കൌതൂഹലം കേവലം ;
ചൊല്ലാളും ഗ്ഗഗനകാലമിങ്ങണയവേ ശബ്ദം മുഴക്കീടുവാ-
നല്ലാസംമയിലെന്നപോൽ തവളയുംകൈക്കൊണ്ടിടുന്നില്ലയോ? (൭൭)

ഈയുൽകൃഷ്ടമഹോത്സവം വിലസവേ, ദുർഭിക്ഷമെന്നുള്ളത-
ദ്ദാരിദ്ര്യത്തിനു മാത്രമായിതതുപോൽ ബന്ധം നിനച്ചീടുകിൽ
ശ്രീയാളും കുലവാഴുകർക്കി,തുളിനാലുണ്ടാകുമന്ധത്വമോ
ലോകാലോകമതിൻവെളിയ്ക്കു,മിതഭോക്താക്കൾക്കു താൻമാന്ദ്യ
വും. (൭൯)

ഭാമേശൻെറ ജനസ്സു ബന്ധനഗൃഹേയല്ലായിരുന്നെങ്കിലും
ഭൌമൻതൻവിജയം വധാഗ്രഭമഹോ! ക്ഷുടാതിരുന്നെങ്കിലും
കാമം വഞ്ചനയാ മഹാബലിജയം ചേരാതിരുന്നെങ്കിലും
നാമിന്നോതിടുമായിരുന്നിതിതിനും തുല്യങ്ങളായ് വല്ലതും. (വ്യ0)

പേരാളുമുത്സവമിതിങ്കലശേഷഗേഹ-
ദ്വാരാന്തരങ്ങളിലുമുജ്ജ്വലകാന്തിയോടേ
ശ്രീരാജന്തി! താവകശുഭാർത്ഥനവാക്യജാലം
ധാരാളമിങ്ങു വിവിധം വിളയാടിടുന്നു. (വ്യ0)

എല്ലാ മംഗളവും തികഞ്ഞ ഭവതിക്കെന്താണഹോ! നവ്യമാം
കല്യാണം പറയേണ്ടതെന്നു കരുതിത്തൂഷ്ണീകനായിനു ഞാൻ
എല്ലാരും പറയുന്ന മംഗളഗണം സാഫല്യമാന്നിട്ടു തേ
നല്ലോണം ഹിതമാകവേ തരണമെന്നർത്ഥിച്ചിടുന്നേൻ ശുഭേ!"
(ഷ0)

ഭാഗ്യത്താലിന്നു വൈകിറേറാറിയ ഭരണമിതിൻ-
ഷഷ്ടിപൂർത്ത്യുത്സവം സൌ-
ഭാഗ്യശ്രീപൂർണ്ണ പൂർവ്വാധികപുരുവിഭവം
ലോകർ കൊണ്ടാടിടുന്നു;
തൽകാന്തിപ്രൌഢി തന്നീടിന നവകവിതാ-
കൌതുകാൽ ബാല്യലബ്ധം
ശ്ലാഘ്യം ശൈവാണസൂക്തം കൃതിയിതിലുപയോ-
ഗിച്ചു ഞാനിച്ഛയോടേ. (വ്യ0)

ഏവം ഭാരതചക്രവർത്തിപദമേററുച്ചൈവിളങ്ങുന്നൊരി-
ശ്രീവിക്കിറേറാറിയ റാണിയാൾ ജനഹിതത്തിന്നായമന്ദാദരം
നൂറാമാണ്ടു തികഞ്ഞിടുന്ന മഹവും പ്രാപിച്ചു സൂര്യോദയം
മാറാതുള്ള നിജോവി കാത്തു ബഹുനാൾ മേവീടണം മംഗളം.
"സാമ്രാജ്യസിദ്ധി"- എന്ന (വ്യ0)

ഇരുപത്തിമൂന്നാം സർഗ്ഗം
സമാപ്തം.

ആംഗലസാമ്രാജ്യം മഹാകാവ്യം
സംപൂർണ്ണം
ശുഭമസ്തു.

ശുദ്ധിപത്രം.

വശം.	വരി.	അശുദ്ധം.	ശുദ്ധം.
൨൯	൧൪	മാന്ന	മാന്ന
ന്ന൨	൧൨	പാത്താ	പാത്താ
ന്ന൭	൧൭	വാജം	വ്യാജം
ന്ന്ന	൨൪	കാര	കാരി
൩൩	൨൨	രാംഗ്	രാം
൩൭	൧൯	ബ്ബം	ബ
൯ന	൨ന	ംഗ	തുംഗ
൯൩	൧൭	നമ്മ	നിമ്മ
൧൧൪	൨ന	ത	ജ്ഞ
൧൧൯	൨	പോഗഹാ	പോഹാ
൧൨൨	൨ന	യത	യതി
൧൨൩	൧൨	ത ജ്ഞ	താജ്ഞ
൧ന്ന	൧൦	വ രൻ	വീരൻ
൧൪൭	൨	ര ത്ത	രാത്ത
,,	൨൨	ലക്കേ	ലക്കോ
൧൪൯	൨൩	രഥോവ്	രഥോവീ
൧൭൦	൨൭	ക്ഷതയെന്നേ	ക്ഷതിയെന്നേ
൧൭ന	൯	ലൂ തം	ലൂദിതം
൧൭ന	൩	വര ത്തി	വരുത്തി
൧ന്ന൦	ന	രവ തൻ	രവർതൻ

൧ന്ന്ന മുതൽ ൭ വശത്തെ അക്കം രണ്ടെണ്ണം കുറച്ചു വായിക്കണം.

൧ന്ന൧	൧൯	ഞ ന ത	ഞാനിത
൧ന്ന൨	൧൯	കാശം	കോശം

൧൯൫	൨൭	ത്തെ	ത്തൊ
൧൯൭	൧൧	ബ്ധ ത	ബ്ധമത
,,	൨൧	ങ്ങി	ങ്ങീ
൧൭൦	൨	ഭാഗ്യ	ഭാഗ
൧൭൧	൨൯	സ്ഥ ത	സ്ഥീത
൧൭൨	൨൯	ന	നദി
,,	൨൭	യാൻ	രുചിയാൻ
൧൭൯	൯	പ്ര വ്യ	പ്രാവ്യ
൧൭൭	൧	സ്ഥ	സ്ഥൂ
,,	൭	മൂത	മൂതി
,,	൧൯	ശക്ത	ശക്തി
,,	൧൯	വര	വരി
,,	൨൦	നന്ന	നിന്ന
൧൭ൻ	൭	ത ൻ	താൻ
൧൭൦	൧൦	വീ	ർവീ
,,	൧൨	നശ്ച	നിശ്ച
,,	൧൫	സ ത	സ്വത
,,	൨.൫	ത്താ	ത്തോ
൧൭൧	൧൦	നിമ്മ	നിമ്മി
,,	൧൭	പേ ൽ	പോൽ
൧൭൯	൭	സവ്സം	സവ്സ്വം
,,	൨൦	ത്ല	ത്ലി
൧൭൫	൯	തോൽ ി	തോൽവി
,,	൧൫	ത്ത ൽ	ത്താൽ
,,	൨൨	ത്ത ൽ	ത്തിൽ
൨൦൭	൭	വ ത്തി	വത്തി
൨൧൫	൧൯	യാവഹ	യാഹവ
൨൧ൻ	൧൦	നാവ	നവാ
൨ ൯൯	൨൦	യ	യട
൨ ൯൭	൧൧	സന്ധ്യന	സന്ധ്യന

കേരള സാഹിത്യ അക്കാദമി

,,	൨൫	പത	പത്ന
൨൭൦	൨൫	യായ	യായ്
൨൫൦	൨൫	തുല ാ	തുല്യാ
൨൩൦	൨൭	പളാ	പ്ളാ
൨൩൩	൨൭	പര	പുര
൨൩ര	൨൨	ലക്ഷമ	ലക്ഷ്മ
൨൭൫	൨൮	സമ	സ്മ
൨൭൭	൨൩	ബഗ്ല	ബ്ഗ്ല

ശുദ്ധിപത്രം ചേർക്കാൻ ഇടയാകാതിരിക്കത്തക്കവണ്ണം ഇതിന്റെ പ്രൂഫുകൾ മുഴുവൻ വളരേ നിഷ്കർഷിച്ചു ഞാൻ തിരുത്തിയിരുന്നു. എങ്കിലും ഒടുവിൽ ഇങ്ങനെ ഒന്നുകൂടി ചേർക്കേണ്ടതായിട്ടാണ് വന്നുകൂടിയത്. എന്നാൽ ഇതിൽ കാണിച്ചിട്ടുള്ള തിരുത്തുകളിൽ അധികവും അച്ചടിയിൽ നല്ലവണ്ണം തെളിയായ്കയാൽ വന്നിട്ടുള്ളവയും, സന്ദർഭംകൊണ്ടു് അറിഞ്ഞു വായിക്കാവുന്നവയും ആകുന്നു.

കേ. സി. കേ. പി.